ആത്മപ്രകാശം

അന്തർഭാരതീയ പുസ്തകമാല

ആത്മപ്രകാശം

സുനിൽ ഗംഗോപാധ്യായ

വിവർത്തനം
ജി. വിക്രമൻ നായർ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-0716-9

1993 (ശക 1915)

© മൂലം:സുനിൽ ഗംഗോപാധ്യായ

© മലയാള വിവർത്തനം: നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ 1993.

രൂ.62.00

Original Title : Ātmaprakash *(Bengali)*

Malayalam Title : Ātmaprakasham

പ്രസാധനം : ഡയറക്ടർ, നാഷണൽ ബുക്ക്ട്രസ്റ്റ്, ഇന്ത്യ,

എ-5 ഗ്രീൻപാർക്ക്, ന്യൂദൽഹി -110016.

അവതാരിക

ബംഗാളി നോവലും 'ആത്മപ്രകാശവും'

രണ്ടാം ലോകമഹായുദ്ധത്തിനിടയിലും തൊട്ടു പിറകിലുമായി ബംഗാളി മദ്ധ്യവർഗ്ഗത്തിന്റെ പുരാതന ചിന്താധാരക്കു സമൂലമായ ഒരാഘാതം ഏറ്റു. 1943-ലെ ക്ഷാമത്തിന്റെ മൂകസാക്ഷികളായി അവർക്ക് നിൽക്കേണ്ടിവന്നു. നൈതികമായ ഒരു പാപബോധം അവരുടെ മനസ്സിനെ മൂടിപ്പൊതിയേണ്ടതായിരുന്നു. പക്ഷേ ആത്മരക്ഷയിൽ തൽപരരായിരുന്ന ഇടത്തരക്കാരുടെ ആ അപരാധ ബോധത്തിന് സാമൂഹ്യമായ ഒരുണർവ്വ് ലഭിക്കുകയുണ്ടായില്ല. പ്രധാനമായി ബംഗാളി നാടകത്തിലും കഥാസാഹിത്യത്തിലും ഭാഗികമായി ആഖ്യായികയിലും ഈ നിഷ്ക്രിയതയുടെ തെളിവ് കാണാം. അതിനു ശേഷം ഭയാവഹവും രക്തപങ്കിലവുമായ സാമുദായിക ലഹളയുടെ സമയത്ത് പഴകിയ പല മുദ്രാവാക്യങ്ങളും മണ്ണടിഞ്ഞു. മുറിക്കപ്പെട്ട ഇന്ത്യക്കാണ് സ്വാതന്ത്ര്യം ലഭിച്ചത്. അസംഖ്യം അഭയാർത്ഥികളായ ബംഗാളികളുടെ മനസ്സിൽ ഈ സ്വാതന്ത്ര്യം നിരർത്ഥകമായിരുന്നു. കുറെ അധികം ദേശീയ ബാങ്കുകളുടെ വാതിലുകളിൽ പൂട്ടു വീണു. അനേകം സ്വപ്നങ്ങളും സങ്കൽപ്പങ്ങളും തകർന്നു. രണ്ടാം ലോക മഹായുദ്ധത്തിന് മുൻപേ തന്നെ ഏതെല്ലാം സാധനയിലും പ്രേമത്തിലും സ്വപ്നത്തിലും പുഴു ആക്രമിച്ചിരുന്നുവോ, അതെല്ലാം യുദ്ധകാലത്തെ ബ്ലാക് ഔട്ട് രാത്രികളിലും, ലഹളക്കാലത്ത് രക്തം ചൊരിഞ്ഞ സ്വസഹോദരൻമാരുടെ നെഞ്ചുകളിലും, ക്ഷാമക്കാലത്തെ കഞ്ഞി വിതരണ കേന്ദ്രങ്ങളിലും , വീടും കുടിയും നഷ്ടപ്പെട്ടലയുന്നവരുടെ ഭിക്ഷാപാത്രത്തിലും നഷ്ടബോധം മാത്രം അവശേഷിപ്പിച്ചു. പ്രബോധ്കുമാർ സന്യാൽ (1905-1983) യുദ്ധകാലത്തെഴുതിയ 'സ്ഫുലിംഗം' എന്ന കഥയുടെ അവസാനഭാഗത്തും സന്തോഷ് കുമാർ ഘോഷിന്റെ 'കിനു ഗോയാല തെരുവിലും' ജ്യതിരീന്ദ്രനന്ദിയുടെ ' മീരയുടെ ഉച്ചസമയത്തിലും' ഇതാണല്ലോ പ്രമേയം – നമ്മളുടെ പലതും നഷ്

ടപ്പെട്ടിരിക്കുന്നു. ഇതിനു മിക്കവാറും നൂറുകൊല്ലം മുമ്പ്, പത്തോൻപതാം ശതകത്തിൻെറ ആറാം ദശകത്തിൽ ബംഗാളി നോവൽ അതിൻെറ ജൈത്രയാത്ര ആരംഭിച്ചിരുന്നു. അന്ന് ഈ നോവൽ പ്രസ്ഥാനത്തിൻെറ കഥാപാത്ര ഘടകമായിരുന്നു ഈ മദ്ധ്യവർഗ്ഗം. ഈ വർഗ്ഗം സ്വരക്ഷയേയും നിലനിൽപിനേയും ചൊല്ലി, ആധുനിക ഭാരതീയ ചരിത്രത്തിലെ ഒന്നാം നടരാജ നൃത്തമായ ശിപായി ലഹളയിൽ നിന്നും മുഖം തിരിച്ചിരുന്നു. ' അലാരിൻെറ വീട്ടിലെ ദുലാൽ' (1858) എന്ന ആദ്യത്തെ ബംഗാളി ആഖ്യായികയിൽ - ആ വിക്ടോറിയൻ മദ്ധ്യവർഗ്ഗം മറ്റൊന്നുംതന്നെ തിരഞ്ഞതായി കാണുന്നില്ല -. അവർ തിരഞ്ഞത് പാശ്ചാത്യ വിദ്യാഭ്യാസത്തിന് ചേരുന്ന സൻമാർഗ്ഗികതയായിരുന്നു. എന്നുവെച്ചാൽ എങ്ങിനെ മാന്യൻ (Gentleman) ആകാൻ സാധിക്കുമെന്നായിരുന്നു. പക്ഷേ ഈ പരിമിതി ഉണ്ടെങ്കിൽ തന്നെയും ' അലാരിൻെറ വീട്ടിലെ ദുലാൽ' ആദ്യത്തെ ആഖ്യായിക എന്ന മേൻമയുടെ മാത്രം അവകാശിയല്ല. അതിൻെറ പ്രാധാന്യത്തിന് വേറെ രണ്ടു കാരണങ്ങളുമുണ്ട്. ഒന്ന്, അതിലെ ഗദ്യ ഭാഷ ജീവിതത്തിൻെറ ശരാശരി വാസ്തവത്തെയും ടൈപ് കഥാപാത്രങ്ങളേയും കൈ നീട്ടി പിടിച്ചു. രണ്ട്, ആദ്യമായി നമ്മളുടെ കഥകൾക്കുള്ള വിഷയം നമ്മുടെ ചുറ്റുപാടിൽ തന്നെയുണ്ടെന്നുള്ള വസ്തുത നാം മനസ്സിലാക്കി. ബങ്കിം ചന്ദ്ര (1838-1894) ഗാംഭീരമാർന്ന ജീവൽപ്രശ്നങ്ങൾക്കും അതിൻെറ വ്യാഖ്യാനത്തിനും പ്രധാന്യം നൽകി. ഇക്കാര്യത്തിൽ അദ്ദേഹത്തിനു സഹായമായിരുന്നു തീക്ഷ്ണബുദ്ധിയും അന്തർദൃഷ്ടിയും. ബംഗാളി വിക്ടോറിയൻമാർക്കിടക്ക് പുതുപ്പിറവിയെടുത്ത മദ്ധ്യവർഗ്ഗത്തിൻെറ ജാഗരൂകനായ കാവൽക്കാരനായിരുന്നു അദ്ദേഹം എന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യവും ശരിയാണ് - പിൽക്കാലത്ത് വിപ്ലവകാരികളെക്കൊണ്ട് ആയുധം കൈവെടിയിപ്പിച്ചതായി അദ്ദേഹം വിമർശിക്കപ്പെട്ടു. 'ആനന്ദമഠ'(1884)ത്തിൽ ഇതാണല്ലോ വിഷയം. 'ചന്ദ്രശേഖറിൽ' വിപ്ലവകാരികൾ പ്രായശ്ചിത്തം നടത്തി വീട്ടിലേക്കു തിരിച്ചുപോകുന്നുണ്ട്. എങ്കിലും ബങ്കിമിൻെറ സൃഷ്ടികളിലെ മാന്യൻമാരായ പുരുഷകഥാപാത്രങ്ങൾ വിരസൻമാരും സംശയാലുക്കളും ആയിരിക്കുമ്പോൾ അദ്ദേഹ

ത്തിൻെറ സ്ത്രീ കഥാപാത്രങ്ങൾ ജീവിതാവബോധത്താൽ ത്രസിക്കുന്നവരും വിധിയോടു പൊരുതുവാൻ സന്നദ്ധരുമാണ്. പ്രതാപനുമായുള്ള തൻെറ ബന്ധത്തെപ്പറ്റി ശൈവലിനി ഭർത്താവിനോടു പറയുന്നു, 'ഒരേ മൊട്ടിലെ രണ്ടു പൂക്കളായിരുന്നു ഞങ്ങൾ. വനമദ്ധ്യത്തിൽ വിടർന്ന് വിലസിയ പൂവുകൾ. ഞങ്ങളെ പറിച്ചുമാറ്റിയതെന്തിന്?' 'കൃഷ്ണകാന്തിൻെറ ഇഷ്ടദാന'ത്തിൽ ശോചനീയമായ മരണത്തിനു മുമ്പിലും രോഹിണി ചോദിക്കയാണ്, എന്തിനു മരിക്കണം.? ബങ്കിമിൻെറ നായികമാർ തത്വദീക്ഷക്ക് മുമ്പിലോ ആചാരങ്ങളെ മാനിച്ചോ ജീവിതത്തിൻെറ അർത്ഥം വെടിയുവാൻ സന്നദ്ധകളല്ല. അവർ രക്തത്തിലും മാംസത്തിലും ചോദനകളിലുംകൂടിയാണ് ജീവിതത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നത്. ഈ ശ്രമം ശരീരത്തിലും ആത്മാവിലും നടക്കുന്ന ഒരു പ്രക്രിയയാണ്. ശൈവലിനിയേയും രോഹിണിയേയും കുറിച്ച് മാത്രമല്ല, പത്മാവതി (കപാലകുണ്ഡല 1866), കുന്ദ (വിഷവൃക്ഷം-1873), ഇന്ദിര (ഇന്ദിര-1873) എന്നിവർക്കും ഇത് ബാധകമാണ്. സ്വന്തം പര്യവസാനം സുഖത്തിലോ ദു:ഖത്തിലോ ആവട്ടെ, അവർ അപരാജിതകളും ചൈതന്യമുറ്റവരുമാണ്. അദ്ദേഹത്തിൻെറ മാന്യൻമാരായ കഥാനായകൻമാരിൽ അമർനാഥ് (രജനി-1877) മാത്രമാണ് പരമ്പരാഗത ദുരന്ത കഥാപാത്രമായിട്ടുള്ളത്. ഏകാകിത്വത്തിലും വിഷാദത്തിലും പടുത്തുതീർത്ത അയാൾ ഒരാധുനിക കഥാപാത്രത്തിൻെറ മുന്നോടിയാണ്. ഒന്നിനോടും അയാൾക്ക് അവസാനം ഒത്തുചേരാൻ കഴിയുന്നില്ല. 'കൃഷ്ണകാന്തിൻെറ ഇഷ്ടദാന'ത്തിൽ ഗോവിന്ദലാൽ അയാളുടെ അർത്ഥശൂന്യമായ ജീവിതത്തിൻെറ അവസാനം കുറിക്കുന്നത് സന്ന്യാസിയായിട്ടാണ് - അയാൾക്ക് താൽപര്യം ഈശ്വരനെത്തേടുന്നതിലാണ്. അമർനാഥ് കാശ്മീരിലേക്കു യാത്രപുറപ്പെടുകയാണ്. ഈ രണ്ടു വിടപറയലുകൾ തമ്മിലുള്ള അന്തരവും ശ്രദ്ധേയമാണ്.

നിശ്ചയമായും ബങ്കിം ചന്ദ്രൻ വിശാലമായ ക്യാൻവാസുള്ള ആഖ്യായികാകാരനാണ്. ഒരു പ്രശസ്ത സാഹിത്യകാരനെ വിലയിരുത്തേണ്ടത് അദ്ദേഹത്തിൻെറ സ്വന്തം സ്ഥലകാല പശ്ചാത്തലത്തിലാണ്. വ്യക്തിജീവിതത്തിൻെറ

അടിസ്ഥാനത്തിൽ അദ്ദേഹം കാണുന്ന പ്രശ്നങ്ങൾ ആഖ്യായികാ രൂപത്തിലും പ്രതിഫലിക്കണം. അമർനാഥിനു സമാനമായ ഒരു കഥാപാത്രത്തിൻെറ വൈശിഷ്ട്യം, 'രജനി'യിൽ ഉപയോഗിച്ചതുപോലുള്ള സാങ്കേതികഘടനയിലൂടെ മാത്രമേ അനാവൃതമാക്കാൻ കഴിയുമായിരുന്നുള്ളു. ഈ ഘടനാരൂപത്തിൻെറ വഴിയിലൂടെ പുരോഗമിച്ച് രവീന്ദ്രനാഥിൻെറ ആഖ്യായികകളിലെത്തുമ്പോൾ നാം ഒരു കാര്യം ശ്രദ്ധിക്കുന്നു – വ്യക്തിമാനസത്തിൻെറ സമഗ്രമായ സത്തയുടെ പ്രശ്നങ്ങളാണ് അദ്ദേഹത്തിനു പ്രധാനം. ഈ പാശ്ചാത്തലത്തിൽ വിനോദിനിയാണ് (കണ്ണിൽ കരട്-1903) നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന ആദ്യത്തെ കഥാപാത്രം. സർവ്വാംഗവും വികലയായ, അവസരവാദപരയായ, സ്ത്രീയെ സ്വത്തുമാത്രമായി വീക്ഷിക്കുന്ന ഒരു സമൂഹത്തിൽ തൻെറ അന്തർലീനവും നിഗൂഢവുമായ ശുദ്ധിയുടെ ഉൽഭവം കണ്ടെത്താൻ ഒരു സ്ത്രീ നടത്തുന്ന അന്വേഷണത്തിൻെറ കഥയാണ് വിനോദിനിയുടേത്. ബങ്കിം ചന്ദ്രനേയും രവീന്ദ്രനാഥിനേയും വലിപ്പ-ചെറുപ്പങ്ങളുടെ താരതമ്യത്തിനു വിധേയമാക്കുക വയ്യ. പക്ഷേ രവീന്ദ്രനാഥിന് ചരിത്രസംഭവങ്ങളുടെ ആനുകൂല്യം ലഭിച്ചിരുന്നു. ഈ നൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ കർസൻെറ ഖഡ്ഗത്തിനെതിരെ (ബംഗാൾ വിഭജനം) വംഗഭൂമിയിൽ ഉയർന്ന ഇംഗ്ലീഷ് വിരുദ്ധ പ്രക്ഷോഭത്തിൽ രവീന്ദ്രനാഥ് നേരിട്ട് പങ്കെടുത്തവനായിരുന്നു. നേരിട്ടുള്ള പങ്കാളിത്തം രവീന്ദ്രനാഥിന് വ്യത്യസ്തമായ നിരവധി അനുഭവങ്ങൾ സ്വാംശീകരിക്കാൻ അവസരം നൽകി. ഇവയെക്കുറിച്ച് ബങ്കിം ചന്ദ്രന് വിദൂരവും അസ്പഷ്ടവുമായ ഒരു മുൻധാരണയുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ പരിപ്രേക്ഷ്യം വ്യക്തമായിരുന്നില്ല. രവീന്ദ്രനാഥിന് നേരിട്ട് സ്വാംശീകരിക്കാൻ കഴിഞ്ഞ അനുഭവങ്ങളിൽ പ്രധാനം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഭാരതീയ വർഗ്ഗത്തിൻെറ സർവ്വതലസ്പർശിയായ പ്രതിസന്ധിയായിരുന്നു. സ്വന്തം ആദർശങ്ങളും പ്രവർത്തനങ്ങളും തമ്മിൽ ഈ ജനവിഭാഗത്തിനുണ്ടായിരുന്ന അസന്തുലിതാവസ്ഥ അദ്ദേഹം തൻെറ ഇതിഹാസതുല്യമായ 'ഗോറ'(1910)യിൽ തൊട്ടുകാണിച്ചു. ഇതിൻെറ തുടക്കം 'ഗോറാ'യുടെ പൂർവ്വവർത്തിയായ 'മേഘവും വെയിലും' എന്ന ചെറുകഥയിൽ കാണാം. ഭാര

തീയത എന്നാൽ ഹിന്ദുത്വമോ, ബ്രാഹ്മണത്വമോ അല്ല. ഏതു രീതിയിലാണ് ഗോറ ഈ തിരിച്ചറിവിലേക്കെത്തുന്നത് എന്ന താണീ ആഖ്യായികയുടെ ഇതിവൃത്തം. ദേശീയ ജീവിതത്തെ ച്ചൊല്ലി തനിക്കുളള തീവ്രമായ ഉൽകണ്ഠ രവീന്ദ്രനാഥ് 'ഗോറ', 'വീട്ടിലും പുറത്തും'(1915), 'നാല് അദ്ധ്യായങ്ങൾ' (1934) ഈ മൂന്ന് ആഖ്യായികകളിൽ പ്രകടിപ്പിച്ചു. 'വീട്ടിലും പുറത്തും' എഴുതുന്ന കാലത്ത്തന്നെ അദ്ദേഹം 'ചതുരംഗം' എന്ന കൃതിയും രചിച്ചിരുന്നു. കേവലമായ സാങ്കേതിക സൗഷ്ഠവം മാത്രമല്ല ഈ കൃതിക്കുളളത്. മറിച്ച്, പ്രമേയത്തിൽ, രണ്ടു വിപരീതധാരകളുടെ അനന്തവും അവർണനീയവുമായ പ്രപ ഞ്ചരഹസ്യവുമായി ഒന്നുചേരാനുളള ശചീശിന്റെ ആകാം ക്ഷയും, ജീവിതത്തോടു താദാത്മ്യം പ്രാപിക്കാനുളള ഭാമിനി യുടെ അഭിവാഞ്ഛയും, സമാന്തരപ്രയാണവും കൃതിയുടെ മഹനീയതയാണ്. ഈ വിപരീത ധാരകളുടെ സംഘർഷപൂ രിതമായ നിലനിൽപ്പിൽനിന്നും നാം മനസ്സിലാക്കുന്നത് ഒന്നു മാത്രം- ഈശ്വരനെയോ ജീവിതത്തെയോ, ഏതിനെ തേടി യാലും അന്തിമമായവശേഷിക്കുന്നത് അന്വേഷണത്തിന്റെ സന്ത്രാസമാണ്. ഈ വിഷയഗൗരവമാണ് 'ചതുരംഗ'ത്തിനെ അനന്യ സാധാരണമാക്കുന്നത്. ആര്യാവർത്തത്തിൽ നിന്നും വീശുന്ന വടക്കൻ കാറ്റിന് അവൾ കാൽക്കാശിന്റെ വില പോലും കൊടുക്കുന്നില്ല- ഭാമിനി എന്ന അത്ഭുത കഥാ പാത്രം. രവീന്ദ്ര നാഥിന്റെ എല്ലാ നായികമാരും - അതു വിനോദിനിയോ, ഭാമിനിയോ, 'യോഗായോഗി'ലെ കുമുവോ ആകട്ടെ - വിഭിന്ന പരിതസ്ഥിതികളിൽ വ്യത്യസ്തമായ രീതി യിൽ ആത്മസത്തയുടെ ശുദ്ധിയെ അനാവൃതമാക്കാനുളള പരിശ്രമത്തിലാണ്. 'വീട്ടിലും പുറത്തും' എന്ന ആഖ്യായി കയിൽ വിമലയുടെ അന്വേഷണം രക്തരൂക്ഷിതമായ ദുര ന്തപഥത്തിലാണ് പര്യവസാനിച്ചത്. എന്നിരുന്നാലും ആ രചനയിൽ ഒട്ടാകെ അവരെപ്പോലെ ചേതനയുറ്റ വ്യക്തിത്വം ആർക്കാണുളളത്?

ടാഗോറെന്ന നോവലിസ്റ്റിന്റെ പ്രതിഭ മദ്ധ്യാകാശ ത്തിൽ വിരാജിക്കുമ്പോഴാണ് ശരത്ചന്ദ്രന്റെ ഉദയം. ബങ്കിം ചന്ദ്രനെപ്പോലെയോ, രവീന്ദ്രനാഥിനെപ്പോലെയോ, പ്രത്യയ ശാസ്ത്രപരമോ, ബൗദ്ധികമോ ആയ അന്തരീക്ഷം ശരത്കൃ

തികളിലില്ല. അഥവാ വല്ലപ്പോഴും ആ അന്തരീക്ഷസൃഷ്ടിക്കായി ശരത്ചന്ദ്രൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ അത് പരാജയത്തിലേ കലാശിച്ചിട്ടുള്ളു. 'അവസാന ചോദ്യം' (1939) ഒരു ദൃഷ്ടാന്തമാണ്. ധൈഷണികത അദ്ദേഹത്തിന്റെ ശക്തി കേന്ദ്രമല്ല. വ്യക്തിഹൃദയത്തിലെ വിസ്മയം തുറന്നു കാണിക്കുന്നതിൽ അദ്ദേഹം അതുല്യനാണ്. അദ്ദേഹത്തിന്റെ ആഖ്യായികയിൽ പ്രതിപാദ്യം സരളമാണ്. കഥാപാത്രങ്ങൾ ഗ്രാമീണ മദ്ധ്യവർഗ്ഗത്തിന്റെ പ്രതിനിധിമാരും. ശരത്ചന്ദ്രന്റെ 'നിഷ്കൃതി'യുടെ ഇംഗ്ലീഷ് വിവർത്തനത്തിന്റെ (ദിലീപ്കുമാർ റായ്) (Deliverance) മുഖവുരയിൽ രവീന്ദ്രനാഥിന്റെ പരാമർശം പൂർണ്ണമായും ശരിയാണ്.

"He has imparted a new power to our language and in his stories has shed the light of a fresh vision upon the too familiar region of Bengal's heart, revealing the living significance of the obscure trifles of the people's personality."

അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ- ശ്രീകാന്ത്, ഇന്ദ്രനാഥ്, ജീവാനന്ദ്, രാജലക്ഷ്മി, അജ്ഞാനദ, കിരൺമയി, നാരായണി എന്നിവർ- ബംഗാളിയുടെ ഹൃദയത്തിൽ സ്ഥാനം നേടിയിട്ടുണ്ട്. മനുഷ്യാസ്തിത്വത്തിന്റെ അന്തഃസത്ത പ്രേമമാണെന്ന് ഉദ്ഘോഷിക്കുകയായിരുന്നു ശരത്ചന്ദ്രൻ- അദ്ദേഹം അത് ചെയ്തതോ, ഹൃദയാവർജ്ജകമായ ഭാഷയിലും.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം രചിക്കപ്പെട്ടതാണ് ശരത്ചന്ദ്രന്റെ ശ്രീകാന്തും (1917-33) രവീന്ദ്രനാഥിന്റെ 'ശേഷേർ കവിത'യും(1929). ശേഷേർ കവിതയിലെ നായകൻ അമിത് അഥവാ 'ശ്രീകാന്തി'ലെ നായകൻ ശ്രീകാന്ത്, 'ഗോറ' യുടെ അളവിലുള്ള ഒരു കഥാപാത്രമല്ല. ഈ രണ്ടു പേർക്കും നിർദ്ദിഷ്ടമായ ഒരു പശ്ചാത്തലമില്ല. അമിതിന്റെ പശ്ചാത്തലം ഷില്ലോങ് പർവ്വതമാണ്. അത് രവീന്ദ്രനാഥിന്റെ വാൽസല്യധന്യമായ സമതലഭൂമിയോ, വംഗഭൂമിതന്നെയോ അല്ല. ശ്രീകാന്താകട്ടെ സഞ്ചാരപ്രിയനും. അയാൾക്കൊരിടത്തും ആശ്രയം ലഭിക്കുന്നില്ല. അയാൾക്കൊരു കർത്തവ്യവുമില്ല. വിജയമഹിമയോ, പരാജയ ദുരന്തമോ അയാളെ ബാധിക്കുന്നില്ല. അമിതിന്റെ നാഗരിക ദീപ്തിയിലും ഒരു ശൂന്യമായ ഉദ്ദേശ്യരാഹിത്യം പതുങ്ങിയിരിപ്പുണ്ട്. സ്വന്തം

വാക്കുകളാണയാളുടെ ലഹരി. പുതുനാണയം പോലെ അവ തിളങ്ങുന്നു. പക്ഷേ അതിൻെറ ശബ്ദവും ആധിക്യദോഷമുളളതായിക്കാണുന്നു. ആദർശനിഷ്ഠനായ ഗോറ എവിടെ, വാക്സർവ്വസ്വനായ അമിത് എവിടെ? ഇതിനിടയിൽ ഒന്നാം ലോകമഹായുദ്ധാനന്തരം സംഭവിച്ച വിശ്വവ്യാപകമായ വ്യവസായ സ്തംഭനത്തിൽ ബംഗാളി മാന്യസമൂഹത്തിൻെറ വർഗ്ഗകേന്ദ്രീയമായ സ്വപ്നം മങ്ങി മറഞ്ഞുകഴിഞ്ഞു. 'കല്ലോൽ' പത്രം എല്ലാ വിധത്തിലും ഈ സമയത്തിൻെറ പ്രാതിനിധ്യം വഹിക്കുന്നു .അതിൻെറ വിപ്ലവവാചാലത എത്ര അടിസ്ഥാനരഹിതമായിരുന്നാലും, ആ സമയത്തെ മുഖ്യ ലേഖകൻമാരിൽ കാണാം, ഇടത്തരക്കാരുടെ സ്വപ്നഭംഗത്തിൻെറയും നിസ്സഹായതാബോധത്തിൻേറയും അടയാളം. 1884-ൽ മദ്ധ്യവർഗ്ഗത്തിന് സാമൂഹ്യനേതൃത്വം ലഭിച്ചിരിക്കുന്നുവെന്ന് ബങ്കിം ചന്ദ്രൻ 'പ്രചാർ' മാസികയിൽ ആഹ്ലാദം പ്രകടിപ്പിച്ചതിനുശേഷം നാൽപ്പത്തിമൂന്നുവർഷം കടന്നുപോയി. 1927-ൽ 'കല്ലോൽ' വരച്ച ചിത്രത്തിൽ ഈ മദ്ധ്യവർഗ്ഗത്തിൻെറ മുഖത്ത് ഒരുല്ലാസവുമില്ല. അവരുടെ കുടുംബത്തകർച്ചയും നിറം മാറലും തുടങ്ങിക്കഴിഞ്ഞിരുന്നു. നിയതിയുടെ വെല്ലുവിളി നേരിടാൻ ആ വർഗ്ഗത്തിൽ ആളെവിടെ? സാഹിത്യകാരൻമാരിൽ ഒന്നുരണ്ടുപേരെ ക്നുട് ഹാംസുനോ, മാക്സിം ഗോർക്കിയോ സ്വാധീനിച്ചിരിക്കാം. പക്ഷേ അത് ഒരു ഫാഷൻ മാത്രമായിരുന്നു. പ്രേമേന്ദ്രമിത്രയുടെ(1904 -1988) ചെറുകഥകളിൽ പിന്നെയും കാണാം മദ്ധ്യവർഗ്ഗത്തിൻെറ അന്ധകാരപൂർണ്ണമായ ഭാവിയെപ്പറ്റിയുളള കുറ്റസമ്മതം. ആഖ്യായികയിൽ ഈ പ്രത്യേക സമയത്തിൻെറ പ്രതിനിധി മണിക് ബന്ദോപാദ്ധ്യായ (1908-1956) ആണ്. 'പാവക്കൂത്തിൻെറ പുരാവൃത്ത'ത്തിലെ ശശിക്ക് തൻെറ പ്രേമത്തെയും, അസ്തിത്വത്തെത്തന്നെയും, പരിതസ്ഥിതിയുടെയും വ്യക്തിയുടെയും ചട്ടക്കൂടിൻെറ കെട്ടിൽനിന്നും മോചിപ്പിക്കുവാൻ കഴിയുന്നില്ല. ആകാംക്ഷയുടെ തീ കൊളുത്തിയിട്ടും പടർത്തുവാൻ കഴിയാത്തവരുടെ, സ്വന്തം ശൈത്യത്തിൽ നിന്നും മുക്തി നേടാത്തവരുടെ, പ്രതിനിധിയാണ് ശശി. വിഭൂതിഭൂഷൺ ബന്ദോപാദ്ധ്യായയുടെ (1894-1950) 'നിരത്തിൻെറ കഥ'യും ഈ സമയത്തിൻെറ സൃഷ്ടിയാണ്. ജീവിതത്തിൻെറ

ജടിലതയുടെ ചരിത്രം അറിയുന്നതോടുകൂടി, ശശി തൻെറ എല്ലാ സങ്കല്പങ്ങളും ഉദാസീനതയുടെ നീരൊഴുക്കിൽ മുങ്ങി മറയുന്നത് കണ്ടുനിൽക്കുന്നതുപോലെ, വിഭൂതിഭൂഷൻെറ നായകൻ അപ്പു, മണ്ണിലും മനുഷ്യരിലും മമതയിലും അനന്തതയുടെ സാന്നിദ്ധ്യം തൊട്ടറിയുകയാണ്. മാണിക് ബന്ദോപാദ്ധ്യായ വിജ്ഞാനിയാണെങ്കിൽ വിഭൂതിഭൂഷൺ ദാർശനികനാണ്. ഇവരിൽ നിന്ന് വ്യത്യസ്തനായി, സമൂഹത്തിൻെറയും വ്യക്തിയുടെയും വൈരുദ്ധ്യപൂർണ്ണമായ സമഗ്രതയുടെ ആവിഷ്ക്കരണത്തിലാണ് താരാശങ്കർ ബന്ദോപാദ്ധ്യായക്ക് താല്പര്യം. താരാശങ്കറിൻെറ അനിതര സാധാരണമായ സാമൂഹ്യാഖ്യായിക 'ഗണദേവത' (1942)യിൽ ഇതെത്രമാത്രം സത്യമാണോ അത്രയും തന്നെ സത്യമാണ് അദ്ദേഹത്തിൻെറ സർവ്വശ്രേഷ്ഠ പ്രാദേശിക രചനയായ 'ഹാസുലിമുക്കിൻെറ ഇതിവൃത്ത'ത്തിലും (1947). വ്യക്തിജീവിതം അതിൻെറതായിത്തീരുന്നതിൻെറ (becoming) അർഥവത്തായ ആവിഷ്കരണമാണ് 'കവി' എന്ന നോവലിൽ നാം കാണുന്നത്. ഒരു കാര്യം ശ്രദ്ധേയമാണ്. താരാശങ്കറിൻെറ ഈ നോവലുകളിലെ പ്രധാന കഥാപാത്രങ്ങളാരുംതന്നെ നാഗരിക പാശ്ചാത്തലത്തിൽ അനുഗൃഹീതരല്ല. കൽക്കത്തയെ കേന്ദ്രമാക്കിക്കൊണ്ട് നാഗരിക മദ്ധ്യവർഗ്ഗത്തിൻെറ ജീവിതവൃത്താന്തം താരാശങ്കർ എഴുതിയിട്ടില്ല എന്ന് പറയാൻ വയ്യ. പക്ഷേ ആ രചനകളിൽ ലേഖകൻെറ സർഗ്ഗപ്രതിഭക്ക് മാന്ദ്യം സംഭവിച്ച പ്രതീതി അനുഭവപ്പെടുന്നു. താരാശങ്കറിൻെറ പിൻഗാമി സതിനാഥ് ഭാദുഡിയുടെ രചനകളുടെ കാര്യത്തിലും ഈ നിഗമനം പ്രയോജ്യമാണ്. ഭാദുഡിയുടെ ഒരു ആഖ്യായികയും കൽക്കത്തയേയോ മറ്റേതെങ്കിലും വൻ നഗരത്തെയോ സംഭവസ്ഥലമാക്കി രചിക്കപ്പെട്ടതല്ല. ചെറിയ പട്ടണത്തെ കേന്ദ്രമാക്കി 'ദിക്ഭ്രാന്തൻ' എന്ന ഒരു അസാമാന്യ നോവൽ അദ്ദേഹം രചിച്ചിരുന്നു. 'ജാഗരി' (1946) 'ഢോഡായ്ചരിത മാനസം' എന്നീ സ്മരണീയമായ രണ്ട് ആഖ്യായികകളുമായി തുലനം ചെയ്താൽ പോലും, കുടുംബ ജീവിതത്തിൻെറ വിവിധ പ്രശ്നങ്ങളെ സമർഥമായി അവതരിപ്പിക്കുന്ന 'ദിക്ഭ്രാന്തൻ' രണ്ടാംകിട രചനയാണെന്ന് പറയാൻ സാദ്ധ്യമല്ല. ഒരു കാര്യം പ്രസക്തമാണ്--ഇക്കാലത്തെ വേറൊരു പ്രധാ

നപ്പെട്ട ലേഖകനായ അമിയ ഭൂഷൺ മജൂംദാറും കൽക്കത്ത യെയോ, അവിമിശ്രമായ മറ്റേതെങ്കിലും നഗരത്തിലെ ജീവിത ത്തെയോ പശ്ചാത്തലമാക്കിക്കൊണ്ട് ഒരാഖ്യായികയും രചി ച്ചിട്ടില്ല. ഈ വിഷയം നമ്മെ ചിന്തിപ്പിക്കേണ്ട ഒന്നാണ്. പ്രധാനപ്പെട്ട ബംഗാളി ആഖ്യായികാകാരൻമാരിൽ രവീന്ദ്ര നാഥ് മാത്രമേ നാഗരിക ജീവിതത്തെ മുഖ്യ പശ്ചാത്തലമാ ക്കിയിട്ടുള്ളു. ബങ്കിം ചന്ദ്രൻെറ അഞ്ച് സാമൂഹ്യ-ഗാർഹിക നോവലുകളിൽ 'രജനി' മാത്രമാണ് കൽക്കത്തയെ പ്രതിഫ ലിക്കുന്നത്. വിദേശിക്കാറ്റ് ആഞ്ഞുവീശിയ 'കല്ലോൽ യുഗ' ത്തിൻെറ സമയത്ത് കൽക്കത്തയെ ചുറ്റിപ്പറ്റി എഴുതാതെ നിവൃത്തിയില്ലായിരുന്നു. മണിക് ബന്ദോപാദ്ധ്യായ മാത്ര മാണ് സ്വകീയ ധൈഷണികതയിലും വക്തവ്യത്തിൻെറ സമ്മർദ്ദത്താലും നിർബന്ധിതനായി ഗ്രാമപ്രദേശത്തെ കൈ വെടിഞ്ഞ് നഗരത്തെ പ്രതിപാദ്യമാക്കാൻ മുന്നോട്ടു വന്നത്. അദ്ദേഹത്തിൻെറ കഥാപാത്രങ്ങളുടെ വ്യഥിത ജീവിതത്തിൻെറ ചട്ടക്കൂട് കൽക്കത്തയായതിൽ ആശ്ചര്യമില്ല. ഇതിന് ഉത്തമ ദൃഷ്ടാന്തമാണ് 'നഗരപരിധി' എന്ന ആഖ്യായിക.

രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് കൽക്കത്തയിലെ ഇടത്തരക്കാരുടെ ജീവിതത്തിൽ വളരെയധികം വേദനയും നിരാശയും അനുഭവപ്പെട്ടു. അവരുടെ വീട്ടിലും പുറത്തും കാലാകാലം മുതൽ ലാളിച്ചു വളർത്തിയിരുന്ന സ്വപ്നങ്ങ ളുടെ കഷണങ്ങൾ മണ്ണിൽ അവിടെയും ഇവിടെയും ചിതറി കിടന്നു. ഈ സ്വപ്നങ്ങളുടെ ചില്ലുകളിൽ രക്തം പുരണ്ടി രുന്നു. ഈ രൂഢസത്യത്തിൽനിന്നും അനതിദൂരവും വിദൂരവു മായ ഭൂതകാലത്തേക്ക് ദൃഷ്ടി നിക്ഷേപിക്കുവാനുള്ള പ്രേരണ സ്വാഭാവികമായിരുന്നു. ചരിത്രപരമായ 'റൊമാൻസിൽ' തെല്ല് ആധുനികത പൂശിയാൽ അതിലും നന്ന്. പ്രതിഭാവാൻമാരായ ഒന്നിലധികം സാഹിത്യകാരൻമാരുടെ രചന ഈ ഉത്സാഹ ത്തിൻെറ ഉദാഹരണങ്ങളാണ്- താരാശങ്കറിൻെറ 'രാധയും' 'ഗന്നബേഗ'വും, വിഭൂതിഭൂഷണിൻെറ 'ഇച്ഛാമതി', പ്രമഥ നാഥ് ബിശിയുടെ 'കേരി സാഹിബിൻെറ ഗുമസ്തൻ', വിമൽ മിത്രയുടെ 'ബേഗം മേരി വിശ്വാസ്'. എന്നാലും കൽക്കത്ത യുടെ വെല്ലുവിളി നിരാകരിക്ക വയ്യ. 'ഹാ, ഹൃദയത്തിൻെറ വേരു ചെന്നു തട്ടുന്നു തകരുന്ന കരിങ്കല്ലിൽ'- ഇത് ഒരാധുനിക

കവിയുടെ വിലാപം മാത്രമല്ല, ഒരാഖ്യായികാകൃത്തിന്റെ പ്രഖ്യാപിക്കപ്പെടാത്ത അവസ്ഥകൂടെയാണ്. നാൽപത്തിയാറിലെ അഗ്നി വമിക്കുന്ന കൽക്കത്തയുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ് താരാശങ്കറിന്റെ 'കൊടുങ്കാറ്റും ചുളളിലയും', മണിക് ബന്ദോപാദ്ധ്യായയുടെ 'ചിഹ്നം'. പക്ഷേ ഈ അഗ്നികുണ്ഡം ധൂമാവൃതമായി ആഗസ്റ്റ് പതിനാറാം തീയതിയിലെ ബീഭത്സതയിൽ നഷ്ടങ്ങളിൽ ഏറ്റവും ദുഃസ്സഹമാണ് സ്വപ്നങ്ങളുടെ നഷ്ടം. നാൽപതുകളിലും അമ്പതുകളിലും എഴുത്തുകാർ മധ്യവർഗ്ഗത്തിന്റെ നഷ്ടബോധത്തിനിടയിലും അന്വേഷണം കൈവെടിഞ്ഞില്ല. പ്രതിഭാസമ്പന്നരായ ഇവരുടെ അനുഭവത്തിന്റെ മുഖ്യഘടകംതന്നെ രണ്ടാം മഹായുദ്ധവും തുടർന്നുണ്ടായ സംഭവങ്ങളും കണ്ടറിഞ്ഞ കൽക്കത്തയിലെ ജീവിത വൈവിധ്യമായിരുന്നു. വിമൽ കറിന്റെ 'മതിൽ', അസിം റായിയുടെ 'ഇക്കാലത്തെ കാര്യം', നരേന്ദ്രനാഥ മിത്രയുടെ 'അറിയപ്പെടുന്നവർ', സന്തോഷ് കുമാർ ഘോഷിന്റെ (1920-1985) 'കിനു ഗോയാലന്റെ തെരുവ്', ജതിരീന്ദ്ര നന്ദിയുടെ 'പന്ത്രണ്ടു വീടും ഒരു മുറ്റവും'-ഈ ആഖ്യായികകളിൽ കഥാപാത്രങ്ങളെ സ്മരണീയരാക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ മധ്യവർഗ്ഗത്തിന്റെ പൈതൃകത്തിനെ അവഗണിക്കുവാനുള്ള ഒരു തരം വ്യഗ്രതയാണ്. ചരിത്രം അവരുടെ കയ്യിൽ സ്വനിയമപ്രകാരം ശൂന്യമായ സഞ്ചിയാണ് ഏല്പിച്ചത്. ഒന്നുരണ്ട് പഴയ നാണയങ്ങൾ അതിലുണ്ടായിരുന്നു. പക്ഷേ അവ അങ്ങാടിയിൽ വിറ്റഴിയുകയില്ലായിരുന്നു.

'ആത്മ പ്രകാശം' സുനിൽ ഗംഗോപാദ്ധ്യായയുടെ ആദ്യ രചനയാണ്(1966, നവംബർ). സുനിൽ 1959-ൽ 'യുവാക്കളും യുവതികളും' എന്ന നോവൽ എഴുതാൻ തുടങ്ങിയെങ്കിലും അത് പ്രസദ്ധീകരിച്ചത് പിന്നീടാണ്. 1965-ൽ സമരേശ് ബസുവിന്റെ 'കുഴി' പുറത്തു വന്നു. ആ വർഷം സമരേശ് ബസുവിന്റെ ഈ ആഖ്യായിക ബംഗാളി സാഹിത്യ ലോകത്തിൽ ഒച്ചപ്പാടുണ്ടാക്കി. അടുത്ത വർഷം 'ആത്മ പ്രകാശ'വും. ഈ രണ്ടു നോവലുകൾ തമ്മിലുള്ള വ്യത്യാസം സുപ്രധാനമാണെങ്കിൽ തന്നെയും ഒരുകാര്യത്തിൽ രണ്ടിനും സാമ്യമുണ്ട്.- 'കുഴി'യിലും 'ആത്മപ്രകാശ'ത്തിലും നായകൻമാർ അസ്തി

ത്വത്തിൻെറ ദുരൂഹതയാലും സങ്കടത്താലും പീഡിതരാണ്. 'കുഴി'യിലെ നായകൻ ക്ഷോഭവിജൃംഭിതനായി പരിസരത്തെ തിരസ്കരിക്കുകയാണ്. ആ ക്ഷോഭത്തിൻെറ കാരണം ഈ സമൂഹത്തിൻെറ വിശ്വാസഹീനതയാണ്. ഈ വൈരാഗ്യം സമുദായം കെട്ടിപ്പൊക്കിയ അതിരുകൾ – സദാചാരം, പരിശുദ്ധി, ശ്ലീലത – തട്ടിത്തകർക്കാൻ വെമ്പുന്നു. പക്ഷേ സുനിലിൻെറ ആഖ്യായികയിൽ 'ഞാൻ' പശ്ചാത്തലത്തിൽനിന്നും ഒറ്റപ്പെട്ടവനല്ല. ശേഖറും അവിനാശും സുവിമലും സുഖദുഃഖങ്ങളുടെ പോക്കുവരവിൽ പരസ്പരം കെട്ടിപ്പിടിക്കുന്നുണ്ട്. പശ്ചാത്തലം കൽക്കത്തയിലെ തെരുവുകളും രാജവീഥിയും, ഉൻമത്തമായ രാത്രിയും, നിസ്വമായ പകലും. ഇവിടെ ഒരു ചെറുപ്പക്കാരൻ ആശ്രയം തേടിയിരുന്നു. അവൻ മാനസികമായി ഒരു ശൂന്യാവസ്ഥയിൽ, അച്ഛനമ്മമാരെ വിട്ട്, ഏടത്തിമാരുടെ അവഗണനയോർത്ത് വിഷമിച്ച് ഇവിടെ എത്തി. ഈ നഗരത്തെ തിരിച്ചറിയാനും ഇവിടെ കാലൂന്നി നിൽക്കാൻ ഒരിടം തിരയാനും അവൻ വ്യഗ്രനാകുന്നു. പല പ്രകാരത്തിലുള്ള അനുഭവങ്ങളിലൂടെ അവൻ വളരുന്നു. ജീവിതത്തിൻെറ യഥാർഥ പരിചയം നേടാൻ വെളിച്ചത്തെ മാത്രമല്ല, ഇരുട്ടിൻെറ മഹിമയും കണ്ടറിയണമെന്നാണ് അവൻെറ ജീവിത ദർശനം. അവൻെറ ജീവിതത്തിൽ ബ്രജേശ്വരേട്ടൻ, പരീക്ഷിത്, ശേഖർ, അവിനാശിനെപ്പോലെ കുറെ പുരുഷൻമാർ, മനീഷ, യമുന, നൂർജഹാനെപോലെയുള്ള സ്ത്രീകൾ, എന്നിവരും കടന്നുവരുന്നു. ട്യൂബ്വെല്ലിനടത്ത് ബ്ലാഡറിൽ വാറ്റു ചാരായം വിൽക്കുന്നിടത്ത് ചെന്നാൽ ഹൗറാ പാലത്തിന് കീഴെ എവിടെ നപുംസകനൃത്തം നടക്കുമെന്നറിയാൻ കഴിയും എന്ന് അവൻ കണ്ടുപിടിക്കുന്നു. ആഫീസിലും പുറത്തും, കൂട്ടുകാരുമായുള്ള നർമ്മസല്ലാപത്തിനിടയിലും കൂട്ടുകാരികളുടെ സാന്നിദ്ധ്യത്തിലും അവൻ ഒരു വസ്തുത അറിയുന്നു – ഇത് തെറ്റാണ്, ഒരു പാപത്തിൽ നിന്നും വേറൊരു പാപത്തിലേക്കുള്ള എടുത്തചാട്ടം. പ്രണയത്തിൽ അവൻ മുക്തി നേടുവാൻ ശ്രമിക്കുന്നു, പക്ഷേ ഏകാകിയാവുന്ന മുഹൂർത്തത്തിൽ അവൻ ശൈശവത്തിൽ ആശ്ചര്യപൂർവം നോക്കിനിന്ന് അഡിയൽവാ നദിയുടെ ആരവം കേൾക്കും. ഹൃദയത്തിൽ ബാണിചക് തടാകത്തിൻെറ ഹിംസ്രത അനുഭവപ്പെടും, കുട്ടിക്കാ

ലത്ത് കിഴക്കൻ ബംഗാളിലെ ഗ്രാമത്തിൽ ചണപ്പാടങ്ങളിൽ ഓടിനടന്ന ഓർമ്മയുടെ വേദനയും കൂട്ടിനെത്തും. അവനറിയാം, ഈ ബാല്യകാലസ്മൃതിയുടെ നോവ് അച്ഛനമ്മമാരെ വിട്ടുപിരിയുമ്പോൾ തോന്നിയ വ്യസനത്തെക്കാൾ കുറവല്ലെന്ന്. ഇതെല്ലാം അവനെ പിന്നെയും പുതിയ ജീവിതവൃത്തങ്ങളിൽ കൊണ്ടെത്തിക്കുകയാണ്. ആ അനുഭൂതിയുടെ ലോകത്തവൻ അറിയുന്നു - മനുഷ്യനിൽ വിശ്വാസം കൈവെടിയുക പാപമാണ്. ഇന്നവൻ ഭൂമിയോട് സഹതാപം തോന്നിക്കൊണ്ട് ഓരോ കാൽവച്ചു മെല്ലെ മെല്ലെയാണ് നടക്കുന്നത്, ഒരു കപ്പലണ്ടി വായിലിടുമ്പോൾ ആ ചെറിയ ആഹാരത്തോട് അവൻ കൃതജ്ഞതാബദ്ധനാണ്, അവൻ മന്ത്രിക്കുന്നു - അകൃതജ്ഞനാവരുത്.

അവൻ അകൃതജ്ഞനായില്ല. അതുകൊണ്ട് ഈ ലോകത്തിലെ ഏതൊരു ഗുരുതരമായ പ്രശ്നത്തെയും നോക്കി അവന് പറയാൻ സാധിക്കുന്നു, 'ഭയപ്പെടേണ്ട, എല്ലാം നേരെയാവും'.

ആഖ്യായികയിലെ ഈ പ്രധാന കഥാപാത്രത്തിന്റെ പേര് സുനിൽ എന്നാണെന്നത് അർഥവത്താണ്. നിയമത്തിന് ഒരു വിലയും നൽകാത്ത ഒരു സ്വീകാരോക്തിയാണ് ഈ നോവലിന്റെ ഉള്ളടക്കം. സംഭവങ്ങളുടെ തുടർച്ചയല്ല, ഈ കഥയുടെ ജീവൻ, കഥാപാത്രത്തിന്റെ ആത്മാവിഷ്കരണമാണ്. 'ആത്മപ്രകാശ'ത്തിലെ നായകൻ പ്രേമത്തിൽ വിശ്വസിക്കുന്നവനും പ്രേമം ആവശ്യപ്പെടുന്നവനുമാണ്. പക്ഷേ അതവന് ലഭിക്കുന്നില്ല. അവന്റെ പ്രേമം നിരാകരിക്കപ്പെട്ടു, എന്നാലും പ്രേമം അവശേഷിക്കുന്നു. ഇതാണവന്റെ അനുഭവങ്ങളുടെ സാരം.

സമരേശ് ബസുവിന്റെ 'കുഴി'യിലെ നായകൻ വളരെ നാളായി വികാരവും ആവേശവും നഷ്ടപ്പെട്ട ഒരു പയ്യ വയസ്കനാണ്. 'ആത്മപ്രകാശ'ത്തിലെ യുവനായകന്റെ മനസ്സിൽ വികാരം തിരയടിക്കുകയാണ്. 'കുഴി' ഒരു ഗദ്യലേഖകന്റെ നിർദ്ദയ സൃഷ്ടിയാണ്, 'ആത്മപ്രകാശ'മോ ഒരു കവിയുടെ കൃതിയും. ഒരു യുവകവിയുടെ ഇന്ദ്രിയാസക്തി ഈ നോവലിന് നിറപ്പകിട്ട് കൊടുക്കുന്നുണ്ട്. 'ആത്മ പ്രകാശത്തി'ലെ നായകനും അതിന്റെ രചിയിതാവും അഭിന്ന

രാണ്. ലേഖകന്റെ ആത്മസത്തയുടെ അകൃത്രിമമായ ആവിഷ്കരണം നമ്മുടെ ശ്രദ്ധയിൽ പെടുന്നു. ഇതിലെ യുവാക്കൾ ആവേശരഹിതരോ, നിരാസക്തരോ അല്ല. ഇവർ യജ്ഞവേദിയില്ലാത്ത പുരോഹിതരോ ബാരിക്കേഡ് കണ്ടെത്താത്ത കലാപകാരികളോ ആണ്. ഇവർ ശ്മശാനത്തിലിരുന്ന് കഞ്ചാവ് വലിക്കുകയും മുച്ചീട്ടുകളിക്കിടയിൽ തമ്മിൽ തല്ലുകയും ചെയ്യുന്നവരാണ്. ഈ ചെയ്തികളുടെ വേരു ചെന്നെത്തുന്നത് ശൂന്യതാബോധത്തിലാണ്. കഥാനായകൻ തന്റെ ആവേശത്തിനൊരടിസ്ഥാനം തിരയുന്നു, പക്ഷേ അതവൻ കണ്ടുമുട്ടുന്നില്ല. കുടുംബകാര്യങ്ങളോ നിമ്ന മദ്ധ്യവർഗ്ഗത്തിന്റെ സ്വകീയമായ ആശകളോ ഇവരെ അലട്ടുന്നില്ല. വീട് ഇവർ തള്ളിപ്പറയുന്ന ഒരു സ്ഥാനം മാത്രമായി നോവലിൽ കാണപ്പെടുന്നു. ഇവർ സ്വാതന്ത്ര്യാനന്തര യുഗത്തിൽ വളർന്നവരാണ്. അതിനാൽ മനുഷ്യരുടെ ഘോഷയാത്ര ഇവരുടെ കണ്ണിൽ അർഥശൂന്യമായ ആരവം മാത്രമാണ്. ആളുംപേരുമില്ലാത്ത അമൂർത്തമായ അവകാശവാദം ഘോഷയാത്രയിൽനിന്നുയരുമ്പോൾ ഈ യുവാക്കൾ ഒറ്റപ്പെട്ടുനിൽക്കുന്നു. 'ഘോഷയാത്രയിൽ നടക്കുന്നവർ ഭാഗ്യവാൻമാരാണ്, കാരണം അവർക്കുന്നയിക്കാൻ ചില ആവശ്യങ്ങളുണ്ട്. എനിക്കൊരാവശ്യവും അവകാശപ്പെടാനില്ല.' ഇവർ ഒന്നും ആവശ്യപ്പെടുന്നില്ല. ഇവരിൽ ഒരാൾ ഘോഷയാത്ര മറികടക്കാൻ ഒരന്ധനെ സഹായിക്കുന്നു. ഏതാണ് കൂടുതൽ സത്യം? നായകന്റെ ജീവിതത്തിൽ കടന്നു വരുന്ന മൂന്ന് പെൺകിടാങ്ങൾ - ഗായത്രിയും മനീഷയും യമുനയും - അയാളുടെ ഹൃദയത്തിൽ ചലനമുണ്ടാക്കുന്നുണ്ടെങ്കിലും ജീവിതവൃത്തത്തെ വിപുലീകരിക്കുന്നില്ല. അവർ സ്വപ്നം കാണിക്കുന്നു, പക്ഷേ കൈ പിടിക്കുന്നില്ല. നായകന്റെ ലാഭവും നഷ്ടവും വിചിത്രം തന്നെ. അവൻ ചെയ്യുന്ന ജോലി ഒരിടത്തരക്കാരന് ആകർഷണീയമായ ഒന്നാണ്. പക്ഷേ ജോലിക്കാര്യം പറയുമ്പോൾ ഏടത്തിയുടെ ഭർത്താവിന്റെ ഓർമ്മവരുന്നു. അദ്ദേഹത്തിന്റെ കാരുണ്യമാണ് ഈ ഇടത്തരം ജോലി അവന് നേടിക്കൊടുത്തത്. ഈ പണിയെടുക്കുന്നതിൽ ഒരു നിവൃത്തിപൂർത്തിയും അവൻ കാണുന്നില്ല. മനീഷയുടെ പ്രേമത്തിലും ഇതേ പരാജയബോധം അവൻ

അനുഭവിക്കുന്നു, 'മനീഷയെ പ്രേമിക്കാൻപോലും എനിക്ക് കഴിഞ്ഞില്ല.' വ്യർഥതയുടെ ഈ കണക്കുകൂട്ടലിനിടയിൽ അവൻ യാഥാർത്ഥ്യം കാണുന്നു.

'കൽക്കത്തയിൽ വന്നതുമുതൽ ഞാൻ ജനിച്ച ഗ്രാമത്തിൻെറ ഓർമ്മ എന്നെ അലട്ടാൻ തുടങ്ങി. ഈന്തപ്പനയുടെ മണവും ജലസ്രോതത്തിൻെറ ശബ്ദവും. ഇതെല്ലാം കളഞ്ഞുകുളിച്ച് ഞാൻ നിസ്വനായിരിക്കുന്നു. എല്ലാം നഷ്ടപ്പെട്ട ഒരു മനുഷ്യന് നഷ്ടപ്പെടുന്നതിൽ ലഹരിപിടിക്കുമല്ലോ. ഞാനും നിശ്ചയിച്ചു, ഞാനെല്ലാം കളഞ്ഞുകുളിക്കും-ധർമ്മവും അധർമ്മവും, വിശ്വാസവും അവിശ്വാസവും, പാപവും പുണ്യവും'. ഈ തലമുറയിലെ വേറൊരു ലേഖകനായ ശീർഷേന്ദു മുഖോപാദ്ധ്യായയുടെ വാക്കുകൾ ഓർമ്മവരുന്നു. 'മയ്മൻസിംഗിലെ ബ്രഹ്മപുത്ര ഞാൻ കൈവെടിഞ്ഞു, അതു കഴിഞ്ഞിട്ട് വളരെ നാളായി. പക്ഷേ ഇന്നും ഭൂമിശാസ്ത്രത്തിൻെറ അതിർത്തി തട്ടിത്തകർത്ത് ആ നദി എൻെറടത്ത് വന്നലയടിക്കുന്നു'. ശ്യാമൾ ഗംഗോപാദ്ധ്യായയും എഴുതിയിരുന്നു, 'അന്ന് ഒരു കാര്യം എന്നെ സഹായിച്ചു - നാലുവശത്തും നിന്ന് വന്നെൻമേൽ ആഞ്ഞടിച്ച അപമാനം'.

പക്ഷേ ഈ യുവാക്കൾ അവരുടെ സഹജാതമായ നിർദ്ദോഷത്വം സംരക്ഷിക്കുന്നുവെന്നുള്ളതും ശ്രദ്ധേയമാണ്. വളരെയധികം അപമാനവും വിരോധവും വിരഹവും മറികടന്ന് 'ആത്മപ്രകാശ'ത്തിലെ നായകൻ ആത്മോപലബ്ധിയിലെത്തി പ്രശാന്തനാവുന്നു. ജീവിക്കുന്നത് ഒരു ഭാഗ്യമാണെന്നവൻ അറിയുന്നു. മണ്ണിനെ വേദനിപ്പിക്കരുതെന്ന വിചാരത്തോടെയാണവൻ കാൽവയ്ക്കുന്നത്. കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടാണവൻ കപ്പലണ്ടി വായിലിടുന്നത്. ഈ പരിജ്ഞാനം 'ആത്മപ്രകാശ'ത്തെ അനവദ്യമാക്കിത്തീർക്കുന്നു. ആത്മാവിൻെറ കവാടങ്ങൾ തുറക്കുകയാണീ ആഖ്യായികയിൽ പ്രധാനം. കഥ പറച്ചിലല്ല. സുനിൽ കണ്ടകാര്യം കണ്ടതുപോലെ തന്നെ ഇതിൽ വർണ്ണിച്ചിരിക്കുന്നു. സുനിൽ സുനിലായിത്തീർന്നതെങ്ങനെ? ഈ ചോദ്യത്തിനുത്തരം ഈ ആഖ്യായിക നൽകുന്നു. 'ആത്മപ്രകാശ'ത്തിൻെറ മഹത്വം അതാണ്.

സരോജ് ബന്ദോപദ്ധ്യായ

കാലത്ത് പരിതോഷ് വന്നുപറഞ്ഞു, എന്താണിതെല്ലാം? നിങ്ങളൊക്കെ എന്താണീ തുടങ്ങിയിരിക്കുന്നത്? എല്ലാറ്റിനും ഒരതിരുവേണം!

അപ്പോഴും രണ്ടാം കപ്പുചായ കുടിച്ചിട്ടില്ലായിരുന്നു. പത്രം വായിക്കാൻ ശ്രമിക്കെ തുടരെത്തുടരെ തെറ്റുപറ്റിപ്പോകുന്നു. കണ്ണു രണ്ടും പശപിടിച്ചപോലെ. ഇങ്ങിനെയാണ് പതിവ്. ദിവസം ആദ്യമായി കണ്ണുതുറന്നാലുടനെ രണ്ടുമോഹമാണ് മനസ്സിലുദിക്കുക. കട്ടിലിൻെറ അടിയിൽ നിന്നും വെള്ള ത്തിൻെറ ഗ്ലാസ്സെടുത്ത് കുടുകുടാ എന്ന് ഒററശ്വാസത്തിൽ കുടി ച്ചുതീർക്കുക. എത്ര തവണ വെള്ളം കുടിച്ചാലും തോന്നും, ആഹാ വെള്ളം തന്നെയല്ലോ ജീവൻ. എത്ര തരം പാനീ യങ്ങൾ ഈ കണ്ണു കണ്ടിരിക്കുന്നു. പക്ഷെ കാലത്തെ വെള്ളംപോലെ ഇത്ര രസികൻ സ്വാദ് മറെറാന്നിനും കിട്ടിയി ട്ടില്ല. അതുകഴിഞ്ഞാൽ പത്രത്തിനായി മനസ്സ് വെപ്രാളപ്പെടു കയായി. പക്ഷെ അപ്പോഴും ഉറക്കം മുഖം പൊതിഞ്ഞിരിക്കും. കണ്ണിൽ പശ, തലക്കു കനം. ഒന്നാം പേജ് വായിച്ചുതീ ർത്ത് ഏഴാം പേജിൽ എത്തിയാൽ വീണ്ടും ഒന്നാം പേജ് മറന്നുപോകുന്നു. മനസ്സിൽ ഓർക്കും, ഇന്നത്തെ പ്രധാനവാ ർത്ത എന്തായിരുന്നു? പ്രധാന വാർത്ത അറിയാനായി തിരിച്ച് ഒന്നാം പേജിൽ എത്തുമ്പോൾ പെട്ടെന്ന് വീണ്ടും മയക്കം വരാൻ തുടങ്ങും.

വരാന്തയിൽനിന്നുതന്നെ പരിതോഷ് വരുന്നതുകണ്ടു. ചെറുതായി മഴപെയ്യുന്നുണ്ടായിരുന്നു. തലക്കുമുകളിൽ കുട യുമായി കൊക്കിനേപ്പോലെ കാലുകൾ നീട്ടിനീട്ടിവെച്ച് പരി തോഷ് വരുന്നു.

ഞാൻ ബുദ്ധിമുട്ടി കണ്ണുതുറന്നുവെച്ചുകൊണ്ട് ചോദിച്ചു, എന്താണ് കാര്യം?

ഇന്നലെ രാത്രി നിങ്ങളെല്ലാം എവിടെയായിരുന്നു?

ഞാൻ പരിതോഷിനെ അത്ര ഇഷ്ടപ്പെട്ടൊന്നുമില്ല. സുഹൃത്തുക്കളുടെ അനിയൻമാർ സാധാരണ ഇങ്ങിനെയാണോ- മര്യാദക്കാരനും, വിനയശീലനും ആയ പയ്യൻ? പരിതോഷ് അവരിൽ നിന്ന് വ്യത്യസ്തനല്ല. എങ്കിലും അവരിൽ ഒരാൾ ഇക്കണോമിക്സിൽ എം.എ.ക്കു പഠിക്കുന്നവൻ, പോരാ നല്ല വിദ്യാർത്ഥിയാണെങ്കിൽ, അവൻ ചേട്ടൻെറ കൂട്ടുകാരുടെ അടുത്ത് കുറെയൊക്കെ അഹങ്കാരം അമർത്തിവെച്ചു പെരുമാറും. അതാണു നിയമം. പരിതോഷിൻെറ വിചാരം, അവൻെറ അസ്തിത്വം ലോകത്തിന് വളരെ ഉപകാരപ്രദമാണെന്നാണ്. പിന്നെ ഞങ്ങളെല്ലാം ജീവിച്ചിരുന്നാലും കൊള്ളാം, ഇല്ലെങ്കിലും വലിയ നഷ്ടമൊന്നുമില്ല. ഏതായാലും കാലത്ത് എല്ലാവരോടും ക്ഷമ കാണിക്കാനാണ് തോന്നുന്നത്. പരിതോഷിനെ ആത്മാർത്ഥമായിത്തന്നെ സ്വീകരിക്കാൻ എനിക്കാഗ്രഹം തോന്നുന്നു.

ഞാൻ പറഞ്ഞു, ഇന്നലെ രാത്രിയോ? ഇന്നലെ രാത്രി ഒന്നരവരെ പലേടത്തുമായിരുന്നു. നീ ഏതു സമയത്തെപ്പറ്റിയാണ് പറയുന്നത്?

പരിതോഷ് എന്നെ തുറിച്ചുനോക്കിക്കൊണ്ട് തണുത്ത സ്വരത്തിൽ പറഞ്ഞു, ചേട്ടൻ ഇന്നലെ രാത്രി വീട്ടിൽ തിരിച്ചെത്തിയിട്ടില്ല.

കേട്ടപ്പോൾ എനിക്കു വളരെ അസ്വാസ്ഥ്യം തോന്നി. കാലത്തുതന്നെ എന്തുകൊണ്ട് അന്യരുടെ പ്രശ്നം എൻെറ മുമ്പിൽ വരുന്നു? ഇതാ ഈ അൽപസമയം ചുമ്മാ കുത്തിയിരിക്കാനാണ് എനിക്കിഷ്ടം. കസേര, കട്ടിൽ, പുസ്തകങ്ങളുടെ അലമാരി, പിന്നെ കറങ്ങുന്ന പങ്ക. ഇവയോടൊപ്പം എന്നെത്തന്നെ സ്നേഹിക്കാനാണെനിക്കേറെയിഷ്ടം. വെള്ളത്തിൻെറ മറ്റൊരുപേരാണ് ജീവൻ എന്നു ഞാൻ മനസ്സിലാക്കുന്നു. മനുഷ്യൻ ഭൂമിയിൽ വളരെ സുഖമായിക്കഴിയുന്നു. ആകട്ടെ, പരിതോഷ് അവന് ഇഷ്ടമുള്ളതു പറഞ്ഞുകൊള്ളട്ടെ, ഞാൻ രഹസ്യമായി അന്യമനസ്കനായിരിക്കും, ഞാനൊന്നും കേൾക്കില്ല. പക്ഷെ പരിതോഷിൻെറ തൊണ്ടയിലെ പ്രക്ഷുബ്ധമായ ഗർവ്വ് ഓടക്കുഴലിൻെറ സ്വരംപോലെ നേരെ വരുന്നു. അവഗണിക്കാൻ പറ്റുന്നില്ല. ഞാൻ പറഞ്ഞു, ശേഖർ ഇന്നലെ തിരിച്ചുവന്നില്ലേ? എന്താണ് കാര്യം?

– നിങ്ങൾക്കറിയില്ലേ?

– ശേഖറിനെ ഞാൻ രണ്ടുമൂന്നുദിവസമായി കണ്ടിട്ടേയില്ല.

– എന്നാലും ചേട്ടൻ എവിടെപ്പോയിരിക്കുമെന്ന് നിങ്ങൾക്കൂഹിക്കാൻ പറ്റുമല്ലോ?

– നീ ഇത്ര കാലത്തുതന്നെ ഇറങ്ങി പുറപ്പെട്ടതെന്തിനാണ്? ഇതിനകം ഒരുപക്ഷെ തിരിച്ചുവന്നുകാണും. എവിടെയെങ്കിലും തങ്ങിക്കാണും.

– അമ്മ ഇന്നലെ രാത്രി മുഴുവനും ഉറങ്ങിയിട്ടില്ല. കാലത്തുമുതലേ തിരയാനായി എന്നെയിട്ടോടിക്കുകയാണ്.

– ശേഖർ ഇതിനുമുൻപും ഒന്നുരണ്ടുതവണ രാത്രി വീട്ടിൽ തിരിച്ചുവരാതിരുന്നിട്ടുണ്ടല്ലോ. ശീട്ടുകളിയിൽ ഹരം പിടിച്ച്. വിഷമിക്കാനൊന്നുമില്ല.

– നിങ്ങൾ പറയുന്നതത്ര ശരിയല്ല. വീട്ടിൽ തിരിച്ചുവരാതിരിക്കൽ ചേട്ടനു ശീലമായിരിക്കാം. എന്നാൽ അതു സഹിക്കാൻ അമ്മ ശീലിച്ചിട്ടില്ലല്ലോ? എല്ലാ തവണയും അമ്മക്കതു പ്രയാസമുണ്ടാക്കുന്നു.

എനിക്കു ചെറുതായി ചിരിവന്നു. ഇതുകേട്ടാൽ തോന്നും ഞാനാണ് രാത്രി തിരിച്ചുവരാതിരുന്നതെന്ന്. പരിതോഷിൻെറ സംസാരം കേട്ടാൽ തോന്നും, ഞാനാണ് അമ്മയെ കഷ്ടപ്പെടുത്തുന്നതെന്ന്. അഥവാ ശേഖർ വീട്ടിൽ തിരിച്ചുവരാത്തതിനും ഞാനാണ് ഉത്തരവാദിയെന്ന്. കാലത്തുതന്നെ ഇങ്ങനെ യുക്തി പടിപടിയായി അടുക്കിവച്ച് ഇവരെല്ലാം എങ്ങനെയാണ് സംസാരിക്കുന്നത്? ഇക്കണോമിക്സ് പഠിച്ചാൽ ഇതെല്ലാം പറ്റുമെന്നു തോന്നുന്നു. അവൻെറ ശബ്ദത്തിൽ ശരിക്കും ഇക്കണോമിക്സ് വിദ്യാർത്ഥിയുടെ ഗാംഭീര്യമുണ്ട്. ഭൂമിയ്ക്ക് ഉപകാരം ചെയ്യാനായി ജനിച്ചിരിക്കയാണല്ലോ? ഞങ്ങളെപ്പോലുള്ളവർ ജീവിച്ചിരുന്നാലും കൊള്ളാം, ഇല്ലെങ്കിലും നഷ്ടമൊന്നുമില്ല. ശേഖറിൻെറ കാര്യത്തിൽ എന്തുമാത്രം താല്പര്യം കാണിക്കണമെന്നു മനസ്സിലാവുന്നില്ല. ശേഖർ വീട്ടിൽ തിരിച്ചെത്തിയില്ല എന്ന കാര്യം സത്യത്തിൽ അത്ര ഗൗരവമുള്ള പ്രശ്നമാണോ? ശേഖർ ഒരു തടിമാടൻ യുവാവ്, പോക്കറ്റിൽ മിക്ക സമയത്തും പൈസ കാണും, മൈതാനത്തിൻെറ ഏതു ഭാഗവും ഏതു ദിവസം വേണമെങ്കിലും ലേലത്തിൽ വാങ്ങാൻ കഴിയുമെന്നാണ് ഭാവം! തോടു

കണ്ടാൽ നദിയാണെന്നധാരണയുണ്ടാവില്ല. ഇങ്ങനെയുള്ള ഒരാൾ ഒരു ദിവസം വീട്ടിൽ തിരിച്ചെത്തിയില്ലെന്നു കരുതി ഇത്ര പരിഭ്രമിക്കാനെന്തു കാര്യം? അങ്ങനെയാണെങ്കിൽ തിബത്തിൽ എന്തുകൊണ്ട് പഞ്ചസാര ഉണ്ടാകുന്നില്ല എന്ന കാര്യവും ചിന്താർഹമാണ്. പക്ഷേ ഒരാളെപ്പറ്റി കൂട്ടുകാർ മനസ്സിലാക്കുന്നതുപോലെ അവന്റെ വീട്ടുകാർക്ക് മനസ്സിലാക്കാൻ സാധ്യമല്ല. ഇതാണ് വാസ്തവം. കാലത്ത് ഞാനും യുക്തിപരമായി കാര്യങ്ങൾ കാണുന്നുണ്ടല്ലോ! അതുകൊണ്ട് ചിന്താകുലനാണെന്ന ഭാവത്തിൽ ചോദിച്ചു, ശേഖർ ഇന്നലെ എപ്പോഴാണ് വീട്ടിൽ നിന്നിറങ്ങിയത്?

– എന്നും പതിവുള്ളപോലെ പത്തുമണിക്ക് ഊണും കഴിച്ച് ഓഫീസിൽ പോയതാണ്. ഒരു ദിവസവും വൈകുന്നേരം വീട്ടിൽ തിരിച്ചെത്താറില്ലല്ലോ? എത്തുന്നതു പത്തുപതിനൊന്നു മണിക്കാണ്. ഇന്നലെ മടങ്ങിവന്നില്ല, വിവരമൊന്നും തന്നതുമില്ല.

– നീ ആദ്യം തന്നെ എന്റെയരികിൽ വരാൻ കാരണം? അതിനേക്കാൾ....

– താപസേട്ടന്റെ അടുത്ത് പോയിരുന്നു. അയാൾ പറഞ്ഞു, നിങ്ങളുടെ അടുത്ത് അന്വേഷിക്കാൻ.

ഇതുകേട്ടാലും എനിക്കു ചിരിവരേണ്ടതാണ്. ഇതാണല്ലോ നിയമം. ഒരാൾ ഭാരം മറ്റൊരാളുടെ തലയിൽകേറ്റുന്നു. താപസ് എന്റെ അടുത്തേക്കയച്ചിരിക്കുന്നു. ഞാൻ അവനെ അവിനാശിന്റെ അടുത്തേക്ക് അയക്കും. അവിനാശ് വീണ്ടും പരീക്ഷിത്തിന്റെ അടുത്തേക്ക്. എങ്കിൽക്കൂടി പരിതോഷിനോടെനിക്ക് അനുകമ്പതോന്നി. കുട അരികിൽ മടക്കിവച്ച് കസേരയിൽ കുനിഞ്ഞിരിക്കയാണ്. മുഖത്ത് ഉൽക്കണ്ഠയ്ക്കുപകരം ഗർവ്വാണ് കൂടുതൽ. ഇരിപ്പുകണ്ടാൽ ശേഖറിന് ഒന്നും സംഭവിച്ചിട്ടില്ലെന്നവന് അറിയാമെന്നുതോന്നും. പക്ഷെ ചേട്ടന്റെ ആരെയും കൂസാത്ത പെരുമാറ്റം അവനിഷ്ടമല്ല. ഞാൻ മെല്ലെപ്പറഞ്ഞു, തീർച്ചയായും എവിടെയെങ്കിലും വല്ല കാര്യത്തിനും തങ്ങിക്കാണണം. ഇപ്പോൾ വീട്ടിൽ എത്തിക്കാണും. ഏതായാലും ഇതിനകം എത്തിയിട്ടില്ലെങ്കിൽ ഉച്ചക്ക് എനിക്ക് ഓഫീസിലേക്ക് ടെലഫോൺ ചെയ്യുക. ഞാൻ വൈകുന്നേരം അന്വേഷിക്കാം. ഇനിയിപ്പോൾ ഒരി

ടത്തും പോകേണ്ട. ചായ കഴിക്ക്.

– വേണ്ട, ചായ വേണ്ട. എനിക്കുടനെ വീട്ടിലേക്ക് മടങ്ങണം.

വാസ്തവത്തിൽ കുറെ ദിവസമായി ഞാൻ ശേഖറിനെ കണ്ടിട്ടേയില്ല, അവനുമായുള്ള എന്റെ സമ്പർക്കം ഇപ്പോൾ നിന്നതുപോലെയാണ്. എന്നാലും വൈകുന്നേരം ഞാൻ അന്വേഷിക്കാം.

– നിങ്ങൾ കൂട്ടുകാർ ഒന്നിച്ചുകൂടുന്ന ഏതെങ്കിലും സ്ഥലത്ത്.....

– അവിടെയെങ്ങും ഞാൻ ഈയിടെ പോകാറേയില്ല.

– വിശ്വസിക്കാൻ പറ്റുന്നില്ല.

ഞാനൊന്നു ദുർബ്ബലമായി ചിരിച്ചുകൊണ്ടുപറഞ്ഞു, പരിതോഷ്, നിനക്കറിഞ്ഞുകൂടാ, എനിക്കിപ്പോൾ വലിയമാറ്റം വന്നിട്ടുണ്ട്.

പരിതോഷ് മുഖം കുനിച്ചിരുന്നുകൊണ്ട് പറഞ്ഞു, ഒരു മനുഷ്യൻ എത്ര സമയംകൊണ്ട് എത്രമാത്രം മാറും എന്നെനിക്കറിയില്ല. സുനിലേട്ടാ, ജീവനെ എടുത്ത് നിങ്ങൾ നടത്തുന്ന ഈ കളിക്ക് വാസ്തവത്തിൽ എന്തുവിലയുണ്ട് എന്ന കാര്യത്തിലും എനിക്കു സംശയമുണ്ട്.

– നീ ഒരു കുട്ടി.

– അത്ര കുട്ടിയൊന്നുമല്ല. നിങ്ങളേക്കാൾ അഞ്ചാറു കൊല്ലം ചെറുപ്പം മാത്രം.

– ജീവിതത്തിൽ ആ അഞ്ചാറുകൊല്ലം അൽപസമയമല്ല. ഒരോ കൊല്ലവും വളരെ നീണ്ട...

– കൊള്ളാം. വരട്ടെ, ഉച്ചക്ക് ഓഫീസിൽ ഫോൺ ചെയ്യാം.

– ഒരുപക്ഷെ അതിന്റെ ആവശ്യമുണ്ടാവുകയില്ല. വീട്ടിൽ എത്തുമ്പോൾ കാണാം ശേഖർ മടങ്ങിയെത്തിയിരിക്കുന്നുവെന്ന്. തിരിച്ചുവന്നാലും എന്ന വിവരം അറിയിക്കണം.

പരിതോഷ് പോയ ഉടനെ മഴ ശക്തിയായി പെയ്യാൻ തുടങ്ങി. പെട്ടെന്ന് നിൽക്കുമെന്ന് തോന്നുന്നില്ല. അതിന്റെയർത്ഥം അലക്കിത്തേച്ച ഉടുപ്പ് ഇടേണ്ട, ഷൂ പോളീഷ് ചെയ്യേണ്ട. കാരണം പുറത്തിറങ്ങുമ്പോൾ ചളിപറ്റും. മാത്രമല്ല ഇന്നലത്തെ വിയർപ്പുനാറുന്ന ഉടുപ്പും ചളിപുരണ്ട ഷൂസുമിട്ട് പുറത്തിറങ്ങുകയാണെങ്കിൽ താടിവടിക്കുക എന്നുള്ളതും

അനാവശ്യമാണ്. ഇങ്ങിനെ പല പ്രവൃത്തികളും വേണ്ടെന്ന് വയ്ക്കുകയാണെങ്കിൽ സമയം കുറെ ലാഭിക്കാം. ഇതു പോലെ മഴയുള്ളദിവസം സാധാരണ ആൾക്കാർക്ക് ഓഫീസിൽ പോകാൻ മടിയാണ്. പക്ഷേ ഈയിടെയായി എനിക്ക് ഓഫീസിൽ പോക്ക് ഇഷ്ടമുള്ള കാര്യമാണ്. ദീർഘചതുരാകൃതിയുള്ള മേശക്കുമുൻപിൽ കാലുയർത്തിവെച്ച് ചായ കുടിക്കുമ്പോഴുള്ള സുഖവുമായി താരതമ്യപ്പെടുത്തുമ്പോൾ വീട്ടിൽ കട്ടിലിൽ കിടക്കുന്നതിൽ ഒരർത്ഥവുമില്ല. കുറച്ചുദിവസം മുൻപ്, എനിക്കൊരു പ്രമോഷൻ കിട്ടി. എല്ലാവരുടേയും കൂടെ വലിയ ഹാളിൽ ഇരിക്കുന്നതിനുപകരം ഇപ്പോൾ ഞാൻ ഒരു ചെറിയ മുറിയിൽ രണ്ടുപേരുടെ കൂടെയിരിക്കുന്നു. ടിങ് ടിങ് എന്നു ബെല്ലടിച്ചാൽ ഉടനെ ശിപായി ഝറിസിങ്ങ് ഓടിയെത്തും, മനസ്സിൽ തോന്നുന്ന കൽപന കൊടുക്കാം. ലേഔട്ട് വിഭാഗത്തിൽ എന്റെ കീഴെ മൂന്നുപേർ പണിയെടുക്കുന്നു. അവരിൽ ഒരാളായ വനമാലി ബാബു, എന്റെ മുത്തച്ഛന്റെ അനിയന്റെ പ്രായമുള്ള ആളാണ്- അയാളെ തരം കിട്ടുമ്പോൾ വിരട്ടാൻ എനിക്കു രസമാണ്. സന്ദർഭം കിട്ടിയാൽ പറയാറുണ്ട്, കണ്ണിനു കാഴ്ച കുറവാണോ, ഇങ്ങിനെ എത്ര കാലം ഈ പേനയും ബ്രഷുമായി കഴിയും? ഇനി രാമായണമോ, മഹാഭാരതമോ പോയി വായിച്ചിരിക്കൂ. മനുഷ്യർക്ക് ആജ്ഞ കൊടുക്കുന്നതിലും അവരെ ഭീഷണിപ്പെടുത്തുന്നതിലും ഉള്ള രസം ഞാൻ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.

മൂന്നുമണിക്ക് സുവിമൽ വന്നെത്തി. കുറേക്കഴിഞ്ഞ് പരിതോഷിന്റെ ടെലിഫോൺ. ഓ!, ശേഖറിന്റെ കാര്യം ഞാൻ മറന്നേപോയിരുന്നു. പരിതോഷിന്റെ സ്വരത്തിൽ ആശങ്കയോ, ഭയമോ ഒട്ടുമില്ല, എങ്കിലും അവന്റെ ഗർവ്വ് കൂടിയിരിക്കുന്നു. അവൻ പറഞ്ഞു, ചേട്ടനിപ്പോഴും എത്തിയിട്ടില്ല. നിങ്ങൾക്കു വല്ലവിവരവും കിട്ടിയോ?

ഞാൻ പറഞ്ഞു, ഒരുമിനിറ്റ്, ടെലിഫോണിന്റെ മുഖം കൈകൊണ്ടമർത്തിപ്പിടിച്ച് ഞാൻ സുവിമലിനോട് ചോദിച്ചു, ശേഖറിന്റെ വല്ല വിവരവും നിനക്കറിയാമോ?

- എന്തു വിവരം?

- ഇന്നലെ നീ അവനെക്കണ്ടോ?

ത്തിൽ നിന്നുകൊണ്ട് കർഷകൻ അവൻെറ മൂരിയെ വിളിക്കുന്നതുപോലെ. എനിക്കറിയാം, ഞാനിവിടെ നിന്നും ഓടി രക്ഷപ്പെടുവാൻ നോക്കിയാൽ പെൺപുലിയെപ്പോലെ സരസ്വതി എൻെറമേൽ ചാടിവീഴും, എൻെറ ശിരസ്സ് പൊട്ടിച്ചു വീഴുത്തുകയും രക്തം കുടിക്കുകയും ചെയ്യും. അവളുടെ മസൃണമായ മുഖത്തിൻെറയും കൗതുകം നിറഞ്ഞ കണ്ണുകളുടെയും പിന്നിൽ ഞാൻ ഒരു പെൺപുലിയെ കാണുന്നു. ആത്മരക്ഷാർത്ഥം ഞാനവളുടെ നിരലങ്കാരമായ ഒരു കൈ പിടിച്ചുകൊണ്ടു പറഞ്ഞു, കൈ നോക്കാൻ എനിക്കറിഞ്ഞുകൂടെങ്കിലും കൈയും പിടിച്ചിരിക്കാൻ എനിക്കിഷ്ടമാണ്. പെട്ടെന്ന് ഞാൻ അവളോടു ചോദിച്ചു, നീ ആരെയെങ്കിലും സ്നേഹിച്ചിട്ടുണ്ടോ?

ഉദാസീനമായ ഭാവത്തോടെ സരസ്വതി പറഞ്ഞു, ഇല്ല, അങ്ങനെയൊരാളെ കിട്ടിയിട്ടുവേണ്ടേ?

– എന്ത്, നീ ഇപ്പോഴല്ലേ പറഞ്ഞത് നിനക്ക് അനവധി ചെറുപ്പക്കാരുമായി പരിചയമുണ്ടെന്ന്.

– അവർക്കാർക്കും സ്നേഹിക്കാനറിഞ്ഞുകൂടാ.

– അവർ എങ്ങനെയെങ്കിലുമാവട്ടെ. നിനക്ക് പ്രേമിക്കാമല്ലോ. ഒരു വശം മാത്രമാണെങ്കിലും അതും പ്രേമമാണ്. അതാണ് യഥാർഥ പ്രേമം.

– എനിക്കു തനിയെ പ്രേമിക്കുവാൻ സാദ്ധ്യമല്ല. എന്നെ ആരെങ്കിലും സ്നേഹിക്കുകയാണെങ്കിൽ ഞാനും ശ്രമിക്കും.

– എങ്കിലും

– ആലോചിച്ചു നോക്കട്ടെ. നിന്നെ കാണാൻ ഇപ്പോൾ നല്ല ഭംഗി എന്ന് പറയുന്നതിലർത്ഥമില്ലല്ലോ? പഴഞ്ചൻ വാക്കുകൾ, പലരും പറഞ്ഞുകാണണം. നിശ്ചയം.

– പഴഞ്ചൻ വാക്കുകളും ഇടക്കിടെ കേൾക്കാൻ ഇഷ്ടമാണ്. ഏട്ടനെന്താ ഇങ്ങനെ? ഏട്ടന് കൈ നോക്കാനറിയാമോ? എൻെറ കൈ നോക്കി പറഞ്ഞേ.

എനിക്കു ചിരിവന്നു. ഞാൻ പറഞ്ഞു, ഈ ഒരു കാര്യം വളരെ പഴഞ്ചനാ. ഇപ്പോൾ ഇതിനു വിലയില്ല. സരസ്വതി, അമ്മായിക്കെന്താ അസുഖം?

–വലുതായൊന്നുമില്ല, ഇടയ്ക്കിടെ ആസ്മയുടെ വലി. ഈ കുറെ ദിവസം മഴയായിരുന്നല്ലോ?

- കണ്ടാൽ തോന്നുകയില്ല. നിൻെറ അമ്മയ്ക്ക് ഈ രോഗമുണ്ടെന്ന്.

- പുറമെ നോക്കിയാൽ അറിയാൻ പറ്റുമോ ഉള്ളിലെന്താണുള്ളതെന്ന്? ഏട്ടൻെറ മുഖത്തു നോക്കിയാൽ അറിയാൻ സാധിക്കുമോ ആളൊരു തെമ്മാടിയാണെന്ന്?

ഞാൻ അത്ഭുതപ്പെട്ട് സരസ്വതിയുടെ നേരെ നോക്കി. ചോദിച്ചു, കാര്യമെന്താണ്? എന്നെക്കുറിച്ച് നിനക്ക് ഈ ധാരണ എങ്ങനെ കിട്ടി? ഞാനെന്തുതെമ്മാടിത്തം കാണിച്ചു?

- മതി, നാട്യമൊന്നും വേണ്ട.എനിക്കെല്ലാം അറിയാം. പുരുഷൻമാരുടെ ജാട എനിക്കു സഹിക്കാൻ കഴിയൂല്ല. തരൂ, ഒരു സിഗററ്റ്,

- വേണ്ട, പെണ്ണുങ്ങൾ സിഗരറ്റു വലിക്കുന്നതെനിക്കിഷ്ടമല്ല.

സരസ്വതി പൊട്ടിച്ചിരിച്ചു. അവളുടെ ചിരി ഹി,ഹി എന്നമട്ടാണ്. ഞാനിതിനു മുമ്പ് കേട്ടിട്ടില്ല. മറ്റുള്ളവരുടെ ചിരി ഹോ,ഹോ ഹാ,ഹാ അല്ലെങ്കിൽ നോക്കാം.

ഞാൻ മന്ത്രിച്ചു, ശരീരം, ശരീരം, പൂവേ, നിനക്കു മനസ്സില്ലേ? സരസ്വതി വിസ്മയത്തോടെ ചോദിച്ചു, എന്താ പറഞ്ഞത്? ഞാൻ പറഞ്ഞു, ഒന്നുമില്ല, ഒരു കൊട്ടേഷൻ.

അലസമായി സരസ്വതി കിടക്കയിലേക്ക് ചരിഞ്ഞു. അവളുടെ കഴുത്തിനു താഴെ ഒരു മുറിവിൻെറ പാടുകാണാം. സൂര്യമുഖി പൂവുപോലെ വിരിഞ്ഞ മാറിടം. ബ്ലൗസിനും സാരിക്കും ഇടയിൽ വെളുത്ത വയറ് അനാവൃതം. ഇപ്പോൾ പൊട്ടിച്ച ടിന്നിലെ വെണ്ണപോലെ, പൊക്കിൾ വരെ കാണാം. ഇവൾക്ക് ഭ്രാന്ത് പിടിച്ചിരിക്കയാണ്. എനിക്ക് അനുകമ്പതോന്നി. ഇശ്. രണ്ടു മാസം മുമ്പ് എന്നെ ഇങ്ങനെ ക്ഷണിച്ചിരുന്നെങ്കിൽ അവൾ രക്ഷപ്പെടുമായിരുന്നില്ല. സരസ്വതി തടിതപ്പി എന്നു തന്നെ പറയാം. ഇപ്പോൾ എന്നെ പേടിയില്ല, എനിക്കവളെയാണ് പേടി. എൻെറ നെഞ്ചുവേദന സരസ്വതി അറിയുന്നില്ല. എൻെറ കൈയിൽ ഇപ്പോളും അവളുടെ കൈയുണ്ട്. അൽപം സമ്മർദ്ദം ചെലുത്തി ഞാൻ പറഞ്ഞു, സരസ്വതി ക്ഷമിക്കണം. സരസ്വതി പരിഭ്രമ ഭാവത്തിൽ ചോദിച്ചു, നിങ്ങൾ വല്ലതും കാട്ടിയോ ക്ഷമിക്കാൻ.

- സത്യം, എന്നോടു നീ ക്ഷമിച്ചിരിക്കുന്നു എന്നു പറ.

– ഇതെന്തൊരു കൂത്ത്. എന്തിനാണ് മാപ്പ് ചോദിക്കുന്നത്? ഞാൻ കരച്ചിലമർത്തുന്ന ഗാഢസ്വരത്തിൽ പിറുപിറുത്തു, സരസ്വതി ഞാൻ നിന്നോട് അന്യായം കാണിച്ചിട്ടില്ലെങ്കിൽ, മറ്റിടങ്ങളിൽ ഞാൻ ചെയ്ത ദോഷത്തെയും പാപത്തെയും അന്യായത്തിനെയും ചൊല്ലി ഞാൻ മാപ്പു ചോദിക്കുന്നു.

– ചേട്ടന് തലക്ക് സ്ഥിരമില്ലേ? ഭ്രാന്തു പിടിച്ചോ?

– ഞാൻ ഏതവനായാലും മാപ്പു തന്നിരിക്കുന്നുവെന്ന് പറ.

സരസ്വതി കോമളസ്വരത്തിൽ പറഞ്ഞു, ശരി, എല്ലാം ക്ഷമിച്ചിരിക്കുന്നു.

– എന്നാൽ ഞാൻ പോകുന്നു.

– എവിടെ പോവാനാണ്? ഇരിക്കൂന്നെ.

– ഞാൻ പോട്ടെ, തങ്കമല്ലേ?

– ഓ, ഇരിക്കൂന്നെ.

സരസ്വതി ഒരൊറ്റ വലിയാൽ എന്നെ കിടക്കയിൽ ഇരുത്തി. എന്റെ തലമുടിയിൽ വിരലുകളോടിച്ചു കൊണ്ടു പറഞ്ഞു, വെറും കുഞ്ഞാണീ ചേട്ടൻ.

ഞാൻ ആത്മാർത്ഥമായും വിനയിയാരിക്കുന്നു. ഞാൻ പറഞ്ഞു. ഇനി എനിക്ക് പോവാതെ പറ്റൂല.

– എന്നാ പോവിൻ. ഞാൻ പിടിച്ചു നിർത്തിയിരിക്കയാണോ?

– എന്നാൽ ഞാൻ വരട്ടെ.

– ഏട്ടൻ മുന്നിയെ വല്ലതും ചെയ്തോ?

ഞാൻ ശക്തിയായി അടികിട്ടിയതുപോലെ ഞെട്ടി, എന്താ ഈ പറയണത്.

– നീ പറയുന്നത് അന്യായമാണ്.

– അയ്യോ, വെറുതെ ചോദിച്ചതാണ്. ദേഷ്യപ്പെടരുത്. കൺമുമ്പിൽ വളർന്നു വന്ന് മുന്നിയും എന്റെ കംപിറ്റിറ്റർ ആയി.

– യമുനയെ ഇഷ്ടമാണ്.

– അത്രമാത്രം? ഇതിൽ കൂടുതലൊന്നുമില്ലേ?

– ഇനി എനിക്ക് ഇറങ്ങാതെ നിവൃത്തിയില്ല.

– ഇത്തിരിനേരം കൂടെ ഇരുന്നുകൂടേ? ഓ, എന്തൊരു രാജ്യത്തിന്റെ കാര്യമാണോ ആവോ. തനിച്ചിരുന്നു മടുത്തു.

നമുക്ക് വർത്തമാനം പറയാം.

ഞാൻ പറഞ്ഞു യമുനയെ ഒന്നു വിളിക്കൂ. അവളെ ഒന്ന് കാണട്ടെ.

സരസ്വതി എന്നെ ഉറ്റുനോക്കി പറഞ്ഞു, അവൾ തപനുമായി സൊള്ളുകയായിരിക്കും, അവനെന്തു വിചാരിക്കും.

– അവനെയും വിളിക്കൂ. നമുക്കൊരുമിച്ചിരുന്നു സംസാരിക്കാം.

ഞാൻ പറഞ്ഞതിൽ ഒരു യുക്തിയുമില്ലെന്ന വിധം സരസ്വതി ചോദിച്ചു, എന്താ എന്നോട് വർത്തമാനം പറഞ്ഞു കൊണ്ടിരിക്കാൻ ഇഷ്ടം തോന്നുന്നില്ലേ?

– പക്ഷേ നിന്നോട് സംസാരിക്കുവാൻ വെറേ പലരുമുണ്ടല്ലോ?

– ഇല്ല, എനിക്കാരുമില്ല.

ഞാൻ മിണ്ടാതിരുന്നു. സരസ്വതി എന്റെ തുടയിൽ പാൻടിന്റെ മേലിലൂടെ നഖംകൊണ്ട് വരവരയ്ക്കുന്നു. പിന്നെ ഒരു കൈ കയ്യിലെടുത്തുകൊണ്ടു പറഞ്ഞു. ബലിഷ്ഠമായ കയ്യ്. പൊടുന്നനെ എന്റെ ഒരു വിരൽ വായിലിട്ട് ഒരു കടി. എനിക്കനക്കമില്ല. സരസ്വതി പറഞ്ഞു, എന്താ മിണ്ടാതിരിക്കണത്. കുട്ടി, ഞാൻ കാണുന്നോരെല്ലാം വെറും കുട്ടികളാണ്.

സരസ്വതി എന്റെ മടിയിൽ തലവച്ച് കിടന്നു. ഞാനുടനെ രണ്ടുകയ്യും കൊണ്ട് അവളുടെ തലപൊക്കിയിട്ട് പറഞ്ഞു. എന്താ വേണ്ടാതീനം കാണിക്കണത്. അവൾ ആശ്ചര്യപ്പെട്ട് മുഖം തിരിച്ച് ചോദിച്ചു. എന്തുപറ്റി? ഞാനെണീറ്റു നിന്നുകൊണ്ടു പറഞ്ഞു, ഇതൊന്നുംപാടില്ല. ഞാൻ വരുന്നു.

ആശ്ചര്യത്തോടെ തന്നെ അവൾ ചോദിച്ചു, ഇതിലെന്താണസഭ്യം.?

ദിവസം മുഴുവനും എന്റെ മനസ്സ് മൃദുലമായിരുന്നു. ഇപ്പോൾ പെട്ടെന്ന് 'പോയി തുലയട്ടെ' എന്ന ഭാവം വന്നു. രൂക്ഷമായ സ്വരത്തിൽ ഞാൻ പറഞ്ഞു, ഇതൊക്കെ എനിക്കറിയാവുന്നകാര്യമാണേ, മതി.

– ഏട്ടൻ വൃത്തികെട്ടവനാണ്

– ആയിക്കോട്ടെ, പക്ഷേ നീ എല്ലാം ക്ഷമിച്ചിരിക്കുന്നു എന്ന് പറഞ്ഞല്ലോ.

– ഏട്ടൻെറ മനസ്സ് വൃത്തികെട്ടതാണ്. അതുകാരണമാണ് എല്ലാം ചീത്തയായി തോന്നുന്നത്.

– അതെന്തെങ്കിലും ആവട്ടെ, പക്ഷേ നീ എനിക്ക് മാപ്പു തന്നതാണ്.

– അൽപൻ.

ഞാൻ സരസ്വതിയെ നോക്കിനിന്നു. ഒരു പ്രാവശ്യം എൻെറ ശരീരം ഉലഞ്ഞു, രണ്ടു നിമിഷം മസ്തിഷ്ക്കത്തിൽ ഒരു തിരിച്ചുമറിച്ചിൽ നടന്നു. ഞാൻ അൽപം കുനിഞ്ഞു, ഞാനാലോചിച്ചു. കുനിഞ്ഞ് സരസ്വതിയെ മാറോടമർത്തിപ്പിടിച്ചാലെന്താ, പല്ലുകൊണ്ട് അവളുടെ ചുണ്ടുകൾ കടിച്ചാലോ, കാണട്ടെ, നിൻെറ എല്ലാ കളിയും. പക്ഷേ ഒന്നു രണ്ടു നിമിഷം മാത്രം. ഞാൻ നിവർന്നു നിന്ന് തണുപ്പൻ സ്വരത്തിൽ പറഞ്ഞു. അൽപനായി കഴിയുന്നതാണ് ഭേദം, എനിക്ക് മാന്യത വേണ്ട.

'സടന്ന് വാതിൽ തുറന്ന് ഞാൻ പുറത്തേക്ക് നടന്നു. പിന്നാലെ സരസ്വതിയും. കോണി ഇറങ്ങുമ്പോൾ കണ്ടു, ജഗദീശ് റായ് കേറി വരുന്നു. റെയിൻ കോട്ടിട്ടിരിക്കുന്നു. മുഖത്ത് ഗാംഭീര്യം. എന്നെ ഒരു നോക്കു നോക്കി, പിന്നെ ഗൗനിച്ചില്ല. മകളോടു ചോദിച്ചു, സതി, ഡാക്ടർ വന്നിരുന്നോ?

എൻെറ പിന്നിൽ നിന്നും സരസ്വതി മറുപടി പറഞ്ഞു, വന്നിരുന്നു, അമ്മക്ക് ഉറക്കത്തിനുള്ള മരുന്ന് കൊടുത്തു.

പ്രിസ്ക്രിപ്ഷൻ കാണട്ടെ.

വരാന്തയിൽ യമുനയില്ല. ടേബിളിൻെറ രണ്ടുവശത്ത് രണ്ടു ബാറ്റ്. കനം കുറഞ്ഞ വെള്ള ബാൾ കാറ്റിൽ അനങ്ങുന്നു. ഉദാസീനനായി ഞാനിറങ്ങി നടന്നു. വെറുതെ കൈ മടക്കാനും തുറക്കാനും തോന്നി.

– എന്താ ഭ്രാന്തുപിടിച്ചോ?

ആരും ഈ ചോദ്യത്തിനു മറുപടി പറയുന്നില്ല. കണ്ടാൽ ഭ്രാന്തിയാണെന്നു തന്നെ പറയും. മുറി മുഴുവനും സാധനങ്ങൾ ചിന്നിച്ചിതറി കിടക്കുന്നു. നൂർജഹാൻ ബേഗം നീലസാരി ഉടുത്തിട്ടുണ്ട്. പക്ഷേ ബ്ലൗസില്ല, ബ്രേസിയർ മാത്രം. തലമുടി പതറി കിടക്കുന്നു. കൺമഷിയും കണ്ണീരും ചേർന്നൊലിക്കുന്നു മുഖത്ത്. ചുവരിൽ തലയിടിച്ചുകൊണ്ട് നെഞ്ച്

പൊട്ടുന്നതുപോലെ വിലപിക്കുകയാണ്, തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ, തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ.

ശേഖറും അവിനാശും കാലും തൂക്കി കട്ടിലിൽ ഇരിക്കുന്നു. കട്ടിലിൻെറ മദ്ധ്യത്തിൽ ചിന്താമണി ബാബു, ആശ്വസിപ്പിക്കാനെന്നെപോലെ കൈ നീട്ടി. അബ്ദുൾ ഹലി ഉരുവിടുന്നുണ്ട്. സാധനേ, കേൾക്ക്, കേൾക്ക്. സാധന അയാളുടെ കൈ തട്ടിനീക്കി. അപ്പോഴാണ് ഞാൻ കാണുന്നത്, കട്ടിലിൻെറ തലക്ക് പത്തു പതിനൊന്നു വയസ്സുള്ള ഒരു കുട്ടി വിളറിയ മുഖവുമായി നിൽക്കുന്നു.

ചുവരിൽ തലമുട്ടുമ്പോൾ ...ദും... എന്ന ശബ്ദമുണ്ടാകുന്നു. പെട്ടെന്ന് മുഖം തിരിച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു, ജിതു നീ തിരിച്ചറിഞ്ഞോ? കുട്ടി ഒന്നും മിണ്ടിയില്ല. നൂർജഹാൻ വീണ്ടും മുറവിളി കൂട്ടി. ചരിത്ര നാടകങ്ങളിൽ കരുണമായ സീനുകൾ അഭിനയിക്കുമ്പോൾ നൂർജഹാൻെറ കരച്ചിൽ ഇതുപോലെയായിരിക്കും. ആത്മാർത്ഥമെങ്കിലും അത്യധികം ഹൃദയസ്പർശിയാണത്. മുറിയുടെ അന്തരീക്ഷത്തിൽ ആ കരുണസ്വരം ഒഴുകിയലിഞ്ഞു.

നീരസത്തോടെ ചിന്താമണി ബാബു പതുക്കെ പറഞ്ഞു, സംഭാവ്യം, അസംഭാവ്യം, എന്നിങ്ങനെയുണ്ടല്ലോ. എങ്ങനെ തിരിച്ചറിയാൻ, എട്ടൊമ്പതുകൊല്ലം കഴിഞ്ഞു കാണുകയാണ്. അന്നവൻെറ വയസ്സ് രണ്ടോ, കൂടിയാൽ മൂന്നോ മാത്രം.

– ഞാൻ തിരിച്ചറിഞ്ഞല്ലോ, ഞാൻ.

– അതു വേറെ കാര്യം. അവനെ ഇവിടെ കൊണ്ടുവന്നതേ ശരിയല്ല, ഈ ചുറ്റുപാട് ഒരു കുട്ടിക്ക്.....

– മിണ്ടാതിരിക്കിൻ, എന്നെ തിരിച്ചറിഞ്ഞില്ലല്ലോ, ജിതു, ഞാൻ ചത്താൽ ഇതിലും ഭേദമായിരുന്നു.

– എന്താ കാണിക്കണത്. കുട്ടിയെ അങ്ങനെ ഞെക്കിപ്പിടിച്ചാൽ അവന് ശ്വാസം മുട്ടും.

– മിണ്ടാതിരിക്കിൻ, ആ മനുഷ്യനോട് മിണ്ടാതവിടെ ഇരിക്കാൻ പറ. ആ, എന്തൊരു വേദന!

അബ്ദുൾ ഹലിം പറഞ്ഞു, സാധനേ, ഈ മരുന്ന് കഴിക്ക്. ചിന്താമണി ബാബു പുച്ഛത്തോടെ പറഞ്ഞു, മരുന്നുകൊണ്ടെന്തുപ്രയോജനം? നൂർജഹാൻ അലറി. അയ്യോ, ഇത്ര സംസാരിക്കാനെന്തുണ്ടായി, മിണ്ടാതിരിക്കൂ.

ചിന്താമണി ബാബുവിന് ദേഷ്യം വന്നു, ഇതെൻെറ വീടാണ്, ഇവിടെ ഇതൊന്നും നടപ്പില്ല, വീണാ വീണാ,

വീണ പുറത്തുനിന്നുംവന്നു നിശ്ശബ്ദയായി നിന്നു. അവളും കരയുകയായിരുന്നു. ചിന്താമണി ബാബു പറഞ്ഞു. ഇവരോട് സ്ഥലം വിടാൻ പറ. എനിക്കിതൊന്നും ഇഷ്ടമല്ല. നാളെ വരുമ്പോൾ ഞാനിതൊന്നും കാണരുത്.

ഞങ്ങളുടെ നേരെ തിരിഞ്ഞ് അയാൾ തുടർന്നു. നിങ്ങളൊക്കെ മാന്യൻമാരുടെ സന്തതികളാണ്. ഇങ്ങനെയുളള കാര്യത്തിൽ ഇടപഴകുന്നത് മോശമാണ്. ഇവിടെ ആനന്ദിക്കാനുളള ചുറ്റുപാടാണ് വേണ്ടത്. കരച്ചിലും പിഴിച്ചിലുമല്ല. നാളെ വരുമ്പോൾ ഇതൊന്നും കാണരുത്.

കിതച്ചുകൊണ്ട് നൂർജഹാൻ പറഞ്ഞു, ഇത്ര വർത്തമാനം എന്തിന്? അയാളോട് മിണ്ടാതിരിക്കാൻ പറ.

– നീ മിണ്ടാതിരിക്ക്. തേവിടിച്ചി,

കരച്ചിൽ നിർത്തി നൂർജഹാൻ തലയുയർത്തി അയാളെ നോക്കി. രാജേന്ദ്ര റാണി തന്നെ. ശാന്തവും ഗംഭീരവുമായ സ്വരത്തിൽ അവൾ പറഞ്ഞു, ഈ മുറി വാടകക്കെടുക്കാൻ നിങ്ങൾക്കെത്ര രൂപ ചെലവായി? എല്ലാം ഞാൻ തരാം. ഈ നിമിഷം ഇവിടന്ന് ഇറങ്ങണം. അബ്ദുൾ, ഈ മനുഷ്യന് കാശെണ്ണിക്കൊടുക്ക്.

ചിന്താമണി ബാബുവിൻെറ മുഖം കറുത്തു. കിതച്ചുകൊണ്ടു പറഞ്ഞു. ഓ രൂപ കാണിക്കുകയാണല്ലോ? നിങ്ങളൊക്കെ നോക്കിനിൽക്കയാണ്. ആരും ഒന്നും മിണ്ടുന്നില്ലല്ലോ.

അയാൾക്ക് മറുപടി നൽകണമെന്ന് ഞങ്ങൾക്കാർക്കും തോന്നിയില്ല. മുറുക്കാൻ ചെല്ലം 'ഫട്ട്' എന്നടച്ച് ചിന്താമണി ബാബു എഴുന്നേറ്റു. പിന്നെ ഒരു വാക്കും പറയാതെ മുറിയിൽ നിന്നിറങ്ങിപ്പോയി.

അബ്ദുൾ ഹലിമിൻെറ മുഖത്ത് ഭയത്തിൻെറ ചിഹ്നം സ്പഷ്ടം. വീണയും പേടിച്ചിരിക്കുന്നു. കുട്ടിയുടെ മുഖവും ഭയവിഹ്വലമാണ്. അവിനാശിൻെറ മുഖത്തുമാത്രം യാതൊരു ഭാവവ്യത്യാസവുമില്ല. നൂർജഹാൻ അലറുകയാണ്. ഭ്രാന്തിൻെറ എല്ലാ ലക്ഷണവുമുണ്ട്. ബ്രേസിയറിനുളളിൽ കൂർത്ത മുലകൾ നിശ്വാസത്തിനോടൊപ്പം പൊങ്ങുന്നു,

- ഇല്ല.

ശേഖർ ഇന്നലെ രാത്രി വീട്ടിൽ മടങ്ങിവന്നിട്ടില്ല. ശരി നിൽക്ക്.

ഞാൻ പരിതോഷിനോട് വീണ്ടും പറഞ്ഞു, ഇല്ല എനിക്കൊരുവിവരവും കിട്ടിയിട്ടില്ല. അവൻ ഒരുവിവരവും തന്നില്ലേ വീട്ടിൽ?

- ഇല്ല. ഞാൻ ചേട്ടൻെറ ഓഫീസിൽ ടെലഫോൺ ചെയ്തിരുന്നു. അവർ പറഞ്ഞു, ഇന്നലെ ഏതാണ്ട് രണ്ടു മണിക്ക് അവിടെനിന്നും ഇറങ്ങിയെന്ന്. ഇന്ന് ഒരു വിവരവുമില്ല എന്നും.

- പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചോ?

- പോലീസ് സ്റ്റേഷനിലോ? പോലീസ് സ്റ്റേഷനിൽ എന്തിന്?

- പല കാരണവുമുണ്ട്. ഏതായാലും നിൽക്കട്ടെ. പോലീസ് സ്റ്റേഷനിലും ഒരു വിവരവും കിട്ടിക്കാണില്ല. ആ. ഞാൻ നോക്കാം.

- അമ്മക്ക് പരിഭ്രമം കൂടിവരികയാണ്. പല പ്രാവശ്യം നിങ്ങളുടെ പേർ പറഞ്ഞു. ഏട്ടൻെറ കൂട്ടുകാരിൽ അമ്മ നിങ്ങളെയാണല്ലോ കൂടുതൽ അറിയുന്നത്.

- അത്ര കൂടുതൽ വിഷമിക്കേണ്ടെന്ന് അമ്മയോട് പറയണം. ഞങ്ങളെല്ലാമുണ്ടല്ലോ. ഞാനിപ്പോൾത്തന്നെ ഇറങ്ങാൻ പോകയാണ്. എനിക്കുതോന്നുന്നത് അവൻ ബഹറാംപൂരിൽ അനിമേഷിൻെറ വീട്ടിൽ പോയിക്കാണണം. ഇടക്കിടക്ക് അവൻ അങ്ങിനെ പോകാറുണ്ട്- ആഫീസിൽ നിന്ന് അവധി വാങ്ങിച്ചിട്ടുണ്ടോ?

- ഇല്ല.

- ശരി, ഞാൻ നോക്കട്ടെ കഴിയുമെങ്കിൽ സന്ധ്യകഴിഞ്ഞ് നിങ്ങളുടെ വീട്ടിൽ വരാം. ഇപ്പോൾ ടെലിഫോൺ വയ്ക്കുന്നു, ങും?

ഫോൺ വച്ചുകഴിഞ്ഞ് ഞാൻ സുവിമലിനോട് പറഞ്ഞു, ശേഖറിന് എന്തുപറ്റിക്കാണണം?

സുവിമൽ കത്തിത്തീർന്ന തീപ്പെട്ടിക്കോലുകൊണ്ട് ചെവി തോണ്ടുകയായിരുന്നു. അവൻ പറഞ്ഞു, എന്തു പറ്റാൻ, വട്ടിളകിക്കാണും, അല്ലാതെന്ത്?

താഴുന്നു. കണ്ണുകൾ മുഴുവനും തുറന്ന്, ചുവന്നിരിക്കുന്നു. കൈ നീട്ടുമ്പോൾ സ്വർണ്ണാലങ്കാരങ്ങളുടെ കിലുകില ശബ്ദം. അബ്ദുൾ ഹലിം രണ്ടു കൈയും പിടിച്ചു സമാധാനിപ്പിക്കാൻ നോക്കുന്നു. കൈ കുതറി കുട്ടിയെ പിടിക്കാൻ ശ്രമിക്കുകയാണ് നൂർജഹാൻ. കുട്ടിയാണെങ്കിലും സഹായം കിട്ടുമെന്ന ആശയോടെ ഞങ്ങളെ മാറിമാറി നോക്കുന്നു. അബ്ദുൾ ഹലിം തന്നെ കുട്ടിയെ മാറ്റിനിർത്തി. രണ്ടു കൈയും കൊണ്ട് വായുവിനെ പിടിക്കാനെന്ന വിധം കൈകൾ ചലിപ്പിച്ച് 'പടോ'ന്ന് നൂർജഹാൻ നിലത്തുവീണു. തലയടിച്ചാണ് വീണത്. ഞാൻ പേടിച്ചുപോയി. വീണയും ശേഖറും കൂടി അവരെ പൊക്കിയിരുത്തി. അബ്ദുൾ ഹലിം ഭ്രാന്തനെപ്പോലെ പിറുപിറുത്തു, തല പൊട്ടിയോ? രക്തം ഒലിക്കുന്നുണ്ടോ?

ശേഖർ അയാളോടു പറഞ്ഞു, ഏയ് സാരമില്ല, മരുന്നു വല്ലതും?-

ഇപ്പോൾ മരുന്നു കഴിപ്പിക്കാൻ സാധിക്കൂലല്ലോ. പല്ലു കടിച്ചു പിടിച്ചിരിക്കയാണ്.

- ഇപ്പോൾ എന്താ ചെയ്ക?

- കണ്ണിലിത്തിരി വെള്ളം തെറിപ്പിച്ചാൽ സ്വൽപനേരത്തിനകം ശരിയാകും.

കുട്ടി നാണിച്ചതുപോലെ നിൽക്കുകയാണ്. മെലിഞ്ഞ ശരീരം, അഴകുള്ള മുഖം. അമ്മയില്ലാത്ത കുട്ടികൾ ചെറുപ്പത്തിലെ തെമ്മാടിയാകും. പക്ഷേ ഈ കുട്ടിയുടെ മുഖത്തങ്ങനെ ഒരു ലക്ഷണവുമില്ല. ഞാനവിനാശിൻെറ ചെവിയിൽ മന്ത്രിച്ചു, ഈ കുട്ടി ഇവിടെ എങ്ങനെ എത്തി? ഒരു കൂസലുമില്ലാതെ അവൻ മറുപടി നൽകി, മോഷ്ടിച്ചുകൊണ്ടു വന്നതാണ്.

ഞാൻ ഞെട്ടിപ്പോയി. മോഷണമോ?

അവിനാശ് ചുമല് കുലുക്കി പറഞ്ഞു, വേറെ മാർഗ്ഗമില്ലായിരുന്നു. അജയ് ഒരു സ്കൗണ്ട്രൽ. നൂർജഹാൻെറ കാശുപിടുങ്ങുവാനാണവൻെറ നോട്ടം. കുട്ടിയെ വലിയ കാര്യമാണു പോലും. അവനെ കണ്ടാൽ ദയയോ, മായയോ ലേശംപോലുമുണ്ടെന്നാരും പറയില്ല. നൂർജഹാനാണെങ്കിൽ ദിവസവും നാലഞ്ചു പ്രാവശ്യം 'ഫിറ്റാ'വുകയാണ്, കരഞ്ഞു കോലമായി.

ഞാൻ ചോദിച്ചു, കുട്ടിയെ ആരാകൊണ്ടുവന്നത്? അവി

നാശ് പറഞ്ഞു, ഞാൻ. ഇത്തിരി നിർത്തി പിന്നെയും പറഞ്ഞു, ഇപ്പോൾ തോന്നുന്നു, കൊണ്ടുവരേണ്ടായിരുന്നു. അവനെ നോക്കിക്കേ, പാവം പയ്യൻ. അവിനാശ് ഇതിനു മുമ്പൊരിക്കലും ഏതെങ്കിലും കുറ്റസമ്മതം നടത്തിയതായി എനിക്കറിയില്ല. ആശ്ചര്യപ്പെടുകതന്നെ വേണം.

ഞാൻ കുട്ടിയുടെ ചുമലിൽ കൈവച്ചു. അവൻ പേടിച്ചു ഞെട്ടിയതുപോലെ എന്നെ നോക്കി. ഞാൻ അവനോടു പറഞ്ഞു, മോനേ, പേടിക്കാനൊന്നുമില്ല. ഇവിടെ വാ, കട്ടിലിൽ കേറി ഇരിക്ക്, നിൻെറ പേരെന്താ?

കുട്ടി ഉണക്കസ്വരത്തിൽ പറഞ്ഞു. ശ്രീ ഇന്ദ്രജിത് സെൻ ഗുപ്ത, അച്ഛൻെറ പേര് ശ്രീ അജയ് ദാസ് ഗുപ്ത.

– നീ ഏതു ക്ലാസിലാണ് പഠിക്കുന്നത്?

– ക്ലാസ് സെവൻ.

– അമ്മയെ മനസ്സിലായില്ലേ?

– ഇത് അമ്മയല്ല. അമ്മ വീട്ടിലുണ്ട്.

– വീട്ടിൽ നിൻെറ രണ്ടാനമ്മയാണുള്ളത്. ശരി, അതും നിൻെറ അമ്മയാണ്, രണ്ടാനമ്മ. അല്ല, ആ അമ്മക്ക് നിന്നെ കാര്യമാണോ?

– അതെ.

– നിൻെറച്ഛൻ നിന്നെ സ്നേഹിക്കുന്നുണ്ടോ?

– ഉം

– നിൻെറ ഈ അമ്മയെ നിനക്കിഷ്ടമല്ലേ?

– അല്ല. എനിക്ക് വീട്ടിൽ പോകണം.

– വീട്ടിൽ പോകാമല്ലോ. പേടിക്കാനൊന്നുമില്ല. വീട്ടിൽ നിനക്കൊരമ്മയുണ്ട്. ഇതും നിൻെറ വേറെയൊരമ്മയാണ്. വളരെ കാലം കഴിഞ്ഞ് കാണുകയല്ലേ? അതാണ് തിരിച്ചറിയാത്തത്. നിൻെറ ഈ അമ്മ ഢാക്ക നഗരത്തിലാണ് താമസിക്കുന്നത്, വളരെ ദൂരെ. അവിടെ വലിയ കെട്ടിടങ്ങളും, ഒത്തിരി പലഹാരക്കടകളും ഉണ്ട്. അവിടെ പോയാൽ നിൻെറ ഈ അമ്മയുടെ കൂടെ സുഖമായി താമസിക്കാം. നിനക്ക് അവിടെ പോകണോ?

– വേണ്ട, എനിക്ക് വീട്ടിൽ പോണം.

– ഞങ്ങൾ നിന്നെ വീട്ടിൽ കൊണ്ടാക്കാം. ഞങ്ങളെ പേടിക്കേണ്ട കേട്ടോ!

ഈ അമ്മയെ നിനക്കിഷ്ടമല്ലേ? നോക്ക്, എത്ര കഷ്ട പ്പെടുന്നെന്ന്. അവൻ മിണ്ടാതെ നിന്നു. ഞാനവൻെറ ദേഹ ത്തിൽ കൈ ഓടിച്ചു കൊണ്ടു പറഞ്ഞു, നീ എന്തു ചെയ്യും? പിന്നെയും ബോധം കെട്ടല്ലോ, നിനക്കൊട്ടും ഈ അമ്മയെ ഓർമ്മയില്ലേ?

കരയുന്നതുപോലെ അവൻ പറഞ്ഞു, എന്നെ വീട്ടിൽ കൊണ്ടാക്കണേ.

ഞാൻ പറഞ്ഞു, പോകാം. ഉടനെ പോകാം. നിനക്ക് വിശക്കണുണ്ടോ?

– ഇല്ല.

ഞാനവിനാശിനോട് ഇംഗ്ലീഷിൽ പറഞ്ഞു, കുഴപ്പമെന്താ ണെന്നറിയാമോ, നൂർജഹാൻെറ മുഖത്ത് ഒരമ്മയുടെ ലക്ഷ ണമില്ല. അതുകാരണമാണവരെ ചെക്കൻ തിരിച്ചറിയാത്തത്. നോക്ക്, ഇവരെ ആരെങ്കിലും അമ്മയെന്നു വിചാരിക്കുമോ? ഈ ശരീരം പുരുഷന്മാർക്കുള്ളതാണ്, ശിശുവിനുള്ളതല്ല.

അവിനാശ് പറഞ്ഞു, പക്ഷേ കുട്ടിക്കുവേണ്ടിയുള്ള ഈ വേവലാതി അകൃത്രിമമാണ്. ഈ കരച്ചിലും പിഴിച്ചിലും. എനിക്ക് സഹിക്കുന്നില്ല.

– കുട്ടിയുടെ കാര്യവും നോക്കണമല്ലോ. അവൻ അമ്മ യെന്നിവരെ വിളിക്കില്ല. തന്നെയല്ല, രണ്ടാനമ്മമാരെപ്പറ്റി നാം എന്തു വിചാരിച്ചാലും ശരി, ഈ കുട്ടിക്ക് രണ്ടാനമ്മയെ യാണിഷ്ടം. പയ്യൻെറ മുഖത്തു നോക്കിയാലറിയാം അവൻ സ്നേഹം കിട്ടാത്തവനല്ല.

താഴത്തുനിന്നും ശേഖർ പറയുന്നതുകേട്ടു, കുറെ ദിവസം നൂർജഹാൻെറ കൂടെ താമസിച്ചാൽ എല്ലാം നേരെയാവും. അമ്മയെ ഇരുപതിരുപത്തഞ്ചു കൊല്ലം കഴിഞ്ഞു കണ്ടാലും ശരിക്ക് തിരിച്ചറിയാം.

അവിനാശ് ശകാരസ്വരത്തിൽ പറഞ്ഞു, ഇത് നാടക ത്തിലും നോവലുകളിലും പറയുന്ന വാക്കുകളാണ്. ഈ കുട്ടിക്ക് അമ്മയുടെ കുറവൊന്നുമില്ല. ഇവിടെ അവനെ താമ സിപ്പിക്കേണ്ട കാര്യമില്ല. തന്നെയല്ല, ഒരു കുട്ടിയെ മോഷ്ടി ച്ചുകൊണ്ടുവന്നൊളിച്ചുവക്കുക കുഴപ്പമുള്ള സംഗതിയാണ്.

നൂർജഹാന് ബോധം വീണു. വീണ ഒരു സ്പൂണിൽ മരുന്നൊഴിച്ച് ഏടത്തിക്ക് കൊടുത്തു. ഏടത്തി തുരുതുരെ

ശ്വാസം വിടുകയാണ്.

അബ്ദുൾ ഹലിം ചോദിച്ചു, ഇനി ഇപ്പോൾ എന്തു ചെയ്യണം?

അബ്ദുൾ ഹലിമിനോടെനിക്ക് ദയ തോന്നി. വിദേശിയായതു കാരണം അയാളുടെ കാലിനിവിടെ ഉറപ്പില്ല, നിസ്സഹായനെപ്പോലെ ചുറ്റും നോക്കുന്നു. ഈ നാടകത്തിൽ ഇയാളുടെ വേഷം മനസ്സിലാകുന്നില്ല. അയാളെ തോളിൽ വച്ചാശ്വസിപ്പിക്കാൻ തോന്നി.

അവിനാശ് പുരികം ചുളിച്ചുകൊണ്ടു ചോദിച്ചു. ഇവരെ നിങ്ങളെന്തിന് കൽക്കത്തയിൽ കൊണ്ടുവന്നു? അബ്ദുൾ ഹലിം പറഞ്ഞു, വേറെ മാർഗ്ഗമില്ലായിരുന്നു. വളരെ ബുദ്ധിമുട്ടായിരുന്നു ഇവിടെ കൊണ്ടുവരാൻ. അല്ലെങ്കിൽ അവർ മരിച്ചുപോയേനെ.

– കാര്യം ശരിയാണ്. ഇപ്പോൾ അറിഞ്ഞില്ലേ പ്രയാസമുള്ള സംഗതിയാണെന്ന്. കുട്ടിയെ ഏതായാലും കണ്ണിനു കണ്ടല്ലോ. ഇനി മടങ്ങുക.

– പക്ഷേ അവർ പറയുന്നു മടങ്ങുകയില്ലെന്ന്. മകനെ കിട്ടിയില്ലെങ്കിൽ ഇവിടെ താമസിക്കും.

ഞാൻ പറഞ്ഞു, അവർ മടങ്ങിപ്പോകണം. അവരിവിടെ താമസിക്കരുത്.

അവിനാശ് ആശ്ചര്യപ്പെട്ട് ചോദിച്ചു, നീ എന്തിനാ ഇങ്ങനെ പറയണത്?

ഞാൻ പറഞ്ഞു, ഞാൻ വിസ്തരിക്കുന്നില്ല. പക്ഷേ സാധന ഇവിടെ താമസിക്കുന്നത് ശരിയല്ല. ഒരിക്കൽ ഇവിടെ നിന്നോടിപ്പോയതാണ്. എന്തിന് മടങ്ങുന്നു? ഭോഗസുഖങ്ങളും പണവും പ്രതാപവും നോക്കി എല്ലാം വിട്ടുപോയതല്ലേ? ഇപ്പോൾ വന്നിരിക്കുന്നു മകനെ കൊണ്ടു പോകാൻ. ഒരു ജീവിതത്തിൽ എല്ലാം ലഭിക്കണമെന്നില്ലല്ലോ!

അബ്ദുൾ ഹലിം പെട്ടെന്ന് ചോദിച്ചു നിങ്ങളെന്നെ വെറുക്കുന്നുണ്ടല്ലോ? അന്നു തന്നെ എനിക്ക് തോന്നിയിരുന്നു.

– ഞാനൊരു സ്ത്രീയുടെ മൂന്നാം ഭർത്താവിനെ വെറുക്കുന്നു. പക്ഷേ അതു വല്യകാര്യമൊന്നുമല്ല. ഒരു ബോംബെക്കാരൻ കുടവയറനാണെങ്കിലും അതിനു മാറ്റം വരില്ല. നിങ്ങൾ ഇവരെയും കൊണ്ട് സ്ഥലം വിടുകയാണ് നന്ന്.

– എന്നെ വിശ്വസിക്കണം, ഞാൻ വാസ്തവത്തിൽ നൂർജഹാനെ പ്രേമിക്കുന്നു. അവൾ പോകുന്നില്ലെങ്കിൽ അവളെ ഇട്ടേച്ച് ഞാനെങ്ങനെയാണ് പോവുക? അവളുടെ ഈ അവസ്ഥ കണ്ട്... സത്യം, ഞാനവളെ പ്രേമിക്കുന്നു.

അവിനാശ് വെറുപ്പോടെ പറഞ്ഞു, പ്രേമം പോയി തുലയട്ടെ. ഇതൊരു നൂലാമാലയാണല്ലോ?

നൂർജഹാൻ പതുക്കെ ചോദിച്ചു, പോയോ? വീണാ, അവൻ പോയോ? ജിത്തു. അയ്യോ. ചത്തുപോയിരുന്നെങ്കിൽ അതായിരുന്നു ഭേദം.

ശേഖറിന്റെ മാറിൽ ചാരിയിരുന്ന് നൂർജഹാൻ കിതക്കുകയായിരുന്നു. ശേഖർ മെല്ലെ പറഞ്ഞു, വീണാ, എന്നെ പിടിച്ചോ, തലകറങ്ങുന്നു.

ഞാൻ പയ്യന്റെ ചുമലിൽ കൈവച്ചു പറഞ്ഞു, കുട്ടി, ഇന്ദ്രജിത് മിടുക്കനല്ലേ, നീ ഒരു പ്രാവശ്യം അവരുടെ അടുത്ത് ചെല്ല്. നിന്റെ ആരുമല്ലെന്നു തന്നെ വിചാരിച്ചോ.

ഞാൻ കണ്ണുകൊണ്ട് ശേഖറിനേ സൂചിപ്പിച്ചു, നൂർജഹാന്റെ സാരി ശരിയാക്കി കൊടുക്കാൻ. സാരി തുടവരെ കേറിയിരിക്കുന്നു.

കുട്ടിയിതൊന്നും കാണാതിരിക്കുകയാണ് നല്ലത്. പയ്യൻ പഴയതുപോലെ പേടിച്ചു വിറച്ചു നില്ക്കുകയാണ്. അവിനാശ് അവനോട് പറഞ്ഞു, വാ, എന്റെ കൂടെ വാ, അമ്മയുടെ അടുത്ത് ഇരി–

കൈ പിടിച്ച് കുട്ടിയെ കട്ടിലിൽ നിന്ന് അവിനാശ് ഇറക്കിയതും നൂർജഹാൻ അവന്റെമേൽ മറിഞ്ഞുവീണ് വീർപ്പുമുട്ടുന്നതുപോലെ പുലമ്പാൻ തുടങ്ങി. ജിത്തു, ജിത്തു, ഉം, ഹാരോ, നിൻറച്ഛൻ നിന്നെ തല്ലാറുണ്ടോ? ഓ, ഉം, നീ എന്റെ കൂടെ വരില്ലേ? എന്റെ തങ്കമേ, ഞാൻ നിനക്കായി വലിയ വീടുണ്ടാക്കി വച്ചിട്ടുണ്ടവിടെ, ഓ, എന്തൊരു നെഞ്ചുവേദന, ഇനി ഏറെ നാൾ ജീവിക്കില്ല.

ഇപ്രാവശ്യം കുട്ടി ശരിക്കും വാവിട്ട് കരഞ്ഞു. മുറി മുഴുവൻ സ്തബ്ധമായതുപോലെ. ഞങ്ങളെല്ലാവരും ഒന്നിച്ച് ഒരു പക്ഷേ വിചാരിച്ചിരുന്നിരിക്കണം, മകൻ അമ്മയെ തിരിച്ചറിഞ്ഞുവോ? മാതൃഗർഭത്തിൽനിന്നടർന്നുവീണപ്പോൾ കരഞ്ഞതുപോലെ അമ്മയെ വീണ്ടു കിട്ടിയ കരച്ചിലാണിത്. കണ്ണിൽ

വെള്ളം വരുമെന്നായി.

അവിനാശിനെ കെട്ടിപ്പിടിച്ച് ചെക്കൻ മുറവിളികൂട്ടി. എന്നെ വീട്ടിൽ കൊണ്ടു വിടൂ, വീട്ടിൽ പോണമെനിക്ക്.

അവിനാശ് പറഞ്ഞു, എന്താ ഇത്ര നിലവിളിക്കാൻ. നീ സത്യത്തിൽ ഇവിടെ നിൽക്കൂലാ അല്ലേ?

– ഇല്ല.

– ശരി, വാ, നിൻെറ വീട്ടിലേക്ക് പോകാം.

മുട്ടുകുത്തി നൂർജഹാൻ കുട്ടിയെ കടന്നു പിടിച്ചുകൊണ്ട് നിലവിളിച്ചു, ഇല്ല, ഇല്ല, പോകല്ലേ, പോകല്ലേ.

മൃദുവായ സ്വരത്തിൽ അവിനാശ് പറഞ്ഞു, നൂർജഹാൻ, ഒരു നോക്ക് കണ്ടില്ലേ മകനെ. ഇനി അവൻ പോകട്ടെ.

– വേണ്ട, വേണ്ട, ഞാൻ വിടൂല്ല.

അവിനാശ് ബലപൂർവ്വം അവരുടെ കൈ പിടിച്ചു മാറ്റി ക്കൊണ്ട് പറഞ്ഞു, വാ, കുട്ടി, ശേഖർ പൊടുന്നനെ പറഞ്ഞു, വേണ്ട, ഇത്തിരി നേരം കൂടി നിന്നോട്ടെ.

അവിനാശ് പറഞ്ഞു, എന്താണീ പറയണത്. മൂന്നു മണി ക്കൂറായി ഈ കുട്ടി ഇവിടെ വന്നിട്ട്. അവനൊരാഹാരവും തൊട്ടു നോക്കിയില്ല. വീണ്ടും വീണ്ടും പറയുന്നു വീട്ടിൽ പോകണമെന്ന്. അവൻെറ അമ്മ നൂർജഹാനല്ല, അമ്മ വീട്ടി ലാണ്.

– ഞാനാണ് പറയുന്നത് അവൻ ഇവിടെ നില്ക്കുമെന്ന്. നൂർജഹാൻെറ അവസ്ഥ കാണുന്നുണ്ടോ?

പയ്യൻ അവിനാശിനെ കെട്ടിപ്പിടിച്ചിരിക്കുകയാണ്. ശേഖർ അവനെ പിടിച്ചു വലിച്ചു. അവിനാശിൻെറ മുഖത്തിൽ കാഠിന്യം കാണപ്പെട്ടു. അവൻ പറഞ്ഞു, ഭ്രാന്ത് കാണിക്ക രുത്. കുട്ടിയെ ഞാനാണ് കൊണ്ടുവന്നത്, അവനെ ഞാൻ വീട്ടിൽ കൊണ്ടാക്കും. വിട്.

ശേഖറും നൂർജഹാനും കുട്ടിയുടെ കയ്യിൽ പിടിച്ചു. ശക്തി യായി അവരെ തട്ടി മാറ്റി അവിനാശ് പറഞ്ഞു, സുനിൽ, അവരെ പിടിച്ചോ. ഞാൻ ക്ഷിപ്രഗതിയിൽ അവരുടെ മുൻപിൽ ചെന്നുനിന്നു ശാന്തമായ സ്വരത്തിൽ അബ്ദുൾ ഹലിമിനോടു പറഞ്ഞു. ഇക്കാര്യത്തിൽ നിങ്ങൾ ഇടപെടരുത്. ഒരു മൂഢ നെപ്പോലെ എന്നെ നോക്കി അയാൾ പറഞ്ഞു, ഇല്ല, ഇക്കാ ര്യത്തിൽ എനിക്ക് ഒന്നും ചെയ്യാനില്ല. നൂർജഹാൻ അലറി,

അബ്ദുൾ, അവനെ പിടി. ജിത്തുവിനെ വിടരുത്.

നൂർജഹാൻെറ പിടിയിൽ നിന്ന് കുട്ടിയെ ഞാൻ വിടർത്തി എടുത്തതും അവിനാശ് അവനെ തോളിലെടുത്തതും ഒരു മിച്ചായിരുന്നു. അവൻ വാതിലിലൂടെ ഓടി മറഞ്ഞു. വാതിൽ വരെ ഓടിച്ചെന്ന് നൂർജഹാൻ നിലം പതിച്ചു. അവിനാശിൻെറ തളളേറ്റു വീണിടത്ത് ശേഖർ കുത്തിയിരുന്നു.

ഞാൻ തിരിച്ചു വന്ന് കസേരയിൽ ഇരുന്ന് അബ്ദുൾ ഹലിമിനോട് ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ പറഞ്ഞു, കൈയിൽ സിഗററ്റുണ്ടോ? എൻെറതു തീർന്നുപോയി.

മിണ്ടാതിരുന്ന് സിഗററ്റു വലിക്കുകയായിരുന്നു ഞാൻ. വീണ വന്ന് നിലത്ത് വീണുകിടക്കുന്ന ഏടത്തിയുടെ അരികിൽ ഇരുന്നു. വീണ ഇന്നു പ്രത്യേകിച്ച് വർത്തമാനമേ പറഞ്ഞിട്ടില്ല.

അവിനാശ് പോയിട്ട് പത്തു മിനിട്ടേ ആയിട്ടുളളൂ. ബൂട്ടിൻെറ കനത്ത ശബ്ദം കൊണ്ട് വീടു നിറഞ്ഞു. താഴത്തെ നിലയിൽ കോലാഹലം. തുറന്ന വാതിലിൽകൂടി പോലീസുകാർ മുറിയിലേക്ക് കടന്നു.

പോലീസുകാരുടെ കൂടെവന്ന ഒരു മെലിഞ്ഞ മനുഷ്യൻ നൂർജഹാനെ ചൂണ്ടിക്കാട്ടികൊണ്ടുപറഞ്ഞു, ഇതാണാ പെണ്ണുംപിളള, ഇതാ ഇവിടെ.

വിസ്മയത്തോടെ നൂർജഹാൻ അയാളെ നോക്കി. ആ നോട്ടത്തിൽ നിന്നെനിക്കു മനസ്സിലായി, ഇതാണ് അജയ്.

മുറിക്കുളളിൽ റിവാൾവർ കയ്യിൽ പിടിച്ച രണ്ടിൻസ്പെക്ടറന്മാർ. പുറത്തു കുറെ പോലീസുകാർ. ആ ഡഗ്ളസ് മീശക്കാരനെ ഞാൻ കണ്ടിട്ടുണ്ട്. സരസ്വതി സന്യാലേട്ടൻ എന്നു വിളിച്ചിരുന്നു. ഞാൻ ചിരിച്ചുകൊണ്ടയാളെനോക്കി. പക്ഷേ എന്നെ അറിയുന്ന ഒരു ലക്ഷണവും ആ മുഖത്തില്ല. കർക്കശമായ സ്വരത്തിൽ എല്ലാവരോടുമായി അയാൾ ചോദിച്ചു, കുട്ടിയെവിടെ?

ആരും ഒന്നും പറഞ്ഞില്ല. ഭ്രാന്തിയെപ്പോലെ കുലുങ്ങി ചിരിച്ചുകൊണ്ട് നൂർജഹാൻ പറഞ്ഞു, എവിടെ കുട്ടി? ആർക്കും കുട്ടിയെ കിട്ടുകില്ല.

വീണയും പറഞ്ഞു, എനിക്ക് കുട്ടിയൊന്നുമില്ല. ഉടനെ ഒരിൻസ്പെക്ടർ അവളെ ശാസിച്ചു. കൂടെ വന്നയാൾ വിളിച്ചു,

ജിത്തു, പുറത്തിറങ്ങി വാ.

ഇൻസ്പെക്ടർ സന്യാൽ പൊടുന്നനെ അബ്ദുൾഹലി മിൻെറ കോളർ കടന്നു പിടിച്ചുകൊണ്ട് അലറി, കുട്ടിയെ വിടെ? പുറത്തു വരുത്തിക്കോ.

ഒരു കൂസലുമില്ലാതെ ഇൻസ്പെക്ടറുടെ കയ്യിൽ കടന്നു പിടിച്ചുകൊണ്ട് അബ്ദുൾഹലിം ദൃഢസ്വരത്തിൽ പറഞ്ഞു, മേലിൽ തൊടരുത്. വേണമെങ്കിൽ സ്റ്റേഷനിൽ പോകാം. അവിടെ പറയാനുള്ളതുപറയാം.

അടുക്കള മുതൽ എല്ലാ സ്ഥലത്തും പോലീസ് കയറി ഇറങ്ങി. അതിനുശേഷം ഇൻസ്പെക്ടർ ഞങ്ങളുടെ നേരെ നോക്കി പറഞ്ഞു, അഞ്ചു മിനിട്ടു സമയം തരുന്നു എല്ലാ വരും സ്റ്റേഷൻവരെ വരണം. വലയിട്ട ജനാലയുള്ള കറുത്ത വണ്ടിയിൽ ഞങ്ങളെ ജോഡാബാഗാൻ സ്റ്റേഷനിൽ കൊണ്ടു പോയി. ചെറിയ മഴയുണ്ട്. വീണയുടെ തോളിൽ കൈവ ച്ചാണ് ശേഖർ വണ്ടിയിൽ നിന്നിറങ്ങിയത്. ഇപ്പോഴും അവന് തലചുറ്റലുണ്ട്. നൂർജഹാനെ പിടിച്ചുകൊണ്ടാണ് അബ്ദുൾ ഹലിം ഇറങ്ങിയത്. ആദ്യമേ ഞങ്ങളെ വലിയ ഏമാൻെറ മുമ്പിൽ ഒരു ബെഞ്ചിൽ ഇരുത്തി. ഏമാൻ പറഞ്ഞു, നിങ്ങൾ പരസ്പരം സംസാരിക്കരുത്.

എന്നിട്ടും ശേഖർ പറഞ്ഞു, ഞങ്ങൾക്കെതിരായി പരാതി എന്താണെന്ന് ദയവുചെയ്ത് പറഞ്ഞാലും.

ഏമാൻ കണ്ണുയർത്തി ശേഖറിനെ ഒന്നു നോക്കി. വീണ്ടും ഫയലിലും ഡയറിബുക്കിലും മുങ്ങി. ഞങ്ങൾ മിണ്ടാതവിടെ ഇരുന്നു. സിഗററ്റു വലിപാടില്ലെന്നു കരുതി സിഗററ്റും കൊളു ത്തിയില്ല.

ആളുകളുടെ പോക്കു വരവ് നോക്കി ഞാനിരുന്നു. പല കാര്യങ്ങളും പറഞ്ഞ് പോലീസുകാരും ചിരിക്കുന്നുണ്ട്. ഒരു തടവുപുള്ളി വെളുപ്പാംകാലത്ത് 'രാംധുൻ' പാടി സകല രെയും ഉണർത്താറുണ്ടെന്നും പറഞ്ഞ് രണ്ടു പോലീസുദ്യോ ഗസ്ഥന്മാർ ചിരിക്കുന്നുണ്ടായിരുന്നു. എനിക്കും ചിരി വന്നു. പക്ഷേ, പോലീസുകാർ തമാശ പറഞ്ഞാൽ കുറ്റവാളികൾ ചിരിച്ചു കൂടല്ലോ. ഒരാൾ ഏമാനോടു ചോദിച്ചു, സാർ, ഇവ ർക്ക് രാത്രി ആഹാരത്തിനേർപ്പാടു ചെയ്യണോ? ഏമാൻ ഞങ്ങളെ നോക്കി ആദ്യം പറഞ്ഞു, ഓ, ക്ഷണിച്ചിരിക്കുക

യല്ലേ, പിന്നെ പറഞ്ഞു, ഇപ്പോഴും ലാൽ ബാജാർ ഹെഡ്ക്വാർട്ടേർസിൽ നിന്നു ഡിറെക്ഷൻ വന്നിട്ടില്ല.

രണ്ടു മൂന്നു ടെലിഫോണിൻെറ രണ്ടു മൂന്നു തരത്തിലുള്ള ശബ്ദം കേട്ട് ഉറക്കം തൂങ്ങുന്ന മട്ടിലായി. കുറെ കഴിഞ്ഞ് വണ്ടിയിൽ കയറ്റി ഞങ്ങളെ ലാൽബജാറിലേക്ക് കൊണ്ടുപോയി. ഗേറ്റിൽകൂടി വണ്ടി ഉള്ളിൽ കയറിയ ഉടനെ നിന്നു. ഞാൻ ഇതിനുമുമ്പ് ഒന്നു രണ്ടു തവണ പോലീസ് സ്റ്റേഷനിൽ പോയിട്ടുണ്ട്. ലാൽ ബജാറിൽ ഇതാദ്യമാണ്. ഞാൻ വിചാരിച്ചിരുന്നത് ഗേറ്റിൽകൂടെ ഉള്ളിൽ കടന്നാൽ കുറെ പോണം ലോക്കപ്പിലേക്ക് എന്നാണ്. പക്ഷേ ലോക്കപ്പിലേക്കല്ല, ഒരു കെട്ടിടത്തിൻെറ ഒന്നാം നിലയിലുള്ള ഒരു സാധാരണ മുറിയിലേക്കാണ് ഞങ്ങളെ കൊണ്ടുപോയത്. പിന്നെ അവിടെ കുറെ നേരം കുത്തിയിരുന്നു. സിഗററ്റും തീർന്നു.

ആദ്യം തെല്ലുസമയം ആരും ഒന്നും മിണ്ടിയില്ല. പിന്നെ ശേഖർ പറഞ്ഞു, മോശമില്ലല്ലോ ഈ സ്ഥലം. ശരീരത്തിനും സുഖം തോന്നുന്നു, ഇവിടെ നല്ല കാറ്റ്, സുനിൽ, എടോ നമ്മെ ജയിലിലാക്കുമോ?

– ആർക്കറിയാം!

– ഒരു ദിവസമെങ്കിലും ജയിലിൽ പോയാൽ മതി, ജോലി പോകും. നിനക്കാ പേടിയില്ല, ഏടത്തിയുടെ ഭർത്താവിൻെറ ആഫീസാണല്ലോ.

ഞാൻ ചിരിച്ചു, ആർക്കെങ്കിലും ജയിൽ ശിക്ഷകിട്ടുകയാണെങ്കിൽ അത് വീണക്കായിരിക്കും.

– എന്താ വീണക്കുമാത്രം? അവളെന്തു കുറ്റം ചെയ്തു?

– അവൾ കുറ്റമെന്നും ചെയ്തിട്ടില്ലാത്തതുകൊണ്ടുതന്നെ. ഒരാൾ കുറ്റം ചെയ്താൽ വേറൊരാൾ ശിക്ഷിക്കപ്പെടുമെന്നാണ് ലോകനിയമം.

– പക്ഷേ കുറ്റമെന്താണ്?

– ആർക്കറിയാം?

– അവിനാശ് ഭാഗ്യത്തിനാ കുട്ടിയെ കൊണ്ടുപോയി.

– അതെന്തെങ്കിലുമാകട്ടെ, മൂന്നു നാലു വർഷം ജയിൽ ശിക്ഷ വീണക്ക് കിട്ടും

വീണ ശ്രമിച്ചുനോക്കിയിട്ടും ചിരിവന്നില്ല. അബ്ദുൾ ഹലിമിനെ നോക്കി ശേഖർ പറഞ്ഞു, ഇവിടെ വന്ന് വെറുതെ

ഈ കുഴപ്പത്തിൽ പെട്ടു. ഢാക്കയിൽ സുഖമായി കഴിയാമായിരുന്നു.

അബ്ദുൾ പ്രയാസപ്പെട്ട് മുഖത്ത് ചിരിവരുത്തി പറഞ്ഞു, പക്ഷേ എൻെറ, എന്നുവച്ചാൽ ഭാര്യ, എന്നുവച്ചാൽ ഇയാളുടെ കാര്യം. എനിക്കും ഉണ്ട് ഉത്തരവാദിത്തം. നിങ്ങളെല്ലാവരുമാണ് ഒരു കുറ്റവും ചെയ്യാതെ ബുദ്ധിമുട്ടുന്നത്. ഇപ്പോൾ എന്തു സംഭവിക്കും?

ശേഖർ പറഞ്ഞു, ഞങ്ങൾക്കെന്തു ബുദ്ധിമുട്ട്? ജയിലിലൊരു കുഴപ്പവുമില്ല, അല്ലേ സുനിൽ.

ഞാൻ പറഞ്ഞു, നീ എന്തു പറഞ്ഞാലും ശരി, എനിക്ക് അല്പം പേടി തോന്നുന്നു, സത്യം. മാനാപമാനത്തിൻെറ കാര്യമാണല്ലോ. നൂർജഹാൻ നിശ്ചലയായി അബ്ദുൾ ഹലിമിനോടുരുമ്മി ഇരിക്കുകയാണ്. ഒരു പ്രാവശ്യം അബ്ദുളിൻെറ കാതിൽ എന്തോ മന്ത്രിച്ചു. അബ്ദുൾ സ്വല്പം സംശയിച്ചെന്നപോലെ ശേഖറിൻെറ ചെവിയിലും ശേഖർ എഴുന്നേറ്റ് കാവൽക്കാരനോടും എന്തോ പറഞ്ഞു. അയാൾ ഉറക്കെ മറുപടി പറഞ്ഞു, അവിടെ കുത്തിയിരിക്ക്. ഇവിടെ പെണ്ണുങ്ങൾക്ക് ബാത്റൂം ഇല്ല.

ആണുങ്ങളുടെയും പെണ്ണുങ്ങളുടെയും ബാത്റൂം വെവ്വേറെയാണെന്നറിയാം. പക്ഷേ ഉള്ളിലെന്താണ് വ്യത്യാസം? സ്ത്രീകളുടെ ബാത്റൂമിനുള്ളിൽ ഞാൻ പോയിട്ടില്ല.

പിന്നെ കോറിഡോറിൽ ഇരുമ്പാണി തറച്ച ബൂട്ടിൻെറതു പോലുള്ള ശബ്ദം. ഒരു ജമേദാർ ഉള്ളിൽ വന്നു. സുനിൽ ഗാംഗുലി ആരുടെ പേരാണ്? അയാൾ ചോദിച്ചു. ആയിയേ ഹാമാരെ സാഥ്.

ഞാൻ ആശ്ചര്യപ്പെട്ടു. ആദ്യം തന്നെ എൻെറ പേരോ? കാര്യമെന്താണ്? ഞാൻ പുറത്തുവന്നു. ജമേദാർ എൻെറ ഒരു കൈ പിടിച്ചപ്പോൾ ഞാൻ പറഞ്ഞു, കൈ വിടൂന്നേ. പക്ഷേ അയാൾ വിട്ടില്ല.

കോണി കയറി രണ്ടാംനിലയിലെത്തി ഓരോന്നായി മുറികൾ കടന്ന് അവസാനം ഒരിടത്തെത്തി. മുറിയിൽ ഇരിക്കുന്ന ആളെകണ്ടപ്പോൾ ഞാൻ ഞെട്ടിയത് ശരിയായില്ല. നേരത്തെ അറിയേണ്ടതായിരുന്നു. യമുനയുടെ അച്ഛൻ ജഗദീശ് റായ് എന്നോട് ഇരിക്കാൻ ആംഗ്യം കാണിച്ചു. എന്നിട്ടു പറഞ്ഞു,

– നീ ഇന്നലെ ചണ്ടിയുടെ കടയിൽ പോയിരുന്നോ?

– ങ്ും.

– അവിടെ ശേഖറുണ്ടായിരുന്നോ?

– ഇല്ല.

– വാ, ഇറങ്ങാം, ശേഖറിന്റെ കാര്യമൊന്നന്വേഷിക്കണം. അവിനാശിനോ പരീക്ഷിത്തിനോ ഒരുപക്ഷെ വിവരം അറിയാമായിരിക്കും.

– അവിനാശും പരീക്ഷിത്തും ഇന്നലെ എന്റെകൂടെ ചണ്ടിയുടെ കടയിലുണ്ടായിരുന്നു. ഇന്നലെ അവർ ശേഖറിനെക്കാണാൻ ഇടയില്ല.

– ങാ, ഏതായാലും ഇറങ്ങാം. ഇതൊരുവയ്യാവേലിയായല്ലോ!

– ഇറങ്ങി എങ്ങോട്ടുപോവാനാണ്?

– ആർക്കറിയാം! ഏതായാലും പോയി വൈക്കോൽ കൂനയിൽ സൂചി തിരയാം.

സുവിമൽ പെട്ടെന്ന് എന്റെ മുറിയിലുള്ള മറ്റു രണ്ടു മേശയിലേക്കും കണ്ണുപായിച്ചുകൊണ്ട് പതുക്കെ പറഞ്ഞു, ശേഖറിനെ അന്വേഷിക്കുന്നതിനുമുൻപ് പോയി അൽപം ബിയർ കഴിക്കാം. തലതണുത്തിരുന്നാൽ ഈ അന്വേഷണവും കുന്വേഷണവും ഒന്നും ശരിയാവില്ല. എവിടെയൊക്കെ പോകേണ്ടിവരുമെന്ന് നിനക്കാറിയാമോ?

ഞാൻ ഇതിനകം ഡ്രോയർ പൂട്ടി കസേരവിട്ട് എഴുന്നേറ്റു കഴിഞ്ഞിരുന്നു. ഞാൻ പറഞ്ഞു, ഈ മഴദിവസം ബിയറോ? നിനക്കു തലക്കു വട്ടാണോ?

സുവിമൽ മുഖമാകെ ചിരിപരത്തിക്കൊണ്ട് പറഞ്ഞു, നീ പറഞ്ഞത് ശരിയാണ്. ഈ വാക്കുകൾ കേൾക്കാനല്ലേ ഞാനിരുന്നത്. ഈ മഴദിവസം മാന്യൻമാർ വല്ലവരും ബിയർക്കഴിക്കുമോ?

ഇത് ശരിക്കും വിസ്ക്കിയുടെ കാലമാണ്.

– ആരുടെ ചെലവിൽ ?

– *ഗൗരീസെന്നിന്റെ ചെലവിൽ.

– ഇന്ന് ആരായിരിക്കും ഗൗരീസെൻ?

---

* കൈയിൽ കാശുള്ളവൻ എന്നർത്ഥം.

ഇരിക്ക്.

പിന്നെ മിണ്ടാട്ടമില്ല. തടിച്ച ഫയൽ നോക്കുകയാണ്. മുമ്പിൽ ഒരാളിരുന്നെന്തോ എഴുതുന്നു. ജമേദാർ അപ്പോഴും പിന്നിൽ നിൽക്കുന്നുണ്ട്. മുഖമുയർത്താതെ തന്നെ ജഗദീശ് റായ് പറഞ്ഞു. ഫോറിനേർസ് എൻട്രി ഫയൽ താ. ജമേദാർ പുറത്തോട്ടു പോയി ഫയലുമായി തിരിച്ചുവന്നപ്പോൾ അദ്ദേഹം പറഞ്ഞു, നീ പുറത്തുപോയി നിൽക്ക്.

അപ്പോൾ രാത്രി പതിനൊന്നര. ഇന്നു രാത്രി വീട്ടിൽ എത്താൻ പറ്റുമോ? ഒരു ഫോൺ ചെയ്താൽ കൊള്ളാം. ഞാൻ സങ്കോചത്തോടെ ചോദിച്ചു. ഇവിടന്ന് ഒരു ഫോൺ ചെയ്യാമോ? വീട്ടിൽ വിവരം അറിയിക്കാനാണ്.

ജഗദീശ് മുഖമുയർത്തി എന്നെ നോക്കി, പക്ഷേ ഒന്നും മിണ്ടിയില്ല. മേശയുടെ അങ്ങേവശമിരുന്നെഴുതുന്ന ആൾ ആശ്ചര്യപൂർവം തല ഉയർത്തി എന്നെ ഒരുനോട്ടം നോക്കി, പിന്നെയും തലകുനിച്ചെഴുതുവാൻ തുടങ്ങി. ചോദിച്ചാൽ മറുപടി ഇല്ല. ഇതു പോലീസുകാരുടെ സ്വഭാവമാണ്.

സ്വല്പനേരം കഴിഞ്ഞ് വേറൊരാൾ വന്നു പറഞ്ഞു, എല്ലാം ശരിയാണ് സാർ. ജഗദീശ് റായ് അയാളുടെ കൈയിൽ നിന്ന് ഫയൽ മേടിച്ച് വായിക്കാൻ തുടങ്ങി. എന്നെ നെർവസ് ആക്കാനുള്ള ശ്രമമാണ്. പക്ഷേ ഇത്രമാത്രം തയ്യാറെടുപ്പിന് ഞാനെന്തുചെയ്തു? ശരി, നിങ്ങൾ വരിക, ജഗദീശ്റായ് വന്നയാളോട് പറഞ്ഞു, നിങ്ങൾ പോകുമ്പോൾ വാതിലടച്ചേക്കു, എഴുതിക്കൊണ്ടിരുന്ന ആൾ പേന പോക്കറ്റിലാക്കി എഴുന്നേറ്റുപോയി.

മുറിയിൽ ഞങ്ങൾ മാത്രമായി. ജഗദീശ് റായിയുടെ മുഖത്ത് വ്യക്തിത്വമുണ്ട്, ഇവരെ നിരത്തിലോ പാർക്കിലോ കണ്ടാൽ ഒന്നും തോന്നുകയില്ല. പക്ഷേ മേശക്കങ്ങേപ്പുറത്തിരിക്കുകയാണെങ്കിൽ പേടി തോന്നും.

ഒരു വാക്കുപോലും പറയാതെ അദ്ദേഹം മുറിയിൽ ഉലാത്തുവാൻ തുടങ്ങി. എന്റെ അടുത്തെത്തി നിൽപായി. ഞാൻ തലയുയർത്തി നോക്കിയപ്പോൾ ഇടിവെട്ടുന്നതുപോലെ ചോദിച്ചു, അവിടെ നീ എന്തു ചെയ്യുകയായിരുന്നു?

ഇത്തിരി ഭയത്തോടെ ഞാൻ പറഞ്ഞു, മുഴുവൻ സംഭവം പറയാം, തുടക്കംമുതൽ.

– എനിക്കൊരു സംഭവവുമറിയണ്ട. അവിടെ നീ എന്തു ചെയ്യുകയായിരുന്നു?

– എല്ലാം പറയാം. എന്നുവച്ചാൽ ഞാൻ....

– ചോദിച്ചതിന് മറുപടി താ. ആ വൃത്തികെട്ട സ്ഥലത്ത് നീ എന്തിന് പോയി? അതോ, കൂടെക്കൂടെ പോവാറുണ്ടോ?

– കേൾക്കൂ, ഞാൻ...

വീണ്ടും ഉറക്കെ അദ്ദേഹം ചോദിച്ചു, ഒറ്റവാക്കിൽ ഉത്തരം തരണം. ഈ മോശം സ്ഥലത്ത് നിന്റെ സാന്നിദ്ധ്യം?

ആരുടെയും ശകാരം കേട്ടു ശീലമില്ല. തന്നെയല്ല, അതെനിക്ക് അലർജിയാണ്. ശകാരം കേട്ടാൽ ഞാൻ ഉത്തേജിതനാവും. ഞാൻ ദൃഢസ്വരത്തിൽ പറഞ്ഞു. ഒരു സ്ഥലവും വൃത്തികെട്ടതല്ല.

പല്ലിറുമ്മികൊണ്ട് ജഗദീശ്റായ് പറഞ്ഞു. റാസ്ക്കൾ, നിന്നെ ഞാൻ ജയിലിലയയ്ക്കും. അതും പറഞ്ഞ് അദ്ദേഹം ഭയങ്കര ശക്തിയോടെ എന്റെ മുഖത്തൊരടി തന്നു. അടികൊണ്ട് മുഖത്തിന് കോട്ടം വന്നുകാണണം. ഞാൻ കസേരയിൽനിന്നെണീറ്റ് പറഞ്ഞു, ഇതെന്ത്? ഒരുകാരണവുമില്ലാതെ എന്നെ നിങ്ങൾ തല്ലിയോ?

– ഒരു ദോഷവുമില്ലാതെ? ഇപ്പോഴും 'ഭക്' 'ഭക്' എന്ന് വായിൽനിന്ന് മണം വരുന്നുണ്ട്. എല്ലാ ഗുണവുമുണ്ട്.

ഇതുകേട്ട് ചിരിവന്നു. കുറെ നാളായി ഒരു തുള്ളി മദ്യം പോലും ഞാൻ കഴിച്ചിട്ടില്ല. എന്നിട്ടും ഇദ്ദേഹത്തിന് മണം കിട്ടി. ഇതാണ് വിധി. മുഖം വേദനിക്കുന്നുണ്ടെങ്കിലും ഞാൻ പറഞ്ഞു, നിങ്ങൾക്ക് തെറ്റു പറ്റിയിരിക്കുന്നു.

– ഡർട്ടി സ്വയിൻ, സെകൗണ്ട്രൽ, നീ എന്റെ വീട്ടിൽ പോലും കയറിയവനാണ്. നിന്റൊരെന്റെരു ധൈര്യം! മേശപ്പുറത്തുനിന്ന് ഒരു റൂളെടുത്തദ്ദേഹം എന്നെ അടിക്കാൻ വന്നു. അവിശ്വസനീയമായ ഈ സംഭവവികാസം എന്നെ തളർത്തി. അദ്ദേഹം എന്റെ കോളറിൽ കയറിപ്പിടിച്ച് 'പതോ പതോ' എന്ന് എന്നെ അടിക്കാൻ തുടങ്ങി.

വേദനയും ദേഷ്യവുംകൊണ്ട് ഞാൻ കൺമുമ്പിൽ ഇരുട്ടുകണ്ടു. ഞാൻ റൂൾ കടന്നു പിടിക്കാൻ നോക്കി, പറ്റിയില്ല. മേശയുടെ മറുവശത്തേക്ക് പാഞ്ഞ് പൊടുന്നനെ കനംകൂടിയ ഒരു പേപ്പർ വെയ്റ്റ് ഞാൻ കൈയിലെടുത്തു. ഞാൻ

നിർത്തി നിർത്തി പറഞ്ഞു, കൊന്നുകളയും. ഇനി അടിച്ചാൽ കൊല്ലും ഞാൻ. ഞാൻ കിഴക്കൻ ബംഗാളിയാണ്, തന്നെ കൊന്ന് ഞാൻ തൂക്കുമരത്തിൽ കേറും.

കണ്ണിൽ കണ്ണുറപ്പിച്ച് ഞങ്ങൾ പരസ്പരം നോക്കി നിന്നു. ജഗദീശ്റായിയുടെ മുഖത്ത് നേരിയ ഒരു ദുഃഖത്തിന്റെ അടയാളം. അയാൾ മുന്നോട്ടു വന്നാൽ ഞാൻ പേപ്പർ വെയ്റ്റുകൊണ്ട് അയാളുടെ നെറ്റി തകർക്കും. ഇടറിയ തൊണ്ടയിൽനിന്നും അയാളുടെ വാക്കുകൾ ഇറങ്ങിവന്നു, നീ എന്റെ കുടുംബത്തെ നശിപ്പിക്കാൻ നോക്കിയവനാണ്. നിന്റൊരു ധൈര്യം!

– ഞാനാരെയാണ് നശിപ്പിച്ചത്? ഞാൻ ജീവിക്കുവാൻ ശ്രമിക്കുകയല്ലാതെ എന്തുചെയ്തു?

ഞാനയാളുടെ മുഖത്ത് ദൃഷ്ടിതറച്ചു. അയാളുടെ നെറ്റിയിൽ രണ്ടു സിരകൾ തെളിഞ്ഞിരിക്കുന്നു. മുഖത്ത് ക്രോധവും നിരാശയും. യമുനയുടെ അമ്മയുടെ അസുഖം കൂടിയിരിക്കുമോ? ഇത്ര സമയം ലാൽ ബജാറിൽ തങ്ങാൻ കാരണമതായിരിക്കും.

– നീ എന്റെ മകളെ അപമാനിക്കാൻ ശ്രമിച്ചു. ഹോ. എന്തെല്ലാം ഞാൻ ആശിച്ചിരുന്നു. അതിനുപകരം നീ ഗുണ്ടകളുടെയും വേശ്യകളുടെയും സ്പൈകളുടെയും കൂടെ കൂട്ടുപിടിച്ച് നശിക്കുകയായിരുന്നു. എന്റെ മോളുടെ മണ്ടത്തം സൗകര്യപ്പെടുത്തി-

– ഞാൻ നിങ്ങളുടെ മകളെ എന്തുചെയ്തു?

– നീ യമുനയെ നശിപ്പിക്കാൻ നോക്കുകയായിരുന്നു.

– നുണ, പച്ചനുണ.

– പൂ പോലൊരു പെൺകുട്ടി, നീ ഭയങ്കരനാണ്. അവളെ–

– നുണ. ഞാൻ മുറവിളികൂട്ടി. ശ്വാസംമുട്ടി, എന്നാലും തോൽക്കരുത്, ജീവിതത്തിലൊരിക്കലെങ്കിലും മുഴുവൻ ശരീരവും പ്രയോഗിച്ചേതിർക്കണം.

– സരസ്വതി പറഞ്ഞത് സത്യമാണെങ്കിൽ നിന്റെ ജീവിതം മുഴുവൻ ഞാൻ ജയിലിൽ കിടത്തും നിന്നെ.

സരസ്വതിയുടെ പേരു കേട്ട് ഞാൻ സ്തംഭിച്ചുപോയി. മറന്നുപോയിരുന്ന ആ പേര് കേട്ട് ശരീരം അവശമായി. പേപ്പർ വെയ്റ്റ്വച്ചിട്ട് ഞാൻ പറഞ്ഞു, ഓ.. സരസ്വതി, എന്നെ

ജയിലിലയച്ചോളിൻ, എനിക്ക് മതിയായി.

വിവരമറിഞ്ഞ് ഏടത്തിയുടെ ഭർത്താവ് ആ രാത്രിതന്നെ എന്നെ ജാമ്യത്തിൽ പുറത്തിറക്കി. ശേഖറിൻെറയും ജാമ്യം ശരിയായി. എന്നാലും ഞങ്ങളുടെ പേരിൽ കേസൊന്നും ആയില്ല. അവിനാശിൻെറ മിടുക്കുകാരണം കാര്യം ഒതുക്കി. അവിനാശ് അജയിനെ ചാക്കിട്ടു പിടിച്ചു. തന്നെയല്ല ആ കുട്ടി, ഇന്ദ്രജിത് അവൻെറ ഒരു ഭക്തനായി മാറിയിരുന്നു. കുട്ടി പറഞ്ഞു, അവൻ അവിനാശിൻെറ കൂടെ വെറുതെ കറങ്ങാൻ പോയതാണെന്ന്.

അബ്ദുൾ ഹലിമിൻെറയും നൂർജഹാൻെറയും പാസ്പോർട്ട് ശരിയായിരുന്നു. പക്ഷേ വിസക്കെന്തോ തകരാറുണ്ടായിരുന്നു. ആ അവസ്ഥയിൽ ഒരിക്കൽ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു, നൂർജഹാൻ. പിന്നെ പുറത്തുവന്നതിനുശേഷം അവർ മടങ്ങിപ്പോയി. ആ മുറി വിട്ടതിനുശേഷം വീണ എവിടെയോ പോയി മറഞ്ഞു.

കുറെ അധികം ദിവസം കഴിഞ്ഞ് അരുണിൻെറ മകൻെറ ചോറൂണിന് കൂട്ടുകാരെയെല്ലാവരെയും ഒന്നിച്ചുകിട്ടി. എൻെറ വേദന തീർന്നിരിക്കുന്നു; ശേഖർ ആരോഗ്യവാനായിരിക്കുന്നു. സുവിമൽ ഒരു നോവലെഴുതി. അതിനു പബ്ലിഷറെ കിട്ടിയതിനാൽ സന്തോഷിച്ചിരിക്കുന്നു. എല്ലാവരും താടിവടിച്ച്, വെള്ള വസ്ത്രംധരിച്ച് മിടുക്കൻമാരായിരിക്കുന്നു. ഇടയ്ക്ക് ഏടത്തിയുടെ ഭർത്താവുമായി ഒരു കശപിശയുണ്ടായി; പണി പോകുമോ എന്നുപോലും ഭയന്നു. പക്ഷേ ലോകത്തെ മറന്ന് ഒരു മാസം ജോലിയിൽ മുഴുകി ഞാൻ അദ്ദേഹത്തിൻെറ സ്നേഹം സമ്പാദിച്ചു. ചങ്ങാതി താപസ് പണി നഷ്ടപ്പെട്ട് കടം ചോദിക്കാൻ വരുമായിരുന്നു. അവനെ കാണുന്തോറും ജോലിയില്ലാതാവുക എന്താപത്താണെന്ന് ഞാൻ നന്നായി അറിഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ ഈ ഭൂമിയിലൊരിടത്തും സങ്കടമില്ല. ടെറസ്സിൽ ഉണ്ടാക്കിയ പന്തലിൽ ഇരുന്ന് ചിരിച്ചും കളിച്ചുംകൊണ്ട് ഞങ്ങൾ കട്ട്ലെറ്റിനും മധുരപലഹാരത്തിനും വേണ്ടി കടിപിടികൂടി. ആൾക്കൂട്ടത്തിൽ ഞാൻ മനീഷയെ കണ്ടെത്തി. മനീഷ ചിരിച്ചുകൊണ്ട് എൻെറ മേൽ പനിനീർ വീഴ്ത്തിയപ്പോൾ ഞാനും ചിരിച്ചുകൊണ്ട് അവളുടെ തലമു

ടിക്കെട്ടിൽ നിന്നും ഒരു പൂവടർത്തിയെടുത്തു. അറിയാം. മനീഷയെ ഞാനിനി ഒരിക്കലും കാണുകയില്ല.

ആൾക്കൂട്ടത്തിൽനിന്ന് ഞങ്ങൾ സ്വല്പം നേരത്തെതന്നെ പുറത്തിറങ്ങി. നിരത്തിനടുത്തുള്ള കടയിൽ നിന്ന് മുറുക്കാനും സിഗരറ്റും വാങ്ങി അവിടെനിന്ന് വെടിപറയാൻ തുടങ്ങി. വിവാഹിതൻമാർ ഒന്നൊന്നായി വിടപറഞ്ഞു. ഞാൻ സുവിമലുമായി അവൻെറ നോവലിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു. ഒരു ഭിക്ഷക്കാരി രണ്ടുമൂന്നു കുഞ്ഞുങ്ങളുമായി ഭിക്ഷ ചോദിക്കാനെത്തി. പോക്കറ്റിലുള്ള കാശു മുഴുവനും സുവിമൽ ചൊരിഞ്ഞു കൊടുത്തു അവൾക്ക്. അതുകണ്ട് അവിനാശ് മുന്നോട്ടുവന്നു ചോദിച്ചു, എന്താണെടോ, നീ വലിയ ദാനവീരനായിരിക്കയാണല്ലോ.

സുവിമൽ പറഞ്ഞു. എടോ, ഞാനും ഒരു പിച്ചക്കാരനാണ്. അതുകാരണം എൻറടുത്ത് ഭിക്ഷയാചിക്കാൻ ആരെങ്കിലും വന്നാൽ എനിക്ക് സന്തോഷമേയുള്ളു.

– ഭിക്ഷ കൊടുക്കുന്നത് ശരിയാണോ?

– മോശമൊന്നുമല്ല.

– എനിക്ക് ദേഷ്യം വരും. അന്നുരാത്രി പാർക് സർകസിൽ–

– ഭിക്ഷക്കാരനും ജീവിക്കണമല്ലോ.

– എനിക്കങ്ങനെയുള്ള സെൻറിമെൻറൊന്നുമില്ല. ഇങ്ങനെ ജീവിച്ചിട്ടെന്തുകാര്യം? എനിക്ക് ഭരണം കിട്ടിയാൽ ഞാനെല്ലാ പിച്ചക്കാരിയേയും പിടിച്ച് ലൂപ് ഇടീക്കുമായിരുന്നു. ഈ കുഞ്ഞുങ്ങളെ നോക്ക്. ഇതുങ്ങളെന്തിന് ജനിച്ചു.

– ഇങ്ങനെ ക്രൂരമായി സംസാരിക്കരുത്. പുതുതായി പിച്ചക്കാർ ജനിക്കരുത്. ശരി, പക്ഷേ ജീവിച്ചിരിക്കുന്നവരെന്തു ചെയ്യും?

ഞാൻ പറഞ്ഞു, ഈ അവിനാശിന് ഇടക്കിടെ നിഷ്ഠൂരനാവുന്ന പതിവുണ്ട്. ഈ കുഞ്ഞുങ്ങളെ കൊല്ലാൻ നിനക്ക് തോന്നിയല്ലോ.

ഒരത്ഭുതച്ചിരി ചിരിച്ചുകൊണ്ടവൻ പറഞ്ഞു. പെൺകുട്ടികളെ കണ്ടാൽ സുനിലിൻെറ ദയ പൊന്തിവരും. നിൻെറ ആ പെൺകുട്ടിയുടെ വിശേഷം എന്തുണ്ട്? നല്ല ചരക്കായിരുന്നു–

ഞാൻ ക്രൂദ്ധനായി അവനെ നോക്കി പറഞ്ഞു, സൂക്ഷി

ക്കണം, അവളെപ്പറ്റി ഇങ്ങനെ പറയരുത്.

അവിനാശ് ഒന്നു പരിഭ്രമിച്ചതുപോലെ തോന്നി. പിന്നെ ശാന്തനായി പറഞ്ഞു, ദേഷ്യപ്പെടരുത്. ഹൗറാ പാലത്തിന്റെ കീഴിൽ പൂവിൽക്കുന്നവരും പൂവിനെ ചരക്കാണെന്നാണ് പറയുക.

ഞാൻ പറഞ്ഞു, മതി. പിന്നെ എന്തോ ഓർത്ത് ഞാൻ സുവിമലിനോടു ചോദിച്ചു, നീ നിന്റെ തെരുവിലെ ആ പെണ്ണിനെ കല്യാണം കഴിക്കാൻ പോകുന്നെന്ന് പറഞ്ഞല്ലോ, എന്തായി?

– ഞാൻ റഡിയായിരുന്നു. പെണ്ണിന്റെ അച്ഛന് എന്റെ ജാതകം വേണം. പിന്നെ ജാതിയെ ചൊല്ലി കശപിശ. ഇതിനിടയിൽ പാട്ടുപഠിപ്പിക്കുന്ന ഒരു നാമശൂദ്രനെ അവൾ രെജിസ്റ്റർ കല്യാണം കഴിച്ചു.

– പോട്ടെ, ഉപദ്രവം.

– അടുത്ത മാസത്തിൽ എനിക്ക് ജോലിയാകും.

– അങ്ങനെയോ? നിനക്ക് പണികിട്ടി. താപസിന്റെ പണി പോയി. നമ്മുടെ ഗ്രൂപ്പിന്റെ ബാലൻസ് നിലനിൽക്കുന്നു. അവിനാശ് ഉറക്കെ പറഞ്ഞു. ജോലികിട്ടിയോ? സെലിബ്രേറ്റ് ചെയ്യൂലേ? വാ, വല്ലിടത്തും പോകാം.

– ഒരു മാസം കഴിഞ്ഞല്ലേ, ഇപ്പോൾ ജോയിൻ ചെയ്തി ട്ടില്ല. ആരെങ്കിലും കടം തരുമോ?

– വിമലേന്ദുവിനോട് ചോദിച്ചു നോക്ക്.

വിമലേന്ദുവും ശേഖറും നിന്ന് സംസാരിക്കുകയായി രുന്നു. സുവിമൽ കാശിന്റെ കാര്യം പറഞ്ഞപ്പോൾ വിമലേന്ദു വിസ്മയപ്പെട്ടു ചോദിച്ചു. ഇപ്പോഴല്ലേ സദ്യ കഴിച്ചത്?

അവിനാശ് പറഞ്ഞു. ഇത് വേറെ സദ്യ.

ഗംഭീര സ്വരത്തിൽ വിമലേന്ദു പറഞ്ഞു, നിങ്ങൾ വേണ്ടാ ത്തതു കഴിക്കാൻ ഞാൻ കാശു തരണമെന്നോ. ഞാനതിൽ വിശ്വസിക്കുന്നില്ല.

അവിനാശ് ചിരിച്ചു കൊണ്ടു പറഞ്ഞു. വിശ്വാസമോ അവി ശ്വാസമോ ഇവിടെ കാര്യമില്ല. കടം ചോദിക്കുന്നു, ഉണ്ടെങ്കിൽ തരണം, ഇല്ലെങ്കിൽ വേണ്ട.

– ഉണ്ടെങ്കിലും തരൂല്ല. ഇങ്ങനെയുള്ള ബൊഹീമിയനിസ ത്തിന് ചെലവഴിക്കാൻ ഞാൻ കാശു കൊടുക്കാറില്ല. എന്നെ

നോക്ക്, ഞാനും ജോലി ചെയ്യുന്നു, വിവാഹം കഴിഞ്ഞിരിക്കുന്നു, സാഹിത്യത്തിലും കലയിലും എനിക്ക് താല്പര്യമുണ്ട്, എൻെറ ജീവിതാനുഭവവും കുറവല്ല. പക്ഷേ ഞാൻ മദ്യം കഴിക്കാറില്ല.

സുവിമൽ അവനെ കെട്ടിപ്പിടിച്ചു കൊണ്ട് പറഞ്ഞു. നീ നല്ലവൻ. നീ പറ.

കെട്ടിപ്പിടിച്ചുകൊണ്ടുതന്നെ അവൻ വിമലേന്ദുവിൻെറ പോക്കറ്റിൽനിന്ന് കാശെടുക്കുവാൻ നോക്കി. വിമലേന്ദുവിനതു മനസ്സിലായി. സുവിമലിനെ തളളിനീക്കി അവൻ പറഞ്ഞു, മാറി നിൽക്ക്, നിങ്ങൾക്കെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.

– വാസ്തവം, എല്ലാം പോയി, മുപ്പതു രൂപാ താ. പണം സമ്പാദിക്കുന്നുവെന്നുകേട്ടു. സാൾട്ട് ലേക്കിൽ സ്ഥലം മേടിക്കാനാണോ?

– ഇഷ്ടമുളളതു ചെയ്യും, കളളുകുടിയൻമാർ!

– പോകട്ടെ! ആരുണ്ട് കൂടെ, അവിനാശ് ഓടിവരുന്ന ഒരു ബസ്സിൻറടുത്തേക്ക് നീങ്ങി. ഞങ്ങൾ കൂട്ടംകൂടി അതിൽ കയറി.

എസ്പ്ലനേഡിൽ ഞങ്ങൾ ആറുപേർ ഇറങ്ങി. താപസ് ഇറങ്ങുകയില്ലായിരുന്നു. അവനെയും പിടിച്ചിറക്കി. ഒരു കളളുകടയിൽ കയറി ഓരോറൗണ്ടിന് ഓർഡർ കൊടുത്തു. ശേഖർ തിളങ്ങുന്ന മുഖത്തോടെ എല്ലാവരെയും നോക്കി പറഞ്ഞു, വളരെനാൾ കഴിഞ്ഞ് ഇവിടെ വരികയാണ്. കൊളളാം. നമുക്കൊരു കോറസ് പാടാം.

സുവിമൽ പറഞ്ഞു. ആദ്യം വയറ്റിൽ ചെല്ലട്ടെ.

നൂറുൾ പറഞ്ഞു, പാടരുത്. നമ്മൾ പാടിയാൽ അടുത്തിരിക്കുന്നവരും പാടും. അത് സഹിക്കാൻ നിവൃത്തിയില്ല. ഞാൻ ചോദിച്ചു, നിങ്ങൾ ഞങ്ങളിൽ നിന്ന് വേർ തിരിഞ്ഞു നിൽക്കാൻ ശ്രമിക്കുന്നതെന്തിന്?

നൂറുൾ മറുപടി പറഞ്ഞു. ഈ തെറ്റിദ്ധാരണ കാരണമാണ് ജീവിക്കുന്നതു തന്നെ.

സുവിമൽ പറഞ്ഞു. നൂറുൾ വിചാരിക്കുന്നതയാൾ പാടുമെന്നാണ്. അടുത്ത മേശക്കരികിൽ ഇരിക്കുന്ന ഒരു തടിയനെ അവൻ ചൂണ്ടിക്കാട്ടി. ഭയങ്കര തടി. കുപ്പായത്തിനിടയിൽ കൂടി തടി പുറത്തുവരുന്നു. നന്നായി കുടിച്ചിട്ടുണ്ട്. മേശയിൽ

സോഡാകുപ്പികൾ എണ്ണിയാലറിയാം. കാലി ഗ്ലാസിൽ നിറയെ ബിൽ. ശേഖർ പറഞ്ഞു, അയാൾക്ക് വലിയ സങ്കടമാണ്. നൂറുൾ അയാളോട് വിളിച്ചു ചോദിച്ചു. ഒരു പാട്ടുപാടുമോ?

ചുവന്നകണ്ണുകൾ തുറന്ന് ഞങ്ങളെ തുറിച്ചുനോക്കി അയാൾ പറഞ്ഞു. പാടണം, ആനന്ദിക്കണം, വരു ബ്രദർ. ഞാൻ നൂറുളിനോടു പറഞ്ഞു. മാറിനിൽക്ക്. അയാൾ ഛർദ്ദിക്കും.

മൂന്നു റൗണ്ട് വിസ്കി ആയപ്പോഴാണ് ഓർമ്മ വരുന്നത്, ബില്ലടക്കാൻ കാശുണ്ടോ? സുവിമലിൻെറയും താപസിൻെറയും അടുത്ത് കാശില്ല; ഞങ്ങളുടെ അടുത്ത് നാലഞ്ചു രൂപാ വീതം കാണും. രസം വരുന്നേയുള്ളു, ഇപ്പോൾ തന്നെ എണീക്കണമെന്നോ? അവിനാശ് പറഞ്ഞു, മാനേജരെ എനിക്കറിയാം. കടം പറയാമോ എന്ന് നോക്കട്ടെ. അവൻ മാനേജറുടെ അടുത്തുനിന്നും നിരാശനായി തിരികെ വന്നു. റാസ്കൾ, എന്നെ അറിയില്ലപോലും. ഇവൻമാരൊക്കെ ചൗരങ്കിയിലല്ല കട നടത്തേണ്ടത്, ശ്മശാനത്തിലാണ്.

സുവിമൽ ചോദിച്ചു, ഈ ബില്ലുകൾകൊണ്ട് എന്തു ചെയ്യാൻ? അവിനാശ് പറഞ്ഞു, ചുമ്മാ പുറത്തേക്കിറങ്ങി നടക്കാം. നാം ആറുപേർ ഒന്നിച്ചാൽ ആരെന്തു ചെയ്യാൻ? കൽക്കത്തയിലാരുണ്ട് നമ്മെ തടയാൻ?

താപസിൻെറ ചോദ്യം കേട്ടു. അങ്ങനെയാണെങ്കിൽ നാം എല്ലാവർക്കുമെതിരായി എന്തുകൊണ്ട് പൊരുതുന്നില്ല?

ഞാൻ പറഞ്ഞു, ഒരു കാര്യം ചെയ്യാം. അടുത്തമേശയിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ കണ്ണടച്ചു. ഇതിനു മുമ്പും ഈ കാര്യം ചെയ്തിട്ടുണ്ട്. ആ തടിയൻ ആടിക്കൊണ്ട് ബാത്റൂമിലേക്ക് പോയ ഉടൻ അവിനാശ് ഞങ്ങളുടെ ബിൽ നിമിഷത്തിനകം അയാളുടെ മേശയിൽ കാലിഗ്ലാസിനുള്ളിലിട്ടു. ഞങ്ങൾ ഉത്സുകരായി നോക്കിയിരുന്നു. തടിയൻ തിരിച്ചുവന്നു. ബില്ലുകളെല്ലാം എടുത്തെണ്ണിയിട്ട് വിളിച്ചു, ബെയറർ! ബെയറർ വന്ന ഉടനെ പറഞ്ഞു, എണ്ണെടാ, എത്രയായെന്നു പറ. ബെയറർ ഒളികണ്ണിട്ട് ഞങ്ങളെ ഒന്നു നോക്കി. ഞങ്ങൾ നോട്ടംകൊണ്ടവനെ ഭസ്മമാക്കിക്കളയുമായിരുന്നു. ബെയറർ പറഞ്ഞു, എഴുപത്തെട്ടുരൂപ. തടിയൻ പറഞ്ഞു, എഴുപത്തിഎട്ട്, ശരി. പോക്കറ്റിൽ നിന്ന് ഒരു പറ്റം പത്തു രൂപ എടുത്തു,

എട്ടെണ്ണം വേർപെടുത്തി ബെയററിന് കൊടുത്തുകൊണ്ടയാൾ പിറുപിറുത്തു - ജൽദി, ടാക്സി ബുലാവ്.

ഞങ്ങൾക്ക് ശ്വാസം വീണു. ബെയറർ കാശുകൂടുതൽ പറഞ്ഞുകാണും. അവനും ലാഭം, നമ്മൾക്കും ലാഭം. അവിനാശ് പറഞ്ഞു, ആ നോട്ടുകളിൽ കുറെ പിടുങ്ങിയിരുന്നെങ്കിൽ!

സുവിമൽ തത്വജ്ഞാനിയായി. കൂടുതൽ ആശ അരുത്. കിട്ടിയതിൽ സന്തോഷം അടയുക.

അവിനാശിനരിശം വന്നു. അവൻ പറഞ്ഞു, ബ്ലാക്ക് മണിയാണെല്ലാം. അതു ചെലവാക്കാനാണവന് പാട്.

പുറത്തിറങ്ങിയ ഉടൻ അവിനാശ് പറഞ്ഞു, പത്തുമണിയേ ആയുള്ളു. ഇത്തിരിക്കൂടി കഴിച്ചില്ലെങ്കിൽ ശരിയാവില്ല. നിങ്ങളെന്തു പറയുന്നു?

ഞങ്ങളും സമ്മതിച്ചു. കിട്ടിയാൽ കൊള്ളാം. പക്ഷേ കാശെവിടെ? ഉള്ള കാശിന് ഒരു കുപ്പി വാങ്ങാനാവില്ല. സുവിമൽ പിന്നെയും ഉരുവിട്ടു, എവിടെ ഇത്തിരി കാശ് കടംകിട്ടും?

ആർക്കും ഇതിന് മറുപടി പറയാൻ സാധിക്കുന്നില്ല. ശരീരം ഒന്നു ചൂടു പിടിച്ചതേയുള്ളു. ഇതിനകംതന്നെ കൂട്ടു പിരിയാൻ ആർക്കും തോന്നുന്നില്ല. ജാൻബാജാറിലെ പീടികയിൽനിന്ന് രണ്ടുകുപ്പി നാടൻ വാങ്ങി കഴിച്ചിട്ടും ദാഹം തീരുന്നില്ല. കുറെ നാളു കഴിഞ്ഞ് കൂട്ടം കൂടിയിരിക്കുകയാണ്. വിട്ടുപിരിയാൻ ആഗ്രഹമില്ല. സഹികെട്ടവനെപ്പോലെ സുവിമൽ പറഞ്ഞു, പാർക്സ്ട്രീറ്റിൽ പോകാം. വല്ല പരിചയക്കാരനെയും കണ്ടുപിടിക്കാം.

– ആറുപേർക്ക് കള്ളു വാങ്ങിത്തരാൻ ആരെകിട്ടാനാണ്?

– വാ, എന്റെ ഒന്നുരണ്ടു പരിചയക്കാർ അവിടെ കാണും. നടക്ക്!

നടന്ന് നടന്ന് പാർക് സ്ട്രീറ്റിലെത്തി. ഒരിടത്തും ഒരു പരിചയക്കാരനുമില്ല. ആറുപേരും ആലോചിക്കുകയായിരിക്കും, വീട്ടിൽ മടങ്ങാതെ നിവൃത്തിയില്ല. ആദ്യം അതു പറയുന്നവൻ ഭീരുവായിരിക്കും. അവിനാശ് ചൊടിച്ചുകൊണ്ടു പറഞ്ഞു, കടം വാങ്ങാൻ ഒരു സ്ഥലവുമില്ലേ നിങ്ങൾക്കാർക്കും? ഹോപ്ലെസ്.

ശേഖർ പറഞ്ഞു, എന്റെ വാച്ച് വിൽക്കാം.

സുവിമൽ പറഞ്ഞു, അതിലും നല്ലത് ഭിക്ഷയാചിക്കുകയാണ്. അവിനാശ് അവനെ നോക്കി പറഞ്ഞു, ഇവൻ ജൻമനാ ഭിക്ഷക്കാരനാണ്. പിച്ചകൊണ്ട് കള്ളു വാങ്ങാനുള്ള പൈസ ആകുമോ?

– നമുക്കു നോക്കാം.

ട്രാഫിക് സിഗ്നലിൽ കാറുകൾ നിൽക്കുന്നു. സുവിമൽ ഒരു കാറിനടത്തുപോയി അതിലിരിക്കുന്ന ആൾക്കാരോട് സംസാരിച്ചു. സ്വല്പനേരം കഴിഞ്ഞ് പതാക പോലെ ഒരഞ്ചു രൂപ നോട്ട് പൊക്കിക്കാണിച്ചുകൊണ്ടവൻ ഞങ്ങളുടെ അടുത്തെത്തി.

സുവിമൽ പറഞ്ഞു, ശരിക്കും ഭിക്ഷ. ഇംഗ്ലീഷിൽ പറഞ്ഞു, ഡയമൻറ് ഹാർബർകാരനാണ്, പോക്കടിച്ചുപോയി, രക്ഷിക്കണം.

ഞങ്ങൾ ഉച്ചസ്വരത്തിൽ ചിരിച്ചു. അവിനാശ് പറഞ്ഞു, ഞാനൊന്നു നോക്കട്ടെ. അവനൊരു വണ്ടിയുടെ അടുത്തേക്കോടി. ഉടനെ തിരിച്ചുവന്നു, കയ്യിൽ മൂന്നുരൂപ. സുവിമൽ പറഞ്ഞു, കണ്ടില്ലേ, പിച്ച ചോദിക്കലാണ് ഈ നാട്ടിലെ നേരായ ജീവനമാർഗ്ഗം!

ഞങ്ങൾ തീരുമാനിച്ചു. ചുവപ്പ് കണ്ട് വണ്ടി നിൽക്കുമ്പോൾ ഓരോ പ്രാവശ്യവും ഒരാളു് വീതം ഇംഗ്ലീഷ് ഭിക്ഷയാചിക്കും. ഒരുമിച്ചു പോയാൽ സംശയിക്കും. കാറിൽ പോകുന്നവർക്കിംഗ്ലീഷാണിഷ്ടം. താപസ് തടസ്സം പറഞ്ഞു. അവിനാശ് അവനെ തട്ടിക്കേറി, ഭിക്ഷചോദിക്കുന്നതിൽ നാണിക്കാനെന്ത്? നിനക്ക് പണിയുമില്ലല്ലോ. ശേഖർ പറഞ്ഞു, ഞാൻ തറവാടിയാണ്. ഞാൻ തെണ്ടുകയില്ല. ഞാൻ വാച്ച് തന്നേക്കാം.

സുവിമൽ പറഞ്ഞു, പോടാ! ഞാൻ അതിലും വലിയ തറവാടിയാണ്. മൈമൻസിങിലെ ജമിന്ദാർ വംശത്തിലാണ് ജനിച്ചത് ഞാൻ.

ശേഖറെന്തുപറഞ്ഞിട്ടും സമ്മതിച്ചില്ല. അവനെ ഞങ്ങൾ കാഷിയറാക്കി. ഞാനാദ്യം ഇറങ്ങി. കൺമുമ്പിൽ ഒരു ആംഗ്ലോ ഇൻഡ്യനിരിക്കുന്നു, കാറിൽ. അവൻ വകവച്ചില്ല. ഓടി അടുത്ത കാറിനടുത്തെത്തിയപ്പോൾ ട്രാഫിക് സിഗ്നൽ പച്ചയായി. അടുത്ത പ്രാവശ്യം ഒരു കാറിൽ ഉരുമ്മിയിരുക്കുന്നു

– നീയേതായാലും ആകാൻ പോകുന്നില്ലെന്ന് മന സ്സിലായി. അങ്ങിനെയാണെങ്കിൽ അവിനാശിൻെറ അടുത്ത് പോകാം.

വാതിൽ വഴി ഇറങ്ങുന്ന സമയത്ത് വനമാലിബാബു വന്നു. അയാളുടെ കയ്യിൽ ട്രേസിങ്ങ് പേപ്പറിൽ ഒന്നു രണ്ടു ഡ്രോയി ങ്ങ്സ് ഉണ്ടായിരുന്നു. ഇദ്ദേഹം വയസ്സൻമാരെ വരയ്ക്കു മ്പോൾ എപ്പോഴും സ്വന്തം മുഖമായിരിക്കും വരയ്ക്കുക. വന മാലിബാബു എന്നോടു പറഞ്ഞു, മിസ്റ്റർ ഗാംഗൂലീ താങ്കൾ ഇറങ്ങുകയാണോ? സൈമൺസ് കമ്പനിയുടെ കോപ്പി.....

പൊടുന്നനെ സ്വരത്തിൽ രൂക്ഷത കലർത്തി ഞാൻ പറഞ്ഞു, നാളെ പ്രസ് മുടക്കമാണെന്നറിഞ്ഞുകൂടെ? ഇന്നു കോപ്പിയുണ്ടാക്കി എന്തുചെയ്യാനാണ്? അതുതന്നെയല്ല പ്രസ്സിൽ ടൈപ്പ് കമ്പോസ് ചെയ്ത് നിരത്തിവക്കണം, അതിൽ നിങ്ങൾക്കെന്തുകാര്യം? നിങ്ങളുടെ ഡ്രോയിങ്ങ് എല്ലാം എൻെറ മേശപ്പുറത്തുവച്ചേക്കു. മിസ്റ്റർ മൈത്ര തിരിച്ചു വന്ന് എന്നെ വിളിക്കുകയാണെങ്കിൽ പറഞ്ഞേക്കണം ഞാൻ *റൈറ്റേഴ്സ് ബിൽഡിങ്ങിൽ പോയിരിക്കയാണെന്ന്, മനസ്സി ലായോ? അത്യാവശ്യകാര്യത്തിന് പോവുകയാണ്, അദ്ദേഹ ത്തോട് പറയാൻ മറക്കരുത്.

പണി കുറവ്, മിക്കവാറും നല്ല ശമ്പളം, അതിൻെറ കൂടെ മനുഷ്യർക്ക് ആജ്ഞ നല്കുവാനും അവരെ ശകാരിക്കു വാനും ഉള്ള അധികാരം – ഇതെല്ലാമുള്ള എൻെറ ഈ ജോലി വാങ്ങിച്ചുതന്നത് മിസ്റ്റർ മൈത്ര അതായത് എൻെറ മൂത്തചേച്ചിയുടെ ഭർത്താവാണ്. അദ്ദേഹത്തിൻെറ പേര് ഇട ക്കിടെ ഉച്ചരിക്കുകയാണെങ്കിൽ അത് മനസ്സിന് ഒരു ധൈര്യം തരും. ആഫീസിൽ ബന്ധക്കാരുമായി ദൂരത്വം പരിപാ ലിക്കുകയാണ് നല്ലത് എന്നൊന്നും ഞാൻ കരുതുന്നില്ല, ഇടക്കിടെ അദ്ദേഹത്തെ മിസ്റ്റർ മൈത്ര എന്ന് വിളിക്കാതെ ചേട്ടാ എന്നാണ് ഞാൻ സംബോധന ചെയ്യാറുള്ളത്. ഇടക്ക് എക്കൗണ്ടൻറിൻെറ അടുത്തുപോയി പറയാറുണ്ട്, ചേട്ടൻെറ മുറിയിലുള്ള പങ്ക ഇങ്ങനെ കറകറ ശബ്ദമുണ്ടാക്കുന്നതെ ന്താണ്? അദ്ദേഹത്തിനാണെങ്കിൽ എപ്പോഴും ജോലിത്തിരക്കാ ണ്– ഇതൊന്നും ശ്രദ്ധിക്കാറില്ല, എന്ന് വച്ച് നിങ്ങളെങ്കിലും

---

* പ. ബംഗാൾ സിക്രട്ടേറിയറ്റ്

ഭാര്യാഭർത്താക്കമാർ. ഞാൻ പറഞ്ഞു, ബിലീവ് മി സാർ, കാപ്ലീറ്റ്ലി സ്ട്രാൻഡഡ്, വിൽഗോ ടു ഡയമൻറ് ഹാർബർ ഫൈവ് റുപീസ് പ്ലീസ്. നാണം തോന്നി. മുഖത്ത് ദയനീയഭാവം വരുത്താൻ പാടുപെട്ടു. സ്ത്രീ കൈയാട്ടി പറഞ്ഞു, കിട്ടില്ല. ഭർത്താവ് മനസ്സില്ലാമനസ്സോടെ രണ്ടുരൂപ തന്നു. സുവിമലും നൂറുളും കാശു വാരിക്കൂട്ടുകയായിരുന്നു. അവിനാശ് വണ്ടിയുടെ പിന്നാലെ ഓടി നടക്കുന്നു. തിരിച്ചുവന്ന് അവൻ പറഞ്ഞു, തെണ്ടി, ഒന്നാംതരം ഇംഗ്ലീഷിൽ തെണ്ടുകയാണ്, എന്നിട്ടും രണ്ടണ നാലണ! മുഖത്ത് ഒരു സ്ക്വയർ കട്ടിട്ടിടിച്ചാലെന്താണെന്ന് തോന്നാറുണ്ട്.

സുവിമൽ പറഞ്ഞു, അതൊന്നു വേണ്ട, ഹോണസ്റ്റലി ഭിക്ഷ യാചിക്കുമ്പോൾ ഗുണ്ടായിസം പാടില്ല.

എന്നോടവർ പറഞ്ഞു, നീ ഒരു മരമണ്ടനാണ്. ഒരു സമ്പാദ്യവുമില്ല. ഓട്! ഞാനോടി ഒരു മാർവാറിയുടെ കാറിൻെറ ജനലിൽ കയ്യിട്ടു പറഞ്ഞു. മെഹർ ബാനി. വല്ലതും തരണം. ഒന്നും കിട്ടിയില്ല.

ഭിക്ഷക്കാരനാവാൻ ഞങ്ങൾ മത്സരിച്ചു. ശേഖറിൻെറ പോക്കറ്റ് നിറഞ്ഞു വരുന്നു. ഞാൻ നിരാശനായി, ആരും എനിക്കൊന്നും തരുന്നില്ല. ഇന്നെൻെറ ഭാഗ്യം ഇങ്ങനെയാണ്. മൂന്ന് അസ്സൽ ഭിക്ഷക്കാർ ഞങ്ങളുടെ വേഷം കെട്ടൽ കണ്ട് അന്ധാളിച്ചു നിന്നിരുന്നു. ശേഖർ ചിരിച്ചു കൊണ്ട് ഞങ്ങളുടെ ഫണ്ടിൽ നിന്ന് അവർക്ക് ഓരോ രൂപ കൊടുത്തു.

അവിനാശ് പറഞ്ഞു, നാണക്കേട്. കാറുകൾക്കുള്ളിൽ ഓരോ കാഴ്ച കാണുമ്പോൾ ഭിക്ഷ മറന്നുപോകുന്നു. ഇതു കാണിക്കാനാണോ ഈ കാശുതരൽ.

താപസ് പറഞ്ഞു, ഒരു പഞ്ചാബി ചെക്കൻെറ അടി കിട്ടിയേനെ എനിക്ക്. അവൻെറ കൈ അടുത്തിരിക്കുന്ന പെണ്ണിൻെറ–

അവിനാശ് ഒരു നീലനിറത്തിലുള്ള കാറിനടുത്തു ചെന്ന് പൊടുന്നനെ എൻെറടത്തുവന്നു പറഞ്ഞു, സുനിൽ, നിൻെറ ടേൺ ആണ് ആ നീല വണ്ടി–

അവിനാശ് എന്നെ തള്ളിവിട്ടു. മുഖത്ത് ദയനീയഭാവവുമായി കാറിനടത്തു ചെന്ന് ഞാൻ സംസാരിക്കാൻ തുടങ്ങി.

പെട്ടെന്ന് ഞാൻ കണ്ടു, വണ്ടിക്കുള്ളിൽ യമുന ഇരിക്കുന്നു. ഞാൻ ഉടനെ തിരിഞ്ഞു നിന്നു. അവിനാശ് കാലമാടനെപ്പോലെ നിൽക്കുന്നു. എന്നെ തള്ളിവിട്ടുകൊണ്ടവൻ പറഞ്ഞു, തിരിച്ചു വന്നിരിക്കുന്നു, വെറുംകയ്യോടെ. ഞാൻ പറഞ്ഞു, ഞാൻ പോകൂല്ല. തള്ളു കാരണം ഞാൻ ആ നീലക്കാറിന്റെ ബോഡിയിൽ ചെന്ന് കൈവച്ചു. എന്നെ കണ്ട ഉടനെ യമുന ചോദിച്ചു, സുനിലേട്ടാ, ഇവിടെ?

ഞാൻ ചിരിച്ചു കൊണ്ടു പറഞ്ഞു, യമുന, എത്ര നാൾ കഴിഞ്ഞാണ് കാണുന്നത്? സുഖംതന്നെയല്ലേ.

വണ്ടിക്കുള്ളിൽ യമുനയും സരസ്വതിയും ഒരു വിവാഹിത സ്ത്രീയും കൂടെ ഒരു പുരുഷനും ഇരിക്കുന്നു. യമുന ചുവപ്പു സാരി ഉടുത്തിരിക്കുന്നു, ചുവപ്പിന്റെ ആ തിളക്കം. പുരുഷൻ ചോദിച്ചു, വണ്ടിയിൽ കയറുന്നോ? സരസ്വതി പറഞ്ഞു, ഡ്രങ്ക്, ഡ്രങ്ക്, മുന്നീ, ജനാല അടക്കു.

യമുന ചോദിച്ചു, സുനിലേട്ടൻ, കാറിൽ കയറുന്നോ? വരൂ!

ഞാൻ യമുനയോടു പറഞ്ഞു, എന്റെ കാശുപോയി. നീ എനിക്കഞ്ചുരൂപ താ. ഞാൻ വണ്ടിയിൽ കയറുകയില്ല.

- അഞ്ചു രൂപ ഇല്ല. ഒരു രൂപ ഉണ്ട്.
- മുന്നീ, ചില്ലടക്ക്
- എനിക്ക് അഞ്ചു രൂപ തന്നെ വേണം
- മുന്നീ, അടക്കാനല്ലേ പറഞ്ഞത്.

സമയമില്ല, ഇനി സമയമില്ല. ഇപ്പോൾ ഉടനെ നിറം പച്ചയാകും. രസകരം, സരസ്വതി ഇന്ന് പച്ചസ്സാരി ഉടുത്തിരിക്കുന്നു. ഞാൻ അക്ഷമനായി പറഞ്ഞു, യമുനേ, ഒരു രൂപ തന്നെ താ. അതുമതി. പക്ഷേ ഒന്നും കേൾക്കാൻ സാധിച്ചില്ല. പെട്ടെന്ന് കാർ വിട്ടു. പിന്നിൽ ഒത്തിരി കാറുകളുടെ ഹോറൺ, ഞാൻ ഫുട്ട്പാത്തിലേക്കോടി. വിഷണ്ണനായി ആലോചിച്ചു, ഒരു രൂപ പോലും കിട്ടിയില്ല. ഭിക്ഷക്കാരനായി പോലും ഞാൻ തോറ്റിരിക്കുന്നു. സുവിമൽ പറഞ്ഞു, ഈ പ്രാവശ്യവും ഒന്നുംകിട്ടിയില്ലേ? അവിനാശ് പറഞ്ഞു, കിട്ടുകയില്ലെന്നെനിക്കറിയാമായിരുന്നു.

ഇങ്ങനെ ദിവസങ്ങൾ ഓടി മറിഞ്ഞു. മനുഷ്യന്റെ മുഖത്തേക്ക് ചിരിച്ചുകൊണ്ട് ഞാൻ നോക്കുന്നു. അവരുടെ ചിരി

ഞാൻ അവകാശപ്പെടുന്നു. പക്ഷേ കൂടുതലും മുഖങ്ങൾ ഭാവരഹിതമാണ്. ആകാശത്തിൽ മേഘമില്ലാത്ത സമയം ഓരോ മനുഷ്യൻെറ മുഖത്തും ഒരു നീല നിഴൽ കാണാം. ആ നിഴൽ കണ്ട് അപരിചിതനോടും ചോദിക്കാൻ തോന്നുന്നു, എങ്ങനെയുണ്ട്? പക്ഷേ എല്ലാവരും ചോദ്യം ചോദിക്കുകയാണ്, ആരും മറുപടി പറയുന്നില്ല. ഇന്നുവരെ എത്ര പേർ എന്നോടു ചോദിച്ചിട്ടുണ്ട്, എങ്ങനെ? എൻെറ മറുപടി കേൾക്കാൻ അവർ നിൽക്കുന്നില്ല. അതിനാൽ ഇന്നു ഞാൻ പറയുന്നു, നിങ്ങൾക്ക് സുഖമാണെങ്കിൽ എനിക്കും സുഖം തന്നെ.

ഓരോ, തെറ്റുകൾ തിരുത്തിക്കൊണ്ട് ഞാൻ പുതിയ തെറ്റുകളിൽ പ്രവേശിക്കുന്നു. ജീവിക്കുവാൻ ഇക്കാലത്ത് രസം തോന്നുന്നു കൂടുതലായും. ഒരു നാരങ്ങയോ കപ്പലണ്ടിയോ കഴിക്കുമ്പോൾ തോന്നും, അവയ്ക്കു ജീവനുണ്ട്, അവ പറയുന്നു, ജീവിതം വെടിഞ്ഞ് ഞങ്ങൾ നിങ്ങളെ രക്ഷിക്കുന്നു. അകൃതജ്ഞനാവരുത്. ഞാൻ അകൃതജ്ഞനല്ല, മണ്ണിന് വേദന തോന്നരുതെന്ന് കരുതി ഞാൻ കാലു വയ്ക്കുന്നത് സൂക്ഷിച്ചാണ്.

യമുനയെ പിന്നെയും രണ്ടു പ്രാവശ്യം കണ്ടു. ഒരു നാൾ ബംഗ സംസ്കൃതി സഭയുടെ രംഗത്ത് അവൾ നൃത്തം ചെയ്യാൻ വന്നിരുന്നു. ദൂരെനിന്നു കണ്ടു. പൂവുകൊണ്ടലങ്കരിച്ച് അവൾ അപ്സരസ്സായിരിക്കുന്നു. ദേഹത്തിൽ സാമർത്ഥ്യം വന്നിരിക്കുന്നു. വരട്ടെ, എന്നാലും ആ തത്തയുടെ ദൃഷ്ടി, ലോക രഹസ്യം അല്പം അറിഞ്ഞ് ഇന്ന് തൻെറ രഹസ്യം അറിയിക്കാനാഗ്രഹിക്കുന്നുണ്ട്. നെഞ്ചിലെന്തോ തിരിഞ്ഞതു പോലെ തോന്നി.

രണ്ടാമത് വിമാനത്താവളത്തിൽ കണ്ടു. യമുന തപനുമായി ബോംബെക്ക് പോവുകയാണ്. കുഞ്ഞേടത്തിയും കല്യാണേട്ടനും ഇംഗ്ലണ്ടിൽ പോകുന്നു. അതിനാൽ ഞാൻ ഡംഡം എയർ പോർട്ടിൽ പോയിരുന്നു. യമുനയുടെ കൂടെ ജഗദീശ് റായും ഉണ്ടായിരുന്നു. ഞാനയാളെ കൂട്ടാക്കാതെ യമുനയുടെ അടുത്തെത്തി അവളുടെ ചുമല് തൊട്ടുകൊണ്ടു പറഞ്ഞു, നിനക്ക് സുഖമാണല്ലോ? പൊടുന്നനെ തിരിഞ്ഞ് യമുന പറഞ്ഞു. ഏട്ടൻ?

ഞാൻ മൃദുസ്വരത്തിൽ ചോദിച്ചു, നിങ്ങളുടെ കല്യാണത്തിന് എന്നെ വിളിച്ചില്ലല്ലോ? തപൻ പറഞ്ഞു, വളരെ ധൃതിയിൽ നടന്നു, സത്യം.. ഒരുമിച്ചായിരുന്നല്ലോ! ഒരുമിച്ച്? യമുന പറഞ്ഞു, അമ്മക്ക് സുഖക്കേട്. എൻെറയും ഏടത്തിയുടെയ്യും കല്യാണം അച്ഛൻ ഒന്നിച്ചാണ് നടത്തിയത്. ബോംബെയിൽ പോയിവന്നാൽ കാണണം, പക്ഷേ.

യമുനയുടെ ചിരി സുന്ദരമായിരിക്കുന്നു. ഞാനും സുന്ദരമായ ചിരി ചിരിച്ചു. ഞാൻ പറഞ്ഞു, ഞാനെങ്ങനെ ജീവിക്കുന്നു എന്ന് നീ ചോദിച്ചില്ലല്ലോ. യമുന പറഞ്ഞു, കണ്ടാലറിയാം ഏട്ടന് സുഖമാണെന്ന്.

അതിനുശേഷം ഒരു ദിവസം പരിഭവം നിറഞ്ഞ മുഖവുമായി പരിതോഷ് വീണ്ടും വീട്ടിൽ വന്നു. ഞാൻ പത്രം വായിച്ചിട്ടില്ലായിരുന്നു. അപ്പോഴും, എൻെറ മൂന്നാം കപ്പ് ചായ കഴിച്ചിട്ടില്ല. പരിതോഷ് ചോദിച്ചു. ഇന്നലെ നിങ്ങൾ എവിടെയായിരുന്നു? ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു, എന്താ, ശേഖർ ഇന്നലെ രാത്രിയിൽ വീട്ടിലെത്തിയില്ലേ? പരിതോഷ് പറഞ്ഞു. ഇല്ല, ഇന്നലെ നിങ്ങളെ ഞങ്ങൾ തിരക്കി, നിങ്ങളുടെ ടെലിഫോൺ ഡെഡ് ആണോ? ഞാൻ പറഞ്ഞു, അതെ, പക്ഷേ തിരക്കിയതെന്തിന്?

– ഏട്ടൻ പുതിയൊരു ഭ്രാന്ത് തുടങ്ങിയിരിക്കുകയാണ്. ആരോപറഞ്ഞു, ഏഴുദിവസം പട്ടിണി കിടന്ന് പ്രാണായാമം ചെയ്താൽ അലൗകികമായ അനുഭവങ്ങൾ നേടാം. മൂന്നു ദിവസമായി ആഹാരം കഴിച്ചിട്ട്. ഇന്നലെ രാത്രി ബോധം കെട്ടു വീണു. ഇതെന്തൊരു ദുരിതം! ഏതായാലും ശരി, നിങ്ങളെ വിവരമറിയിക്കാൻ അമ്മ പറഞ്ഞു.

– മൂന്നു ദിവസം ഭക്ഷണം കഴിക്കാതെ എങ്ങനെയാണ് ജീവിക്കുക?

– അതാണ് പറയുന്നത്. വെറും പിരിവെട്ടാണെന്നേ. നിങ്ങൾ പോയി പറഞ്ഞാൽ ഏട്ടൻ ഒരുപക്ഷേ വല്ലതും കഴിക്കുമെന്നാണ് അമ്മയുടെ വിചാരം.

– ഡാക്ടറെയാണ് വിളിക്കേണ്ടത്. ഞാനെന്തു ചെയ്യാനാണ്? പോട്ടെ, അവർ മറയനൊന്നുമല്ല, വിശന്നാൽ ശരിക്കും ഭക്ഷണം കഴിക്കും. മുമ്പിൽ ഒരു ഗ്ലാസ് സർബത്തും ഒരു പ്ലേറ്റ് മധുരപലഹാരവും വച്ചു കൊടുക്ക്. ഒരു

സമയം പൊടുന്നനെ വായിലാക്കും.

- നിങ്ങൾ വരുന്നില്ലേ?

- ഉച്ചക്ക് ആഫീസിൽനിന്ന് ടെലിഫോൺ ചെയ്ത് ഞാൻ വിവരം അന്വേഷിക്കാം. അപ്പോഴും ഒന്നും കഴിച്ചിട്ടില്ലെങ്കിൽ വൈകുന്നേരം വരാം. പേടിക്കാനൊന്നുമില്ലെന്ന് അമ്മയോട് പറയണം. എല്ലാം നേരെയാവും.

Printed at The Central Electric Press A-12/1 Naraina Indl. Area, Phase-I, New Delhi-28.

ഇതെല്ലാം ശ്രദ്ധിക്കേണ്ടേ? ഞാൻ ഈ ഓഫീസിലെ മേലാധികാരിയുടെ സ്വന്തം അളിയൻ- ഇവിടെ ഏതളിയനാണ് എന്നെക്കവിഞ്ഞു സംസാരിക്കാൻ ധൈര്യമുള്ളത്? ഇപ്പോൾത്തന്നെ വനമാലിബാബുവിൻെറ അടുത്ത് മിസ്റ്റർ മൈത്രയുടെ പേർ പറഞ്ഞല്ലോ, ഇനി വൈകുന്നേരം ആറുമണിവരെ ഇദ്ദേഹം ഓഫീസിൽ കുത്തിയിരിക്കയായിരിക്കും.

വൃത്തികെട്ട മഴ, കാരീയത്തിൻെറ നിറമുള്ള ആകാശം. ഒറ്റനോട്ടത്തിൽ മനസ്സിലായി ദിവസം മുഴുവനും ചാറ്റൽ മഴ കാണും, ശക്തിയായി പെയ്യുകയുമില്ല, നില്ക്കുകയുമില്ല. ജനലിൽക്കൂടി കൈനീട്ടി സുവിമൽ മഴയുടെ ശക്തി പരീക്ഷിച്ചു നോക്കി. റിസപ്ഷൻ കൗണ്ടറിലെ ജൂതപ്പെണ്ണിനെ ചെറുതായി ഒന്നു നോക്കിവിലയിരുത്തിക്കൊണ്ട് ഞാൻ പറഞ്ഞു, മിസ് നയോമി, ടെലിഫോണിൽ ആരെങ്കിലും വിളിക്കുകയാണെങ്കിൽ പറയണം ഞാനിന്ന് തിരിച്ചു വരികയില്ലെന്ന്. നിങ്ങൾ വൈകുന്നേരത്തെ ഈ കത്തുകളെല്ലാം തരം തിരിച്ചുവച്ചേക്കണം. നാളെയും മറ്റന്നാളും ആഫീസിൽ വരുന്നില്ല അല്ലേ?

- അതെ, അല്പം......

- ഛേ, ഈ രണ്ടു ദിവസവും ഓഫീസ് ശൂന്യമാണെന്ന് എനിക്കു തോന്നിപ്പോകും.

പൊള്ളച്ചിരി ചിരിച്ചുകൊണ്ട് അവൾ ഉടനെ പറഞ്ഞു, വൈകുന്നേരം നിങ്ങൾ ഓഫീസിൽ ഇല്ലെങ്കിൽ എനിക്കും അങ്ങനെ തോന്നാറുണ്ട്.

ഞാൻ കൗണ്ടറിൻെറ അടുത്തുചെന്ന് അവളോടു പറഞ്ഞു, ആ, അങ്ങനെയാണോ? നീ ഇന്നുവൈകുന്നേരം ഫ്രീ ആണോ? ഒരു ഡേറ്റിന് സാധ്യതയുണ്ടോ?

അവളുടെ ചുണ്ടത്ത് അപ്പോഴും ചിരി കാണാമായിരുന്നു. അവൾ പറഞ്ഞു, ഇല്ല, വൈകുന്നേരം അഞ്ചരമണിവരെ മാത്രമാണ് ഞാൻ ഫ്രീ.

പൊക്കം കുറവ്, മുഖത്ത് വസൂരിക്കല.... എന്നിരുന്നാലും വെളുപ്പുനിറവും മഞ്ഞ മുടിയും അവളെ സുന്ദരിയാക്കിയിരിക്കുന്നു. ഓരോ കണ്ണിൻെറ നിറവും ഓരോ തരത്തിലാണ്. ഒരെണ്ണം നീല. ഒരെണ്ണം കറുപ്പ്. അമ്മായിയുടെ വീട്ടിൽ ഒരിക്കൽ ഞാനൊരു പൂച്ചയെ കണ്ടിരുന്നു. അതിനും ഇങ്ങനെ രണ്ടു നിറത്തിലായിരുന്നു കണ്ണ്.

മഴയത്തുതന്നെ നിരത്തിലേക്കിറങ്ങിക്കൊണ്ട് സുവിമൽ ചോദിച്ചു, പെണ്ണിനെ കിട്ടുമോ?

– ശ്രമിച്ചുകൊണ്ടിരിക്കുന്നു.

– അരുണിൻെറ ഓഫീസിൽ ടെലഫോൺ ഓപ്പറേറ്ററായി ഒരു ബംഗാളിപ്പെണ്ണുണ്ടായിരുന്നു. അവൾ സ്വരം മാറ്റി അരുണിനോട് കാമുകിയെപ്പോലെ സംസാരിക്കുമായിരുന്നു.

– ഓ ഇതൊക്കെ അരുണിൻെറ പുളുവടിയാണ്.

– അല്ലെടോ, എനിക്കെല്ലാം അറിയാം. അരുൺ തനിച്ചിരിക്കുമ്പോൾ ആ പെണ്ണ് ഒരു നീരസസ്വരത്തിൽ പറയും – ടെലഫോൺ ഓപ്പറേറ്റർമാർ അങ്ങനെയാണല്ലോ സംസാരിക്കുക – ഹിയർ ഈസ് എ കാൾ ഫോർ യൂ. അല്പം കഴിഞ്ഞ് വേറെ സ്വരത്തിൽ ഹലോ അരുൺ എന്നുപറഞ്ഞു മധുരമായ ഒരു ചിരി. അരുൺ ചോദിക്കും ആരാണ്? ടെലഫോണിൽ നിന്ന് രഹസ്യം നിറഞ്ഞ ശബ്ദം അപ്പോൾ ഒഴുകിവരും, എന്നെ മനസ്സിലായില്ലേ? അരുൺ വിക്കിവിക്കിപറയും, ഇല്ല ശരി.... ശരിക്കും നിങ്ങൾ ആരാണ്? പെൺശബ്ദം, മനസ്സിലായില്ലെങ്കിൽ വേണ്ട. ഇതുകഴിഞ്ഞ് ലൈൻ കട്ടായിപ്പോകും. പിറ്റെദിവസം വീണ്ടും ആ ശബ്ദം. എന്നെ മനസ്സിലായില്ലേ? അരുൺ അപകടത്തിലായില്ലേ.

ടെലഫോണിൽ ശബ്ദത്തിനല്പം മാറ്റം വന്നേക്കും. ഏതെങ്കിലും പെണ്ണിനോട് മറ്റൊരു പെണ്ണിൻെറ പേരു പറയാൻ പററുമോ? കുഴപ്പമായില്ലേ, മൂന്നുനാലുദിവസം കഴിഞ്ഞു കണ്ണും മൂക്കും പൊത്തിക്കൊണ്ടൊരൊറ്റചോദ്യം, നീ മാലതിയല്ലേ?

അങ്ങേ അറ്റത്തുനിന്നും 'ഇശ്' എന്നൊരു ദീർഘനിശ്വാസം. അതുകഴിഞ്ഞ് ആ ശബ്ദം പറയും, എന്നാലും ഇത്രയും ദിവസം കൊണ്ടു മനസ്സിലായല്ലോ!

അരുൺ പറഞ്ഞു, മാലതീ, നീ കാൻപൂരിൽ നിന്ന് എന്നു വന്നു? പെണ്ണു പറഞ്ഞു, മൂന്നുദിവസമായി ഫോൺ ചെയ്യുന്നു, നിനക്കെന്നെ മനസ്സിലാക്കനേ പറ്റിയില്ല, ഇത്രകുറച്ചു ദിവസത്തിനകം..... അരുൺ പറഞ്ഞു, ഇത്രകുറച്ചു ദിവസമോ, മൂന്നു കൊല്ലമായില്ലേ? അപ്പോൾ പെണ്ണു പറയുകയാണ്, മൂന്നു കൊല്ലമായെങ്കിൽത്തന്നെ എല്ലാം മറന്നുപോകുമോ- കുറച്ചു ദിവസം ഇവരുടെ സംഭാഷണം ഇങ്ങനെ നടന്നു കൊണ്ടി

രുന്നു.

ഞാൻ ചോദിച്ചു, ഇപ്പോഴെന്താണ് അവസ്ഥ?

-തമാശകേൾക്ക്, അരുണിനൊന്നും അറിഞ്ഞു കൂടല്ലോ! ഓപ്പറേററുടെ കാര്യം അവന് ചിന്തിക്കാൻ കൂടി സാധ്യമല്ലായിരുന്നു. ടെലഫോൺ രഹസ്യത്തിൽ അവനങ്ങനെ മുങ്ങി മുങ്ങി വരികയായിരുന്നു. ഒരു ദിവസം ഈ ടെലഫോൺ സംസാരത്തിനിടക്ക് ഞാനവിടെ കയറിച്ചെന്നു. അരുൺ എന്നോട് എല്ലാം തുറന്നുപറഞ്ഞു, എന്നിട്ടൊരു ചോദ്യം, ഇപ്പോൾ എന്തു ചെയ്യാനാണാശനേ? മാലതി നിന്റെ പഴയ കൂട്ടുകാരിയാണ് അല്ലേ? പോയി അവളെ ക്കാണ്, ഞാൻ പറഞ്ഞു. അരുൺ ദീർഘനിശ്വാസം വിട്ടു കൊണ്ട് പറഞ്ഞു, ഞാൻ മാലതി എന്നൊരു സാധനത്തെ ജീവിതത്തിൽ കണ്ടിട്ടില്ല. ഞാൻ മാലതിയുടെ കാര്യം ഉണ്ടാക്കിപ്പറഞ്ഞു, ഉടനെ ടെലിഫോണിന്റെ അങ്ങേ അറ്റത്തുള്ള പെണ്ണ് മാലതി ചമഞ്ഞു. ഇങ്ങനെ എന്നോട് എന്നും തമാശ കാണിക്കാനായിട്ട് ഏതു പെണ്ണിനാണിത്ര തിടുക്കം?

ഞാൻ ചോദിച്ചു, അല്ല, അരുണിന്റെ സ്വന്തം ഭാര്യയുടെ പണിയാണോ?

- ഏയ്, ആ കാര്യം പരിശോധിച്ചുകഴിഞ്ഞിരുന്നു. ഒരു ദിവസം അരുണിന്റെ ഭാര്യ ബന്ധക്കാരുടെ കൂടെ മാറ്റിനിക്ക് പോയിരുന്നു. അന്നും ഈ ടെലഫോൺ വന്നിരുന്നു. ഇത്ര കാലം കഴിഞ്ഞ് കാര്യം വെറുമൊരു തമാശയായി കാണാൻ പറ്റുന്നില്ല; കാരണം പെണ്ണിന്റെ സ്വരത്തിൽ മൃദുവായ ചില മാറ്റങ്ങൾ. പരിചയമുള്ള ഒരു പെണ്ണിനെയും അരുൺ സംശയിച്ചിരുന്നില്ല. പക്ഷേ എനിക്കാ ടെലഫോൺ ഓപ്പറേറ്ററുടെ കാര്യം പെട്ടെന്നോർമ്മ വന്നു. അരുണിന്റെ ഓഫീസിൽ രണ്ടു പേരാണ് ടെലഫോൺ ഓപ്പറേറ്റർമാർ. ഷിഫ്റ്റ് ഡ്യൂട്ടിയാണ്. ഇവരിൽ ആരായിരിക്കും? ഒരാൾ ഒരു കറുത്ത ഭൂതം, മറ്റവൾ വെളുത്ത് മെലിഞ്ഞ്... കറുത്ത തടിച്ചിയാവനാണ് കൂടുതൽ സാദ്ധ്യത. മേഘങ്ങളുടെ പിന്നിലുള്ള ഒളിച്ചുകളി അവർക്കാണല്ലോ ആവശ്യം. ഒരു ദിവസം കയ്യോടെ പിടികൂടി. വാ, എത്തിക്കഴിഞ്ഞു. അവിനാശിന്റെ അടുത്ത് പോകുന്നതിനു മുമ്പ് ഒരു റൗണ്ട് ആയിക്കളയാം.

വർത്തമാനം പറഞ്ഞുപറഞ്ഞ് ഞങ്ങൾ വെല്ലിങ്ങ്ടണിൽ

നിന്ന് നടന്നുനടന്ന് ധർമ്മതലവരെ എത്തി. മഴകൊണ്ട് ഇപ്പോൾ ശരീരം മുഴുവൻ നനഞ്ഞിരിക്കുന്നു. അവിനാശിൻെറ ഓഫീസ് ബൻടിക് സ്ട്രീറ്റിലാണ്, ഇനിയും അത്രയും നടക്കണം. സുവിമലിനോട് പറഞ്ഞു, എൻെറ കൈയിൽ അധികം പൈസയില്ലെടോ.

– നടക്ക്, എൻെറ കയ്യിൽ പത്തു രൂപയുണ്ട്. നിൻെറ കയ്യിൽ ഒന്നുമുണ്ടാവില്ലേ? ഇനി ഒരു കാര്യം ചെയ്താൽ മതിയല്ലോ? ഇത്ര നേരവും ഈ ബുദ്ധി തോന്നാഞ്ഞതെന്താണ്? നിൻെറ തലയിൽ ബുദ്ധി തീരെ കളിയാടാറില്ല. അവിനാശിൻെറ ഓഫീസുവരെ പോകേണ്ട ആവശ്യമെന്താണ്? അവനെ ടെലഫോൺ ചെയ്ത് ഇവിടെ വരുത്തിയാൽ തീർന്നല്ലോ!

ടെലഫോണിൽ അവിനാശിനെ കിട്ടി. ഞങ്ങൾ രണ്ടുപേരും ചെറിയ മട്ടിലുള്ള ഒരു ബാറിൽ കേറിക്കൂടി. ബെയറർക്ക് എങ്ങനെയെങ്കിലും ടിപ്സ് കൊടുക്കാതെ കഴിയണം, അതുകൊണ്ട് സുവിമൽ തന്നത്താൻ കൗണ്ടറിൽ നിന്ന് രണ്ടു ഗ്ലാസ് വിസ്കിയും സോഡയുമായി ടേബിളിൽ വന്നു. പിന്നെ എൻെറ കണ്ണുകളിലേക്ക് നോക്കിപ്പറഞ്ഞു, ആഹാ, ദേഷ്യപ്പെടുന്നതെന്തിനാണ്? മനപ്പൂർവ്വമാണ് സോഡ കൂടുതൽ ഒഴിച്ചുകൊണ്ടുവന്നത്. ഇതെല്ലാം ഇപ്പോൾ തന്നെ കുറേശ്ശെ കുറേശ്ശെയായി പഠിക്ക്. ദിവസത്തെ ആദ്യ പെഗ് ധാരാളം സോഡ കൂട്ടിക്കഴിക്കണം, വളരെ പതുക്കെ പതുക്കെ. പിന്നെ രാത്രിയാകും തോറും എന്തു വേണമെങ്കിൽ ചെയ്തോ.

ഒന്നുമോന്തിയതും എൻെറ മനസ്സ് പെട്ടെന്ന് വല്ലാതായി. സുവിമലിനോടു നുണ പറഞ്ഞതായിരുന്നു. സത്യത്തിൽ എൻെറ പോക്കറ്റിൽ ധാരാളം പണമുണ്ട്. ഇന്നലത്തെ കുപ്പായം തന്നെ മേലിട്ടാണ് ഇന്ന് വന്നത്. ഇന്നലെ വൈകുന്നേരം കിട്ടിയ കുറേ പണം പോക്കറ്റിൽ തന്നെയുണ്ട്. സുവിമലിൻെറ കൂടെ ഇതാ ഈ തുടങ്ങിയത്, ഇന്ന് എവിടെയാണ് അവസാനിക്കുക എന്നറിയില്ല. എങ്ങനെയും ഇന്ന് രക്ഷപ്പെടണമെന്ന് കരുതിയതാണ്. ഇന്ന് സാധാരണ മനുഷ്യരെപ്പോലെ മൂന്നു നല്ല കാര്യങ്ങൾ ചെയ്യണമെന്ന് നിശ്ചയിച്ചുറച്ചതായിരുന്നു, ഒറ്റക്ക് സ്വതന്ത്രനായി സന്ധ്യാസമയത്തെ കാറ്റിൽ ചുറ്റിക്കറങ്ങി കൽക്കത്തയിലെ മൂന്നു സ്ഥലങ്ങൾ

തൊട്ടു വരണം. ആദ്യമായി ആശുപത്രിയിൽ. ഇടക്കിടക്ക് ആശുപത്രിയിൽ പോയാൽ ജീവിക്കാനുള്ള മോഹം വളരെ ശക്തിയായി ഉണരും. പക്ഷേ അതുകൊണ്ട് മാത്രമല്ല, എന്റെ മുത്തച്ഛൻ ആശുപത്രയിലാണ്. എട്ടുകൊല്ലമായി അങ്ങേരെ കണ്ടിട്ടില്ല. അവസാനമായി ഒരു നോക്ക് അങ്ങേരെക്കാണാൻ വലിയ ആഗ്രഹമുണ്ട്. പക്ഷേ ഇന്ന് എനിക്കിനി മുക്തി യില്ല. ആദ്യത്തെ മോന്തലോടുകൂടിത്തന്നെ എനിക്കതു മനസ്സിലായി.

സുവിമൽ ചോദിച്ചു, എന്തെടോ പെട്ടെന്ന് ഒരുമാതിരി മൗനിയായത്?

ഞാൻ മുഖമുയർത്തിപ്പറഞ്ഞു, ശേഖറിന്റെ കാര്യം ചിന്തി ക്കയാണ്, എവിടെപ്പോയി പഹയൻ!

എവിടെയെങ്കിലും പമ്മിയിരിപ്പുണ്ടാവും. എനിക്കെ ന്താണ് തോന്നുന്നതെന്നറിയാമോ? ശേഖർ ആ മൃച്ഛകടികം നാടകത്തിലെ മനുഷ്യനെപ്പോലെ, എന്താണ് ആ കഥാപാത്ര ത്തിന്റെ പേര്? വസന്തസേനയുടെ കാമുകൻ?

– ചാരുദത്തൻ

– അതെ, ആ ചാരുദത്തനെപ്പോലെ ചൂതുകളിയിൽ സർവ്വ സ്വവും നശിച്ച് എവിടെയെങ്കിലും തന്നെത്തന്നെ വിറ്റുകാണും.

– ധാരാളം കാശുവച്ചു കളിക്കാറുണ്ട് ഈയിടെ എന്നു തോന്നുന്നു?

– അവൻ ഏതെങ്കിലും ലഹരിയിലായാൽ അറിയാമായി രുന്നു സംഗതി. ഇപ്പോഴാകട്ടെ മദ്യം വേണ്ട. ചൂതുകളിയുടെ ലഹരി മാത്രം മതി. പന്തയത്തിൽ തോല്ക്കാനുള്ള ലഹരി. ജയിച്ചാൽ അവന് സന്തോഷമുണ്ടാകാറില്ല, തോൽവിയിലാണ വന് ഉത്തേജനം. ശേഖറിനെ വിട്, ആ അരുണിന്റെ കാര്യം കേൾക്ക്.

അതെ, അതെ, ഏത് ഓപ്പറേറ്ററാണ്? കറുത്ത തടിച്ചിയോ അതോ ഒത്ത വെളുത്തവളോ?

– കാര്യം കേൾക്കെടോ. ഒരു ദിവസം ഞാനവന്റെ മേശ യുടെ എതിർവശത്ത് മിണ്ടാതെ ഇരിക്കുന്നു. ആ സമയത്ത് ടെലഫോണിൽ വീണ്ടും ആ വ്യാജമാലതി. കുറച്ചിട സംഭാ ഷണം നടന്നതിനുശേഷം ഞാൻ അരുണിന്റെ കയ്യിൽ നിന്നും ടെലഫോൺ വാങ്ങി. ഹും, ഹും, മൂളി തുടർന്നുകൊ

ണ്ടിരുന്നു. അരുണാകട്ടെ പി.ബി. എക്സ് വച്ച മുറിയിലേക്ക് ഒറ്റക്കുതിപ്പ്. കയ്യോടെ പിടികൂടി. ആ വെളുത്ത ഒതുക്കമുള്ള പെണ്ണ്. പിന്നീട് പക്ഷേ ഒരത്ഭുതസംഭവം നടന്നു. പെണ്ണ് തമാശയൊന്നും കാണിച്ചതല്ല. കിലുകിലെ ചിരിച്ച് എഴുന്നേല്ക്കുന്നതിനുപകരം ലജ്ജകൊണ്ട് തല കുനിച്ചിരുന്നു. അരുണിനോട് പിന്നെ സംസാരിക്കാനേ ഇഷ്ടപ്പെട്ടില്ല. മുഖത്തിന്റെ നിറം മഞ്ഞളിച്ചു. കുറെശ്ശേ വിറയ്ക്കാൻ തുടങ്ങി പെണ്ണ്, അരുണിനോടു പറഞ്ഞു, എന്നോടു ക്ഷമിക്കൂ, ഈ മുറിയിൽ നില്ക്കരുത്, പ്ലീസ്, എനിക്കു തെറ്റുപറ്റിപ്പോയി. അരുൺ ആശ്ചര്യപ്പെട്ടു തിരിച്ചുപോന്നു. ഇവിടെ ഞാൻ ടെലഫോൺ കയ്യിൽ വച്ചിരുന്ന ആ സമയത്ത് പെണ്ണു പറയുകയായിരുന്നു, ഇനിയും എനിക്കു സഹിക്കാനാവില്ല, അരുൺ. ഇത് ഞാൻ അവസാനമായി പറയുകയാണ്, നിങ്ങൾ എന്നെ തട്ടിമാറ്റുകയാണെങ്കിൽ ഞാനെവിടെ ചെന്നെത്തുമെന്ന് എനിക്കു തന്നെ നിശ്ചയമില്ല. സത്യം, ആ സ്വരത്തിൽ തമാശയില്ല, കേട്ടപ്പോൾ എന്റെ ശരീരം രോമാഞ്ചം കൊണ്ടു.

– പെണ്ണിന്റെ പേരെന്താണ്?

– സാവിത്രി, സാവിത്രി ഹാൽദാർ. റഫ്യൂജിപ്പെണ്ണാണ്, പണിയെടുത്ത് ഒരു വലിയ കുടുംബം പോറ്റുന്നു. പക്ഷേ പെണ്ണ് തനി ടെലഫോൺ ഓപ്പറേറ്ററുടെ ടൈപ്പല്ല, മുഖത്തിന് മറ്റൊരു തരത്തിലുള്ള ലാവണ്യമുണ്ട്. കാണുമ്പോൾ തോന്നും വളരെ ദൂരത്തേക്ക് നോക്കിയിരിക്കയാണെന്ന്. അഥവാ, അടുത്തിരുന്നും വളരെ ദൂരെയുള്ളതെന്തോ നോക്കയാണെന്ന്.

– വീണ്ടും ഒരു റൗണ്ടിന് ഓഡർ കൊടുക്ക്, ഗ്ലാസ് കാലിയാണ്. എഴുന്നേല്ക്കണ്ട, ബെയററോട് പറഞ്ഞാൽ മതി.

– നിനക്കിനി സോഡ വേണോ?

– വേണ്ട.

– പെണ്ണിനെ ഓഫീസിൽ എല്ലാവരും ശല്യപ്പെടുത്താറുണ്ട്. അല്പം സൗകര്യം കിട്ടിയാലും മദ്ധ്യവയസ്ക്കരായ ഓഫീസർമാരുടെ ആംഗ്യ സൂചനകൾ, ചെറുപ്പക്കാർ ഗുമസ്തന്മാർ വേറേയുമുണ്ട്– നീ ഇന്ന് നിന്റെ ഓപ്പറേറ്ററുടെ അടുത്ത് പെരുമാറിയപോലെ...

– ഞാൻ ഒന്നും ചെയ്തില്ല. ഞാൻ തമാശകാണിച്ചതാണ്.

– അതുശരി, ടെലഫോൺ ഓപ്പറേറ്ററുമായി എല്ലാവരും കളിപറയാറേയുള്ളൂ. ആ കളി പറയലാകട്ടെ സൂത്രത്തിൽ രസിക്കാനുള്ള ഉപായവും, അല്ലാതൊന്നുമല്ല. പെണ്ണിന്റെ ഡ്യൂട്ടി തീരുന്നത് ആറരക്കാണ്. ഞാനും അരുണും വഴിയുടെ തിരിവിൽ നില്ക്കുന്നുണ്ടായിരുന്നു. ഞാനല്പമകലെയായിരുന്നു. അരുൺ സംസാരിക്കാൻ പോയി. പെണ്ണിന് ലജ്ജയുടെ അസ്വാസ്ഥ്യം കൊണ്ട് ഒന്നും സംസാരിക്കാനേ കഴിഞ്ഞില്ല. ഒന്നുമാത്രം പറഞ്ഞു, എന്നോടു ക്ഷമിക്കൂ. എന്നോടു ക്ഷമിക്കൂ. എനിക്കെത്രമാത്രം പാവം തോന്നിയേന്നോ? എന്റെ ഹൃദയം വിങ്ങിപ്പൊട്ടാൻ തുടങ്ങി, പെണ്ണിനെ എനിക്കു തന്നെയങ്ങോട്ടുകെട്ടാനുള്ള ആഗ്രഹം തോന്നി.

– നീ, നീ വീണ്ടുമെങ്ങനെ ഇതിനിടക്കുവന്നു.

– കൊള്ളാം, അരുൺ കല്യാണം കഴിച്ചകാര്യം പെണ്ണിനറിയില്ലല്ലോ! അരുണിന്റെ ചുവന്നു തുടുത്ത മുഖവും തണുത്ത സ്വഭാവവും കണ്ട് പെണ്ണ് അരുണുമായി പ്രേമത്തിൽ വീണതാണ്. എന്നു കരുതി പെണ്ണിനെ സർവ്വനാശത്തിനുവിടുന്നത് ശരിയല്ലല്ലോ? അതുകൊണ്ട് ഞാൻ കെട്ടിയാൽ–

– പെണ്ണു പ്രേമിക്കുന്നത് അരുണിനെ, പെട്ടെന്ന് നിന്നെ കെട്ടുന്നതെന്തിന്? അതുവിട്. പെണ്ണ് അരുണിനെ പ്രേമിക്കുന്നു എന്നറിഞ്ഞും നീയവളെ കെട്ടുന്നതെങ്ങനെ?

– അരുണിനെ പ്രേമിച്ചെന്നുകരുതി പിന്നീടവൾക്കെന്നെ പ്രേമിച്ചു കൂടെന്നുണ്ടോ? ഞാനും ഇതിനുമുമ്പു പതിനേഴുപെണ്ണുങ്ങളെ പ്രേമിച്ചിട്ടുണ്ടല്ലോ. എന്നു കരുതി ഇനി ആരെയും പാടില്ലേ? ഞാൻ ആ ദിവസം തന്നെ പെണ്ണിനെ അവിശ്വസനീയമായ രീതിയിൽ പ്രേമിക്കാൻ തുടങ്ങി. സാവിത്രി, ആ പേരോർത്താൽ എന്റെ നെഞ്ചിൽ ഇപ്പോൾ കുറേശ്ശെ വേദന തുടങ്ങും. ഇതിന്റെ പേരാണല്ലോ പ്രേമം, അങ്ങനെയല്ലേ?

– ആർക്കറിയാം, എന്തോ ആവട്ടെ, നീ പെണ്ണിന്റെ അടുത്ത് കല്യാണക്കാര്യം സംസാരിച്ചോ?

– ഇല്ല, സാവിത്രി എന്നെ അറിയുകപോലുമില്ല. അരുൺ എങ്ങാനും എനിക്കുപരിചയപ്പെടുത്തിത്തന്നിരുന്നെങ്കിൽ, ഞാൻ സാവിത്രിയുടെ അടുത്ത് നിരുപാധികമായി ആത്മസമർപ്പണം നടത്തുമായിരുന്നു. ആഹാ, ടെലിഫോണിലെ അവളുടെ ആ കരുണാർദ്രമായ ശബ്ദം ഇപ്പോഴും എന്റെ ചെവി

യിൽ മുഴുങ്ങുന്നു. നീ എന്നെ തള്ളിമാറ്റുകയാണെങ്കിൽ ഞാനെവിടെ ചെന്നെത്തുമെന്ന് എനിക്കു നിശ്ചയമില്ല. എനിക്കുതോന്നുന്നു, നദിയുടെ ഒഴുക്കിൽ പൊങ്ങിക്കിടക്കുന്ന ആ പെണ്ണിൻെറ മൃദുലമായ കരങ്ങൾ എനിക്കുതന്നെ പിടിക്കേണ്ടതായി വരും. ഞാൻ അരുണിനോട് എല്ലാം പറഞ്ഞു. അവൻ എന്താണ് ചെയ്തതെന്നറിയാമോ? അരുൺ മഹാക്ക്ച്ചറയാണ്. ഡോഗ്ഇൻദ മാൻജർ എന്നു പറയാറുണ്ടല്ലോ, അതാണ്. എൻെറ സംസാരം കേട്ട് അരുൺ ദേഷ്യപ്പെട്ട് പറഞ്ഞു, ഇനിയൊരിക്കലും ഞാൻ അവൻെറ ഓഫീസിൽ ചെല്ലരുതെന്ന്. ഞാൻ എന്നെങ്കിലും ചെന്നാൽ അവൻ കാവൽക്കാരനെവിട്ട് എന്നെ പുറത്താക്കുമെന്ന്...

- അരുണിനെ അധികം കുറ്റപ്പെടുത്താൻ പറ്റില്ല. നിന്നെ എങ്ങനെ വിശ്വസിക്കാൻ-

- എന്തുകൊണ്ട് പറ്റില്ല? ഒരു മുഹൂർത്തം കൊണ്ട് മനുഷ്യൻെറ ജീവിതത്തിന് മാറ്റം വരുന്നില്ലേ, ഞാൻ ആ ദിവസം, ആ ഒരു മുഹൂർത്തത്തിൽ-

- അതെ ഒരു മുഹൂർത്തംകൊണ്ടും മാറായേക്കാം. പക്ഷേ ഏതു മുഹൂർത്തം? ആ മുഹൂർത്തത്തെ തിരിച്ചറിയാനാണ് വിഷമം. നിൻെറ ഇതിനു മുമ്പത്തെ പതിനേഴുപ്രാവശ്യം-

- ആ, ഞാനും മനസ്സിലാക്കുന്നു. ഈ മുഹൂർത്തമാണ് റിയൽ എന്നു കരുതി അരുൺ എന്നെ അവൻെറ ഓഫീസിൽ ചെല്ലുന്നത് വിലക്കാമോ? ഇത് ഒരു അൽപ്പത്തരമല്ലേ?

സുവിമൽ ഒറ്റ വലിക്ക് മുഴുവൻ ഗ്ലാസും തീർത്ത് പടാ എന്നു മേശപ്പുറത്തുവച്ചു. ഗ്ലാസ് തീരെ ഉപയോഗിച്ചിട്ടില്ലെന്ന മട്ടിൽ ചുണ്ടുകൾ അല്പം കോട്ടി. തലമുടിയിലൂടെ ചീർപ്പു കൊണ്ടെന്നപോലെ വിരലുകൾ ഓടിച്ചുകൊണ്ടു സുവിമൽ പറഞ്ഞു, അടുത്ത റൗണ്ട് നിൻേറതാകട്ടെ.

സുവിമലിനെ കണ്ടാൽ തോന്നും അവന് ശരിക്കും മുറിവു പറ്റിയിട്ടുണ്ടെന്ന്. എന്തിനായിരിക്കണം? അരുൺ അവനെ അപമാനിച്ചു എന്നതോ, അല്ല സാവിത്രയുമായി അവന് പരിചയപ്പെടാൻ കഴിഞ്ഞില്ല എന്നതോ? ഞാൻ ശബ്ദം താഴ്ത്തിപ്പറഞ്ഞു, സുവിമൽ നീയിനി എത്രകാലം ഉച്ചനേരത്ത് സുഹൃത്തുക്കളുടെ ഓഫീസിൽ ചുറ്റിക്കറങ്ങും, നിനക്കീപണി നന്നായി തോന്നുന്നുണ്ടോ?

ക്ഷീണിച്ചുതളർന്നപോലെ സുവിമൽ പറഞ്ഞു, എന്തു ചെയ്യാം? ഉച്ചക്ക് വീട്ടിൽ ഇരിക്കാൻ ഒട്ടും മനസ്സുവരുന്നില്ല. ഒറ്റക്കിരിക്കുമ്പോൾ തലയിലത്രയും രാജ്യത്തെക്കുറിച്ചുള്ള ദുശ്ചിന്തകൾ കടന്നുവരുന്നു. ശരീരം കേടുവന്നു പോകുന്നു.

– പക്ഷേ ദിവസവും സുഹൃത്തുക്കളുടെ ആഫീസിൽവന്ന് വെടിപറയാൻ, മടുപ്പുതോന്നുന്നില്ലേ നിനക്ക്? എന്തെങ്കിലും പണിയോ കിണിയോ കണ്ടുപിടിക്ക്.

– ആരു തരും?

– അവിനാശിനോട് പറഞ്ഞു നോക്ക്, അവനാണെങ്കിൽ ധാരാളം–

– വിട്, വിട്– അവിനാശ് പണിതരുമെന്നോ. എന്നിട്ട് അതുമായി ഞാൻ ജീവിക്കണമെന്നോ? നിനക്കറിയാമോ. നാട്ടിലായിരുന്നപ്പോൾ അവിനാശ് കുടുംബം ഞങ്ങളുടെ അടിയാന്മാരായിരുന്നു. അവിനാശിന്റെ തന്ത എന്റെ മുത്തച്ഛന്റെ അടുത്ത് എന്നും കാലത്ത് വന്ന് 'റാൻ' മൂളുമായിരുന്നു.

– ആ വീമ്പടി നിർത്ത്, കിഴക്കൻ ബംഗാളിൽനിന്ന് ആരെല്ലാം വന്നോ എല്ലാവരും മുമ്പ് ഓരോരോ ജമീന്ദാർ ആയിരുന്നു– ഈ വിടലെല്ലാം കുറെക്കേട്ടതാണ്, ഇപ്പോഴതെല്ലാം മറന്ന്–

– നിനക്ക് വിശ്വാസം വരുന്നില്ല അല്ലേ? നിങ്ങൾ എവിടുത്തുകാരാണ്?

– ഞാനും ഈസ്റ്റ് ബംഗാളിൽ നിന്നാണ്. പക്ഷേ എന്റെ മുത്തച്ഛൻ സംസ്കൃതപാഠശാലയിലെ പണ്ഡിറ്റ് ആയിരുന്നു. ഞങ്ങൾ മരക്കുടിലിലാണ് താമസിച്ചിരുന്നത് സഹോദരാ. ഇപ്പോൾ കൽക്കത്തയിൽ രണ്ടു നിലയുള്ള കെട്ടിടത്തിൽ താമസിക്കുന്നു. ഞാൻ ചീത്തയല്ല. പോട്ടെ, അവിനാശിനോട് പറ്റില്ല എന്നുണ്ടെങ്കിൽ മറ്റെവിടെയെങ്കിലും പണികണ്ടെത്ത്.

– നൂറ്റിഇരുപത്തിമൂന്നു സ്ഥലങ്ങളിൽ ഇതുവരെയായി അപ്ലിക്കേഷൻ അയച്ചിട്ടുണ്ട്. പതിനേഴിടങ്ങളിൽനിന്ന് ഇന്റർവ്യൂവിന് വിളിച്ചിരുന്നു. അതിന്റെ കൂട്ടത്തിൽ ഒരു സ്ഥലത്തു മാത്രം അപ്പോയ്ൻമെന്റ് കിട്ടി. നൂറ്റിപതിനേഴുരൂപാ ശമ്പളത്തിൽ – അതിനുശേഷം ആ കടുംകൈ ചെയ്യാറില്ല. ഇതിനേക്കാൾ എഞ്ചിനീയറിങ്ങോ കിഞ്ചിനീയറീങ്ങോ വല്ലതും പഠിച്ചിരുന്നെങ്കിൽ കാര്യമുണ്ടായിരുന്നു. സാഹിത്യം, ദർശനം,

ചരിത്രം ഇതെന്നും ഇനി നാട്ടിന് ആവശ്യമില്ല.

– എവിടെയെങ്കിലും സ്ക്കൂൾ ടീച്ചറായി ശ്രമിച്ചു നോക്കാമല്ലോ.

– കുഗ്രാമത്തിൽ പോയോ, പറ്റില്ല. അതുമല്ല ചെറിയ കുട്ടികളെ പഠിക്കാൻ എന്നാലാവില്ല. മറ്റൊരു ജോലിയും കിട്ടിയില്ലെന്നുകരുതി അവസാനംവരെ പഠിപ്പിക്കൽ. അതിൻെറ അർത്ഥം ക്ലാസിൽ ചെന്ന് മേശപ്പുറത്ത് കാലുകേറ്റിയിരുന്ന് ഡഫോഡിലിൻെറ സബ്സ്ററൻസ് എഴുതിയാട്ടേ കുട്ടീ എന്ന് പറഞ്ഞ് ഉറങ്ങൽ. എന്നെക്കൊണ്ട് അതൊന്നും പറ്റില്ല. എനിക്ക് മനസ്സുവച്ചുപഠിപ്പിക്കാനും പറ്റില്ല, ഉഴപ്പാനും പറ്റില്ല. അങ്ങനെ വന്നാൽ–

– മനസ്സുവച്ച് പഠിപ്പിക്കാൻ പറ്റാത്തതെന്തുകൊണ്ടാണ്?

– നീയെന്നെ വിചാരണ ചെയ്യുന്നതെന്തിനാണളിയാ? കൊടുക്ക്. ഒരു റൗണ്ടിനുംകൂടി ഓർഡർ കൊടുക്ക്. നീയളിയാ പെങ്ങളുടെ ഭർത്താവിൻെറ ബലംകൊണ്ട് ജോലി തരപ്പെടുത്തി, ഓഫീസിൽ പോയി പത്രാസ് മാത്രം കാണിക്കുന്നു. എല്ലാവർക്കും എല്ലാ കാര്യവും പറ്റില്ല. എന്നെക്കൊണ്ട് പഠിപ്പിക്കാനും കിഠിപ്പിക്കാനുമൊന്നുമാവില്ല. മനുഷ്യരെ എനിക്ക് ഒന്നും പഠിപ്പിക്കാനില്ല. നിനക്കാകട്ടെ നല്ല ജോലി കിട്ടി, എന്നിട്ടും പണിയെടുക്കാത്തതെന്താണ്?

– ഞാൻ പണിയെടുക്കുന്നില്ല, അതിൻെറ കാരണം പണിയില്ല എന്നതുതന്നെ. ഓഫീസിലെ മറ്റാൾക്കാർ ദിവസം മുഴുവൻ ടേബിളിലിരുന്നു ഫയൽ മാറ്റിമറിക്കുന്ന ആ പണിയുണ്ടല്ലോ, അത് വാസ്തവത്തിൽ ഒരു മണിക്കൂറുകൊണ്ട് തീർക്കാനേയുള്ളൂ. ഇതിനുമുമ്പ് ഞാൻ ഗവർമെൻറ് ഓഫീസിൽ ഗുമസ്തനായിരുന്നു. അവിടെയും ഒരു പണിയുമില്ല. ഈരേഴുപതിനാലിന് നാല് എന്നെഴുതി കൈയിൽ പെൻസിലുമായി ഇരിക്കുക. ശ്രദ്ധിച്ച് നോക്ക്, നാടുമുഴുവൻ മുടിഞ്ഞിരിക്കയാണ്. വാസ്തവത്തിൽ ഇപ്പോൾ എല്ലാ ദിവസവും ഭാരത് ബന്താണ്. പണിയുണ്ടോ കിണിയുണ്ടോ എന്ന കാര്യമൊന്നും ചിന്തിക്കേണ്ട. എങ്ങനെയെങ്കിലും ഒരു തൊഴിൽ കണ്ടെത്ത്,– പണം ആവശ്യമാണല്ലോ? എല്ലാവരും പണിയെടുക്കാതെ കാശുവാങ്ങുന്നു. നീ മാത്രം വാങ്ങാതിരിക്കുന്നതെന്തിന്?

സുവിമൽ ദീർഘനിശ്വാസം വിട്ടു പറഞ്ഞു, പണിയും കിണിയുമൊന്നും ഇനി കിട്ടില്ല. കവിത എഴുതുന്നതു നിർത്തി. ഇനി മുതൽ നോവലോ കീവലോ എഴുതാൻ തുടങ്ങണം എന്നു തോന്നുന്നു.

ഞാൻ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു, അതുകൊണ്ട് എല്ലാം പരിഹരിക്കപ്പെടുമോ, എത്ര മാത്രം ആൾക്കാരാണ് നോവലെഴുതുന്നത്? ഒരു നോവലെഴുതി നിനക്ക് രണ്ടു ദിവസത്തിനകം തുരുപ്പടിക്കാൻ പറ്റുമോ? പറ്റുമോ നിനക്ക് വിമൽ മിത്രയെപ്പോലെ നോവലെഴുതാൻ...

ഈ സമയത്ത് വാതിലിനരികെ അവിനാശിൻെറ നീണ്ട ശരീരം ദൃഷ്ടിയിൽപ്പെട്ടു. വിലപിടിച്ച ഒരു കോട്ട് സംഘടിപ്പിച്ചിട്ടുണ്ട്. അങ്ങോട്ടുമിങ്ങോട്ടും കഴുത്തു തിരിച്ച് ഞങ്ങളെ തിരയുകയാണ്. കണ്ടപ്പോൾ ബെയററിക്ക് ഓർഡർ കൊടുത്തിട്ട് വന്നു ടേബിളിൽ ഇരുന്നു. സുവിമൽ അന്വേഷിച്ചു, എന്തെടോ ഇത്ര താമസം? ഞാൻ പറഞ്ഞു, അവിനാശ് നീ ശേഖറിൻെറ കാര്യം അറിഞ്ഞോ?

– എന്തുണ്ടായി, ശേഖറിന് എന്തുപറ്റി?

– ഇന്നലെ രാത്രി മുതൽ വീട്ടിൽ വന്നിട്ടില്ല.

– പോയിത്തുലയട്ടെ, വീട്ടിൽ തിരിച്ചെത്തിയില്ലപോലും. അവന് വീടിൻെറ വല്ല കമ്മിയുമുണ്ടോ? വാ, ഇപ്പോൾത്തന്നെ വേഗം പുറത്തുകടക്കണം. ഒന്ന് ബാരിൻ ചേട്ടൻെറ സ്ഥലം വരെ പോണം.

സുവിമൽ പറഞ്ഞു, ഞാൻ ബാരിൻ ചേട്ടൻെറ അവിടെ പോവില്ല, എനിക്കത് ഇഷ്ടമല്ല.

– നടക്കെടോ, ഇന്നൊരു അടിപിടി ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

– അടിപിടിക്കൊന്നും ഞാനില്ല.

– നീ എൻെറ കൂടെ നില്ക്കും, സുനിലും ഉണ്ടാവും പരീക്ഷിത്ത് വരും. പേടിയെന്തിന്? ഇന്ന് ബാരിൻ ചേട്ടനെ ഒരു പാഠം പഠിപ്പിക്കണം.

ഞാൻ പറഞ്ഞു, എന്നാലും ശേഖറിൻെറ കാര്യം ഒന്നു തിരക്കേണ്ടതാവശ്യമാണ്, അവൻെറ അനിയൻ വന്നിരുന്നു കാലത്ത്. എവിടെ പോയിരിക്കാം അവൻ?

അവിനാശ് രൂക്ഷസ്വരത്തിൽ പറഞ്ഞു, നീ ശേഖറിനെ

എവിടെത്തിരയും? അവന് ഏതെങ്കിലും സ്ഥലം സ്ഥിരമായുണ്ടോ? നടക്ക്, ബാറിൻ ചേട്ടൻെറ അവിടെ അഥവാ കണ്ടെത്തുകയാണെങ്കിൽ...

ഞങ്ങൾ കയറിയ സമയത്ത് ബാറിൽ ആൾത്തിരക്കില്ലായിരുന്നു. ഇരുട്ടു തുടങ്ങിയതോടെ ഇപ്പോൾ തള്ളിക്കേറാൻ തുടങ്ങിയിരിക്കുന്നു. മൂലയിലെ മേശയിൽ ഒരു ഭീമാകാരൻ കുടിച്ചു പിമ്പിരികൊണ്ട് കുട്ടിയുടേതെന്നു തോന്നാവുന്നശബ്ദത്തിൽ പാട്ടുപാടുകയാണ്. ഇടക്കിടക്ക്, ആ മനുഷ്യൻ അലറിക്കൊണ്ടു പറയുന്നു, പഞ്ചാബിലെ സിംഹം, യുനോഹൂ വാസ് മൈ ഫാദർ, പഞ്ചാബിലെ സിംഹം, ഹിന്ദുസ്ഥാനിലെ ബുൾബുൾ, മൈ ഫാദർ വാസ് കെ.എൽ. സൈഗൾ. സിംഹത്തിൻെറ കുട്ടിസിംഹം. ഇതിനുശേഷം അയാൾ പടാപടാ എന്ന് നെഞ്ചത്തടിച്ചു ശബ്ദമുണ്ടാക്കും. വിദ്വാനെ വളരെക്കാലമായി അറിയും. കുറച്ചു കഴിഞ്ഞാൽ ഈ സിംഹത്തിൻെറ കുട്ടിയെ കുറുക്കൻമാരുടെ കൂട്ടമെന്നപോലെ ബെയറർമാർ എല്ലാവരും കൂടി ഉന്തിയുന്തി വാതിലിൽക്കൂടി പുറത്താക്കും. ഒരു ഗ്ലാസുടയുന്ന ചിലിം ചിലിം ശബ്ദത്തോടൊപ്പം തന്നെ മറ്റൊരു ദിക്കിൽ നിന്നും ഭാരിച്ച തൊണ്ടയിൽ ഹ്,ഹ്, എന്ന ചിരി.

പുറത്തു മഴ തോർന്നിരുന്നു. പക്ഷെ കാറ്റിൽ ഇപ്പോഴും വെള്ളത്തിൻെറ മൃദുവായ തുള്ളികൾ തങ്ങിനിന്നിരുന്നു. ഏതോ കാര്യം പ്രമാണിച്ച് ഒരു നീണ്ട ഘോഷയാത്ര ഇറങ്ങിയിരിക്കുന്നു. ട്രാം, ബസ് എല്ലാം വഴിയിൽ തങ്ങിനില്ക്കുന്നു. ഇപ്പോൾ ടാക്സി കിട്ടുവാൻ സാദ്ധ്യതയില്ല. നനഞ്ഞ നിരത്തിൽ കൂടി സപ്, സപ്, എന്ന ശബ്ദത്തോടെഘോഷയാത്രയായി നടന്നുകൊണ്ടിരിക്കുന്ന ആൾക്കാർ ഭയങ്കരദേഷ്യത്തോടുകൂടി എന്തൊക്കെയോ മുദ്രാവാക്യങ്ങൾ വിളിക്കുന്നു. ചെവിയോർത്തു ഞാൻ കേട്ടു-വിയറ്റ്നാം. കുട്ടിക്കാലത്തേപ്പോലെ ഇന്നും എനിക്കു ഘോഷയാത്ര നോക്കിക്കൊണ്ടിരിക്കുക നല്ല രസമുള്ളകാര്യമാണ്. ഞാൻ ഒരുകാര്യം ശ്രദ്ധിച്ചിട്ടുണ്ട്. എല്ലാ ഘോഷയാത്രയിലേയും ആൾക്കാർ കാണാൻ ഒരുപോലെയാണ്. ശരിക്കും മൂന്നു പാൻറുകഴിഞ്ഞാൽ ഒരു ദോത്തി, ഒരു കുള്ളൻ ലൈൻ ശരിയാക്കാനായി ഇടക്കി

ടക്ക് ഓടിക്കൊണ്ടിരിക്കും. അതുകഴിഞ്ഞാൽ മാറുനിരപ്പായ കുറെപ്പെണ്ണുങ്ങൾ, രണ്ടുപൈജാമ, കാവിനിറം ജൂബ്ബ, എണ്ണ മയമില്ലാത്ത മുടി, അവസാനം മൂന്നുപാൻറുകാർ. ഇതാണ് എല്ലാ ജാഥയുടേയും ചിത്രം. ഇങ്ങിനെയാണ് ശരിക്കും മനുഷ്യമുഖങ്ങൾ. വിയറ്റ്നാമിന് പകരം ആഹാരമാകാം ആവശ്യം. പക്ഷേ ഒരേ ജാഥ, ശരിക്കും മൂന്നു പാൻറുകാർ കഴിഞ്ഞാൽ രണ്ടു ദോത്തിക്കാർ, നീളം കുറഞ്ഞ മനുഷ്യൻെറ ഓട്ടം. അതുകഴിഞ്ഞുവരും പൂജാബോണസ്, അല്ലെങ്കിൽ ബത്ത വർദ്ധനവിനുള്ള പ്രക്ഷോഭണം, അല്ലെങ്കിൽ പിരിച്ചു വിടൽ അനുവദിക്കുകയില്ല. അവിടേയും ഒരേ ആൾക്കാർ മൂന്നുപാൻറ് രണ്ടുദോത്തി, ഒരു കുള്ളൻ പറയും കാശ്മീർ വിടുകയില്ല. DIR റദ്ദുചെയ്യാൻ ആവശ്യപ്പെടും. ഞാനിവരെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നവനാണ്. ജാഥയിൽ നടക്കു ന്നവർക്ക് പരമസുഖമാണ്, എന്തെന്നാൽ അവർ അവകാശ ങ്ങൾ നേടിയെടുക്കുവാൻ ഇറങ്ങിയിരിക്കുന്നവരാണ്. ഇവ ർക്ക് നിശ്ചിതമായ ആശയുണ്ട്. പത്ത് അവകാശങ്ങളിൽ ഒരെണ്ണമെങ്കിലും നേടിയെടുക്കാൻ കഴിയും. എനിക്കുയാ തൊരു അവകാശവുമില്ലാത്തതുകൊണ്ട് ഞാൻ മാറിനിന്ന് ജാഥ നോക്കിക്കൊണ്ടിരിക്കുന്നു.

സുവിമൽ പറഞ്ഞു, അല്പം നിൽക്കുവിൻ, ഞാൻ ഇന്നത്തെ നല്ലകാര്യം ചെയ്തിട്ടുവരാം.

അവിനാശ് ചോദിച്ചു, എന്തുനല്ലകാര്യം?

– ദിവസവും ഓരോ നല്ലകാര്യം ചെയ്യാൻ ഞാൻ നിശ്ച യിച്ചിരിക്കയാണ്. അതുചെയ്താൽ മനസ്സ് ശുദ്ധമാകും.

സുവിമൽ ഒരു മദ്ധ്യവയസ്ക്കൻെറ അടുത്ത്ചെന്നുപ റഞ്ഞു, വരൂ- അയാൾ തിരിഞ്ഞുനോക്കിയപ്പോൾ ഞങ്ങൾ കണ്ടു അയാൾ അന്ധനാണെന്ന്. കൈയ്യിൽ വെളുത്ത ഒരു വടി. സ്വൽപം അസ്വസ്ഥനായി അയാൾ ആ വടി മണ്ണിൽ കുത്തിക്കൊണ്ടിരിക്കുന്നു. സുവിമൽ പറഞ്ഞു, നിങ്ങൾക്ക് ഈ റോഡ് കുറുകെ കടക്കണം അല്ലേ? എൻെറ കൂടെ വരൂ, ഈ നീണ്ട ജാഥ നടന്നുതീരാൻ കുറെ സമയമെടുക്കും, ഞാൻ നിങ്ങളെ മറുവശമെത്തിക്കാം.

അന്ധൻ പറഞ്ഞു, ശരിയാണ് താമസിച്ചാൽ എനിക്ക് ട്രെയിൻ കിട്ടില്ല. അന്ധന്മാരും തനിയെ ട്രെയിനിൽ സഞ്ചരി

ക്കാറുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. സുവിമൽ അയാളുടെ കൈ പിടിച്ചുകൊണ്ട് റോഡ് കടക്കാൻ തുടങ്ങി. നീണ്ട ജാഥ യിൽ നടക്കുന്ന അസംഖ്യം ജനങ്ങളുടെ ക്രോധം നിറഞ്ഞ മുറവിളിക്കിടയിലൂടെ ആ അന്ധൻ നിരത്തു കടന്നുപോയി.

ഞങ്ങൾ മൂന്നുപേർ ചൗരംഗിയിലൂടെ നടക്കാൻ തുടങ്ങി. അല്പസമയം നിശ്ശബ്ദരായി നടന്നതിനുശേഷം സുവിമൽ അവിനാശിനോടു ചോദിച്ചു, ബാറിൻ ചേട്ടനുമായി നീ വഴ ക്കിടാൻ എന്താണു കാരണം.?

അവിനാശ് രൂക്ഷസ്വരത്തിൽ പറഞ്ഞു, അയാൾ ഒരു മഹാ ചെകുത്താനാണ്. ശ്മശാനത്തിനടുത്താണ് അയാളുടെ കച്ച വടം. നിനക്കറിയാമോ ഇന്നലെ കളിക്കുമ്പോൾ-

ഞാൻ അന്യമനസ്ക്കനായി. ഇവരുടെ വർത്തമാനം കേൾ ക്കാൻ എനിക്കാഗ്രഹമില്ല. ശരീരത്തിൽ ഒരു കിരുകിരിപ്പ് അനുഭവപ്പെടുന്നു. ശരിക്കും ലഹരിയെന്നു പറഞ്ഞുകൂടാ. പക്ഷേ തലയിലേക്ക് രക്തം കൂടുതൽ പ്രവഹിച്ചുകൊണ്ടി രിക്കുന്നു. നടത്തത്തിൻെറ ശബ്ദം കൂടി വരുന്നു. നാക്ക് ഉണങ്ങിയിരിക്കുന്നു. ഇനി നിർത്താൻ പറ്റുകയില്ല. പക്ഷേ ഇന്നത്തെ സന്ധ്യ മറ്റൊരുവിധത്തിൽ ചെലവഴിക്കാൻ ആഗ്ര ഹിച്ചിരുന്നതാണ്. വിചാരിച്ചിരുന്നു-

ആദ്യം ആശുപത്രിയിൽ പോകണം. മുത്തച്ഛൻ ഇനിയും ജീവിച്ചിരിക്കയില്ല. എട്ടുകൊല്ലമായി അങ്ങേരെക്ക ണ്ടിട്ടില്ല. മുത്തച്ഛൻെറ കാര്യം ഓർക്കുമ്പോൾ കൺമുമ്പിൽ കാണുന്നു 71 വയസ്സുള്ള ഒരു നീണ്ടുനിവർന്ന ശരീരം, നെഞ്ചിൽ മുഴുവൻ വെള്ളരോമം. മുത്തച്ഛൻെറ നിറം കറുത്തതാണ്. തലയിലെ മുടി ഇപ്പോഴും കറുത്തതാണ്. എങ്കിലും നെഞ്ചിലെ രോമം മുഴുവൻ നരച്ചിരിക്കുന്നു. മുത്ത ച്ഛൻ എന്നാൽ എൻെറ കൗമാരമാണ്. അങ്ങേരുടെ കൂടെ ബഹറാംപൂരിൽ താമസിച്ചിരുന്ന കാലത്ത് പറയുമായിരുന്നു, സംസ്കൃതവും കണക്കും മനസ്സിരുത്തി പഠിച്ചോ, എങ്കിൽ ജീവിതത്തെപ്പറ്റിയാതൊരു സംശയവും വരാനിടയില്ല. ഭയ പ്പെടേണ്ട ഒരു സ്ഥലമാണ് ഈ ലോകം എന്നു തോന്നു കയില്ല. തന്നെയല്ല അറിവിലേക്ക് പ്രവേശിക്കാൻ തോന്നും, മനസ്സിലായോ കുട്ടാ.... സംസ്കൃതവും കണക്കും എനിക്കു

പഠിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണോ എനിക്കിത്രയും സംശയം?

മുത്തച്ഛൻ ഇനിയും ജീവിച്ചിരിക്കാൻ സാധ്യതയില്ല. എട്ടു വർഷമായി അങ്ങേരെക്കണ്ടിട്ട്, ഈ യൗവ്വനാവസ്ഥ യിൽ എന്റെ കൗമാരത്തിലെ ആദർശപുരുഷനെ ഒരിക്കൽ ക്കൂടി നോക്കിക്കാണാൻ അതിയായ മോഹമുണ്ട്. ഓർമ്മക ൾക്കും കുറച്ചൊക്കെ യുക്തിയുണ്ട്. മുത്തച്ഛനെ ഒരിക്ക ൽക്കൂടി കണ്ടില്ലെങ്കിൽ അങ്ങേരെക്കുറിച്ചുള്ള എന്റെ ഓർ മ്മകൾ സമ്പൂർണ്ണമാവില്ല. പക്ഷേ ഇന്നു പോകാൻ പറ്റിയില്ല. ഇനിയും കാണുവാൻ പറ്റുമോ എന്തോ? ഇന്നലെ വല്യേടത്തി യുടെ മുഖത്തുനിന്നും കേട്ടതനുസരിച്ച് അങ്ങേർക്കിനിയും ആയുസ്സില്ലെന്ന് സ്പഷ്ടമാണ്. മുത്തച്ഛൻ ഇത്രകാലവും മരുന്നിനോട് ആർത്തിയുള്ള മനുഷ്യനായിരുന്നു. സ്വന്തമായി പലവിധ മെഡിക്കൽ ജേർണ്ണൽസും വരുത്തി സ്വയം ചികിത്സ നടത്തുമായിരുന്നു. ചില്ലറ ജലദോഷമോ പനിയോ വന്നാൽ പോലും ധാരാളം മരുന്നു കഴിക്കുകയും മറ്റുള്ളവരെ കഴി പ്പിക്കുകയും ചെയ്യുമായിരുന്നു. ഹാർട്ട് അറ്റാക്കു വന്നതിനു ശേഷം കുറച്ചുദിവസം 'കോമ'യിൽ കിടന്ന് ഇപ്പോൾ ആശു പത്രിയിൽ മൂന്നുനാലുദിവസമായി ബോധം വീണ്ടുകിട്ടി കിട ക്കയാണ്. അവിടെയും മരുന്നു കൊടുക്കാൻ താമസിച്ചാൽ സഹിക്കുകയില്ല. മേശപ്പുറത്ത് വച്ച പോക്കറ്റ് വാച്ചിൽ നോക്കി ചെറിയ ശാസനാസ്വരത്തിൽ നേഴ്സിനോടുപറയും, ഏഴുമണി കഴിഞ്ഞ് മൂന്നു മിനിട്ട്, നീ മൂന്നു മിനുട്ട് വൈകി, മോളേ. ഈ തൊഴിൽ സേവനമാണ്, വളരെ ഉത്തരവാദിത്വ മുള്ളത്. മനുഷ്യന്റെ ജീവൻ രക്ഷിക്കാൻ സമയം വളരെ വിലപ്പെട്ടതാണ്.

എന്നിരിക്കിലും വല്യേടത്തിയുടെ മുഖത്തുനിന്നും കേട്ടു, ഇന്നലെ വൈകുന്നേരം അവർ കാണാൻ ചെന്നപ്പോൾ മുത്ത ച്ഛൻ ഉറങ്ങുകയായിരുന്നു, കുറെ ഭേദമുണ്ട്. ഇത്തവണ അസുഖം മാറി തിരിച്ചുവരും എന്നാണ് എല്ലാവരും കരുതു ന്നത്. നേഴ്സ് സൂചിനോക്കി കൃത്യസമയത്ത് മരുന്നുകൊ ണ്ടുവന്ന് അങ്ങേരെ ഉണർത്തി. ഉറക്കമുണർന്നു മുത്തച്ഛൻ കുറച്ചുനേരം നേഴ്സിനെ അന്തംവിട്ട മട്ടിൽ നോക്കി. പിന്നീട് കിടക്കയിൽ നിവർന്നിരുന്നു. നേഴ്സിനെ നോക്കി കൈകൂപ്പി

മറ്റൊരു ശബ്ദത്തിൽ പറഞ്ഞു, മേളെ എനിക്കിനിയും മരുന്നു തരേണ്ട, എനിക്കിനിയും മരുന്നിൻെറ ആവശ്യമില്ല. ഇനി ഞാൻ വീട്ടിൽ പോട്ടെ, എന്നോടു ക്ഷമിക്കൂ.

എല്ലാവർക്കും അത്ഭുതമായി. ഏറെ നിർബ്ബന്ധിച്ചുനോക്കി, പക്ഷേ അങ്ങേർ പിന്നെ മരുന്നു കഴിക്കുകയുണ്ടായില്ല. അങ്ങേരുടെ തൊണ്ടയിൽനിന്നു മറ്റൊരാൾ സംസാരിക്കുന്നതുപോലെ. അങ്ങേർ വീണ്ടും വീണ്ടും കുട്ടിയെപ്പോലെ പറയാൻ തുടങ്ങി. എനിക്കു വീട്ടിൽ പോണം-

ഈ വീടിൻെറ അർത്ഥം മരണമാണോ? മുത്തച്ഛനെ ക്കണ്ട് ഈ വിവരം അറിയേണ്ടതാവശ്യമാണ്. നടന്നു നടന്നു ഞങ്ങൾ എത്തിയ സ്ഥലത്തിനടുത്തുതന്നെയാണ് പി.ജി. ഹോസ്പിറ്റൽ. പക്ഷേ ഇപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം പോകാൻ പറ്റില്ല. ഇപ്പോൾ എൻെറ നാക്ക് വരണ്ടിരിക്കുന്നു, തല പെരുത്തിരിക്കുന്നു. നടത്തത്തിൻെറ ഭാരം വർദ്ധിച്ചിരിക്കുന്നു. മുത്തച്ഛാ- നിങ്ങൾ ചുരുങ്ങിയത് ഒരു ദിവസം കൂടി ജീവിച്ചിരിക്കണേ, നിങ്ങളെക്കാണേണ്ടത് എനിക്കു വളരെ ആവശ്യമാണ്. ഞാൻ നാളെ വരാം-

ഞാൻ അവിനാശിനോട് പറഞ്ഞു, വാ ടാക്സിവിളിക്കാം. ഇനി നടക്കാനാവില്ല. അവർ രണ്ടുപേരും സംഭാഷണത്തിൽ മതി മയങ്ങിയിരുന്നു. സുവിമൽ പറഞ്ഞു, അധികം രാത്രിയായിട്ടില്ലല്ലോ, വാ കാളിഘട്ടുവരെ നടന്നു പോകാം.

ആകാശത്തിലേക്കു നോക്കിയാലറിയാം, ഏഴരയിലധികമായിട്ടില്ലെന്ന്. നനഞ്ഞ ഷർട്ടും പാൻറും ശരീരത്തിൽ കിടന്നുണങ്ങി ഒട്ടിയിരിക്കുന്നു. സിഗരറ്റ് കെട്ടുപോയിരുന്നു. മുറുക്കാൻ കടക്കുമുന്നിൽ നിന്നു കണ്ണാടിയിൽ സ്വന്തം രൂപം കണ്ടു. എൻെറ കണ്ണുകൾ ഇത്തിരി കുടിച്ചാൽപോലും ചുവന്നു പോകും.

ഭവാനിപ്പൂരിനടുത്ത് നിരത്തു കടക്കാൻ നിന്നപ്പോൾ മറുവശം കുറെപ്രായം കുറഞ്ഞ പെൺകുട്ടികൾ നിന്നു സംസാരിക്കുന്നതായി കണ്ടു. ആദ്യം പതിവനുസരിച്ച് മൊത്തത്തിൽ ഒരു പ്രാവശ്യം അവരെ നോക്കി. അടുത്ത് അല്പം മാറി മെടഞ്ഞിട്ട മുടിയുമായി നില്ക്കുന്ന രണ്ടു പെൺകുട്ടികളെയും ഒരു നോട്ടം നോക്കി. പതുക്കെ വീണ്ടും പെൺകുട്ടികളുടെ

ആദ്യത്തെ കൂട്ടത്തിലേക്ക് ഞാൻ കണ്ണുകൾ തിരിച്ചു. അവരെ നോക്കിക്കൊണ്ടുനില്ക്കുമ്പോൾ എനിക്കുതോന്നി, ഏതോ ഒരു വ്യത്യസ്തമായ ചിന്ത എന്റെ മനസ്സിലുണ്ട്, ഏതോ ഒരു കാര്യം എനിക്കോർമ്മിക്കേണ്ടതുണ്ട് എന്നതുപോലെ പിന്നെയും അവരിൽ നിന്നു നോട്ടം മാറ്റി ബസ്സിന്റെ ജന ലിനടുത്തിരിക്കുന്ന മഞ്ഞസാരിയുടുത്ത ഒരു തടിച്ചിയിലേക്ക് ഞാൻ കണ്ണു പായിച്ചു. അപ്പോൾതന്നെ അടുത്തുകൂടി നടന്നു പോകുന്ന സൽവാർ കമ്മീസിട്ട രണ്ടു പഞ്ചാബി കുമാരി കളെയും ഞാൻ നോക്കി. അവരുടെ ഉറച്ച ശരീരം നല്ലതു പോലെ നിരീക്ഷിക്കേണ്ടതാണ്. ഇതെല്ലാം കഴിഞ്ഞ് വീണ്ടും എന്റെ കണ്ണുകൾ ആ പഴയ പെൺകൂട്ടത്തിലേക്ക് തിരിച്ചു വന്നു. അഞ്ചു പെൺകുട്ടികൾ, പതിനഞ്ചുപതിനാറ് വയ സ്സുപ്രായം. കയ്യും കാലുമിളക്കി ചലപില ശബ്ദിച്ചുകൊ ണ്ടിരിക്കുന്നു. അവരുടെ മുഖങ്ങളിലേക്ക് മാറി മാറി ഞാൻ കണ്ണുപായിക്കാൻ തുടങ്ങി. എന്തോ ഞാൻ ഓർമ്മിക്കേണ്ട തായുണ്ട്, ഘടികാരത്തിന്റെ അലാറം പോലെ 'റിൻ' 'റിൻ' എന്ന ശബ്ദം ഞാൻ കേൾക്കുന്നു.

അവരിൽ ഒരു ചുവന്ന സാരിക്കാരിയെ മൂന്നു നാലുപ്രാ വശ്യം നോക്കിയതോടുകൂടി എന്റെ കണ്ണുകൾ അവളിൽ ത്തന്നെ തറച്ചുനിന്നു. ആ മുഹൂർത്തത്തിൽ എനിക്ക് ആ ദൃശ്യം ഓർമ്മവന്നു, ഇവളെ ഞാൻ രണ്ടുകൊല്ലം മുമ്പ് കണ്ടിട്ടുണ്ടല്ലോ? ഒരു കല്യാണവീട്ടിൽ നിറയെ വെളിച്ചവും ആൾക്കൂട്ടവും. അതിനിടയിൽ യമുന എന്നു പേരുള്ള ആ പെൺകുട്ടിയെ ഞാൻ കണ്ടു. ആ കാഴ്ച എന്റെ നെഞ്ചിൽ ഇപ്പോഴും ഒട്ടിപ്പിടിച്ചിരിക്കുന്നു. കല്യാണദിവസം ആൾക്കാ രുടെ ഓട്ടവും ചാട്ടവും ശഹ്നായിയുടെ മുറവിളിയും, യോജി പ്പില്ലാത്ത തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച ധാരാളം വൃത്തികെട്ട പെണ്ണുങ്ങളും. ഇതിനെല്ലാമിടക്ക് ഞാൻ യമുനയെ കണ്ടു. ഇന്നും ആ ചിത്രം എന്റെ കൺമുമ്പിൽ വരുന്നു. വലിയ ആ കോണിപ്പടിയുടെ മുകളിലെ തട്ടിൽ ഒരു ബാലിക നിൽ ക്കുന്നു. ആ പെൺകുട്ടി മുഖം തിരിച്ച് തിരിച്ച് താഴെനിൽ ക്കുന്ന ജനങ്ങളെ നോക്കുകയായിരുന്നു. അവളുടെ കണ്ണുക ളിൽ ഏതോ വിസ്മയഭാവം ഉണ്ടായിരുന്നു. ആ ചെറുപ്പം, അരയന്നത്തെപ്പോലുള്ള ആ ശരീരം, ദേവിയുടേതുപ്പോലുള്ള

ആ മുഖത്തുടിപ്പ്, തൂവെള്ള ഫ്രോക്ക്, കണ്ണുകളിലെ ആ വിസ്മയം- ഇതെല്ലാംകൂടി എനിക്കുതോന്നി അവൾ സാരള്യത്തിൻെറ ഒരു നിശ്ചല വിഗ്രഹമാണ്. അവൾക്ക് ഈ ലോകത്തിലെ എല്ലാ വസ്തുവും സുന്ദരമാണ്, ആ ശരീരം ഉണരുന്നതോടുകൂടി ലോകത്തെ എല്ലാ സൗന്ദര്യവും ഉണർന്നുവരുന്നതായിതോന്നും. എത്രയോ സുന്ദരികളെ ഞാൻ കണ്ടിരിക്കുന്നു. അടുത്തുനിന്നും അകലെ മാറിനിന്നും, പലപ്പോഴും ചമയങ്ങളോടൊപ്പവും, പലപ്പോഴും അനാഡംബരമായും. ഈ കല്യാണ വീട്ടിൽപ്പോലും കുറേ സ്ത്രീകളെ കണ്ടിരുന്നു. അവരുടെ അസ്തിത്വത്തിൻെറ പ്രധാന ലക്ഷണം അവരുടെ ദേഹം മാത്രമായിരുന്നു. സൊള്ളലും കുസൃതിത്തരങ്ങളും കുറച്ചൊന്നുമല്ല ചെയ്തിട്ടുള്ളത്. പക്ഷേ ആ നിമിഷത്തിൽ സാരള്യത്തിനുവേണ്ടി എൻെറ മനസ്സുകേഴുകയായിരുന്നു. ഉൽക്കടമായ ആഗ്രഹം തോന്നി, രണ്ടുകൈകൊണ്ടും അവളെ തൊട്ടുനോക്കാൻ, തൊട്ടാൽ അവളുടെ ശരീരത്തിൻെറ നിറം എൻെറ കൈയ്യിൽ പറ്റുമോ എന്നുനോക്കാൻ, വിസ്മയം നിറഞ്ഞ ആ സരളമായ ജീവൻെറ ശുദ്ധമായ നിറം.

അവൾ വളരെ സുന്ദരിയാണോ എന്നുചോദിച്ചാൽ അല്ല. അഥവാ ഈ വയസ്സിൽ എല്ലാ പെൺകുട്ടികളും സുന്ദരികളാണ്. അതിൽ കവിഞ്ഞ് മറ്റൊന്നും പറയാനില്ല. അവളുടെ നിറം അധികം വെളുത്തതല്ല. അല്പം മങ്ങിയതാണ്. ടേബിൾ ലാംപിൽ നീലപൊതിയിട്ടാൽ പുറത്തുനിന്നുനോക്കുമ്പോൾ അതിൻെറ വെളിച്ചം എങ്ങിനെയാണോ ഏറെക്കുറെ അങ്ങിനെയാണ്. ഞാൻ ആ ദിവസം വളരെനേരം അവളെ നോക്കിനിന്നുപോയി. അവളെ മുമ്പും കണ്ടിട്ടുണ്ട്. പക്ഷേ ആ ദിവസത്തെ വിസ്മയിപ്പിക്കുന്ന ആ പവിത്രമുഖം! അത് മൂർത്തിയുണ്ടാക്കി പൂജിക്കാൻ തക്കതായിരുന്നു. ഞാൻ അവളോടു ചോദിച്ചു, കുട്ടീ നിനക്ക് ഒരു പൂ വേണോ? അവൾ പറഞ്ഞു, എൻെറ പേര് കുട്ടിയെന്നല്ല, എൻെറ പേര് യമുന. എന്നെ മനസ്സിലായില്ലേ, ഞാൻ വരുണിൻെറ പെങ്ങളാണ്

നിശ്ചലമായ കണ്ണുകളോടെ നോക്കിനിന്നു. അവൾ ചുവന്ന സാരി ഉടുത്തിരിക്കുന്നു, എങ്കിലും യമുനയുടെ മുഖം ഇപ്പോഴും പവിത്രവും സരളവുമാണ്. വെള്ളച്ചാട്ടത്തിലെ വെള്ളംപോലെ കുതിക്കാൻ വെമ്പുന്ന ശരീരവുമായി നിൽക്കു

കയാണ്. ഞാൻ സുവിമലിനോടും, അവിനാശിനോടുമായി പറഞ്ഞു, നിങ്ങൾ നടന്നോ, ഞാൻ പിന്നെ വരാം.

അവിനാശ് ചോദിച്ചു, എന്തുപറ്റി?

– എനിക്ക് വീട്ടിലേക്ക് ഒരുമരുന്നു വാങ്ങാനുണ്ട്, മറന്നു പോയിരുന്നു. ഇപ്പോൾ വാങ്ങിയില്ലെങ്കിൽ പിന്നീടുണ്ടാവില്ല.

– വാങ്ങി വാ, ഞങ്ങൾ നില്ക്കാം.

– വേണ്ടാ, ഒരുമിക്സ്ചർ ആണ്. ഉണ്ടാക്കാൻ അല്പം വൈകും, നിങ്ങൾ നടന്നോ, ഞാൻ വരുന്നു.

സുവിമൽ പറഞ്ഞു, നടക്ക് അവൻ പിന്നെ വരും. അവിനാശ് എന്റെ വളരെ അടുത്തുവന്നു പറഞ്ഞു, തീർച്ചയായും വരുമല്ലോ? അതോ മുങ്ങാനുള്ള അടവാണോ?

ഞാൻ പറഞ്ഞു, എന്തിനാണ് മുങ്ങുന്നത്? നിങ്ങൾ പോയാട്ടെ, ഞാൻ പതിനഞ്ചിരുപതുമിനിറ്റിനകം തന്നെ ബാറിൻ ചേട്ടന്റെ അവിടെ വരാം. ഇങ്ങിനെ പറഞ്ഞു ഞാൻ സമീപത്തുള്ള മരുന്നുകടയിൽ കടന്നുകൂടി. ഉള്ളിൽക്കടന്നു നേരെ കൗണ്ടറിൽ ചെന്ന് തിരക്കിനരികെ നില്പായി. അല്പം കഴിഞ്ഞപ്പോൾ ഒരു മനുഷ്യൻ കണ്ണുകൊണ്ടു ചോദിച്ചു, എന്തുവേണം? ഞാൻ പറഞ്ഞു, ദയവായി ഒരു ടെലഫോൺ ചെയ്തോട്ടെ?

ടെലഫോൺ എടുത്തപ്പോൾ ശ്രദ്ധിച്ചു, എന്റെ കൈവിറക്കുന്നുണ്ട്. എന്തുകൊണ്ടാണ്, ആർക്കറിയാം. മനപ്പൂർവ്വം സാവധാനത്തിൽ ഞാൻ അഞ്ചുപ്രാവശ്യം ഡയൽ കറക്കി. എൻഗേജ്ടോൺ മാത്രമാണ് കേട്ടത്. നിരാശത നടിച്ച് റിസീവർ താഴെവച്ച് മെഡിക്കൽ ഷാപ്പിൽനിന്നും പുറത്തുവന്നു, ഒളികണ്ണിട്ടു ചുറ്റുപാടും നോക്കി. അവിനാശും സുവിമലും ശരിക്കും പോയിരിക്കുന്നു.

പക്ഷേ റോഡിന്റെ ഈ ഭാഗവും ശൂന്യമാണ്. ആ അഞ്ചുപെൺകുട്ടികൾ അവിടെയെങ്ങുമില്ല. എവിടെപ്പോയി അവർ; കാറ്റിൽ ലയിച്ചുപോയോ? ഇതാ ഇപ്പോൾത്തന്നെ വർത്തമാനം പറഞ്ഞുകൊണ്ടു നിന്നിരുന്നു. രണ്ടു മിനുട്ടു കൊണ്ട് എല്ലാവരും കടന്നുപോയോ? എന്തൊരു ജാലം! അതോ അവരാരും തന്നെ ഇവിടെ ഉണ്ടായിരുന്നില്ലേ, ഞാൻ മനോരാജ്യത്തായിരുന്നോ? യമുനയെ ഞാൻ കണ്ടില്ലേ?

ആ നിമിഷത്തിൽ എന്റെ ശരീരം കോപം കൊണ്ട് കത്തി

ജ്വലിക്കാൻ തുടങ്ങി. തലയിൽ പൊടുന്നനെ രക്തം ഇരച്ചുകയറി. ഞാൻ കടുത്ത മുഖവുമായി എല്ലാം ചുട്ടുഭസ്മമാക്കുന്ന കണ്ണുകളോടെ റോഡിലേക്കുനോക്കി മനസ്സിൽ പറഞ്ഞു, യമുനയെ തിരിച്ചുകൊണ്ടു വന്നു തരൂ, യമുനയെ എനിക്കൊന്നു കൂടി കാണാൻ ആഗ്രഹമുണ്ട്. ഇപ്പോൾത്തന്നെ, യമുനയെ തരൂ, ഇല്ലെങ്കിൽ ഞാൻ എല്ലാം നശിപ്പിക്കും. ട്രാംലൈൻ എടുത്ത് ഞാൻ വലിച്ചെറിയും. ടെലഗ്രാഫിൻെറ കമ്പികൾ ഞാൻ കഷ്ണം കഷ്ണമാക്കും, റോഡിനുനടുവിൽ തീകൂട്ടും, എവിടെ യമുന? തരൂ! കഴുത്തുതിരിച്ച് അങ്ങോട്ടുമിങ്ങോട്ടും നോക്കിയപ്പോൾ പെട്ടെന്ന് ദൃഷ്ടിയിൽ പെട്ടു. ആരോ അവളെ അദൃശ്യയാക്കി വീണ്ടും സത്യത്തിൽ തിരിച്ചുകൊണ്ടു വന്നു തന്നപോലെ. അല്പമകലെയായി ബസ്സ്റ്റോപ്പിൽ യമുന ഒറ്റക്കു നില്ക്കുകയാണ്. ശരീരത്തിൻെറ പിരിമുറുക്കം അയഞ്ഞു വന്നു. മുഖത്തെ ഭാവം കോമളമായി, വളരെ നേരത്തിനുശേഷം ഞാൻ ശ്വാസം വിട്ടപോലെ.

നിശ്ശബ്ദമായി യമുനയുടെ അരികിൽ ചെന്നുനിന്നു ചോദിച്ചു, സുഖംതന്നെയല്ലേ? ഞെട്ടിത്തിരിഞ്ഞുനോക്കി യമുന പറഞ്ഞു, ഇതാര്, സുനിലേട്ടനോ, നിങ്ങൾ ഇവിടെ-?

ഞാൻ ചോദിച്ചു, നീയെന്താണിവിടെ? നിങ്ങളെല്ലാമിപ്പോൾ ഇവിടെയാണോ താമസം?

- അല്ല, ഞങ്ങളുടെ വീട്ടീലേക്ക് പ്ലേസിലല്ലേ, ഇവിടെ പാട്ട് പഠിക്കാൻ വന്നതാണ്. ദാ ആ കാണുന്നതാണ് ഞങ്ങളുടെ സ്ക്കൂൾ.

- നീ സാരിചുറ്റിയതുകൊണ്ടാകാം ആദ്യം നിന്നെ തിരിച്ചറിയാൻ പറ്റിയില്ല.

- കൊള്ളാം, സാരി ചുറ്റാൻ ഞാൻ തുടങ്ങിയിട്ട് ദിവസങ്ങളെത്രയായി? ചേട്ടൻ മുമ്പു കണ്ടിട്ടില്ലെന്നു തോന്നുന്നു?

- ആർക്കറിയാം. എൻെറ മനസ്സിൽ വരുന്നത് ആ ബുലുച്ചേച്ചിയുടെ കല്യാണദിവസം പളാപളാ മിന്നുന്ന ഒരു വെളുത്ത ഫ്രോക്കിട്ടു നില്ക്കുന്ന നിന്നെ കണ്ടതാണ്.

- അമ്മേ, എന്തൊരു നുണ, ബുലുച്ചെറിയമ്മയുടെ കല്യാണസമയത്ത് ഞാൻ ഫ്രോക്കേ ധരിച്ചിട്ടില്ലായിരുന്നു. അപ്പോൾ ഞാൻ ശരിക്കും സാരിയാണ് ചുറ്റിയിരുന്നത്. ബുലുച്ചെറിയമ്മയുടെ കല്യാണം ഇതാ ഇക്കഴിഞ്ഞ ദിവസമല്ലേ നടന്നത്-

– ഇക്കഴിഞ്ഞ ദിവസം? കൊല്ലം രണ്ടായി. അന്നു നീ....

– അല്ലേ അല്ല. ബുലുച്ചെറിയമ്മയുടെ കല്യാണത്തിന് ഞാൻ റോസുനിറത്തിലുളള മുർഷിദാബാദ് സിൽക്കാണ് ചുറ്റിയിരുന്നത്.

– അത് വരൻെറ വീട്ടിലെ സദ്യയുടെ അന്നായിരിക്കാം. പക്ഷേ കല്യാണ ദിവസം നീ വെളുത്ത ഫ്രോക്കാണ് ഇട്ടിരുന്നതെന്ന് എനിക്കു സ്പഷ്ടമായി ഓർമ്മയുണ്ട്.

– ചേട്ടന് ഒന്നും ഓർമ്മനില്ക്കില്ല. അത് നരേശ് ചേട്ടൻെറ കല്യാണത്തിനായിരുന്നു. മൂന്നുകൊല്ലം മുമ്പ്. ബുലുച്ചെറിയമ്മയുടെ കല്യാണം കഴിഞ്ഞ കൊല്ലം ജൂണിലല്ലേ നടന്നത്. ബുലുച്ചെറിയമ്മയുടെ കല്യാണത്തിന് നിങ്ങൾ വന്നിട്ടുപോലുമില്ലായിരുന്നു. പെണ്ണുങ്ങളുടെ സാരിയുടുപ്പിൻെറ കാര്യം ശരിക്കും ഓർമ്മയുണ്ടല്ലോ?

– ഈശ്വരാ, 'പെണ്ണുങ്ങളുടെ' സാരി ചുറ്റിയതും വലിയ ആളായിമാറി എന്നുതോന്നുന്നു. നീയൊരു കുട്ടി–

– ഒട്ടും കുട്ടിയല്ല.

– വളരെ നല്ലത്, കുട്ടിയാവേണ്ട, നീയെന്നെ തിരിച്ചറിഞ്ഞതെങ്ങനെ?

– കൊളളാം, പറ്റില്ലെന്നോ? പക്ഷേ ചേട്ടൻെറ രൂപം ആകെ മാറിയിരിക്കുന്നു. പണ്ട് ചേട്ടനെക്കാണാൻ നന്നായിരുന്നു. സത്യം.

– ഇതല്ലേ പറഞ്ഞത് നീയിപ്പോഴും കുട്ടിയാണെന്ന്, 'പെണ്ണുങ്ങളിൽ' ഒരാളായിത്തീർന്നാൽ ഏതെങ്കിലും ചെറുക്കനോട് നേരിട്ട് അവനെക്കാണാൻ നന്നെന്ന് പറയാറുണ്ടോ? കുറച്ച് വളച്ചൊടിച്ച് പറയണം.

ഉളളുതുറന്ന് യമുന ചിരിക്കാൻ തുടങ്ങി. ആ ചിരിയിലെങ്ങും അല്പംപോലും കാഠിന്യമില്ലായിരുന്നു. ആ ചിരി അവളുടെ ശരീരമാകെ നിറഞ്ഞുനില്ക്കുന്നപോലെ. ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു, ഇപ്പോൾ കാണാൻ നന്നെന്നുപറഞ്ഞില്ലല്ലോ? ഇപ്പോഴെന്തൊരു വൃത്തികെട്ട–

– എന്തുമാതിരി വൃത്തികേട്?

നിറം കറുത്തിരിക്കുന്നു, താടി വടിച്ചിട്ടില്ല. പാൻറും ഷർട്ടും എങ്ങിനെ.

– മഴയത്ത് ആകെ നനഞ്ഞില്ലേ, നാളെത്തന്നെ കാണാം

വീണ്ടും മറ്റൊരു രൂപത്തിൽ, നാളെത്തന്നെ-

- ചേട്ടൻ ഉറക്കെയുറക്കെ സംസാരിക്കുന്നതെന്തിനാണ്?

ഞാൻ ഞെട്ടിത്തെറിച്ച് പറഞ്ഞു, ഉറക്കെ സംസാരിക്കുന്നുണ്ടോ? നിനക്ക് ശല്യം തോന്നുന്നുണ്ടോ? യമുന അവളുടെ വിശാലമായ കറുത്ത കണ്ണുകൾ എന്റെ നേർക്കു തിരിച്ചു പറഞ്ഞു, ഇല്ല, പണ്ടു ചേട്ടനിങ്ങനെ ഉറക്കെ സംസാരിച്ചിരുന്നില്ല, ചേട്ടന്റെ കണ്ണുകൾ ചുവന്നു കാണുന്നതെന്താണ്? അസുഖം വല്ലതുമുണ്ടോ?

- ഇല്ലില്ല, കണ്ണിൽ കരടുപോയതാണ്. നിനക്ക് ബസ്സിൽ കയറേണ്ടേ, നടക്ക്, കുറച്ചു നടക്കാം. എനിക്കു കാളീഘട്ടിൽ പോണം. നിനക്കവിടെ നിന്ന് ബസ്സിൽക്കയറാം.

- നടക്കാം. ചേട്ടൻ ഞങ്ങളുടെ വീട്ടിൽ വരാത്തതെന്താണ്? ഇന്നു പോരുന്നോ? വരൂന്നേ-

- ഊഹും, മറ്റൊരു ദിവസമാകാം. നിന്റെ ചേട്ടൻ വരുൺ അമേരിക്കയിൽനിന്ന് ഇതുവരെ തിരിച്ചുവന്നില്ലേ?

- ചേട്ടൻ ഈ നവംബറിൽ വരും. എനിക്കുവേണ്ടി ഒരു ടേപ്പ് റിക്കാർഡർ കൊണ്ടുവരാൻ പറഞ്ഞിട്ടുണ്ട്.

ചുവന്ന സാരി, ചുവന്ന ബ്ലൗസ്, ചുവന്ന ചെരിപ്പ്, അതിനിടയിൽ യമുനയുടെ വടിവൊത്ത ഇളംശരീരം. ഇത്ര അധികം ചുവപ്പുനിറത്തിലും തീയുടെ ജ്വാലയില്ല. ഇതു സൗന്ദര്യമാണ്, ഇതിനു മുമ്പിൽ തലകുനിക്കുക. ഒരുനിമിഷം എനിക്കുതോന്നി 'യമുനേ നീ സുന്ദരിയാണ്' എന്നുപറഞ്ഞ് അവളുടെ കാലുതൊട്ട് പ്രണമിക്കുവാൻ. ഇവളുടെ ഉള്ളിൽ ഉള്ള സൗന്ദര്യം പ്രണാമത്തിന് അർഹതയുള്ളതാണ്. പക്ഷേ അങ്ങിനെ ചെയ്തുകൂടല്ലോ! ആളുകൾ വിചാരിക്കും ഞാൻ ഭ്രാന്തനോ കുടിയനോ ആണെന്ന്, പതുക്കെ നടന്നുകൊണ്ടു ഞാൻ പറഞ്ഞു, യമുനേ നിന്നെ പെട്ടെന്ന് കണ്ടുമുട്ടിയതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

- വീട്ടിൽ വന്നുകൂടെ, ഓ, എന്താ ഇത്ര തിരക്ക്?

- വേണ്ടാ, ഇന്നുവേണ്ടാ. അതിനുമുമ്പ് ഒരുദിവസം ഞാൻ നിന്നെ ഈ സംഗീതവിദ്യാലയത്തിന്റെ മുന്നിൽ വന്നുകണ്ടുകൊള്ളാം.

- പാട്ടുപഠിക്കുന്ന സ്കൂളിന്റെ മുമ്പിലോ? എന്തിനാ അത്?

– വെറുതെ. ഇവിടെ ഇന്നുനിന്നെ കണ്ടുമുട്ടിയതിൽ വലിയ സന്തോഷം തോന്നിയല്ലോ! വേറെ ഏതെങ്കിലും ദിവസം കണ്ടാലും ഈ സന്തോഷം കാണും. നീ ഏതുപാട്ടാണ് പഠിക്കുന്നത്? 'ഇലകൊണ്ടുണ്ടാക്കിയ തോണി വെള്ളത്തിൽ ഒഴുക്കട്ടെ' എന്നും മറ്റുമാണോ?

– അമ്മേ, ഇതു ചേട്ടൻ എങ്ങിനെ അറിഞ്ഞു? ഇതു തുടക്കത്തിൽ പഠിപ്പിക്കുന്ന പാട്ടാണ്. ഞാനിപ്പോൾ രണ്ടാം കൊല്ലമാണ്.

– ആ, അങ്ങിനെയാണെങ്കിൽ ശ്രാവണമാസമേ നീ കാറ്റിൽ ആരുടെ കാലൊച്ച കേട്ടു, എന്നാണല്ലേ പാട്ട്. യമുനയുടെ സർവ്വാംഗവും ചിരികൊണ്ടിളകിമറിയുന്നതുപൊലെ. അവൾ പറഞ്ഞു, ഇതൊക്കെ എങ്ങിനെ അറിഞ്ഞു? പാട്ടു പഠിക്കുമായിരുന്നോ?

– ഇല്ല, ഒരിക്കലും ഇല്ല. എന്റെ അടുത്ത വീട്ടിലെ കുട്ടി പള്ളിക്കൂടത്തിൽ രവീന്ദ്രസംഗീതം പഠിച്ച് എന്നും കാലത്ത് ഹാർമോണിയം മീട്ടി ഈ പാട്ടെല്ലാം പാടുന്നുണ്ട്. ശരിക്കും പറഞ്ഞാൽ പാടുകയല്ല. മുറവിളികൂട്ടുകയാണ്. അതുകാരണം ഏതുപാട്ടുകഴിഞ്ഞ് ഏതുപാട്ടാണ് പഠിപ്പിക്കുക എന്ന് എനിക്കു കാണാപ്പാഠം അറിയാം.

– അതുകൊള്ളാമല്ലോ, ചേട്ടന്റെ പാട്ടുപഠിത്തവും കൂടെ നടക്കുന്നു അല്ലേ?

എന്തൊരു മുഖമാണ്, ഒരിടത്തും ഒരു ചെറിയ പാടുപോലുമില്ല. പവിത്രമായ രണ്ടു കണ്ണുകളിൽ ഒരു സങ്കോചവുമില്ല. ഗാഢമായ കറുത്ത നിറത്തിൽ പുരികം, മരത്തിൽ നിന്നും ഇപ്പോൾത്തന്നെ പറിച്ചെടുത്ത വടിവൊത്ത ഒരാപ്പിളോ പേരയ്ക്കയോ കയ്യിൽ വച്ചാൽ എത്രമാത്രം ഇഷ്ടം തോന്നുമോ, ആ സംതൃപ്തി യമുനയുടെ മുഖത്തുനോക്കിയപ്പോൾ എനിക്കു തോന്നി. ആ ശരീരം അടിമുടി വാർത്തെടുത്തതാണ്. അധികപ്പറ്റോ കുറവോ ഇല്ല. ഒരു കുതിരക്കുട്ടിയുടേയോ പരുന്തിന്റേയോ ശരീരത്തിന്റെ ഓരോ അവയവവും പരസ്പരം യോജിച്ചും ഇണക്കിയും ഇരിക്കുന്നതുപൊലെ. തന്നെയല്ല ആകാശത്തിൽ വിമാനം പറന്നുപോകുന്നതിൽ ഉള്ള പൊടിപൊടുപ്പ് യമുനയെ നോക്കി നിൽക്കുമ്പോൾ എനിക്കോർമ്മവന്നു. മൃദുലമായ കഴുത്തിന്റെ താഴെ പുതുതായി ഉണ

ർന്നു വരുന്ന മാറിടം, മാറിടത്തിനു മുകളിലായി ഒരു കയ്യിൽ പാട്ടുപുസ്തകം. സ്തനത്തിൻെറ അർത്ഥം- ഏതാണോ യൗവ്വനത്തിൻെറ അർത്ഥം ഘോഷണം ചെയ്യുന്നത്- ഇതു ഞാനെവിടെയോ കേട്ടിരുന്നു. യമുനയുടെ മുഖവും മാറിടവും നോക്കി അവളുടെ യൗവ്വനത്തിൻെറ ഉണരുന്ന ശബ്ദം ഞാൻ സ്പഷ്ടമായി കേൾക്കുന്നു. ഉൽക്കടമായ ആഗ്രഹം തോന്നുന്നു, ഈ നിരത്തിൽ യമുനയുടെ കാലുതൊട്ടു തൊഴു വാൻ. അതുപാടില്ലല്ലോ? ആളുകൾ ഭ്രാന്തനെന്നോ കുടിയ നെന്നോ വിചാരിക്കും.

ഞാൻ ചോദിച്ചു, നിൻെറ പാട്ടുപഠിത്തം എന്നൊക്കെ യാണ്?

- ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ആറുമുതൽ എട്ടുവരെ. ചേട്ടൻ പാട്ടു പഠിക്കുന്നോ? പഠിക്കൂന്നേ. ചേട്ടനെപ്പോലുള്ള പലരും പഠിക്കുന്നുണ്ട്.

ഹേയ് അതല്ല. ഞാനിടക്കിടക്ക് ഈ വഴിവരാറുണ്ട്. പെട്ടെന്ന് ഒരു പക്ഷേ ഇനിയും കണ്ടുമുട്ടാനിടയുണ്ട്. ഇന്ന് നിന്നെ കണ്ടതിൽ വളരെ സന്തോഷമുണ്ട്.

- ചേട്ടൻെറ കാര്യം അമ്മയോട് ഞാൻ പറയും. എന്നാ ഞങ്ങളുടെ വീട്ടിൽ വരിക?

- വരാം, വരാം. അതാ നിൻെറ ബസ് വരുന്നു. കേറി ക്കോളൂ; അല്ലെങ്കിൽ നിൻെറ വീട്ടിൽ വിചാരം തുടങ്ങും. ഒരു പക്ഷേ വിചാരിക്കും, നീ വഴി മറന്ന് എവിടെയെങ്കിലും അലയുകയായിരിക്കുമെന്ന്.

- പിന്നെ... ഞാൻ തനിച്ച് എത്ര സ്ഥലത്ത് പോയിട്ടു ണ്ടെന്ന് അറിയാമോ?

- മനസ്സിലായി, നീ വലിയ ആളാണ്. ഇപ്പോൾ ബസ്സിൽ കേറ്.

യമുന മുന്നോട്ടു നടന്ന് ബസ്സിൽ കയറി. പിന്നെ തിരി ഞ്ഞെന്നെ നോക്കി പുഞ്ചിരിച്ചു. ആ ശരീരമാകെ പൊതിഞ്ഞ ചുവപ്പുവേഷം കാരണം അവളുടെ ചിരിയിലും ഒരു ചുവ പ്പിൻെറ തുടുതുടുപ്പ് ഉണ്ടായിരുന്നു. ബസ് വിടുന്ന സമയം അവൾ ഇമ്പമുള്ള സ്വരത്തിൽ വിളിച്ചു പറഞ്ഞു, വരണം കേട്ടോ?. യമുന ഇപ്പോഴും പെണ്ണായിട്ടില്ല, ഒരു പെണ്ണ് ബസ്സി ൽക്കയറി നിരത്തിൽ നിൽക്കുന്ന ഒരു പുരുഷനോട് വിളിച്ചു

പറയാറില്ല. അതു ശരിയല്ല.

കാളീഘട്ട് ബജാറിൻെറ മുകളിൽ ഒരു മുറിയിലാണ് ബാറിൻ ചേട്ടൻെറ താമസം. ബാറിൻ ചേട്ടനുമായി എന്ന് എങ്ങനെ ഞാൻ പരിചയപ്പെട്ടു എന്ന് ഇപ്പോൾ ഓർമ്മിക്കാൻ കഴിയുന്നില്ല. അങ്ങേരുടെ മുറിയിൽ പല സിനിമാതാരങ്ങളും ഫുട്ബാൾ കളിക്കാരും വരുന്നതായി കണ്ടിട്ടുണ്ട്. ബാറിൻ ചേട്ടൻെറ മുറിയിൽ കാശുവച്ചു ശീട്ടുകളിച്ച് പലരാത്രികളിലും ഉറക്കമിളച്ചിട്ടുണ്ട്. പലരാത്രികളിലും സർവ്വസ്വവും നഷ്ട പ്പെട്ടിട്ടുണ്ട്. പക്ഷേ കാലത്ത് ബാറിൻ ചേട്ടൻ പുഴുങ്ങിയ മുട്ടയും ചായയും കഴിപ്പിച്ച്- വീട്ടിലേക്ക് തിരിച്ചുപോകാ നുള്ള വണ്ടിക്കൂലിയടക്കം തന്നിട്ടുണ്ട്. ബാറിൻ ചേട്ടൻ ഒരു ഭീകരനെപ്പോലെയാണ്. വെറും പണക്കൊതിയനൊന്നുമല്ല. കളിക്കുന്ന സമയം ഒരു കാശിൻെറ വിട്ടുവീഴ്ചകാണിക്കു കയില്ല. പക്ഷേ മറ്റേതു സമയത്തും കടം ചോദിച്ചാലുടനെ തരും. തന്നെയല്ല മിക്കവാറും എല്ലാ പ്രാവശ്യവും തിരിച്ചു മേടിക്കുകയുമില്ല. പൊക്കം കുറഞ്ഞതാണെങ്കിലും ശക്തി കൂടിയ ശരീരം, രണ്ടു കൈയ്ക്കും നല്ല വണ്ണം. തലമുടി ചെറുതാക്കിവെട്ടിയതാണ്. മുഖം ഒരു നേപ്പാളിയുടേതുപോ ലെയും. മുഖം നോക്കി ദേഷ്യമോ ദുഃഖമോ ഒന്നും തിരിച്ച റിയാൻ സാധ്യമല്ല. കേവ്ഢതല ശ്മശാനത്തിനരികെ ബാറിൻ ചേട്ടന് ഒരു പൂക്കടയുണ്ട്. പകൽ അവിടെയായിരിക്കും. ഒരത്ഭുതമാണ് ഈ കാര്യം. പൂക്കടയിൽനിന്ന് അയാൾക്ക് എന്തു ലാഭമാണ് കിട്ടുക? ബാറിൻ ചേട്ടൻെറ ലാഭമെല്ലാം രാത്രി ചീട്ടുകളിയിൽ നിന്നുമാണ്. കൂടാതെ അയാളുടെ മുറി യിൽ എപ്പോഴും മൂന്നു നാലു തരം മദ്യം കാണും; പൈസ കൊടുത്തു വാങ്ങി കഴിച്ചുകൊള്ളണം. എങ്കിലും കടയോടാ ണയാൾക്ക് കാര്യം. ആരോടെങ്കിലും യഥാർത്ഥ സ്നേഹം കാണിക്കുന്നത് ബാറിൻ ചേട്ടൻ ഇങ്ങനെ പറഞ്ഞാണ്: പോ, നീ ചാവുമ്പോൾ എൻെറ കടയിൽ നിന്നും കാശുവാങ്ങാതെ പൂ തരുന്നതായിരിക്കും. എത്ര വേണമെങ്കിലും!

ഞാൻ മുറിയിൽ കടന്നപ്പോൾ അവിടെ ധാരാളം ആളു കൾ. ആദ്യമേ കണ്ണോടിച്ചു നോക്കി, ശേഖർ അവിടെ ഉണ്ടോ എന്ന്. ഇല്ല. തട്ടിൻപുറത്തു ചീട്ടുകളി നടക്കുന്നു. ബാറിൻ ചേട്ടൻ, അവിനാശ്, താപസ് പിന്നെ ഒരപരിചിതൻ. ജനാല

യ്ക്കടുത്തിരിക്കുന്നു സുവിമലും നൂറുളും. ഒരു കോണിൽ നീണ്ടു നിവർന്നു കിടക്കുന്നു പരീക്ഷിത്ത്. മുട്ടുമടക്കി കയ്യുപ രത്തിയുളള ആ കിടപ്പു കണ്ടാലറിയാം അവൻ ഈ രാത്രിയിൽ ഉണരുകയില്ലെന്ന്. ഞാൻ ബാരിൻ ചേട്ടനോടു ചോദിച്ചു, ശേഖറിൻെറ വല്ല വിവരവും കിട്ടിയോ?

– ഇല്ലനിയാ, അവൻ പത്തുപതിനഞ്ചു ദിവസമായി ഇവിടെ വരാറില്ല. ഒരിക്കലും ഇനി വരികയില്ല എന്നും പറഞ്ഞാണ് ഇവിടെ നിന്നും ഇറങ്ങിയതുതന്നെ.

– ഇനി വരികയില്ല? കാരണം?

– പിന്നെ അവനെപ്പോലുളളവർക്ക് കളി അറിയാമോ? കഴിഞ്ഞ മാസം ശേഖർ തുടർച്ചയായി നാലു ദിവസം ജയിച്ചു, മൊത്തം അഞ്ഞൂറു രൂപ, അതുകഴിഞ്ഞ് ഒരു ദിവസം അറുനൂറു രൂപയോളം തോറ്റു. അന്ന് അവൻ പറയുകയാണ്, കാശ് അവൻ മനപ്പൂർവ്വം നഷ്ടപ്പെടുത്തുകയായിരുന്നു എന്ന്. അവന് ഈ കളിയിലൊന്നും താല്പര്യമില്ലെടോ. പോട്ടെന്ന്, അവൻമാരുടെകൂടെ കളി ശരിയാവുകയില്ല. കളി കാണണം അവിനാശ് മിത്രയുടെ.

അവിനാശ്, പക്ഷേ ഇന്നലെ അവനുമായി നിങ്ങൾ വഴ ക്കിട്ടുവെന്നു കേട്ടല്ലോ?

അവിനാശ് ഒന്നും മിണ്ടാതെ ഏകാഗ്രചിത്തനായി ശീട്ടി ലേക്ക് നോക്കിക്കൊണ്ടിരുന്നു. ബാരിൻചേട്ടൻ ഹാ, ഹാ, എന്നു ചിരിച്ചുകൊണ്ട് പറഞ്ഞു, ഇന്നലെ അവിനാശ് അല്പം കൂടു തൽ കാശിന് ജയിച്ചിരുന്നല്ലോ? അതുകാരണം അവൻെറ പ്രകൃതി ഒന്നു മാറിയിരിക്കയാണ്. എടോ, ഇരുപതുകൊല്ല മായി ഞാനീ ചീട്ടുകളി തുടങ്ങിയിട്ട്. ഒരു കാര്യം ഞാൻ കണ്ടു മനസ്സിലാക്കിയിട്ടുണ്ട്; തോറ്റാൽ എത്രയാണോ തല ചൂടാവുന്നത്, അതിൽ കൂടുതൽ തല ചൂടാവും ജയിച്ചാൽ. ഹാ പുതിയ ഡീൽ ആയി, നീ കളിക്കാനിരിക്കുന്നോ?

ഇല്ല, ഞാനില്ല.

താപസ് പറഞ്ഞു, വാ, സുനിൽ നീ ഇരിക്ക്– ഒരു മണി ക്കൂർ കളിക്കാം.

ഞാൻ പറഞ്ഞു, ഇല്ലെടോ, നിങ്ങൾ കളിച്ചോ,

– എന്തേ പൈസയില്ലേ?

– അതുകൊണ്ടല്ല. എനിക്കിന്ന് താല്പര്യമില്ല. നിങ്ങൾ

കളിച്ചാട്ടെ. ഞാൻ വന്നത് ശേഖറിനെ അന്വേഷിക്കാനാണ്. നിങ്ങൾക്കാർക്കും ശേഖറിൻെറ ഒരു വിവരവുമില്ലേ? അങ്ങനെയാണെങ്കിൽ കാര്യം ചിന്തിക്കേണ്ടതാണല്ലോ?

– ശേഖർ ഒരു സ്വാർത്ഥനാണ്. അവൻ ആരുടെയും വിവരം തിരക്കാറില്ല. ഞങ്ങൾ അവൻെറ വിവരം എന്തിനന്വേഷിക്കണം?

– എന്നാലും ഇന്നലെ രാത്രി വീട്ടിൽ മടങ്ങി ചെന്നിട്ടില്ല, യാതൊരു വിവരവുമില്ല, കാണാതെപോയോ എന്തോ? എന്തെങ്കിലും അന്വേഷണം നടത്തേണ്ടത് ആവശ്യമാണല്ലോ.

അവിനാശ് മുഖമുയർത്തി സാമാന്യം പതറിയ ശബ്ദത്തിൽ പറഞ്ഞു, നമ്മളാണ് കളഞ്ഞുപോയത് എന്നു കരുത്. ശേഖറിനോടു പറ നമ്മളെത്തിരയാൻ–

– അവനെ എവിടെ കിട്ടും പറയാനായിട്ട്?

– വീണയുടെ അവിടെ തിരക്കിയോ? എൻെറ ദൃഢവിശ്വാസം ആ -- (അച്ചടിക്കാൻ പറ്റാത്ത ശബ്ദം) വീണയുടെ അവിടെ കിടക്കുന്നുണ്ടാവും. വീണയുടെ അവിടെ? ശേഖർ അവിടെ ഇപ്പോൾ പോവാറില്ലെന്നുകേട്ടല്ലോ? അതുമല്ല അവിടെ പോയാലും പിറ്റെദിവസം വീട്ടിൽ പോവാതിരിക്കാൻ കാരണം?

– അടിപിടികൂടിയോ, അതോ അവിടെത്തന്നെ കെട്ടിയിട്ടോ, ആർക്കറിയാം.. നീ അവിടെപ്പോയിനോക്ക്. നിശ്ചയമായും കാണും.

– ഞാനൊരു നിമിഷം പൊട്ടിത്തെറിച്ചു പറഞ്ഞു, എല്ലാം എൻെറ തലയിലാകട്ടെ, ഞാൻ ഒറ്റക്ക് അന്വേഷിക്കണം – ഇതിൻെറ അർത്ഥമെന്താണ്?

അവിനാശ് പല്ലിറുമ്മി തിക്തസ്വരത്തിൽ പറഞ്ഞു, അങ്ങനെയാണെങ്കിൽ നീയിവിടെ ഈ പ്രസ്താവന നിമിഷത്തിന് നിമിഷത്തിന് തൊണ്ടയിൽക്കൂടെ പുറത്തുവിടുന്നതിൻെറ അർത്ഥമെന്താണ്? കളിക്കുന്നുണ്ടെങ്കിൽ കളിക്ക്, അല്ലെങ്കിൽ സ്ഥലം വിട്.

ബാരിൻ ചേട്ടൻ പറഞ്ഞു, ചീട്ടിടട്ടെ, ഇരിക്കുന്നോ ഒന്നു രണ്ടു റൗണ്ട്.

ഞാൻ പറഞ്ഞു, ഇല്ല, നിങ്ങൾ കളിച്ചോ? ഞാൻ കാണാം. എത്രയാണ് ബോർഡിന്?

– ചെറിയ ബോർഡ്– പത്തു പൈസ, ഇരുപതു പൈസ.

– ലിമിറ്റ്.

– പന്ത്രണ്ടു രൂപ, രണ്ടുപേരായാൽ അൺ ലിമിറ്റഡ്.

ബാരിൻ ചേട്ടൻ ചീട്ട് ഇട്ടുകൊണ്ടു പറഞ്ഞു, താ, താ, ബോർഡ് മണിതാ – എടുക്ക്, മൂവ്–

താപസ് ആദ്യംതന്നെ ചീട്ടെടുത്ത് നോക്കിക്കൊണ്ട് ചുണ്ടു മലർത്തി പറഞ്ഞു, വിട്ടു. അപരിചിതനായ മനുഷ്യൻ ഒരുറുപ്പിക വച്ചുകൊണ്ടു പറഞ്ഞു, പത്ത്. അവിനാശ് പറഞ്ഞു, പത്ത്, ബാരിൻ ചേട്ടൻ പറഞ്ഞു, പത്ത്. അതിനു ശേഷം മൂന്നു പേരും വീണ്ടും പത്ത്, പത്ത്, പത്ത്, പത്ത്, പത്ത്, പത്ത്.

ഈ സമയത്ത് ഹീരലാൽ ഒരു ഗ്ലാസ് സോഡചേർത്ത റം കൊണ്ടു വന്നു പറഞ്ഞു, ഇതാ സുനിൽ ബാബു, മൂന്നുരൂപ പതിനഞ്ചു പൈസ തരൂ–

ഞാൻ പറഞ്ഞു, ഇതെന്താണ്, ആരാണ് തരാൻ പറഞ്ഞത്? ഞാൻ ചോദിച്ചില്ലല്ലോ?

– കുടിക്കുന്നില്ലേ?

– അതുമല്ല ഞാൻ വിസ്ക്കി കഴിച്ചാണ് വന്നത്, അല്ലെങ്കിലും കഴിക്കില്ലായിരുന്നു.

വിസ്ക്കി കഴിഞ്ഞു, റമ്മും ജിന്നുമുണ്ട്. ചാരായവുമുണ്ട്. കഴിക്കുന്നോ?

– വേണ്ട, എനിക്കിന്നൊന്നും വേണ്ട. നീയിതെടുത്ത് കൊണ്ടുപോ–

– ഒഴിച്ചുപോയല്ലോ, നിങ്ങൾ കഴിക്കുന്നില്ലെങ്കിൽ വേണ്ട. മറ്റു വല്ലവരും കഴിക്കുമല്ലോ– നിങ്ങൾ വില തന്നാൽ മതി.

ബാരിൻചേട്ടന്റെ ഈ പ്രിയപ്പെട്ട ജോലിക്കാരനെ എനിക്കു കണ്ണിനു കണ്ടുകൂടാ. സംസാരം വളരെ പരുക്കനാണ്. ഇടക്കിടക്ക് തോന്നും പിടിച്ചു രണ്ടു കൊടുക്കാൻ. പക്ഷേ ആ കൂറ്റനെ കാണുമ്പോൾ ധൈര്യവും വരുന്നില്ല. പിന്നെ കാര്യം വിസ്തരിക്കാതെ പൈസയെടുത്ത് കൊടുത്ത് ഗ്ലാസ് വാങ്ങിച്ചു. ഒറ്റ മോന്തലിൽ തന്നെ വായ വൃത്തികേടായി. ഞാൻ പറഞ്ഞു, എന്താ ഹീരലാൽ ഇതു മുഴുവനും സ്പിരിറ്റ് ആണോ? വില അധികം വാങ്ങും. എന്നിട്ടും മായം ചേർത്തതോ?

– എന്താ പറയുന്നത്. ഒന്നാം തരം ഫൈവ് ഇയേഴ്സ്

ആണ് തന്നത്. നിങ്ങൾ പഴയ ആൾ-

ബാരിൻ ചേട്ടൻ സ്നേഹസ്വരത്തിൽ പറഞ്ഞു, ശരിയാണ് ഈ ഹീരലാൽ എന്തൊക്കെയാണ് കാണിക്കുന്നത്! ഇടക്കിടക്ക് എനിക്കും തരുന്ന സാധനം കുടിച്ചാൽ തോന്നും മായം ചേർത്തതാണെന്ന്. എന്തെടോ ഹീരൂ? താ, എനിയ്ക്കൊരു ഗ്ലാസ് താ-

ഒന്നുകൂടി മോന്തിയപ്പോൾ വാസ്തവമായും എനിക്കു വല്ലാതെ തോന്നി. ഞാൻ പറഞ്ഞു, ഇതു ഞാൻ കഴിക്കില്ല, കളയുന്നു.

അവിനാശ് കൈനീട്ടി പറഞ്ഞു, കളയേണ്ട, എനിക്കുതാ. ഗ്ലാസ് വാങ്ങി അവിനാശ് ഒറ്റമോന്തലിൽ മുഴുവനും തീർത്ത് ഇടംകൈകൊണ്ട് പുറംതിരിച്ച് ചിറി തുടച്ചു. അവിനാശിൻെറ തല മുഴുവൻ വിയർപ്പാണ്, തലമുടി കുറ്റിച്ചൂൽ പോലെ. മൂക്കിൻെറ അറ്റത്തു തിളക്കം. നട്ടെല്ലു നിവർത്തി അവിനാശ് ഉയർന്നിരുന്നു പറഞ്ഞു, ബ്ലൈൻഡ് ഒരു രൂപാ ഹിറ്റ്, രാജിയാണോ? ബാരിൻ ചേട്ടൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, രാജി. അപരിചിതനായ മനുഷ്യൻ മറ്റു കാലങ്ങളിൽ ഒന്നും തന്നെ സംസാരിക്കാറില്ല. ഇപ്പോൾ ഗംഭീരസ്വരത്തിൽ പറഞ്ഞു, രാജി.

സുവിമലും നൂറുളും ജനാലയുടെ അടുത്ത് ഏതാണ്ട് നിശ്ശബ്ദരായി ഇരിക്കയാണ്. നൂറുൾ ഒരു സിഗരറ്റെടുത്ത് രണ്ടു വിരലുകൊണ്ടു തിരുമ്മിയിരിക്കയാണ്. തീപ്പെട്ടിക്കോലുകൊണ്ട് കുത്തിക്കുത്തി ഉള്ളിൽ നിന്നും കുറെ പുകയില പുറത്തെടുത്തിരിക്കുന്നു. അതിനുശേഷം വലതുകൈ കൊണ്ട് കൈ വെള്ളയിൽ വച്ചിട്ടുള്ള മറ്റൊരു മസാല സിഗരറ്റിനുള്ളിൽ നിറച്ചു. നൂറുൾ പറഞ്ഞു, എന്താ സുനിൽ ബാബു, വലിയ പുകയില ഒരുവലി നോക്കണോ?

ഞാൻ പറഞ്ഞു, വേണ്ട, ഞാൻ കഞ്ചാവു വലി നിർത്തിയിരിക്കയാണ്.

നൂറുൾ ഒന്നു ചിരിച്ചു. അവൻെറ ചിരി വളരെ മധുരമുള്ളതാണ്. മുഖം താഴേക്കാക്കി പറഞ്ഞു, എല്ലാവരുടെ അടുത്തുനിന്നും ഒരേ വർത്തമാനമാണ് കേൾക്കുന്നത്. നിർത്തിയിരിക്കുന്നു. നിർത്താൻ വേണ്ടി അവനവനെ ക്വാളിഫൈ ചെയ്തതെപ്പോഴാണ്? വിടാൻ തക്കവണ്ണം എപ്പോഴെങ്കിലും നന്നായി ശീലിച്ചിട്ടുണ്ടോ? ഉപനിഷത്തിൽ കർമ്മ കാണ്ഡത്തി

ലുണ്ടല്ലോ- പര്യാപ്തകാമസ്യ കൃതാത്മനസ്ത ഇഹൈവ സർവ്വേ പ്രവിലയന്തി കാമ: എന്നു വച്ചാൽ പര്യാപ്തമായി കാമ്യമായ വിഷയം ഭോഗിച്ചാലേ ആ ഭോഗ്യവസ്തുവിൻെറ സ്വരൂപജ്ഞാനം കിട്ടുകയുള്ളൂ, മനസ്സിലായോ? ഭോഗ്യവസ്തുവിൻെറ സ്വരൂപജ്ഞാനം ഉണ്ടാകുമ്പോഴാണ് ഈ പ്രപഞ്ചത്തിലുള്ള എല്ലാ ആഗ്രഹങ്ങളും ദൂരെയാകുക. അതല്ല നേരത്തേതന്നെ ഇതു കഴിക്കുകയില്ല, ഇതു തൊടുകയില്ല, ഇതു ചെയ്യുകയില്ല ഇങ്ങനെയൊക്കെയായാൽ ആത്മാവ് എങ്ങനെയാണ് പരിശുദ്ധമാവുക? ഈ ലോകത്ത് വന്നിരിക്കുന്നത് സാധന ചെയ്യാനാണ്. സാധന മുഴുവനാക്കുക തന്നെ വേണം. ആദ്യമായി എല്ലാ വസ്തുക്കളെയും പരീക്ഷിച്ചു നോക്കുകയാണാവശ്യം. കഞ്ചാവുവിട്ടുവെന്നു പറഞ്ഞല്ലോ. അതിനുമുമ്പ് കഞ്ചാവ് എന്താണെന്ന് മനസ്സിലാക്കുവാൻ സാധിച്ചോ?

നൂറുൾ ഓരോ ശബ്ദവും ഉച്ചരിക്കുന്നത് ഊന്നിയൂന്നിയാണ്. ഞാൻ അവൻെറ വ്യാഖ്യാനം കേട്ട് അല്പം ചിരിച്ചതേയുള്ളൂ. സുവിമൽ പറഞ്ഞു, അല്ലെടോ ഈ സുനിൽ ഒരു സമയത്ത് ലഹരി പദാർത്ഥങ്ങൾ കുറച്ചൊന്നുമല്ല ഉപയോഗിച്ചിരുന്നത്. ഇപ്പോൾ നീ കാണുന്നത് മെലിഞ്ഞു നീണ്ട ശരീരവും മങ്ങിയ മുഖവും ഇടിഞ്ഞ കവിളുമാണ്--ഒരു കാലത്ത് ഇയാളുടെ ശരീരം പഞ്ചാബിമുള്ളങ്കിപോലെ ചുവന്നു തുടുത്തിരുന്നു. കഞ്ചാവു വലിച്ചു വലിച്ചാണ് ഈ അവസ്ഥയിലെത്തിയത്. പിന്നെ ആ കണ്ണിൻെറ കോണിൽ ഒരു കറുത്ത പാടില്ലേ. ഒരു കാലത്ത് മോർഫിയ എടുത്തിരുന്നതാണേ- തലയിലെ മുടിയൊക്കെപ്പോയി തലയോടുകാണാമെന്നായി-

ഞാൻ ചിരിച്ചു കൊണ്ടു പറഞ്ഞു, പോടോ, ഞാൻ ഒരു കാലത്തും അത്രയൊന്നും ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടില്ല. തന്നെയല്ല ഇപ്പോഴും എൻെറ മുഖം അത്രമോശമൊന്നുമല്ല. ഇന്നുപോലും ഒരു പെണ്ണ് എൻെറ മുഖത്തെ പുകഴ്ത്തിയിരുന്നു.

സുവിമൽ പൊടുന്നനെ നിവർന്നിരുന്നു. എന്നിട്ടു പറഞ്ഞു, ഇന്നു നീ വല്ല പെണ്ണുമായി കൂടിക്കാഴ്ച നടത്തിയത് എവിടെ വച്ചാണ്? ഞാൻ മുഴുവൻ ദിവസവും നിൻെറ കൂടെ ആയിരുന്നല്ലോ?

ഞാൻ പറഞ്ഞു, കാലത്ത്-

സുവിമൽ കണ്ണുരുട്ടി മുറവിളികൂട്ടി. കാലത്ത്? നിനക്ക് ഈയിടെ കാലത്തുതന്നെ പെണ്ണുങ്ങളെ കിട്ടാറുണ്ടോ? കാര്യമെന്താണ്? എനിക്കിതൊന്നും മനസ്സിലാവുന്നില്ല? ങേ, കാലത്തു തന്നെ നീയൊരു പെണ്ണിനെ കണ്ടുമുട്ടിയോ? ങേ?

ഞാൻ നൂറുൾ ഇരിക്കുന്നിടത്തേക്ക് നോക്കിപ്പറഞ്ഞു, സുവിമൽ ഇന്ന് ധാരാളം കഞ്ചാവടിച്ചിട്ടുണ്ടെന്ന് തോന്നുന്നല്ലോ?

നൂറുൾ പഴയപോലെ മധുരമായി ചിരിച്ചു കൊണ്ടു പറഞ്ഞു, ഓ കൂടുതലൊന്നുമില്ല. പക്ഷേ ഫിറ്റായി. ഒരു രൂപ തരാമോ...

വേണ്ട, എനിക്കിന്ന് വേണമെന്നു തോന്നുന്നില്ല.ആൽക്കഹാൾ കഴിഞ്ഞ് കഞ്ചാവ്, അതെനിക്ക് സഹിക്കാൻ പറ്റുകയില്ല. ഞാൻ എല്ലാം പതുക്കെ കാണുകയാണ്. ശരിയായും സ്വരൂപം മനസ്സിലാക്കിയോ എന്നറിഞ്ഞു കൂടാ. പക്ഷേ ആസക്തി ഒന്നിലുമില്ല. എന്റെ ജീവിതത്തെ ഇതിൽ ഏതെങ്കിലും സാധനം മുമ്പോട്ടു നയിക്കുമെന്നു തോന്നുന്നതുമില്ല.

സുവിമൽ അടഞ്ഞ ശബ്ദത്തിൽ പറഞ്ഞു, ആ, ഇതൊന്നു വലിച്ചു നോക്ക്, ജീവിതം മാറിപ്പോവും-

ഞാൻ മറുപടിപറഞ്ഞു, ഇന്ന് കഞ്ചാവു വലിച്ച് എനിക്കു സ്വപ്നം കാണേണ്ട ആവശ്യമില്ല. എനിക്കിന്ന് വേറെ ഒരു സ്വപ്നം കിട്ടിക്കഴിഞ്ഞു.

നൂറുളിന്റെ മുഖത്ത് വിഷണ്ണഭാവം വന്നു. അവൻ വലിയ ദു:ഖത്തോടെ പറഞ്ഞു, ഹാ, ഇപ്പോൾ നിങ്ങൾക്കുവീണ്ടും തെറ്റു പറ്റിയിരിക്കുന്നു. സ്വപ്നം കാണാൻ കഞ്ചാവുവലിക്കുന്നതെങ്ങനെ? കഞ്ചാവുവലിക്കുന്നത് വെറും കഞ്ചാവിനു വേണ്ടി മാത്രമാണ്. ഉദാഹരണമായി ഒരു സ്ത്രീയുടെ അടുത്തു പോകുന്നത് ഈശ്വരിയേയോ, പ്രകൃതിയേയോ അന്വേഷിച്ചല്ല, ഒരു സ്ത്രീക്കുവേണ്ടിയാണ്. രൂപത്തെ രൂപാന്തരപ്പെടുത്തേണ്ട യാതൊരു ആവശ്യവുമില്ല. ഓരോ അസ്തിത്വത്തിനും അതിന്റെ സ്വന്തമായ ഒരു ശുദ്ധ സൗന്ദര്യമുണ്ട്. അതിനെ മറ്റൊന്നുമായും താരതമ്യം ചെയ്യാതെ; മനസ്സിലായോ? ഒന്നും ആരോപിക്കാതെ അതിന്റെ വേരുവരെ

ആസ്വദിക്കുകയാണ് ആവശ്യം. അതാണല്ലോ മഹർഷി ആരണി ശ്വേതകേതുവിനോട് പറഞ്ഞത്, ത്വം ഹൊവാചഃ

സുവിമൽ പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു ഗർജ്ജിക്കുന്ന പോലെ പറയാൻ തുടങ്ങി. വീണ്ടും സൈ്വരം കെടുത്തുന്നോ? ഇവൻ- ഈ മൊട്ടയിൽ മൊട്ടയായ പന്ന മൊട്ട, ഈയിടെ വാക്കിന് വാക്കിന് സംസ്കൃതം പുലമ്പുന്നു. എടാ നൂറുൾ, നീ മുസൽമാൻെറ സന്തതി, നിനക്കിത്ര സംസ് കൃതം ആവർത്തിക്കേണ്ട ആവശ്യമെന്താണെടാ, ഒരു ദിവസം നിൻെറ പല്ലുപോകും, പറഞ്ഞേക്കാം. ഇനിയെങ്കിലും വിടടാ-

നൂറുൾ പറഞ്ഞു, മിണ്ടാതിരിക്ക് ശകുനിബ്രാഹ്മണാ, അരിയും പഴവും തിന്ന് തിന്ന് രക്തം കൂടി പല്ലിയെപ്പോലെ വെളുപ്പിച്ചിരിക്കുന്നു, അതും പോര ഹിന്ദുത്വം പ്രദർശിപ്പി ക്കുന്നോ, സുനിൽ ബാബുവും ഞാനും കൂടി അറിവിൻെറ കാര്യം പറയുകയാണ്. നീയിതിനിടക്ക് തലകാണിക്കാൻ വരുന്നതെന്തിനാണെടാ മൂർഖാ-

സുവിമൽ കണ്ണുരിട്ടി പറഞ്ഞു, നിൽക്ക്, ഒരു ദിവസം കത്തിയെടുത്ത് നിൻെറ വയറു കീറും. താ, സിഗററ്റ് താ, ഒരു വലികൂടി വലിക്കട്ടെ.

നൂറുൾ സിഗററ്റ് അവൻെറ നേരെ നീട്ടിക്കൊണ്ട് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, ഒരു ദിവസം ഇതിനുള്ളിൽ കഞ്ചാവിനു പകരം വിഷം നിറച്ചു തരും നിനക്ക്, മനസ്സിലായോ?

സുവിമൽ മുഷ്ടി ചുരുട്ടി വിരലുകളുടെ വിടവിനുള്ളിൽ സിഗററ്റ് വച്ച് കണ്ണടച്ച് ഒരു നീണ്ട വലി വലിച്ചു. പിന്നീട് പുക പുറത്തുവിടാതെ ശ്വാസം നിർത്തിയ തൊണ്ടയിൽ തപ്പിത്തപ്പി പറഞ്ഞു, താ- സഹോദരാ അതു തന്നെ താ, രക്ഷപ്പെടുമല്ലോ? സ്വന്തം കയ്യാൽ വിഷം കഴിക്കുക- അതിനുള്ള ധൈര്യ മില്ല, നീ കൈയിലെടുത്തു തരികയാണെങ്കിൽ ഒറ്റയെടുപ്പിന് കുടിച്ചു തീർക്കാം. സ്വയം ചാവാം, നിന്നെയും തൂക്കിയിടാം. തീർന്നല്ലോ, പണി തീരുമല്ലോ?

ഞാൻ നൂറുളിനോടു പറഞ്ഞു, നിങ്ങൾ പറയുന്നത് ശരിയാണ്, പക്ഷേ രൂപത്തെ രൂപാന്തരം ചെയ്യാതെ ജീവി ക്കുക വലിയ ബുദ്ധിമുട്ടാണ്. അതിനായി, എന്തോ എനിക്കു തോന്നുന്നു വളരെ സാധനചെയ്യേണ്ടതാവശ്യമാ ണെന്ന്. ആ ആദികാലമനുഷ്യർ എപ്രകാരം റ്റോട്ടത്തെ

പൂജനടത്തിയിരുന്നോ, സൂര്യനെ ഈശ്വരനാണെന്ന് കരുതിയിരുന്നോ, മരത്തെ ദേവതയാണെന്ന് കരുതിയിരുന്നോ, ഇന്നും അതിൻെറ അവശിഷ്ടം നിലനിൽക്കുന്നു. ഇന്നും നദികാണുമ്പോൾ തോന്നും ചഞ്ചലയായ നർത്തകിയാണെന്ന്, വെയിൽ കണ്ടാൽ തോന്നും ശൂലമുനയാണെന്ന്, പിന്നെ ശൂലമുനകണ്ടാൽ തോന്നും വെയിലുകൊണ്ടു നിർമ്മിച്ചതാണെന്ന്. ഈ വിധം എല്ലായ്പ്പോഴും തുലനം ചെയ്തുചെയ്തു നമുക്ക് സത്യാവസ്ഥ ഒട്ടും അറിയാൻ കഴിയുന്നില്ല, ഒന്നും മനസ്സിലാക്കാനും പറ്റുന്നില്ല. ഏതെങ്കിലും ഒരു വസ്തുവിൻെറ വേരു കാണുന്നതെങ്ങിനെ? എല്ലായ്പ്പോഴും ദൃഷ്ടിപാളികൾ പതറുകയാണല്ലോ? എപ്പോഴും മറ്റെന്തോ വന്ന് അതിനുമേൽ നിഴൽ വിരിക്കുന്നു.

അതുകൊണ്ടുതന്നെയാണ് തന്നെത്തന്നെ ശരിക്കു മനസ്സിലാക്കേണ്ട ആവശ്യം. തന്നെപ്പറ്റി തെറ്റായ ധാരണയില്ലെങ്കിൽ, തന്നെക്കുറിച്ച് ഉപമ മനസ്സിൽ വരുന്നില്ലെങ്കിൽ ചരിത്രത്തിൽ നിന്ന് തന്നെ മാറ്റി നിർത്താൻ കഴിയും. എങ്കിലും മനസ്സിലാക്കൂ, മറ്റുവസ്തുക്കളുടെ അടിവരെപോകാൻ ഒരു വഴിതെളിയും. പഴത്തെപൊളിച്ചുനോക്കു. അതിനുള്ളിൽ വിത്തുകൾ. വിത്തു പൊട്ടിക്കൂ. അതിനുള്ളിൽ ഒന്നുമില്ല. ഉള്ളി അല്ലെങ്കിൽ മൊട്ടക്കൂസ് തൊലികളായി അടർത്തിനോക്കൂ, ഉള്ളിൽ ഒന്നുമില്ല. ഈ പ്രപഞ്ചത്തിൽ എല്ലാം ഒന്നുമില്ല എന്നറിയാൻ വേണ്ടി എല്ലാറ്റിനേയും പ്രത്യേകമായി കാണേണ്ടി വരുന്നു.

എല്ലാറ്റിനേയും നോക്കാതിരുന്നാൽ എവിടെയെങ്കിലും ഒരു സ്ഥിരകേന്ദ്രം സ്ഥാപിക്കേണ്ടതും ആവശ്യമാണ്. അങ്ങിനെ ഇങ്ങിനെ നോക്കാൻ പറ്റില്ല. പക്ഷേ ആ കേന്ദ്രം എന്താണെന്ന് പറഞ്ഞാട്ടെ, സ്നേഹമോ?

സ്നേഹമാണെന്നകാര്യത്തിൽ സംശയമില്ല. പക്ഷേ ആരെ? അവനവനെത്തന്നെയോ? അല്ല, താങ്കൾ ആണിൻെറയും പെണ്ണിൻെറയും കാര്യം പറയുന്നോ?

തന്നെത്തന്നെ സ്നേഹിക്കുക എന്ന വാക്കിൽ യാതൊരർത്ഥവുമില്ല. സ്വയം സ്നേഹിക്കുക എന്നത് ഏതാണ്ട് കാറ്റിൻെറ അസ്തിത്വം പോലെ, അല്ലെങ്കിൽ വെള്ളത്തിൻെറ നിറം പോലെയാണ്. അതുമല്ലെങ്കിൽ അപ്പൂപ്പൻതാടിയുടെ വഴി പോലെ ശരിക്കും അറിയാൻ കഴിയാത്തതാണ്. മറ്റെ

ന്തെങ്കിലും ഒന്നുമായി മുട്ടിക്കേണ്ടത് ആവശ്യമാണ്. പെണ്ണു പോലെ വല്ലതും ഉണ്ടാവുന്നത് നന്ന്. സ്ത്രീകൾ കല്ലു കൊണ്ടുള്ള ദേവതയെപ്പോലെയാണ്. യാതൊരു മറുപടി യുമില്ല, യാതൊരു ചാഞ്ചല്യവുമില്ല. അതിനു മുന്നിൽ വീണ്ടും വീണ്ടും അവനവനത്തന്നെ വെളിവാക്കാൻ ആഗ്രഹം തോന്നുന്നു. ചിലപ്പോൾ ഒരു കിടക്കയിൽ കിടന്ന് കുട്ടി കളെ ഉൽപ്പാദിപ്പിച്ച് അവനവനെത്തന്നെ പ്രകാശിപ്പിക്കുക, ചിലപ്പോൾ അമ്പലത്തിൽ പോയി രഹസ്യപ്രാർത്ഥന നട ത്തുന്നപോലെ.... ഈ കാര്യം എന്റെ മനസ്സിൽ ഇപ്പോഴാണ് ഓർമ്മവന്നത്. പണ്ടൊരിക്കലും ചിന്തിച്ചിട്ടില്ല.

നൂറുൾ ചിരിച്ചുകൊണ്ട് പറഞ്ഞു, ഇതെന്താണ് കഞ്ചാവു വലിക്കാതെയും ഇതെല്ലാം മനസ്സിൽ വരുമെന്നോ? വെറുതെ മനസ്സിൽ വരുമെന്നോ?

ഞാനും ചിരിച്ചുകൊണ്ട് ഉത്തരം കൊടുത്തു. ഇതെല്ലാം കഞ്ചാവടിച്ച വർത്തമാനമാണെന്ന് പറയുന്നോ? അങ്ങിനെ യാവാനും മതി. പക്ഷേ കഞ്ചാവു നന്നായടിച്ചിരുന്നകാലത്ത് എന്റെ മനസ്സിൽ ഒരു ചിന്തയും വന്നിരുന്നില്ല. മേലുവേദന മാത്രം. തൊണ്ടവരൾച്ച. പിന്നെ കണ്ണുകളിൽ ചില നിറമുള്ള ഡിസൈനുകൾ കാണൽ. തരൂ-നിങ്ങൾ തയ്യാറാക്കിയ ഒരു ചില്ലം വലിച്ചുനോക്കട്ടെ.

നൂറുൾ കൈ നീട്ടി അവസാനിക്കാറായ സിഗററ്റ് എനിക്കു തന്നു. അപ്പോൾ ഞാൻ നീണ്ട രണ്ടു വലിവലിച്ച് ഖൊഖൊന്നു ചുമക്കാൻ തുടങ്ങി. കാര്യമായി മരുന്നില്ലായിരുന്നു. അവസാ നഭാഗത്തെ സിഗററ്റിന്റെ പുകയിലമാത്രം. ഞാൻ പറഞ്ഞു ഇതിൽ ഒന്നുമില്ല സോഡാ മാത്രം.

– ഇനി ഒന്നുണ്ടാക്കണോ?

ശീട്ടുമേശയിൽ നിന്ന് ഹാഹാ എന്ന അട്ടഹാസമുയർന്നു. താപസിന്റെ തൊണ്ടയാണ് എല്ലാറ്റിലും മുന്തിനിന്നത്. ഹാ, ട്രയോ? കള്ളക്കളി, എന്തെങ്കിലും അർത്ഥമുണ്ടോ? വെറും കള്ളക്കളി.

ബാറിൻ ചേട്ടന്റെ കനത്ത ശബ്ദം– കള്ളക്കളി?

താപസ് പരിഭ്രമിച്ചു പറഞ്ഞു. അല്ലല്ല. നിങ്ങൾ കള്ളക്കളി കളിച്ചു എന്നു പറഞ്ഞില്ല. ദൈവത്തിന്റെ കള്ളക്കളി. എന്റെ കയ്യിലും വരാമായിരുന്നല്ലോ? ഞാൻ ടോപ്പ് റൺ കയ്യിൽ

വച്ചിരിക്കുന്നു. ആ, നാശം! ഇനി ഞാൻ കളിക്കത്തില്ല. പൈസ മുഴുവൻ തീർന്നു. വീട്ടിൽ പോകുന്നു.

– വീട്ടിൽ പോണു?

അവിനാശ് പറഞ്ഞു, ഇരിക്കടോ, എവിടെപ്പോകാനാണ്. കളിമുറുകിവരികയാണ്. ഹീരലാൽ– എനിക്കൊരു ഗ്ലാസു കൂടി തന്നാട്ടെ.

താപസ് എണീററു നിന്നു. ഇല്ല നിങ്ങൾ കളിക്കൂ, ഞാൻ പോകുന്നു.

– ഇപ്പോൾത്തന്നെ പോകുന്നോ?

– ഇനിയും താമസിച്ചാൽ ഛായ കരയാൻ തുടങ്ങും. പാവം ഒറ്റക്കാണ്, പതിനൊന്നര മണിയായി.

അപരിചിതനായ മനുഷ്യൻ ഷൂവിൻെറ ചരടുകെട്ടുകയായിരുന്നു. അയാളും എഴുന്നേറ്റു പറഞ്ഞു, ഞാനും പോകുന്നു, വീണ്ടും നാളെ വരാം. അതിനു ശേഷം സംസാരം ദീർഘിപ്പിക്കാതെ താപസും അയാളും പുറത്തിറങ്ങി. അപരിചിതൻ ഒരു രഹസ്യമനുഷ്യനാണ്. ഇത്രയും നേരം ഒരു വാക്കുപോലും പറഞ്ഞില്ല, ശീട്ടിടുന്നതൊഴികെ. കളിക്കാൻ വേണ്ടി മാത്രം വന്നതാണ്. കളി അവസാനിപ്പിച്ച് പോകുകയും ചെയ്തു. മുറിയിലെ മറ്റുള്ളവരെക്കുറിച്ച് സാമാന്യ കൗതുകം പോലും കാണിച്ചില്ല. ഞാൻ കണ്ണുകൊണ്ട് ആംഗ്യം കാണിച്ചുചോദിച്ചു. ആരാണെടോയീ മനുഷ്യൻ? അവിനാശ് അലോസരഭാവത്തിൽ പറഞ്ഞു, ആർക്കറിയാം. താപസ് എവിടെ നിന്നോ വളച്ചു കൊണ്ടുവന്നതാണ്.

ബാറിൻ ചേട്ടൻ പൈസ എണ്ണുകയായിരുന്നു. പറഞ്ഞു, ഇനിയും കളി ഇല്ലല്ലോ?

അവിനാശ് ഒറ്റ വീർപ്പിന് ഗ്ലാസ് കാലിയാക്കി പറഞ്ഞു. നിശ്ചയമായും ഉണ്ട്, നിങ്ങളും ഞാനുമായി കുറച്ചു നേരം നോക്കാം.

ഞാൻ പറഞ്ഞു, അവിനാശ്, ഞാനും എന്നാൽ ഇനി വീട്ടിൽ പോകുന്നു. സുഖം തോന്നുന്നില്ല.

അവിനാശ് വ്യാകുലനായി പറഞ്ഞു, അരുത്, പാടില്ല, പോകരുത് പ്ലീസ്, അൽപം ഇരിക്ക്. ഒന്നുരണ്ടു റൗണ്ട് കളിച്ചതും...

പറ്റില്ല, രാത്രിയായിക്കൊണ്ടിരിക്കയാണ്, ഇപ്പോൾ പോയി

ല്ലെങ്കിൽ...

അവിനാശിൻെറ ശബ്ദം ലഹരിനിറഞ്ഞതും കരുണാർദ്ര വുമായിരുന്നു. അവൻ പറഞ്ഞു, എന്താണ് നിങ്ങളെല്ലാം വീട് വീട് എന്നു പറയുന്നത്. മടുപ്പുതോന്നുന്നു. ഓ.... എന്നും ഒരുമാതിരി, വീട്ടിൽ തിരിച്ചുചെല്ലുക, ചെന്ന് അമ്പതുകൊല്ലം പഴക്കമുളള പിച്ചളത്തളികയിൽ ചോറ്, മുത്തശ്ശിയുടെ കല്യാ ണത്തിനു കിട്ടിയ കട്ടിലിൽ ചെന്നു കിടത്തം. ഓ... ഇനിയും വയ്യ. കാലത്ത് താടിവടിക്കൽ, ഓഫീസ്, വീട്ടിൽ വരൽ, അമ്മകിമ്മ, ചെറിയമ്മ, വല്യമ്മ, അത് ഇത് സകലരുടെയും പിണ്ഡംവക്കാൻ എല്ലാം.

നടക്കട്ടെ ഫൂ... തരൂ-ബാറിൻ ചേട്ടാ, ശീട്ടു തരൂ, നിന ക്കായാണ് ജീവിച്ചിരിക്കുന്നത്, എന്നാലും ഇവിടെവരുമ്പോൾ തലയിലൂടെ സ്വൽപ്പമെങ്കിലും രക്തമോടുന്നു.

അവിനാശ് നീ കളിക്ക്, സുവിമൽ ഉണ്ടല്ലോ. ഞാനെന്നാൽ പോകട്ടെ.

അവിനാശ് അരക്കൊപ്പം ഉയർന്നു ടപ്പ് എന്ന് എൻെറ കൈ പിടിച്ചു. പിന്നെ ദയനീയമായി കരയുന്ന സ്വരത്തിൽ പറഞ്ഞു, നിൻെറ കാലുപിടിക്കുന്നു, പോവരുത് തീർച്ച, വീണ്ടും ഒരു മൂന്നുനാലു റൗണ്ട്, പിന്നീട് പോകാം. വീട്ടിൽ പോകണോ എന്നു ചിന്തിക്കയാണോ? ഇതിനുശേഷം മറ്റൊരു സ്ഥലത്തു നിന്നെ കൊണ്ടു പോകാം. കാണാം എന്തൊരു സാധനമാ ണെന്ന്...

സുവിമൽ വീണ്ടും നൂറുളുമായി അവിടെ ഇരുന്നു പിറു പിറുക്കുന്നു. ആവശ്യത്തിന് ലഹരി പിടിച്ചിരിക്കുന്നു അവന്. ബാറിൻ ചേട്ടൻ മൂന്നെണ്ണം വീതം ശീട്ടിട്ടു. ഞാൻ കട്ടിലിൻെറ മൂലയിൽ ഒഴിഞ്ഞുനിന്നു; രണ്ടുപേരുടെയും കൈ കാണാത്ത രീതിയിൽ.

അവിനാശ് അലറി, ങുഹും ഇതെന്താണ് ഇതെന്താണ്, കഴിഞ്ഞ തവണ നിങ്ങൾക്ക് ട്രയോ കിട്ടി. ഇത്തവണ നാലു ശീട്ട്.

ബാറിൻ ചേട്ടൻ ചിരിച്ചുകൊണ്ടു പറഞ്ഞു. നിനക്കോർ മ്മയുണ്ടല്ലോ?

അവിനാശ് പറഞ്ഞു. നോക്കൂ, ബാറിൻ ചേട്ടാ ഇപ്പോൾ രണ്ടാൾ മാത്രമായി. വരി കൂട്ടാം. ഒരു രൂപ... രണ്ടുരൂപ...

രാജി?

– ശരി, ഇതാ നിൻെറ മൂവ്.

അവിനാശ് ശീട്ടെടുക്കാതെ പറഞ്ഞു, ബ്ലൈൻഡ് ഒന്ന്. ബാറിൻ ചേട്ടനും ശീട്ടെടുക്കാതെ പറഞ്ഞു, ഒന്ന്. രണ്ട്... രണ്ട്, മൂന്ന്...

ബാറിൻ ചേട്ടൻ ശീട്ടു പൊക്കാതെ തന്നെ പറഞ്ഞു, ഷോ.

അവിനാശ് ഒന്നു ഞെട്ടി, ചുവന്ന കണ്ണുകളോടെ നോക്കി. നാലു ശീട്ടിൽ ഇതിനകം തന്നെ ഷോയോ? അവിനാശ് തൻെറ ശീട്ടു മലർത്തി. രണ്ടു എയ്സ്. ബാറിൻ ചേട്ടൻെറ കൈയ്യിൽ ഒന്നുമില്ല. റാണി ടോപ്പ്. പിറുപിറുക്കുന്നപോലെ അവിനാശ് പൈസനീക്കിയെടുത്ത് പറഞ്ഞു, നിങ്ങൾ ആരാധ്യനായ മനുഷ്യനാണ് ബാറിൻ ചേട്ടാ, എപ്പോൾ വേണമെങ്കിലും സ്വന്തം കൈ നോക്കാതെ തന്നെ ചീത്തയാണെന്നറിയാൻ കഴിയും. നല്ലതല്ലേ?

ബാറിൻ ചെറുതായി ചിരിച്ചുകൊണ്ട് ഉത്തരം കൊടുത്തു. എൻെറ മനസ്സിനുള്ളിൽ ഇരുന്നാരോ മന്ത്രിച്ചുകൊണ്ട് എനിക്കു വിവരം തരുന്നു. ശീട്ടുവീതിച്ചശേഷം അൽപസമയം ധ്യാനിച്ചിരിക്കുന്നു. ആമന്ത്രണം കേൾക്കുന്നുണ്ടോ എന്നറിയാൻ. അതു കിട്ടുന്നില്ലെങ്കിൽ തോൽവിയോ ജയമോ എന്താണ് സംഭവിക്കുന്നതെന്നറിയില്ല. പിറകിൽ നിന്നും മനുഷ്യരെ തിരിച്ചറിയാൻ പറ്റില്ല. എന്നാൽ ശീട്ടിൻെറ പിറകുവശം കണ്ടാലും എനിക്കുതിരിച്ചറിയാം. അവിനാശ് മറ്റൊരു ശീട്ടെടുത്ത് മൊട്ടുസൂചികൊണ്ട് അടയാളം കുത്തിയിട്ടുണ്ടോ എന്നു ശ്രദ്ധാപൂർവ്വം നോക്കാൻ തുടങ്ങി.

അതൊന്നും ഇവിടെയില്ല. ഞാൻ ചൂതുകളിക്കാറില്ല. ശീട്ടുകളിക്കുന്ന അമ്പത്താറു ശീട്ടുമായാണ് എൻെറ കുടുംബ ജീവിതം. കുടുംബത്തിലെ അംഗങ്ങൾ എപ്രകാരമാണോ, ഒരാൾ മറ്റൊരാളുടെ ദൃഷ്ടിയിൽ ചീത്ത, എന്നാൽ വേറൊരാളുടെ കണ്ണിൽ നല്ലത്, ഒരാൾ ഭാര്യയുടെ അടുത്ത് മഹാദുഷ്ടൻ എന്നാൽ പുറത്ത് മഹാപുരുഷൻ, ഒരാൾ ഓഫീസിൽ മഹാമടിയൻ എന്നാൽ ക്ലബിനുവേണ്ടി ജീവൻ കളഞ്ഞു പണിയെടുക്കുന്നവൻ. അതുപൊലെ, മനസ്സിലായോ. എല്ലാവർക്കും സ്വന്തമായ ഓരോ ഇടമുണ്ട്. ആര് എവിടെയാണ് ശോഭിക്കുക. എന്നുനോക്കണം. അധികം പേരും രണ്ടും മൂന്നും

നമ്പർ ശീട്ടുപോലെയാണ്. ചവറാണ്. പക്ഷേ കൂടെ മൂന്നോ നാലോ വച്ചാൽ അപ്പോൾ അവൻ മിനുങ്ങും.

– നിർത്തൂ. നിങ്ങൾ ഇനിയും വാചകമടിക്കാതെ ശീട്ടിടു. മൂവ് തരൂ, ധ്യാനിച്ച് അറിഞ്ഞോളൂ ഇപ്രാവശ്യം ജയിക്കുമോ എന്ന്.

അപ്രാവശ്യവും അവിനാശ് ജയിച്ചു. പന്ത്രണ്ടുരൂപ. വീണ്ടും ശീട്ടിട്ടു. ഇപ്രാവശ്യം ബാറിൻ ചേട്ടൻ കമിഴ്ത്തിയ ശീട്ട് പതുക്കെ തൊട്ട് പറഞ്ഞു, ഇപ്രാവശ്യം ഞാൻ ജയിക്കും.

അവിനാശ് പരിഹസിക്കുന്ന തരത്തിൽ ശബ്ദമുയർത്തി പറഞ്ഞു. അങ്ങിനെയോ? നോക്കാം, ഇപ്രാവശ്യം ഞാനെല്ലാം അടിയറവെക്കും. എടുത്തോ, ആദ്യം തന്നെ അഞ്ചു രൂപാ ഹിറ്റ്.

ബാറിൻ ചേട്ടൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, എന്റെയും അഞ്ച് –

പത്ത്

പത്ത്

ഇരുപത്

ഇരുപത്

മുപ്പത്

മുപ്പത്

അമ്പത്

അമ്പത്

എഴുപത്തഞ്ച്

എഴുപത്തഞ്ച്

നൂറ്

ഒുഹും, പൈസ എവിടെ? വായകൊണ്ട് പറഞ്ഞാൽ പോരാ. ബോർഡിൽ പൈസയിട്.

പൈസ തരാം, നിങ്ങൾ ഇട്ടാട്ടെ.

പറ്റില്ല, ബോർഡിൽ പൈസ വെക്കാതെ കളിയില്ല.

അവിനാശ് പോക്കറ്റിൽ കൈയിട്ടു. മുഴുവൻ ദേഹവും തിരഞ്ഞു. ഇനിയും പൈസയില്ല. അവിനാശ് എന്റെ നേരെ നോക്കി പറഞ്ഞു, ഏയ് സുനിൽ നിന്റെ കൈയിൽ പൈസ യുണ്ടോ?

ഞാൻ പറഞ്ഞു, ഉണ്ട്- അറുപതു രൂപയോളമുണ്ട്.

– താ എനിക്കു താ...

ബാറിൻ ചേട്ടൻ പറഞ്ഞു, ഇല്ല അതുപറ്റില്ല. നിന്റെ പൈസ കഴിഞ്ഞാൽ നിന്റെ കളി തീർന്നു. നീ കൈ ഇട്ട് എണീറ്റുപോകണം. കളിയുടെ സമയത്ത് കടം പറ്റില്ല.

– ശ്ശെടാ, കടംവാങ്ങിക്കാതെ ഞാനെന്റെ പൊന്നോ വാച്ചോ പണയം വച്ച് പൈസ വാങ്ങിക്കുന്നതിൽ നിങ്ങൾക്ക് എതിർപ്പു വല്ലതുമുണ്ടോ?

– എന്റെ വീട്ടിൽ അതൊന്നും നടപ്പില്ല. എത്ര സമയം നെഞ്ചൂക്കും പോക്കറ്റിൽ പൈസയുമുണ്ടോ അതുവരെ കളി നടക്കും. കഴിഞ്ഞാൽ എണീറ്റുപോകാം. നിയമപ്രാകരം നീ കൈ ഇട്ട് എഴുന്നേറ്റുപോകേണ്ടതാണ്. പക്ഷേ ശരി, നിനക്ക് ഞാൻ ഷോ ചെയ്യുന്നതിനുള്ള അവസരം തരുന്നു. പോക്കറ്റിൽ എന്താണ് ചില്ലറയുള്ളതെന്നുവച്ചാൽ അതുകൊണ്ട് ഷോ ചെയ്തോ. ജയിക്കാൻ ഇപ്രാവശ്യം ഞാൻ തന്നെ.

– നിങ്ങൾ ജയിക്കുമെന്നോ? ഹാ..ഹാ.. അവിനാശ് മുറി മുഴുവനും വിറപ്പിച്ചുകൊണ്ട് ചിരിച്ചു. നിങ്ങൾ ജയിക്കും, അത്ര എളുപ്പമോ? നിങ്ങൾക്ക് ശീട്ടിന്റെ കുടുംബചരിത്രമറിയാമല്ലേ? എനിക്കറിഞ്ഞുകൂടാ..അല്ലേ?

അവിനാശ് മൂന്നു ശീട്ടുകളുടെയും മേൽ കൈ ഓടിച്ചു. ഹാ– മന്ദം മന്ദം കാറ്റടിക്കുന്നപോലെ, മനസ്സിലായോ സുനിൽ, സരസ്വതീപൂജയുടെ ദിവസം ഒരു വീട്ടിലെ മൂന്നു പെൺകുട്ടികൾ, മൂവരും ഇളം ഓറഞ്ച് നിറത്തിലുള്ള സാരിയുടുത്ത് തല വെട്ടിച്ച് തലമുടി പരത്തിയിട്ട് വഴിയിലൂടെ തെന്നിത്തെന്നി പോകുന്നപോല. മൂന്നുപേരെയും കണ്ടാൽ ഒരുപോലെ തോന്നും. ഇവരും അതുപോലയാണ്. ട്രയോ--അല്ല ആണെന്നു പറയുന്നില്ല. മൂന്നു സഹോദരിമാർ എങ്ങിനെയാണ് ട്രയോ ആകുന്നത്? വയസ്സിന്റെ വ്യത്യാസമില്ലേ, റണ്ണിംഗ് ഫ്ലാഷ് താ- പൈസതാ, പൊരുതിനോക്കാം.

ബാറിൻ ചേട്ടൻ പറഞ്ഞു, പറ്റില്ല. സുനിൽ നീ പൈസ കൊടുക്കരുത്.

ഞാനൽപം ആശ്ചര്യപ്പെട്ടു പറഞ്ഞു. നിങ്ങൾ എന്തിനാണ് ഞാൻ കൊടുക്കുന്നത് തടയുന്നത്? ഒന്നും മനസ്സിലാവുന്നില്ല. കളിക്കാനിഷ്ടമുണ്ടെങ്കിൽ കളിക്കട്ടെ. ആഗ്രഹം അടിച്ചമർത്തുന്നതിന്റെ ആവശ്യമെന്താണ്?

– സ്വന്തം പൈസകൊണ്ട് കളിക്കട്ടെ.

– സ്വന്തം പൈസ ഒരു പോക്കറ്റിലെ തീർന്നാൽ മറ്റേ പോക്കറ്റിലെ പൈസ കൊണ്ട് കളിക്കാം. അങ്ങിനെയാണെങ്കിൽ കൂട്ടുകാരന്റെ പോക്കറ്റിലെ പൈസ വാങ്ങുന്നതിൽ എന്താണ് വിരോധം?

– പറ്റില്ല. ഇതെല്ലാം ചൂതുകളിക്കാരുടെ സ്വഭാവമാണ്. ഞാൻ ചൂതുകളിക്കുന്നില്ല. ശീട്ടുകളിക്കുന്നു. പണക്കൊതി കൊണ്ട് കളിക്കുന്നതല്ല. ഞാൻ അവന് ഷോ ചെയ്യാനുള്ള ചാൻസ് കൊടുക്കുന്നുണ്ടല്ലോ. ജയിക്കണമെങ്കിൽ ഈ ബോർഡിലെ എഴുപത്തഞ്ചിന്റെ മടങ്ങ് നൂറ്റമ്പതുരൂപ ജയിച്ചുവാങ്ങട്ടെ.

അവിനാശ് ഗർജ്ജിച്ചു,. ചാൻസ് തരുന്നു എന്നുപറയുന്നതിന്റെ അർത്ഥം? ദയ കാണിക്കയാണോ? ങ്ഹാ.. വെറും വലിയ വലിയ വർത്തമാനം. ചൂതുകളിയല്ല, ശീട്ടുകളിയാണ്. ഈ കുറച്ചു മാസത്തിനുള്ളിൽ എത്രയായിരം രൂപ പിടുങ്ങി. ങ്ഹാ.. ഇപ്പോൾ ഞാൻ ശീട്ടു തിരിച്ചറിയാൻ പഠിച്ചു, അതുകൊണ്ട് ഭയം.

ബാറിൻ ചേട്ടൻ വ്രണപ്പെട്ട ഭാവത്തിൽ പറഞ്ഞു, ഞാനൊട്ടും ഭയപ്പെട്ടിട്ടില്ല. ഞാൻ നിങ്ങളുടെ കൈയിൽ നിന്ന് പൈസ ഒട്ടും തന്നെ പിടുങ്ങിയിട്ടില്ല, നിങ്ങളാണ് തോററത്. എന്റെ വീട്ടിൽ കളിക്കുമ്പോൾ എന്റെ നിയമത്തിന് കളിക്കണം. ഇഷ്ടമില്ലെങ്കിൽ വരരുത്. എനിക്ക് മറ്റു ധാരാളം പാർട്ടിയുണ്ട്. നിങ്ങളെപ്പോലെ ഒന്നിനും കൊള്ളാത്തവരെ എനിക്കാവശ്യമില്ല.

– ഓരോരോ ദിവസവും നിങ്ങൾക്കോരോരോ നിയമമാണോ? ശ്മശാനത്തിന്റെ അരികിലാണ് നിങ്ങളുടെ വ്യവസായം, ഒന്നാം നമ്പർ കഴുകൻ. ഇന്നു നിങ്ങളുടെ തട്ടിപ്പു തകർക്കും, ഇന്ന് അവസാനംവരെ കളിക്കേണ്ടിവരും.

ഒരു കാലി സിഗററ്റിന്റെ ടിന്നിൽ ബാറിൻ ചേട്ടൻ ഉറുപ്പികയും ചില്ലറയും വെച്ചിരുന്നു. ബാറിൻ ചേട്ടൻ അത് ഇടതുകൈകൊണ്ട് അമർത്തിപ്പിടിച്ചു. അതിനുശേഷം പറഞ്ഞു, നിനക്ക് രണ്ടു തവണ ചാൻസ് തന്നു, നീ എടുത്തില്ല, ഇന്നത്തെ കളി തീർന്നു. ബാറിൻ ചേട്ടൻ വലതുകൈനീട്ടി ബോർഡിലെ പൈസ എടുക്കാൻ തുടങ്ങി.

– തൊട്ടുപോകരുത്, അവിനാശ് പിന്നെ നിമിഷം പോലും പാഴാക്കാതെ ശക്തിയായി ഒരിടികൊടുത്തു ബാറിൻ ചേട്ടൻെറ താടിയിൽ. ബാറിൻ ചേട്ടൻ ഒരു വശത്തേക്കു ചരിഞ്ഞുവീഴാൻ തുടങ്ങിയതും ചില്ലറ മുഴുവൻ ' കലകലാ' രവത്തോടെ നിലത്തു ചിതറി. ഒട്ടും സമയം കൊടുക്കാതെ അവിനാശ് വീണ്ടും ഒരിടിയിൽ അയാളെ കട്ടിലിൽ നിന്ന് മറിച്ചിട്ടു. ബാറിൻ ചേട്ടൻ വീണതും ഉടനെ തന്നെ ചാടിയെഴുന്നേറ്റു.

സുവിമലും നൂറുലും എഴുന്നേറ്റുനിന്നു. അവരെ അപ്പോൾ തടയുകയാണ് ഞാൻ ചെയ്യേണ്ടിയിരുന്നത്. അങ്ങിനെ ചെയ്തിരുന്നെങ്കിൽ പിന്നീട് എനിക്കിത്രയും ദു:ഖം അനുഭവിക്കേണ്ടി വരുമായിരുന്നില്ല. ആ മുഹൂർത്തത്തിൽ എന്തുകൊണ്ടോ എനിക്കുതോന്നി, ഇന്നത്തെ സംഭവം കൊണ്ടുമാത്രമല്ല, ബാറിൻ ചേട്ടനും അവിനാശും തമ്മിൽ ഒരു പഴയ വൈരാഗ്യമുണ്ട്, ഇത് അവർ തമ്മിൽ തന്നെ തീർക്കുന്നതാണ് നല്ലത് എന്ന്. രണ്ടു ശക്തരായ പുരുഷൻമാർ, രണ്ടുപേരും മുഖാമുഖം നിൽക്കുന്നു. അവിടെ എൻെറ വാക്കിന് അർത്ഥമുണ്ടെന്ന് തോന്നിയില്ല. നൂറുൾ ലഹരി നിറഞ്ഞ ശബ്ദത്തിൽ ചുമരിനടുത്തേക്ക് ചാരിനിന്നുകൊണ്ട് പറഞ്ഞു, ഞാൻ ഒരു പക്ഷത്തുമില്ല, ഞാൻ... സുവിമൽ നിശ്ശബ്ദനായി സ്ഥലഭ്രമം വന്നപോലെ നിൽക്കുന്നു. കട്ടിലിൻെറ അങ്ങേഭാഗത്ത് അവിനാശിൻെറ നീണ്ട ഭീമാകാരമായ ശരീരം, കട്ടിലിൻെറ ഇങ്ങേ ഭാഗത്ത് ബാറിൻ ചേട്ടൻ, ചിറിയുടെ കോണിൽ നിന്നും ചോര ഒലിക്കുന്നു. ഇരുമ്പുപോലുള്ള രണ്ടുകൈയും നീട്ടി അവിനാശിൻെറ നേരെ നോക്കി പറഞ്ഞു. വാടാ, നായേ....

അവിനാശ് കൊല്ലുന്ന ഭാവത്തിൽ പറഞ്ഞു, വാ... മറയുടെ മറ്റേ ഭാഗത്തുനിന്നും ഹീരലാൽ പുറത്തുവന്നു, ഊണുകഴിക്കുകയാണെന്നുതോന്നുന്നു. ഒരു കൈ എച്ചിലാണ്, അവിനാശിൻെറ അടുത്ത് വന്നു പറഞ്ഞു, ഹേയ്, അവിനാശ് ബാബു, എന്താണീ കാണിക്കുന്നത്? നിങ്ങൾക്ക് വല്ലാതെ ലഹരി പിടിച്ചിരിക്കുന്നു. പോവിൻ...വീട്ടിൽ പോവിൻ..

അവിനാശ് അവനെ ഇടംകൈകൊണ്ട് ഒരു ഉന്തുകൊടുത്തുകൊണ്ട് പറഞ്ഞു, മാറ്.

ബാറിൻ ചേട്ടൻ പറഞ്ഞു, ഹീരലാൽ നീ മാറ്.

ഹീരലാൽ എന്നിട്ടും അവിനാശിന്റെ ഒരു കൈ അമർത്തിപ്പിടിച്ചു. ഈ സമയത്ത് പെട്ടെന്ന് എന്തു പറ്റിയോ ആവോ സുവിമൽ തെന്നി അപ്പുറത്തുചെന്നു ഹീരലാലിനോട് പറഞ്ഞു. എടാ നീ ശരീരത്തുതൊട്ടുകളിക്കേണ്ടാ, മാറ്...

ഹീരലാൽ സുവിമലിനെ ഒട്ടും വകവെക്കാതെ ഇടം കൈകൊണ്ട് ഒരു തള്ളുകൊടുത്തു. ലഹരി കേറി ദുർബ്ബലമായ ശരീരമായതിനാൽ സുവിമൽ വാതിലിനരികെ മറിഞ്ഞുവീണു. ഹീരലാൽ മുറിയുടെ വാതിൽ തുറന്ന് ആജ്ഞാസ്വരത്തിൽ അവിനാശിനോടു പറഞ്ഞു, പോവിൻ... കടന്നുപോവിൻ. അവിനാശ് പറഞ്ഞു, മിണ്ടാതിരിക്ക്...

തൽസമയം സുവിമൽ നിലത്തുകിടന്നുകൊണ്ടുതന്നെ ഹീരലാലിനെ ഒരു ചവിട്ടുകൊടുത്തു. ഹീരലാൽ ഉടൻ തന്നെ തിരിഞ്ഞുനിന്ന് എത്രമാത്രം ശക്തിയിലാണോ സുവിമലിനെ ഒരു ചവിട്ടുകൊടുത്തത് എന്നറിയില്ല 'പടാ' എന്ന ഭയങ്കര ശബ്ദമുണ്ടായി, സുവിമൽ വാതിലിലൂടെ തെറിച്ച് പുറത്തു വീണു. അതേ നിമിഷത്തിൽ തന്നെ പെട്ടെന്ന്പോയി മറയുടെ മറുഭാഗത്തുനിന്നും ഹീരലാൽ ഒരു പന്ത്രണ്ടിഞ്ചു നീളമുള്ള കത്തി എടുത്തുവന്നതും അവിനാശ് 'ദാ' എന്ന് വാതിലിലൂടെ പുറത്തുചാടിയതും ഒരുമിച്ചായിരുന്നു. അപ്പോഴാണ് എനിക്ക് ഇടികിട്ടിയത്. എനിക്കു ചിന്തിക്കാനും കൂടി അവസരം തരാതെ ബാറിൻ ചേട്ടൻ ഒരു നിമിഷംകൊണ്ട് തിരിഞ്ഞു നിന്ന എന്റെ ചെവിക്കുമുകളിൽ ഒരു മന്ന് തൂക്കമുള്ള ഒരിടി ഇടിച്ചു. വിസ്മയമോ, വേദനയോ ഏതാണെന്നിൽ മുന്നിട്ടുനിന്നത് എന്നുപറയാനാവില്ല. ഞാനിത്തരം ഒരാക്രമണത്തിന്റെ കാര്യം സങ്കൽപ്പിച്ചിട്ടുപോലുമില്ലായിരുന്നു. എന്റെ തലക്കുള്ളിൽ മിന്നാൻ തുടങ്ങി. എന്തുമാത്രം വേദനയാണെന്നോ? ആദ്യംതോന്നി ആരോ എന്റെ പുറത്ത് കത്തികേറ്റിയപോലെ. ഞാൻ പതറി വേച്ചുവേച്ചു ജനാലപിടിച്ചു നിലയുറപ്പിച്ചു. കണ്ണിൽ പൊന്നീച്ച. പതുക്കെപ്പതുക്കെ മുഖമുയർത്തിയപ്പോൾ കണ്ടു ചുമർ ചാരിനിൽക്കുന്ന നൂറുൾ. മുഖംവിളറി നിലത്ത് ബോധമറ്റ് പരീക്ഷിത്ത്. സുവിമലും അവിനാശുമില്ല. തുറന്ന വാതിൽ വളരെ അകലെ. അയ്യോ, നിലത്ത് എത്രമാത്രം ചില്ലറയാണ്. വളരെ അടുത്ത് നിൽക്കുന്നു ബാറിൻ ചേട്ടൻ. പൊതുവെ ബാറിൻ ചേട്ടൻ ശാന്ത സ്വഭാവക്കാര

നാണ്. ഇപ്പോൾ സങ്കൽപ്പിക്കാൻ കഴിയാത്ത നിഷ്ഠൂരമുഖ ത്തോടെ നിശ്ശബ്ദനാണ്. കണ്ണുകൾ ജ്വലിക്കുന്നു. ചിറിയുടെ അരികെ രക്തം. ഇതിനിടക്ക് ഒരു തവണ രക്തം തുടക്കാൻ ശ്രമിച്ചെന്ന് തോന്നുന്നു. അതുകൊണ്ടാവാം കവിളിൽ രക്ത ത്തിന്റെ ഒരു പാട്. എനിക്ക് ഒരിക്കലും ആരെയും അടി ക്കാൻ കഴിഞ്ഞിട്ടില്ല. ജീവിതത്തിൽ പലരേയും അടിക്കാൻ ആഗ്രഹിച്ചിട്ടുണ്ട്. ക്രൂരമായി ശിക്ഷിക്കണം എന്നു കരുതി യുട്ടുണ്ട്. പക്ഷേ അവർക്കെല്ലാം എന്നേക്കാൾ ശരീരശക്തി കൂടുതലായിരുന്നു. അല്ലെങ്കിൽ വളരെ കുറവ്. ഒപ്പത്തിനൊപ്പ മുള്ള ആരേയുമൊട്ടുകിട്ടിയതുമില്ല. ആരേയും അടിക്കാനായി എന്റെ കൈ പൊങ്ങിയിട്ടില്ല ഇതുവരേയും, എന്നിട്ട്...

ഒരാവശ്യവുമുണ്ടായിരുന്നില്ല. അടിക്കാനുള്ള ആഗ്രഹം കൊണ്ടായിരിക്കണം ബാറിൻ ചേട്ടൻ എന്നെ വീണ്ടും കവി ളത്ത് അടിച്ചത് എന്നുതോന്നുന്നു. അധികം ശക്തിയായിട്ടല്ല. എന്നാലും മനസ്സിലായി കവിളിനരികെ മുറിഞ്ഞിരുക്കുന്നു എന്ന്. നിലത്ത് ഒരുതുള്ളി ചോരകണ്ട് തലചുറ്റാൻ തുടങ്ങി. ഇപ്പോൾ ആത്മരക്ഷയ്ക്കുള്ള ശ്രമം നടത്തിയില്ലെങ്കിൽ ഒരു പക്ഷേ ഇവരെന്നെ കൊന്നുകളഞ്ഞേക്കും. പക്ഷേ ആദ്യം തന്നെ ആഘാതം തന്ന് ബാറിൻ ചേട്ടൻ എന്നെ വളരെ ദുർബ്ബ ലനാക്കിയിരിക്കുന്നു. ഞാൻ തലപൊക്കാതെതന്നെ ബാറിൻ ചേട്ടന്റെ നേരെ അലക്ഷ്യമായി ഒരു കൈ ചലിപ്പിച്ചു. ബാറിൻ ചേട്ടന്റെ ചുമലിൽ ചെറുതായി കൊണ്ടെന്നുതോന്നുന്നു. ബാറിൻ ചേട്ടൻ 'ടപ്' എന്ന് എന്റെ കൈ അമർത്തിപ്പിടിച്ചു വല്ലാത്തശക്തിയിൽ പിടിച്ചുതിരിക്കാൻ തുടങ്ങി. ഞാൻ പട്ടി യെപ്പോലെ ' ഈ..ഈ' എന്ന് ഉറക്കെ മോങ്ങാൻ തുടങ്ങി. ബാറിൻ ചേട്ടൻ എന്റെ മുഖം പൊത്തിപ്പറഞ്ഞു, മിണ്ടരുത്. അതുകഴിഞ്ഞ് രണ്ടുകൈകൊണ്ടും കൂടി ബാറിൻ ചേട്ടൻ എന്റെ ഇടത്തുകൈ പിന്നിലേക്ക്കൊണ്ടുവന്ന് എപ്രകാരം തിരിച്ചുവോ, എനിക്കു മരണവേദനതോന്നി. ഞാൻ വിക്കിവി ക്കിപറഞ്ഞു, ബാറിൻ ചേട്ടാ എന്നെ ഇനിയും അടിക്കരുത്. വിടൂ..വിടൂ.. നിങ്ങളുടെ കാൽ പിടിക്കുന്നു.

അപ്പോൾത്തന്നെ ഞാൻ ഒരു കാര്യം ശ്രദ്ധിക്കുകയു ണ്ടായി. ബാറിൻചേട്ടൻ എന്റെ ഇടതുകൈ വളച്ചുപിടിച്ചി രുന്നു, എന്നാൽ എന്റെ വലതുകൈ അപ്പോഴും പൂർണ്ണമായും

സ്വാതന്ത്ര്യമായിരുന്നു. അതും ദുർബ്ബലമായി വരുകയാണ്. വലതുകൈകൊണ്ട് വേണമെങ്കിൽ എനിക്ക് ബാറിൻേചട്ടനെ ഒന്നടിക്കാമായിരുന്നു. പക്ഷേ വലതു കൈ ഉയർത്താനായി യാതൊരു കെൽപ്പുമില്ല. ഒന്നിനും കൊള്ളാതെ, ഞാനുമായി യാതൊരു സമ്പർക്കവുമില്ല എന്ന മാതിരി അതങ്ങിനെ തൂങ്ങിക്കിടക്കുകയാണ്. വലതുകൈ നൂറുളിനേപ്പോലെ ഇച്ഛാശക്തിയില്ലാത്തതും പരീക്ഷിത്തിനെപ്പോലെ പ്രജ്ഞയറ്റതുമാണ്. അത് അടിപിടിയിൽ പങ്കുചേരാൻ ഇഷ്ടപ്പെട്ടില്ല.

ബാറിൻചേട്ടൻ പറഞ്ഞു, വളരെ ചങ്ങാത്തം കാണിച്ചിരുന്നല്ലോ...ങുഹും...

ബാറിൻചേട്ടാ... വിടൂന്നേയ്.... നിങ്ങളുമായി എനിക്കു യാതൊരു വഴക്കുമില്ലാ.... ങുഹും... വിടൂന്നേയ്.... നിങ്ങളുടെ കാലിൽ പിടിക്കാം...

– പിടിക്ക്... കാലിൽ പിടിക്ക്...

– കുനിയാൻ പറ്റുന്നില്ല.

ബാറിൻചേട്ടൻ കൈ ചെറുതായി അയച്ചു. ഞാൻ നിലത്ത് മുട്ടുമടക്കിയിരുന്ന് നിസ്സഹായതാഭാവത്തോടെ മുഖമുയർത്തിപ്പറഞ്ഞു, ബാറിൻ ചേട്ടാ എന്നെ അപമാനിച്ചിട്ട് നിങ്ങൾക്ക് എന്തുനേടാനാണ്?

– പിടിക്ക്, ആദ്യം കാലിൽ പിടിക്ക്, ഇനി മൂക്ക് മുട്ടിക്ക്...

തീവ്രമായ ദുഃഖത്താൽ എന്റെ നെഞ്ചിന്റെ ഭാരം വളരെ കുറഞ്ഞതായി എനിക്കു തോന്നി. ഞാൻ നല്ലകുട്ടിയെപ്പോലെ മൂക്കുമുട്ടിച്ചുകൊണ്ട് കട്ടിലിന്റെ കാലുവരെ എത്തിച്ചു. അങ്ങിനെത്തന്നെ മുഖം വച്ചുകൊണ്ട് പറഞ്ഞു, എത്രനേരം? എനിക്ക് ഈ മുറിമുഴുവൻ മൂക്കുമുട്ടിക്കാൻ പറ്റും, നിങ്ങൾക്ക് അതാണോ വേണ്ടത്? എനിക്കു നിങ്ങളുടെ കാലുപിടിച്ച് നിങ്ങളുടെ കാലടിയിൽനിന്നും പൊടിയെടുത്ത് നാക്കത്തുവെക്കാൻ പറ്റും, നിങ്ങൾ അതാണോ ആഗ്രഹിക്കുന്നത്? പറയൂ, നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? ജീവൻ കിട്ടാൻ വേണ്ടി എനിക്കെന്തും ചെയ്യാൻ പറ്റും. പറയൂ...

– പോ... ഇനി കടന്നുപോ... വീണ്ടും ഒരിക്കലും വരരുത്.

ഞാൻ അതേമട്ടിൽ ശാന്തനായിപറഞ്ഞു. ഇല്ലാ, വീണ്ടും വരികയാണെങ്കിൽ ഒറ്റക്കേ വരികയുള്ളൂ.

– ഒറ്റക്കെന്തിന്, ഗുണ്ടാസംഘവുമായോ, പോലീസു

മായോ എങ്ങിനെയാണിഷ്ടമെന്നുവെച്ചാൽ വരാം. ബാറിൻ സാമന്ത ആരെയും കൂസാറില്ല.

ഞാൻ അതേ ശാന്തഭാവത്തോടെ പറഞ്ഞു. ഇല്ലാ, വീണ്ടും വരികയാണെങ്കിൽ ഒറ്റക്കേ വരുള്ളൂ.

കോണിപ്പടിയിൽ ഇരുട്ടാണ്. യാതൊരു ശബ്ദവുമില്ല. പകൽസമയം ഇവിടെ ചന്ത കൂടുന്നു. ആ കോലാഹലത്തിൻെറ കാര്യം ഓർത്താൽ ഇവിടുത്തെ നിശ്ശബ്ദത എത്രയോ, ഗാഢമാണെന്നു തോന്നുന്നു. അതുമാത്രമല്ല ഇപ്പോൾ എൻെറ തലക്കുള്ളിൽ യാതൊരു ശബ്ദവും കേറില്ല. താഴത്തെ പടിയിൽ ചാരി ഹീരലാൽ നിൽക്കുന്നു. അവൻെറ കൈയിലെ കത്തികാണാനില്ല. എന്നെ കണ്ട് ഹീരലാൽ പെട്ടെന്ന് വെളുവെളാ വെളുത്ത പല്ലുകൾ കാട്ടി ചിരിച്ചു. ഞാനൊന്നുനിന്നു. ഇടുങ്ങിയ വഴിയിൽ പെട്ടെന്ന് കാളക്കൂറ്റനുമായി കൂട്ടിമുട്ടേണ്ടിവന്നാൽ എങ്ങിനെ തോന്നുമോ അതുപോലെ. കൂറ്റൻെറ ശാന്തവും അന്യമനസ്ക്കവുമായ തല അരികിലൂടെ പോകുമ്പോൾ കുത്താനും മതി, കുത്താതിരിക്കാനും മതി. രണ്ടുമൂന്നുപേർ അരികിലൂടെപോകുമ്പോൾ കൂറ്റന് യാതൊരനക്കവുമില്ല. എന്നാൽ വേറൊരാൾ പോയാൽ ഉടനെ പൊടുന്നനെ തല അയാളുടെ നേർക്കു തിരിക്കും.

ഞാൻ ശരിക്കും അങ്ങിനെയുള്ള വിഷമസന്ധിയിലായി. ഞാനും ഹീരലാലിൻെറ നേർക്കുനോക്കി ഒന്നു ചിരിച്ചു. അതിനുശേഷം ഓരോ കാലും വേറെ വേറെ വെച്ചുകൊണ്ട് ഞാൻ ഇറങ്ങി വരുന്ന സമയത്ത് എൻെറ ശരീരമാകെ കോരിത്തരിക്കുന്നതുപോലെ ഒരു തോന്നൽ. ഒരു മഠയനെപ്പോലെ ഞാൻ എന്തോ ദുസ്സാഹസം കാണിച്ചതായി എനിക്കുതോന്നി. ഹീരലാൽ അവൻെറ കൊമ്പ് എൻെറ നേരെ വളക്കുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ, എന്നാലും എനിക്കുനിന്നുകൂടാ, അവനെ മറികടന്ന് ഇറങ്ങിപ്പോരണം. ഞാൻ ദുർബ്ബലമായ ഒരു പൊള്ളച്ചിരി ചിരിച്ചുകൊണ്ട് പറഞ്ഞു. എന്താ ഹീരലാൽ? ഹീരലാൽ സഹതാപം നിറഞ്ഞ സ്വരത്തിൽ ഉത്തരം നൽകി. ഠേഹാ... വെറുതെ എന്തെല്ലാം കുഴപ്പങ്ങളാണ്.

അവനെ മറികടന്നപ്പോൾ ഹീരലാൽ, സ്വാഭാവികമായ സ്വരത്തിൽ പറഞ്ഞു, പൊയ്ക്കൊള്ളൂ, ആ രണ്ടു ബാബു

മാരും നിരത്തിൻമേൽ നിൽക്കുന്നുണ്ട്.

ബാബു! കുറച്ചുമുമ്പേ സുവിമലിൻെറ പൃഷ്ഠഭാഗത്ത് അത്രയും ശക്തിയിൽ ചവിട്ടിയതിനുശേഷം ഇപ്പോൾ സുവിമ ലിനെ ബാബു എന്നു ഹീരലാൽ വിളിക്കുന്നു. എത്രയായാലും വേലക്കാരനാണല്ലോ. അവന് മൂന്നുനാലണ സമ്മാനം കൊടു ത്തുപോരേണ്ടിയിരുന്നു എന്നു തോന്നുന്നു.

പുറത്ത് നല്ല ശക്തിയായ മഴ വന്നിരിക്കുന്നു. നിരത്തുമുഴു വൻ നിറഞ്ഞ് മഴയുടെ 'ടപ് ടപ്' ശബ്ദം. ഞാനോടിക്കൊണ്ട് നിരത്തുമുറച്ച് മറുവശത്തെ വീടിൻെറ വരാന്തക്കടുത്തെത്തി.

സുവിമൽ ഒരു കടയുടെ തിണ്ണയിൽ ചാഞ്ഞിരിക്കുക യാണ്. അവിനാശ് റേലിങ്ങ് പിടിച്ചുകൊണ്ട് എന്നെകാത്തു നിൽക്കുന്നു. ഉത്തേജിതഭാവത്തിൽ പറഞ്ഞു. നിനക്കൊന്നും പറ്റിയിട്ടില്ലല്ലോ? ഞാൻ നിന്നെത്തിരഞ്ഞ് വീണ്ടും പോകാ മെന്നു കരുതിയതാണ്. പക്ഷേ കോണിപ്പടിക്കുമുന്നിൽ ഹീരലാലിൻെറ കത്തിയും പിടിച്ചുളള നിൽപ്പുകണ്ടപ്പോൾ.....

ഞാൻ പറഞ്ഞു, ഇല്ല, സാരമില്ല.

– ഒന്നാംതരം ഗുണ്ട, ഞാൻ പോലീസിനെ കൊണ്ടുവന്ന് അവരെ പിടിപ്പിക്കും..

– സുവിമലിന് എന്തിപററി?

– ഒന്നുമില്ല. അവന് ലഹരികുറെ കൂടിപ്പോയി. നീ ബാറി നിന് നന്നായിട്ട് ഒന്നുരണ്ടുകൊടുത്തല്ലോ..? ശ്... നിൻെറ ചിറിയിൽ ചോരയെന്താണ്? നടക്ക്, മുറുക്കാൻ കടയിൽ നിന്നും ചുണ്ണാമ്പുപുരട്ടാം.

– വേണ്ടാ, വേണ്ടാ. ചുണ്ണാമ്പുപുരട്ടിയാൽ മുറിവുണ ങ്ങാൻ സമയമെടുക്കും. ഇനി വീട്ടിൽ പോകാം. അപ്പോഴേ പറഞ്ഞതാണ് വീട്ടിൽ പോകുന്നെന്ന്. നിന്നെച്ചൊല്ലി കാത്തു നിന്നകാരണം...

അവിനാശ് വളരെ സന്തോഷത്തോടെ പറഞ്ഞു, ബാറിന് ഞാനിന്നുകൊടുത്ത രണ്ടിടിയുണ്ടല്ലോ, ജീവിതകാലം മുഴു വൻ ഓർമ്മയിലിരിക്കും. നിനക്കും രണ്ടുമൂന്നെണ്ണമെങ്കിലും കൊടുക്കാൻ പറ്റിയില്ലേ?

എനിക്കു വളരെ ക്ഷീണവും ദുഃഖവും തോന്നി. തലക്കു ളളിലെ ചൂളം വിളി അപ്പോഴും കുറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞു, ഇല്ലാ എന്നെ സൗകര്യത്തിനുകിട്ടി. ഓ... ചെവിയിൽ ഭയ

കരമായ ഒരടികിട്ടി. ഇപ്പോഴും ...ഓ... നീ കാരണമാണ് ഈ വിധം അടികൊള്ളേണ്ടിവന്നത്.

– നിനക്ക് എതിർവശത്തേക്കാണല്ലോ പോകേണ്ടത്, നീ സുവിമലിനേയും കൊണ്ടുപോ... ഞാൻ വേറെ ഒരു ടാക്സി പിടിക്കാം.

– നിൽക്ക്, ഒരു സിഗരറ്റു താ.. എനിക്ക് പക്ഷേ വളരെ ഉന്മേഷം തോന്നുന്നു. മനസ്സിലായോ? കാര്യം വളരെ രസ കരമായി വരുകയായിരുന്നു. ഹീരലാൽ കത്തിയും കൊണ്ട് വന്നില്ലായിരുന്നെങ്കിൽ ഞാൻ അവരെ പന്നിപോലെ അടിച്ചു മലർത്തുമായിരുന്നു. ഞാൻ വിചാരിച്ചത് നീ ബാറിനിനെ ഒറ്റക്ക് നിഷ്പ്രയാസം.... ശരി കണ്ടോ? അവരുടെ കടക്ക് ഞാൻ തീകൊളുത്തും. നിന്റെ ദേഹത്ത് കൈ വച്ചോ? ഞാനെങ്ങിനെ അതിന് പ്രതികാരം ചെയ്യുമെന്ന് കണ്ടോ...

– വിട്ടേക്ക്. നീ ബാറിൻ ചേട്ടനെ അടിച്ചു. ബാറിൻ ചേട്ടൻ അതിന്റെ പ്രതികാരം എന്നോടുവീട്ടി. വീണ്ടും എന്നെ അടിച്ച തിന് പ്രതികാരം നീ ചെയ്യും. അയാൾ അതിന്റെ പ്രതികാരം ഒരുപക്ഷേ പരീക്ഷിത്തിന്റെ മേൽ വീട്ടും....

– ശരിതന്നെ, പരീക്ഷിത്ത് ഇപ്പോഴും അവിടെത്തന്നെ ആണല്ലോ? അവനെ അഥവാ...

– വിട്ടേക്ക്, പരീക്ഷിത്തിന് ഒന്നും പറ്റില്ല. ടാക്സിയിൽ എന്നെ കയറ്റി വാതിലിനരികെനിന്ന് അവിനാശ് പറഞ്ഞു, അഞ്ചുറുപ്പിക തന്നിട്ടുപോ. ഞാൻ പാപ്പരാണ്. വീണ്ടും ഒന്നു ചിരിച്ചുകൊണ്ട് പറഞ്ഞു, ഇന്നത്തെ സംഗതിയിൽ ഏറ്റവും നന്നായത് ഏതാണെന്നറിയാമോ?

ഉന്മേഷരഹിതമായി ഞാനൊന്നു പണിപ്പെട്ടുചിരിച്ചു. അവിനാശ് എന്താണ് പറയാൻ ആഗ്രഹിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ പറഞ്ഞു, ബാറിൻചേട്ടന്റെ അടുത്ത് ഇനിയൊരിക്കലും വരേണ്ടിവരില്ല.

– ങുഹും... കാന്തം പോലെ ഈ സ്ഥലം നമ്മളെ വലി ക്കുകയായിരുന്നു. എന്തൊരുലഹരിയായിരുന്നു. കാശുവെച്ച് ശീട്ടുകളിച്ച് സമയം കളയുന്നതിൽ എന്തെങ്കിലും അർത്ഥ മുണ്ടോ? പക്ഷേ ഹൊറിബിളി വിടാനും പറ്റുന്നില്ല. ഇവിടെ വരാതിരിക്കുന്നതിന് യാതൊരു യുക്തിയും കിട്ടാതിരിക്കയാ യിരുന്നു. യുക്തിയെക്കാൾ അടിപിടി എത്ര മെച്ചപ്പെട്ടതാണ്.

ഒരടിപിടിയോടെ പ്രശ്നം തീർന്നു. ഇനി ഇവിടെ ഒരിക്കലും വരേണ്ടതില്ല. റിലീവ്ഡ്. നോക്കെടോ, എത്ര സമർത്ഥമായാണ് ഞാനാ വഴക്കു തുടങ്ങിവച്ചത് എന്ന് നീ ശ്രദ്ധിച്ചോ...

– പിന്നെ, അതിനായി അടികൊള്ളേണ്ടിവന്നത് ഞാനും... വരട്ടെ...

ശേഖറിന്റെ അമ്മ കാലത്ത് ഒൻപതര മുതൽ പതിനൊന്നു മണിവരെ സാധാരണ പൂജാമുറിയിലായിരിക്കും. അതുകരുതി ഞാൻ പതിനൊന്നു മണിയോടെയാണവിടെ എത്തിയത്. പക്ഷേ അപ്പോഴും അവർ പൂജാ മുറിവിട്ട് എണീറ്റിട്ടില്ല. ശേഖറിന്റെ അനിയത്തി തപതി എന്നോടു പറഞ്ഞു, ഉള്ളിൽ കയറി ഇരിക്കൂ.

ഞാൻ ശേഖറിന്റെ മുറിയിൽ കയറി ഇരുന്നു. പരിതോഷ് യൂനിവേഴ്സിറ്റിയിൽ പോയിക്കഴിഞ്ഞിരുന്നു. തപതി ബി.എ. പരീക്ഷ എഴുതി ഫലം അറിയാനായി വീട്ടിൽ കുത്തിയിരുന്നു തടിച്ചിയായി വരുന്നു. ഇനിയും തടിവച്ചാൽ ഇവളുടെ കല്യാണം ഒരു പ്രശ്നമാവും. ഒന്നാമത് അവളുടെ കേൾവി സ്വൽപം മോശമാണ്. ഓരോ വാക്കും കണ്ണിലുറ്റു നോക്കിക്കൊണ്ടു പറഞ്ഞില്ലെങ്കിൽ അവൾക്കു മനസ്സിലാകുകയില്ല. പക്ഷേ എല്ലാ സമയവും ഒരു പെൺകുട്ടിയുടെ കണ്ണിലേക്കു നോക്കിക്കൊണ്ടെങ്ങനെയാണ് സംസാരിക്കുക? കണ്ണുതാഴ്ത്തി പറയേണ്ട പല കാര്യങ്ങളുമുണ്ട്. അതിനാൽ തപതിയുമായി നിവൃത്തിയുണ്ടെങ്കിൽ ഞാൻ വളരെ കുറച്ചേ സംസാരിക്കാറുള്ളൂ. ഇപ്പോൾ തന്നെ അവൾ ചോദിക്കുന്നു ചായ വേണമോ, എന്ന്. ചായ കഴിക്കാൻ എനിക്ക് ഒരാഗ്രഹവുമില്ല, ഞാൻ പറയേണ്ടതാണ്, ഞാൻ ആഫീസിലേക്ക് പോകുന്നതിനുമുമ്പ് ഊണുകഴിച്ചിട്ടാണ് ഇറങ്ങിയത്, ഇപ്പോൾ ചായ വേണ്ട. പക്ഷേ ഇത്ര നീണ്ടവാക്യം ശരിക്കു കേട്ടു മനസ്സിലാക്കിയില്ലെങ്കിൽ, അവൾ പിന്നെയും എന്നെ നിർബ്ബന്ധിക്കുകയാണെങ്കിൽ എനിക്ക് അതിനേക്കാൾ നീണ്ട വാക്യം ഉരുവിടേണ്ടിവരും. ഈ പേടികാരണം ഞാൻ ഒന്നും മിണ്ടാതെ ചുമലുകുലുക്കി സമ്മതം കാണിച്ചു. തപതി ചായ കൊണ്ടുവരാൻ പോയി.

ശേഖറിന്റെ മുറിയിലെ ക്ലോക്ക് ഓടുന്നില്ല. അതിന് ചാവി

കൊടുത്തില്ലെന്ന് തോന്നുന്നു. മൂന്നു കത്തുകൾ മേശപ്പുറത്ത്; ആരും അത് തുറന്നിട്ടില്ല. ഒരു പുസ്തകം പകുതി വായിച്ചു തീർത്തവിധം മലർത്തി വെച്ചിരുന്നു. ഇതെല്ലാം കാണുമ്പോൾ ശരീരമാകെ തണുപ്പിച്ചുകൊണ്ട് മരണത്തിന്റെ ചിന്ത മനസ്സിലുയരുന്നു. പക്ഷേ ശേഖർ എന്തിനു മരിക്കണം. അവന്റെ മരണത്തിനു യാതൊരു സാധ്യതയുമില്ല, എനിക്ക് ഉറപ്പായി അറിയാം. അവന്റെ പരീക്ഷണങ്ങളെല്ലാം ജീവിതത്തെച്ചൊല്ലിയാണ്; ജീവന്റെ അവസാനത്തെ ചൊല്ലിയല്ല. ശേഖർ വളരെ കാലം ജീവിച്ചിരിക്കും. ചുരുങ്ങിയപക്ഷം എന്നേക്കാൾ കൂടുതൽ. നിശ്ചയമായും അവിനാശിനേക്കാൾ കൂടുതൽ കാലം. അവിനാശിന്റെ മുഖത്തുനോക്കിയാൽ അറിയാം അവൻ ഏതോ അത്യാഹിതത്തിൽ മരിക്കുവാനായി ജീവിച്ചവനാണെന്ന്.

ഒരു ഗ്ലാസ്പാത്രത്തിൽ കുറെ പഴവും തേങ്ങാസന്ദേശുമായി ശേഖറിന്റെ അമ്മ മുറിയിലേക്ക് വന്നു. വെളുത്ത വസ്ത്രം ധരിച്ച സ്ഥൂലദേഹം. തപതി അവളുടെ അമ്മയുടെ അടുത്തുനിന്നാണ് അവളുടെ തടി സമ്പാദിച്ചിരിക്കുന്നത്. ആദ്യമാദ്യം ഒരസ്വസ്ഥത തോന്നി, മുഖം കുനിഞ്ഞുപോയി. പക്ഷേ വളരെ എളുപ്പമായ ഒരുകാര്യം ഓർത്ത് ആഹ്ലാദഭരിതമായി കസേരയിൽ നിന്നെണീറ്റ് അവരുടെ കാലുതൊട്ട് നമസ്ക്കരിച്ചു. ഞാൻ ചോദിച്ചു, ചെറിയമ്മക്ക് സുഖം തന്നെയാണല്ലോ?

- സുഖം തന്നെ, വളരെ നാളായി നിന്നെക്കണ്ടിട്ട്, നിനക്ക് വിശേഷമൊന്നുമില്ലല്ലോ.

- ഇല്ല, ഞാൻ.....

- നിന്റെ അച്ഛനും അമ്മയും ഇപ്പോൾ എവിടെയാണ്?

- അവർ ബർഹാംപൂരിൽനിന്നും കുറെ നാളായി ഇവിടെ ചെറിയച്ഛന്റെ വീട്ടിലാണ് താമസം. മുത്തച്ഛനു അസുഖമാണല്ലോ?

- എന്തുണ്ടായി?

- സ്ട്രോക്കുപോലെ, ഇപ്പോൾ പി.ജി. ആശുപത്രിയിലാണ്. എല്ലാവരും വലിയ തിരക്കിലാണ്, എനിക്കും കുറെ നാൾ ആശുപത്രി കറക്കമായിരുന്നു. ഇപ്പോൾ സമയം കിട്ടുന്നില്ല.

- നിന്റെ ചുണ്ടിനുതാഴെ മുറിഞ്ഞതെങ്ങിനെ?

– ഓ, സാരമില്ല, പെട്ടെന്ന് ടാക്സിയിൽ കേറാൻ നോക്കിയപ്പോൾ...

– മുത്തച്ഛനു വയസ്സെത്രയായി? ഏതാണ്ട് എഴുപത്തഞ്ച് അല്ലേ? റിൻറുവിൻെറ കല്യാണത്തിനുകണ്ടപ്പോൾ നല്ല ആരോഗ്യമായിരുന്നു. അദ്ദേഹത്തിൻെറ അടുത്തല്ലേ നിങ്ങൾ വളർന്നത്? നിൻെറ അച്ഛൻെറ അച്ഛനാണെങ്കിൽ...

– അതെ. അച്ഛൻെറ അച്ഛൻ വളരെ ചെറുപ്പത്തിൽ മരണമടഞ്ഞു. ഞങ്ങൾ അങ്ങേരെ കണ്ടിട്ടില്ല. ഞങ്ങൾ മുത്തച്ഛൻെറ അടുത്തായിരുന്നു.

– പോട്ടെ. അദ്ദേഹം ഇപ്പോൾ ഇഹലോകം വിട്ടുപോവുകയാണെങ്കിൽ എല്ലാവരേയും നല്ല അവസ്ഥയിൽ കണ്ടുകഴിഞ്ഞിട്ടായിരിക്കുമല്ലോ. ഒരു ദു:ഖം മാത്രം. ചെറിയ പേരക്കിടാവായ നിൻെറ വിവാഹം കാണാൻ കഴിഞ്ഞില്ലല്ലോ എന്ന്. നീ എന്താ കല്യാണം കഴിക്കാത്തത്?

സംസാരം പരിപൂർണ്ണമായും മറ്റൊരുദിക്കിലേക്കു മാറിയിരിക്കുന്നു. ഇതിനായല്ലല്ലോ ഇവിടെ വന്നത്? ശേഖറിൻെറ അമ്മയുടെ മുഖത്ത് വലുതായൊരു ഉത്കൺഠയോ ഭയമോ കാണാനില്ല. പരിതോഷിൻെറ മുഖത്തേതുപോലെ ശുണ്ഠിയുടെതായ ഒരുഭാവം. തപതിയെപ്പോലെ ഇവർക്കും കേൾവിക്കുറവാണ്. ഓരോവാക്കും പറയുന്നത് എൻെറ കണ്ണിൽ ദൃഷ്ടി ഉറപ്പിച്ചാണ്. ഞാൻ മഴയത്തു നനഞ്ഞ പൂച്ചയെപ്പോലെ മനസ്സിനെ ആകെക്കൂടെ ഒന്നുകുലുക്കി തയ്യാറായതിനുശേഷം ചോദിച്ചു, ചെറിയമ്മേ, ശേഖറിൻെറ വല്ല വിവരവും കിട്ടിയോ?

അവർ സ്വല്പനേരം ഒന്നും സംസാരിക്കാതെ എന്നെ നോക്കിയിരുന്നു. പിന്നെ പതുക്കെപ്പതുക്കെ പറഞ്ഞു. ഉച്ചക്ക് ഓഫീസിൽ നിന്നിറങ്ങുന്നതിനുമുമ്പ് അവൻ കോ-ഓപ്പറേറ്റീവിൽ നിന്ന് അഞ്ഞൂറു രൂപാ എടുത്തിരുന്നു. പക്ഷേ എന്താ ഞങ്ങളെ ഒന്നറിയിച്ചാൽ? ഒരു ഫോണെങ്കിലും ചെയ്തുകൂടായിരുന്നോ? കൂടെ വല്ല വസ്ത്രങ്ങളും കൊണ്ടുപോകാമായിരുന്നല്ലോ. ഇങ്ങിനെ ആളുകൾ ഇറങ്ങിപ്പോവുന്നത് സന്ന്യാസിയാവുമ്പോഴാണ്.

ഞാനല്പം ചിരിച്ചുകൊണ്ടുപറഞ്ഞു, ഇല്ല മറ്റാരെങ്കിലും സന്ന്യാസിയായേക്കാം, പക്ഷേ ശേഖർ സന്ന്യാസിയാവുന്ന

ആളല്ല. ഇതു പറഞ്ഞതോടെ എനിക്കു തോന്നി ഞാൻ തെറ്റുചെയ്തെന്ന്. അമ്മമാർക്ക് ഇത്തരത്തിലുള്ള വർത്ത മാനം കേൾക്കുന്നത് ഇഷ്ടമല്ല. ഓരോ അമ്മയുടേയും ആശ അവരുടെ കുട്ടി സന്ന്യാസിയാവട്ടെ എന്നിരിക്കിലും കുടും ബജീവിതം വിടാനും പാടില്ല. കുടുംബജീവിതം നയിക്കട്ടെ; കല്യാണം കഴിച്ച് കുറെ കുട്ടികളുടെ അച്ഛനായി ജോലി യിൽ ഉന്നതിയും പ്രാപിക്കട്ടെ, അതിന്റെകൂടെ സന്ന്യാസി ചമഞ്ഞു കഴിഞ്ഞോട്ടെ എന്നിങ്ങനെയാണ്. ഏതായാലും പറ ഞ്ഞുപോയ വാക്കു തിരിച്ചെടുക്കാൻ പറ്റില്ലല്ലോ.

ചെറിയമ്മ പറയുകയായിരുന്നു, കുറെക്കാലമായി അവൻ വേറെ താമസിക്കണമെന്ന് പറഞ്ഞുകൊണ്ടിരുന്നു. ഞാൻ തട സ്സമൊന്നും പറഞ്ഞില്ല. ചോദിച്ചെന്നു മാത്രം, എന്താ കാര്യ മെന്ന്. കുട്ടികൾ വിവാഹം കഴിഞ്ഞു പൊരുത്തക്കേടുകൾ കണ്ടാൽ മാതാപിതാക്കളുടെകൂടെ താമസിക്കില്ല എന്നതിൽ യുക്തിയുണ്ട്. പക്ഷേ ഇവിടെ അവനെതിരായി ആരും ഒന്നും പറയുകയില്ല. എന്നിട്ടും ഇവിടം വിട്ടുപോണതെന്തിനാണോ ആവോ? നിനക്കു വല്ലതും അറിയാമോ?

– ഇല്ല, ചെറിയമ്മേ, ഞാനൊന്നും കേട്ടില്ലല്ലോ.

– അവന് അപകടം ഒന്നും പറ്റിയിട്ടില്ല എന്നെനിക്ക റിയാം. പറ്റിയിരുന്നെങ്കിൽ ഞാനറിഞ്ഞേനെ; ഇന്ന് പൂജാ മുറിയിൽ അതറിയാനാണ് ഇത്ര നേരം ഇരുന്നത്. എന്റെ മനസ്സു പറയുകയാണ് അവൻ എവിടെയാണെങ്കിലും നന്നാ യിത്തന്നെ ഇരിക്കുന്നു. അവൻ വീടുപേക്ഷിച്ചുപോകയാണെ ങ്കിൽ അവന്റെ കൂട്ടുകാർക്ക് അക്കാര്യം അറിയാമല്ലോ? നീ എന്നിൽനിന്നും ഒന്നും ഒളിച്ചുവെക്കുന്നില്ലല്ലോ?

ഞാൻ മൊസൈക്ക് ചെയ്ത തിണ്ണയിലേക്ക് നോക്കി യിരുന്നു. ഒരുകാര്യം എനിക്കുതോന്നി. ശേഖർ വീടുവിട്ടു പോകാൻ ആഗ്രഹിച്ചുവെങ്കിൽത്തന്നെ അതിൽ അവന്റെ സ്വാർത്ഥ ചിന്ത ലേശംപോലും ഇല്ലായിരുന്നു. ശേഖറിന്റെ വീട്ടിലെ സ്ഥിതി മെച്ചമാണ്. വീടിനുകീഴെയുള്ള ഒരുപാടു കടകളിൽനിന്നും വാടക കിട്ടും. കൂടാതെ ഡയമണ്ട് ഹാർബർ റോഡിലുള്ള അവരുടെ ഉദ്യാനഗൃഹം ഏതൊ ഒരമേരിക്കൻ കമ്പനി ലീസിനെടുത്തിട്ടുണ്ട്. ശേഖർ പോയിക്കഴിഞ്ഞാലും ഇവരുടെ സാമ്പത്തികാവശ്യത്തിന് ഒരു കോട്ടവും വരില്ല.

ശേഖർ നാഗ്പൂരിലോ, കാൻപൂരിലോ ജോലിവാങ്ങി വേറെ യായാൽ മനസ്സിലാക്കാം. പക്ഷേ കൽക്കത്തയിൽത്തന്നെ മാറിത്താമസിക്കേണ്ട കാര്യമുണ്ടോ? വിവാഹം കഴിക്കാതെ, ഭാര്യയെക്കൊണ്ട് അമ്മയുമായി കടിപിടികൂട്ടിക്കാതെ, എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ, സമർത്ഥനായ ഒരു പുരുഷൻ തനിയെ താമസിച്ചുകൂടാ. ഞാൻ മറുപടി കൊടുത്തു, ഇല്ല, ചെറിയമ്മേ സത്യം, എനിക്കൊന്നും അറിഞ്ഞുകൂടാ.

ശേഖറിന്റെ അമ്മ അപ്പോൾ തികച്ചും അവിചാരിതമായി ഒരുകാര്യം പറഞ്ഞു. തൊണ്ടയിൽനിന്നും വരുന്ന ശബ്ദത്തിന് ഗാംഭീര്യം കൊടുത്തുകൊണ്ട് അവർ പറഞ്ഞു. സുനിൽ, നീയെങ്കിലും എനിക്കു വാക്കുതാ, ഇങ്ങിനെ തെണ്ടിത്തിരിഞ്ഞ് ശരീരം നഷ്ടപ്പെടുത്തുകയില്ലെന്ന്. ഞാൻ ഞെട്ടിപ്പോയി. ഞാനോ? അതുകഴിഞ്ഞ് വെറുതെ ഒന്നു ചിരിച്ചുകൊണ്ടുപറഞ്ഞു. ചെറിയമ്മേ ഞാനൊന്നും ചെയ്തില്ലല്ലോ. ശേഖർ ഞങ്ങളുടെ ഇടയിൽ ഒരു ശാഠ്യക്കാരനാണ്. പക്ഷേ അതെല്ലാം പതുക്കെപ്പതുക്കെ ശരിയായിക്കൊള്ളും. നിങ്ങൾ ഇത്ര വിചാരപ്പെടേണ്ട കാര്യമുണ്ടോ?

– ശേഖറിന്റെ കാര്യം പോട്ടെ. നീ എന്നെ കഷ്ടപ്പെടുത്തുകയില്ലെന്ന് പറയു–

– ചെറിയമ്മേ, ഞാൻ ചെറിയമ്മയെ കഷ്ടപ്പെടുത്തിയിട്ടുണ്ടോ? ഞാൻ ശേഖറിനെ–

– ഞാൻ നിന്റെ കാര്യം പറയാനാണ് നിന്നെ വിളിപ്പിച്ചത്. നിന്റെ അമ്മ താമസിക്കുന്നത് വേറെയിടത്താണ്. ഞാനും നിന്റെ അമ്മയെപ്പോലെയാണല്ലോ?

– ഓ അതു തീർച്ചയായും. പക്ഷേ ഞാനൊരിക്കലും–

– നീ ഇന്നെനിക്കൊരുവാക്കുതരാമോ? ഒന്ന് ഇങ്ങോട്ടു വാ–

ഈ സമയത്ത് തപതി ചായയുമായി വന്നു. ചെറിയമ്മ പറഞ്ഞു. ഇരിക്കട്ടെ. തിരിച്ചുവന്ന് ചായയും പലഹാരവും കഴിക്കാം, ഒന്ന് എന്റെ കൂടെ വരൂ, ചെരിപ്പ് പുറത്ത് വച്ചേക്കൂ..

ചെറിയമ്മ എന്നെ പൂജാമുറിയിലേക്ക് കൊണ്ടുപോയി. മുഴുവനും വെള്ളക്കല്ലുകൊണ്ട് കെട്ടിപ്പടുത്ത ഒരു ചെറിയ മുറിയാണ്. പ്ച്ചരിയുടേയും, ചീഞ്ഞപൂവിന്റേയും, ചന്ദനത്തിന്റേയും മണം. ഇങ്ങിനെയുള്ള പൂജാമുറിയിൽ കേറുക

എനിക്കിഷ്ടമുള്ള കാര്യമാണ്. ശരീരത്തിന് നല്ല തണുപ്പു തോന്നും. കണ്ണുമിഴിച്ച് എല്ലാം കാണാം. ചെറിയമ്മയുടെ മുഖത്ത് ഉത്കണ്ഠ തുടിച്ചിരിക്കുന്നു. ശേഖറിനെപ്പറ്റി പറഞ്ഞു കൊണ്ടിരിക്കുമ്പോൾ അവിടെ ഉദാസീനതയും, തണുപ്പൻ ഭാവവുമായിരുന്നു. പക്ഷേ ഇപ്പോൾ എൻെറ കാര്യം പറയു മ്പോൾ ആ മുഖത്ത് കരച്ചിലിൻെറ ഒരു ഭാവമുണ്ട്. ഇപ്പോൾ തന്നെ കണ്ണിൽനിന്നും വെള്ളം വരും എന്നതുപോലെ. കര യാതിരിക്കുകയാണ് നല്ലത്. എന്തെന്നാൽ മറ്റുവല്ലവരുടേയും കരച്ചിൽ കാണുമ്പോൾ എൻെറ കണ്ണിൽ നിന്നും വെള്ളം വരും. അതൊരു ചീത്തകാര്യമാകും. ചെറിയമ്മ പറഞ്ഞു. നീ എൻെറ വാക്കുപാലിക്കുമല്ലോ? നീ ലക്ഷ്മിയുടേയും, ജനാർദ്ദനൻേറയും കാലുതൊട്ടു ശപഥം ചെയ്യൂ. ഇനി ഇങ്ങിനെ ഇഷ്ടം പോലെ കറങ്ങിത്തിരിയുകയില്ലെന്ന്; അച്ഛനമ്മ മാരെ കഷ്ടപ്പെടുത്തുകയില്ലെന്ന്, പറയൂ, ഇനിയൊരിക്കലും കെടുതിചെയ്ത് ജീവിതം നഷ്ടപ്പെടുത്തുകയില്ലെന്ന്.

ഞാൻ മുട്ടുകുത്തി, സ്വർണ്ണംകൊണ്ടു പൊതിഞ്ഞ ലക്ഷ്മീ ജനാർദ്ദനൻെറ സിംഹാസനത്തിൻെറ മുമ്പിലിരുന്നു. പാൻറി ട്ടുകൊണ്ട് ഈ പൂജാമുറിയിലിങ്ങനെ ഇരിക്കുമ്പോൾ തുട ക്കടുത്ത് ഭയങ്കര വലിവ്. തിരിഞ്ഞ് ഒരു പ്രാവശ്യം ചെറിയ മ്മയെ നോക്കി, എനിക്കു പറയാൻ തോന്നി. ഈ പ്രതിജ്ഞ ചെയ്യുന്നത് എനിക്കിഷ്ടമുള്ള കാര്യമല്ല; കാരണം പ്രതിജ്ഞ ചെയ്താൽ അതിനു ഭംഗം ചെയ്യുന്നത് എൻെറ ശീലമല്ല. പ്രതിജ്ഞ ചെയ്യാതിരിക്കാൻ വേറെ കാരണമുണ്ട്. എൻെറ വയസ്സ് മുപ്പത്. ജീവിതത്തിൻെറ നന്മയും തിന്മയും എനിക്ക റിയാവുന്നതേയുള്ളു. മനസ്സിലാക്കിയില്ലെങ്കിൽ നിങ്ങൾക്കാ ർക്കും എന്നെ മനസ്സിലാക്കിക്കാനും കഴിയുകയില്ല. തന്നെ യല്ല. ഞാൻ എൻെറ ജീവിതത്തെ നഷ്ടപ്പെടുത്തുവാൻ ഒട്ടും ആഗ്രഹിക്കുന്നില്ല. ഞാൻ ഓരോ മുഹൂർത്തവും എൻെറ ജിവീതത്തെ ശുദ്ധവും സത്യസന്ധവുമാക്കി കെട്ടിപ്പടുക്കു വാൻ ശ്രമിക്കുകയാണ്. എൻെറ മനസ്സിനു വേണ്ടാത്തകാര്യം ചെയ്ത് ഞാനെൻെറ മനസ്സിനെ അശുദ്ധമാക്കുകയില്ല. അതി നായി എനിക്ക് എൻെറ സ്വന്തമായ ഒരു മാർഗ്ഗം കണ്ടുപി ടിക്കേണ്ടതുണ്ട്. അതിനായി അച്ഛനമ്മമാർ, ഈശ്വരൻ, ആഫീസിലെ ബഡാ സാഹിബ്ബ്, ഇന്ത്യയുടെ ഭരണഘടന ഇവ

രുടെ ആരുടേയും വാക്ക് ഞാൻ കേൾക്കുകയില്ല, എന്റെ മാർഗ്ഗം തനിയേ തിരയേണ്ടതുണ്ട്.

പക്ഷേ ചെറിയമ്മയുടെ ഉത്കണ്ഠകുലമായ മുഖത്തേക്കു നോക്കിയപ്പോൾ മനസ്സിലായി ഇതൊന്നും ഇവിടെ പറയാൻ പറ്റുകയില്ല. അമ്മ, ചെറിയമ്മ, അമ്മായി ഇവരുടെ എല്ലാം കാലുതൊട്ടു നാം നമസ്ക്കരിക്കുന്നു. പെട്ടെന്ന് കാണുമ്പോൾ മുഴുവൻ സിഗററ്റും നാം വലിച്ചെറിയുന്നു. അങ്ങിനെയുളളവരുടെ മുഖത്തേക്കുനോക്കി ഇങ്ങിനെയുളള വാക്കുകൾ ഉച്ചരിക്കുവാൻ സാദ്ധ്യമല്ല. അവർക്ക് ഈ ശബ്ദങ്ങളെല്ലാം വീമ്പടിക്കലാണ്. ഒരർത്ഥവുമില്ല. ഹാ- ഇവരെയെല്ലായ്പ്പോഴും സന്തുഷ്ടരാക്കുക. ഇതാണെന്റെ ആഗ്രഹം. ചെറിയമ്മയുടെ വ്യാകുലമായ മുഖത്തെ ഒരുനിമിഷത്തേക്കെങ്കിലും സന്തുഷ്ടമാക്കുവാൻ സാധിക്കുകയാണെങ്കിൽ അതു വലിയ കാര്യമാണ്. ഒരു നിമിഷത്തിലെ ആനന്ദവും ജീവിതത്തിൽ ഒരു നിസ്സാരകാര്യമാണ്. ങ്ഹാ, എന്തുവരാൻ! ഇന്നലെ ബാറിൻ ചേട്ടന്റെ കാലുപിടിച്ചു, ഇന്ന് ലക്ഷ്മീ നാരായണന്റേതാവാം.

ഞാൻ കുനിഞ്ഞു കൈനീട്ടി, ആ നിമിഷം പെട്ടെന്ന് യമുനയുടെ മുഖം ഞാനോർത്തു. മൂന്നുവർഷം മുമ്പ് കല്യാണവീട്ടിലെ ബഹളത്തിനിടക്ക് കോണിച്ചുവട്ടിൽ നിൽക്കുന്ന അവളുടെ പവിത്രവും കൗമാരത്തുടിപ്പുളളതുമായ മുഖം. അവളുടെ തത്തയുടേതുപോലെ തീഷ്ണവും സുന്ദരവുമായ കണ്ണ്. ആ കണ്ണ് ഒരു നീലകണ്ഠപ്പക്ഷി പവിഴത്തെ കാണുന്നതുപോലെയാണ് ഈ ലോകത്തെ നോക്കുന്നത്. യമുനയെ ഓർത്തപ്പോൾ എന്റെ മനസ്സ് പെട്ടെന്ന് നന്നായി എന്നുതോന്നി. ഞാൻ ഈശ്വരന്റെ കാലുതൊട്ട് തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു, ചെറിയമ്മേ ഞാൻ വാക്കുതരുന്നു. ഞാനാരേയും ദുഃഖിപ്പിക്കുകയില്ല. ഒരത്യാചാരമോ, അനാചാരമോ ചെയ്യുകയില്ല. ഞാൻ ശേഖറിനെ തിരിച്ചുകൊണ്ടുവരാം.

വൈകുന്നേരം ഏതാണ്ട് നാലുമണിയോടുകൂടി സുവിമൽ വീണ്ടും ഓഫീസിൽ വന്നു ഹാജരായി. മനസ്സിരുത്തി പണിയെടുക്കുകയായിരുന്നു. എന്നുവച്ചാൽ മേശപ്പുറത്ത് മുഴുവനും അനേകം കടലാസുകൾ നിരത്തിവെച്ച്, ഒന്നിനുപിറകെ

ഒന്നായി സിഗരറ്റുവലിച്ച്, പെൻസിൽ കൊണ്ട് ഏറെഎഴു ത്തുകുത്തു നടത്തുകയായിരുന്നു ഞാൻ. ആ സമയത്താണ് സുവിമൽ വന്നത്. അവനെ കണ്ടപ്പോൾ ഇന്നൽപം നീരസം തോന്നി. കഴിഞ്ഞ ദിവസം നടന്ന കാര്യത്തെപ്പറ്റി സംസാരി ക്കുക എന്നത് സുവിമലിന്റെ ഒരു സ്വഭാവമാണ്. അതുമല്ല ഇന്ന് ഞാൻ സുവിമലിന്റെ കൂടെ എങ്ങും പോകുന്നില്ല. ഇന്നെനിക്ക് ഹോസ്പിറ്റലിൽ പോയേ പറ്റൂ. അതിനുശേഷം രാത്രിയിൽ ചെറിയച്ഛന്റെ വീട്ടിൽ ഭക്ഷണം കഴിക്കണ മെന്ന് അമ്മ വിവരമറിയിച്ചിട്ടുണ്ട്.

സുവിമൽ കസേരയിൽ ഇരുന്ന ഉടനെ പറഞ്ഞു. സത്യം പറയട്ടെ, കേറുന്നിടത്ത് നിങ്ങളുടെ റിസപ്ഷനിസ്റ്റിനെ കാണാത്തതുകൊണ്ടാകാം ഇന്ന് ഓഫീസ് ശൂന്യമാണെന്നു തോന്നുന്നു.

ഞാനവനോട് ആംഗ്യംകൊണ്ട് മിണ്ടാതിരിക്കാൻ പറഞ്ഞു. മൂലയിലെ മേശയിൽ ഗോവിന്ദബാബു പുറത്തെ പണിക ഴിച്ചുവന്ന് ഇപ്പോൾ ജോലിചെയ്യുകയാണ്. ഗോവിന്ദബാബു അൽപം സീരിയസ് പ്രകൃതക്കാരനാണ്. ഈ വക വർത്തമാ നമൊന്നും തീർച്ചയായും ഇഷ്ടപ്പെടുകയില്ല. അയാൾ പിന്നെ പലപ്പോഴും മൂത്ത അളിയനുമായി എന്തോ വളരെ നേരം കുശു കുശുക്കുന്നതുകാണാം. കൈമാറ്റി മൂരി നിവർന്നുകൊണ്ട് ഞാൻ പറഞ്ഞു, ഓ, എന്തുമാത്രം പണികുന്നുകൂടി കിടക്കു കയായിരുന്നു. ഇതെല്ലാം തീർത്ത് വെടിപ്പാക്കിയേ പറ്റൂ.

– പരസ്യത്തിന്റെ കോപ്പി എന്നതുമാത്രമാണല്ലോ? അതു പിന്നെ ഒരു പണിയാണോ?

ഞാൻ ദുഃഖച്ചിരി ചിരിച്ചുകൊണ്ടുപറഞ്ഞു, പണിയെപ്പറ്റി നിനക്കെന്തറിയാം? ദിവസം മുഴുവനും വീട്ടിൽ വിശ്രമിച്ചതി നുശേഷം വൈകുന്നേരം വെടി പറയാനായി പുറത്തിറങ്ങും. നിൽക്ക്, ചായ കുടിക്കാം.

മേശപ്പുറത്തെ ബല്ലിൽ രണ്ടുപ്രാവശ്യം ക്ണിം ക്ണിം എന്നു ശബ്ദമുണ്ടാക്കി. ബല്ലടിച്ച് വല്ലവരെയും വിളിക്കാൻ വളരെ രസമാണ്. ഇതാ വാതിലിനടുത്തു തന്നെ ഝറിസിങ്ങ് ഇരിക്കുന്നുണ്ട്. സ്റ്റൂളിലിരിക്കുന്ന അയാളുടെ കാൽമുട്ടുവരെ കാണാൻ പറ്റും. തൊണ്ടയിലെ ശബ്ദം ഒട്ടും ഉയർത്താതെ തന്നെ വിളിച്ചാലും അയാൾക്കു കേൾക്കാം. എന്നാലും ബെല്ല

ടിക്കുക എന്നതാണ് നിയമം. വിളികേട്ട് ഝറിസിംഗ് മേശയ്ക്കരുകിൽ വന്നുനിൽക്കുന്നതുകാണുമ്പോൾ പെട്ടെന്നുതന്നെ സംസാരിക്കുന്നത് ശരിയല്ല. അയാളെ കണ്ടേയില്ല എന്നമട്ടിൽ മുഖം താഴ്ത്തി പണിചെയ്യുന്നതായി നടിക്കണം. അൽപനേരത്തിനുശേഷം മുഖമുയർത്തി സ്വപ്നത്തിനിടക്ക് നിന്നുസംസാരിക്കുന്നതുപോലെയുള്ള സ്വരത്തിൽ പറയണം. ഓ... ഹാ കേൾക്കൂ.... ഇതിൽ പേഴ്സനാലിറ്റി ഉണ്ട്. ജോലിയിൽ എത്രമാത്രം ഉയർച്ചയുണ്ടാകുന്നോ അത്രമാത്രം മനുഷ്യരെ അവഗണിക്കണമെന്ന് ഞാൻ പഠിച്ചിരിക്കുന്നു. അതുമാത്രമല്ല, ബെല്ലടിക്കുന്നതോടൊപ്പം തന്നെ അവിടെ വനമാലി ബാബുവും അൽപം പരിഭ്രമിക്കും- ഇപ്രാവശ്യം ആരെയാണ് വിളിക്കുക. എത്രതന്നെ ആവശ്യമുണ്ടെങ്കിലും ഞാൻ ചിലരുടെ അരികത്ത് പോകാറില്ല. അവരെ വിളിപ്പിച്ചുകൊണ്ടുവരികയാണ് പതിവ്. കാരണം എനിക്കു ശമ്പളം അവരേക്കാൾ കൂടുതൽ കിട്ടുന്നു. ചിലപ്പോൾ നിശ്ചയമായും അവരുടെ മുറിയിൽ ചെന്ന് അവരുടെ മേശക്കുമുന്നിലെ കസേരയിലിരുന്നു ഒരു മൈ ഡീയർ ചിരി ചിരിച്ചുകൊണ്ടിരിക്കേണ്ടിവരാറുണ്ട്. അതും ഒരു ടാക്ടിക്കൽ ആണ്.

ഗവർമ്മണ്ട് ഓഫീസിൽ ജോലിചെയ്തിരുന്നപ്പോൾ.എന്റെ മേശക്കരുകിൽത്തന്നെയായിരുന്നു അസി. സെക്രട്ടറി മിസ്റ്റർ ചക്രവർത്തിയുടെ മുറി. ബല്ലടിക്കുന്ന സമയത്ത് ഞങ്ങൾ പത്തുപതിനഞ്ചുപേർ ജാഗരൂകരാകുമായിരുന്നു. അയാളുടെ വയസ്സൻ ഓർഡർലി മുറിയിൽ കടക്കുന്ന സമയത്ത് പട്ടിയെപ്പോലെ ധൃതിയിൽ ഗംഭീരമായ മുഖത്തോടെ ഓടുമായിരുന്നു. തിരിച്ചുവരുന്നത് ചിരിച്ചുകൊണ്ട്, ആനയെപ്പോലെ കുലുങ്ങിക്കൊണ്ടായിരിക്കും. മേശക്കരുകിൽ വന്നുപറയുമായിരുന്നു--സുനിൽ ബാബു, താങ്കളെ സാഹിബ് വിളിക്കുന്നുണ്ട്. ഡ്രഗ് കൺട്രോൾ ഫയൽ എടുത്തുകൊണ്ട് പോയ്ക്കൊള്ളൂ, സാഹേബ്. ചക്രവർത്തിയുടെ ശരീരത്തിന്റെ നിറം കണ്ടാൽ കുട്ടികൾ പോലും പെട്ടെന്ന് ഞെട്ടിപ്പോകും. ഓ... ആ ജോലി വിട്ടതും രക്ഷപ്പെട്ടു.

ഝറിസിംഗിനോടു പറഞ്ഞു. പോയി ടോസ്റ്റും ചായയും കൊണ്ടുവരൂ. ഗോവിന്ദബാബു, നിങ്ങൾ ചായ കുടിക്കുമല്ലോ, മൂന്നുകപ്പു കൊണ്ടുവരൂ.

ഗോവിന്ദബാബു ഒന്നെണീറ്റുപോയതും സുവിമൽ പറഞ്ഞു. ഓ, ഇന്നലെ അവിനാശ് കാരണം വെറുതെ എത്ര തല്ലുകിട്ടി, പറയ്.. അരക്കെട്ട് ഇപ്പോഴും വേദനിക്കുന്നു.

- എന്റെയും ഇടംകൈ സൂചിപോലെ കുത്തുന്നു. നീ പക്ഷേ അടിപിടി കൂട്ടുകയല്ലേ ചെയ്തത്.

- ഞാൻ ഒട്ടും അല്ല. അവനുമായുള്ള വഴക്ക്. അതിൽ എനിക്കെന്താണ്?

- നീ ഹീരലാലിനെ അടിക്കാൻ പോയതെന്തിനാണ്? അതില്ലായിരുന്നെങ്കിൽ അവർ രണ്ടുപേരും എന്താണ് ചെയ്തിരുന്നതെന്നുവച്ചാൽ--

- ഞാനോ?-

- നിനക്ക് വളരെയധികം തലക്കുപിടിച്ചിരുന്നു. ഇപ്പോൾ ഓർമ്മയില്ല. വിട്, അതു പറഞ്ഞിട്ടു കാര്യമില്ല. ശേഖറിന്റെ പിന്നെ ഒരു വിവരവും കിട്ടിയില്ലേ?

- എനിക്കെവിടെനിന്ന് കിട്ടാൻ? ഇതാ ഇപ്പോഴാണ് വീട്ടിൽ നിന്നും ഇറങ്ങിയത്.

- സത്യം! ശേഖർ തികച്ചും കാറ്റായിപ്പോയോ?

- വീണയുടെ അവിടെ അന്വേഷിച്ചോ? വാ.... പോയി നോക്കാം.

- ഞാനില്ല. നീ പോയി നോക്കിയാട്ടെ.

- ഒറ്റക്കു പോയി ഞാനവളുടെ പിടിയിൽ കുടുങ്ങണമെന്നോ? രണ്ടാളും കൂടിയാണെങ്കിൽ പോയിനോക്കാം.

- എനിക്കിന്ന് സമയമില്ല. എനിക്കിന്ന് ഹോസ്പിറ്റലിൽ പോയേ പറ്റൂ. മുത്തശ്ശനെ കാണാൻ. ഇന്നലെത്തന്നെ പോകണ്ടതായിരുന്നു. അവസാനത്തെ കാഴ്ചയാണല്ലോ, പക്ഷേ ഇന്നുകേട്ടു, വളരെ ഭേദമുണ്ടെന്ന്.

- നിന്റെ ഏതു മുത്തച്ഛൻ, ചാണക്യനെക്കുറിച്ച് പുസ്തകമെഴുതിയ ആളോ?

- ങ്ഹും.

- നിന്റെ വീട്ടിൽ ധാരാളം എഴുത്തും വായനയുടെ ചർച്ചയും ഉണ്ടാവാറുണ്ട്. ഇല്ലേ?

- ങ്ഹാ. നിങ്ങളെപ്പോലെ. ജമീന്ദാർ വംശത്തിൽ പെട്ടവരല്ല. പിന്നെ ഇപ്പോൾ നിങ്ങളുടെ ജമീന്ദാരിയും ഇല്ലല്ലോ?

- ങ്ഹാ, ഈ മാതിരി പണ്ഡിത വംശത്തിൽ പെട്ട നീ

സ്വന്തമായി എഴുത്തും വായനയും ഒന്നും പഠിച്ചില്ലല്ലോ. നിന്റെ ഉരുണ്ട രണ്ടു കണ്ണുകാണുമ്പോൾ എനിക്കു പശുവിനെ ഓർമ്മവരും. സത്യം പറയുകയാണ്. ദേഷ്യപ്പെടരുത്.

ഓഫീസിൽ നിന്നും പുറത്തുകടന്നതിനുശേഷം സുവിമൽ ചോദിച്ചു, നിനക്ക് ആശുപത്രിയിൽ പോയേ പറ്റൂ?

ഞാൻ പറഞ്ഞു, ങ്ഹാ- നീയും വാ-

സുവിമൽ നീരസം നടിച്ചുകൊണ്ട് ഉത്തരം തന്നു. ഛേ. ആശുപത്രിയിൽ പോകുന്നത് എനിക്കു വെറുപ്പാണ്. അതുമല്ല, നേഴ്സുമാരുടെ സൗന്ദര്യചർച്ച നടത്തുന്നതും എനിക്കത്ര വശമില്ല. ഇന്നുവിട്ടേക്ക്, പോകണ്ടാ. വാ വീണയുടെ അവിടെപ്പോയി കറങ്ങിവരാം.

- എന്തിനാണ് വീണ്ടും, വീണ്ടും പറയുന്നത്? പറഞ്ഞില്ലേ എനിക്കു പോയേ പറ്റൂ. ഞാൻ ഒരു ദിവസവും പോയിട്ടില്ല. വെറും കടമ കൊണ്ടല്ല. മുത്തശ്ശനെ ഏതായാലും എനിക്ക് വെറുതെ ഒന്നുകാണേണ്ടത് വളരെ അത്യാവശ്യമാണ്. എട്ടുകൊല്ലമായി കണ്ടിട്ടില്ല. ഏതാനും വർഷങ്ങൾ കാശിയിലായിരുന്നു. അതിനുശേഷം ആറുമാസമായി ബഹറാംപൂരിൽ വന്നതിനുശേഷവും കാണാൻ പറ്റിയില്ല.

- ഇപ്പോൾ പോകുന്നതെങ്ങിനെ? ട്രാമിലും ബസ്സിലും എന്തൊരു തിരക്ക്?

- ഇന്നലെയും നീ കാരണം പോക്കുണ്ടായില്ല.

- ഞാൻ കാരണം?

സുവിമൽ ലൈറ്റ് പോസ്റ്റിൽ ചാരിനിന്നു. അതിനുശേഷം നിസ്സഹായനെപ്പോലെ പറഞ്ഞു. അങ്ങിനെയാണെങ്കിൽ ഞാനിപ്പോൾ എവിടെപ്പോകും? ഞാൻ സുവിമലിനെ നോക്കിനിന്നു. സുവിമലിന്റെ മുഖം സുന്ദരമാണ്. നന്നായി താടി വടിച്ചിരിക്കുന്നു. വെളുത്ത കവിളിൽ നീലശോഭ, എണ്ണ പുരട്ടിയ തിളങ്ങുന്ന കറുത്ത മുടി, പള പളാ എന്നുതിളങ്ങുന്ന വെളുത്ത മടക്കുനിവരാത്ത ദോത്തിയും പഞ്ചാബിയും ധരിച്ചിരിക്കുന്നു. എന്നിരിക്കിലും അവന് ഒരു ജോലിയുമില്ല. എങ്ങും പോകാനുള്ള ഇടവുമില്ല. സുവിമലിന്റെ മുഖം ഇപ്പോൾ കരുണാർദ്രമാണ്. അൽപം നൈരാശ്യത്തോടെ പറഞ്ഞു, നീ പോയാൽ ഒറ്റക്ക് ഞാനെന്തുചെയ്യും? സന്ധ്യാസമയത്ത്. ശരി, സന്ധ്യക്ക് മനുഷ്യർ എവിടെയാണ് പോകാറെന്ന് പറ

യാൻ പറ്റുമോ? ഇതുകണ്ടോ , ഇത്രയും പേർ റോഡിൽ കൂടി പോകുന്നു. ഇവരെല്ലാം എവിടെപ്പോകുന്നു? ഇവർ പോക യാണോ അതോ വരികയാണോ? സന്ധ്യാസമയത്ത് ഒറ്റക്ക് എങ്ങിനെ സമയം തള്ളിനീക്കും. ഒററക്കാരെങ്കിലും സിനി മകാണാൻ പോകാറുണ്ടോ? ഒറ്റക്ക് മൈതാനത്ത് ഇരിക്കാൻ പറ്റുമോ? എല്ലാവരും വീട്ടിലേക്ക് മടങ്ങിപ്പോവുകയാണോ പതിവ്. ദിവസം മുഴുവൻ ഓഫീസിൽ പണിയെടുത്ത് ആളു കൾ വൈകുന്നേരം വീട്ടിലേക്ക് മടങ്ങുകയാണോ?

ഞാൻ ദിവസം മുഴുവൻ വീട്ടിലിരുന്ന് വൈകുന്നേരം പുറ ത്തിറങ്ങുന്നു. ഒന്നു വെടിപറയാൻ പറ്റിയില്ലെങ്കിൽ പിന്നെ എവിടെപ്പോകും?

– നീ എന്തെങ്കിലും ജോലിനോക്ക് ഇനി.

– ജോലിയെടുക്കുന്നില്ലെന്നോ? ഇതാ റഷ്യയിലെ കൂട്ടു കൃഷിയെക്കുറിച്ചെഴുതിയ ഒരു വല്ലാത്ത പുസ്തകം ഞാൻ കഴിഞ്ഞ മാസം തർജ്ജമ ചെയ്തേ ഉള്ളൂ. ജീവൻ പോയി. എങ്കിലു നാനൂറുരൂപാ കിട്ടി.

– കമ്മ്യൂണിസ്റ്റുകാർ നിനക്കിപ്പോഴും ജോലി തരാ റുണ്ടോ? നിൻെറ മാതിരി ഒരു....

– ആരാണ് കാശുതരുന്നതെന്നുവെച്ചാൽ ഞാനവരുടെ പണിയെടുക്കാൻ തയ്യാറാണ്. റഷ്യയിലെ കൂട്ടുകൃഷിയും അമേരിക്കയിലെ അപസർപ്പകകഥകളും എനിക്കൊരുപോലെ യാണ്. തർജ്ജമ ചെയ്യുന്ന കാര്യത്തെപ്പറ്റി പറയുകയാണ്. അല്ലാതെന്താ? കേൾക്ക്, ഇന്നുച്ചസമയത്ത് കിടക്കയിൽ കിട ന്നുകൊണ്ടുതന്നെ മനസ്സിൽ സ്വന്തമായി ഒരു ലേഖനമെഴുതി. പെട്ടെന്ന് ഉള്ളിൽ ഒരു സ്പന്ദനം അനുഭവപ്പെട്ടു. തോന്നി, അപ്പോൾ തന്നെ പുറത്തേക്കിറങ്ങിയേപറ്റൂ. ഏതെങ്കിലും സ്ഥ ലത്തുചെന്ന് വെടിപറയലിൽ മുഴുകി എഴുത്തിൻെറ കാര്യം അൽപനേരത്തേക്ക് മറന്നാലേ പറ്റൂ; കുറച്ചുനേരത്തേക്ക് മറ ന്നില്ലെങ്കിൽ ഞാൻ ലേഖനത്തെ സംബന്ധിച്ചിടത്തോളം ആത് മാർത്ഥത കാണിക്കില്ല. ഒറ്റക്കിരുന്നാൽ അതെന്നെ പിടി കൂടും. ഇപ്പോഴെനിക്കാവശ്യം ധാരാളം മദ്യം കഴിച്ച് ബഹളം കൂട്ടുക, അല്ലെങ്കിൽ വേശ്യാലയത്തിൽ പോയി രസിക്കുക. അതുമല്ലെങ്കിൽ കാശുവെച്ചുള്ള കളിയിൽ മനസ്സുറപ്പിക്കുക. ഇതിൽ ഏതെങ്കിലും വീര്യം കൂടിയ ഒന്നില്ലെങ്കിൽ എനിക്ക്

അക്കാര്യം മറക്കാൻ സാദ്ധ്യമല്ല. വേശ്യക്കുപകരം ഏതെങ്കിലും മാന്യ മഹിളയുടെ കൂടെ, ഒന്നും വേണ്ടാ, ഇഷ്ടം പോലെ സംസാരിക്കുവാനുള്ള അവസരം കിട്ടിയാൽ പോലും ഞാനതിന് തയ്യാറാണ്. മദ്യം കഴിക്കുന്നതിനുപകരം കാട്ടിൽ പോയി വേട്ടയാടുക, ഞാനതിന് റെഡിയാണ്. ലേഖനം നന്നാക്കിയെടുക്കാൻ ലേഖനത്തെ അൽപനേരത്തേക്ക് എനിക്ക് മറക്കേണ്ടത് ആവശ്യമാണ്. പിന്നെ മറക്കാൻ ശ്രമിക്കാൻ എനിക്കൽപം വീര്യം കൂടിയ ഉത്തേജനം ആവശ്യമാണ്. അതല്ലെങ്കിൽ പറയാൻ പറ്റില്ല. എഴുത്ത് എത്ര വൃത്തികെട്ട, സാധനമാണ്! ശിൽപികൾക്ക് മോഡൽ ആവശ്യമാണ്. ഗായകർക്ക് തബലക്കാരൻ ആവശ്യമാണ്.

– ഈ ആൾക്കാരെയെല്ലാം മാനിക്കാറുണ്ട്. പക്ഷേ എഴുത്തുകാരനെ ആവശ്യമില്ലെന്ന് തോന്നുന്നു. വിദ്യ കൈയിലിരിക്കട്ടെ.

– നീ എന്നെ വഴക്കുപറയുന്നതെന്തിനാണ്, ഞാനാണോ ഇതിനെല്ലാം ഉത്തരവാദി?

– തീർച്ചയായും. എന്നെ ഒറ്റക്കുവിട്ട് നീ ഹോസ്പിറ്റലിൽ പോയി എന്തു പിണ്ഡം വെക്കാനാണ്.?

– ങ്ഹേ, ഞാനല്ലാതെ വേറെ ആരും ഇല്ലേ? അവിനാശിനേയൊ, പരിതോഷിനേയോ കണ്ടുപിടിക്ക്.

– ഓഫീസ് കഴിഞ്ഞിരിക്കുന്നു. അവരെ ഞാനിപ്പോൾ എവിടെ കണ്ടുപിടിക്കും. ബാറുകളിൽ നിരങ്ങി നിരങ്ങി കടയായ കടയെല്ലാം അവരെ തിരയുകയോ? നിൻെറ വിചാരം ഞാനത്ര വൃത്തികെട്ടവനാണെന്നാണോ? കൈയ്യിൽ കാശുണ്ടെങ്കിൽ ഏതെങ്കിലും കള്ളുഷാപ്പിൽപോയി ഇരുന്നേനെ. ഇതാ കണ്ടോ പോക്കറ്റ്, ഒന്നുമില്ല.

– എൻെറ കൈയിലും ഇന്നു പൈസയില്ല. സുഹൃത്തുക്കൾ അല്ലാതെതന്നെ മറ്റാരുടെ അടുത്തെങ്കിലും പോകാമല്ലോ? നിനക്ക് വേറെ ആരും പരിചയക്കാരായ മനു ഷ്യരില്ലേ?

– അങ്ങിനത്തെ മനുഷ്യർ ഉണ്ടാകും. മനുഷ്യർ എത്രയോ ഉണ്ട്, പക്ഷേ അവരെല്ലാം എന്തോ ഒരേതരങ്ങൾ. വെജിറ്റബിൾ കട്ലറ്റ്. കാണാൻ എല്ലാം ഒരുപോലെ, ഉള്ളിൽ ചവറ്, പ്രദീപ് ബാബുവിൻെറ വീട്ടിൽ പോവുകയാണെങ്കിൽ അയാളും അയാളുടെ ഭാര്യയും അതും ഇതും വലിയ വർ

ത്തമാനം പറയും. ചായയും പലഹാരവും തരും. പക്ഷേ ആ വെജിറ്റബിൾ കട്‌ലറ്റ് കഴിക്കുന്ന സ്വാദ്. പ്രദീപ് ബാബുവിനു പകരം രതൻ ബാബുവിൻെറ വീട്ടിൽ പോയാലും അതുതന്നെ.

ഞാൻ ഉള്ളിൽ അസ്വസ്ഥനായിക്കൊണ്ടിരുന്നു, പറഞ്ഞു. നിനക്കൽപം പ്രേമിക്കാനോ കീമിക്കാനോ ശ്രമിച്ചുകൂടെ? അതൊരു നേരമ്പോക്കാണ്. ആ ടെലിഫോൺ ഓപ്പറേറ്റർക്ക് എന്തുപറ്റി?

- നോക്കാം. നാളെ ഒന്ന് അരുണിൻെറ ഓഫീസിൽ പോണം.

- നീയിന്ന് വല്ല കോഫീഹൗസിലോ, ടാഫീഹൗസിലോ പോയിനോക്ക്. ആരെയെങ്കിലും കിട്ടുമോ എന്ന്. എന്നെ ഇന്നു വിട്ടേക്ക്. പ്ലീസ്-

തിരക്കിൽ ബസ് ട്രാമിൽ കയറാൻ മിനക്കെടാതെ ഞാൻ നടന്നുതന്നെ പി. ജി. ഹോസ്പിറ്റലിൽ പോകാൻ നിശ്ച യിച്ചു. വലിയ റോഡുവിട്ട് ഷോർട്ടുകട്ടിനായി മൈതാനത്തിൽ കേറിപ്പറ്റി. സിഗരറ്റുകത്തിച്ചു മനസ്സിൽ നിരൂപിച്ചു, സിഗരറ്റ് തീരുന്നതിനുമുമ്പ് എത്തിപ്പറ്റണം. തന്നോടുതന്നെ ഈ മട്ടിൽ വാക്കിംഗ്റേസ് നടത്തി വളരെ വേഗത്തിൽ നടക്കാൻ തുടങ്ങി. തണുത്ത ഈർപ്പം നിറഞ്ഞ കാറ്റുവരുന്നു. ക്ഷീണം തോന്നു ന്നില്ല.

ആശുപത്രിയുടെ മെയിൻ ഗേറ്റിനുമുമ്പിൽ വച്ച്തന്നെ വലിയ അളിയനെ കണ്ടുമുട്ടി. അദ്ദേഹം ധൃതിയിൽ പുറ ത്തിറങ്ങുകയാണ്. എന്നെകണ്ടപ്പോൾത്തന്നെ പറഞ്ഞു, നീ വന്നോ, വാ നിൻെറ അമ്മയെ വിവരം അറിയിക്കണം. നിൻെറ മുത്തച്ഛൻ കുറച്ചുമുൻപ് മരിച്ചു. അധികം ബുദ്ധിമുട്ടിയില്ല. ബോധത്തോടുകൂടിത്തന്നെയാണ് മരിച്ചത്. മരിക്കുന്നതിനു മുൻപ് നിൻെറ കാര്യം പറഞ്ഞു.

ഞാൻ ഞെട്ടിത്തെറിച്ചുനിന്നു. വലിയ അളിയനെ കണ്ടി ട്ടുപോലും സിഗരറ്റ് കളയാൻ മറന്നുപോയി. ഒളിപ്പിച്ച് പിന്നി ലേക്ക് എറിഞ്ഞു.

ഇന്ന് എന്താഴ്ചയാണ്. ഇന്ന് ബുധനാഴ്ച. ഇന്നുപാട്ടു സ്ക്കൂൾ അടവാണ്. ഇന്നെനിക്ക് ശ്മശാനത്തിൽ പോകണം.

വളരെ കുട്ടിക്കാലം മുതൽക്കു തന്നെ അച്ഛനുമായി എനിക്കൊരു അകൽച്ച ഉടലെടുത്തിരുന്നു. എന്റെ കൂട്ടുകാരനായ തപൻ, അവന്റെ അച്ഛനെ വിളിക്കുന്നതു കേൾക്കാമായിരുന്നു, ബാബുജി എന്ന്. ഈ മട്ടിൽ വർത്തമാനം പറഞ്ഞിരുന്നു, ബാബുജി നിങ്ങൾ എനിക്കൊരു എയർഗൺ വാങ്ങിത്തരാമെന്നു പറഞ്ഞില്ലേ, തന്നില്ലല്ലോ? ങ്ഹാ-ശരി, സുഹൃത്തെന്നപോലെ. ഞങ്ങൾ അച്ഛനെ എന്നും താങ്കൾ എന്നായിരുന്നു വിളിച്ചിരുന്നത്. വീട്ടിലെ ഇളയകുട്ടി എന്ന നിലക്ക് അച്ഛന്റെ ലാളന കിട്ടുന്നതിനു പകരം ഞാൻ അദ്ദേഹത്തെ എപ്പോഴും ഒഴിഞ്ഞുമാറിനടന്നു. അച്ഛൻ സ്വതവേതന്നെ വളരെ ഗംഭീരപ്രകൃതക്കാരനാണ്. അതുമല്ല, ഒരു കാര്യത്തിലും സ്വന്തം തീരുമാനം മാറ്റാൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്ന കാരണത്താൽ, എനിക്കു സംസാരിക്കാൻ കാര്യമായ ഉൽസാഹം കിട്ടിയിരുന്നില്ല. ചുറ്റുവട്ടത്തെ കുട്ടികളോടൊപ്പം രഥമേള കാണാൻ പോകട്ടെ എന്ന് അച്ഛനോട് അന്വേഷിച്ചാൽ അദ്ദേഹം സംക്ഷിപ്ത രൂപത്തിൽ ഇത്രമാത്രം പറയുമായിരുന്നു, വേണ്ട. അതിനു ശേഷം മറുവശത്തേക്കു മുഖം തിരിക്കുമായിരുന്നു, ഇക്കാര്യത്തിൽ ഇനിയും മറ്റൊരു വർത്തമാനമേ നടപ്പില്ല എന്ന മട്ടിൽ. സ്ക്കൂളിൽ നാടകത്തിന് എനിക്ക് ഇസാഖാന്റെ പാർട്ടു കിട്ടിയിരുന്നു. തകർത്ത റിഹേഴ്സൽ നടക്കുകയാണ്. സംവിധാനം ചെയ്യുന്നത് ഞങ്ങളുടെ ചരിത്രാദ്ധ്യാപകനായിരുന്നു. ആ സമയത്താണ് അച്ഛൻ പറയുന്നത്, വേണ്ട, വേണ്ട, ഇവൻ എന്തു പാർട്ട് എടുക്കാനാണ്? അദ്ദേഹത്തിന്റെ ആ വാക്കാണ് അവസാന തീരുമാനം. നാടകത്തിന്റെ ദിവസം ഞാൻ കണ്ണിൽ വെള്ളവുമായി കാഴ്ചക്കാരുടെ ഇടക്ക് ഇരുന്നു. കുട്ടിക്കാലം മുതൽക്കേ അച്ഛന്റെ ഇപ്രകാരമുള്ള ഗാംഭീര്യവും കഠിനസ്വഭാവവും കാരണം അച്ഛനെ വളരെ പേടിയും ബഹുമാനവുമായിരുന്നു. മറ്റുള്ളവരെക്കാൾ എന്റെ അച്ഛന്റെ നടപ്പും ചിന്തയും വ്യത്യസ്തമായിരുന്നു. കഠിനമായ വിധത്തിൽ ഉദാസീനൻ. അതുകാരണം ഞങ്ങൾക്ക് കഷ്ടമായിരുന്നു. എങ്കിലും അച്ഛനെ ഒരു മഹാപുരുഷനായാണ് കരുതിയിരുന്നത്. ക്രമേണ അച്ഛന്റെ ബുദ്ധിഹീനതയും ശാഠ്യവും എന്റെ കൺമുമ്പിൽ പ്രകടമായിവന്നു.

അച്ഛൻെറ ഗാംഭീര്യം അപഹാസ്യമായി എനിക്കു തോന്നിത്തുടങ്ങി. ചെറിയച്ഛൻെറ പോക്കറ്റിൽനിന്നും ഞാനൊരിക്കൽ ഒരു നാലണ മോഷ്ടിച്ചു. അതറിഞ്ഞ് അച്ഛൻ എന്നെ തല്ലി നാശമാക്കിയതുകാരണം ഞാൻ മൂന്നു ദിവസം കിടപ്പിലായി. പക്ഷേ ആ കൊല്ലം തന്നെ തണുപ്പുകാലത്ത് ഞങ്ങളുടെ വീട്ടിൽ എല്ലാവർക്കും നിറപ്പകിട്ടുള്ള ഓരോ പുതപ്പുകിട്ടി. വളരെ മിനക്കെടാതെതന്നെ അറിയാൻ കഴിഞ്ഞു, വസ്ത്രവ്യാപാരിയായ ഹരിദാസ് സാഹുവിൻെറ അസാദ്ധ്യസാധനമായ മകനെ അച്ഛൻ ഒത്താശ പറഞ്ഞ് ടെസ്ററിൽ പാസാക്കിക്കൊടുത്തു. അതിൻെറ സമ്മാനമായിരുന്നു ഞങ്ങൾക്കു കിട്ടിയ പുതപ്പ്. അതിനുശേഷം അച്ഛനോട് എനിക്ക്, ശരിക്കുപറഞ്ഞാൽ വെറുപ്പുതോന്നിയില്ല. പക്ഷേ അങ്ങേർ വെറും ഒരു സാധാരണക്കാരനാണെന്നറിഞ്ഞതു കാരണം എൻെറ മനസ്സിൻെറ ഭാരം വളരെ കുറഞ്ഞു. ഏട്ടൻ എന്നെന്നും ഒരു തണുപ്പനാണ്. മുത്തശ്ശൻെറ അടുത്തു നിന്നും എൻെറ ഏട്ടൻ കണക്കും സംസ്കൃതവും നന്നായി പഠിച്ചിരുന്നു. ഏട്ടൻ, അച്ഛൻ എന്തു പറഞ്ഞാലും യാതൊരു പ്രതിഷേധവും കാണിക്കുമായിരുന്നില്ല. പക്ഷേ ഞാൻ ക്രമേണ ഒരു ശാഠ്യക്കാരനായി മാറി.

പാകിസ്ഥാനായതു ശേഷം ഞങ്ങൾ നാടുവിട്ടു. പക്ഷേ കല്ക്കത്തയിൽ പോകാതെ ബർഹംപൂരിൽ ചെന്നെത്തിയതു കാരണം ഞങ്ങളുടെ മേൽ 'അഭയാർഥി' മണം വന്നില്ലായിരുന്നു. മുത്തശ്ശൻ മുമ്പേതന്നെ ബർഹാംപൂരിൽ സ്കൂളിൽ പഠിപ്പിക്കുകയായിരുന്നു, അച്ഛനും അവിടെ ഒരു സ്കൂളിൽ ജോലി കിട്ടി. കുറച്ചു ദിവസത്തിനകം തന്നെ ഞങ്ങൾ അവിടത്തുകാരുമായി ഒത്തു ചേർന്നു. എൻെറ മൂന്നു ചേച്ചിമാരും കാണാൻ മിടുക്കികളായതു കാരണം സ്ഥലത്തെ ആൾക്കാരുടെ സ്നേഹവും അനുകമ്പയും നേടാൻ താമസം വന്നില്ല. പിന്നിയ മുടിയും കുലുക്കി ചേച്ചിമാർ സ്ക്കുളിൽ നിന്നും മടങ്ങുമ്പോൾ ചെറുപ്പക്കാർ പറയുമായിരുന്നു- എന്തെല്ലാം പറഞ്ഞാലും ശരി, കിഴക്കൻ ബംഗാളിലെ പെൺകുട്ടികളെ കാണാൻ ചന്തമാണ്. പിന്നിൽ നടക്കുന്ന എന്നെ ആരും കണക്കിലെടുക്കുകയില്ലായിരുന്നു. മനസ്സിൽ വിചാരിക്കുമായിരുന്നു, ആരെങ്കിലും ചേച്ചിമാരെ ഉപദ്രവിച്ചാൽ കല്ലെടുത്തെ

റിയും ഞാൻ.

അവിടത്തെ വലിയ മൈത്ര തറവാട്ടിലെ മൂത്തമകൻ വല്യേടത്തിയുടെ കല്യാണലോചനയുമായി വന്നപ്പോൾ വീട്ടിൽ ആഹ്ലാദത്തിന്റെ തിരമാല ഉയർന്നു. രാംഠി--ബാരേന്ദ്ര വംശത്തിന്റെ സൂക്ഷ്മമായ വ്യത്യാസത്തെ ചൊല്ലി അച്ഛൻ ആദ്യം ചെറുതായി ഒരു എതിർപ്പ് നടത്തിനോക്കി. പക്ഷേ സ്ത്രീധനം കൂടാതെ ഇത്ര വലിയ കുടുംബത്തിൽ വല്യേടത്തിയെ പറഞ്ഞയയ്ക്കുന്ന കാര്യമോർത്ത് അമ്മ ആ വക തടസ്സത്തിന് യാതൊരു വിലയും കൊടുത്തില്ല. പിന്നീട് കൊച്ചേടത്തി തനിയെ തന്നെ മുൻകൈ എടുത്ത് ഒരു കായസ്ഥ ജാതിക്കാരനെ വിവാഹം കഴിച്ചു. ഇക്കാര്യത്തിൽ എനിക്കും ഒരു പങ്കുണ്ടായിരുന്നു. കല്യാണേട്ടന്റെ കത്തുകൾ ഞാനായിരുന്നു കൊച്ചേടത്തിക്കു കൊണ്ടു കൊടുത്തിരുന്നത്.

ബർഹാംപൂരിൽ വച്ചാണ് ശേഖറുമായി ഞാൻ പരിചയപ്പെട്ടത്. ബർഹാംപൂരിൽ അവന്റെ അമ്മാമന്റെ വീട്ടിൽ അവൻ ഒരു കാലത്ത് വരുമായിരുന്നു. ഒരിക്കൽ ഞാൻ പദ്യപാരായണ മത്സരത്തിൽ ഒന്നാമനായി. ശേഖർ എന്റെ അടുത്തുവന്നു. ഒരു കാരണവരെപ്പോലെ പറഞ്ഞു, നിന്റെ പദ്യപാരായണം വളരെ നന്നായി, പക്ഷേ 'ര' യുടെയും 'ഢ'യുടെയും ഉച്ചാരണത്തിൽ ദൂഷ്യമുണ്ട്. തന്നെയല്ല നീ വായിച്ച കവിതയുടെ അർത്ഥം നിനക്കു മനസ്സിലായോ? എനിക്കു ഭയങ്കരദേഷ്യം തോന്നി. ഒരു മുഹൂർത്തത്തിൽ ഞാനവനെ ആകപ്പാടെ ഒന്നു നോക്കി വിചാരിച്ചു, അടിപിടികൂടിയാൽ ഈ പണക്കാരന്റെ എല്ലും കോലുമായ സന്താനത്തെ എളുപ്പത്തിൽ താഴെ വീഴ്ത്താം. ആ സമയത്തും പദ്മയുടെ ഗർജ്ജനം, അഢിയാൽ ഖാം നദിയുടെ വെള്ളപ്പൊക്കത്തിന്റെ ഭയാനകത, ബാണി ചക് തടാകത്തിന്റെ ഹിംസ്രത, കുടിയിടം വിട്ടു വന്നതിന്റെ ദേഷ്യം എല്ലാം എന്നിൽ നിറഞ്ഞു നിന്നിരുന്നു. ഒരു മനുഷ്യനെ കാണുന്ന ഉടൻ ആത്മരക്ഷക്കായി ശരീരത്തിന് താക്കീതു കൊടുക്കുമായിരുന്നു.

എങ്കിലും ശേഖറുമായി എനിക്കു കൂട്ടുകെട്ടായി. ബർഹാംപൂരിലെ ശോഷിച്ച ഗംഗയുടെ തീരത്ത് ശേഖറുമായി ഞാൻ ഉലാത്തുവാൻ പോകുമായിരുന്നു. ശേഖർ എന്നേക്കാളും ഒരു ക്ലാസ് മുകളിൽ പഠിച്ചിരുന്നു. അർമേനിയൻ പള്ളിയുടെ

ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ചുവരിന്റെ അരികിലിരുന്നു ശേഖർ എന്നോടു പറയും, ഒരു കടൽക്കള്ളനായി സമുദ്രത്തിൽ ചുറ്റാനാണെനിക്കിഷ്ടം, നിനക്കോ?

ശേഖറാണ് എന്നെ ആദ്യമായി ചിട്ടക്കേട് പഠിപ്പിച്ചത്. കാലത്ത് നാലുമണിക്ക് അവൻ എന്റെ മുറിയുടെ ജനാലയിൽ തൂങ്ങുന്ന വാരിത്തകിടി പൊക്കി പതിഞ്ഞ സ്വരത്തിൽ വിളിക്കുമായിരുന്നു. സുനിൽ, എണീറ്റുവാ, എനിക്കാണെങ്കിൽ ഗാഢനിദ്ര. എളുപ്പത്തിലൊന്നും എന്നെ വിളിച്ചുണർത്താൻ പറ്റുകയില്ല. ഒരു മുളവടികൊണ്ട് കുത്തിക്കുത്തി അവൻ എന്നെ ഉണർത്തുമായിരുന്നു. ഞാൻ പരിഭ്രമിച്ച് ചാടി എണീക്കുമ്പോൾ അവൻ പതുക്കെ പറയും, വാ. ലാൽ ഗോളാ പാസഞ്ചർ പിടിച്ച് മുർഷിദാബാദ് ചുറ്റിവരാം. ഞാൻ പറയും, ഇപ്പോളോ? അച്ഛൻ വഴക്കുപറയും: ശേഖർ പറയും, ച്ഛെടാ, എണീറ്റുവാന്നേ...

ഇടക്ക് ഒരുദിവസം നദീതീരത്ത് സന്ധ്യാസമയം മുഴുവൻ കുത്തിയിരുന്നതിനുശേഷം, ശേഖർ പറഞ്ഞു, ഒരു കാര്യം ചെയ്യാം, ഇന്നു രാത്രി വീട്ടിൽ പോവണ്ടാ. രാത്രി മുഴുവനും സ്റ്റേഷൻ പ്ലാറ്റുഫോമിൽ കിടക്കാം. എത്രയോ പേർ അങ്ങനെ രാത്രി ചെലവഴിക്കുന്നുണ്ട്!

ഞാൻ പേടിച്ചു പറയും, വീട്ടിൽ അന്വേഷിച്ചാലോ?

– അന്വേഷിക്കട്ടെ. മരിച്ചുപോവില്ലല്ലോ. നാളെ കാലത്തുതന്നെ വീട്ടുകാർക്കു നമ്മെ തിരിച്ചുകിട്ടും. കൂടിയാൽ നമ്മളെ ചീത്ത പറയും, അത്രയേയുള്ളൂ.

അതിനുശേഷം നിശ്ശബ്ദമായി ഒരു ചിരി ചിരിച്ചുകൊണ്ടു പറയും, ഇടക്കിടെ അല്പസ്വല്പം നിയമലംഘനം ആവശ്യമാണ്. മനസ്സിലായോ? എന്നും ഒരേ ജീവിതം ജീവിക്കരുത്. എന്നും ഒരേ സമയത്ത് എണീക്കുക, ഒരേ സമയം ആഹാരം, ഒരേസമയത്ത് ഉറങ്ങാൻ പോവുക ഇതിനൊരർത്ഥവുമില്ല. ച്ഛെ. ഒരു രസവും തോന്നുന്നില്ല.

അക്കാലത്ത് വീട്ടിൽ അമ്മ അസുഖമായി കിടക്കയിൽ കിടപ്പാണ്. അച്ഛൻ ആരോടും മിണ്ടാറില്ല, ഏടത്തികാരണം എന്നും ബഹളം. എനിക്കു തോന്നുമായിരുന്നു, വീട്ടിൽ ഞാൻ ആർക്കും വേണ്ടാത്ത ഒരധികപ്പറ്റാണെന്ന്.

വീട്ടിലെ കാര്യം ഓർക്കുമ്പോൾ എന്റെ മനസ്സിൽ

ഒരു വേദന ഉണരുമായിരുന്നു. അന്നൊരിക്കൽ കുഞ്ഞേടത്തി പറഞ്ഞു, ഇത്തിരി വൃത്തിയും മെനയുമായി ജീവിച്ചു കൂടേ? ഇതെന്തൊരുടുപ്പാണിട്ടിരിക്കുന്നത്? മുഖമാണെങ്കിൽ അങ്ങനെ! നിനക്ക് നാണമില്ലേ? ഞാനന്ന് കുഞ്ഞേടത്തിയുടെ നേരെ ഗ്ലാസ് വലിച്ച് ഒരേറു കൊടുത്തു.

റെയിൽപാളത്തിനടുത്ത് മുന്നു നാലു പേർ വട്ടമിട്ടിരുന്ന് ഒരു മൺകലത്തിൽ നിന്ന് എന്തോ കുടിക്കുന്നതു കണ്ടു. ഞാനും ശേഖറും അടുത്തെത്തി. ജീവിതത്തിലെ ആദ്യത്തെ ലഹരിയായിരുന്നു അന്ന്. ഞങ്ങൾക്ക് പതിനാല്- പതിനഞ്ച് വയസ്സു കാണും.

മെട്രിക്കുലേഷൻ പാസ്സായതിനുശേഷം കൽക്കത്തയിൽ പോയി പഠിക്കണമെന്നായിരുന്നു എൻെറ ആഗ്രഹം. തന്നെയല്ല, സയൻസ് പഠിക്കാൻ എനിക്കിഷ്ടമില്ലായിരുന്നു. അച്ഛൻ നിർബന്ധിച്ച് എന്നെ ഐ.എസ്.സി. ക്ലാസ്സിൽ കൊണ്ടു ചേർത്തു. ഞാനമ്മയോടു കരഞ്ഞു പറഞ്ഞെങ്കിലും അമ്മ ഒന്നും ചെയ്തില്ല. കോളേജിൽ ചേർന്നു കുറെദിവസം കഴിഞ്ഞ് ലബോറട്ടറിയിൽ എൻെറ കൈ തട്ടി ഒരു ബീക്കറും സൾഫ്യൂറിക്കാസിഡിൻെറ ജാറും താഴെവീണു. അമ്പതു രൂപാ ഫൈനായി. ഞാനൊരു കുറ്റവും ചെയ്തില്ല, ആസിഡ് വീണ് ഞാൻ ചത്തു പോകേണ്ടവനാണ്, കാല്പത്തിയിൽ ആസിഡ് വീണ വെള്ളപ്പാട് ഇപ്പോഴും കാണാം. അച്ഛൻെറ വിചാരം സയൻസ് പഠിക്കാതിരിക്കാൻ ഞാൻ മനഃപൂർവ്വം ഇതു ചെയ്തു എന്നാണ്. അച്ഛൻ അമ്മയോടു പറഞ്ഞു, നിൻെറ തെമ്മാടിച്ചെക്കൻെറ കുറ്റത്തിന് പ്രായശ്ചിത്തമായി ഞാൻ മൂന്നു ദിവസം ചോറുണ്ണുകയില്ല. അമ്മയുടെ അടുത്തു ചെന്നു കരഞ്ഞു കൊണ്ടു പറഞ്ഞു, ഞാൻ മന:പൂർവ്വം ചെയ്തതല്ല, ഇപ്പോൾ സയൻസ് പഠിക്കുവാൻ എനിക്ക് ഇഷ്ടം തോന്നുന്നുണ്ട്. അമ്മേ, എന്നെ വിശ്വസിക്കൂ, ഞാനൊരു കുറ്റവും ചെയ്തിട്ടില്ല.

അമ്മ എന്നെ വിശ്വസിച്ചോ ഇല്ലയോ എന്നറിയില്ല, പക്ഷേ അച്ഛൻ വിശ്വസിച്ചില്ല. അന്നച്ഛൻ ഊണു കഴിച്ചില്ല. ഏടത്തിമാർ അച്ഛനെ നിർബന്ധിച്ചു. ഞാൻ വല്ലതും കഴിച്ചോ എന്നാരും തിരക്കിയില്ല. ഞാൻ മുടന്തൻ കാലുമായി അന്നു രാത്രി വീടുവിട്ടു കല്ക്കത്തയിലെത്തി. ഞാൻ മുടന്തിയാണ്

കല്ക്കത്തയിൽ പ്രവേശിച്ചത്. മനസ്സിൽ നിറയെ ക്ഷോഭവും വെറുപ്പും. അതിനാൽ ഞാനീനഗരത്തെ പേടിച്ചില്ല. ബാഗ് ബാസാറിൽ ചെറിയച്ഛന്റെ വീട്ടിൽ ചെന്നു പറ്റി. തുടർന്ന് ഏഴുദിവസം പനിപിടിച്ച് ബോധമില്ലാതെ ഞാൻ കിടപ്പിലായിരുന്നു.

ചെറിയച്ഛനു സ്വന്തം കുട്ടികളില്ലാതിരുന്നതുകാരണം അവർക്കെന്നെ വലിയ കാര്യമായിരുന്നു. അവരുടെ വീട്ടിൽ നിന്നാണ് ഞാൻ കല്ക്കത്തയിലെ കോളേജിൽ ചേർന്നു പഠിച്ചത്. ബർഹംപൂറുമായി എനിക്കൊരു ബന്ധവുമുണ്ടായിരുന്നില്ല. ആദ്യം രണ്ടു കൊല്ലം ദുർഗാപൂജക്ക് അച്ഛനമ്മമാരെ നമസ്കരിക്കാൻപോലും ഞാനവിടെ പോയില്ല. എന്റെ അമ്മയുടെ സ്ഥാനമേറ്റെടുത്തു, ചെറിയമ്മ എനിക്ക് വേണ്ടത്ര കൈച്ചെലവും പൂർണ്ണസ്വാതന്ത്ര്യവും തന്നിരുന്നതുകാരണം അവരുടെ അടുത്ത് ഞാനൊരു കള്ളവാക്കും പറഞ്ഞിരുന്നില്ല. കുട്ടികളുണ്ടാകാത്തതുകാരണം ചെറിയച്ഛൻ പലപ്പോഴും അവരെ ഡാക്ടറന്മാരെ കൊണ്ടു പരിശോധിപ്പിക്കുമായിരുന്നു. മൂന്നാമത്തെ ഓപ്പറേഷൻ നടത്തിയപ്പോഴാണ്അവർ മരണ മടഞ്ഞത്. അതോടെ ആ വീട്ടിൽ ഞാൻ കാത്തു സൂക്ഷിച്ച സുഖത്തിന്റെ കൂട് തകരുകയും ചെയ്തു.

അച്ഛൻ വേറൊരു അന്യായം ചെയ്തിരുന്നു. അത് ഞാനൊരിക്കലും ക്ഷമിക്കുകയില്ല. കൊച്ചേടത്തിയുടെ കല്യാണത്തിന്റെ സമയത്ത് ചെറിയച്ഛന്റെയും ചെറിയമ്മയുടെയും കൂടെ ഞാൻ ബർഹംപൂറിൽ പോയിരുന്നു. ബി. ഏ. പരീക്ഷ എഴുതി ഞാൻ അത്തവണ ബർഹംപൂറിൽ പോയപ്പോൾ ഗായത്രിയുമായി എന്റെ കൂട്ടുകെട്ടു ഞാൻ പുതുക്കി. 'ഭ്രാതൃസംഘം' ക്ലബ്ബിന്റെ സെക്രട്ടറി നരേട്ടന് എന്നെ വലിയ കാര്യമായിരുന്നു. അങ്ങേരുടെ അനിയത്തി ഗായത്രിയെ സ്ക്കുളിൽ പഠിക്കുന്ന കാലം മുതൽ എനിക്കറിയാമായിരുന്നു. ആ സമയത്ത് ഹാഫ് പാൻറും ഫ്രോക്കും തമ്മിലുള്ള വ്യത്യാസം അറിയാൻ കുട്ടികൾക്ക് വലിയ താല്പര്യമാണെങ്കിലും ഗായത്രിയുടെ നീണ്ടു മെലിഞ്ഞ ദേഹത്തോട് എനിക്ക് യാതൊരു അടുപ്പവും തോന്നിയിരുന്നില്ല. ടൗൺ ക്ലബ്ബിന്റെ കാവൽക്കാരൻ രമേശ് ചരണെയും ഭാര്യയെയും ഒരു ദിവസം ഒരു പ്രത്യേക തരത്തിൽ കണ്ടതിനുശേഷമാണ്

ഇടക്കിടെ ഒരു കാരണവുമില്ലാതെ എന്റെ ചോര ചൂടായി വരുന്നു എന്ന് തോന്നുവാൻ തുടങ്ങിയതുതന്നെ. ഒരു ദിവസം ഞാൻ കുഞ്ഞേടത്തിയുടെ തടിച്ചി കൂട്ടുകാരിയായ പാരുലേടത്തിയെ പൊടുന്നനെ കെട്ടിപ്പിടിച്ചു. പാരുലേടത്തി വലിയ തടസ്സമൊന്നും പറഞ്ഞില്ല, എന്റെ കവിളിൽ വിര ലോടിച്ചു കൊണ്ട് മന്ത്രിച്ചു, തെമ്മാടി, വേണ്ടാതീനമൊക്കെ പഠിച്ചു കഴിഞ്ഞു അല്ലേ?

ആ നേരം ഞാൻ ഗായത്രിയെ മറ്റൊരു രൂപത്തിൽ കണ്ടു. ഗായത്രിയിൽ ഞാൻ ഒരു രഹസ്യമയിയെ കണ്ടു പിടിച്ചു. നീണ്ട വടിവൊത്ത ശരീരം, എന്നെപ്പോലെ മിക്കവാറും പൊക്കം. നല്ല ആരോഗ്യം. മുമ്പ് ഞാൻ ഒരു പൊട്ടക്കു ളമാണ് കണ്ടിരുന്നതെങ്കിൽ പെട്ടെന്നൊരു ദിവസം അവിടെ മണ്ണിട്ടുനികത്തി മഞ്ഞ നിറത്തിൽ തിളങ്ങുന്ന ഒരു രണ്ടു നില മാളിക ഉയർന്നവരുന്നതായി ഞാൻ കണ്ടു നിന്നു. ആ കാഴ്ച കാണുമ്പോൾ മനസ്സ് സംതൃപ്തി അടയുന്നതുപോലെയുള്ള അനുഭവമായിരുന്നു. മെല്ലെ കാലുവച്ചുള്ള നടത്തം, വർത്ത മാനം പറയുമ്പോൾ ഓരോ വാക്കിനേയും വെവ്വേറെ എടുത്ത് ലാളിക്കുന്നതുപോലെ. ഗായത്രി ആ സമയം ബി. എ. പരീക്ഷ എഴുതി ഇരിക്കുകയായിരുന്നു. വൈകുന്നേരം വായനശാല യിൽ പോയി പുസ്തകം മാറ്റി എടുത്തു കൊണ്ട് തിരിച്ചു വരുമ്പോൾ ജെയിലിന്റെ പുറത്തുള്ള നിരത്തിൽ ഞാൻ ഗായത്രിയെ കണ്ടു മുട്ടുമായിരുന്നു. ഗായത്രിയുടെ കയ്യിൽ രണ്ടു പുസ്തകം. എന്നും ഒരേ നിറത്തിലുള്ള സാരി. എത്ര ചൂടായാലും അവളുടെ ശരീരത്തിൽ വിയർപ്പിന്റെ ലേശം പോലും ഇല്ല. ആ വഴിവന്ന എല്ലാ കാറ്റും അതു വലി ച്ചെടുത്തതുകാരണമോ എന്തോ? ആദ്യത്തെ കൂട്ടിമുട്ടലിന്റെ സമയത്ത് ഞാൻ ആശ്ചര്യപൂർവ്വം അവളെ നോക്കി നിന്നു, അടുത്തു ചെന്ന് സംസാരിക്കുന്നതു ശരിയാവുമോ ഇല്ലയോ എന്നു മനസ്സിൽ കണക്കു കൂട്ടുകയായിരുന്നു. എന്നെ കണ്ട ഉടനെ ഗായത്രി കണ്ണുയർത്തി പരിചയം കാണിച്ചുകൊണ്ടുള്ള പുഞ്ചിരി സമ്മാനിച്ചുകൊണ്ടു നടന്നു പോയി. അതിനുശേഷം എന്നും ഞങ്ങൾ ഒരുമിച്ച് നടക്കാൻ പോയിത്തുടങ്ങി.

ഗായത്രിയുമായി വളരെ കുറച്ചേ ഞാൻ സംസാരിക്കാ റുള്ളൂ, നെഞ്ചിനുള്ളിൽ ഒരു തണുപ്പു തോന്നുമായിരുന്നു.

ഇങ്ങനെ ഗായത്രിയുമായുള്ള എന്റെ സായാഹ്നസവാരി ഒ
മഹാസൗഭാഗ്യം തന്നെ എന്ന് തോന്നുമായിരുന്നു. എന്തേ
ഞാനതർഹിക്കുന്നില്ലെന്നൊരു തോന്നൽ. ഇങ്ങനെ സംപൂ
ർണ്ണയായ ഒരു യുവതി എന്റെ വാക്കു കേട്ട് വൈകുന്നേരം
വീട്ടിൽ മടങ്ങാതെ ഞാനുമായി ഗംഗാതീരത്ത് സൂര്യാസ്ത
മയം കാണാനായി പോരാൻ സമ്മതിക്കുക! ഇത്ര വലിയൊരു
സമ്മാനം എനിക്കുലഭിക്കേണ്ടതായിരുന്നില്ല എന്ന്. ഒരു പ്രായ
ത്തിൽ പെൺകുട്ടികളുടെ അടുത്തു നിന്നും അവജ്ഞയും
അപമാനവും തേടി മനസ്സു വ്യാകുലമാവുകയാണ് പതിവ്.
ഗായത്രി എന്നോടു പറഞ്ഞു, ഞാൻ നിനക്ക് സതീനാഥ് ഭാദു
റിയുടെ 'ജാഗരി' വായിക്കാൻ തരാം. പുസ്തകം വായിച്ചാൽ
കരച്ചിൽ വരുന്നുണ്ടോ, എന്ന് എന്നെ അറിയിക്കണം. നമ്മൾ
തമ്മിൽ പൊരുത്തമുണ്ടോ, ഇല്ലയോ എന്ന് അപ്പോൾ അറി
യാൻ കഴിയും. ഞാനെത്ര പ്രാവശ്യം കരഞ്ഞെന്നോ? നോക്കൂ,
ഏട്ടന് വായിക്കാൻ കൊടുത്തു, ഏട്ടനൊരു വല്ലാത്ത സാധനം;
ശുഷ്കമായ മുഖത്തോടെ പുസ്തകം മുഴുവൻ വായിച്ചു
തീർത്ത്, കോട്ടുവാ ഇട്ടു കൊണ്ടു പറഞ്ഞു, മോശമല്ല, രസ
മാണ്! ഒന്നാലോചിച്ചു നോക്കൂ, ഈ വിധം പുസ്തകം
വായിക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ?

ജാഗരി ഞാൻ അതിനുമുമ്പേ തന്നെ വായിച്ചിരുന്നു. വായി
ക്കുമ്പോൾ ഞാൻ കരയുന്നതുകണ്ട് ചെറിയമ്മ അടുത്ത മുറി
യിൽ നിന്നും ഓടി വന്നു. പക്ഷേ അക്കാര്യം ഗായത്രിയോടു
പറയാനായി എനിക്കു നാണം തോന്നി. അക്കഥ അപ്പോ
ൾത്തന്നെ പറയുന്നതിന്റെ അർത്ഥം ഗായത്രിയുടെയും
എന്റെയും മനസ്സിന് പൊരുത്തമുണ്ടെന്ന് സമ്മതിക്കലാണ്.
ഗായത്രിയോട് അതു കൂടാതെ പല കാര്യങ്ങളും എനിക്കു
പറയാൻ നിവൃത്തിയില്ലായിരുന്നു. നീ എപ്പോഴും കണ്ണിൽ
കൺമഷി പുരട്ടാറുണ്ടോ? ഇല്ലെങ്കിൽ ഏതു വർത്തമാനം
കേട്ടാലും നിന്റെ കണ്ണിൽ ഹാസ്യകൗതുകം വരുന്നതെ
ങ്ങനെ? നടക്കുമ്പോൾ ഇടക്കു വല്ലപ്പോഴും നമ്മുടെ ദേഹ
ങ്ങൾ തൊട്ടുപോയാൽ എന്റെ ഹൃദയത്തുടിപ്പ് വർദ്ധിക്കു
ന്നതെന്തുകൊണ്ട്? ഇടക്കിടെ നീ എന്താണ് എന്റെ മുഖത്ത്
ഉറ്റുനോക്കുന്നത്? എന്റെ നെറ്റിയിലെ പാടോ? ഇതൊന്നും
പറയാൻ എനിക്കു കഴിഞ്ഞില്ല.

ഒരു ദിവസം ഗായത്രിയുമായി കറങ്ങുന്ന സമയത്ത് അച്ഛനെ വഴിയിൽ കണ്ടു മുട്ടി. അദ്ദേഹം അപ്പോൾ ഹുസൈൻ സാഹിബിന്റെ മകനെ പഠിപ്പിക്കുവാൻ പോവുകയായിരുന്നു. അച്ഛനെ കണ്ടതും ഞാൻ സിഗററ്റ് വലിച്ചെറിഞ്ഞു. ഗായത്രിയുമായി ഇതാ ഇപ്പോൾ കണ്ടുമുട്ടിയതേയുള്ളൂ എന്ന നാട്യത്തിൽ പൊടുന്നനെ ബി.എ. പരീക്ഷയുടെ കാര്യത്തെപ്പറ്റി ചർച്ച ചെയ്യാൻ തുടങ്ങി. അച്ഛൻ പക്ഷേ ഭൂതത്തെ കണ്ടതുപോലെ തറച്ചു നിന്നു. അത്ഭുതത്തോടെ, ഇത്തരം ഒരു കാഴ്ച സ്വപ്നത്തിൽ പോലും കാണുന്നകാര്യം ചിന്തിച്ചിട്ടില്ല എന്നപോലെ, ഞങ്ങളെ നോക്കി നിന്നു. ഒരു ട്രക്ക് വരുന്നതുകണ്ട് അദ്ദേഹം മാറി നിന്നു എന്നു തോന്നും.

പക്ഷേ യഥാർത്ഥത്തിൽ എനിക്കറിയാം, അദ്ദേഹം എന്നെ ഗായത്രിയുടെ കൂടെ കണ്ടതുകൊണ്ടാണ് നിന്നതെന്ന്. എനിക്ക് അസ്വസ്ഥത തോന്നി. അച്ഛൻ വെറുതെ നോക്കുക മാത്രമേ ചെയ്തുള്ളൂ, ഒന്നും സംസാരിച്ചില്ല. ഞാനും സംസാരിച്ചില്ല. ഇതാണു വിഷമം. സ്വന്തം അച്ഛനുമായി വഴിയിൽ കണ്ടുമുട്ടുമ്പോൾ ആളുകൾ എന്തുചെയ്യും? മറ്റുള്ളവരെപ്പോലെ അച്ഛനോട് സുഖമല്ലെ എന്നു ചോദിക്കാൻ പറ്റില്ലല്ലോ! മനസ്സിലായ മട്ടിൽ പുഞ്ചിരിക്കാനും പറ്റില്ലല്ലോ! അപരിചിതനായ മനുഷ്യനെപ്പോലെ കണ്ണുതിരിക്കേണ്ടിവരും. ഞാനും കണ്ണു താഴ്ത്തി വഴിയിലെ മറ്റു മനുഷ്യരെപ്പോലെ അച്ഛനെ മറി കടന്ന് മുന്നോട്ടു നീങ്ങി. ഗായത്രി അദ്ദേഹത്തെ കാണുകയുണ്ടായില്ല.

പിറ്റെ ദിവസം വൈകുന്നേരം ഗായത്രിയുടെ മുഖം വിങ്ങിയിരുന്നു. ഉച്ചനേരം മുഴുവൻ കരയുകയായിരുന്നു എന്നു തോന്നും. എന്നോടു പറഞ്ഞു, നിങ്ങൾ ഇനിയും വൈകുന്നേരം ഇത്തരത്തിൽ വരരുത്-

ഞാൻ വ്രണിതനായി ചോദിച്ചു, എന്താ കാര്യം?

- നിങ്ങൾക്കു ലജ്ജയില്ലേ, ഛീ നിങ്ങളെല്ലാം ഒരേ മാതിരി.

- എന്താണ്? എന്തുണ്ടായി?

ഗായത്രി മ്ലാനമായ മുഖത്തോടെ പറഞ്ഞു, എനിക്കു സത്യമായും ഇപ്പോൾ വിവാഹം കഴിക്കാൻ ആഗ്രഹമില്ല എന്നെ നിർബ്ബന്ധിക്കരുത്.

നിഷ്ക്കളങ്കമായ വിസ്മയത്തോടെ ഞാൻ ചോദിച്ചു,

ഗായത്രി, എന്താ കാര്യം?

– നിങ്ങളുടെ അച്ഛൻ ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. നിങ്ങളുമായി എൻെറ... അതെ, എൻെറ അച്ഛനോടാ ക്കാര്യം പറയുകയുണ്ടായി, ഞാൻ എൻെറ ഈ രണ്ടു ചെവി കൊണ്ടു തന്നെ കേട്ടതാണ്. അയ്യോ... ഇക്കാര്യം നിങ്ങ ൾക്ക് എന്നോടു നേരിട്ടു പറഞ്ഞു കൂടായിരുന്നോ? അതിനു പകരം അച്ഛനെ പറഞ്ഞയച്ചുവല്ലോ?

അപമാനംകൊണ്ട് എൻെറ ചെവിയുടെയും മൂക്കിൻെറയും അഗ്രഭാഗം നീറുന്നതുപോലെ തോന്നി. ആ വയസ്സിൽ, അപ മാനിതനായി എന്നു ബോദ്ധ്യം വന്നാൽ, ഉടനെ എൻെറ കണ്ണുനിറയുമായിരുന്നു. ഇങ്ങനെ ഒരു കാര്യം ഞാൻ സ്വപ്ന ത്തിൽ പോലും വിചാരിച്ചിട്ടില്ലാത്തതാണ്. അച്ഛൻ തലേ ദിവസം രാത്രിയിൽ ഈ കാര്യത്തെ കുറിച്ചെന്നോട് ഒരു വാക്കുരിയാടിയില്ല, വീട്ടിൽ ഇതും പറഞ്ഞ് ഒരു ശല്യവും ഉണ്ടായിട്ടില്ല. ഞാൻ വളരെ പണിപ്പെട്ടു കരച്ചിൽ അമർത്തി ക്കൊണ്ടു പറഞ്ഞു, ഞാൻ ഇതൊന്നും അറിഞ്ഞേ ഇല്ല.

– നിങ്ങളുടെ അച്ഛൻ പറയുകയായിരുന്നു, ജാതി യിൽ ചേർച്ചയുള്ളപ്പോൾ, ഇങ്ങനെ ആളുകളെക്കൊണ്ടു പറയിപ്പിച്ച് ഒരുമിച്ചു ചുറ്റിയടിക്കുന്നതിനുപകരം- നോക്കൂ, ഞാനെന്ത് അന്യായമാണ് ചെയ്തത്? ആരെങ്കിലുമായി ഒന്നിച്ചു നടക്കുന്നതിലെന്താ ദോഷം? നിങ്ങളുടെ മനസ്സിൽ അങ്ങനെ വല്ല ആഗ്രഹവുമുണ്ടെങ്കിൽ അച്ഛനോടു പറ യുന്നതിനുമുമ്പ് എന്നോടല്ലേ സംസാരിക്കേണ്ടിയിരുന്നത്?

– ഞാൻ ആരോടും ഒന്നും പറഞ്ഞിട്ടില്ല.

– എൻെറ ഏട്ടനും അച്ഛനും ഒരു പക്ഷേ സമ്മതി ച്ചേക്കും. ഒരു കാര്യം പറഞ്ഞോട്ടെ, ഇപ്പോൾ വിവാഹം കഴിക്കാൻ ഞാനാഗ്രഹിക്കുന്നില്ല; എനിക്കിനിയും പഠിക്കണം. ഇംഗ്ലണ്ടിൽ പോകണം. അതിനുപകരം ഇപ്പോഴും....

– ഗായത്രി, എനിക്കു മാപ്പുതരൂ. നീ ഒട്ടും പേടിക്കേണ്ട. ഇക്കാര്യം മുഴുവനും വെറും തെറ്റിദ്ധാരണയാണ്.

ഞാൻ അന്ന് ഓടിയാണ് വീട്ടിലെത്തിയത്. പടിവാതിൽ കടന്ന് 'ശരെ' എന്ന് നേരെ ചെന്നു, അച്ഛൻെറ മുറിയി ലേക്ക്. അമ്മ അച്ഛൻെറ മുട്ടിൽ തൈലം പുരട്ടുകയായി രുന്നു. ആ അച്ഛൻെറ നേരെ തിരിഞ്ഞു തീവ്രസ്വരത്തിൽ

പറഞ്ഞു, നിങ്ങൾ എന്താണു നിനച്ചിരിക്കുന്നത്? ഇഷ്ടം പോലെ എന്തും ചെയ്യാമെന്നോ? എനിക്കുമുണ്ട് ഇഷ്ടവും അനിഷ്ടവും.

അമ്മ ധൃതിപ്പെട്ടെണീറ്റ് എന്റെ കൈയിൽ പിടിച്ചു കൊണ്ടു പറഞ്ഞു. എന്താ ഈ പറേണത്? ഭ്രാന്തനെപ്പോലെ എന്താ വിളിച്ചു കൂവണത്?

ഞാൻ വാതിലിൽ കൈ നീട്ടിവച്ചുകൊണ്ട് ഭയങ്കരനെ പ്പോലെ നില്ക്കുകയായിരുന്നു. ഉത്തേജനം കാരണം എന്റെ കണ്ണും മുഖവും ജ്വലിക്കുകയായിരുന്നു. ഞാൻ അലറി, അമ്മേ മാറിനില്ക്കൂ, അറിയാമോ നരനേട്ടന്റെ വീട്ടിൽ ചെന്ന് അച്ഛനെന്താണ് പറഞ്ഞതെന്ന്?

അച്ഛൻ പറഞ്ഞു, നിനക്കു വിവാഹം കഴിക്കാൻ താല് പര്യമില്ലേ?

– താല്പര്യമുണ്ടോ ഇല്ലയോ എന്നത് വേറെ കാര്യം. എന്നോടതു നേരത്തെ ചോദിക്കാമായിരുന്നില്ലേ?

–. കല്യാണം കഴിക്കാതെ ഒരവിവാഹിതയായ പെൺകു ട്ടിയുമായി നീ കറങ്ങിത്തിരിയുക എന്നത് എനിക്കിഷ്ടമുള്ള കാര്യമല്ല. ഏതായാലും ഈ വീട്ടിൽ താമസിച്ചു കൊണ്ടത് നടക്കില്ല.

– നടക്കേണ്ട ആവശ്യമില്ല. ഈ വീട്ടിൽ ഞാനിനി ഒരു ദിവസവും താമസിക്കുകയില്ല. നിങ്ങളുടെ ഇളയ മകൻ മരിച്ചു എന്നു കരുതുക. എന്നെ ചൊല്ലി ഇനി ഒരിക്കലും നിങ്ങൾക്കു വിഷമിക്കേണ്ടിവരില്ല.

അമ്മ പറഞ്ഞു, ഛെ– നിനക്കിങ്ങനെ സംസാരിക്കാൻ കഴിഞ്ഞല്ലോ!

അന്ന് രണ്ടാമതായി ഞാൻ ബർഹാംപൂർ വിട്ടിറങ്ങി. പിന്നീട് വീടുമായി ഒരു സമ്പർക്കവും പുലർത്താൻ ഞാൻ തയ്യാറായില്ല. ചെറിയമ്മ മരിക്കുന്നതുവരെ ചെറിയച്ഛന്റെ കൂടെയായിരുന്നു താമസം. പക്ഷേ ബർഹാംപൂരിൽനിന്ന് അച്ഛനമ്മമാരോ സഹോദരിമാരാരെങ്കിലുമോ വന്നാൽ അവരെ കാണാതിരിക്കാൻ ഞാൻ ആ ദിവസങ്ങളിൽ കൂട്ടുകാ രുടെകൂടെയായിരുന്നു താമസിക്കുക. ചെറിയമ്മയുടെ ലാളന ക്കതിരില്ലായിരുന്നു. പലപ്പോഴും രാത്രി മൂന്നു മണിക്കു വീട്ടി ലെത്തിയാൻ കാണാം, അവർ വിളക്കും കൊളുത്തി കാത്തി

രിക്കുന്നത്. പറയുമായിരുന്നു, ഈ വയസ്സിൽ കുട്ടികൾ കുറെ വഷളത്തം കാട്ടുന്നതു നന്ന്. പക്ഷേ ആരോഗ്യം നശിപ്പിക്കരുത്.

ചെറിയമ്മയുടെ സ്വന്തം ആരോഗ്യവും മോശമായിരുന്നില്ല. മെലിഞ്ഞതാണെങ്കിലും തേജസ്സുറ്റ ശരീരം. തമാശ പറയുമ്പോൾ തക്ക സമയത്ത് ഇങ്ങനെ ഭംഗിയായി ചിരിക്കുന്ന ഒരു സ്ത്രീയേയും ഞാനിന്നുവരെ കണ്ടിട്ടില്ല. ചിരിക്കുമ്പോൾ ചെറിയമ്മയുടെ കണ്ണടയും. കണ്ണു രണ്ടും ഉജ്വലമാകുമായിരുന്നു. എന്നിട്ടും കുട്ടിയുണ്ടായിരുന്നില്ല എന്ന ഒറ്റ ദോഷം പേറി ആശുപത്രിയിൽ കിടന്നു ചാവേണ്ടിവന്നു അവർക്ക്.

അതിനുശേഷം ചെറിയച്ഛനുമായി ചില്ലറ ഏറ്റുമുട്ടലുകൾ തുടങ്ങുകയും ഞാൻ യാതൊരു ബഹളവും കൂടാതെ ഒരു ദിവസം അവിടെ നിന്നിറങ്ങി മൗലാലിയിൽ ഒരു മെസ്സിൽ ചെന്നു താമസം തുടങ്ങുകയും ചെയ്തു. അന്നു മുതലാണ് കല്ക്കത്തയുമായുള്ള എന്റെ ശരിയായ പരിചയപ്പെടൽ ആരംഭിച്ചത്.

ഞാൻ കല്ക്കത്തയിലെ ഓരോ നിരത്തിന്റെ പേരും വെവ്വേറെ ഉച്ചരിച്ചുകൊണ്ട് അവ കണ്ടുപിടിക്കാൻ ആഗ്രഹിച്ചു. ഈ കുത്തഴിഞ്ഞ, ആത്മവിസ്തൃതമായ നഗരം. ഇവിടത്തെ പാർക് സ്ട്രീറ്റ്, കാലാബഗാനിലെ ചെറ്റപ്പുരകൾ, ക്യാനിംഗ് സ്ട്രീറ്റ്, ന്യൂ അലിപ്പൂർ, ഭൂഗർഭത്തിലെ പീടികകളിൽ നപുംസകരുടെ നൃത്തം, വെല്ലസ്ലി സ്ക്വയറിൽ ചുറ്റിക്കറങ്ങുന്ന 'സഖി - സഖി' ചെറുപ്പക്കാർ, ഫ്രീസ്ക്കൂൾ സ്ട്രീറ്റ്, ചിത്പൂർ, ബൗബസാർ, ഗ്രേസ്ട്രീറ്റ്, ടാലിഗഞ്ച് അങ്ങനെ പടിപടിയായി വിലകുറഞ്ഞുവരുന്ന വേശ്യകളുടെ തെരുവുകൾ, രാത്രികാലങ്ങളിൽ ട്യൂബ് വെല്ലിന്റെ ഭഗ്നാവശേഷത്തിൽ നിന്നും പൊക്കിക്കൊണ്ടു വരുന്ന വാറ്റുചാരായത്തിന്റെ കുപ്പികൾ, ചീനത്തെരുവിൽ ശബ്ദത്താൽ മാത്രം അറിയപ്പെടാവുന്ന 'ചുണ്ടു' പുകവലിയുടെ താവളങ്ങൾ, ഹൗറ പാലത്തിന്റെ താഴെ കാശുവച്ചുള്ള ചൂതുകളി- ഇവയിൽ പിടിച്ചു പിടിച്ചു ക്രമേണ ഞാൻ എന്നെത്തന്നെ ശക്തനും ദൃഢഗാത്രനുമാക്കിത്തീർക്കാൻ തുടങ്ങി. ഇതിന്റെയെല്ലാം വിവരമറിയാൻ എനിക്ക് അസൗകര്യമൊന്നും നേരിടേണ്ടിവന്നില്ല. ഒന്നു കിട്ടിയാൽ മറ്റിനങ്ങൾ പിറകെ എത്തും. രാത്രി പന്ത്രണ്ടു മണിക്ക്

മുറുക്കാൻ കടയുടെ പിന്നിൽ നിന്നുകൊണ്ടു വാറ്റു ചാരായം കുടിക്കുമ്പോൾ കാണാം, അടുത്തു മൂന്നു നാലുപേർ കുടിച്ചു കൊണ്ട് ഹിജഡകളുടെ നൃത്തം കാണാൻ പറ്റുന്ന സ്ഥാനം പറഞ്ഞു തരുന്നു. ആദ്യമാദ്യം പെറ്റി കേസിൽ പിടിക്കപ്പെട്ട് രണ്ടു പ്രാവശ്യം പോലീസ് സ്റ്റേഷനിൽ പോവേണ്ടിവന്നു. പത്തു നൂറു രൂപ പിഴയടച്ചു. പിന്നെ പിന്നെ ആ സ്ഥലങ്ങൾ സുപരിചിതമായതോടെ കൈക്കൂലി കൊടുക്കുവാൻ പോലീസുകാരുടെ അടുക്കൽ നിന്നു തന്നെ നോട്ടു മാറ്റി ചില്ലറ മേടിക്കുമെന്നായി.

ഈ സ്ഥലങ്ങളിലെല്ലാം സാധാരണ ശേഖറും ഞാനും ഒരുമിച്ചു കൂടുമായിരുന്നു. എങ്കിലും ഞങ്ങൾ രണ്ടു പേരുടെയും ഉദ്ദേശം രണ്ടായിരുന്നു. ശേഖറിൻെറ സ്വഭാവത്തിൽ വിചിത്രമായ അസ്ഥിരത ഉണ്ടായിരുന്നു, ഒരു കാര്യത്തിലും മനസ്സ് കൂടുതൽ നാൾ പിടിച്ചു നിൽക്കുകയില്ലായിരുന്നു. അതുകാരണം ഇന്നേവരെ ഒരു പെണ്ണിനെ പ്രേമിക്കാൻ അവനു കഴിഞ്ഞില്ല. സ്ത്രീകളുമായുള്ള ശേഖറിൻെറ പെരുമാറ്റത്തിൽ ഒരു വിധം സ്നേഹഭാവമുണ്ടായിരുന്നു. ഒരേ പ്രായത്തിലുള്ള ഒരു പെണ്ണിനെയോ വേശ്യയേയോ ചുംബിക്കുമ്പോൾ പോലും അതൊരുതരം സ്നേഹപ്രകടനമായിരുന്നു. പലപ്പോഴും ശേഖർ പെണ്ണുങ്ങളുടെ കണ്ണിലോട്ടുനോക്കി പറയുമായിരുന്നു, ആഹാ, നിനക്ക് ഏതോ വലിയ ദു:ഖമുണ്ട്. പെണ്ണുങ്ങളുടെ കണ്ണുകളിൽ ശേഖർ ഏതു ദു:ഖമാണ് കണ്ടുപിടിച്ചിരുന്നത്? ശേഖർ ഈ ഇടങ്ങളിൽ ഏതോ പുതുമ തേടിയിരുന്നതുപോലെ തോന്നി. ഏതു സ്ഥലത്തും അവൻ ആദ്യത്തെ പ്രാവശ്യം ചെന്നെത്തിയാൽ എന്തോ അത്ഭുതകരമായ ആനന്ദം കണ്ടെത്തിയിരുന്നപോലെ ; പിന്നെ കുറെ ദിവസം പോയാൽ വേറെ എവിടെയെങ്കിലും അവൻ ആനന്ദം തേടി നടക്കും. എത്ര ഉത്സാഹത്തോടെയാണോ ശേഖർ വൈ. എം. സി. എ യിൽ ടേബിൾ ടെന്നീസ് കളിച്ചിരുന്നത് അഥവാ ഫ്ലഡ് റിലീഫിൽ വളൻറിയറായി ആസാമിൽ പോയിരുന്നത്, ശരിക്കും അത്രത്തോളം ഉത്സാഹത്തോടെ ബൗബസാറിലെ വൃത്തികെട്ട തെരുവുകളിലും നിംതല ശ്മശാനത്തിലും അവൻ തെണ്ടികളുടെകൂടെ കിടന്നുറങ്ങുമായിരുന്നു.

ഞാൻ സ്വന്തം ഒരു യുക്തി തയ്യാറാക്കിയിരുന്നു. വീടും

നാടും വിട്ട് നടപ്പാതയിൽ വന്നു ഞാൻ തനിയെ നിന്നിരുന്നതായി എനിക്കുതോന്നി. ഞാൻ വീടും കൂടും മാത്രമല്ല വിട്ടിരുന്നത്. അച്ഛനമ്മമാരോടും മറ്റുപലതിനോടും ഞാൻ വിടപറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഞാൻ ജനിച്ച നാട് എനിക്കുപേക്ഷിക്കേണ്ടിവന്നു. ഞങ്ങളുടെ ഗ്രാമത്തിനരികെ ഒഴുകിയിരുന്ന ഭയങ്കരമായ ആ അസിയാൽവാ നദി എന്നെന്നേക്കുമായി എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. വീടിന്റെ തൊട്ടടുത്ത് വളർന്നിരുന്ന ആ നാരകമരവും എന്നെന്നേക്കുമായി എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. തത്തച്ചുണ്ടൻ മാവിന്റെ കൊമ്പിനിയും കൊടുങ്കാറ്റിൽ ഉലയുന്നതു ഞാൻ കാണുകയില്ല. ചുടലപ്പറമ്പിലെ ആൽമരത്തിൽ നിന്നും തക്ഷകന്റെ വിളി ഇനി കേൾക്കുകയില്ല. മുളത്തടിപ്പാലത്തിൽ നിന്ന് കുനിഞ്ഞു നോക്കി വെള്ളത്തിൽ ഓടിനടക്കുന്ന ചെറുമീനുകളെ ഞാനിനി നിരീക്ഷിക്കുകയില്ല. ചക്രവാളംവരെ നീണ്ടു കിടക്കുന്ന വയലിൽ നെഞ്ചുവരെ വളർന്നിരുന്ന ചണച്ചെടികളുടെ ഇടയിൽ ഞാൻ അലഞ്ഞുതിരിയുകയില്ല. അവിടെ ഇനി ഒരുനാളും മടങ്ങിച്ചെല്ലാൻ എനിക്കു നിവൃത്തിയില്ല. അച്ഛനമ്മമാരെ മാത്രമല്ല, എന്നെന്നേക്കുമായി ഒരു പുഴയേയോ ഒരു വയൽപരപ്പിനേയോ വിട്ടുപിരിയുക എന്നതിന്റെ വേദനയും ചെറുതല്ല. ബർഹാംപൂറിൽ താമസിക്കുമ്പോൾ ഓർമ്മവന്നില്ല. പക്ഷേ കൽക്കത്തയിൽ വന്നെത്തിയതുമുതൽ എന്റെ ജന്മഭൂമിയുടെ ഓർമ്മ എന്നെ അലട്ടാൻ തുടങ്ങി. ഈന്തപ്പനയുടെ മണവും വെള്ളം ഒഴുകുന്ന ശബ്ദവും. ഇതെല്ലാം നഷ്ടപ്പെട്ടതുമൂലം ഞാൻ ഒരു പാവം മനുഷ്യനായിരിക്കുന്നു. എല്ലാം നഷ്ടപ്പെട്ട ഒരു മനുഷ്യനെ എല്ലാം കളഞ്ഞുകുളിക്കാനുള്ള ആഗ്രഹം ഒരു ലഹരി പോലെ പിന്തുടരും. ഞാനും നിശ്ചയിച്ചു. ഞാനെല്ലാം വെടിയും-ധർമ്മം, അധർമ്മം, ന്യായം, അന്യായം, പാപം, പുണ്യം, വിശ്വാസം, അവിശ്വാസം എല്ലാമെല്ലാം. പുതിയ സ്ഥലത്ത് തനിച്ചെനിക്കു താമസിക്കണം. ഞാൻ ജീവിക്കും, ഞാനുണ്ടാക്കിയ നിയമപ്രകാരം: എന്റെ സ്വന്തം സാൻമാർഗ്ഗികത അനുസരിച്ച്. തുടക്കംമുതൽ ചിന്തിച്ച് മെല്ലെമെല്ലെ എന്നെ ഒരു പുതിയ മനുഷ്യനായി വാർത്തെടുക്കണം. ഇതൊക്കെയായിരുന്നു വിചാരം.

വേറെയും ഒരു കാരണമുണ്ടായിരുന്നു. ഞാനീ നഗരത്തിൽ നവാഗതനാണ്. പക്ഷേ ഞാൻ ഒരു നാട്ടുംപുറത്തുകാരൻ ചെക്കനാണെന്ന് ആർക്കും തോന്നരുത്. ഞാനൊരു പഞ്ചപാവമാണെന്നു കരുതി ഈ വൻനഗരം എന്നെ ചവിട്ടി നീക്കരുത്. എവിടെ നിന്നാണ് ആക്രമണം വരിക എന്നറിഞ്ഞുകൂടല്ലോ. അതിനാൽ ഇവിടത്തെ ഓരോ മൂലയുമായി എനിക്കു പരിചിതനാവണം. അക്കാലത്ത് ഞാൻ ന്യൂ ആലിപൂരിൽ ഒരു പണക്കാരൻെറ വീട്ടിൽ ട്യൂഷനെടുത്തിരുന്നു- ഇഞ്ചിനീയറിംഗ് പാർട്ട്സിൻെറ വലിയ കമ്പനിയുടെ ഉടമസ്ഥൻെറ വീട്ടിൽ രണ്ടു കുഞ്ഞുകുട്ടികളെ പഠിപ്പിക്കുന്നതിനിടക്ക് ഞാൻ സൂക്ഷിച്ചു നോക്കി. ആ വീട്ടിലെ അലങ്കാരസാമഗ്രികളെന്താണ്? ആളുകളുടെ പെരുമാറ്റമെങ്ങനെ? കുട്ടികളുടെ ഏടത്തിമാർ എങ്ങനെ കുലുങ്ങിക്കുലുങ്ങി നടക്കുന്നു? ആൽസേഷിയൻ നായയോടുള്ള സ്നേഹപ്രകടനമെങ്ങനെ? വേലക്കാരനോടും എന്നോടും സംസാരിക്കുമ്പോൾ ഗൃഹനാഥൻെറ സ്വരം ഒരു വിധം; ഭാര്യയോടു വർത്തമാനം പറയുമ്പോൾ അതേതു വിധം ആയിത്തീരുന്നു, ടെലിഫോൺ റിംഗ് ചെയ്താൽ നായയോ പൂച്ചയോപോലെ ആൾക്കാർ ഓടുന്നു - എല്ലാം ഞാൻ കണ്ടു. ന്യൂ ആലിപ്പൂരിൽ നിന്നും നേരെ ഖലാസിടോലയിൽ എത്തി നാടൻ മദ്യം വില്ക്കുന്ന കടയിൽ, ആംഗ്ലോ ഇൻഡ്യൻ സായ്പ്, ചുമട്ടുകാരൻ, പ്രൗഢനായ കലാകാരൻ, പോക്കറ്റടിക്കാരൻ, മുതലായവരുടെ കൂടെ ഞാനിരിക്കുമായിരുന്നു. പണക്കാരെല്ലാവരും മഹാമോശം, പാവങ്ങൾ വളരെ നല്ലവർ- ഇങ്ങനെ ഒരു വിചാരം കുട്ടിക്കാലത്തും എനിക്കില്ലായിരുന്നു. ഓരോ മനുഷ്യനും വെവ്വേറെയാണ്, അതിനാൽ പലവിധത്തിലുള്ള ആൾക്കാരെ തിരിച്ചറിയുവാൻ എനിക്കുത്സാഹം തോന്നി. മനുഷ്യരെക്കുറിച്ച് ബ്രജേശ്വരേട്ടൻ ഒരു കാര്യം പറയുമായിരുന്നു. ബ്രജേശ്വരേട്ടൻ മെസ്സിൽ എൻെറ കൂടെ ഒരു മുറിയിലാണ് താമസിച്ചിരുന്നത്. മറ്റുള്ളവർ അയാൾ ഒരു കൊള്ളരുതാത്തവനാണ് എന്നു പറയുമായിരുന്നു. പക്ഷേ വാസ്തവത്തിൽ ഏട്ടൻ ഒരു തത്വജ്ഞാനി ആയിരുന്നു. അദ്ദേഹത്തിൻെറ കൂടെ ഒരേ മുറിയിൽ കഴിഞ്ഞുകൂടിയത് എൻെറ ഭാഗ്യം. മാർട്ടിൻ ബർൺ കമ്പനിയിൽ ക്ലാർക്കായിരുന്നെങ്കിലും അങ്ങേരുടെ ഭാവം ഒരു ജമീന്ദാരിനെ

പ്പോലെ ആയിരുന്നു. വെള്ളനിറം, ചുരുളൻ മുടി. 'അദ്ദി'ത്തുണികൊണ്ടുണ്ടാക്കിയ പഞ്ചാബിയും ധരിച്ച് പുള്ളി എന്നും വൈകുന്നേരം സവാരിക്കിറങ്ങുമായിരുന്നു. രണ്ടു കാര്യങ്ങളായിരുന്നു ദിനചര്യയുടെ പ്രധാന അംശം- വിലക്കപ്പെട്ട തെരുവുകളിൽ പോയി മദ്യപാനവും, പഴയ പുസ്തകങ്ങൾ വാങ്ങി വായനയും. എന്നോടു പറയുമായിരുന്നു, മനുഷ്യനെങ്ങനെയാണെന്നറിയാമോ? ന്യായശാസ്ത്രത്തിൽ ഒരു വാക്കുണ്ട്, തൃണാരിൺമണി ന്യായ് - തൃണം, അരണി, മണി ഈ മൂന്നു വസ്തുക്കൾക്ക് ഒരു കാര്യത്തിൽ സാമ്യമുണ്ട് - ഇവ മൂന്നും അഗ്നിയെ സഹായിക്കുന്നു. എങ്കിലും ഈ മൂന്നും ഒരു വസ്തുവല്ല, പൂർണ്ണമായും വ്യത്യസ്തമാണ്. മനുഷ്യരും അങ്ങനെയാണ്, എല്ലാവരുടെ ശരീരത്തിലും മനുഷ്യഗന്ധമുണ്ട്- ഇതാണൊരു സാമ്യം. വാസ്തവത്തിൽ നാം വിവിധതലത്തിലുള്ളവരാണ്- കുറേ ആൾക്കാർ, പന്നിക്കുട്ടികൾ, കുറെ എലിക്കുഞ്ഞുങ്ങൾ, പിന്നെ കുറേപേർ ദേവസന്തതികൾ. ദേവപുത്രനെ ഇതുവരെ കണ്ടിട്ടില്ലെങ്കിലും, ചാവുന്നതിനുമുമ്പ് ഒരാളെയെങ്കിലും കണ്ടിട്ടു പോകാമെന്നാശിക്കുന്നു.

ഇടക്കിടയ്ക്ക് ബ്രജേശ്വരേട്ടൻ എന്നെ അത്ഭുതകരമായ പല സ്ഥാനങ്ങളിലും കൂടെ കൊണ്ടു പോകുമായിരുന്നു. ഒരു ദിവസം അങ്ങേരുടെകൂടെ കറങ്ങുമ്പോൾ തേലാഗാബാഗാനിൽ ഒരു സോഡാക്കുപ്പി യുദ്ധത്തിൽ പെട്ടുപോയിരുന്നു, പ്രാണൻ എങ്ങനെയെങ്കിലും രക്ഷപ്പടുത്തിയെന്നു മാത്രം. ബ്രജേശ്വരേട്ടൻ ചിരിച്ചുകൊണ്ടു പറഞ്ഞു, ഇതൊക്കെ തന്ത്രസാധനയാണു മോനേ. ആത്മശുദ്ധിക്കായി സത്തും അസത്തും എല്ലാം ചെയ്യണം. മദ്യം ദർശിക്കുന്നതിൻെറ കൂടെ സൂര്യദർശനവും വേണം. അതും ഒരു സാധനയാണ്. അതുപോലെ രാത്രി ദർശനത്തിനുവേണ്ടി ശരീരത്തിൽ മദ്യം പകരണം, നിശ്വാസത്തിൽ മദ്യപനായ വണ്ടിൻെറ മൂളൽ എന്നു കേൾക്കുന്നോ, അന്ന് ജീവിതം സാർഥകമാകും. ഇതൊക്കെ അറിയാമോ? നിങ്ങളൊക്കെ ഇംഗ്ലീഷ് മാത്രമല്ലേ വായിക്കാറുള്ളൂ. ആൽകെമി അറിയാമോ- തീയിലൂതിയൂതി സ്വർണ്ണമായി മാറ്റുകയാണ് വേണ്ടത്.

ഞാൻ ചോദിച്ചു, ഏട്ടാ, നിങ്ങൾ ജീവിതത്തിൽ പലതും ചെയ്തല്ലോ, നിങ്ങൾ സിദ്ധപുരുഷനായോ? നിങ്ങൾ ശുദ്ധ

മനുഷ്യനായിട്ടുണ്ടോ?

ദീർഘനിശ്വാസത്തോടെ ബ്രജേശ്വരനേട്ടൻ പറഞ്ഞു, ഇല്ല, എന്നിൽ വസ്തുവില്ല, അതാദ്യം അറിഞ്ഞിരുന്നില്ല. കണ്ണാടിയിൽ ശ്വാസം വിട്ടാൽ പാടവരും, വെള്ളത്തിലോ പാട മാറും. നേരത്തെ അറിയാൻ സാദ്ധ്യമല്ല--കണ്ണാടിയാണോ അതോ വെള്ളമാണോ എന്ന്. ജീവിതത്തിൽ ഒത്തിരി സമയം ചെലവാക്കിയാലേ ഇതറിയാൻ കഴിയുകയുള്ളൂ. അപ്പോൾ തെറ്റുപറ്റിയിരിക്കുന്നു എന്നറിഞ്ഞാലും ദു:ഖമില്ല, ശ്രമം നടത്തിയല്ലോ എന്ന് സമാധാനിക്കാം.

പക്ഷേ ഈ യുക്തിയിലുള്ള തെറ്റ് ക്രമേണ ഞാൻ തിരിച്ചറിഞ്ഞു. തന്നെ പടുത്തുയർത്തുകയാണെന്ന് നടിച്ച് ഇങ്ങനെ സാമൂഹ്യവിരുദ്ധമായ ലോകത്ത് കറങ്ങിത്തിരിഞ്ഞ് ഒരു ദിവസം എനിക്ക് മനസ്സിലായി ഇതെല്ലാം വെറും കൗശലമാണെന്ന്. നിയമവിരുദ്ധമായ ചെയ്തികളിൽ ഒരുതരം ലഹരിയുണ്ട്. അതാണെനിക്കാവശ്യം. ആർക്കെവിടെയാണ് തൃപ്തി കിട്ടുക? പണക്കാരൻെറ സോഫിസ്റ്റിക്കേറ്റഡ് കുടുംബത്തിൽ ചെന്നു പെട്ടാൽ മനസ്സിൽ സംശയം നിറഞ്ഞു വരും. ചെരുപ്പിൽ ചെളി പറ്റിയിട്ടുണ്ടോ, ആരെങ്കിലും കണ്ടാൽ... കപ്പിൽ നിന്നും ചായ തുളുമ്പി പരവതാനിയിൽ വീണാലോ, പാൻറിൻെറ ഒരു ബട്ടൺ പൊട്ടിപ്പോയാലോ! പക്ഷേ കള്ളുകടയിൽ, മുച്ചീട്ടു കളിക്കാരുടെ കൂട്ടത്തിൽ, തൃപ്തി അഥവാ വീണയുടെ മുറിയിൽ, മല്ലിക് ബജാറിൽ, അഥവാ ഹൗറാപാലത്തിനു കീഴിൽ യാതൊരു കൃത്രിമതയുമില്ല, പാരവശ്യവുമില്ല. നിഷ്പ്രയാസം മേശമേൽ കാൽ വയ്ക്കാം. ചൂടുതോന്നിയാൽ ഉടുപ്പൂരി ഇരിക്കാം. ഉറക്കെ ചിരിക്കുന്നതിനോ സംസാരിക്കുന്നതിനോ ചിന്തിക്കാനൊന്നുമില്ല. മനുഷ്യനെപ്പോലെ സ്വാഭാവികമായി പെരുമാറുന്നതിന് യാതൊരു തടസ്സവുമില്ല.

വാസ്തവത്തിൽ അഹങ്കാരം വെടിയുന്നതിലാണ് വിഷമം. നീംതലയിൽ ഗംഗാതീരത്ത് നാലഞ്ചു ചുമട്ടു തൊഴിലാളികൾ വട്ടമിട്ടിരുന്ന് കഞ്ചാവു വലിക്കുകയായിരുന്നു. നടുവിൽ തീക്കുണ്ഡം ജ്വലിക്കുന്നു. ചുവന്നനിറത്തിലുള്ള പഴന്തുണിയിൽ പൊതിഞ്ഞ ഹുക്ക കൈമാറുന്നു. പിന്നിൽ ഗംഗയിൽ നിന്നു വരുന്ന കാറ്റ്. ഒരാളുടെ ചുമലിൽ കൈ വച്ചു പറഞ്ഞു, ഒരു വലിതരാമോ? അയാൾ കലങ്ങി മറിഞ്ഞ കണ്ണുകളുയർത്തി

ഒരു നോക്കു നോക്കി ഹുക്ക കൈയിൽ തന്നു. ഞാനൊരു വലി വലിച്ച് അതവിനാശിന് കൊടുത്തു. അവിനാശ് തുണി കൊണ്ട് പൊതിഞ്ഞ് അത് വലിക്കുമ്പോൾ അവർ ഞങ്ങളെ നോക്കി അമ്പരന്നു. ഒരാൾ പറഞ്ഞു, ബാബുമാർ രസിക്കു കയാണ്. അവിനാശ് പറഞ്ഞു, ഖതം ഹോ ഗയാ, അവു ർഹൈ? ഒരാൾ ചോദിച്ചു, ഇനിയും വേണോ? അവിനാശ് കൊടുത്ത കാശു വാങ്ങി ഒരാൾ പാഞ്ഞപ്പോൾ വേറൊരാൾ ചിരിച്ചു കൊണ്ടു പറഞ്ഞു, ബാബുമാർ മിടുക്കന്മാരാണ്. അയാൾ നിലത്തു തുപ്പി. ഞങ്ങൾക്കുവേണ്ടി അവർ കഷ്ട പ്പെട്ട് ഹുക്ക പിന്നെയും ശരിയാക്കിത്തന്നു. ഞങ്ങൾ മണ്ണിൽ ചമ്രം പടിഞ്ഞിരുന്ന് അവരോടു ഒത്തുചേർന്നു. പക്ഷേ ഇത് സാധാരണക്കാരുമായി എളുപ്പത്തിൽ കൂട്ടുകൂടലല്ല, ഇതിൽ ഒരു കള്ളക്കളിയുണ്ട്. അച്ഛനമ്മമാരുടെ ദയ കാരണം ഞങ്ങൾ മാന്യന്മാരാണ്. നിറം വെളുത്തതും തലമുടി എണ്ണ തേച്ചതും, വസ്ത്രം അലക്കിത്തേച്ച പാൻറ്, ഷർട്ട് ഇവയുമാണ്. ഞങ്ങൾ മാന്യന്മാരാണ്. ഈ ചുമട്ടുകാരെ എടാ, പോടാ എന്നു വിളിക്കുകയും നാലുകാശിനെ ചൊല്ലി അവരെ ചീത്ത പറയുന്നവരുമാണ്. ഇപ്പോൾ ഇവരുമായൊ ത്തുചേർന്നു കഞ്ചാവു വലിക്കുമ്പോൾ ഈ പാവങ്ങൾ കൃത ജ്ഞരാവുകയാണ്. ഞങ്ങൾക്ക് സന്തോഷം. അതു കൂടാതെ ഗംഗാതീരത്ത് ഇത്തിരി കഞ്ചാവു വലിക്കാൻ തോന്നിയപ്പോൾ, അതു വാങ്ങാനും അതിൽ തീ പിടിപ്പിച്ച് ഹുക്ക തയ്യാറാക്കാനു മുള്ള കഷ്ടപ്പാട് ഇവരേറ്റെടുത്തിരിക്കുന്നതിൽ ഞങ്ങൾക്ക് ആഹ്ലാദമേ ഉള്ളൂ.

രാത്രി പന്ത്രണ്ടര മണിക്ക് സെൻട്രൽ അവന്യൂവിൽ വന്നു നിന്നു. വിജനമായ നിരത്തിൽ ഒരു ടാക്സിപോലുമില്ല. ഒരു റിക്ഷാക്കാരൻ തനിയെ നിൽക്കുന്നു. ദൂരെയുള്ള എൻെറ വീടു വരെ അവൻ നിശ്ചയമായും പോകുകയില്ല. അവൻെറ അടു ത്തുചെന്നു ഞാൻ പറഞ്ഞു, ഭായ് ഒരു ബീഡി തരാമോ? സിഗ റെറ്റു വലിച്ചു മടുത്തു. നീ ഒരു സിഗററ്റ് വലിക്ക്, എനിക്ക് ഒരു ബീഡിതാ. അവൻ ആശ്ചര്യപ്പെട്ടുകൊണ്ട് ബനിയനുള്ളിൽ നിന്നും ഒരു ബീഡി പുറത്തെടുത്തു തന്നു. ഞാൻ തീപ്പെട്ടി ഉരച്ച് ആദ്യം അവൻെറ ചുണ്ടിലെ സിഗററ്റു കത്തിച്ചു, പിന്നെ എൻെറ ബീഡിയും. ഞാനവൻെറ തോളിൽ തട്ടി പറഞ്ഞു,

വല്ലാത്ത തണുപ്പ്, അല്ലേ. അവൻ തന്നെ എന്നോട് ചോദിച്ചു, ബാബുവിന് എവിടെയാ പോകേണ്ടത്? വെറും എട്ടണ വാങ്ങി സസന്തോഷം എന്നെ വീട്ടിലെത്തിച്ചു. ഞാൻ ധരിച്ചിരിക്കുന്നത് വിലകൂടിയ പാൻറും സ്വെറ്ററുമാണ്. എന്നിട്ടും അവനെ സഹോദരാ എന്നു വിളിച്ച് സിഗററ്റു കൊളുത്തിക്കൊടുത്തു. അവൻെറ ബീഡി ഞാൻ വലിച്ചു. ഇതിനപ്പുറം എന്തു വേണം എന്നെ വീട്ടിൽ കൊണ്ടുവിടാൻ? അറിഞ്ഞുകൂടാ. എൻെറ പെരുമാറ്റത്തിൽ ആത്മാർത്ഥത ഉണ്ടായിരുന്നോ അതോ കരിഞ്ചന്തക്കാരൻെറ വഞ്ചനയോ? അവരോടടുത്താൽ ഏതെങ്കിലും ഉപകാരം അവർ ചെയ്യും. അതവർ ചെയ്യുമെന്ന് നമുക്കറിയാം. ശേഖർ അവരോടു കൂടുതൽ അടുപ്പം കാണിക്കും. അവരോടവൻ ചോദിക്കും, നാടെവിടെയാണ്? ഏതു ജില്ല? വീട്ടിലാരെല്ലാമുണ്ട്? അയ്യോ, കുട്ടികളെ കണ്ടിട്ട് മൂന്നു കൊല്ലമായെന്നോ? മകൾ കല്യാണം കഴിഞ്ഞൊരു കൊല്ലത്തിനകം വിധവയായെന്നോ, കഷ്ടം എൻെറ നുജത്തിയും.. ആറാടൗൺ കൊള്ളാം. ഞാനവിടെ പോയിരുന്നു. അവിടെ പോസ്റ്റാഫീസിനടുത്താണെൻെറ അനന്തരവൻ താമസിക്കുന്നത്. മതി, ഇതു കേൾക്കുന്നവൻ ശേഖറിൻെറ അടിമ ആവുകയാണ്. ഇതിൽ ഒരു വൃത്തികെട്ട ഒളിച്ചുകളി ഉണ്ടെന്നെനിക്കു മനസ്സിലായി.

ക്രമേണ എനിക്ക് ആഗ്രഹം തോന്നി, ഇനി മടങ്ങുക. ആ കള്ളൻമാരുടെയും ഗുണ്ടകളുടെയും കള്ളുകുടിയൻമാരുടെയും വേശ്യകളുടെയുമിടയിൽ കറങ്ങുന്നതിൽ മടുപ്പു തോന്നാൻ തുടങ്ങി. ഇപ്പോൾ ചീട്ടുകളിക്കുന്നത് കാശു കിട്ടാനായിട്ടാണ്. കള്ളുകുടിക്കുന്നത് തലയിൽ രക്തത്തിനു ചൂടുകൂടുന്നത് ആവശ്യമായിട്ടാണ്. പെണ്ണുങ്ങളെ ഇഷ്ടപ്പെടുന്നത് അവരുടെ ഉത്തരവാദിത്തമില്ലാത്ത കൂട്ടുകെട്ട് സുഖപ്രദമായതിനാലാണ്. ഞാനിതെല്ലാം ഒന്നൊന്നായി വിട്ടൊഴിക്കാൻ തുടങ്ങി. വിടുക അത്ര എളുപ്പമല്ല. ചെറുപ്പത്തിൽ ഞങ്ങളുടെ വീട്ടിലെ അടുക്കളക്കു പിന്നിൽ ഒരു ബദാം മരത്തിൽ തൂങ്ങിക്കിടന്നിരുന്ന ഒരു വാവലിൻെറ ചിറകിൽ കയറി ഞാൻ പിടിച്ചു. ആശ്ചര്യം, ഒന്നുരണ്ടുപ്രാവശ്യം ചിറകടിച്ച് അത് ചത്തുപോയി. അതിൻെറ വൃത്തികെട്ട മുഖം നോക്കി വെറുപ്പോടെ ഞാൻ ചൂളമരത്തോപ്പിലേക്കു വലിച്ചെറിഞ്ഞു.

പക്ഷേ ആ വാവലിൻെറ ചിറകിൽ നിന്ന് എണ്ണമയമുള്ള കറുപ്പുനിറം എൻെറ കയ്യിൽ പറ്റിയിരുന്നു, പലപ്രാവശ്യം സോപ്പിട്ടു കഴുകിയിട്ടും അതു മാറിയില്ല. ഇത് ആ വാവ ലിനെ പിടിച്ചതുപോലെയാണ്.

ഒരുപ്രാവശ്യം തൊട്ടാൽ പെട്ടെന്നൊന്നും കറ മാറുക യില്ല. വെറുപ്പും പശ്ചാത്താപവും വലുതായി തോന്നിയില്ല. പൂർണ്ണമായും മദ്യപനാവുമെന്ന പേടിയായിരുന്നു കൂടുതലും. പക്ഷേ ഇതെല്ലാം വിട്ട് ഞാനെന്തുചെയ്യും. കൽക്കത്ത നഗരം എനിക്കു പരിചിതമാണ്. ഇനി ഞാനാരെയാണ് പരിചയപ്പെ ടുക? ഞാൻ സമയം എങ്ങനെ ചെലവഴിക്കും? ആരുടെയടു ത്തെങ്കിലും ഈ ചോദ്യം ചോദിക്കേണ്ടതാണെന്ന് എനിക്കു തോന്നി.

ബ്രജേശ്വർ ചേട്ടൻ പറഞ്ഞിരുന്നു, ഇതിൽ നിന്നെല്ലാം മനസ്സ് പിൻതിരിക്കണമെങ്കിൽ, ആരെയെങ്കിലും സ്നേഹി ക്കുക. ലോകത്തിലെ എല്ലാ ശൂന്യതയേയും പൂർണ്ണതയിലേക്ക് ഉയർത്തുവാൻ പ്രേമത്തിനേ സാധിക്കൂ- ഇതെല്ലാം ഞാൻ കേട്ടിട്ടേയുള്ളൂ, എന്നെ സംബന്ധിച്ചാണെങ്കിൽ അങ്ങിനെ ആരെയെങ്കിലും പ്രേമിക്കേണ്ട ആവശ്യം എനിക്ക് ഇതുവരെ തോന്നിയിട്ടില്ല.

മനീഷയുടെ കാര്യം ഓർത്ത് ഞാൻ ബ്രജേശ്വർ ചേട്ടന് മറുപടി നൽകി. ഞാൻ പ്രേമത്തിലേക്ക് മുഖം തിരിക്കുവാൻ ശ്രമിച്ചിരുന്നു, സാധിച്ചില്ല.

ഒന്നുരണ്ടു കൊല്ലത്തിനു മുമ്പ്തന്നെ മെസ്സിലെ മുറി എനിക്ക് വിടേണ്ടിവന്നു. എൻെറ വീരകൃത്യങ്ങളുടെ സുഗ ന്ധം വീട്ടുകാരുടെ അടുത്ത് എത്തിക്കഴിഞ്ഞിരുന്നു. കുട്ട്യേ ടത്തിയും ചെറിയേടത്തിയും കാൺപൂരിൽ നിന്നും എന്നെ ച്ചൊല്ലി ഉത്കൺഠാകുലരായി അന്വേഷണങ്ങൾ തുടങ്ങി പോലും. മൂന്നുനാലുകൊല്ലം വീട്ടിൽ ഞാൻ ആരു മായും ബന്ധം പുലർത്തിയിരുന്നില്ല എന്നുതന്നെ പറയാം. വല്യേടത്തി ഇടക്കിടെ ഓഫീസിൽ ഫോൺചെയ്യുമായിരുന്നു. അവർക്ക് എൻെറ ഓഫീസിൻെറ മേൽവിലാസം അറിയാ മായിരുന്നു. അവർ നിർബന്ധിച്ചാൽ ഒരു ഞായറാഴ്ച ഉച്ച ഭക്ഷണം അവരുടെ അടുത്ത് കഴിക്കുമായിരുന്നു. ഒരു ദിവസം കാറിൽ വല്യേടത്തി നേരെ 'മൗലാലി'യിൽ എൻെറ മെസ്സിൽ

ഹാജരായി. എൻെറ സാധനങ്ങളെല്ലാം വലിച്ചെറിഞ്ഞുകൊണ്ട് പറഞ്ഞു, നിനക്ക് ഇവിടെ താമസിക്കേണ്ട യാതൊരു കാര്യ വുമില്ല, നീ എൻെറ വീട്ടിൽ വരണം. ഇന്നുതന്നെ ഇവിടെ നിന്നും ഇറങ്ങണം.

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു. വല്യേടത്തി നിങ്ങൾക്ക് എന്താണ് ഭ്രാന്താണോ എനിക്ക് ഇവിടെ യാതൊരു അസൗ കര്യവുമില്ല. പിന്നെ നിങ്ങൾക്കെന്താണ് ഇത്ര പരവേശം?

- അങ്ങിനെയാണോ? എങ്കിൽ ഞാൻ ഈ കട്ടിലിൽ ഇരിക്കുന്നു. നീ എന്തുവേണമെങ്കിലും ചെയ്തോ, എന്നെ ആട്ടിയോടിക്കുവാൻ സാധിക്കുമെങ്കിൽ അതുചെയ്യ്.

- എന്താണ് ഈ തുടങ്ങിയിരിക്കുന്നത്, ഇപ്പോഴും ഞാനൊരു കുട്ടിയാണെന്നാണോ വിചാരം? എന്നെപ്പറ്റി ഇത്ര ചിന്തിക്കേണ്ട യാതൊരു ആവശ്യവുമില്ല.

- ഞങ്ങളെക്കുറിച്ച് നിനക്ക് ചിന്തിക്കേണ്ട യാതൊരാ വശ്യവുമില്ലായിരിക്കാം. പക്ഷേ എന്നും നിന്നെക്കുറിച്ച് ഞങ്ങൾക്ക് ആശങ്കയുണ്ടാകും. നിൻെറ കാര്യം ഓർത്തോ ർത്ത് അമ്മയുടെ ആരോഗ്യം ദിവസം തോറും മോശമായി വരികയാണ്. ഛേ.. ഇടക്കിടക്ക് നിന്നെപ്പറ്റി ഞാൻ എന്തെ ല്ലാമാണ് കേൾക്കുന്നത്? അയ്യോ നീ എങ്ങിനെ ഇങ്ങിനെ ആയി?

വല്യേടത്തിയുടെ വാക്കുകേട്ട് ചിരിക്കാതെ നിവൃത്തിയി ല്ലായിരുന്നു. കല്യാണം കഴിഞ്ഞതുമുതൽ അവർക്കു തടി വെക്കുവാൻ തുടങ്ങിയതാണ്. ഇപ്പോൾ തടിക്കൊത്ത ഗാംഭീ ര്യമുണ്ട്. എല്ലാംകൂടി ഒരു പണക്കാരൻെറ ഭാര്യതന്നെ. കുട്ടിക്കാലം മുതലേ വല്യേടത്തിയുടെ പെരുമാററം ഇങ്ങി നെത്തന്നെയായിരുന്നു. എല്ലാ സമയവും ഈ ലോകത്ത് ഒന്നല്ലെങ്കിൽ വേറെ എന്തെങ്കിലും ഭയാനകമായ സംഭവം നട ന്നുകൊണ്ടിരിക്കുന്ന പോലെ. ഞാൻ പറഞ്ഞു. എന്തിങ്ങനെ? ഞാൻ നന്നായിരുക്കുന്നുവല്ലോ!

- കല്ല്യാണക്കാര്യമൊന്നും ആലോചിക്കണ്ടെ? അല്ല, ഇങ്ങിനെ നാടോടിയായി നടന്നാൽ മതിയോ?

- അതെല്ലാം എനിക്കുതോന്നുമ്പോൾ ചെയ്ത്കൊളളാം. മുപ്പതു വയസ്സ് ആകുന്നതിനുമുമ്പ്തന്നെ എല്ലാവർക്കും അക്കാര്യം നടന്നിരിക്കണം എന്നൊന്നുമില്ലല്ലോ.

- അത് നിൻെറ ഇഷ്ടംപോലെ. പക്ഷേ എന്തുചെയ്താലും ഞങ്ങളുടെ കൺമുമ്പിൽ ഞങ്ങൾക്ക് കാണണം. ഈ മെസ്സിൻെറ ആഹാരം വല്ല മനുഷ്യർക്കും കഴിക്കാൻ പറ്റുമോ? ഓർക്കുമ്പോൾ തന്നെ ഛർദ്ദി വരുകയാണ്. എല്ലും കോലും ആയല്ലോ?

- ഈ മെസ്സിൽ എന്നെക്കൂടാതെ മുപ്പത്തിരണ്ട് താമസക്കാരുണ്ട്. അവരാരും മനുഷ്യരല്ലേ?

- ആ കാര്യം എനിക്കു ചിന്തിക്കേണ്ടതില്ല. അവർക്ക് അമ്മമാരോ ചേട്ടത്തിമാരോ ഉണ്ടെങ്കിൽ അവർ ചിന്തിച്ചുകൊള്ളും. എൻെറ വിഷമം നിന്നെ ഓർക്കുമ്പോളാണ്, വാ ഞങ്ങളുടെ വീടിൻെറ മുൻവശത്തുള്ള മുറിയിൽ നീ താമസിച്ചോ. ആരും നിന്നെ ഉപദ്രവിക്കുകയില്ല. എന്നാലും അടുത്തടുത്ത് താമസിക്കാമല്ലോ. അല്ലെങ്കിൽ നിൻെറ കാര്യമോർത്ത് എനിക്ക് രാത്രി ഉറങ്ങുവാൻപോലും കഴിയുകയില്ല.

- ങാ, ഇപ്പോൾ ഇതെല്ലാം പറഞ്ഞായിരിക്കും കൊണ്ടുപോവുക. പിന്നെ ഒരു ദിവസം പറയും, ഒന്ന് അങ്ങാടിയിൽ പോയി വാ, ഇന്ന് ഭർത്താവിൻെറ അനിയത്തിയുടെ വീട്ടിൽ ഇതുകൊണ്ടുകൊടുത്തിട്ടുവാ, ഇന്ന് ഭർത്താവിൻെറ അമ്മായിയെ ഹൗറാ സ്റ്റേഷനിൽ നിന്നും കൂട്ടിക്കൊണ്ടുവരണം. ഇതൊന്നും എന്നെക്കൊണ്ട് സാധിക്കുന്ന കാര്യങ്ങളല്ല. ഇതെല്ലാം കഴിഞ്ഞാൽ പിന്നെ പതുക്കെ പറയും, കാലത്ത് ആ കുട്ടികളെ ഇരുത്തി സ്വല്പം പഠിപ്പിച്ചുകൂടെ? കാശുമുടക്കാതെ കുട്ടികൾക്കൊരു മാസ്ററർ.

വല്യേടത്തി ഇത്തവണ നിശ്ശബ്ദമായി ചിരിച്ചുകൊണ്ടെന്നപോലെ പറഞ്ഞു. ഓ ആ പേടി വേണ്ട കേട്ടോ? എൻെറ കുട്ടികളെ പഠിപ്പിക്കാനുള്ള ചുമതല നിന്നെ ഞാൻ ഏൽപ്പിക്കുമോ? അങ്ങിനെ ചെയ്താൽ അവർക്ക് എന്തുവിദ്യാഭ്യാസമാണ് കിട്ടുക എന്ന് എനിക്കറിയാം.

പക്ഷേ വിചാരിച്ചതുപോലെ ഒന്നും വാസ്തവത്തിൽ സംഭവിച്ചില്ല. വല്യേടത്തിയുടെ വീട്ടിൽ പോയതിൽപിന്നെ അവരുടെ മകൻ 'ബുഗുൽ' എൻെറ ഒരു വലിയ ഭക്തനായി വരുകയും ഞാൻ അവനെ അകമഴിഞ്ഞ് സ്നേഹിക്കുകയും ചെയ്തു. കൂടാതെ അവൻെറ പരീക്ഷാസമയത്ത് ഭൂമിശാസ്ത്രത്തിൽ അവൻ മോശമാണെന്നുകരുതി രണ്ടുദിവസം മുഴു

വനും ഞാൻ അവനെക്കൊണ്ട് പാഠം ഉരുവിടുവിക്കുകയും ചെയ്തു.

വല്യേടത്തിയുടെ ഭർത്താവ്, അദ്ദേഹത്തിന്റെ കമ്പനിയിൽ എനിക്ക് ജോലി ശരിയാക്കിയതോടുകൂടി ഞാൻ സർക്കാർ ഉദ്യോഗം രാജിവെച്ചു.

സർക്കാർ ഉദ്യോഗത്തിന് ഒരു ഗുണമുണ്ടായിരുന്നു. പെട്ടെന്ന ഒരു ദിവസം മുടങ്ങിയാലോ, അഥവാ, ചെയ്യുന്ന പണിയിൽ ആയിരം തെറ്റുകൾ വരുത്തിയാലോ ജോലി പോകുവാൻ സാധ്യതയില്ല. മറ്റ് പ്രൈവറ്റ് കമ്പനിയിൽ ഇക്കാര്യത്തിൽ അസൗകര്യം ഉണ്ടാകാം. പക്ഷേ സ്വന്തം ബന്ധക്കാരന്റെ ഓഫീസിൽ അൽപസ്വൽപം വിട്ടുവീഴ്ച കാണിക്കുമെന്നു കരുതിയിരുന്നു. പക്ഷേ ജോലി കിട്ടിക്കഴിഞ്ഞപ്പോഴാണ് വേറൊരു ആപത്ത് മുൻപിൽ വന്നത്. ശമ്പളത്തുക മോശമല്ല. പക്ഷേ മുഴുവൻ സംഖ്യ ഒരു മാസവും കിട്ടുകയില്ല. ശമ്പളത്തിൽ നിന്നും 100/- രൂപാ വെട്ടി അച്ഛന്റെ പേർക്ക് അയക്കുമായിരുന്നു. പിന്നെ 100/- ഏട്ടൻ സ്വന്തം പോക്കറ്റിൽ ഇടുകയായിരുന്നു. കാരണം ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ വെറുതെ താമസിക്കുന്നത് എനിക്ക് അപമാനം ആയിരിക്കും എന്ന് അദ്ദേഹം കരുതി. ഒരു അപമാനവും ഇല്ല. ഏടത്തി സ്വയം വന്നു വിളിച്ചുകൊണ്ടുപോയതല്ലേ. അവിടെ ആഹാരം കഴിക്കുന്നതിന് കാശ് എന്തിന്? അതും പറഞ്ഞ് 100/- രൂപ – വേറെ പണിയൊന്നുമില്ലേ.

ഏടത്തി പക്ഷേ വിളംബരം പുറപ്പെടുവിച്ചു. ഞാൻ എന്നു കല്യാണം കഴിക്കുന്നുവോ അന്നുമുതൽ ഈ ഇരുന്നൂറു രൂപാ വെട്ടിക്കുറക്കുകയില്ല എന്ന്. ആളുകൾ കല്യാണം കഴിക്കാൻ ചിലപ്പോൾ പകുതി രാജ്യം നേടാറുണ്ട്പോലും. ഞാൻ കല്യാണം കഴിച്ചാൽ ഉടനെ ശമ്പളം 200/- രൂപാ കൂടും.

വളരെക്കാലം മുൻപേതന്നെ ഞാൻ മനീഷയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചതാണ്. അതിനും മുൻപേ കുറെ പെൺകുട്ടികളുമായി ഞാൻ പരിചയപ്പെട്ടുകഴിഞ്ഞിരുന്നു. അവരുടെ ശരീരത്തിൽ സാരി എത്രപ്രാവശ്യം ചുറ്റിയാണ് ഉടുത്തിരിക്കുന്നതെന്ന് ഞാൻ അറിഞ്ഞുകഴിഞ്ഞിരുന്നു. പിക്നിക്കിനുപോയാൽ അവർ ഏതെങ്കിലും ജലാശയത്തിന് അടുത്ത്

പോകാൻ വെമ്പൽ കൊണ്ടിരുന്നു എന്നും അറിഞ്ഞിരുന്നു. എന്തുകൊണ്ട് ഒരു പെണ്ണിനെ ആദ്യമായി ചുംബിക്കുന്ന തിനുമുൻപ് കൈവിരലുകൾ കൊണ്ട് അവളുടെ ചുണ്ട് സ്പർശിക്കണം? ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് പറയേണ്ടത് വളരെക്കഴിഞ്ഞാണ്. 'ഇന്ന് നീ ഒരു സുന്ദരി യായിരിക്കുന്നല്ലോ' എന്ന് കേൾക്കുന്നതിനേക്കാൾ പെൺ കുട്ടികൾക്കിഷ്ടം നിന്നെ കാണുമ്പോൾ എൻെറ അമ്മയെ ഞാൻ ഓർക്കുന്നു എന്നുകേൾക്കുവാനാണ്. പെൺകുട്ടിക ളുടെ സൗന്ദര്യത്തെ പുകഴ്ത്തിപ്പറയാതെ അവരുടെ ദോഷ ങ്ങളെയാണ് പ്രശംസിക്കേണ്ടത്. ഏതെങ്കിലും പെൺകുട്ടി യുടെ കവിളിൽ ഒരു മുറിവിൻെറ പാടുണ്ടെങ്കിൽ, അഥവാ ചെവികൾ സ്വൽപം വലുതാണെങ്കിൽ അതാണ് പ്രശംസാ ർഹം. ഏതെങ്കിലും പെൺകുട്ടി അണിഞ്ഞൊരുങ്ങുമ്പോൾ ഒരു പുരുഷനെ അടുത്ത് ഇരിക്കുവാൻ അനുവദിക്കുകയാ ണെങ്കിൽ അയാളുടെ സ്നേഹപ്രകടനവും അവൾ ആഗ്രഹി ക്കുന്നു എന്നാണ് വിവക്ഷ.

ഈ ശൃംഗാരം കൂടാതെ അവളുടെ അണിഞ്ഞൊരുക്ക ങ്ങൾ പൂർണ്ണമാവുകയില്ലെന്ന് അവൾ മനസ്സിലാക്കിത്തരുന്നു. തന്നെയല്ല ഇപ്പോൾ അല്ലെങ്കിൽ വേറൊരുസമയം പെണ്ണുങ്ങ ളുടെ കണ്ണീർ കാണുകതന്നെ വേണം. കൈവിരൽ കൊണ്ട് അവളുടെ കവിളിൽ നിന്നും കണ്ണീർ ഒപ്പിയെടുക്കാതെ ഈ ബംഗാളിൽ ആരെങ്കിലും ഒരു പെണ്ണിനെ പ്രേമിച്ചിട്ടുള്ളതായി ഞാൻ കേട്ടിട്ടില്ല. ഒരു ഗ്രാമീണ ബാലനാണെങ്കിലും ഞാൻ ഈ വക കാര്യമെല്ലാം വളരെ വേഗം അറിഞ്ഞുകഴിഞ്ഞി രുന്നു. പക്ഷേ മനീഷ ഈ നിയമങ്ങളെല്ലാം ലംഘിക്കുമെന്ന് തോന്നുന്നു.

ഒരു ദിവസം മുഴുവനും ഒരാൾ മരുഭൂമിയിൽ കഴിച്ചുകൂ ട്ടുകയാണെങ്കിൽ കണിശമായും ഒരു പ്രാവശ്യം അയാൾക്ക് മരുപ്പച്ച കണ്ടേപറ്റൂ. അതുപോലെ ജിവിതകാലത്ത് എപ്പോഴെ ങ്കിലും ഒരു പ്രാവശ്യം ഒരു മനുഷ്യൻ 'ഞാൻ ജീവിച്ചിരുക്കുന്നു' എന്ന് വിചാരിക്കാതിരിക്കുകയില്ല. എനിക്കും അങ്ങിനെ തോന്നിയിരുന്നു. ആറുമാസം, കഴിഞ്ഞ ഫെബ്രുവരി മുതൽ ആഗസ്റ്റുവരെ, ഞാൻ അപരാജിതനാണെന്ന് തോന്നി. ഏതോ അലൗകികമായ ഒരു ശക്തിയുടെ സഹായത്താൽ ഞാൻ

എന്നും ജീവിച്ചിരുന്നു. ചൂതുകളിയിൽ എന്നും ജയം. കളി കഴിഞ്ഞാൽ കയ്യിൽ എന്നും പച്ചനോട്ടുകൾ. എന്റെകൂടെ കളിക്കുവാൻ എല്ലാവർക്കും മടി. ഞാൻ അവരെ നോക്കി അവജ്ഞ പ്രകടിപ്പിക്കുമായിരുന്നു. മദ്യപാനം കഴിഞ്ഞ് നേരെ നിവർന്ന് നടക്കുവാൻ അന്ന് സാധിച്ചിരുന്നു. അവിനാശ് പോലും അപ്പോൾ കുഴഞ്ഞുവീഴുമായിരുന്നു. ഞാൻ അവനെ പൊക്കി ടാക്സിയിൽ കിടത്തുമായിരുന്നു. 'ലൈറ്റ്ഹൗസ്' സിനിമാ കൊട്ടകയുടെ മുൻപിൽ ഒരിക്കൽ ഒരു പറ്റം 'മാർവാടി' പിള്ളേരുമായി വഴക്കുണ്ടായി. ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ പഠിത്തക്കാരായ ആ ഇറുകിയ പാൻറുകാർ സംഖ്യയിൽ കൂടു തലായിരുന്നു, പക്ഷേ അരുണിന്റെ ഭാര്യയെ നോക്കി ഏതോ അശ്ലീല വാക്ക് അവർ പറഞ്ഞ ഉടനെ, ഞങ്ങൾ മൂന്നുപേരും അവർ എട്ടുപേരുമാണെന്ന കാര്യം മറന്ന് ഞാൻ മുന്നോട്ടു നീങ്ങി. ഒരു രാക്ഷസനെപ്പോലെ ശക്തിശാലിയാണ് ഞാൻ എന്ന് എനിക്കുതോന്നി. ഞാൻ ഒരുവന്റെ കോളർ പിടിച്ച തോടുകൂടി അവർ മാപ്പ് ചോദിക്കുവാൻ തുടങ്ങി. ഞാൻ വിജയീഭാവത്തോടുകൂടി കൂട്ടുകാരുടെ അടുത്ത് തിരിച്ചെത്തി. ആഹ്! ആ കുറെ മാസങ്ങളിൽ ഞാൻ വിശ്വവിജയി ആയി രുന്നു. ഈ ലോകത്ത് അസാധ്യമായി ഒന്നും തന്നെ ഇല്ലെന്ന് തോന്നിയിരുന്നു. കൈപ്പത്തിയിൽവച്ചിരുന്ന ഒരു നെല്ലിക്കാ പോലെ ലോകത്തെ മുഴുവൻ ഞാൻ സധീരം അവലോകനം ചെയ്തു. ഈ അഹങ്കാരത്തിന്റെ ചൂടിൽ എനിക്കുതോന്നി ഞാൻ മനീഷയെ കീഴടക്കുമെന്ന്. പക്ഷേ മനീഷ എനിക്കു യാതൊരു അവസരവും നൽകിയില്ല.

അക്കാലത്ത് ചില സന്ധ്യാവേളകളിൽ ഞങ്ങൾ അരു ണിന്റെ വീട്ടിൽ ഒത്തുകൂടുമായിരുന്നു. അരുൺ താപസിന്റെ അനിയത്തിയെ വിവാഹം കഴിക്കുക വഴി, ഭാര്യയും ഭർത്താവും രണ്ടുപേരും ഞങ്ങൾക്കു പരിചിതരായിരുന്നു. അവന്റെ വീട്ടി ൽപിന്നെ ഉണ്ടായിരുന്നത് അവന്റെ അച്ഛനും പിന്നെ അനി യത്തി മനീഷയുമായിരുന്നു. അരുണിന്റെ അച്ഛൻ മൂന്നാം നിലയിലെ അകന്ന മുറിയിൽ താമസിക്കുക കാരണം ഞങ്ങ ൾക്കവിടെ തികച്ചും സൗകര്യപ്രദമായ ഒരന്തരീക്ഷം കിട്ടിയി രുന്നു. അരുണിന്റെ ചേച്ചി വിധവയായിത്തിർന്ന് ആ വീട്ടിൽ തിരിച്ചുവന്നതോടുകൂടി ഞങ്ങളുടെ കൂട്ടംകൂടൽ നിന്നു.

മനീഷക്ക് സിൽക്കുസാരി ഉടുക്കുവാൻ വളരെ കമ്പമായിരുന്നു. അവളെ കാണുമ്പോഴെല്ലാം അവൾ സിൽക്കുസാരിചുറ്റിയിരുന്നു. സന്ധ്യാസമയങ്ങളിൽ ഒരുപക്ഷേ അവൾ പുറത്തേക്കു പോവുകയായിരിക്കാം, അല്ലെങ്കിൽ പുറത്തുനിന്നും മടങ്ങിവരികയായിരിക്കാം. ഇന്നും മനീഷയുടെ കാര്യം ചിന്തിക്കുമ്പോൾ എന്റെ കൺമുമ്പിൽ നിറയുന്നത് മെറൂൺ നിറത്തിലുള്ള സിൽക്കുസാരിചുറ്റിയ അവളുടെ രൂപമാണ്. സിൽക്കുടുത്താൽ സ്ത്രീകളുടെ ശരീരം കൂടുതൽ മാംസളമായിത്തോന്നും. നനുനനുത്ത മുഖം, മാംസളമായ മാറിടത്തിന്റെ വടിവ്, മൃദുലമായ തുട, ഈ മൃദുലമായ ശരീരത്തിൽ നല്ലപോലെ തലവച്ച് ഉറങ്ങാൻ ആഗ്രഹം തോന്നാറുണ്ട്. ഇതുപോലുള്ള ശരീരം കൈ അകലത്തിൽ വന്നാൽ ചുരുങ്ങിയ പക്ഷം ഒരുതവണയെങ്കിലും മാറോട് ചേർത്തണക്കാൻ സാധിച്ചില്ലെങ്കിൽ നെഞ്ചിനുള്ളിൽ മാരകമായ അസുഖം ബാധിക്കാനിടയുണ്ട്.

വളരെ ചെറുപ്പത്തിൽ അമ്മ മരിച്ചതുകൊണ്ട് മനീഷ ഏറെക്കുറെ തന്നിഷ്ടസ്വഭാവക്കാരിയായിരുന്നു. തോന്നുന്ന സമയത്ത് വീട്ടിൽനിന്നും പുറത്തിറങ്ങിപ്പോകും, തോന്നുമ്പോൾ കയറിവരും. ഇതിൽ ആരും അവളെ ശാസിക്കാറില്ല. എന്നുമാത്രമല്ല, ശാസിക്കേണ്ട കാര്യവുമുണ്ടായിരുന്നില്ല. കാരണം മനീഷ, എന്തൊരു വിദ്യുച്ഛക്തിയുടെ സ്വഭാവമുള്ള പെണ്ണ്! അവൾ ഒരിക്കലും ഒരാപത്തിലും പെടില്ല എന്നല്ല, ആർക്കും അവളെ ഒരാപത്തിലും പെടുത്താനും പറ്റുമായിരുന്നില്ല. ഏതെങ്കിലും ആപത്തിൽ കുടുങ്ങാൻ മനസ്സറിഞ്ഞ് അവൾ ആഗ്രഹിക്കുകയാണെങ്കിൽ അവളെ തടയാനും ആരാലും സാദ്ധ്യമായിരുന്നില്ല. ഇത്രമാത്രം സുന്ദരിയും, ഇത്രമാത്രം ബുദ്ധിമതിയും, ഇത്രമാത്രം നിഷ്ഠുരയുമായ ഒരു പെണ്ണിനെ ഞാൻ പിന്നീടൊരിക്കലും കണ്ടുമുട്ടിയിട്ടില്ല. സന്ധ്യക്കു ചീട്ടുകളി നടക്കുന്നു, ചീട്ടു വീതിച്ചുകഴിഞ്ഞിരിക്കുന്നു. ആരും കൈ എടുത്തിട്ടില്ല, മനീഷ സാരിയുടെ പളപളാ ശബ്ദമുണ്ടാക്കി എന്തോ എടുക്കാനായി മുറിയിൽ വന്നു. ഞാൻ പറഞ്ഞു, മനീഷാ എന്റെ ചീട്ടോന്നു തൊട്ടുതന്നുപോകൂ, നല്ല കൈയാണ് വരുന്നതെങ്കിൽ... തരണോ? ..ശരി...ഒരു കൂസലും കൂടാതെ മനീഷാ എനിക്കരികിൽ വന്നി

രുന്ന് എൻെറ ചീട്ടുമൂന്നും വലിച്ചെടുത്ത് തന്നത്താൻ നോക്കി. അവൾക്ക് കളി നന്നായി അറിയുമായിരുന്നു. ചുണ്ടമർത്തിച്ചിരിച്ചുകൊണ്ട് പറഞ്ഞു. നോക്കൂ.. ഇത്തവണ ജയിച്ചില്ലെങ്കിൽ

നോക്കിക്കൊള്ളൂ.. ഞാൻ ചീട്ടുനോക്കി അത്ഭുതപ്പെട്ടുപോയി. അവിശ്വസനീയമാം വിധം അടുക്കി വെച്ചതുപോലെ നല്ല കൈ. എന്നോടുരുമ്മി മനീഷ ഇരിക്കുന്നു, അവളുടെ ശരീരത്തിൽ നിന്നും സുഖപ്രദമായ ഒരു മണം ഉയർന്നുവരുന്നു, മറൂൺ നിറത്തിലുള്ള സിൽക്കിൽ അവളുടെ ശരീരത്തിൻെറ വടിവുകൾ കൂടുതൽ മസൃണമായിരുന്നു, എനിക്കുലോകം മുഴുവൻ കീഴടക്കാൻ തോന്നി. ആർക്കറിയാം, എൻെറ മനസ്സിലെ തോന്നലുകൾ അവൾക്ക് മനസ്സിലായോ എന്ന്. ആ നിമിഷത്തിൽ അവൾ എഴുന്നേറ്റു. - ഇരിക്കൂ, അൽപംകൂടി ഇരിക്കൂ പ്ലീസ്-

- അയ്യേ, ഞാനിരുന്ന് നിങ്ങളുടെകൂടെ ചീട്ടുകളിക്കണോ?

അൽപനേരം കഴിഞ്ഞ് മനീഷ വീണ്ടും വന്നു. അത്തവണ ഞാൻ ചീട്ട് എടുത്തുകഴിഞ്ഞിരുന്നു. അവൾ ചോദിച്ചു, കൈ എടുത്ത് കഴിഞ്ഞോ? ഞാൻ പറഞ്ഞു, നീ എൻെറ കൈ ഒന്നു തൊട്ടാൻ മാത്രം മതി ഞാൻ ജയിക്കും. മനീഷ എൻെറ കൈ തൊട്ടതും ഞാനവളെ വലിച്ച് ഇരുത്താൻ ശ്രമിച്ചു, ങും.. അത്ര എളുപ്പമല്ല... മനീഷ ചിരിച്ചുകൊണ്ടു കൈ വിടുവിച്ചു. ആ തവണയും ഞാൻ ജയിച്ചു, പക്ഷേ അപ്പൊഴേക്കും മുറിയിൽനിന്നും അവൾ പോയിരുന്നു.

മനീഷയുമായി പരിചയപ്പെട്ടിരുന്നില്ലെങ്കിൽ വളരെമുമ്പ് തന്നെ ഒരു പക്ഷേ എനിക്കെൻെറ ജീവിതത്തിൻെറ ഗതി മാറ്റാൻ സാധിക്കുമായിരുന്നു. സ്വസ്ഥതയിലേക്ക് തിരിച്ചു വരാൻ പറ്റുമായിരുന്നു. മനീഷ എത്രമാത്രം പാപഹീനയായ പെണ്ണായിരുന്നു എങ്കിൽക്കൂടി അവളെന്നെ അത്രമാത്രം വലിയ അന്ധകാരത്തിലേക്ക് തള്ളിവിട്ടു. നിസ്സഹായതയോടെ മനീഷയോട് തോറ്റപ്പോൾ എനിക്കുതോന്നി, ഇനിയും ഈ ജൻമത്തിൽ എനിക്കാരേയും സ്നേഹിക്കാനാവില്ലെന്ന്. ആരുടേയും സ്നേഹം ലഭിക്കില്ലെന്ന്. മനീഷ അത്തരമൊരു അവഗണന എന്നോടു കാട്ടാതിരുന്നെങ്കിൽ കഴിഞ്ഞ വർഷത്തെ പൂജക്കാലത്ത് ഗല്ലഡിയിൽ സൗതാലിപ്പെണ്ണുമായുണ്ടായ ആ ഭയങ്കര കുഴപ്പത്തിൽ ഞാൻ കുടുങ്ങുകയില്ലായിരുന്നു.

വാസ്തവത്തിൽ വ്യർത്ഥപ്രേമമായിരുന്നോ? മനീഷയും ഞാനുമായി പ്രേമമേ ഉണ്ടായില്ല എന്നതാണ് ശരി. സ്വത ന്ത്രമായി മനീഷയുമായി കണ്ടുമുട്ടിയപ്പോഴെല്ലാം മാറോടുരു മ്മിനിന്നാണ് സംസാരിച്ചിരുന്നത്. ഇതെന്താണ്... ഷർട്ടിന്റെ ബട്ടൺ വിട്ടിരിക്കുന്നല്ലോ... നോക്കട്ടെ. അങ്ങിനെയാണെ ങ്കിൽ മുഴുവനും പൊട്ടിക്കട്ടെ... ഇങ്ങിനെ പറഞ്ഞ് മനീഷ എന്റെ എല്ലാ ബട്ടണും പടപടാ എന്ന് വലിച്ച് പൊട്ടി ക്കുമായിരുന്നു. ഞാനവളെ ശിക്ഷിക്കാനായി കൈ നീട്ടും. അപ്പോഴെക്കും മനീഷ എവിടെ? കാണുമ്പോഴെല്ലാം ഇങ്ങി നെയായിരുന്നു. പക്ഷേ ഒന്നോ രണ്ടോ മാസക്കാലം തമ്മിൽ കണ്ടില്ലെങ്കിൽ മനീഷ അതിനെക്കുറിച്ച് ഒന്നും സംസാരി ക്കുമായിരുന്നില്ല. ഇത്രയും ദിവസം എവിടെയായിരുന്നു വെന്ന് ഒരിക്കലും ചോദിച്ചിട്ടില്ല. കൂട്ടുകാരോടൊത്തല്ലാതെ മനീഷയെ കാണാനുള്ള അവസരവും എനിക്കു ലഭിച്ചിരു ന്നില്ല. മനീഷ എന്റെ സുഹൃത്തായ അരുണിന്റെ സഹോ ദരിയാണ്. അതുകൊണ്ടുതന്നെ അവരുടെ വീട്ടിൽ ചെന്ന് അരുണിനെ കൂടാതെ മനീഷയെ മാത്രം കാണുന്നതെങ്ങിനെ? എന്തൊക്കെയായാലും ഒരു ഗ്രാമീണബാലന്റെ ഇത്തരത്തി ലുള്ള വകതിരിവുകൾ എനിക്കൊരിക്കലും ഒഴിവാക്കാൻ കഴി ഞ്ഞിരുന്നില്ല. ഒന്നുരണ്ടു തവണ അരുണിന്റെ വീട്ടിൽ തനിച്ച് പോവുകയുണ്ടായി. അരുണിനോടും അവന്റെ ഭാര്യ യോടും വർത്തമാനം പറയുകയും ചെയ്തു. എന്നിട്ടും എന്തോ ഒരു ലജ്ജ എന്നിൽ കുടിയിരുന്നിരുന്നു. മനീഷ എവിടെ എന്ന് സ്വാഭാവികതയോടെ ചോദിക്കാൻ എന്നിട്ടും എനിക്കു കഴിഞ്ഞില്ല. ഉൽകൺഠാകുലനായി ഒളിഞ്ഞ് വാതിൽക്ക ലേക്ക് നോക്കി. എന്നാൽ ആ ദിവസങ്ങളിലൊന്നുംതന്നെ മനീഷയെ ഒരിക്കലും കാണുകയുണ്ടായില്ല. അവരുടെ വീട്ടി ലേക്ക് ചിലപ്പോൾ ടെലഫോൺ ചെയ്യാറുണ്ട്. ഭാഗ്യത്തിന് മനീഷയാണ് ആ ദിവസം ടെലഫോൺ എടുക്കുന്നതെങ്കിൽ എന്റെ ശബ്ദം തിരിച്ചറിയുമ്പോൾ കുറച്ചുനേരത്തെ ഒച്ച പ്പാടുകളോടുകൂടി കളിയാക്കലുകൾക്കുശേഷം പറയും ചേട്ട നെയാണല്ലോ വേണ്ടത്? ഞാൻ പറയുമായിരുന്നു അല്ല. അല്ല. നിന്നെത്തന്നെ. മനീഷ ചിരിച്ചുകൊണ്ട് പറയുമായിരുന്നു, അങ്ങിനേയോ? ഞാനെത്ര ഭാഗ്യവതിയാണ്. നേരം വൈകു

ന്നുണ്ടെന്നു മനസ്സിലായി. ഒരുനിമിഷം, ഞാൻ ചേട്ടനെ വിളിച്ചുതരാം... തൽക്ഷണംതന്നെ അവൾ ലൈൻ വിട്ടുകളയും.

വെറിപിടിച്ച് മനീഷയെ ഒററക്കു കണ്ടുമുട്ടാനായി യൂണിവേഴ്സിറ്റിയുടെ മുന്നിലും കാത്തുനിന്നിട്ടുണ്ട്. മനീഷ അക്കാലത്ത് സിക്സ്ത്ത് ഇയർ പൊളിറ്റിക്കൽ സയൻസിന് പഠിക്കുകയാണ്. കോളേജ് വിട്ടപ്പോൾ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും കൂട്ടം പുറത്തുവന്നു. മനീഷതന്നെയാണ് ബസ്സ്റ്റോപ്പിൽ എന്നെ ആദ്യം കണ്ടത്. ഏതെങ്കിലും പ്രകാരത്തിലുള്ള ശങ്കയോ, സംഭ്രമമോ ഇല്ല. കണ്ടതും തികച്ചും സ്പഷ്ടമായ തെളിഞ്ഞ ഭാവത്തോടെ ചിരിച്ചു. അതിനുശേഷം ചുമൽ തിരിച്ചുകൊണ്ട് പിന്നിലേക്ക് തിരിഞ്ഞുനോക്കി ചോദിച്ചു, ഏതാണു പെണ്ണ്? ഏതുപെണ്ണാണ്, എനിക്കു കാട്ടിത്തരൂ.

ഞാൻ ചോദിച്ചു, എന്താണ്?

- ഏതുപെണ്ണിനെകാത്താണ് നിൽക്കുന്നതെന്ന് പറയൂ, ഞാനൊന്നു നോക്കിവെക്കട്ടെ. എനിക്കുപരിചയമുള്ളതാണെങ്കിൽ...

- മനീഷ, ഞാൻ കാത്തുനിൽക്കുന്നത് നിന്നെത്തന്നെയാണ്.

- അവൾ ഇന്നു വന്നില്ലെന്നുതോന്നുന്നു. ശരി അവളുടെ പേരെന്താണ് പറയൂ..

- സത്യം പറയുകയാണ് ഞാൻ നിന്നെ കാത്തുമാത്രമാണ് നിൽക്കുന്നത്.

- അങ്ങിനെയാണോ, കേൾക്കാനെന്തുരസമാണ്! നടക്കാം. എങ്കിൽ എന്നെ വീടുവരെ എത്തിക്കണം. നടക്കൂ..

- വീട്ടിൽ പോകുന്നതിനുമുൻപ് ഒരു ചായകുടിച്ചാലോ. ഏതെങ്കിലും ചായക്കടയിൽ കയറി...

- എനിക്കിപ്പോൾത്തന്നെ വീട്ടിൽ തിരിച്ചെത്തണം. നടക്കൂ... വീട്ടിലേക്കു നടക്കൂ..

- അൽപനേരം എവിടെയെങ്കിലും ഇരുന്ന്...

- വീട്ടിലേക്കു നടക്കൂന്നേയ്.. അവിടെ ചായ കുടിക്കാമല്ലോ. അതാ, ബസ് വരുന്നു...

വീട്ടിലെത്തിയതും മനീഷ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, ഏടത്തിയമ്മേ. നിങ്ങളുടെ പ്രിയപ്പെട്ട അനിയൻ വന്നിട്ടുണ്ട്,

ചായ കുടിക്കാൻവേണ്ടി ഭ്രാന്തു പിടിച്ചിരിക്കയാണ്. ഇതാ.. ചായ കൊടുക്കൂ.. വർത്തമാനം പറയൂ... ഞാനിപ്പോൾ പരിമിതയുടെ വീടുവരെ പോകുകയാണ്.

എന്നെ രണ്ടാം നിലയിലെ മുറിയിലിരുത്തി മനീഷ ഗൂഢമായി ചിരിച്ചുകൊണ്ട് പറഞ്ഞു. ഏടത്തിയമ്മയുടെ കൂടെ ഇരുന്നു സംസാരിക്ക്, അയ്യോ... ചൂടുകൊണ്ട് മുഖം വല്ലാതെയിരിക്കുന്നല്ലോ... ആ ഫാനിന്റെ കീഴിലോട്ടിരുന്നാട്ടെ.. ഞാൻ പോകുന്നു..

ആ ദിവസം ഞാനെത്ര വിഡ്ഢിയായെന്നോ? അരുണിന്റെ ഭാര്യയായ ഖുകു അപ്പോൾ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റേയുള്ളായിരുന്നു. മേൽകഴുകുക മുതലായ പെണ്ണുങ്ങളുടെ കാര്യങ്ങൾ പിന്നേയും ബാക്കിയാണ്. കൃത്രിമമായ ആത്മാർത്ഥത നടിച്ച് എന്നൊടു പറഞ്ഞു, അൽപമിരിക്കൂ, പോവരുത്.. ഞാൻ ബാത്തു റൂമിൽ പോയി ഇപ്പോൾ വരാം. ചായ തന്നിട്ടുപോകാം. ആ മുറിയിൽ ഒറ്റക്കിരുന്നു ചായ കുടിക്കുമ്പോൾ അസ്വസ്ഥതകൊണ്ട് ഞാൻ മരിക്കാൻ തുടങ്ങി. അപ്പോൾ തന്നെ എഴുന്നേറ്റുപോയാലെന്തെന്നു തോന്നി. പക്ഷേ അതു ചെയ്യുന്നത് ശരിയല്ലല്ലോ. മനീഷ ഒരിക്കൽ പോലും പിന്നെ മുറിയിൽ വരികയുണ്ടായില്ല. മനീഷക്കുവേണ്ടി ഞാൻ എന്നെത്തന്നെ യോഗ്യനാക്കാൻ പരിശ്രമിക്കുകയുണ്ടായി. എനിക്കപ്പോൾ ഒന്നുരണ്ടു ഡബിൾ കഫ് ഷർട്ട് തുന്നിക്കാനുള്ള കമ്പം പിടിച്ചു. സാധാരണയായി ഞാൻ ഷർട്ടിന്റെ കൈ മടക്കിവെക്കും അല്ലെങ്കിൽ ഹാഫ് ഷർട്ടിടും. എന്നാൽ ഡബിൾ കഫ് ഷർട്ടിന്റെ കൈ രണ്ടും താഴത്തിയിട്ട് കല്ലുവെച്ച, സ്റ്റീലിന്റെ ബട്ടണിട്ടാൽ വളരെ സൗമ്യനായി എന്നു സ്വയം തോന്നും. രണ്ടു കൈയും പൂർണ്ണമായി മൂടിവെക്കുന്നതിൽ ഒരു മനശ്ശാന്തി കിട്ടുമെന്നും ശരിക്കു തോന്നാറുണ്ട്. ഈ കാര്യം ഞാനറിഞ്ഞത് കുറച്ചു ദിവസങ്ങൾക്കുമുമ്പ് മാത്രമാണ്. അതിനുമുമ്പ് കുപ്പായത്തിന്റെ കൈ ചുരുട്ടിവക്കുന്നതിലും നിവർത്തിയിടുന്നതിലും ഒരു വ്യത്യാസവും തോന്നിയിരുന്നില്ല. എനിക്കീവക യാതൊരറിവും ഉണ്ടായിരുന്നില്ല. അവിനാശും, പരീക്ഷിത്തുംകൂടി ടാക്സി ഡ്രൈവറുമായി തല്ലുകൂടിയതിന് പോലീസ് പിടിച്ചതിനുശേഷം അവരുടെ കേസ് കോടതിയിൽ വന്നപ്പോൾ

ഞങ്ങളും പോയിരുന്നു. കുറ്റവാളികളുടെ കൂട്ടിനുള്ളിൽ അവർ രണ്ടുപേരും നിൽക്കുന്നു. ഞാനും,/ താപസും, ശേഖറും, കാഴ്ചക്കാർക്കായുള്ള ബെഞ്ചിലിരുന്ന് വക്കീലിന്റെ തമാശ കേൾക്കുകയായിരുന്നു. ഈ സമയത്ത് യൂണിഫോമിട്ട കോട തിശിപായി എന്റെ മുമ്പിൽ വന്ന് രൂക്ഷഭാവത്തിൽ ഹിന്ദിയിൽ പറഞ്ഞു. താങ്കൾ എഴുന്നേറ്റു പുറത്തു പോയാട്ടെ.

ഞാൻ ചോദിച്ചു. എന്തിന്?

– പുറത്തുപോണം, വെളിയിൽ പോകൂ..

കേട്ട ഉടനെ പേടി തോന്നി. കാരണം ടാക്സിയിൽ അടി പിടി നടക്കുന്ന സമയത്ത് ഞാനുമുണ്ടായിരുന്നു കൂട്ടത്തിൽ. പക്ഷേ പോലീസു വരുന്നതിനുമുമ്പ്തന്നെ ഞാൻ മുങ്ങിക്ക ളഞ്ഞു. ടാക്സിക്കാരൻ വൃത്തികെട്ട ഭാഷ ഉപയോഗിച്ചപ്പോൾ ഞാനാണ് ആദ്യം ഇറങ്ങിച്ചെന്ന് അവന്റെ മീറ്റർ രണ്ടു വട്ടം താഴ്ത്തി വീണ്ടും ഉയർത്തിവച്ചത്. ഇപ്പോൾ സംഗതി മനസ്സിലായി. എന്നേയും കൂട്ടത്തിൽ ചേർക്കുമോ എന്തോ? എന്റെ ഷർട്ടിന്റെ കൈ ചുരുട്ടിവെച്ചിരുന്നു. പോരാത്തതിന് കഴുത്തിനടുത്തുള്ള ബട്ടൺ തുറന്നാണിട്ടിരുന്നത്. ന്യായാ ധിപന്റെ മുമ്പിൽ ഇത്തരത്തിൽ ഇരിക്കുന്നത് നിയമലംഘ നമാണത്രെ. കേട്ടപ്പോൾ എനിക്കുതോന്നി, ഞാനിനിയും എന്തെല്ലാം പഠിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന് അവസാ നമില്ല. ന്യായാധിപനു പിന്നിൽ ചുമരിൽ മഹാത്മാഗാന്ധി യുടെ പടം. അദ്ദേഹത്തെ മനസ്സുകൊണ്ട് പ്രണാമം ചെയ്തു കോടതിമുറിയിൽ നിന്നും അപ്പോൾതന്നെ പുറത്തുപോന്നു.

അതെന്തോ ആവട്ടെ, വസ്ത്രധാരണത്തെക്കുറിച്ചുള്ള എന്റെ വിദ്യാഭ്യാസം തുടങ്ങുന്നത് വാസ്തവത്തിൽ ആ കോടതിമുറിയിൽവച്ചാണ്. മനീഷയുടെ അടുത്തുപോവാ നായി ഞാൻ വൃത്തിയായി താടിവടിച്ചു. കൈ മുഴുവൻ മൂടിയ, വിശേഷപ്പെട്ട ബട്ടൺ ഘടിപ്പിച്ച തിളങ്ങുന്ന വെള്ള ഷർട്ട്. അടുത്തടുത്ത് കുറച്ചു ദിവസം സമയത്തിനുറങ്ങുക യാൽ കണ്ണിന്റെ കോണിലെ കറുത്ത പാട് മാഞ്ഞുപോയി രുന്നു. ദേഹം മുഴുവനും ചന്ദനസോപ്പിന്റെ മണം. എന്തെ ന്നാൽ മനീഷ എപ്പോഴും സിൽക്കുസാരിയാണ് ഉടുത്തിരു ന്നത്. വർത്തമാനത്തിനിടക്ക് മിക്കപ്പോഴും പറയും അവൾക്ക് മുഷിഞ്ഞ വസ്ത്രങ്ങൾ ഒട്ടും സഹിക്കാൻ പറ്റുകയില്ല എന്ന്.

ദിവസവും വൃത്തിയായ വസ്ത്രങ്ങൾ ധരിച്ച് എൻേറയും മനസ്സ് ആ സമയത്ത് ക്രമേണ ക്രമേണ ഉന്മേഷമുള്ളതായിത്തീർന്നിരുന്നു. അതുമല്ല മനീഷയെ സ്വന്തമാക്കാനുള്ള ആഗ്രഹം തീവ്രമായി ഉണ്ടാവുകയും ചെയ്തു. മനീഷയെ പ്രേമിക്കുക എന്നത് എനിക്ക് അത്യാവശ്യമാണ്. അത് പ്രേമമോ, പ്രേമരാഹിത്യമോ, ശാരീരികമോ ആകാം. മനീഷയുടെ ഓരോപ്രവൃത്തിയും സ്പഷ്ടമാണ്. ഒരു വർത്തമാനത്തിലും രണ്ടർത്ഥം കൽപിക്കാനാവില്ല. എങ്കിലും മനീഷ എന്നെ വിഷമം പിടിച്ച ദുരൂഹമായ ഒരു കടങ്കഥയിലേക്ക് തള്ളിയിട്ടിരിക്കുന്നു. 'നിന്നെ എനിക്കിഷ്ടമാണ്' എന്നുപറയാനുള്ള ഒരവസരവും അവൾ എനിക്കു തരികയുണ്ടായില്ല. ഈ കാര്യം പറഞ്ഞതിനുശേഷമാണ് അവളെന്നെ നിരസിച്ചിരുന്നതെങ്കിൽ അതിനൊരർത്ഥമുണ്ടായിരുന്നു. വ്യർത്ഥകാമുകനായി മാറുന്നതിലും എനിക്കു വിരോധമുണ്ടായിരുന്നില്ല. പെണ്ണുങ്ങൾക്ക് അവരുടെ കാമുകൻമാരെ മറക്കാനാവും. പക്ഷേ ആരെയാണോ നിരസിക്കുന്നത് അവനെ ജീവിതത്തിൽ മറക്കാൻ കഴിയില്ല. മനീഷയുടെ ജീവിതത്തിലോ, മനസ്സിലോ, ഞാൻ എൻെറതായ ഒരു പാട് വീഴ്ത്താനായി വ്യാകുലനായിരുന്നു. എന്തുകൊണ്ടെന്നറിയില്ല, തിരക്കിൽ ഞാനവളെ കണ്ടുമുട്ടുമ്പോളെല്ലാം അവളെന്നെത്തന്നെ പ്രതീക്ഷിക്കുകയായിരുന്നു എന്നായിരുന്നു അവളുടെ ഭാവം. ഒരു ദിവസം സന്ധ്യക്ക് ഞങ്ങൾ കുറെപേർ അരുണിൻെറ വീട്ടിൽ ഇരിക്കുകയായിരുന്നു. മനീഷ കടന്നുവന്നു. കൈയിൽ ചീർപ്പ്, അവൾ അപ്പോൾ മുടി ചീകിക്കൊണ്ടിരിക്കുകയായിരുന്നു. എൻെറ അരികിൽ വന്ന് ചീർപ്പ് നേരെ എൻെറ മുടിയിലൂടെ ഓടിച്ചുകൊണ്ട് പറഞ്ഞു. ഛേ, കാടുപിടിച്ച മുടികാണുന്നത് എനിക്കൊട്ടും തന്നെ ഇഷ്ടമല്ല.

അന്നേരത്ത് അവളുടെ ശരീരം എൻെറ എത്രമാത്രം അടുത്തായിരുന്നെന്നോ? ഏതൊരു ജീവനുള്ള മനുഷ്യനും അപ്പോൾ അവളെ മാറോടുചേർത്ത് പറയാൻ തോന്നും, തരിക, എന്നെ നീ സംപൂർണ്ണനും, സുശോഭിതനും ആക്കിത്തരിക. പക്ഷേ എനിക്കു പറയാൻ കഴിഞ്ഞില്ല. മനീഷയുടെ ശരീരത്തിൻെറ ഗന്ധം എൻെറ നെഞ്ചു നിറഞ്ഞുകഴിഞ്ഞിരുന്നു. എങ്കിൽക്കൂടി അവളെൻെറ നേർക്കുനേരെ നോക്കി

യില്ല. ചീർപ്പ് എന്റെ തലയോടിനോടു ചേർത്തുപിടിച്ചിരുന്നു. ഞാൻ വേദനയോടുകൂടി പറഞ്ഞു, വേദനിക്കുന്നു, വേദനിക്കുന്നു... മനീഷ ചിരിച്ചുകൊണ്ടു മാറിക്കളഞ്ഞു.

ഒരിടത്തുവെച്ചും മനീഷയെ ഞാൻ തനിച്ചു കണ്ടുമുട്ടിയില്ല. ഞാൻ തനിച്ചാവുന്ന സമയം മനീഷ ഈ ലോകത്തുനിന്നും അദൃശ്യയായി മാറുകയാണ്. എത്രയോ ദിവസം ഞാൻ കൂട്ടുകാരെ വിട്ട് വഴിയിൽകൂടി തനിയെ ചുറ്റിക്കറങ്ങി. പക്ഷേ മനീഷയെ ഒരിക്കലും കാണാനൊത്തില്ല. മനീഷ മിക്കവാറും തനിച്ചാണ് വീട്ടിൽ നിന്നും പുറത്തിറങ്ങുക. ഒരുപക്ഷേ അപ്പോഴെല്ലാം മനഃപ്പൂർവ്വം അവൾ ഞാൻ പോകാത്ത നിരത്തിലൂടെയാണോ നടന്നിരുന്നത്? ഇനി അഥവാ വല്ലപ്പോഴും അവളെ ഒറ്റക്കു കണ്ടിരുന്നെങ്കിൽതന്നെ എന്റെകൂടെ മറ്റാരെങ്കിലും കാണും. അല്ലെങ്കിൽ അവളുടെകൂടെ ആരെങ്കിലും. 'നാടകം കാണാൻ പോയപ്പോൾ മനീഷയെ കണ്ടുമുട്ടി. അപ്പോൾ അവളുടെകൂടെ രണ്ടു കൂട്ടുകാരികളും ചെറിയമ്മയുടെ ഒരു മകളും ഉണ്ടായിരുന്നു. എന്നെ കണ്ടതും മനീഷ ബഹളം കൂട്ടിക്കൊണ്ടു മുന്നോട്ടുവന്നു പറഞ്ഞു, സുനിലേട്ടാ, ഇന്നു ഞങ്ങൾക്കു കഴിക്കാനെന്തെങ്കിലും വാങ്ങിത്തരണം, ഹോ .. ഭയങ്കര വിശപ്പ്.. ഭാഗ്യം ചേട്ടനെ കണ്ടുമുട്ടിയത്.

ഞാൻ സ്വരം താഴ്ത്തി പറഞ്ഞു, നീ തനിയെ എന്റെ കൂടെ വരാമോ? നിനക്കു മാത്രം ഞാൻ വാങ്ങിത്തരാം.. നിന്നോടെനിക്ക്....

ചിരിച്ചുകൊണ്ട് മധുരമായ സ്വരത്തിൽ കൂട്ടുകാരുടെ നേരെതിരിഞ്ഞ് മനീഷ പറഞ്ഞു. കണ്ടോ.. എന്തൊരു പിശുക്കനാണ്... എനിക്കുമാത്രം കഴിക്കാൻ വാങ്ങിത്തരാമെന്ന്.. ഹൊ! പൈസ ലാഭിക്കാനുള്ള ഒരു വിദ്യ...

ബൺടലിൽ പിക്നിക്കിനു പോയപ്പോഴും മനീഷ യാതൊരു വിധത്തിലും എനിക്കരികിൽ നദിക്കരികിൽ വരികയുണ്ടായില്ല. പതിനഞ്ചോളംപേർ ആണും പെണ്ണുമായി. അതിനിടയിൽ മനീഷ മുട്ടയുടെതോട് എന്റെ കയ്യിൽ തന്ന് എന്നെ കളിയാക്കി. ഞാനവളുടെ സാരിത്തുമ്പിൽ കൈ തുടക്കാൻ ചെന്നപ്പോൾ അവൾ മധുരനാരങ്ങയുടെ തൊലിയുടെ നീര് എന്റെ കണ്ണിൽ ഒഴിച്ചു. ഇങ്ങിനെയൊക്കെയായാലും എന്റെ കൂടെ തനിച്ച് അവൾ നദിക്കരികിലേക്ക് വന്നില്ല. പക്ഷേ

മടങ്ങുമ്പോൾ വണ്ടിയിൽ മനീഷ എന്റെ അരികത്തായി രുന്നു. തിരക്കിൽ എന്റെ ശരീരം പൂർണ്ണമായും അവളുടെ ശരീരത്തെ മുട്ടിയിരുന്നു. എന്നിട്ടും നേർക്കുനേരെ നോക്കു കയുണ്ടായില്ല. ഹോളിയുടെ ദിവസം നിറമടിക്കാനുള്ള ഉൽ സാഹത്തിൽ ഞാൻ മനീഷയുടെ മാറിൽ തൊട്ടു, മുഖവും കഴുത്തും വിട്ട് എന്റെ കൈ സമയം നോക്കി ബ്ലൗസിനുള്ളിൽ കടന്നു. ചൂടുള്ള പൂർണ്ണതനേടിയ രണ്ടുമുലകൾ. മനീഷ എന്നിട്ടും തരിച്ചുനിന്നില്ല. എന്റെ മുഖത്തേക്കു നോക്കി ഭത്സിക്കുകയോ, തിരസ്ക്കരിക്കുകയോ ചെയ്തില്ല. ഉടൻ തന്നെ മുറിയിൽ നിന്നും പുറത്തുപോയി, ക്ഷണം തിരിച്ചു വന്ന് ഒരുകൊട്ട കരി എന്റെ മുഖത്തുതേച്ച് ഭൂതത്തേപ്പോ ലെയാക്കിക്കൊണ്ട് പറഞ്ഞു. ഇപ്പോഴെങ്ങിനെയുണ്ട്?...

എനിക്കെന്താണൊരു കുറവ്, എനിക്കെന്താണൊരു കുറവ്, ഈ ഒരു കാര്യം മനസ്സിലാക്കാൻ ഞാൻ ഭ്രാന്തനെപ്പോലെ ശ്രമി ക്കുകയായിരുന്നു. മനീഷ പൊട്ടിയുമല്ല, കുഞ്ഞുകുട്ടിയുമല്ല. എന്നിട്ടും രണ്ടുകൊല്ലത്തിനിടക്ക് ഒരിക്കൽ പോലും ഒറ്റക്കു സംസാരിക്കാൻ അവളെനിക്കവസരം തന്നില്ല. എന്റെ എല്ലാ സൂചനകളും, വിദ്യകളും, നിസ്സഹായമായ ആത്മസമ ർപ്പണവും എല്ലാം വ്യർത്ഥമാക്കിക്കൊണ്ട് മനീഷ എന്നിലെ ആൾക്കൂട്ടത്തിൽ സ്വന്തമായി ഒരു സ്ഥാനം കൈവശപ്പെടുത്തി അകന്നുനിന്നു. എനിക്കൊരു വ്യർത്ഥ കാമുകനാകനുള്ള യോഗ്യതപോലുമില്ലെന്നോ? പക്ഷേ എന്റെ ആഗ്രഹം അറി യിക്കാതെ ഞാനെങ്ങനെ വ്യർത്ഥകാമുകനാകും? ഒരിക്കൽ തോന്നി എഴുത്തയക്കാമെന്ന്. അവളുടെ വീട് വളരെ അടു ത്താണ്. ഏതുസമയത്തും അവിടെച്ചെന്ന് അവളെ കാണാം. അതിനാൽ എഴുത്തെഴുതുക ഒരു വിഡ്ഢിത്തമാണെന്നെനി ക്കുതോന്നി. അവൾ ആ എഴുത്ത് എല്ലാവരേയും കാണിച്ച് പൊട്ടിച്ചിരിക്കുമെന്ന ഒരു ഗൂഢമായ ധാരണയും എന്നിലു ണ്ടായിരുന്നു. എം. എ പാസ്സായി സോഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗിനു മനീഷ ഹൈദ്രാബാദിൽ പോയപ്പോൾ ഞാൻ മിനക്കെട്ട് അവളുടെ മേൽവിലാസം സമ്പാദിക്കുകയും അവ ൾക്ക് ഒരെഴുത്തെഴുതുകയും ചെയ്തു. വടിവൊത്ത അക്ഷര ത്തിൽ സ്ഫുടതയുള്ള ഒരെഴുത്ത്. ആ എഴുത്തിന് ഒരു മറുപ ടിയും കിട്ടിയില്ല. തിരിച്ചുവന്നതിനുശേഷം മനീഷയുടെ പെരു

മാറ്റത്തിൽ ഒരു വ്യത്യാസവും കണ്ടില്ല. ഞാൻ അരുണിന്റെ മുമ്പിൽവെച്ചുതന്നെ അവളോടു ചോദിച്ചു, നിനക്കൊരെഴുത്തെഴുതിയിരുന്നല്ലോ? എന്തേ മറുപടി അയക്കാഞ്ഞത്?

മനീഷ ആ സമയത്ത് ഹൈദ്രാബാദിൽ നിന്നുകൊണ്ടുവന്ന ഒരു കല്ലുവച്ച മാല എന്നെ കാണിക്കുകയായിരുന്നു. അവൾ കണ്ണുയർത്തി അനായാസമായി പറഞ്ഞു. എൻറമ്മേ... എഴുത്തെഴുതിയിരുന്നോ? കിട്ടിയില്ലല്ലോ... ഛേ... എഴുത്തു കിട്ടിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു... പുറത്തെവിടെയെങ്കിലും താമസിക്കുമ്പോൾ എഴുത്തു കിട്ടുന്നത് എത്ര രസമുള്ള കാര്യമാണ്....

ആ സമയം തുച്ഛവും വിലകെട്ടതും ആയ ഒരു ചവറാണ് ഞാൻ എന്നെനിക്ക് തോന്നി. ഈ ഒരു സാധാരണ പെൺകുട്ടിയുടെ മനസ്സിനെ സ്പർശിക്കുവാൻ എനിക്കു കഴിവില്ലെന്നോ? ഇതിനുമുമ്പ് രണ്ടുമൂന്നു പെൺകുട്ടികളെ പാവക്കൂത്ത് കളിപ്പിക്കാൻ ഞാൻ നന്നായി പഠിച്ചിരുന്നു. പക്ഷേ ആ പാവകളിൽ പ്രാണൻ തിരക്കിച്ചെന്നപ്പോഴാണ് എനിക്കു മനസ്സിലാവുന്നത് അതിനുള്ള മന്ത്രം ഞാൻ പഠിച്ചിട്ടില്ലെന്ന്. മനീഷ വേറെ ആർക്കെങ്കിലും അവളുടെ ജീവിതം പണയപ്പെടുത്തിയിട്ടുണ്ടോ? അഥവാ അവളിലെ വണ്ട് ഏതെങ്കിലും ചെപ്പിൽ അവൾ സൂക്ഷിച്ചു വെച്ചിട്ടുണ്ടോ എന്നറിയാനായി ഞാൻ രഹസ്യാന്വേഷണം തുടങ്ങി. ഒന്നും അറിയാൻ കഴിഞ്ഞില്ല. എന്നുതന്നെയല്ല, മനീഷയെപ്പോലെ സ്വഭാവമുള്ള ഒരു പെൺകുട്ടിക്ക് അവൾ ആരെയെങ്കിലും സ്നേഹിച്ചിരുന്നെങ്കിൽ അതു മറച്ചുവെക്കേണ്ട കാര്യവുമില്ലായിരുന്നു. കോളേജിലെ അവളുടെ ആൺകൂട്ടുകാർ പലപ്പോഴും അവളുടെ വീട്ടിൽ വരുമായിരുന്നു. യാതൊരു കോപവും കൂടാതെ അവരുമായി അവൾ പൂമുഖത്തിരുന്ന് സംസാരിക്കുകയും ഇടക്കിടെ അവരുടെകൂടെ ഇറങ്ങിപ്പോവുകയും ചെയ്തിരുന്നു. അവരുടെ വീട്ടിലെ അന്തരീക്ഷം സ്വതന്ത്രമായിരുന്നു. അവളുടെ അച്ഛൻ ഒരു കാര്യത്തിലും അവളെ വിലക്കുകയില്ലായിരുന്നു. അദ്ദേഹം നഗരസഭയുടെ കൗൺസിലർ ആയതുകാരണം, വീടിന്റെ ശ്രദ്ധ കുറവായിരുന്നു. സമൂഹത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവനും. അരുണിന്റേയും അവളുടേയും വയസ്സിൽ വലിയ വ്യത്യാസമി

ല്ലായിരുന്നു. അവർ കൂട്ടുകാരെപ്പോലെ ആയിരുന്നു. പുരികം പോലും ഒന്നുചുളിക്കാതെ മനീഷ എന്നെ കഷ്ടപ്പെടുത്താൻ തുടങ്ങി. എൻെറ വിഷമം കൂട്ടുകാരോടെങ്ങിനെ പറയാൻ പറ്റും? ഈ കാര്യത്തിൽ ഞാൻ എത്രത്തോളം ഏകാകിയാണോ അത്രത്തോളം എൻെറ വ്യാകുലതയും വർദ്ധിച്ചു കൊണ്ടിരുന്നു. അങ്ങിനെയായപ്പോൾ ഞാൻ മനീഷയുടെയും അരുണിൻേറയും വീട്ടിൽ പോകുന്നത് പാടെ നിർത്തിവെച്ചു.

അതിനുശേഷം പിന്നെ എനിക്കു മനസ്സിലായി, മനീഷയെ കാണാതിരിക്കുകമൂലം ഞാൻ എന്നിലെ ശക്തിയും മഹിമയും നഷ്ടപ്പെടുത്തിക്കളയുന്നു എന്ന്. ഞാൻ വീണ്ടും ചീട്ടുകളിയിൽ തോൽക്കാൻ തുടങ്ങി. അൽപം മദ്യം കുടിച്ചാൽപോലും ബോധം നഷ്ടപ്പെടാൻ തുടങ്ങി. നിരത്തു മുറിച്ചുകടക്കുമ്പോൾ പലപ്പോഴും വണ്ടിക്കടിയിൽപ്പെട്ടുപോകുമായിരുന്നേനെ. എൻെറ മുഖത്തു നേരെനോക്കി സംസാരിക്കാൻ അധൈര്യപ്പെട്ടിരുന്ന സാധാരണക്കാർ പോലും എന്നെ വകവെക്കാതെ അപമാനിക്കാൻ തുടങ്ങി. മനീഷയുടെ കാര്യം അപ്പാടെ അവസാനിപ്പിക്കേണ്ടത് എനിക്കാവശ്യമാണെന്നു മനസ്സിലായി.

ഇത് കഴിഞ്ഞ് നാലു മാസങ്ങൾക്കുശേഷം ഞാൻ യാദൃച്ഛികമായി മനീഷയെ തനിച്ചു കണ്ടുമുട്ടി. സന്ധ്യാസമയത്ത് നാഷനൽ ലൈബ്രറിയിൽ നിന്നും ഒററക്ക് പുറത്തുവരികയായിരുന്നു. പിന്നിൽ നിന്നും മനീഷ എന്നെ വിളിച്ചു, മനീഷയും ലൈബ്രറിയിൽ ഉണ്ടായിരുന്നു. ഞാൻ വളരെ സൗമ്യതയോടെ അവളോടു ചോദിച്ചു. നീ എപ്പോൾ വന്നു?... അവൾ പറഞ്ഞു. ഞാനെപ്പോഴെ വന്നിരിക്കുന്നല്ലോ, ഉച്ചക്ക് മൂന്നുമണിമുതൽ.. എൻെറ അകം പെട്ടെന്ന് കുളിരണിഞ്ഞു. ഇന്നേരമത്രയും ഒറ്റക്കൊറ്റക്ക് ഞങ്ങൾ രണ്ടുപേരും നാഷനൽ ലൈബ്രറിയിൽ ഉണ്ടായിരുന്നു, എന്നിട്ടും ഞാനവളെ കണ്ടില്ല. ഇനി പോകുന്ന വഴിക്ക് നിശ്ചയമായും വല്ലവരേയും കണ്ടുമുട്ടിയേക്കാം. ഒന്നുകിൽ അവളുടെ അല്ലെങ്കിൽ എൻെറ പരിചയക്കാർ. അവർ പിന്നെ കൂടെ നിന്നും മാറില്ല. ഏതെങ്കിലും ഒരു മായ വിദ്യകൊണ്ട് ഇവിടെനിന്നും ഞങ്ങൾക്കു രണ്ടുപേർക്കും അദൃശ്യരാവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ വളരെ ആശിച്ചു.

മറ്റാരേയും കണ്ടുമുട്ടുകയുണ്ടായില്ല. ഞാൻ മനീഷയോടു ചോദിച്ചു, നീയിപ്പോൾ വീട്ടിലേക്കാവുമല്ലോ?

– അതെ നിങ്ങൾ ഇനി സൊളളാൻ പോവുകയായിരിക്കും അല്ലേ.. നടക്കൂ.. ചുരുങ്ങിയത് ബസ് സ്റ്റോപ്പ്വരെയെങ്കിലും എന്നെ കൊണ്ടെത്തിക്കൂ...

– എനിക്കെവിടെയെങ്കിലും പോകാനുള്ള ഉദ്ദേശമില്ല. നടക്കൂ... മൈതാനം വഴി എസ്പ്ലനേഡ് വരെ നടക്കാം.. പിന്നെ നിന്നെ അവിടെനിന്നും ബസ്സ് കയറ്റി അയക്കാം. എന്താ... നടന്നുകൂടെ, ഇന്നു ചൂടില്ലല്ലോ...

– ഇന്ന് വളരെ സുന്ദരമായ കാറ്റുവീശുന്നു അല്ലേ? ലൈബ്രറിയിൽ എന്തൊരു പുകച്ചിലായിരുന്നു.

കുറച്ചുനേരം ഇരുവരും നിശ്ശബ്ദരായി നടന്നു. നാലരമാസമായി അവളെ കണ്ടിട്ട്. അതിനെപ്പറ്റി മനീഷ ഒരു വാക്കു പോലു സംസാരിച്ചില്ലല്ലോ. ഞാനാകട്ടെ എന്നും അവളെ ഓർത്തിരിക്കുന്നു. മനീഷയുടെ ഓരോ വാക്കും ചലനവും സ്വാഭാവികത നിറഞ്ഞതാണ്. എന്നെ കണ്ടുമുട്ടിയതിൽ അവൾ വളരെ സന്തുഷ്ടയാണെന്ന് കണ്ടാൽ തോന്നും. ചിരിച്ചാലും ഇല്ലെങ്കിലും മനീഷയുടെ കീഴ്ചുണ്ട് സദാ പുഞ്ചിരി തുളുമ്പുന്നതായി തോന്നും. വികസിച്ച മുഖത്ത് നിലാവ് തട്ടി അൽപം നിറം മാറിയിരിക്കുന്നു. കട്ടികുറഞ്ഞ മറൂൺ നിറത്തിലുള്ള സിൽക്കുസാരി ചുറ്റിയിട്ടുണ്ടെങ്കിലും സാരി അവളുടെ ശരീരത്തിൽ നിന്നും പുർണ്ണമായും വേറിട്ടു നിൽക്കയാണെന്നുതോന്നും- ശരീരത്തെ പൊതിഞ്ഞിരിക്കയാണ്, പക്ഷേ സ്പർശിച്ചിട്ടില്ല എന്ന്. രണ്ടുപുരികത്തിനും ഇടക്ക് ചുവന്ന പൊട്ട് തൊട്ട് (ശരിക്കും നടുക്കല്ല അൽപം ചരിഞ്ഞാണ്), ഉൽസാഹപൂർവ്വം നടക്കുകയാണ്. ഇടക്കിടെ കൈയിലെ ചെറിയ ബാഗ് മുകളിലേക്കെറിഞ്ഞ് വീണ്ടും ചാടിപ്പിടിക്കും. ഞാൻ പറഞ്ഞു, മനീഷ നിൻെറ കൈയൊന്നു കാണട്ടെ..

വിസ്സമ്മതം കൂടാതെ ഒരു കൈ നീട്ടിക്കാണിച്ചുകൊണ്ട് മനീഷ പറഞ്ഞു. കണ്ടോ, കൈ എന്തു മാത്രം വിയർത്തിരിക്കുന്നെന്ന്. എൻെറ കൈ വല്ലാതെ വിയർക്കാറുണ്ട്.

ഞാൻ അവളുടെ കൈ എടുത്ത് മൂക്കിനടുത്ത് കൊണ്ടുവന്നു മണപ്പിച്ചു. നിൻെറ കൈക്ക് തലയിലെ എണ്ണയുടെ മണം. എന്തെണ്ണയാണ് തലയിൽ പുരട്ടിയിരിക്കുന്നത്?

മനീഷ സാധാരണയായി മുടി കെട്ടിവെക്കാറില്ല. കൈകൊണ്ട് മുടിയുടെ അറ്റം എൻെറ നേരെ നീട്ടിപ്പറഞ്ഞു, മണത്തു നോക്കൂ, വെറും വെളിച്ചെണ്ണയാണ്.

ഞാൻ രണ്ടുകൈകൊണ്ടും അവളുടെ മുടിയുടെ അറ്റം പിടിച്ച് അതിൽ മുഖമാഴ്ത്തി, ആരുവേണമെങ്കിൽ കാണട്ടെ. നിൻെറ മുടിക്കും നല്ല മണമുണ്ട്. അതിൻേറതായ മണം.

കിലുകിലാ ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു, എല്ലാരുടേയും മൂക്കിന് ഈ ഗന്ധം കിട്ടാൻ സാദ്ധ്യതയില്ല. എനിക്കിപ്പോൾ വളരെ വൃത്തികെട്ട ഒരു ചീഞ്ഞ മണമാണ് കിട്ടുന്നത്.

- ഓ ഒരു ചീഞ്ഞ മണവുമില്ലല്ലോ...

- ഉണ്ട്, തീർച്ചയായും, നിരത്ത്വക്കിലെവിടേയോ വല്ല പട്ടിയോ പൂച്ചയോ ചത്തുകിടക്കുന്നുണ്ട്, ദാ കണ്ടോ.. ദാ അവിടെ...

ശരിയായിരുന്നു, റോഡിനരികെ ഒരു പട്ടി ചത്തുകിടക്കുന്നു. രണ്ടുമൂന്നുദിവസം മുമ്പ് വണ്ടിക്കടിയിൽ കുടുങ്ങിയതാണെന്നു തോന്നുന്നു. വയറിനടുത്ത് കീറിപ്പൊളിഞ്ഞിരിക്കുന്നു. കണ്ണുരണ്ടുമില്ല. ദിവസം മുഴുവനും ആകാവുന്നത്ര തിന്ന് കാക്കകൾ നാളെക്ക് ബാക്കിവച്ചിരിക്കുകയാണ്. ആ ബീഭത്സമായ ദൃശ്യത്തിലേക്ക് നോക്കിയതും ഞാൻ നോട്ടം പിൻതിരിച്ചു. ഇപ്പോഴിത് കാണേണ്ട വല്ല ആവശ്യവുമുണ്ടായിരുന്നോ? എന്തിനാണിതെല്ലാം കണ്ണിൽ പെട്ടത്? കുറച്ചുനേരം ഒന്നും സംസാരിച്ചില്ല. രണ്ടുപേരും കൈപിടിച്ച് നിമിഷങ്ങളോളം വെറുതെ നടന്നു. അതിനുശേഷം ഞാൻ പറഞ്ഞു. മനീഷ, നീയിത്ര അഹങ്കാരിയായത് എന്തിനാണ്?

- കൊള്ളാം, നിങ്ങളുടെ അടുത്ത് എന്തഹങ്കാരമാണ് ഞാൻ കാണിച്ചത്?

- നീ എന്നെ കാണാനേ ഇഷ്ടപ്പെടുന്നില്ല. സംസാരിക്കാനും ഇഷ്ടപ്പെടുന്നില്ല- ഞാൻ നിന്നെ...

- ഇപ്പോഴെന്താ കണ്ടില്ലെ, നിങ്ങളൊക്കെത്തന്നെയാണ് വല്ലിടത്തും കിടക്കുന്നത്....

- നിങ്ങളൊക്കെ എന്നുപറയുന്നത് എന്തിനാണ്. എൻെറ മാത്രം കാര്യം ചോദിച്ചുകൂടെ?

- ഓ നിങ്ങൾക്കുതന്നെയാണിപ്പോൾ അഹങ്കാരം കൂടുന്നതെന്നു തോന്നുന്നു. താപസ് ചേട്ടൻെറ കല്യാണം ഇതി

നിടയിൽ കഴിഞ്ഞെന്നോ മറ്റോ കേട്ടു....

: -ങ്ും.

- കണ്ടില്ലേ, ഞങ്ങളെ ക്ഷണിച്ചതുപോലുമില്ല. നിങ്ങളുടെ കല്യാണത്തിന് ക്ഷണിച്ചേക്കണേ. അന്ന് മറന്നുപോവരുത് പിന്നെ.....

- എന്നാണ് നിന്റെ കല്യാണം?

- അതുതന്നെയാണ് ചിന്തിക്കുന്നത്, എന്റെ ആ സുദിനം എന്നാണു വരിക. ഇതു പറഞ്ഞു മനീഷ വീണ്ടും ചിരിക്കാൻ തുടങ്ങി.

ഞാനും ഒരു നിമിഷം ചിരിച്ചുകൊണ്ടു പറഞ്ഞു. മനീഷ, എന്റെ നേർക്കുനോക്കാൻ നിനക്കാഗ്രഹമേ ഇല്ലേ...

മനീഷ മുഖം ഒന്നാകെ തിരിച്ചുകൊണ്ടു പറഞ്ഞു. ഇതാ.. കണ്ടോ.. നോക്കുന്നു... അയ്യോ ഇത്രയും സുന്ദരമായ നിങ്ങളുടെ മുഖം നോക്കാതിരിക്കുന്നതെങ്ങിനെ?

- മനീഷ, വളരെ ദിവസമായി നിന്നോടൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു...

- ഇത്രയും കാര്യം പറഞ്ഞില്ലെ, ഇനിയുമെന്തൊരു കാര്യമാണ്. നടക്കൂന്നേ, കുൽഫി- മലായ് കഴിക്കാം.

- കഴിക്കാം ...അതിനുമുമ്പ്...

അതിനുമുമ്പെന്തിനാണ്. അതുകഴിഞ്ഞാൽ ആയിക്കൂടെ... എന്താണിങ്ങനെയൊരു ' കാര്യം? ഇടക്കിടെ നിങ്ങളുടെയൊക്കെ ഒരു കുട്ടിക്കളി..

- വീണ്ടും നിങ്ങളുടെയൊക്കെ? ഇന്ന് എന്റെ മാത്രം കാര്യം.

- നിങ്ങൾ എന്തൊരു സ്വാർത്ഥനാണ്. നടക്കൂ.. ആ വയസ്സന്റെ അടുത്തേക്കുപോകാം. കുൽഫി പർവ്വം സംക്ഷിപ്തമായി അങ്ങിനെ അവസാനിച്ചു. എന്റെ സിഗരറ്റ് കെട്ടുപോയിരുന്നു. ഈ തക്കത്തിന് ഞാൻ സിഗരറ്റ് വാങ്ങിച്ചു. വലതുഭാഗത്തുകൂടി നടക്കാതെ പറഞ്ഞു. നടക്കൂ.. റോഡിനരികിലൂടെ നടക്കാം. നല്ല വഴി..

മങ്ങിയ അന്ധകാരത്തിൽ റെഡ്റോഡ്. 'ശരശരാ' എന്ന് വാഹനങ്ങൾ കുതിച്ചുപായുന്നു. സിഗരറ്റിന്റെ പുക വായിൽ നിന്നും പുറത്തുവിടുന്നതിനുമുമ്പ് തന്നെ വകതിരിവില്ലാത്ത കാറ്റ് മുകളിലേക്ക് കൊണ്ടുപോകുന്നു. ഞങ്ങൾ കാറ്റിനെതി

രായി നടന്നിരുന്നതുകൊണ്ട് മനീഷയുടെ ശരീരത്തിലെ രേഖ കളും ആകൃതിയും സ്പഷ്ടമായി എന്റെ കണ്ണിൽ പെട്ടു. അവളുടെ കഴുത്തും, മുലയും, രണ്ടുതുടയുടെ വേർതിരിവും അടുത്തുകണ്ട ആ നിമിഷത്തിൽ അൽപം പിറകോട്ടുമാറി പിന്നിൽ നിന്ന് അവളുടെ ശരീരചലനം കാണുവാനുള്ള ഉൽ ക്കടമായ ആഗ്രഹം എനിക്കുണ്ടായി. മനീഷ കുറ്റമറ്റ സുന്ദരി യാണെന്ന് പറയാൻ വയ്യ. അവളുടെ അരക്കെട്ട് അൽപം കൂടി ഇടുങ്ങിയതാവേണ്ടിയിരുന്നു. തംബുരു രണ്ടും അത്ര വടി വൊത്തതല്ല. മുടിക്കെട്ടിന്റെ വീതിയും കുറവാണ്. പക്ഷേ ഒന്നുരണ്ടു കുറ്റമില്ലെങ്കിൽ രൂപിണി ഒരിക്കലും മോഹിനി യാവുകയില്ല. മനീഷയുടെ ഇടതുകണ്ണിന്റെ അരികെ ഒരു മുറിവിന്റെ പാട്, ആ മുറിപ്പാടിൽ വീണ്ടും വീണ്ടും ഉമ്മ വെക്കാൻ എനിക്കു തോന്നാറുണ്ട്. ആ മുറിപ്പാട് എന്റെ മുഖത്തേക്ക് പറിച്ചു മാറ്റുവാൻ ഞാൻ ആഗ്രഹിക്കാറുണ്ട്. മനീഷയുടെ മുഖത്തേക്കു നോക്കാനായി ഞാൻ വീണ്ടും അവളുടെ അരികിലേക്ക് നടന്നെത്തി.

കാറ്റിൽ പറന്നുയരുന്ന മുടി മാടിയൊതുക്കാൻ പാടു പെട്ടുകൊണ്ടു മനീഷ പറഞ്ഞു, ഇന്ന് നടക്കാൻ നല്ല രസം തോന്നുന്നു. എന്തൊരു മനോഹരമായ നിരത്ത്. ഈ റോഡിലൂടെ നമ്മളെപ്പോഴും വാഹനങ്ങളിലാണ് സഞ്ചരി ക്കാറ്. പക്ഷേ നടക്കുമ്പോൾ തന്നെയാണ് കൂടുതൽ രസം തോന്നുന്നത്. ചേട്ടന് തോന്നുന്നില്ലേ?

– ങും, എങ്കിലും കാറ്റിത്തിരി കൂടുതലാണ്. സംസാരി ക്കുമ്പോൾ ഉറക്കെ ഉറക്കെ പറയേണ്ടിവരുന്നു.

– സംസാരിക്കാതിരുന്നാൽ മതിയല്ലോ, ഒന്നും മിണ്ടാതെ നടക്കാനാണ് കൂടുതൽ രസം.

– പക്ഷേ നിന്നോടെനിക്കൊരുകാര്യം ചോദിക്കാനുള്ളത് ചോദിച്ചേ പറ്റൂ.

കാണട്ടെ ....നിന്റെ കൈ ഒന്നു തരൂ... അറിയാമോ ഹജാരി ബാഗിൽ ഒരു നിരത്തുണ്ട്. വളരെ മനോഹരം. രണ്ടുഭാ ഗത്തും ഭയങ്കരമായ കാട്. ഇടക്കുകൂടി നിരത്തുണ്ട്. നീണ്ട് തിരമാല പോലെയുള്ള നിരത്ത്. ആ നിരത്തിൽ കൂടി നടക്കു മ്പോൾ ആർക്കും ഒന്നും മിണ്ടാൻ തോന്നില്ല. വിഭൂതിഭൂഷൺ ബന്ദോപാദ്ധ്യായ പറഞ്ഞിട്ടുണ്ട്, ഈ സ്ഥലമാണ് ഭൂമിയിലെ

ഏറ്റവും വിജനമായ സ്ഥലമെന്ന് തോന്നുമെന്ന്.ഞങ്ങൾ നാലഞ്ചുപേരുണ്ടായിരുന്നു. എന്റെ സ്നേഹിത രത്ന, അവളുടെ ഭർത്താവ്, പിന്നെ അവരുടെ രണ്ടുസുഹൃത്തുക്കളും. പക്ഷേ ഞങ്ങളാരുംതന്നെ അവിടെവച്ച് ഒരക്ഷരം മിണ്ടിയില്ല. അരമണിക്കൂറോളം ഞങ്ങളുടെ ചെരിപ്പിന്റെ ശബ്ദം മാത്രം.

ഞാൻ പെട്ടെന്നു നിന്നു പറഞ്ഞു, മനീഷാ, മൈതാനത്തിന്റെ നടുക്കുപോയി അൽപമിരിക്കാം.

- വേണ്ട, ഇനിയും വൈകിക്കാനില്ല. മടങ്ങേണ്ട സമയമായി... നടക്കൂ.. ബസ്സിൽ കയറട്ടെ.

- വരൂ.. എങ്കിൽ ഇവിടെ അൽപനേരം നിൽക്കാം.

- നിരത്തിൽ കൂടി നടക്കുമ്പോൾ എനിക്കു നിൽക്കുന്നതും ഇഷ്ടമല്ല. നടക്കാൻ തന്നെയാണ് ഇഷ്ടം.

പക്ഷേ മനീഷയുടെ കൈ എന്റെ കൈയ്യിലായിരുന്നു. അതുകൊണ്ടുതന്നെ അവൾ നിൽപായി. ഒരു വലിയ റെയിൻ ട്രീ മരത്തിന്റെ ചുവട്ടിൽ . എന്റെ ചുണ്ടിനരികെ കയ്പുരസം. ശരീരം നിറഞ്ഞുനിൽക്കുന്ന അപമാനം. ഒരു ഭാഷയുമില്ല. മനുഷ്യനു പറയാൻ ആഗ്രഹിക്കുന്നത് പെട്ടെന്ന് പറഞ്ഞു തുലക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്? ഇങ്ങിനെയൊരു സ്ഥിതിവിശേഷത്തിൽ ഒരിക്കലും പെട്ടിട്ടില്ല. ഞാൻ നിന്നെ സ്നേഹിക്കുന്നു, സമാധനം കാംക്ഷിക്കുന്നു. നിന്നെക്കൊണ്ട് എനിക്കു സമാധാനം തരുവാൻ കഴിയുമോ ഇല്ലയോ? ഇക്കാര്യത്തെപ്പറ്റി ഒറ്റവാക്കിൽ ഉത്തരം തരണം. എന്ന് അവളോട് ചോദിക്കാനുള്ള ആഗ്രഹം ഒരിക്കൽ എന്നിലുണ്ടായി.

പക്ഷേ അറിയാമല്ലോ ഏതു തരത്തിലുള്ള പെണ്ണാണെന്ന്. ഈ വർത്തമാനം കേട്ടാൽ കിലുകിലാ എന്നു ചിരിക്കാൻ തുടങ്ങും. കുസൃതി. പെണ്ണുങ്ങളെല്ലാംതന്നെ ഓരോരോ കുസൃതിക്കുടുക്കകളാണ്. എനിക്ക് ഇവരെ ടാക്കിൾ ചെയ്യാൻ പറ്റുമെന്നു തോന്നുന്നില്ല. ഞാനൽപം അധീരനായി പറഞ്ഞു. മനീഷ, എന്നോടൊത്ത് ഇവിടെ അൽപനേരം നിൽക്കാൻ നിനക്കിഷ്ടമില്ലേ?

- ഇഷ്ടപ്പെടാതിരിക്കാൻ, ഇഷ്ടം തന്നെയാണ്. പക്ഷേ ഇപ്പോൾ വീട്ടിലേക്ക് മടങ്ങേണ്ട സമയമായി.

- അൽപം വൈകിയാൽ എന്തുപറ്റാനാണ്? മനീഷാ.

നീയെന്നെ ഭയപ്പെടുന്നുണ്ടോ?

ശരിക്കും ശബ്ദത്തോടുകൂടി ചിരിച്ചുകൊണ്ട് മനീഷ പറഞ്ഞു. എന്തിന്? എന്തിന് ഭയപ്പെടണം. നിങ്ങളിന്ന് ഇങ്ങിനെ വിഡ്ഢിത്തം സംസാരിക്കുന്നതെന്താണ്? എന്തു പറ്റി ചേട്ടന്?

– ഒന്നും പറ്റിയിട്ടില്ല, എനിക്കു നിന്നെ അടുത്തു കിട്ടാൻ ആഗ്രഹമുണ്ട്.

– ഇതാ, അടുത്ത്തന്നെയാണല്ലോ, ഇനിയും അടുത്തു വരണോ. ഇതാ വന്നിരിക്കുന്നു, ഇനി വീട്ടിൽ പോകാം, മിടുക്കനെല്ലേ?

– നിനക്കെന്താ ഒന്നും മനസ്സിലാകുന്നില്ലേ?

– ഇല്ല എനിക്കൊന്നും മനസ്സിലാകുന്നില്ല. ഈ രാത്രിയിൽ നേരം വൈകിയ നേരത്ത് നിങ്ങൾ മനസ്സിലാക്കിത്തരികയും ചെയ്യേണ്ട ആവശ്യമില്ല.

എൻെറ ക്ഷമ അവിടെ അവസാനിച്ചു. ഞാൻ നന്നാകാനുള്ള ശ്രമവും അവിടെ അവസാനിച്ചു. എൻെറ വഴിമാറ്റത്തിനുള്ള പരിശ്രമവും അവിടെ അവസാനിച്ചു. ഒരൊറ്റവലിക്ക് ഞാൻ മനീഷയെ എൻെറ മാറിലേക്ക് അണച്ചു. വലിയുടെ ശക്തികാരണം അവളുടെ തല വന്ന് എൻെറ കീഴ്ത്താടിയിലടിച്ചു. ഒരസുരൻെറ ശക്തിയോടുകൂടി ഞാനവളെ എന്നോടു ചേർത്തുപിടിച്ചു. എൻെറ ഒരു കൈ അവളുടെ മുതുകത്താണ്. ആ അമർത്തലിൻെറ ദാർഢ്യം കാരണം എൻെറ കൈയിലെ അഞ്ചുവിരലുകൾ അവളുടെ മൃദുലമായ പിൻവശത്ത് പാടു വീഴ്ത്തുകയാണ്. അവളുടെ വാരിയെല്ലുകൾ ഈ ഒരു മുഹൂർത്തത്തിൽ പൊട്ടിത്തകരും. എൻെറ മറ്റേകൈകൊണ്ട് ഞാൻ അവളുടെ മുഖമുയർത്തുന്നു. ആദ്യം മനീഷ അവളുടെ ചുണ്ടുവിടർത്തിയില്ല. പക്ഷേ ഒരു ബുൾഡോസർ ഓടിക്കുന്നതുപോലെ എൻെറ രണ്ടുചുണ്ടുകൾ. എൻെറ ശ്വാസം മുട്ടുന്നതുവരെ, അവളുടെ ചുണ്ടുകളോടു ചേർത്ത് ഓടിച്ചു. നോക്കട്ടെ ഈ ഭാഷ അവൾക്കു മനസ്സിലാകുമോ എന്ന്.

ഞാൻ വിട്ടപ്പോൾ, സാരിത്തലപ്പുകൊണ്ട് മനീഷ ആദ്യം ചുണ്ടുകളും പിന്നീട് മുഖവും തുടച്ചു. എന്നിട്ട് വളരെ ശാന്തഭാവത്തോടുകൂടി പറഞ്ഞു. ഛീ- എന്തിനാണിത്തരം ഭ്രാന്തത്തം കാട്ടിയത്? എനിക്കപ്പോൾ ഉത്തരം കൊടുക്കാ

നുള്ള ആഗ്രഹം ഇല്ലായിരുന്നു. ഞാനപ്പോൾ കിതക്കുകയായിരുന്നു. കണ്ണുതുറിച്ചു വരുന്നു. മനീഷയാകട്ടെ അടുത്തുതന്നെ ഇതിലൊന്നിലും യാതൊരു പങ്കുമില്ലാത്തപോലെ നിൽക്കുകയാണ്. എന്തുകൊണ്ടെന്നറിയില്ല, ദൂരെയുള്ള മരക്കൂട്ടങ്ങളോ, ഇരുട്ടോ, ആകാശമോ, ഒന്നുംതന്നെ എനിക്കു കാണാൻ കഴിഞ്ഞില്ല. ഞാൻ മനീഷയെ മാത്രം കണ്ടു. അവളുടെ ക്ഷീണിച്ച ആ വിഗ്രഹം ഭൂമിയും ആകാശവും സ്പർശിച്ചുനിൽക്കയാണ്. ഞാൻ വീണ്ടും അവളെ ചുംബിക്കാനായി അവളെ വലിച്ചടുപ്പിക്കാൻ ശ്രമിച്ചപ്പോൾ പെട്ടെന്ന് മനീഷ അവളുടെ ചുണ്ടുകൾക്കു പകരം എന്റെ ചുണ്ടുകൾ പൊത്തി. അവളുടെ മൃദുലമായ കൈയാൽ എന്റെ ചുണ്ടുകൾ ബന്ധിക്കപ്പെട്ടു. കാതരമായ ശബ്ദത്തിൽ അവൾ പറഞ്ഞു. ഇനിയും നിങ്ങളെ ഞാൻ ഭ്രാന്തത്തം കാണിക്കാൻ അനുവദിക്കുകയില്ല, നോക്കൂ പിന്നീട് ഇതുമൂലം നിങ്ങൾക്കുതന്നെ വിഷമം വരും.

– എനിക്കിപ്പോൾ തന്നെ ധാരാളം വിഷമമുണ്ട്. നീ എന്നെ എന്തിനാണിത്ര കഷ്ടപ്പെടുത്തുന്നത്?

– ഞാൻ നിങ്ങളെ കഷ്ടപ്പെടുത്തിയോ? അങ്ങിനെയാണെങ്കിൽ അറിയാതെ ചെയ്തതാണ്, സത്യം. ഞാൻ എന്താണ് നിങ്ങളെ കഷ്ടപ്പെടുത്തിയത്?

അപ്പോൾ എന്റെ തലയ്ക്കു വെളിവില്ലായിരുന്നു. എല്ലാം കീഴ്മേൽ മറിഞ്ഞ് തകർന്നു തരിപ്പണമായിത്തീർന്നിരിക്കയാണ്. അവസാനമായി തോൽക്കുമ്പോൾ എല്ലാവരും ഭീരുക്കളായി മാറുന്നു. ഞാൻ കർക്കശസ്വരത്തിൽ ഒച്ചവെച്ചുകൊണ്ട് പറഞ്ഞു, നിനക്കൊന്നും മനസ്സിലാവുന്നില്ലേ? ഇല്ലേ. ജാടവേണ്ട, പറഞ്ഞതും ഞാൻ മനീഷയുടെ വെളുത്ത കവിളിൽ ഒരടിവെച്ചുകൊടുത്തു. ഇത്രയും ശക്തിയിൽ അടിക്കാൻ ഒരു പക്ഷേ എനിക്കാഗ്രഹമുണ്ടായിരുന്നിരിക്കില്ല. പക്ഷേ അടിക്കാൻ തക്കവണ്ണമുള്ള ആഗ്രഹവും ഇതിനുമുമ്പുണ്ടായിട്ടില്ല. ഞാൻ തുറിച്ചു മനീഷയെ നോക്കിക്കൊണ്ടുനിന്നു.

മനീഷയും വളരെനേരം എന്നെത്തന്നെ നോക്കിനിന്നു. മുഖത്ത് അൽപംപോലും ദേഷ്യമില്ല. കണ്ണിലെ സ്നിഗ്ദ്ധത കണ്ടാൽതോന്നും കണ്ണിൽ നിന്നും പ്രകാശം വരികയാണെന്ന്. അല്ല, പ്രകാശമല്ല, ഒരുപക്ഷേ അവളുടെ കണ്ണി

ൽനിന്നും ഇപ്പോൾ കണ്ണീർ വന്നേക്കാം. പതുക്കെപ്പതുക്കെ അവൾ പറഞ്ഞു, നിങ്ങൾ ശരിക്കും ഭ്രാന്തനായി മാറിയോ? നിങ്ങളിത്രയും കുട്ടിത്തം വിട്ടുമാറാത്തവനാണെന്ന് അറിയുകയില്ലായിരുന്നു. ഇത്ര ശക്തിയിൽ ആരെങ്കിലും ആരെയും അടിക്കുമോ? സത്യം, വല്ലാതെ കൊണ്ടു.

– മനീഷ, എന്റെ കുറ്റമെന്താണ്? എന്തിന്റെ കുറവാണെനിക്ക്?

– നല്ല ഭ്രാന്തന്റെ കയ്യിലാണല്ലോ അകപ്പെട്ടിരിക്കുന്നത്. നിങ്ങളുടെ കുറ്റത്തിന്റെ കാര്യം ഞാൻ പറഞ്ഞോ? ഞാൻ ഇത്രമാത്രമാണ് പറഞ്ഞത്, നിങ്ങൾ കുട്ടിക്കളി കാണിക്കുന്നു.

– നീ എല്ലാം വളച്ചൊടിക്കുകയാണ്, എനിക്കറിഞ്ഞേ പറ്റൂ. എന്റെ അയോഗ്യതയുടെ കാരണം എന്താണെന്ന്? നീയെനിക്ക് ഉത്തരം തരൂ..

– ഞാനിനിയും ഒന്നും കേൾക്കാനും പോകുന്നില്ല, ഉത്തരം തരാനും പോകുന്നില്ല. ഞാൻ ഇനി വീട്ടിൽ പോകയാണ്. എന്നുവച്ച് എന്നെ ഈ ഇരുട്ടിലിട്ട് പോകാനൊന്നും പറ്റില്ല. എന്നെ ബസ്‌സ്റ്റോപ്പുവരെ കൊണ്ടുപോയാക്കിത്തരണം.

മനീഷ പതുക്കെ എന്റെ കൈയ്യിൽ കടന്നുപിടിച്ചുകൊണ്ട് അനുനയസ്വരത്തിൽ പറഞ്ഞു, നടക്കൂ.. നടക്കൂന്നെ.. മിടുക്കനല്ലേ. വെറുതെ നിങ്ങൾ എന്നോട് ദേഷ്യപ്പെടുകയാണ്.

ഇതെന്തുകൊണ്ടുണ്ടാക്കിയ സാധനമാണ്? ഈ ഇരുപത്തിയാറുവയസ്സുള്ള ശരീരവും ജീവനുംകൊണ്ട് അവൾ എന്താണാഗ്രഹിക്കുന്നത്? മനീഷയുടെ ശരീരം തണുത്തതൊന്നുമല്ലല്ലോ, ഞാനവളുടെ മാറിൽ കൈവെച്ചുനോക്കിയിട്ടുണ്ട്. ശൈത്യകാലത്തെ പൂച്ചയുടെപോലെ അവളുടെ മാറിടം മൃദുലവും ചൂടുള്ളതുമാണ്. ഹോളിയുടെ അന്ന് യാദൃച്ഛികമായി ഞാനവളുടെ മാറത്തുതൊട്ടതിനുശേഷം, അവളുടെ മുഖത്തെ രേഖകളിൽ യാതൊരു ലജ്ജയും കണ്ടില്ല. പക്ഷേ അവളുടെ ഉണർന്ന മാറിടം ആ ലജ്ജയും ആവേശവും അനുഭവിച്ചിരുന്നെന്ന് എനിക്കപ്പോൾതന്നെ സൂചന ലഭിച്ചിരുന്നു. ഇന്ന് ചുംബിക്കുമ്പോഴും എനിക്കവളുടെ ചൂടുള്ള നാവ് സ്പർശിക്കാൻ കഴിഞ്ഞിരുന്നു. എന്നിട്ടും എന്തിനാണ് അടുപ്പമില്ലാത്ത നാട്യത്തിൽ എന്നോട് ഇന്ന് പെരുമാറിയത്?

എന്നെ അവസാനംവരെ പരാജിതനും മരണതുല്യനും ആക്കി അവൾക്ക് എന്തു സന്തോഷമാണ് കിട്ടാൻ പോകുന്നത്? ഇത്രയും ചെറിയ ഈ പെണ്ണിനെ മൈതാനത്തിൻെറ നടുവിൽകൊണ്ടുപോയി ബലം പ്രയോഗിച്ചാൽ എവിടെപ്പോകാനാണെന്ന് അറിയില്ല. എങ്കിൽക്കൂടി അവൾക്കെന്നെ നിസ്സഹായനും നിർവ്വീര്യനുമാക്കി മാറ്റാൻ കഴിഞ്ഞെന്നുവരാം. സത്യത്തിൽ എല്ലാ സ്ത്രീകളും കാളീമൂർത്തി ആകണമെന്നാണോ ആഗ്രഹിക്കുന്നത്? കഴുത്തിൽ തലയോട്ടിമാല അണിഞ്ഞാലല്ലാതെ ഇവർക്കു തൃപ്തി വരില്ലേ? കുറച്ചു പുരുഷൻമാരുടെ പൊട്ടിത്തകർന്ന തല കാണട്ടെ... കാണട്ടെ... ഇതാ മനീഷ ഹൈദ്രാബാദിൽനിന്നും വാങ്ങിക്കൊണ്ടുവന്ന കല്ലുവച്ച മാല കഴുത്തിലിട്ടു നിൽക്കുന്നു. അതിനുപകരം തലയോട്ടി മാല വേണമെന്നു തോന്നുന്നു

മൈതാനത്തിൻെറ ബാക്കിനിരത്ത് ഒരക്ഷരംപോലും മിണ്ടാതെ ഞാൻ മനീഷയോടൊത്ത് നടന്നുപോന്നു, പെട്ടെന്ന് എന്തോ ഒരുതരം അനുതാപം എന്നിൽ ഉളവെടുത്തു. ഹോ, ഇവളെപ്പോലുള്ള സദാ പുഞ്ചിരിക്കുന്ന പെൺകുട്ടിയെ ഞാനെന്തിനാണ് നിശ്ശബ്ദയാക്കിത്തീർത്തത്? പക്ഷേ എനിക്കൊന്നും പറയാനില്ലായിരുന്നു. എല്ലാ വർത്തമാനത്തിലും അബദ്ധമായിരുന്നു,. ഒന്നുകൊണ്ടും എനിക്കതു മനസ്സിലാക്കാൻ പറ്റിയില്ല. ഒരു പെണ്ണിൻെറ ഉള്ളിൽനിന്നും ആ പെണ്ണിനെ പുറത്തുകൊണ്ടുവരാൻ ഞാനാഗ്രഹിച്ചു. പറ്റിയില്ല. എങ്ങിനെ കൊണ്ടുവരും എന്നറിയാനും പാടില്ല. പക്ഷേ ഒന്നു വ്യക്തമായറിയാം. ഹൃദയമെന്നൊന്നില്ല. ഒരു പെണ്ണിൻെറ ഉള്ളിലെ പെണ്ണിനെ കാണാൻ കഴിഞ്ഞില്ലെങ്കിൽ എനിക്കതു പറ്റില്ല എന്നല്ല, അതുകാണാൻ കഴിഞ്ഞില്ലെങ്കിൽ ഞാനത് ഒരിക്കലും കാണുകയുമുണ്ടാവില്ല. മധുപൂരിൽ പൂനിറഞ്ഞ ശിരീഷ് വൃക്ഷം കണ്ട് എനിക്കതു വളരെ നന്നായി തോന്നി. എനിക്കു മനസ്സിലായി ആ വൃക്ഷത്തിനുള്ളിലും ഒരു സ്ത്രീയുടെ സൗന്ദര്യമുണ്ടെന്ന്. രണ്ടു പ്രസരിപ്പുള്ള നായക്കുട്ടികൾ കളിക്കുന്നതു കണ്ടു ഒരിക്കൽ; ആ മനോഹര ദൃശ്യത്തിനുള്ളിലും ഒരു പെണ്ണിൻെറ രൂപമുണ്ടായിരുന്നു. എന്തിനേറെ. കിടക്ക വിരിയുടെ പുതിയ ഡിസൈൻ കണ്ടാലും ഒരു സുന്ദരിയുടെ പ്രകാശം തോന്നാറുണ്ട്. എവിടെ സൗന്ദര്യമുള്ള

എന്തെങ്കിലും കാണുന്നുവോ അതിലെല്ലാം സർവ്വസാധാരണ യായ ഒരു സ്ത്രീ പുറത്തുവരാറുണ്ട്. എന്നിട്ട് ഒരു സ്ത്രീ യുടെ ഉള്ളിൽ എനിക്ക് ആ സ്ത്രീയെ കാണാൻ കഴിയില്ലേ? ഇപ്പോഴും കിട്ടിയില്ല, മനീഷയെ നേടാൻ കഴിഞ്ഞില്ല.

മനീഷയുമായി അതിനുശേഷവും കണ്ടുമുട്ടുകയുണ്ടായി. യാതൊരു പരാതിയുമില്ലായിരുന്നു. പെരുമാറ്റത്തിലും കുഴപ്പമി ല്ലായിരുന്നു. പക്ഷേ സാമാന്യം, അകൽച്ച കാണിച്ചിരുന്നു. മനീ ഷയുടെ രഹസ്യം മനസ്സിലാക്കാനായി ഇനിയും എനിക്കെത്ര നാൾ കാത്തിരിക്കേണ്ടിവരുമെന്ന് ആർക്കറിയാം? എന്നിരി ക്കിലും മനീഷയെ തനിച്ചു കാണാനുള്ള ആഗ്രഹം പിന്നീട് എനിക്കൊരിക്കലും തോന്നിയിട്ടില്ല. എന്നിട്ടും മനീഷയുടെ ആ സന്ധ്യാസമയത്തെ പെരുമാറ്റത്തിനുശേഷമുള്ള എന്റെ പിണക്കം വളരെക്കാലം നീണ്ടുനിന്നു. അതിനുശേഷമുള്ള മൂന്നുമാസക്കാലത്തോളം ഞാൻ സ്ത്രീ വഞ്ചകനും ക്രൂരനു മായി മാറി. ശരീരത്തെ മുറിച്ചോ കീറിയോ ശരീരത്തിന്റെ രഹസ്യം അറിയാൻ പറ്റുമെന്ന് തോന്നിയിരുന്നു. പക്ഷേ രഹ സ്യമെവിടെയാണ്? ശരീരത്തെയും ഇടക്കിടെ ഉപയോഗിക്കു മ്പോൾ മന്ദത തോന്നാറില്ലേ, കൈക്കരികെ മറ്റൊരു ശരീരം വന്നു ചേരുവാൻ ആഗ്രഹം തോന്നുന്ന സമയം, നമ്മുടെ കൈ ആ ശരീരത്തിന്റെ വിവിധ വശങ്ങൾ നോക്കിക്കാ ണാൻ ആഗ്രഹിക്കുന്നു. നന്നായി തോന്നുന്നുവെങ്കിൽ ഓരോ അവയവവും മറ്റേതിനോടു ചേരുന്നു, പക്ഷേ ഒരിക്കലും കൊതി ഉണരാറില്ലല്ലോ. മനസ്സു പറയില്ലല്ലോ, ഞാനതിനെ പൂർണ്ണമായും കണ്ടെന്ന്. അതിന്റെ രൂപം എന്നെ തിരസ്ക്ക രിക്കാതെ, എന്നോട് പവിത്രനാവാൻ പറഞ്ഞോ? മനുഷ്യൻ എന്തിനാണ് കൊടും തണുപ്പത്തും അതിരാവിലെ എഴുന്നേറ്റ് ടൈഗർ ഹില്ലിൽ സൂര്യോദയം കാണാൻ പോകുന്നത്? എന്തി നധികം പറയണം, എനിക്കൊരു കാപട്യവുമില്ലാതെ പറയാൻ കഴിയും, ഞാൻ ടൈഗർഹില്ലിലെ സൂര്യോദയത്തിനുള്ളിൽ സ്പഷ്ടമായി കണ്ടത് സ്ത്രീസൗന്ദര്യമാണ്. എങ്കിലും ഏതെ ങ്കിലും ഒരു സ്ത്രീയിൽ ആ സൂര്യോദയത്തിന്റെ ശോഭ കാണാൻ എനിക്കിപ്പോഴും ആർത്തിയാണ്.

മുത്തച്ഛൻെറ മരണത്തിനുശേഷം കുറച്ചുദിവസം വീട്ടിൽനിന്നും പുറത്തിറങ്ങിയില്ല. വളരെ ദിവസങ്ങൾക്കുശേഷം ഏറെക്കുറെ കുടുംബാന്തരീക്ഷത്തിൽ ദിവസങ്ങൾ തള്ളിനീക്കി. വല്യേടത്തിയേയും അമ്മയേയും, പിന്നെ അച്ഛനേയും ഇളയച്ഛൻെറ വീട്ടിൽനിന്നും വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. ശോകം നിറഞ്ഞ വീട്. എങ്കിലും ഒരു ഉൽസവപ്രതീതിയും ഉണ്ടായിരുന്നു. ഏടത്തിയുടെ കുട്ടികൾ വള്രെ ദിവസങ്ങൾക്കുശേഷം മുത്തശ്ശനേയും മുത്തശ്ശിയേയും കിട്ടിയപ്പോൾ തുള്ളിച്ചാടാൻ തുടങ്ങി. അവരെ ആരും തടുക്കാനും പോയില്ല. അമ്മ തുടക്കത്തിൽ ഏറെ കരയുകയും പിഴിയുകയും ചെയ്തിരുന്നു. പക്ഷേ ഇതിനിടയിൽ ഒരിക്കൽ കരച്ചിൽ നിർത്തി എന്നോടു ചോദിച്ചു. നിൻെറ കീഴ്ത്താടിയിൽ മുറിഞ്ഞതെങ്ങിനെയാണ്?

ഞാൻ പറഞ്ഞു, ഏടത്തിയുടെ കുളിമുറി എന്തുമാത്രം വഴുവഴുപ്പാണെന്നോ, കാലുതെന്നി.....

അമ്മ പറഞ്ഞു, കേൾക്ക്, ഇവിടെ വാ, എൻെറ അടുത്ത് വന്ന് അൽപം ഇരിക്ക്,

അമ്മയുടെ ശരീരം വളരെ മോശപ്പെട്ടിരിക്കയാണ്. മെലിയുക മാത്രമല്ല, തൊലി ശരീരത്തിൽനിന്നും വിട്ടപോലെ. ഞാൻ ചോദിച്ചു, ഏടത്തിയമ്മ നിങ്ങളെ നോക്കുന്നില്ലെന്ന് തോന്നുന്നു. നിങ്ങളുടെ ശരീരം ഇത്രകേടുവന്നതെങ്ങിനെ?

- നോക്കുന്നില്ലെന്നോ? സരമ ഒരു ലക്ഷ്മി തന്നെയാണ്. അല്ല, പിന്നെ നീ എപ്പോഴാണ് ഇതെല്ലാം ചെയ്യുന്നത്? ആൾക്കാർ ഞങ്ങളെ കുറ്റം പറയുന്നു. ഞങ്ങൾ നിനക്കുവേണ്ടി ഒന്നും ശരിയാക്കിയില്ല. അച്ഛന് നിൻെറ ഭാര്യയുടെ മുഖം കണ്ടുപോകാൻ സാധിച്ചിരുന്നെങ്കിൽ-

- നിങ്ങളുടെ അച്ഛനെ എനിക്കുതന്നെ കാണാൻ കഴിഞ്ഞില്ല. പിന്നെയല്ലെ എൻെറ ഭാര്യയുടെ മുഖം-

- ഹോസ്പിറ്റലിൽ നീ പോയതേ ഇല്ലേ? നിന്നെ എന്തു കാര്യമായിരുന്നു.

- എനിക്കും അദ്ദേഹത്തെ വലിയ കാര്യമായിരുന്നു. ഇപ്പോഴും അങ്ങിനെതന്നെ. പക്ഷേ അമ്മേ എനിക്ക് ആശുപത്രിയിൽ പോകാൻ തീരെ ഇഷ്ടമില്ല. എത്രയോ ദിവസം പോകണമെന്നു കരുതി. ആശുപത്രിയുടെ പടിവരെ പോയിട്ട്

ഞാൻ തിരിച്ചുവന്നിട്ടുണ്ട്. അസുഖം കാണുന്നത് എനിക്കിഷ്ടമല്ല.

– എനിക്കസുഖം വന്നാലും നീ കാണാൻ വരില്ല ഇല്ലേ? എപ്പോഴെങ്കിലും ഒരു ദിവസം പെട്ടെന്ന് മരിക്കുകയാണെങ്കിൽ നിനക്ക് അറിയാനേ പറ്റില്ല.

– ഓ! ഇതെന്തൊരു വർത്തമാനം. ഞാനതല്ല പറഞ്ഞത്. ആശുപത്രിയിൽ ചെന്നാൽ സ്വന്തം ആൾക്കാർ മാത്രമല്ലല്ലോ വേറെയും രോഗികൾ കണ്ണിൽ പെടുമല്ലോ.

– നിൻെറ ദേഹത്തിന് കുഴപ്പമൊന്നുമില്ലല്ലോ?

ആ സമയത്ത് വല്യേടത്തി മുറിയിൽ കടന്നുവന്നു പറയാൻ തുടങ്ങി. അവൻെറ കാര്യം ഒന്നും പറയേണ്ട അമ്മേ, എന്തെല്ലാം പരാക്രമം കാണിച്ചാണ് നടക്കുന്നതെന്നോ, ശരീരത്തെപ്പറ്റി വല്ല വിചാരവുമുണ്ടോ? എങ്കിലും കൺമുമ്പിൽ തന്നെയുണ്ടല്ലോ.

ഞാൻ പറഞ്ഞു, അമ്മ ഒട്ടും വിശ്വസിക്കേണ്ട. എനിക്ക് യാതൊരു കുഴപ്പവുമില്ല. എന്നെപ്പറ്റി ഒട്ടും വിചാരിക്കേണ്ട. ഞാൻ എപ്പോഴും നിങ്ങളെപ്പറ്റിയാണ് ചിന്തിക്കുന്നത്.

– ഞങ്ങളെപ്പറ്റി നിനക്കിനിയും വിചാരപ്പെടേണ്ട ആവശ്യമില്ല. പിന്നെ ശരിക്കും നീ അങ്ങിനെ വിചാരിച്ചിരുന്നെങ്കിൽ ഈ വർത്തമാനത്തിൻെറ ആവശ്യമേയുണ്ടാവുമായിരുന്നില്ല.

– അമ്മേ നിങ്ങൾ കുറച്ചു ദിവസം ഇവിടെ താമസിച്ച് ശരീരം നന്നാക്കി പോകൂ..... എനിക്കൊരു സുഹൃത്തുണ്ട്. കണ്ണു ഡോക്ടർ. നല്ല ഡോക്ടറാണ്. അയാളെക്കൊണ്ട് ഇപ്രാവശ്യം കണ്ണൊന്നു പരിശോധിച്ചുപോകാം.

– ഞാൻ തിങ്കളാഴ്ചതന്നെ ബഹറാംപൂരിൽ പോകും. സരമ ഗർഭിണിയാണ്. അവളെ ഒറ്റക്കുവിട്ടിട്ടാണ് വന്നിരിക്കുന്നത്.

– ഈ ഒരു കൊല്ലത്തിനിടക്ക് വീണ്ടും കുഞ്ഞോ? അമ്മ കുളിരുകൊണ്ടതുപോലെ പറഞ്ഞു, അറിയാമോ കുട്ടി, ഗായത്രിയുടെ കാര്യം കേട്ടുവോ? ആ മുഖർജി വീട്ടിലെ ഗായത്രി? ആറുമാസം വയറ്റിലുണ്ടായിരുന്നു. ഒരു ദിവസം നാട്ടിലെ എല്ലാവരേയും ക്ഷണിച്ചു തൃപ്തിയായി സദ്യകൊടുത്തു. അതിനുശേഷം കുറച്ചുദിവസങ്ങൾ കഴിഞ്ഞ് എല്ലാം നശിച്ചു. അവളുടെ ഭർത്താവ് അപരേശ് കഴിഞ്ഞമാസം മരിച്ചുപോയി.

ഏടത്തി വല്ലാതെ ഞെട്ടിപ്പോയി. എൻെറ അമ്മേ, എന്തൊരു കഷ്ടം. കല്ല്യാണം കഴിഞ്ഞ് ഒന്നരകൊല്ലമേ ആയിട്ടുള്ളൂ. എങ്ങിനെ മരിച്ചു?

വയറ്റിൽ എന്തോ അസുഖം വന്നു. ഓപ്പറേഷൻ നടന്നപ്പോഴാ...

ഇവിടെ ഗായത്രിക്കാണെങ്കിൽ ഏഴുമാസം ഗർഭം. ഓ പെണ്ണിൻെറ ഒരു കഷ്ടകാലമേ. അമ്മയും ഏടത്തിയും ഗായത്രിയുടെ കാര്യം പറഞ്ഞ് വളരെ ദുഃഖിക്കാൻ തുടങ്ങി. ഞാൻ ഗായത്രിയെ ഒരിക്കലും സിന്ദൂരമണിഞ്ഞ് കണ്ടിട്ടില്ല. അതുകൊണ്ടുതന്നെ അവളുടെ നെറുകയിൽനിന്നും സിന്ദൂരം തുടച്ചുമാറ്റുന്ന ദൃശ്യം സങ്കൽപ്പിക്കാനും എനിക്കു വിഷമമായിരുന്നു. ഞാൻ ചോദിച്ചു. അപരേശ് ഏതുവീട്ടിലെ ചെറുക്കനാണ്? ഗായത്രി തനിക്ക് ഇഷ്ടപ്പെട്ട് വിവാഹം ചെയ്തതാണോ?

- അല്ല. അവരുടെ വീട്ടുകാർ തന്നെ നടത്തിക്കൊടുത്തതാണ്. പുതുതായി വന്ന സ്റ്റേഷൻ മാസ്റ്ററുടെ മകൻ. വളരെ നല്ല ചെറുക്കൻ, നല്ല ആരോഗ്യം, നമ്മുടെ ശംഭുവിനെപ്പോലെ, ഇതാ ഇതേമാതിരി. മൂത്രം പോകാൻ വിഷമമുണ്ടായിരുന്നു എന്നു കേട്ടു. അതാണ് ഓപ്പറേഷൻ ചെയ്യാൻ പോയത്. ഓ, പെണ്ണിൻെറ വിധി. ഈ പ്രായത്തിൽ, അതും വയറ്റിൽ കുട്ടിയുമായിട്ട്.

വല്ല്യേടത്തി പറഞ്ഞു, നിങ്ങൾ ഇവൻെറകൂടെ ഗായത്രിയുടെ കല്ല്യാണം ആവട്ടെ എന്നു വിചാരിച്ചതല്ലേ? അമ്മ തരിച്ചപോലെ പറഞ്ഞു, നടക്കാഞ്ഞതെന്തൊരു ഭാഗ്യം! ആ പെണ്ണിൻെറ ഒരു ലക്ഷണംകെട്ട വിധി. വല്യേടത്തി പെട്ടെന്ന് പറയാൻ തുടങ്ങി, കൊള്ളാം അവളെ മാത്രം ദോഷം ചാരുന്നതെന്തിനാണ്, വെറുതെ. അപരേശിൻെറ സ്വന്തം വിധിയിൽ തന്നെ മരണം ഉണ്ടായിരിക്കാൻ പാടില്ലേ? ഇവൻെറ കൂടെ കല്ല്യാണം നടന്നിരുന്നെങ്കിൽ അവളുടെ ഭാഗ്യം ഒരു പക്ഷേ മറ്റൊന്നായി മാറുമായിരുന്നേനെ.

ഞാൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. എൻെറ കൂടെ കല്ല്യാണം കഴിഞ്ഞിരുന്നെങ്കിൽ ഗായത്രിതന്നെ വേഗം മരിച്ചുപോയിരുന്നേനേ.

- പോ. ഇങ്ങിനെ ക്രൂരൻമാരെപ്പോലെ സംസാരിക്കുന്ന

തെന്തിനാണ്?

– സത്യമാണ് പറയുന്നത് ഒരു ജോത്സ്യൻ എന്റെ കൈ നോക്കി പറഞ്ഞു. എന്റെ കല്ല്യാണം കഴിഞ്ഞ് ഒരു കൊല്ലത്തി നിടയിൽ എന്റെ ഭാര്യ മരിച്ചുപോകുമെന്ന്, ഞാൻ മുപ്പതുവ യസ്സു തികയുന്നതിനുമുമ്പ് കല്ല്യാണം കഴിക്കുകയാണെങ്കിൽ.

ഏടത്തി പകുതി അവിശ്വാസത്തോട കണ്ണുയർത്തി പറഞ്ഞു, തല്ലിപ്പൊളി ജോൽസ്യൻ. അമ്മ പറഞ്ഞു, നിന്റെ ജാതകം എന്റെ കയ്യിലുണ്ട്. എനിക്കറിഞ്ഞുകൂടെ? നീ എന്നോട് വേണ്ടാത്ത വർത്തമാനം പറയുന്നോ?

ജയിലിനരികിലെ നിരത്തിൽനിന്നുകൊണ്ട് സായാഹ്ന ത്തിന്റെ അവസാനത്തിൽ ഗായത്രിക്ക് അപരേശിനോട് അവ ൾക്ക് വിവാഹം കഴിക്കാൻ ഇഷ്ടമില്ലെന്നു പറയാൻ കഴി ഞ്ഞില്ല. അപരേശിന്റെ നേരെ കരുണാർദ്രമായ കണ്ണുകൾ ഉയർത്തി അവൾക്ക് പറയാമായിരുന്നില്ലേ. വിവാഹം കഴിക്കാ തെതന്നെ അവൾക്ക് പലതും അറിയാൻ ആഗ്രഹമുണ്ടെന്ന്. പഠിക്കാനായി ഇംഗ്ലണ്ടിൽ പോകാൻ ഗായത്രിക്ക് ആഗ്രഹ മുണ്ടായിരുന്നു. ബംഗ്ലാദേശിലെ മഫസ്പൻ പട്ടണത്തിലെ വക്കീലിന്റെ മകൾക്ക് എന്തൊരു ഗംഭീരമോഹം. ഇനി വെളുത്ത സാരിയുടുത്ത് കാലത്തെ സ്ക്കൂളിൽ പഠിപ്പി ക്കട്ടെ. വയറ്റിലെ സന്താനം ചത്തുപോകയോ, പച്ചക്കറിമാത്രം കഴിച്ച് ശരീരം നശിച്ചുപോകാതിരിക്കുകയോ ചെയ്താൽ ഭാവിയിൽ ഒരുപക്ഷേ ഏതെങ്കിലും ആദർശവാദിയായ ഒരു പഞ്ചാബി ചെറുപ്പക്കാരനുമായി അവളുടെ വിവാഹം വീണ്ടും നടന്നെന്നുവരാം. ഗായത്രിയെക്കുറിച്ച് എനിക്ക് ദുഃഖിക്കേണ്ട ആവശ്യമുണ്ടോ, അഥവാ ഇല്ലേ എന്ന് ശരിക്കും എനിക്കു മനസ്സിലാവുന്നില്ല. അവളുടെ ഇപ്പോഴത്തെ മുഖം കണ്ടാൽ ഒരുപക്ഷേ ഞാനും വളരെ അസ്വസ്ഥനായി മാറിയേക്കാം. പക്ഷേ ഗായത്രിയുടെ വിഷണ്ണമായ മുഖം കാണാൻ ഞാൻ ഇനിയും ബഹറാംപൂരിൽ പോവുകയില്ല.

അച്ഛനെക്കൊണ്ട് പിന്നേയും ഒരു പ്രശ്നമായി. ഏടത്തി പറ്റിച്ച പണി. വീട്ടിൽ ഇനിയും സ്ഥലമില്ലെന്നുപറഞ്ഞ് വല്ല്യേടത്തി എന്റെ മുറിയിൽ മറ്റൊരു കട്ടിൽ ഇട്ടു. അവിടെ അച്ഛനു കിടക്കാനുള്ള ഒരുക്കങ്ങൾ ചെയ്തു. പ്രായമായ മകനും അച്ഛനും എപ്പോഴെങ്കിലും ഒരു മുറിയിലുറങ്ങാ

റുണ്ടോ? സിഗരറ്റു വലിക്കാനുളള പ്രയാസം, പല പല പ്രശ്ന ങ്ങൾ. ഞാൻ വല്ല്യേടത്തിയോട് ഏറെക്കുറെ പറഞ്ഞുനോക്കി. കേട്ടില്ല. ഞാൻ ഇക്കാര്യമെടുത്ത് ബഹളം കൂട്ടിയിരുന്നെങ്കിൽ ഏടത്തിക്കു തോന്നും എനിക്കച്ഛനെ ബഹുമാനമില്ലെന്നും, സ്നേഹമില്ലെന്നും. ഇത് സ്നേഹബഹുമാനത്തിന്റെ കാര്യ മല്ല. അച്ഛനുമായി കുട്ടിക്കാലംതൊട്ടേ വളരെ കുറച്ചേ സംസാരിക്കാറുളളൂ. അഞ്ചാറുവർഷം ഒട്ടുംതന്നെ സംസാ രിക്കുകയുണ്ടായിട്ടില്ല. ഇപ്പോൾ അച്ഛന്റെകൂടെ ഒരേ മുറിയിൽ ഉറങ്ങുന്നതിൽ എത്രമാത്രം അസ്വസ്ഥത ഉണ്ടെന്ന് പറയാനില്ല. ഈ സമയത്ത് രാത്രി വെളിയിൽ കഴിച്ചുകൂട്ടുക എന്നതും നിശ്ചയമായും മോശമായി തോന്നാനിടയുണ്ട്. ഞാനിപ്പോൾ എന്റെ മുറിയിൽ നിവൃത്തിയുണ്ടങ്കിൽ കിടക്കാ റില്ല. വീട്ടിൽ പെണ്ണുങ്ങളോടൊത്തോ, അല്ലെങ്കിൽ വീട്ടിലെ വല്ല്യേടത്തിയുടെ കുട്ടികളോടൊത്തോ ക്യാരംസ് കളിച്ചോ സമയം തളളിനീക്കും. രാത്രിയിൽ ഏതെങ്കിലും വിധത്തിൽ മുറിയിൽ കടന്നു സ്വന്തം കിടക്കയിൽ ചെന്നു കിടക്കും.

കിടന്ന ഉടനെ തന്നെ ഉറക്കം വരാറില്ല. ഇരുട്ടിൽ ഞാൻ അച്ഛന്റെ കട്ടിലിലേക്ക് ഉറ്റുനോക്കും. രാത്രി മുഴുവനും ഫാനിടണം. അത്രമാത്രം ചൂടുണ്ട്. എന്നിട്ടും അച്ഛൻ ശരീരം ഒരു പുതപ്പുകൊണ്ട് പുതച്ചു കിടന്നുറങ്ങാൻ ഇഷ്ട പ്പെടുന്നു. അച്ഛനും ഉറക്കമില്ല. ഉറക്കം വളരെ കഷ്ടിയാ ണെന്ന് തോന്നുന്നു. ഏതോ ഒരു ദിവസം രാത്രിയിൽ എണീറ്റ് പുതപ്പുകൊണ്ട് മൂടിയിരുന്ന് ഒരു സിഗരറ്റ് കത്തിച്ചു, ഇരു ട്ടിൽ ഇടക്കിടക്ക് വലിക്കുമ്പോഴുണ്ടാകുന്ന ചുവന്ന വെളിച്ച ത്തിൽ എനിക്ക് അച്ഛന്റെ മുഖം അസ്പഷ്ടമായി കാണാൻ കഴിഞ്ഞു.

ഇതിനകം അച്ഛനുമായി രണ്ടുമൂന്നുപ്രാവശ്യം സംസാ രിക്കുകയുണ്ടായി. ആദ്യത്തെ ദിവസം രാത്രിയിൽ ഞാൻ അച്ഛനോട് രാത്രി മുഴുവൻ ഫാനിടുന്നതിൽ അച്ഛനു ബുദ്ധിമുട്ടുണ്ടോ എന്നു ചോദിച്ചു. അദ്ദേഹം ഒറ്റവാക്കിൽ പറഞ്ഞു. ഇല്ല. അതിനുശേഷം ചോദിച്ചു, നീ ആദ്യത്തെ ജോലിവിട്ടിട്ടു രമേശിന്റെ ഇവിടെ ജോലി സ്വീകരിച്ചോ? സ്വന്ത ക്കാരുടെ ആഫീസിൽ ജോലി ചെയ്യുന്നത് നല്ലതാണോ?

ഞാനപ്പോൾ മേശയിലെ പുസ്തകങ്ങൾ അടുക്കിവെച്ചു

കൊണ്ട് തിരിഞ്ഞുനോക്കാതെ പറഞ്ഞു, വല്ല്യേടത്തി വളരെ നിർബന്ധിക്കാൻ തുടങ്ങി... ശമ്പളം കൂടുതലുണ്ട്.

- എന്നാലും സർക്കാർ ജോലിക്ക് ഒരുറപ്പുണ്ട്. എളുപ്പത്തിൽ ആൾക്കാർക്ക് ഗവൺമെൻറുജോലി കിട്ടാറില്ല.

ഈ വർത്തമാനത്തിന് മറുപടി തിരഞ്ഞുകിട്ടാനാവാതെ ഞാൻ വായ്കൊണ്ട് അസ്പഷ്ടമായ ഒരു ശബ്ദം ഉണ്ടാക്കുക മാത്രം ചെയ്തു.

അച്ഛൻെറ മുടി ഏതാണ്ട് മുഴുവനും നരച്ചിരിക്കുന്നു റിട്ടയർ ചെയ്തിട്ട് ഏതാണ്ട് അഞ്ചാറുവർഷമായി. ക്ഷീണിച്ച ശരീരം. രണ്ടുമൂന്നു ദിവസമായി താടിവടിക്കാത്തതുകൊണ്ട് മുഖത്തിന് അതിലും കൂടുതൽ ക്ഷീണം തോന്നും. അനേകം രാത്രികളിൽ കിടക്കയിൽ എഴുന്നേറ്റിരുന്നു പുതപ്പുകൊണ്ട് മൂടി സിഗരറ്റു വലിച്ചിരിക്കുമ്പോൾ ആ രൂപത്തിനുള്ളിൽ ഏതോ നിസ്സഹായതയുടെ ചിത്രം ദർശിക്കാൻ കഴിയും. ഇങ്ങേ അററത്ത് കട്ടിലിൽ അന്ധകാരത്തിനിടയിൽ ഞാൻ കണ്ണുമിഴിച്ചു കിടക്കുകയാണ്. പെട്ടെന്ന് അച്ഛൻ വളരെ നിസ്സംഗനും പരിത്യക്തനും ആണെന്നുതോന്നി. ഉടനെ എനിക്ക് ഉള്ളിൽ തട്ടിയ ആഗ്രഹം തോന്നി. എണീറ്റിരുന്നു. എനിക്ക് അച്ഛനുമായി വളരെ നേരം മനസ്സുതുറന്ന് വർത്തമാനം പറയാൻ തോന്നി. ഇദ്ദേഹം എൻെറ ജനയിതാവാണ്. ഇരുട്ടിനുള്ളിൽ നിന്നും എൻെറ നേരെ ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. അച്ഛനും എന്നോടെന്തോ പറയണമെന്നുണ്ടെന്നു തോന്നുന്നു. സ്വന്തം ശരീരത്തിൽ ഇതിനകം ഒന്നുരണ്ടുപ്രാവശ്യം ഇദ്ദേഹം മരണത്തിൻെറ സ്പന്ദനം കേട്ടു കഴിഞ്ഞോ? നിശ്ചലമായും കേട്ടിരിക്കണം. അതിനാൽ അവസാനമായി സ്വന്തം വംശത്തിൻെറ രക്ഷകനോടു ഗൂഢമായ എന്തോ ഒരു കാര്യം പറയാൻ ഉണ്ടായിരിക്കയില്ല എന്നില്ലല്ലോ. അച്ഛനോടുള്ള എൻെറ എല്ലാ ദേഷ്യവും അന്തർലീനമായി ക്കഴിഞ്ഞാൽ ഏതു വികാരമാണോ പൊന്തിവരിക അത് കരുണയാണെന്നുപറഞ്ഞാൽ തെറ്റുണ്ടോ? അദ്ദേഹത്തെ കണ്ടാൽ തോന്നും, വളരെ നിസ്സാഹായനാണെന്ന്. അദ്ദേഹത്തിൻെറ നേർക്ക് കൈ നീട്ടുവാൻ ഞാൻ കൊതിക്കുകയാണ്. ഇങ്ങേർക്ക് അസുഖമാണെങ്കിൽ വെള്ളത്തിൽ കുതിർത്ത തുണി ആ നെറ്റിയിൽ പതിപ്പിച്ച്, ആ മുടിയിൽ വളരെനേരം കൈവി

രലുകൾ ഓടിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇടക്കിടക്ക് അച്ഛൻ ചുമക്കുന്നുണ്ട്. ഥം ഥം എന്ന ശബ്ദം കേൾക്കാം. നെഞ്ചിനുള്ളിൽ അസംഖ്യം വലകൾ ഉള്ളതുപോലെ. പിന്നെ കുറെ നേരം 'ധുക് ധുക്' എന്ന ശബ്ദത്തോടെ കോളാമ്പിയിലേക്ക് തുപ്പിക്കൊണ്ടിരിക്കും. ഇങ്ങേരുടെ മുഖത്ത്നിന്നും ആ തുപ്പൽ കൈകൊണ്ട് തുടച്ചുനീക്കുവാൻ എനിക്കു മോഹം തോന്നുന്നു. കൈകൊണ്ട് തുപ്പൽ തൊടുന്ന കാര്യം ഓർക്കുമ്പോൾ എനിക്കിപ്പോൾ യാതൊരറപ്പും തോന്നുന്നില്ല. ഒന്നുരണ്ടു ആശ്വാസവാക്കുകൾ കേൾപ്പിക്കുവാനും എനിക്കു താൽപര്യമുണ്ട്. പക്ഷേ എങ്ങിനെ സംസാരം തുടങ്ങണം എന്നെനിക്കറിയില്ല. കാരണം കുട്ടിക്കാലം തൊട്ടേ അച്ഛനുമായി ആത്മാർത്ഥമായി വാക്യവിനിമയം ചെയ്യുവാൻ ഞാൻ ശീലിച്ചിട്ടില്ലല്ലോ. ഇരുട്ടിൽ രക്തബന്ധം മൂലം ഏറ്റവും അടുത്ത രണ്ടുപേർ പരസ്പരം നോക്കിയിരിക്കയാണ്. എന്നിരുന്നാലും സംസാരിക്കുവാനുള്ള ഭാഷ അവർക്കു വശമില്ല. ഒന്നും പറയാനില്ല. ഞാൻ മിണ്ടാതിരുന്നു. സിഗരറ്റിന്റെ ചുവന്ന വെളിച്ചത്തിൽ എന്റെ അച്ഛന്റെ അസ്പഷ്ടമായ മുഖം നോക്കിയിരുന്നു.

കുറച്ചു ദിവസങ്ങൾക്കുശേഷം ഓഫീസിൽ ചെന്നപ്പോൾ എന്റെ മേശപ്പുറത്ത് ഒരു കടലാസ് വച്ചിരിക്കുന്നതായി കണ്ടു. ഇന്നലെ ശേഖർ എനിക്ക് ടെലിഫോൺ ചെയ്തിരുന്നു, ഞാൻ വന്നാലുടൻതന്നെ അവനെ അഞ്ചാം നമ്പർ വീട്ടിൽചെന്നു കാണണമെന്ന്.

അങ്ങിനെയാണെങ്കിൽ ഉദ്ദേശമില്ലായ്മയിൽനിന്നും ശേഖർ പിൻതിരിഞ്ഞിരിക്കണം. അഞ്ചാം നമ്പർ വീട്ടിൽ ഇപ്പോൾ ആർക്കാണ് പോകാൻ താൽപര്യം? അത്തരം സ്ഥലങ്ങളിൽ പോകാൻ എനിക്കിപ്പോഴൊട്ടും തന്നെ താൽപര്യമില്ല. എന്തായാലും കാര്യമെന്താണെന്നറിയാമല്ലോ എന്നു കരുതി ഞാനവന്റെ ഓഫീസിലേക്ക് ടെലിഫോൺ ചെയ്തു. ശേഖർ ഓഫീസിലില്ല. കഴിഞ്ഞ അഞ്ചു ദിവസങ്ങളായി വന്നിട്ടില്ല. വീണ്ടും മൂന്നാഴ്ച അവധിക്കുള്ള അപേക്ഷ അയച്ചിട്ടുണ്ടത്രേ. കൽക്കത്തയിലുണ്ടത്രെ. പിന്നെ എന്തുകൊണ്ടായിരിക്കാം ഇവൻ ഓഫീസിൽ പോകാതിരിക്കുന്നത്? ഞാൻ

ശേഖറിന്റെ വീട്ടിലേക്ക് ടെലിഫോൺ ചെയ്തു.

ടെലിഫോൺ എടുത്തത് തപതിയാണ്. തപതിയുടെ സ്വരം കേട്ടതും ഞാൻ തരിച്ചുപോയി. തപതിക്ക് ചെവി വളരെ പതുക്കെയാണ്. അവളുമായി ടെലിഫോണിൽ സംസാരിക്കുക വളരെ പ്രയാസമേറിയ കാര്യമാണ്. ഓഫീസിലെ ടെലഫോണിൽ ഞാനിപ്പോൾ ബഹളം കൂട്ടണോ? ഇംഗ്ലീഷിൽ സംസാരിക്കാൻ തുടങ്ങുന്നതാണ് നല്ലതെന്നു തോന്നി. കാരണം ചെവി പതുക്കെയുള്ള മനുഷ്യർക്ക് ഇംഗ്ലീഷ് നല്ല വണ്ണം മനസ്സിലാക്കാൻ കഴിയുമെന്ന് എനിക്കൊരു ധാരണയുണ്ട്. എന്തെങ്കിലുമാവട്ടെ, ഞാൻ സ്വരം കഴിയുന്നത്ര ഉയർത്തി ചോദിച്ചു, ശേഖറുണ്ടോ? അപ്പുറത്തുനിന്നും തപതിയുടെ ശബ്ദം ഉയർന്നുവന്നു, ഹലോ, ആരാണ് സംസാരിക്കുന്നത്?

– ശേഖർ അവിടെ ഉണ്ടോ, ഇല്ലയോ?

– നിങ്ങൾ ആരാണ് സംസാരിക്കുന്നത്?

– പറഞ്ഞാലും കേൾക്കാൻ പറ്റില്ലല്ലോ.

പേരു പറഞ്ഞിട്ട് എനിക്കെന്തു നേടാൻ? മറ്റാർക്കെങ്കിലും ടെലിഫോൺ കൊടുക്കൂ വേഗം.

– സുനിലേട്ടനോ? സ്വരം കേട്ടപ്പോൾ തന്നെ മനസ്സിലായി, ചേട്ടൻ വീട്ടിലില്ല.

– വീട്ടിലില്ല എന്നതിന്റെ അർത്ഥം; ഈ ദിവസത്തിനിടക്ക് ഒരു പ്രാവശ്യവും വീട്ടിൽ വന്നില്ലെന്നോ, അതോ ഇന്ന് ഇപ്പോഴില്ലെന്നോ? ഇത്രയും വലിയ വാചകം എങ്ങനെ മനസ്സിലാക്കാൻ- ഉപദ്രവം തന്നെ.

– ചേട്ടൻ കൽക്കത്തക്കു വെളിയിൽ പോയിരിക്കയാണ്. ഒരാഴ്ചക്കു മുമ്പ് വരില്ലെന്ന് പറഞ്ഞു പോയിരിക്കുന്നു.

– നിനക്ക് എന്റെ മുഴുവൻ വർത്തമാനവും കേൾക്കാൻ കഴിയുന്നുണ്ടോ? നോക്കാം. തപതി, നിനക്കു സുഖമാണോ?

– ഇനിയെന്തെങ്കിലും പറയാനുണ്ടോ? അമ്മയുമായി സംസാരിക്കണോ?

– തപതീ, നിനക്ക് സുഖമാണോ?

– അമ്മയുമായി സംസാരിക്കേണ്ടേല്ലോ? ശരി, നിങ്ങൾക്കു സുഖമാണോ?

ഇതിനുശേഷം ഞാൻ മൂളുന്നതുപോലെ അസ്പഷ്ടമായി

ഒരു ശബ്ദമുയർത്തി ടെലിഫോൺ താഴെവച്ചു. തപതി എൻെറ മുഴുവൻ വർത്തമാനവും കേട്ടുവോ എന്തോ? ആകെ കുഴപ്പത്തിലായി. പക്ഷേ അതെങ്ങിനെ സംഭവിക്കും? ചെവി കേൾക്കാത്തവർക്ക് മുഖത്തേക്കു തുറിച്ചുനോക്കിയാൽ മാത്രമേ ഒട്ടുമുക്കാലും വർത്തമാനം മനസ്സിലാകൂ. അങ്ങിനെയാണെങ്കിൽ ടെലിഫോണിൽക്കൂടി എങ്ങിനെ കേൾക്കും? എന്തോ ആർക്കറിയാം. അതോ ഏതാണ്ട് ഉദ്ദേശിച്ച് തട്ടിവിട്ടതാണോ?

ഒരു കാര്യം മനസ്സിൽ ഉറപ്പിച്ചുവച്ചിരുന്നു. ഇന്ന് സുവിമൽ വരുന്നതിനുമുമ്പുതന്നെ തടിതപ്പണം. സുവിമലുമായി കണ്ടുമുട്ടിയാൽ പിന്നെ വീണ്ടും അവിനാശുമായോ, പരീക്ഷിത്തുമായോ അല്ലെങ്കിൽ താപസുമായോ ചെന്ന് കൂട്ടുചേരുക, അവിടെനിന്നും കശപിശ തുടങ്ങുക. ഇന്ന് അതിനൊന്നും ഞാനില്ല. അഞ്ചാം നമ്പർ വീട്ടിലും ഞാൻ പോവില്ല. അതുമല്ല വീട്ടിലെ ആൾക്കാർക്ക് ശേഖറിൻെറ വിവരം കിട്ടിയിരിക്കുന്നു. ഇനി എനിക്ക് എന്തുത്തരവാദിത്വമാണുള്ളത്?

ഓഫീസിലെ ചില ജോലിയുമായി പ്രസ്സിൽപോയി. പ്രവേശനകവാടത്തിൽ വച്ച് റിസപ്ഷനിസ്റ്റിനോടു ചോദിച്ചു, മിസ് നോമി, ലീവെടുത്ത് രണ്ടുദിവസം എന്തുചെയ്തു? പെണ്ണു പുഞ്ചിരിച്ചുകൊണ്ട് വലതുകൈ ഉയർത്തി നടുക്കു കല്ലുവെച്ച മോതിരം കാണിച്ചുതന്നു. ഞാൻ പറഞ്ഞു, ഓ, എൻഗേജ്മെൻറ് കഴിഞ്ഞെന്നു തോന്നുന്നു? വളരെ ദുഃഖമുണ്ട്. എനിക്കൊരു ചാൻസുണ്ടെന്നു കരുതിയിരുന്നു. കൺഗ്രാജുലേഷൻ, എനിവേ.

പെണ്ണു ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു. യു ആർ എ ഡിയർ.

വളരെ മനസ്സിരുത്തി പ്രസ്സിൽ അഞ്ചരമണിവരെ പണിയെടുത്തു. ഓരോ വരിയും കംബോസ് ചെയ്യിപ്പിച്ചതിനുശേഷം ചുണ്ടുകോട്ടിപ്പറഞ്ഞു, അയ്യേ, ഈ ഫേസ് കൊള്ളില്ല. ഇതു മാറ്റി ഇവിടെ ഡബിൾ ഗ്രേറ്റ് കംപ്രെസ്ഡ് കൊടുക്കൂ. നിങ്ങൾക്ക് നാല്പത്തിയെട്ടു പോയിൻറ് ടൈപ്പ് ഇല്ലാത്തതെന്താണ്? പുതിയ ടൈപ്പ് വരുത്തൂ. ആ പഴയ ടൈപ്പ് മാത്രം വച്ചുകൊണ്ട്.... കൊള്ളാം, വേണ്ടിയിരുന്നത് ഒരു ഹെയർ റൂൾ. കൊടുത്തിരിക്കുന്നു, ഒരു ഭീമൻ ലൈൻ. ഈ മാതിരി ചെയ്താൽ പണി നടക്കുമോ? ചിത്രം കട്ട് ഔട്ട് ചെയ്ത്

മാപ്പിനു മുകളിൽ കൊടുക്കൂ. ഇതിനായി ഇനി രണ്ടു മണിക്കൂർ സമയം എടുക്കേണ്ട, കേട്ടോ.

ഇടക്കിടക്ക് ഇത്തരത്തിൽ ഗൗരവത്തിൽ സംസാരിക്കേണ്ടതാവശ്യമാണ്. എന്തെന്നാൽ അവർക്കു തോന്നും, എനിക്ക് പണി നന്നായി അറിയുമെന്ന്. അല്ലെങ്കിൽ അവർക്കു ഉത്തരവാദിത്വം തോന്നില്ല. ഞാൻ മുതലാളിയുടെ അളിയനാണെന്ന കാരണംകൊണ്ടുമാത്രം ജോലി പോവാതെ സൂക്ഷിക്കുകയാണെന്നു തോന്നും. അങ്ങിനെയായാൽ കേൾക്കുംവിധത്തിൽ ഒളിഞ്ഞു സംസാരിച്ചു ചിരിക്കും. ഞാനവർക്കിടക്കു വന്ന് മുഖത്തു വിരക്തിയുടെ മുദ്രയണിഞ്ഞ് ഇരിക്കയാണ്. കണ്ടാൽ തോന്നും ഏതു നിമിഷത്തിലും പണിയിലെ തെറ്റു കണ്ടെത്തി അവരെ പുറത്താക്കാൻ പറ്റുമെന്ന്. ഞാനവരെപ്പോലെതന്നെ സാധാരണക്കാരനാണെന്ന് ഒരിക്കൽ മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ രക്ഷയില്ല, പിന്നെ നിലനിൽപ്പില്ല, കൽപ്പിക്കുക അല്ലെങ്കിൽ പേടിച്ചിരിക്കുക. ഇതാണ് എല്ലാ ജോലിയുടേയും മൂലമന്ത്രം എന്ന് ഞാൻ നന്നായി മനസ്സിലാക്കിയിരിക്കുന്നു.

പ്രസ്സിൽനിന്ന് കൈയും മുഖവും കഴുകി പുറത്തിറങ്ങി വന്ന് ഒരുറുമാൽ വാങ്ങിച്ചു. വെളുത്ത് വീതികൂടിയ നല്ല തൂവാല. ഒരുപ്രാവശ്യം നന്നായി മുഖം തുടച്ചപ്പോൾതന്നെ റുമാൽ അഴുക്കായി. മുഖത്ത് ഇത്രയും അഴുക്ക് പറ്റിയതെവിടെനിന്നാണ്? കണ്ണാടിയിൽ നോക്കിയപ്പോൾ വൃത്തിയുള്ള മുഖമായിരുന്നു. ഉറുമാലിൽ അവിടവിടെ അഴുക്കു പറ്റിയിരിക്കുന്നു. ആകെ കണ്ടാൽ വലിച്ചെറിയാൻ തോന്നും. അഴുക്കു പറ്റിയ ഉറുമാൽ കീശയിൽ വച്ചാൽ അറപ്പ് തോന്നും. പലരും ഉറുമാലിൽ ചില്ലറ പൊതിഞ്ഞ് പോക്കറ്റിൽ സൂക്ഷിക്കാറുണ്ട്. ഓർത്താൽ ഛർദ്ദിക്കാൻ തോന്നും. എന്തോ ആവട്ടെ. ഈ ഉറുമാലിൻെറ മറുവശം ഇന്നെങ്കിലും ചുരുങ്ങിയത് ഒരു തവണ ഉപയോഗിക്കണം, ഇനിയും ഒരു പ്രാവശ്യം കൂടി മുഖം തുടക്കണം.

ഇനിയും ഒന്നുരണ്ടു മണിക്കൂറുണ്ട് എൻെറ കൈയിൽ. ഈ സമയംകൊണ്ട് ഒരു സിനിമ പോലും കാണാൻ പറ്റില്ല. ഞാൻ ഒരു നല്ല റെസ്റ്റോറൻറിൽ കയറി സുഖമായി ചായ കുടിക്കാൻ തുടങ്ങി. ചായക്കുശേഷം കുറച്ചുനേരം സിഗരറ്റ്

കൊളുത്തി. ഒറ്റക്കിരുന്നപ്പോൾ നല്ല രസം തോന്നി. വളരെക്കാലമായി ഇങ്ങനെ തോന്നാറില്ല. സന്ധ്യക്ക് ഒറ്റക്കിരിക്കാൻ തക്കവണ്ണം ദുഃഖം സത്യമായും ഒന്നുംതന്നെയില്ല. എനിക്ക് സുവിമലിൻെറ കാര്യം മനസ്സിലാക്കാൻ കഴിയും. സന്ധ്യക്ക് ട്യൂഷൻ ഇല്ലാത്തവർ, പാർട്ടുടൈമായി പ്രേമിക്കാത്തവർ, വീടിനരികിൽ പൂന്തോട്ടമുണ്ടാക്കാൻ സ്ഥലമില്ലാത്തവർ, വീട്ടിൽ സ്വന്തമായി ഒരു മുറിയില്ലാത്തവർ, ഇവരെല്ലാം കഴിച്ചുകൂട്ടുന്നതെങ്ങിനെ? കളിയോ മറ്റോ? കൽക്കത്തയിൽ ഗേംസ് കളിക്കുക എന്നത് ഒരു ഭയങ്കര കാര്യമാണ്. കൽക്കത്തയിൽ കളിക്കണമെങ്കിൽ വിദഗ്ദ്ധൻ ആയി മാറണം. ഫുട്ബോൾ, ക്രിക്കറ്റ്, ബാറ്റ്മിൻറൺ കളിക്കുന്നവരെല്ലാം സ്പോർട്സ്മാൻ ആകാൻ ആഗ്രഹിക്കുന്നവരാണ്. വെറുതെ സമയം കളയാനായി ഇവിടെ ആരും കളിക്കാറില്ല. ഇതുകാരണം കളി അറപ്പുള്ളതാണ്. സമയം കളയാനായുള്ള ഒരേ ഒരു കളി ശീട്ടുകളിയാണ്. ശീട്ടുകളിച്ചു തന്നെ പലരും വിദഗ്ദ്ധരായി കോംപറ്റീഷനിൽ പേരുകൊടുക്കാൻ ആഗ്രഹിക്കുന്നു. കോംപറ്റീഷനിൽ പേരുകൊടുത്തില്ലെങ്കിൽ ശീട്ടുകളി രസം മുറിയാൻ തുടങ്ങും. അപ്പോൾ പൈസവച്ചു കളിക്കാൻ തുടങ്ങും, പൈസ വച്ച് ഫ്ലാഷ് അല്ലെങ്കിൽ മുച്ചീട്ട്. വയസ്സനായില്ലെങ്കിൽ ബ്രിഡ്ജ് രസമുണ്ടാവുകയില്ല. കൂടുതലും അടിപിടി ഉണ്ടാകും. അവസാനം പന്തയക്കളി. കൂടെ മദ്യം. മദ്യം കഴിഞ്ഞാൽ പിന്നെ...

എൻെറീശ്വരാ... ഇതിനുശേഷം പോക്കാണ്.

മനഃപൂർവ്വം ഒറ്റക്കിരിക്കുന്നതിലും ഒരു സുഖമുണ്ട്. എനിക്ക് വേണമെങ്കിൽ നിഷ്പ്രയാസം സുവിമലിനേയോ, അവിനാശിനേയോ, കണ്ടെത്തി ബഹളം കൂട്ടാൻ കഴിയും. അതിനൊന്നും പോവാതെ പാർക്ക് സ്ട്രീറ്റിലെ കടയിൽ ചായക്കുശേഷം ഒറ്റക്കിരുന്ന് സിഗരറ്റു വലിക്കുന്നതിലും വളരെ സുഖം തോന്നുന്നുണ്ട്. ഇന്നത്തെ സന്ധ്യ ഏറെക്കുറെ കനത്തതും ഇരുണ്ടതും ആണ്. ഉച്ചതിരിയുന്നതിനു മുമ്പുതന്നെ മഴക്കാറുമൂടി ഇരുളാൻ തുടങ്ങിയിരുന്നു. ഇപ്പോൾ എനിക്കു തോന്നുകയാണെങ്കിൽ എന്തും ചെയ്യാൻ പറ്റും; ആർട്ട് എക്സിബിഷൻ കാണാൻ പോവുക എന്നതും എന്നെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അസംഭാവ്യമല്ല.

സത്യം പറയട്ടെ, ഞാൻ ചെന്നു കയറിയത് ഒരു എക്സിബിഷനിലായിരുന്നു. നീണ്ട താടിക്കാരനായ ചെറുപ്പക്കാരൻെറ മുഖത്ത് എണ്ണപുരട്ടിയപോലുള്ള ചിരി. അവൻ നിശ്ചയമായും ആർട്ടിസ്റ്റാകണം. ഏതാണ്ട് ഇരുപത്തഞ്ച് ഫ്രേ: പക്ഷേ ചിത്രങ്ങളില്ല. ഫ്രേമിനു നടുക്ക് രേഖകളും വർണ്ണങ്ങളും. ഇതിൽ സർവ്വത്ര കാണാൻ കഴിയുന്ന ആ സ്ത്രീസൗന്ദര്യം തിരഞ്ഞാൽ കാണില്ല. ഏതിലെല്ലാം സ്ത്രീസൗന്ദര്യം ലഭിക്കുന്നില്ലയോ അത് എനിക്ക് സത്യമായും സുന്ദരമായി തോന്നാറില്ല.

ഇതേ കാരണത്താൽ ഇത്രയും അസംഖ്യം സ്ത്രീകളെ സുന്ദരികളായി തോന്നിയിട്ടില്ല. ഒരാൾ ഒരു സോവനീർ വില്പനക്കായി വന്നു. ഒരുറുപ്പിക വില, സമയം കൊല്ലാൻ വന്നതാണ്. അതിനെന്തിന് ഒരുറുപ്പിക ചെലവാക്കണം. വേണ്ട, വേണ്ട, ചിത്രങ്ങളുടെ പേരു നോക്കേണ്ട ആവശ്യം എനിക്കില്ല.

കാഴ്ചക്കാരിൽ പലരുടേയും രൂപം കലാകാരൻമാരെപ്പോലെയാണ്. കാടുപിടിച്ച തല, കനത്ത താടി, തോളിൽ സഞ്ചി, ഇവരുടെകൂടെ യുവതികളുമുണ്ട്. ചിത്രകാരൻമാരുടെ കൂടെ അനേകം സമ്പന്നഗൃഹങ്ങളിലെ തരുണീമണികളും നടക്കുന്നത് ഈ ബംഗാളിൽ കാണാറുണ്ട്. എന്തു മോഹിച്ചാണോ? ഒരുപക്ഷേ ആർട്ടിസ്റ്റുകൾക്കു മാത്രമാണ് സ്ത്രീകളുടെ രൂപത്തിൻെറ മർമ്മം അറിയാൻ കഴിയുക എന്ന ഒരു നേരിയ ധാരണ സ്ത്രീകൾക്കുണ്ട്. സ്ത്രീകളുടെ ക്ഷണഭംഗുരമായ രൂപത്തിനെ ശാശ്വതമാക്കാൻ ആർട്ടിസ്റ്റുകൾക്ക് മാത്രമാണ് കഴിയുക. തൊലികൊണ്ട് പൊതിഞ്ഞ രൂപത്തെ ചുമരിലോ, ക്യാൻവാസിലോ കാലത്തെ അതിജീവിച്ചുകൊണ്ട് നിലനിർത്തും. അതവിടെ നിൽക്കട്ടെ! ആർട്ടിസ്റ്റുകളുടെ ആ സുദിനം ഇപ്പോൾ എവിടെ? ഇപ്പോൾ നഗ്നസുന്ദരിയെ മോഡലാക്കി മുമ്പിൽ ഇരുത്തിക്കൊണ്ട് രേഖകളും വർണ്ണങ്ങളുമായി കുത്തിവരച്ചുകളിക്കും. ഇത് കംപോസിഷനോ, മൊട്ടത്തലയോ?

– സുനിൽ നീ ഒറ്റക്കാണോ വന്നത്?

ഞാൻ ഭൂതത്തെ കണ്ടപ്പോലെ ഞെട്ടിത്തെറിച്ചു. ഇവിടേയും അറിയുന്നവരുടെ കൈയിൽ അകപ്പെടണമെന്നോ? തിരിഞ്ഞുനിന്നപ്പോൾ കണ്ടു പരീക്ഷിത്തും നൂറുലും പിന്നെ

ഒരമേരിക്കൻ പയ്യനും. ഇവനും മുഖത്തു താടി, നാറിയ വസ്ത്രം, തോളിൽ സഞ്ചി. നൂറുൾ പറഞ്ഞു, നിങ്ങൾ ശേഖ റിനെ കണ്ടിരുന്നോ? അയാൾ നിങ്ങളെ വളരെ തിരയുന്നുണ്ട്.

ഞാനാസമയത്ത് ഒട്ടും കൂസൽ കൂടാതെ പറഞ്ഞു. ഉവ്വ്, കണ്ടു.

പരീക്ഷിത്ത് ചോദിച്ചു. എപ്പോഴാണ് കണ്ടത്?

ഇതാ ഇന്ന് ഉച്ചതിരിഞ്ഞ്. നാലുമണി സമയത്ത്.

പരീക്ഷിത്ത് തൊണ്ടപൊട്ടുമാറ് ചിരിച്ചുകൊണ്ട് പറഞ്ഞു. ശേഖർ കാട്ടിക്കൂട്ടിയ തോന്ന്യവാസം കണ്ടല്ലോ നീ? ആകെ പേടിപ്പിച്ചു.

ഞാൻ പറഞ്ഞു, ശേഖർ ഒരു തൻേറടിയാണ്. ഇവിടെ ബാത്റൂം എവിടെയാണ്?

അറിയില്ല. അന്ന് നിങ്ങൾ ബാരിൻ ചേട്ടനുമായി തല്ലുകൂടി യതെന്തിനാണ്? നിന്നെ നല്ലപോലെ പെരുമാറിയെന്നുകേട്ടു.

പോടാ, ഞാൻ അവിനാശും ബാരിൻചേട്ടനും തല്ലുകൂടു ന്നതു വിടുവിക്കാൻ പോയതാണ്.

എന്തോ ആവട്ടെ, നിന്നോട് ബാരിൻ ചേട്ടന് യാതൊരലോ ഗ്യവുമില്ല. നീ ഇന്ന് പെട്ടെന്ന് ഇവിടെ ഒറ്റക്ക് വന്നതിൻെറ അർത്ഥം?

ഈ ചിത്രങ്ങളെല്ലാം വരച്ചത് എൻെറ ഇളയചേച്ചിയുടെ ഭർത്താവിൻെറ അനിയനാണ്. വരാൻ വേണ്ടി വളരെ നിർബ ന്ധിച്ചിരുന്നു. വാ- നിനക്ക് പരിചയപ്പെടുത്തിത്തരാം.

വേണ്ട, പിന്നെയാവാം, പരിചയപ്പെടേണ്ട ആവശ്യമില്ല. ഞങ്ങളിവിടെ വന്നത് ഈ സായ്പ് കാരണമാണ്. നിനക്ക് പരിചയപ്പെടുത്തിത്തരാം. മീറ്റ് ഔവർ ഫ്രെഞ്ച് സാൻറിഗ്രോ വർ. ഈ പയ്യനും ഒരു ആർട്ടിസ്റ്റാണ്. മനസ്സിലായോ? ശേഖറുമായിട്ടാണ് ആദ്യം പരിചയപ്പെട്ടത്.

ഞാൻ ഹാൻഡ്ഷേക്ക് ചെയ്യാനായി കൈ നീട്ടി. പയ്യൻ നമസ്ക്കാരം ചെയ്യുന്ന മട്ടിൽ കൈകൂപ്പി. ഞാൻ പറഞ്ഞു. ഗ്ലാഡ് ടു മീറ്റ് യു. പയ്യൻ കനത്ത സ്വരത്തിൽ പറഞ്ഞു. നമ സ്ക്കാരം.

ഓ, ഇതിനിടയിൽ രണ്ടുമൂന്നു ബംഗാളി പദം പഠിച്ചു വച്ചിരിക്കുന്നു. ഇനി പാൻറുപേക്ഷിച്ച് പൈജാമയിടും, ഇട തുകൈകൊണ്ട് ചോറുണ്ണും, അറിയാം, അറിയാം. ആ വക

ജാടകളെല്ലാം അറിയാം.

പരീക്ഷിത്ത് പറഞ്ഞു. ശേഖറിൻെറ അടുത്തേക്ക് പോവുകയല്ലെ? സാൻറിയും കൂടെവരുന്നുണ്ട്.

ഞാൻ പ്രസന്നവദനനായി പറഞ്ഞു. എവിടേക്ക്? അഞ്ചാം നമ്പർ വീട്ടിലേക്കോ? ഞാനും വരുന്നു. നടക്കാം. ഇപ്പോഴെനിക്ക് ഒന്നും ചെയ്യാനില്ല. ഒരു മിനിറ്റ് നിൽക്കൂ... ഞാൻ ബാത്റൂമിൽ പോയിവരാം. നിങ്ങൾ അതുവരെ ചിത്രം കാണിൻ.

ഹാളിൽനിന്നും പുറത്തിറങ്ങി ഞാൻ ഒട്ടും സമയം കളയാതെ മിന്നൽ വേഗത്തിൽ നേരെ നടന്നു പാർക്ക് സ്ട്രീറ്റിലെത്തി. ആളില്ലാതെ ഓടിക്കൊണ്ടിരിക്കുന്ന ഒരു ടാക്സി നിറുത്തി അതിൽ കയറിയിരുന്നു.

ഇപ്പോഴും സമയമായിട്ടില്ല. ടാക്സി ഉപേക്ഷിച്ച് ഞാൻ മരത്തിൻെറ താഴെ അൽപനേരം നിന്നു. പെണ്ണുങ്ങളാരും ഇനിയും വന്നിട്ടില്ല. ഇപ്പോൾ റോഡിൽ ആൾക്കാർ കുറവില്ല, എങ്കിലും നിരത്തിൽ എന്തോ രസക്കുറവുപോലെ. പാട്ടു പഠിപ്പിക്കുന്ന സ്ക്കൂൾ വിടുന്നതും നിരത്ത് പ്രകാശമാനമാകും. ഈ വലിയ വൃക്ഷവും ഇരുവശങ്ങളിലെ വീടുകളും എന്നെപ്പോലെതന്നെ ആ നിമിഷത്തിൻെറ പ്രതീക്ഷയിലാണെന്നു തോന്നുന്നു.

അഞ്ചുമിനിട്ടിനുള്ളിൽ തന്നെ അവർ കലപിലകൂട്ടി പുറത്തുവന്നു. മറ്റൊരു പെണ്ണിൻേറയും നേരെ എൻെറ ദൃഷ്ടി പോയില്ല. ഇന്നു ഞാൻ ആദ്യംതന്നെ യമുനയെ കണ്ടെത്തി. ഇന്ന് ഇത്തിരി അധികം അണിഞ്ഞുവന്നിട്ടുണ്ട്. തലയിലെ മുടി ഉയർത്തിക്കെട്ടിവച്ചിരിക്കുന്നു. കൈയില്ലാത്ത ബ്ലൗസ്, ഇളം വാഴയിലയുടെ നിറമുള്ള സാരി. തീർച്ചയായും നല്ല വിലയുള്ളതായിരിക്കാം. അധികം അണിഞ്ഞൊരുങ്ങിയിട്ടും അവളുടെ സൗന്ദര്യം കൂടിയിട്ടൊന്നുമില്ല. സൗന്ദര്യം ആരിലുണ്ടോ അവർക്കത് കൂടുകയോ കുറയുകയോ ഇല്ല. സുന്ദരിപ്പെണ്ണിൻെറ മുഖത്തു മുറിവ് പറ്റിയാലും അതിനൊരു സൗന്ദര്യമുണ്ട്.

ഞാൻ കണ്ണും നട്ട് നോക്കിക്കൊണ്ടേയിരുന്നു. എപ്പോഴാണ് എന്നിൽ അവളുടെ ദൃഷ്ടി പതിയുക? പെൺകുട്ടികൾ ഒന്നിച്ചുചേർന്ന് കൂട്ടംകൂടി സംസാരിക്കുകയാണ്. ആര് എന്തുകാര്യം മറ്റൊരാളെ പറഞ്ഞുകേൾപ്പിക്കാൻ ആഗ്രഹിക്കു

ന്നുവെന്ന് ആർക്കറിയാം. ഈ പെൺകൂട്ടത്തിൻെറ മധുരസ്വരത്തിലുള്ള കലപില ശബ്ദം കേട്ട് നിരത്തിലെ ആൾക്കാരെല്ലാം അവരുടെ നേരെ നോക്കി നടന്നുപോകുന്നു. യമുന കൂട്ടം വിട്ട് വേഗത്തിൽ ബസ്സ്റ്റോപ്പിനുനേരെ വന്നു. എന്നാലും അവൾ തന്നെയാണ് എന്നെ ആദ്യം കണ്ടതും.

– ചേട്ടൻ! ചേട്ടനെപ്പോൾ വന്നു?

– ഇതാ ഇപ്പോൾ. ബസ്സിൽ കയറി പോകയായിരുന്നു. നിന്നെ കാണാനായി ഇറങ്ങിനിൽക്കുകയാണ്.

– ചേട്ടൻ അന്ന് വന്നില്ലല്ലോ?

– എന്ന്.

– അന്ന് കണ്ടില്ലേ, അതിൻെറ അടുത്ത ക്ലാസ്സുള്ള ദിവസം?

– ഞാൻ അന്നു വരാമെന്ന് പറഞ്ഞിരുന്നില്ലല്ലോ.

– ചേട്ടൻ പറഞ്ഞിരുന്നു. ഞാൻ അടുത്ത ദിവസം വരാമെന്ന്, ഞാൻ ചേട്ടനെക്കാത്ത് വെറുതെ നിൽപ്പായിരുന്നു.

– അടുത്ത ദിവസം എന്നു പറഞ്ഞിട്ടില്ലായിരുന്നു. പറഞ്ഞത് പിന്നീട് ഒരു ദിവസം വരാമെന്നാണ്. നീ ശരിക്കും എന്നെ കാത്തു നിന്നോ?

– ങും. വളരെ നേരം..... എനിക്കെന്തോ, ചേട്ടൻ അന്നു വരുമെന്നപോലെ തോന്നിയിരുന്നു.

യമുന എന്നെ കാത്തുനിന്നു. ഈ വർത്തമാനം കേട്ട് ശരീരം പെട്ടെന്ന് വെള്ളംപോലെ നേർത്തുപോയി. ഇത്രയും ചെറിയ കുരുന്നുപെണ്ണ് എന്നെ കാത്തുനിന്നെന്നുകേട്ടതും നെഞ്ചിനിടക്ക് ഒരു കുലുക്കം അനുഭവപ്പെട്ടു. എത്രമാത്രം സുന്ദരവും ശുദ്ധവുമായ അലൗകികസ്വരം. അവൾ പറഞ്ഞു. ഞാൻ ചേട്ടനെ കാത്തുനിൽക്കുകയുണ്ടായി. ഇതുമാതിരി ശുദ്ധസത്യം എനിക്കുപോലും പറയാൻ കഴിയില്ല. ആർക്കും പറ്റില്ല, എന്നല്ല ആരുടെ മുഖത്തുനിന്നും കേട്ടിട്ടില്ല. യമുന ഒഴികെ ഭൂമിയിലെ മറ്റുള്ളവർക്കെല്ലാം വയസ്സുകൂടിയിരിക്കുന്നു.

ഞാൻ പറഞ്ഞു. യമുനേ സത്യമായിട്ടും അന്ന് എനിക്കു വരണമെന്നുണ്ടായിരുന്നു. നിന്നെ അന്ന് പൊടുന്നനെ കണ്ടുമുട്ടിയതിനുശേഷം എൻെറ മനസ്സിന് എന്തുമാത്രം സുഖം തോന്നിയിരുന്നെന്നോ. ദിവസവും നിന്നെ കാണാനായി കൊതിച്ചിരുന്നു. നമ്മൾ രണ്ടുപേരും ഇപ്പോൾ മുതൽ സുഹൃത്തുക്കളായിരിക്കുകയാണ്. ഹാ, എങ്ങിനെയുണ്ട്?

അന്ന് വരാൻ പറ്റിയില്ല, അതിനു തലേദിവസം എൻെറ മുത്തച്ഛൻ മരിച്ചില്ലേ, അതുകൊണ്ടാണ്.

- ഓ അതുകൊണ്ടാണല്ലേ, മനസ്സിലായി. ചേട്ടൻ പിന്നെ തോലിൻെറ ചെരുപ്പിട്ടിരിക്കുന്നതെന്താണ്? ചേട്ടന് പുല യില്ലേ?

മുത്തശ്ശൻ മരിച്ചാൽ മൂന്നുദിവസമേ പുലയുള്ളൂ. അതു കഴിഞ്ഞുപോയി. നടക്ക്. ഞാനും നീയും ഇന്ന് വളരെ പതുക്കെ പതുക്കെ നടന്നുനടന്ന് വീടുവരെ പോകും. നട ന്നുകൊണ്ടുതന്നെ ധാരാളം സംസാരിക്കാം.

- പക്ഷേ ഇപ്പോൾ പറ്റില്ല. ഇന്ന് വൈകിപ്പോയെങ്കിലോ.

- പിന്നെ എത്ര വൈകാനാണ്?

- വേണ്ട, ഇന്ന് വീട്ടിലുള്ളവരെല്ലാം രാത്രി സിനിമ കാണാൻ പോവുകയാണ്. ചെന്ന ഉടനെ വല്ലതും കഴിച്ച് പുറത്തു പോകേണ്ടിവരും. അമ്മ പറഞ്ഞിരുന്നു, ഇന്ന് പാട്ടു പഠിക്കാൻ പോകേണ്ടെന്ന്. പക്ഷേ എനിക്കാണെങ്കിൽ അടു ത്തമാസം പാട്ടുപരീക്ഷയാണ്.

- വന്നതു ഭാഗ്യം. അതുകൊണ്ട് നിന്നെ കാണാൻ പറ്റി.

- കൊള്ളാം. ചേട്ടന് വീട്ടിൽ വരാൻ പററില്ലെന്നു തോന്നുന്നല്ലോ? ചേട്ടൻെറ കാര്യം അമ്മയോടു പറഞ്ഞ ദിവസംതന്നെ അമ്മ പറഞ്ഞു, വീണ്ടും കാണുകയാണെ ങ്കിൽ ചേട്ടനെ ബലമായി പിടിച്ചു വീട്ടിൽ കൊണ്ടുവരാൻ. ചേച്ചിയും പറഞ്ഞു, ചേട്ടനെ കൊണ്ടുവരാൻ. ചേച്ചി ചോദി ക്കുകയുണ്ടായി, ചേച്ചിയെ ചേട്ടന് ഓർമ്മയുണ്ടോ എന്ന്.

ഞാൻ പറഞ്ഞു, നിൻെറ ചേച്ചിയുടെ പേര് സരസ്വതി എന്നല്ലേ? ഓർമ്മിക്കാതിരിക്കാനെന്താ? സരസ്വതിയുടെ മുഖം ഓർമ്മവന്നതും എനിക്കൽപ്പം അസ്വസ്ഥത തോന്നി. തൻെറ സുഖത്തേക്കാൾ കൂടുതലായി മറ്റുള്ളവരെ സുഖിക്കാൻ അനു വദിക്കാത്ത ചിലമുഖങ്ങളിൽപെട്ട ഒന്നാണത്. സരസ്വതിയെ എനിക്കൊരിക്കലും അത്ര ഇഷ്ടപ്പെടാൻ കഴിഞ്ഞിട്ടില്ല. യമു നയുടെ ചേച്ചി എന്ന രീതിയിൽ അവളെ മാനിക്കാനാവില്ല.

യമുന പറഞ്ഞു, ഇന്നു പോവാംന്നെ?

- നിൻെറ സ്ക്കൂൾ ഇനിയും മറ്റന്നാളാണ്. അല്ലേ?

- അതെ, ആറരമുതൽ എട്ട് വരെ, ഇതാട്ടോ ബസ് വരുന്നു.

- നടക്ക്, ഞാനും നിൻെറ കൂടെ ബസ്സിൽ കയറിയേക്കാം.

ഞാനും ആ വഴിക്കാണ് പോകുന്നത്.

- വരൂ... വേഗം വരൂ... എന്തൊരു തിരക്ക്...

ശരിയായിരുന്നു. ബസ്സിൽ നല്ല തിരക്കുണ്ടായിരുന്നു. എപ്പോഴും ഒരു കൂട്ടം ആൾക്കാർ ബസ്സിൽ കയറി സ്ഥലം കയ്യടക്കി വച്ചരിക്കുന്നതെന്തിനാണെന്ന് മനസ്സിലാവുന്നില്ല. ഇത്ര ചുറ്റിയടിക്കേണ്ട ആവശ്യമെന്തിരിക്കുന്നു മനുഷ്യർക്ക്? ഇട തടവില്ലാതെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിച്ചില്ലെങ്കിൽ ശരിയാവില്ലെന്നു തോന്നുന്നു. ബസ്സിൽ തിരക്കിലെ ആൾക്കാരെക്കണ്ട് എന്റെ ദേഹം പൊള്ളിപ്പോയി. യമുനയാകട്ടെ തിരക്കു തള്ളിമാറ്റി ശരശരാ എന്നു കയറിപ്പറ്റി. ഞാൻ അവളോടു പറഞ്ഞു. നടക്കൂ, രണ്ടാം നിലയിലേക്കു പോകാം. ചവിട്ടുപടിയിലെ ആൾക്കാർ യമുനക്ക് വഴിമാറിക്കൊടുത്തതും ഞാനും ആ വിടവിലൂടെ കയറിക്കൂടി, യമുനയുടെ ശരീരത്ത് ആരെങ്കിലും തെമ്മാടിത്തരം കാട്ടിയിരുന്നെങ്കിൽ എന്റെ ആണിയിട്ടുറപ്പിച്ച ചെരുപ്പുകൊണ്ട് അവന്റെ കാൽ ഞാൻ ചവിട്ടിമെതിക്കുമായിരുന്നു, എന്ന കാര്യം ഉറപ്പായിരുന്നു. ബസ്സിന്റെ രണ്ടാം നിലയിലും ഇരിക്കാൻ ഇടമില്ലായിരുന്നു. ലേഡീസ് സീറ്റിൽ ഒരു സ്ത്രീയുടെ അരികിലായി ഒരു ചെറുപ്പക്കാരൻ ഇരുന്നിരുന്നു. യമുനയെ കണ്ടപ്പോൾ അയാൾ സീറ്റിൽനിന്നും മാറി എന്റെ അരികത്തായി വന്നുനിന്നു. ഞങ്ങൾ രണ്ടുപേരും പരസ്പരം മടുപ്പോടെ നോക്കി. യമുനയുടെ മുതുകിനരികിലായി സീറ്റിന്റെ മേലറ്റത്ത് എന്റെ കൈ ഇരുന്നു.

വീടിന് ഏതാണ്ട് അടുത്തെത്തിയപ്പോൾ യമുന എഴുന്നേറ്റുനിന്നു ചോദിച്ചു, ചേട്ടൻ ഇറങ്ങുന്നില്ലേ?

ഞാൻ പറഞ്ഞു. ഇല്ല, നീയിറങ്ങിക്കോ, പിന്നെക്കാണാം.

- വരണം ട്ടോ, തീർച്ചയായും.

പെട്ടെന്ന് ഒരു സീറ്റാകെ ഒഴിഞ്ഞു. ഞാൻ കയറി ഇരുന്ന് ജനലിലൂടെ പുറത്തേക്കു നോക്കി. യമുന എന്നെക്കണ്ട് പൂവിരിയുന്നതുപോലെ ചിരിച്ചു. ഞാൻ ജനലിൽക്കൂടി കൈ നീട്ടി അവളെ നോക്കി ചിരിക്കുകയും കൈ കാട്ടി വിടപറയുകയും ചെയ്തു.

അതിനുശേഷം എനിക്കുതോന്നി ഈ ബസ്സിൽ വളരെ നേരം ഇരിക്കണമെന്ന്. വാസ്തവത്തിൽ അതുതന്നെയാണ്

നടന്നത്. ബസ് ഡിപ്പോയിലെത്തി നിന്നതിനുശേഷം ഞാൻ നിശ്ശബ്ദനായി രണ്ടാംനിലയിലെ ജനാലക്കരുകിൽ ഇരിക്കുകയായിരുന്നു. ഇപ്പോൾ സിഗരറ്റുകൊളുത്തി വലിച്ചാലും ആരും വിരോധം പറയുകയില്ല. എന്നിട്ട് ബസ്സ് വീണ്ടും പുറപ്പെട്ടപ്പോൾ എനിക്കൊരുവിധം ഉറക്കം വരുന്നതുപോലെ തോന്നി. നേരിയ മയക്കത്തോടെ ബസ്സിലിരുന്ന് നീണ്ട യാത്രക്കുശേഷം ബസ്സിൽ നിന്നിറങ്ങി ഞാൻ വീടിൻെറ പടിവാതിൽക്കലെത്തിയതും എന്നിൽനിന്നു മധുരമായ ഒരു നിശ്വാസ്മുയർന്നു.

ടെലിഫോൺ വലിയ അളിയൻെറ മുറിയിലായിരുന്നതുകൊണ്ട് സുഹൃത്തുക്കളോടെല്ലാം ഞാൻ പറഞ്ഞിരുന്നു സന്ധ്യ കഴിഞ്ഞാൽ പിന്നെ വീട്ടിലേക്ക് ടെലിഫോൺ ചെയ്യരുതെന്ന്. അവിടെ നിന്നും ടെലിഫോണിൽ സംസാരിക്കാൻ വളരെ അസൗകര്യം ഉണ്ട്. പാർട്ടിയോ, അപ്പോയൻമെൻേറാ ഇല്ലാത്ത ദിവസങ്ങളിൽ വലിയ അളിയൻ സന്ധ്യക്കു തന്നെ വീട്ടിൽ എത്തും. ഓഫീസ് ജോലികൾ സ്വന്തം മുറിയിലിരുന്നു കൊണ്ടുതന്നെ ചെയ്യും. പബ്ലിസിറ്റി ലൈനിലെ മനുഷ്യനാണ്. വർഷം മുഴുവനും ധാരാളം പാർട്ടികളിൽ പങ്കെടുക്കണം. തന്നിമിത്തം മദ്യം കഴിക്കുക അങ്ങേർക്കൊരു ശീലമായിത്തീർന്നിരിക്കുന്നു. കുപ്പികൾ സ്വന്തം മുറിയിൽത്തന്നെയുണ്ട്. ജോലി ചെയ്യുന്ന സമയങ്ങളിൽ സന്ധ്യക്ക് കുറേശ്ശെ കുറേശ്ശെ എന്നും കഴിക്കും. ഈ സമയത്ത് വീട്ടിലെ ആരും അദ്ദേഹത്തെ ശല്യപ്പെടുത്താൻ ചെല്ലരുതെന്ന് വല്ല്യേടത്തിയുടെ ശക്തമായ താക്കീതുണ്ട്.

രാത്രി ഏതാണ്ട് പതിനൊന്നരമണിയായിക്കാണും. വല്യേടത്തി എൻെറ മുറിയുടെ വാതിലിൽ തട്ടിക്കൊണ്ടു പറഞ്ഞു, ഉറങ്ങുകയാണോ? നിന്നെ ആരാണെന്നറിയില്ല ടെലിഫോണിൽ വിളിക്കുന്നു.

ഞാൻ കട്ടിലിൽ പരന്നു കിടക്കുന്ന പേപ്പറുകൾ തട്ടി മാറ്റിക്കൊണ്ട് എഴുന്നേറ്റു. ആരാണിപ്പോൾ ടെലിഫോൺ ചെയ്യുന്നത്? വലിയ അളിയനെ ഈ സമയത്ത് ശല്യപ്പെടുത്തുന്നതിൽ തീർച്ചയായും എനിക്ക് ലജ്ജ തോന്നി. അദ്ദേഹം മിക്കവാറും ഉറങ്ങിക്കഴിഞ്ഞിരുന്നു. കിടക്കയിൽ ഒരുകൈയിനിടക്ക് മുഖം തിരുകി ഉറങ്ങു കയാണ്. ജോലി ചെയുന്ന സമയത്ത് എന്തോ ചിന്തിച്ച് ചിന്തിച്ച് ഗാഢനിദ്രയിലാണ്ടപോലെ.

മേശപ്പുറത്തു നിന്നും കുപ്പിയും ഗ്ലാസ്സുമെല്ലാം വല്യേടത്തി മാറ്റിയിരിക്കുന്നു. എങ്കിലും മുറിയിൽ നേരിയ ഗന്ധം. ഞാൻ ടെലിഫോൺ എടുത്ത് പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. ഹലോ, ആരാണ്?

ബഹറാംപൂരിൽ കുട്ടിക്കാലത്ത് അതികാലത്ത് ജനലി ലൂടെ മന്ത്രിക്കുന്ന സ്വരത്തിൽ ശേഖർ എന്നെ എങ്ങിനെ വിളിച്ചിരുന്നുവോ, തികച്ചും അതുപോലെ ശേഖർ പറഞ്ഞു, സുനിൽ ഇത്ര തിടുക്കപ്പെട്ടു വീട്ടിൽ പോയി എന്തെടുക്കു കയാണ്? നീ ഇങ്ങോട്ടു വന്നില്ലല്ലോ?

വളരെ നാളുകൾക്കുശേഷം ശേഖറിന്റെ ശബ്ദം കേട്ടു. പുതിയ എന്തോ രഹസ്യം കിട്ടി വളരെ ഉൻമത്തനാണെന്നു തോന്നുന്നു. എനിക്കൽപം വെറുപ്പു തോന്നി. പരിഭ്രമത്തോടെ ചുറ്റും നോക്കി. വല്യേടത്തി മുറിയിലില്ല. അളിയൻ ശരിക്കും ഉറങ്ങുകതന്നെയാണ്. ഞാൻ ചോദിച്ചു, എവിടെ, എവിടെ യാണ് നീ?

– അഞ്ചാം നമ്പർ വീട്ടിൽ. വീണയുടെ കൂടെ... രസം മുറുകുകയാണ്, വാ ഇപ്പോൾ തന്നെ.

– ഇപ്പോഴോ, ഇല്ല.

– ഛേ, വാടോ, നിനക്കു ചിന്തിക്കാൻ പോലും പറ്റാത്ത വിധം കേമമായ ഒരു സാധനം കാണിച്ചു തരാം. നിന്റെ ഓഫീസിൽ വിവരം കൊടുത്തിരുന്നു. കിട്ടിയില്ലേ?

– കിട്ടിയിരുന്നു. പക്ഷേ, വേറെ ഒരു പ്രധാനപ്പെട്ട ജോലി യുണ്ടായിരുന്നു.

– ഇവിടെ കുറെപ്പേരുണ്ട്, വീട്ടിൽ നിന്നും പുറത്തുക ടന്ന് വേഗം വാന്നേ.

– എനിക്കു വല്ലാതെ തലവേദനിക്കുന്നു. 103 ഡിഗ്രിയോളം പനിയുണ്ട്.

– നീ സന്ധ്യക്ക് പരീക്ഷിത്തിനെ വെട്ടിച്ച് കടന്നുകള ഞ്ഞതെന്തിനാണ്?

– അതല്ലേ പറഞ്ഞത്. ദേഹത്തിന് സുഖം തോന്നിയിരു ന്നില്ല. പനിവരുന്നുണ്ടായിരുന്നു അപ്പോൾ.

– നീ വാ, ഒന്നാംതരം ഒരു സാധനം തരാം. ഒരു മിനിറ്റ് കൊണ്ട് നിന്റെ പനി പമ്പകടക്കും. ഉറപ്പു തരുന്നു. എന്നെ വിശ്വസിക്കു. ഒന്നു വന്നുനോക്ക്.

– ശേഖർ, എന്തിനു ശല്യപ്പെടുത്തുന്നു? പറഞ്ഞില്ലേ വരാൻ പറ്റില്ലെന്ന്.

– നിൽക്ക്, നിൽക്ക് ലൈൻ വിടല്ലേ. അങ്ങിനെയാണെങ്കിൽ നാളെ ഓഫീസ് വിട്ടതും നേരെ ഇങ്ങോട്ടുവാ,–

– ശരി വരാം.

– തീർച്ചയായും വരണം. ഇവിടെ നൂർജഹാൻ വന്നിട്ടുണ്ട് വളരെ ഇൻററസ്റ്റിങ്ങാണ്. -

– ആരാണ് നൂർജഹാൻ.

നിനക്കോർമ്മയില്ലേ, വീണയുടെ ചേച്ചി നൂർജഹാൻ? കുറെ ദിവസമായി ഞാൻ അവളുടെ കരച്ചിൽ മാത്രം കാണുകയാണ്. ഭംഗിയുള്ള സ്ത്രീകളുടെ കരച്ചിൽ കാണാനുള്ളൊരു രസം...

– ശരി ശരി, മനസ്സിലായി. ഞാനിപ്പോൾ ലൈൻ വിടുകയാണ്.

– ഇന്നു നീ വന്നില്ലല്ലോ ചേ... നാളെ നീ തീർച്ചയായും വരുമല്ലോ. നിന്നെക്കൊണ്ട് വളരെ ആവശ്യമുണ്ട്. നാളെ ഉച്ച കഴിഞ്ഞ് നിൻെറ ഓഫീസിലേക്ക് ടെലിഫോൺ ചെയ്യാം–

– വീട്ടിൽനിന്നു ഒഴിഞ്ഞുമാറി മറ്റൊരു സ്ഥലത്തു രാത്രി കഴിച്ചുകൂട്ടുക, എന്തൊരു കുട്ടിക്കളിയാണ് നീ കാണിക്കുന്നത്.

ശേഖർ ചിരിക്കുന്ന ശബ്ദം കേൾക്കാൻ കഴിഞ്ഞു. എന്തോ ഒരുമാതിരി രഹസ്യച്ചിരിപോലെ. അവൻ പറഞ്ഞു, കുട്ടിക്കളിയല്ല, വന്നാൽ നിനക്കു മനസ്സിലാകും.

– ശരി, ഇപ്പോൾ വയ്ക്കട്ടെ.

– എന്നാൽ നാളെ തീർച്ചയായും...

അന്നു രാത്രി ഉറക്കത്തിനിടക്ക് പലപല ദുഃസ്വപ്നങ്ങളും കാണുകയുണ്ടായി. മയക്കംപോലുള്ളതും അസ്പഷ്ടവുമായ ഉറക്കം തുടരെത്തുടരെ സ്വപ്നത്താൽ ഭംഗിക്കപ്പെട്ടു. ഞാൻ സഹികെട്ടു തിരിഞ്ഞുകിടന്നു. അപ്പോൾ പിന്നേയും മറ്റൊരു സ്വപ്നം . കിഴക്കൻ ബംഗാൾ ഗ്രാമത്തിലെ തക്ഷകൻ ചിലച്ചിരുന്ന വലിയ അരയാൽ മരത്തിൻെറ കൊമ്പിൽ ആരോ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തെന്ന്... മനീഷ ചിരിച്ചുകൊണ്ട് ശേഖറിൻെറ ചീട്ടിൽ തൊട്ടുകൊടുക്കുന്നു. ഞാൻ അരുണിനോടു പറഞ്ഞു. ഭ്രാന്താശുപത്രിയിലെങ്ങും സീറ്റു

കിട്ടുന്നില്ലെന്നോ? മനീഷയെക്കൊണ്ട് വളരെ ബുദ്ധിമുട്ടാ യല്ലോ? അരുൺ ചിന്താധീനനായി പറഞ്ഞു. അവളെ ആന്തമാ നിൽ അയക്കണോ എന്ന് ചിന്തിക്കുകയാണ്... ബാരിൻ ചേട്ടൻ ഒരു ലോഹദണ്ഡെടുത്ത് ചുഴറ്റി എൻെറ തലക്കടിക്കുന്നു. എൻെറ തലച്ചോറു പൊട്ടിത്തെറിച്ച് അവിനാശിൻെറ മേൽ വീണതും അവിനാശ് പറഞ്ഞു, നീ ഒട്ടും വിഷമിക്കേണ്ട, അവന് ശരിക്കും ഞാൻ കൊടുക്കുന്നുണ്ട്... വാതിലിൻെറ കൊളുത്ത് ഇടാൻ ശ്രമിക്കുമ്പോഴെല്ലാം വേറിട്ട് പടപടായെന്ന് അടർന്നുവീഴുന്നു. ആരോ ശക്തിയായി വാതിലിൽ ഉന്തുന്ന തുപോലെ... ഞാൻ പ്രാണവേദനയോടെ വാതിൽ അമർത്തി പ്പിടിച്ചിരിക്കുകയാണ്. ഇനിയും വയ്യ... അവരെല്ലാം ഇപ്പോൾ ഉള്ളിൽ കടക്കും. താപസ് പറഞ്ഞു, അറിയാമോ? ഛായ യുടെ മനസ്സിന് ഒരു സുഖവുമില്ല, അവളുടെ ദേഹത്തിലെ വെള്ളപ്പാണ്ഡ് പതുക്കെപ്പതുക്കെ പടരുകയാണ്. അവളെ സ്പർശിച്ചാൽ എനിക്കും പാണ്ഡു വരുമെന്നാണവളുടെ ധാരണ. ഒരു ശിപായി കത്തുമായി വരുന്നത് ഞാൻ കണ്ടു. അയാളുടെ ദേഹം മുഴുവൻ പാണ്ഡാണ്. എഴുത്തു തരാ നായി കൈ നീട്ടിയപ്പോൾ കണ്ടു, കൈ മുഴുവനും കുഷ്ഠം പിടിച്ചു ചീഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് എഴുത്ത് പിടിച്ചി രിക്കുന്നത്. ഞാൻ പറഞ്ഞു, ആ എഴുത്ത് എനിക്കു വേണ്ടാ, ഗൗരവസ്വരത്തിൽ അയാൾ പറഞ്ഞു, എഴുത്തു വായിക്കാതെ തിരിച്ചുതരാൻ നിയമമില്ല. എഴുത്ത് വലിച്ചറിഞ്ഞതും അത് പറക്കാൻ തുടങ്ങി....

നാശം, എല്ലാം വൃത്തികെട്ട സ്വപ്നങ്ങൾ. കിടക്കയിൽ നിന്നും എണീറ്റുകൊണ്ട് ഞാൻ കുടുകുടാ എന്ന് കുറേ വെള്ളം കുടിച്ചു. ഇപ്പോൾ വെള്ളത്തിനത്ര സ്വാദൊന്നുമില്ല. നല്ലപോലെ രാത്രി മദ്യപിച്ചാൽ കാലത്ത് വെള്ളത്തിനു കിട്ടുന്ന മധുരം മറ്റൊരിക്കലും കിട്ടില്ല. ജീവിതത്തിൽ ഒരിക്കലും മദ്യം കഴിക്കാത്തവർക്ക് വെള്ളത്തിൻെറ തനതായ സ്വാദ് അറി യാനേ കഴിഞ്ഞിട്ടില്ല. രാത്രി നിദ്രാഭംഗം വന്നാൽ എണീറ്റ് ഒരു പ്രാവശ്യം ലൈറ്റിട്ടാൽ സ്വപ്നം കാണുന്നത് നിൽക്കു മെന്ന് കേട്ടിട്ടുണ്ട്. എന്തോ ആകട്ടെ, സ്വപ്നം കാണുന്നത് നിർത്തേണ്ട ആവശ്യമില്ല. അമ്മയും അച്ഛനും ഉച്ചക്ക് ബഹ റാംപൂരിൽ പോയിരിക്കുന്നു. അച്ഛൻെറ കട്ടിൽ ഇപ്പോൾ

എൻെറ മുറിയിൽതന്നെ കിടക്കുകയാണ്. ഞാൻ ഇരുട്ടിൽ നടന്നുപോയി എൻെറ കട്ടിൽ മാറി അച്ഛൻെറ കട്ടിലിൽ കയറിക്കിടന്നു. കിടക്ക മാറി കിടന്നാൽ എന്തുണ്ടാകുമെന്നു കാണാമല്ലോ. ഈ വക വൃത്തികെട്ട സ്വപ്നങ്ങൾക്കു പകരം യമുനയെ ചുറ്റിപ്പറ്റി ഒരു കൊച്ചു സ്വപ്നം കാണാൻ പറ്റില്ലേ. ഞാൻ കണ്ണടച്ച് യമുനയുടെ നേർത്ത മുഖം ഇരുട്ടിൽ നിറച്ചുവച്ചുകൊണ്ട്, അത്തരം ഒരു സ്വപ്നത്തിന് സ്വാഗതമരുളി. പിന്നെ സ്വപ്നമേ ഉണ്ടായില്ല. ബാക്കി രാത്രി മുഴുവൻ നല്ല ഉറക്കമായിരുന്നു.

ഉറക്കത്തിൽനിന്നും എണീറ്റ ഉടനെ എൻെറ പ്രധാന ചിന്താവിഷയം ശേഖറിൽ നിന്നെങ്ങിനെ ഒഴിഞ്ഞുമാറി നിൽക്കാമെന്നായിരുന്നു. ഞാനും ശേഖറും ഒരുമിച്ച് ജീവിതം ആരംഭിച്ചതാണ്. എങ്കിലും ജീവിതം മുഴുവനും ഒരുമിച്ച് കഴിയണമെന്ന് നിർബന്ധമൊന്നുമില്ലല്ലോ. ഞാൻ തളർന്ന് കഴിഞ്ഞിരിക്കുന്നു. അല്ലെങ്കിൽ എനിക്കു വെറുപ്പ് തോന്നുന്നു. ശേഖറിനെപ്പോലെ രോമാഞ്ചകരമായ പുതിയ പുതിയ അനുഭവങ്ങൾ ഇനിയും തേടി നടക്കാൻ എനിക്കാഗ്രഹമില്ല. വാസ്തവത്തിൽ ഒരിടത്തും ഒരാശ്ചര്യവുമില്ല, അത്ഭുതപ്പെടേണ്ട ഒരു കാര്യവുമില്ല. വൈദ്യുതവെളിച്ചത്തിൽ പെൺപിശാച് കൂവളമരമായി കാണപ്പെടുന്നു. അതുപോലെ ഒരു മനുഷ്യനെ നന്നായി നോക്കിയാൽ മതി, അയാളുടെ ജാടയെല്ലാം പുറത്തു വരും, ഓരോ മനുഷ്യനും നാണിച്ചുകൊണ്ടു പറയും; അതെ ഞാനും തന്നെപ്പോലെ തന്നെ. അന്യർ എന്നെപ്പോലെ എന്നറിഞ്ഞിട്ട് എനിക്കൊരു ലാഭവുമില്ല. ഞാൻ അന്യരുടെ അടുത്തേക്ക് ചെന്നിരിക്കുന്നു എന്ന അറിവ് അൽപം ആശ്വാസം തരുന്നു എന്നു മാത്രം. ഇനി ആത്മരക്ഷയുടെ ആവശ്യമില്ല. കാലിനടിയിൽ ഉറച്ച മണ്ണിൽ നിവർന്നുനിൽക്കാം. പൂച്ചയെ മണ്ണിൽനിന്നും അകറ്റി മുകളിലോട്ടുയർത്തിയാൽ അതിൻെറ എല്ലാ നഖങ്ങളും ഒളിവിൽനിന്നും പുറത്തുവരുന്നതുപോലെ ഒരു ഗ്രാമീണനും, കിഴക്കൻ ബംഗാളിയും അഭയാർത്ഥിയുമായ എൻെറയും നഖങ്ങൾ ജനിച്ച നാട് എന്നുവിട്ടോ അന്നുതന്നെ പുറത്തുവന്നിരുന്നു. ഈ നഗരം വിശാലമാണ്, പക്ഷേ അതുകൊണ്ടെന്തുപറ്റി? തന്നേക്കാൾ

പതിൻമടങ്ങ് ബലവാനായ നായയുടെ മുമ്പിലും പൂച്ച വിഭ്രം ഭിതനാവാറില്ലേ. നജ്റുൾ ഇസ്ലാമിൻെറ ഭാഷയിൽ പറഞ്ഞാൽ ഈ നഗരം തൻെറ ആപത്ത് അല്ലെങ്കിൽ മഹിമ രണ്ടിനെക്കുറിച്ചും ഉദാസീനനാണ്. ഇവിടെ എനിക്കൊരു അപകടവും സംഭവിക്കാൻ പോകുന്നില്ല. ഇവിടെ തനിക്കു പറ്റിയ ഇടം കണ്ടുപിടിക്കുക മാത്രമാണ് പ്രശ്നം. ശേഖറിന് ആ പ്രശ്നം ഇല്ല. അവൻെറ പ്രശ്നം സ്വസ്ഥാനത്തുനിന്നും പുറത്തുവരിക എന്നതാണ്. പുറത്തുവന്ന് എങ്ങോട്ടു പോകണമെന്ന് അവൻ അന്വേഷിക്കുകയാണ്. ഞാനോ, മറുനാട്ടിൽനിന്നും വന്നവൻ, ഞാനിപ്പോൾ എവിടെ ഒത്തുചേരും എന്നന്വേഷിക്കുന്നവനാണ്. അതുകാരണമാണ് തനതായിത്തന്നെ ഇത്രയധികം അന്വേഷണം നടത്തേണ്ടിവന്നത്.

ഇപ്പോൾ ശേഖറിൻെറ അടുത്തുനിന്നും തടിത്തപ്പുക അത്ര എളുപ്പമല്ല. സന്ധ്യക്ക് എവിടെപ്പോയാലും കണ്ടെത്തി പിടിക്കുകതന്നെ ചെയ്യും. തീർച്ചയാണ്. ശേഖർ അല്ലെങ്കിൽ സുവിമലോ, താപസോ, പരീക്ഷിത്തോ. ഞാൻ പിടികൂടപ്പെടാൻ ഇഷ്ടപ്പെടുന്നില്ല. പക്ഷേ എവിടെപ്പോകും? എന്തായാലും ഇനിയും ഒളിച്ചുമാറി ഗംഗാതീരത്തു ചെന്ന് ഒറ്റക്കിരിക്കാൻ എനിക്കു സാധ്യമല്ല. കപ്പലണ്ടി വിൽക്കുന്നവർ വരെ എന്നെ നോക്കി ചിരിക്കും. സുവിമൽ വരുന്നതിനുമുമ്പുതന്നെ ഏതാണ്ട് രണ്ടരമണിക്ക് പ്രസ്സിൽ പോവുകയാണെന്നും പറഞ്ഞ് ഓഫീസിൽ നിന്നും ഇറങ്ങിപ്പോയി. ഒരു സിനിമക്ക് കയറി. ഇൻഗ്രീസ് ബർഗ്മാൻെറ ഒരു പടവും ഞാൻ ഒഴിവാക്കിയിട്ടില്ല. ഇന്നാകട്ടെ ഈ പടത്തിൻെറ അവസാനദിവസവും ആണ്. കാണാതിരിക്കുന്നതിൽ യാതൊരർത്ഥവുമില്ല. ഒറ്റക്കുതന്നെ കാണാം. എന്നിങ്ങനെ മനസ്സിൽ ഒരു ന്യായവും കണ്ടെത്തി. ഒറ്റക്കു സിനിമ കാണുക എന്നത് ഇത്ര വലിയ അപരാധമാണോ? സുവിമലിന് സിനിമ കാണുന്നതിഷ്ടമല്ല. അവനോടു പറഞ്ഞാലും വരുമായിരുന്നില്ല. തടയുക മാത്രം ചെയ്തേനെ. സുവിമൽ ഇന്ന് ഓഫീസിൽ വരാതിരിക്കാനും സാധ്യതയുണ്ട്. ഇന്നലേയും വന്നില്ലെന്ന് കേട്ടു.

സിനിമാഹാളിൽ ഇരുന്നുകൊണ്ട് മനസ്സിൽ ഉറപ്പിച്ചു. സന്ധ്യക്ക് യമുനയുടെ വീട്ടിൽ പോകണം. ഇന്ന് പാട്ടുപഠിപ്പിക്കുന്ന സ്ക്കൂളിൽ അടവാണ്. ഇന്ന് വീട്ടിൽ ചെന്നല്ലാതെ

യമുനയെ കാണാൻ മറ്റൊരുപായവുമില്ല. മറ്റുസ്ഥലങ്ങളിലും പോവാൻ തീരുമാനിച്ചിരുന്നതെല്ലാം അമർന്നു. യമുനയുടെ കാര്യം മാത്രം മനസ്സിൽ വന്നു. ആദ്യം തോന്നി പത്രമാഫീസിൽ പോയി ശശാങ്കനുമായി വെടിപറയാമെന്ന്. പക്ഷേ അതും അധികനേരം പറ്റില്ല. കുറച്ചുകഴിഞ്ഞാൽ ശശാങ്കൻ പറയും നീ അരമണിക്കൂർ ഇരിക്ക്, ഞാൻ കോപ്പി തീർത്തിട്ടുവരാം. രഞ്ജൻെറ ക്ലബ്ബിൽ പോവാമായിരുന്നു. എന്നാൽ അവിടെ നാടകത്തിൻെറ റിഹേഴ്സൽ നടക്കുകയാണെങ്കിലോ? അതല്ലെങ്കിൽ ശീട്ടുകളി നിത്യവും ഉണ്ടായിരിക്കും. ചീട്ടുകളിയുടെ പേരുകേട്ടാൽ ഇപ്പോൾ ശരീരം പൊളളുന്നു. വിമലേന്ദുവിൻെറ വീട്ടിലും ഒരു ചെറിയ സെറ്റു കൂടാറുണ്ട്. വിമലേന്ദു മദ്യപിക്കാറില്ല. മദ്യപിക്കുന്നവരെ അവനു വെറുപ്പാണ്. വിമലേന്ദു ഫ്രഞ്ചു പഠിക്കുന്നുണ്ട്. ഇതെന്തു വർത്തമാനം. നീ ഫ്രഞ്ചു പഠിക്കുന്നുണ്ടെന്നു കരുതി ഞാൻ നിന്നെ വെറുക്കിന്നില്ലല്ലോ. ഞാൻ മദ്യപിക്കും എന്നുകരുതി നീയെന്നെ വെറുക്കാനാരാണെടോ? ഞാൻ ഒന്നും കഴിക്കാത്ത സ്വസ്ഥവും ഉൻമേഷഭരിതവുമായ ദിവസങ്ങളിൽ പോലും വിമലേന്ദുവുമായി കണ്ടുമുട്ടിയാൽ എനിക്ക് മദ്യപാനത്തിൻെറ ദൂഷ്യഫലങ്ങളെക്കുറിച്ച് ലക്ചർ തരും. എനിക്ക് ഫ്രഞ്ചു ഭാഷയുടെ രസം അറിയില്ല. അതുകൊണ്ട് തന്നെ അതിനെ നിന്ദിക്കാറുമില്ല. നീയാകട്ടെ മദ്യത്തിൻെറ മർമ്മമറിയാതെ അതിനെ നിന്ദിക്കാൻ പോവുന്നതെന്തിനാണ്? ഒരു വിഡ്ഢിരാമൻ. മദ്യത്തെ നിന്ദിച്ചുകൊണ്ട് ഫ്രഞ്ചുഭാഷ പഠിക്കുന്നു. ജീവിതത്തിലൊരിക്കലും ഫ്രഞ്ചുസാദ്ധ്യമാണെന്ന് തോന്നുന്നില്ല. ഫ്രഞ്ചുകാർ കേട്ടാൽ ചോദിക്കും, എന്ത്?

മഹീതോഷ്, ബിമാൽ എന്നിവരുടെ അടുത്ത് പോകേണ്ട പ്രശ്നമേ ഉദിക്കുന്നില്ല. അവിടെ ഇപ്പോൾ ചൂടുളള രാഷ്ട്രീയ ചർച്ച നടക്കുകയായിരിക്കും. എന്നെ അവർ ഇഷ്ടപ്പെടുന്നില്ല, ഞാൻ എസ്കേപിസ്റ്റാണുപോലും. രാജ്യത്തെ നാനാപ്രശ്നങ്ങളോർത്ത് തല പുണ്ണാക്കുന്നവനല്ലപോലും. അതുതന്നെയല്ലേ സത്യം. ഞാൻ തല പുണ്ണാക്കാറില്ല. എത്രയോ പേർ പട്ടിണി കിടക്കുന്നു എന്നറിഞ്ഞിട്ടും ഞാൻ രണ്ടുനേരം ഭക്ഷണം കഴിക്കുന്നു. നാട്ടിൽ എത്രപേർക്ക് ഉടുക്കാനില്ല. പക്ഷേ എൻെറ ഉടുപ്പുകൾ ഇസ്തിരി ഇട്ടില്ലെങ്കിൽ പറ്റില്ല.

ഫുട്പാത്തിൽ ആയിരക്കണക്കിന് ജനങ്ങൾ കിടന്നുറങ്ങുന്ന തു കണ്ടിട്ടും എൻെറ രണ്ടാംനിലയിലെ കിടപ്പുമുറിയിലെ കിടക്കയുടെ വിരി അൽപം മുഷിഞ്ഞാൽ ഇഷ്ടമില്ല.

അതെ, ഞാനിതെല്ലാം ആഗ്രഹിക്കുന്നു. ഞാൻ സ്വാർത്ഥനാണ്. ഞാൻ കുറ്റക്കാരനാണ്. മനുഷ്യത്വമില്ലാത്ത ക്രൂരൻ. എത്രപേരെ വഞ്ചിച്ചാണ് ഞാനിങ്ങനെ സുഖിക്കുന്നതെന്നതിന് യാതൊരു നിശ്ചയവുമില്ല. എന്നാലും ഞാനിതിലൊന്നുംതന്നെ വിടാൻ ഒരുക്കമല്ല. മഹീതോഷും ബിമാനും വളരെ സന്തുഷ്ടരാണ്. കാരണം അവർ രാജ്യത്തിൻെറ പ്രശ്നങ്ങൾ വെവ്വേറെ കാണുകയും അവയ്ക്കൊരോന്നിനും യുക്തിപൂർവ്വം പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. യുക്തികൊണ്ട് എന്നും സ്ഥായിയായ കാര്യത്തെ മാറ്റിമറിക്കാൻ ആർക്കും കഴിയില്ലെന്ന് ഞാൻ നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ട്. എപ്പോഴെങ്കിലും യുദ്ധമോ, രാഷ്ട്രീയ വിപ്ലവമോ ഉണ്ടാവുകയാണെങ്കിൽ ഞാൻ എല്ലാ കെട്ടുപാടുകളും വലിച്ചെറിഞ്ഞ് നിരത്തിലേക്കു കുതിച്ച് തോക്കുകൈയിൽ പിടിക്കാം. എൻെറ ഈ വർത്തമാനം കേട്ടാൽ അവർ ചിരിക്കും. ഇതെല്ലാം എൻെറ റൊമാൻറിക്ക് ധാരണകളോ? പക്ഷേ റൊമാൻറിക്കുകളല്ലാതെ ആര് എപ്പോഴാണ് ചരിത്രം തിരുത്തിക്കുറിച്ചിട്ടുള്ളത്? പതുക്കെപ്പതുക്കെ രാജ്യത്തിൻെറ അവസ്ഥ മാറ്റിമറിക്കുക. എൻറീശ്വരാ ഞാനതിനില്ല. ഞാൻ മരിച്ചുകഴിഞ്ഞശേഷം പിന്നീടെപ്പോഴോ ഉണ്ടാകുന്ന രാജ്യത്തിൻെറ പുരോഗതി, ആ പുരോഗതിക്കുള്ള പരിശ്രമത്തിൽ എനിക്കു യാതൊരു ബന്ധവുമില്ല.

വരാൻപോകുന്ന കാലത്തെ സന്തുഷ്ടമാക്കാൻവേ ഞാൻ ഇപ്പോൾ എൻേറതായ സ്വാർത്ഥ താത്പര്യങ്ങ യാതൊരുവിധത്തിലും ത്യജിക്കുവാൻ തയ്യാറല്ലെന്ന് തുറന്നു പറയട്ടെ. എന്നെപ്പറ്റി നിങ്ങൾ എന്തുവിചാരിച്ചാലും കൊള്ളാം. ഈ തലമുറ ഒന്നും കഴിക്കാതെ എല്ലുന്തി ക്ഷയിച്ച് വെന്തളിഞ്ഞ് ജീവിക്കുന്നു, ഇതേപോലെതന്നെ മറ്റൊരു പറ്റം ചീഞ്ഞ ...ഞ്ഞ വംശപരമ്പരയെ കുടിയിരുത്തും. അതിനുശേഷം ദേശത്തിൻെറ ഉന്നതി? ഞാനില്ല. ഞാനില്ല. ഞാൻ സ്വാർത്ഥനാണ്, ഞാൻ ജീവിക്കുന്നകാലമത്രയും സ്വസ്ഥനായി മുഴുവൻ കാലവും ജീവിക്കാനാഗ്രഹിക്കുന്നു. ഞാൻ യുദ്ധ

ത്തിനുമാത്രം പ്രാണൻ കൊടുക്കാൻ തയ്യാറാണ്. യുദ്ധത്തിൽ മരിച്ചാൽ യാതൊരു കഷ്ടപ്പാടുമില്ല. വളരെ നേർത്ത, കടുപ്പം കുറഞ്ഞ മരണമാണത്. കാരണം അത് റൊമാൻറിക് മൃത്യുവാണ്. ധൃഷ്ടദ്യുമ്നൻ അശ്വത്ഥാമാവിനോടു പറയുകയുണ്ടായി, എന്നെ കഴുത്തു ഞെരിച്ചു ശ്വാസംമുട്ടിച്ച് കൊല്ലരുത്, എന്നെ വാളുകൊണ്ടു കൊല്ലൂ, എന്നാൽ എനിക്കു സ്വർഗ്ഗത്തിൽ പോകാൻ കഴിയും.

ചുരുക്കത്തിൽ വൈകുന്നേരം മറ്റെവിടെയും പോകാനുള്ള ഇടമില്ല. ആശ്ചര്യം തന്നെ. അരുണിൻെറ വീട്ടിൽ പോയി മനീഷയെ കാണാനുള്ള ആഗ്രഹം എൻെറ മനസ്സിൽ തീരെ വന്നില്ല. മനീഷയുടെ കാര്യം ഓർത്തപ്പോൾ ഒരു മിന്നലാടുംപോലെ അവളുടെ മുഖം തെളിഞ്ഞുവന്നു. എൻെറ കൺമുമ്പിൽ തെളിഞ്ഞുവന്ന മനീഷ. ആ മുഖം, നല്ലപോലെ ചിരിക്കുന്ന മുഖം. ഞാനും ചിരിക്കുന്ന മുഖത്തോടെ സങ്കൽപത്തിൽ അവളുടെ നേരെ നോക്കി. ഇല്ല. മനീഷയുടെ കാര്യത്തിൽ എനിക്കൊട്ടുംതന്നെ ദുഃഖം തോന്നുന്നില്ല. യമുനയുടെ കാര്യം മാത്രം എനിക്ക് വീണ്ടുംവീണ്ടും ഓർമ്മ വരുന്നു. യമുനയുടെ കാര്യം ഓർമ്മിച്ചതും ലേശം ദുഃഖം തോന്നി. യമുനയുടെ കാര്യം ഓർത്തോർത്ത് അവളെ കാണാനായി സിനിമ തീരുന്നതിനു മുമ്പുതന്നെ പുറത്തുകടക്കാനുള്ളത്ര അതിയായ ആഗ്രഹം എന്നിലുണ്ടായി. പക്ഷേ ആഫീസു സമയം തീരുന്നതിനുമുമ്പ് അവളെ കാണാൻ പോവുക എന്നകാര്യം എന്തോ വല്ലാതെ തോന്നി. അതുകൊണ്ട് സിനിമ വിട്ടശേഷവും അൽപസമയം ഞാൻ ചായ കുടിച്ചുകൊണ്ട് തള്ളിനീക്കി.

യമുനയുടെ വീട്ടുകാരും ഞങ്ങളും തമ്മിൽ ഏതോ വകയിൽ കുടുംബ ബന്ധമുണ്ട്. കാരണം ചെറിയച്ഛൻെറ വീട്ടിൽ യമുനയുടെ അമ്മയേയും വരുണിനേയും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അത്രയും കുട്ടിയായ കാരണം ഞാൻ ശ്രദ്ധിക്കുകയേ ഉണ്ടായില്ല. യമുനയുടെ ചേച്ചി സരസ്വതിയുമായും ഒരു വിധം പരിചയപ്പെടുകയുണ്ടായി. പക്ഷേ സരസ്വതിയെ എനിക്കത്ര ഇഷ്ടപ്പെടുകയുണ്ടായില്ല. എന്തോ ഒരു മാതിരി സ്വഭാവം. അവളുടെ ശരീരത്തിൽ തൊട്ടാൽ എൻെറ കൈ മുറിയുമെന്നപോലെ തോന്നി. അച്ഛൻ പെങ്ങ

ളുടെ ശ്രാദ്ധദിവസം സരസ്വതി എന്റെ മുറിയിൽ കടന്നു വന്നു പറയുകയുണ്ടായി, ദാ നോക്കു, എന്റെ രണ്ടുകൈയും എച്ചിലാണ്. മുതുകത്തെ ബട്ടൺ പൊട്ടിപ്പോയി. വേഗം ഒരു സേഫ്ടിപിൻ എടുത്ത് ഒന്നു കുത്തിത്തരൂ. ഞാനപ്പോൾ ഒരു പുസ്തകം വായിക്കുകയായിരുന്നു. കണ്ണുയർത്തി നോക്കി. എന്നോട് പുറത്തെ ബട്ടൻ പൊട്ടിയ ഇടത്ത് സേഫ്ടിപിൻ കുത്താൻ പറയുന്നു. എന്റെ നേർക്ക് മാറുകാട്ടി അവൾ നിൽക്കുകയാണ്. നേർക്കുനേരെ നിന്നാൽ മുതുകത്ത് സേഫ്ടിപിൻ കുത്തുന്നതെങ്ങിനെ? അവളെ പതുക്കെപ്പതുക്കെ തിരിച്ചുനിർത്താൻ അവൾ ആഗ്രഹിക്കുന്നുണ്ടോ ആവോ? ഞാൻ പറഞ്ഞു. സേഫ്ടിപിൻ എവിടെ കിട്ടാനാണ്? അവൾ പറഞ്ഞു, എന്താ നിങ്ങളൊക്കെ ചെയ്യുന്നത്. ഒന്നുമുണ്ടാവില്ലേ നിങ്ങളുടെ ഒന്നും കയിൽ. എന്റെ വളയിൽ കൊളുത്തിയിട്ടുണ്ട്, അഴിച്ചെടുത്തോളൂ. പിന്നെ പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു, തുറിച്ചുനോക്കുന്നെതന്താണ്? എനിക്കിപ്പോ ധൃതിയുണ്ട്. കുത്തിത്തരൂ വേഗം. എനിക്കടുക്കളയിൽ പോകണം. ഞാനൊരിക്കലും എന്റെ തല മാറിടത്തിൽ വക്കാത്ത ഒരു പെണ്ണ് എന്തിന് എന്നോട് ബ്ലൗസിന്റെ പിന്നിലെ ബട്ടൻ ഇട്ടുകൊടുക്കാൻ പറയന്നു: ഇല്ല ഇക്കാര്യം എനിക്കിഷ്ടമില്ല.

സരസ്വതി എന്റെ ചെറിയമ്മയുടെ ഭർത്താവിനെ ഇളയച്ചൻ എന്നാണ് വിളിച്ചിരുന്നത്. അങ്ങിനെയാണെങ്കിൽ അവളുടെ അമ്മ ചെറിയച്ചന്റെ ഭാര്യയുടെ സഹോദരിയായിരിക്കണം. എന്നുവച്ചാൽ അവരാരും എന്റെ കുടുംബക്കാരല്ല. യമുനയുടെ അമ്മയെ ഞാനൊരിക്കലും ഒന്നും സംബോധന ചെയ്ത് വിളിക്കാറില്ല. ഇന്ന് അപ്പച്ചി എന്നുതന്നെ വിളിക്കണം.

– അപ്പച്ചി, വളരെ ദിവസത്തിനുശേഷം നിങ്ങളെ കാണാൻ കഴിഞ്ഞു.

– കൊള്ളാം, വാ വാ, നീയെത്ര മാറിയിരിക്കുന്നു. തിരിച്ചറിയാനേ പറ്റുന്നില്ല.

– നിങ്ങൾക്കു സുഖമല്ലേ, യമുനയെ ഒരു ദിവസം വഴിയിൽ വച്ച് യാദൃച്ഛികമായി കണ്ടുമുട്ടി.

– ശരിയാണ്. അവളും പറഞ്ഞിരുന്നു. നിന്നെക്കാണുകയുണ്ടായെന്ന്. ഞാൻ പറഞ്ഞു, പിടിച്ചുകൊണ്ടുവരാഞ്ഞതെന്തേ? ഞങ്ങളെയൊക്കെ ആകെ മറന്നല്ലോ.

വേണ്ടവേണ്ട, ഷൂ അഴിക്കുകയൊന്നും വേണ്ട. ഞങ്ങളുടെ വീട്ടിൽ എല്ലാവരും ഷൂസിട്ടുകൊണ്ടുതന്നെ ഉള്ളിൽ കടക്കാറുണ്ട്. കയറി വാ, നിൻെറ അമ്മ എങ്ങിനെയിരിക്കുന്നു?

– അമ്മക്ക് സുഖം തന്നയാണ്, നിങ്ങളുടെ കാര്യം മിക്കപ്പോഴും പറയാറുണ്ട്.

– അമ്മയെ കൊണ്ടുവരാഞ്ഞതെന്തേ? നിൻെറ അച്ഛനേയും കണ്ടിട്ടു കാലം കുറേ ആയി.

– അതേ, ഇളയച്ഛന് ഈയിടെ മതഭ്രാന്ത് പിടിച്ചിരിക്കയാണ്.

– നീ ഇങ്ങോട്ടുമാറി പങ്കയുടെ താഴെ ഇരിക്കൂ. എന്തൊരു ചൂടാണിന്ന്. നില്ക്ക് ഞാൻ സതിയെ വിളിക്കാം.

പണ്ടത്തെ 'ഭാരതവഷ്' 'പ്രവാസി' എന്നീ പത്രങ്ങളിൽ ആധുനിക എന്നപേരിൽ പ്രസിദ്ധീകരിച്ചിരിന്ന സ്ത്രീകളുടെ രൂപത്തിന് അൽപംകൂടി വയസ്സു കൽപിച്ചാൽ കാണാൻ എങ്ങിനെയായിരിക്കും? അതുപൊലെയായിരുന്നു യമുനയുടെ അമ്മ. മുഖത്ത് സ്വർണ്ണഫ്രെയിമുള്ള കണ്ണട. ചുരുണ്ട മുടി ഒന്നിച്ചുകെട്ടിയ മുടിക്കെട്ട്. വീതികൂടിയതും ചിത്രാങ്കിതമായ അരികുള്ളതുമായ വെളുത്ത സാരി. സാരിയുടുത്ത രീതിയും ഒന്നു വ്യത്യസ്തമാണ്. കാലിൽ മാൻതോലുകൊണ്ടുണ്ടാക്കിയ ചെരുപ്പ്. ശരിക്കും വീട്ടിലെ അമ്മ ചെറിയമ്മമാരുടെ രൂപമല്ല, പക്ഷേ ഉഗ്രഭാവമുണ്ട്. കാണാൻ രസമുണ്ട്

ഈ വീട്ടിലെ മേശകസേരകൾക്കുപോലും ഒരു സ്നിഗ്ധതയുണ്ട്. യമുനയെവിടെ? ചുമരിലെ ഒരു വലിയ ചിത്രം യമുനയുടേതാണ്. ഒരു സ്വർണ്ണമാലയണിഞ്ഞു നൃത്തഭാവത്തിലാണ്. ഓ, പാടൻ മാത്രമല്ല, യമുനക്ക് നൃത്തവും അറിയാമല്ലോ. യമുനയുടെ ഫോട്ടോഗ്രാഫിനരികിലായി യാമിനി റോയിയുടെ ഒരു പൂച്ചയുടെ പടം. അതിനരികിൽ ഗ്ലാസ്ജാറിലെ മണിപ്ലാൻറ്. അത് ബാക്കി ചുമർ മുഴുവനും നിറഞ്ഞിരിക്കുന്നു. യമുനയുടെ അച്ഛൻ പോലീസ് ഡിപ്പാർടുമെൻറിലാണ് ജോലി എന്നറിയാം. അസിസ്റ്റൻറ് കമ്മീഷണറാണ് അദ്ദേഹം. കൈക്കൂലിവാങ്ങുന്നില്ലെന്ന് പ്രത്യാശിക്കാം. ഇമ്മാതിരി ശാന്തവും സുഖകരവുമായ അന്തരീക്ഷം അങ്ങിനെയായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്നോ വീട്ടിൽ? യമുനക്ക്

അങ്ങിനെയായിരുന്നെങ്കിൽ ഇത്രയും സരളയാകുവാൻ പറ്റുമായിരുന്നോ? യമുന എവിടെ? ബുക്ക് ക്യൂബിനുള്ളിൽ ഒരു കൂമ്പാരം പിക്ചർപോസ്റ്റ് കാർഡ്, അതെല്ലാം ഒരു പക്ഷേ ബരുൺ അമേരിക്കയിൽ നിന്ന് അയച്ചതായിരിക്കാം. യമുന എവിടെ?

സരസ്വതിയും യമുനയുടെ അമ്മയും കടന്നുവന്നു. കൈയിൽ തിന്നാനുള്ളതെന്തോ നിറച്ച പ്ലേറ്റും ലെമൻ സ്ക്വാഷിൻെറ സർവ്വത്തും. ഇവരുടെ വീട്ടിൽ തീർച്ചയായും റെഫ്രിജറേറ്റർ ഉണ്ട്. സരസ്വതിയുടെ നെറുകയിൽ സിന്ദൂരമില്ല. ഇനിയും കല്യാണം കഴിഞ്ഞിട്ടില്ലല്ലോ? യമുന എവിടെ? അയൽവക്കത്തെ ഏതെങ്കിലും വീട്ടിൽ കളിക്കാൻ പോയോ? ഞാൻ കസേരയിൽ നിന്നും ഏതാണ്ട് എഴുന്നേറ്റുനിൽക്കുന്ന രീതിയിൽ ചോദിച്ചു, എന്താ മനസ്സിലായോ? സരസ്വതി ചെറുതായി ചിരിച്ചുകൊണ്ടു പറഞ്ഞു. മനസ്സിലാവാതിരിക്കാൻ കാരണമൊന്നുമില്ലല്ലോ. നിങ്ങൾക്ക് തിരിച്ചറിയാൻ പറ്റുമോ എന്നുമാത്രമേ സംശയമുണ്ടായിരുന്നുള്ളൂ. യമുന നിർബന്ധിച്ചുവരാൻ പറഞ്ഞതുകൊണ്ടുമാത്രം വന്നതാണെന്നു തോന്നുന്നു.

അതൊന്നുമല്ല, ഞാൻ തന്നത്താൻ വന്നതാണ്. ഈ ഭാഗത്തേക്ക് അങ്ങിനെ വരാറില്ല. നിങ്ങൾ പക്ഷേ ഒന്നു മെലിഞ്ഞിരിക്കുന്നു.

– മനഃപൂർവ്വം തടികുറയ്ക്കയാണ്. നന്നല്ലേ?

– അതൊന്നുമല്ല, കുറേക്കാലമായി നിങ്ങളെ കാണാറില്ലല്ലോ (യമുന എവിടെ?)

യമുനയുടെ അമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു, നീ സരസ്വതിയെ നിങ്ങൾ എന്നു വിളിക്കണോ. അവൾ നിന്നേക്കാൾ എത്രയോ ഇളയതാണ്.

സരസ്വതി പറഞ്ഞു, പണ്ട് ഇയാൾ എന്നെ നീ എന്നു തന്നെ വിളിക്കുമായിരുന്നു. ഇപ്പോൾ അതെല്ലാം മറന്നിരിക്കയാണ്.

ഞാനവളെ നീ എന്നാണോ വിളിച്ചിരുന്നത്? ഓർമ്മയില്ല. പക്ഷേ യമുനയെവിടെ? വൃത്തിയുള്ള നാലു ചുമരുകൾക്കു നടുവിൽ ഈ മുറിയിലിരുന്നുകൊണ്ട്, ലെമൻ സ്കോഷ് മൊത്തിമൊത്തിക്കൊണ്ട് ഈ വക നാട്ടുവർത്തമാനം പറയാനാണോ ഞാനിവിടെ വന്നത്? ഞാൻ പെട്ടെന്ന് ഓർമ്മവന്ന

തുപോലെ നടിച്ചുകൊണ്ട് ചോദിച്ചു യമുനയെ കാണാനി ല്ലല്ലോ? യമുനയെവിടെ? യമുനയുടെ അമ്മ പറഞ്ഞു. യമുന നാടകത്തിൻെറ റിഹേഴ്സലിനു പോയിരിക്കുകയാണ്.

എൻെറ അമ്മാമൻെറ മകൻ രണേൻ ഒരു പുതിയ നാടകം എഴുതിയിട്ടുണ്ട്. നീ റണൻ മൈത്രേയിയുടെ പേരുകേ ട്ടിട്ടില്ലേ? ഞാൻ തലകുലുക്കിക്കൊണ്ടുപറഞ്ഞു. ങ്ങാങ്ങാ നിശ്ചയമായും! ആരാണിയാൾ? യമുനയുടെ അമ്മ പറ ഞ്ഞുകൊണ്ടിരുന്നു. അവരുടെ ക്ലബ്ബ് ആ നാടകം അഭിനയി ക്കാൻ പോവുകയാണ്. അതിൽ യമുനയുടെ നൃത്തത്തിൻെറ ഒരു ചെറിയ പാർട്ടുണ്ട്. നീ വരുന്നതിൻെറ സ്വൽപം മുമ്പാണ് അവൾ വീട്ടിൽ നിന്ന് ഇറങ്ങിയത്. എൻെറ മുഖം ദർശനീയമായ വിധം വിവർണ്ണമായി. ഞാൻ അസ്പഷ്ടമായി ചോദിച്ചു, റിഹേഴ്സലിനുപോയോ?

എന്തേ, നിന്നോടിന്ന് വരാൻ പറഞ്ഞിരുന്നോ, ഇന്നിവിടെ ഉണ്ടാകുമെന്നു പറഞ്ഞിരുന്നോ? ഒരു പക്ഷേ അവൾക്കിന്ന് റിഹേഴ്സലിൻെറ കാര്യം അറിയാമായിരുന്നോ ആവോ?

ഞാൻ സ്വയം നിയന്ത്രിച്ചുകൊണ്ടു പറഞ്ഞു, ഇല്ല, ഇല്ല, എന്നോടങ്ങനെയൊന്നും പറഞ്ഞിട്ടില്ല. യമുന പാട്ടും നൃത്തവും നല്ലപോലെ പഠിച്ചിട്ടുണ്ടെന്നു തോന്നുന്നല്ലോ? ഇപ്പോഴെന്താണ് പഠിക്കുന്നത്?

പ്രീയൂണിവേഴ്സിറ്റി പാസായി. ഇക്കൊല്ലം ഒന്നാം വർഷ ആർട്ട്സിന് ബ്രേബൺ കോളേജിൽ ചേർന്നിരിക്കയാണ്. നൃത്തം ഒരുവിധം നന്നായിത്തന്നെ പഠിച്ചിട്ടുണ്ട്. ആ പടം കാണുന്നില്ലേ? അത് ഓൾബംഗാൾ കോൺഫറൻസിലേ താണ്. ഇനിയും കുറെ പടമുണ്ട്, സതീ ആർബം കാണിച്ചു കൊടുക്ക്.

ഇനി ഒന്നും ഇഷ്ടം തോന്നുന്നില്ല. ഒരു കാര്യം പുതു തായി പഠിച്ചു. മനസ്സിനുള്ളിലെ മോഹത്തെ അമർത്തിവച്ചി രുന്നാൽ അതിൻെറ ഫലം ഒരിക്കലും ഗുണകരമായിരിക്കില്ല. സിനിമാ ഹാളിൽ ഇരിക്കുമ്പോൾതന്നെ യമുനയെ കാണാ നുള്ള ആഗ്രഹം എന്നിൽ ഉളവെടുത്തിരുന്നു. സിനിമ പകുതികണ്ട ഉടൻതന്നെ അവിടെനിന്നിറങ്ങിയിരുന്നെങ്കിൽ എനിക്ക് യാതോരു വിഷമവും കൂടാതെ യമുനയെ കാണാ മായിരുന്നു. യമുനയെ കാണാൻ കഴിയില്ല എന്നറിഞ്ഞപ്പോൾ

മടുപ്പായി. തന്നിമിത്തം മനസ്സിനുള്ളിലേക്ക് വിഷാദത്തിന്റെ നിറം അരിച്ചുകയറി. മനസ്സുഖമില്ലാതെ വന്നാൽ എനിക്ക് പിന്നെ സാമാന്യം ദേഷ്യം വരാൻ തുടങ്ങും. സരസ്വതി ആൽബത്തിന്റെ താളുകൾ മറിച്ചുകൊണ്ടിരുന്നപ്പോൾ, അവളുടെ കൈയ്യിൽ നിന്നും ആൽബം തട്ടിപ്പറിച്ച് വലിച്ചെറിയാൻ എനിക്കു തോന്നി.

യമുനയെ കാത്തിരിക്കണോ? പക്ഷേ ഈ വക തല്ലിപ്പൊളി നാടകത്തിന്റെ റിഹേഴ്സലൊന്നും അത്ര പെട്ടെന്ന് തീരാറില്ല. പിന്നെ ഈ നാടകമെഴുതിയ വകയിലെ സഹോദരൻ ഒരു കുഴഞ്ഞാട്ടക്കാരനാ. അവളുടെ അമ്മയുടെ കയ്യിലും തെറ്റുണ്ട്. അവന്റെ കൂടെറിഹേഴ്സലിനും മറ്റും പറഞ്ഞയക്കുന്നത് അത്ര നല്ലതാണോ? ഇത്ര ചെറിയ പെണ്ണിനെ സംബന്ധിച്ചിടത്തോളം ഈവക ചുറ്റുപാടൊന്നും അത്ര നല്ലതല്ല. എനിക്കിതൊന്നും ഒട്ടും ഇഷ്ടമല്ല. അതുമല്ല എത്രനേരം കാത്തിരിക്കും. എനിക്കാണെങ്കിൽ ഇനി ഒന്നും സംസാരിക്കാനില്ല. ആദ്യദിവസം വിരുന്നുവന്നാൽ ആരും അധികനേരം തങ്ങാറില്ല. അതുമല്ല ഇംഗ്ലീഷ് രീതിയിൽ ആൽബം കാണിക്കുക എന്നാൽ എണീറ്റുപോകാൻ പറയലല്ലേ? ഒന്നും ശരിക്കു മനസ്സിലാവുന്നില്ല. ഒരിക്കൽ ജോദ്പൂർ പാർക്കിനരികിൽ അധികം പരിചയമില്ലാത്ത ഒരു സുഹൃത്തിന്റെ വീട്ടിൽ പോവുകയുണ്ടായി., ഏതാണ്ട് ഒമ്പതുമണിയായപ്പോൾ സുഹൃത്തിന്റെ അമ്മ പറഞ്ഞു, നീ ഇന്നുരാത്രി ഞങ്ങളോടൊത്ത് ഭക്ഷണം കഴിച്ചു പോയാൽ മതി. വലിയ കാര്യമായിട്ടൊന്നുമില്ല. പരിപ്പുകറിയും ചോറുമുണ്ട്. എന്നാലും ഉണ്ടിട്ടുപോ. എന്താ? ഞങ്ങൾക്ക് വളരെ സന്തോഷമുണ്ടാകും. ഉണ്ടുകൊണ്ട് സംസാരിക്കാം. ഈ രാത്രി നമുക്കൊരുമിച്ച് ഒരേ മേശപ്പുറത്ത് ഉണ്ണാം. വാ, നാണിക്കാനൊന്നുമില്ല. ഇതു നിന്റെ സ്വന്തം വീടുപോലെയല്ലേ? ചോറുവിളമ്പാൻ പറയട്ടെ? ആ നിർബന്ധപൂർവ്വമുള്ള അഭ്യർത്ഥനകേട്ട് ഒഴിവാക്കാനാവാതെ ഞാൻ വളരെ അസ്വസ്ഥതയോടുകൂടി കഴിച്ചു. പിന്നീട് ശേഖർ ഈ വർത്തമാനം കേട്ട് ചിരിച്ചുകൊണ്ട് പറയുകയുണ്ടായി. നീയെന്താണ് ചെയ്തത്? നീയൊരു മരമണ്ടനാണെന്നു തോന്നുന്നല്ലോ. സത്യത്തിൽ ആരെങ്കിലും അങ്ങനെ പറഞ്ഞാൽ ഭക്ഷണം കഴിക്കുമോ? ആ വിധത്തിലുള്ള ഭക്ഷണത്തിന്റെ അർത്ഥം

എന്താണെന്നോ? ഇനി നീ പോയാട്ടെ, ഞങ്ങൾക്കു ഭക്ഷണം കഴിക്കാനുള്ള സമയമായി. ഭക്ഷണം കഴിക്കാൻ എത്ര നിർബന്ധപൂർവ്വം ക്ഷണിക്കുന്നോ അത്രയും വേഗം സ്ഥലം കാലിയാക്കണമെന്ന് നിർദ്ദേശിക്കുകയാണെന്ന് മനസ്സിലാക്കിക്കോ. കയ്യിൽ കിട്ടിയ ആരേയും നേരവും തരവും നോക്കാതെ ഭക്ഷണത്തിനു ക്ഷണിക്കുന്ന ഒരു കാലം ഇപ്പോഴും ബംഗാളിൽ ഉണ്ടെന്നോ നീ വിചാരിക്കുന്നത്? ശരിയായിരുന്നു. അക്കാലത്ത് ഞാൻ ഒട്ടുമുക്കാലും കിഴക്കൻ ബംഗാളിലായിരുന്നു. ഇപ്പോഴതെല്ലാം പഠിച്ചിരിക്കുന്നു.

ആർ കൂടുതൽ വാത്സല്യം കാണിക്കുന്നോ, അവരെ കൂടുതൽ ഉപദ്രവിക്കേണ്ടതാവശ്യമാണ്. യമുനയുടെ അമ്മ ഇന്ന് അഥവാ എന്നോട് ഭക്ഷണം കഴിച്ചുപോവാൻ പറയുകയാണെങ്കിൽ ഞാനത് ഒരിക്കലും എഴുന്നേറ്റുപോകാനുള്ള നോട്ടീസായി കണക്കാക്കുകയില്ലായിരുന്നു. അങ്ങിനെയാണെങ്കിൽ ഞാനിന്ന് തീർച്ചയായും ഇവിടെനിന്നു ഭക്ഷണം കഴിച്ചു തന്നെപോകും. അന്യവീട്ടിലെ ഭക്ഷണം എല്ലാ സമയത്തും സ്വാദുള്ളതുതന്നെ.

എനിക്കരികിൽ വന്നുനിന്നുകൊണ്ട് സരസ്വതി കുനിഞ്ഞു നിന്ന് ആൽബം കാണിക്കുന്നു. മാറിടത്തിൽ നിന്നും സാരിയുടെ തലപ്പ് വീണ്ടുംവീണ്ടും അടർന്നു വീഴുന്നു. സ്ത്രീകളുടെ മാറിൽ നിന്നും ഒരിക്കലും വസ്ത്രം അങ്ങനെ വെറുതെ വീഴുകയില്ലെന്ന് ആർക്കാണറിവില്ലാത്തത്. പക്ഷേ സരസ്വതിയുടെ നേർക്കുനോക്കാനുള്ള ആഗ്രഹം പോലും എനിക്കുണ്ടായിരുന്നില്ല. ആയിരമായിരം പേർ സരസ്വതിയെ സുന്ദരി എന്നു പറഞ്ഞേക്കാം. എന്നാലും അവൾക്ക് യമുനയുടെ മൂക്കിന്റെ യോഗ്യതപോലുമില്ല. സരസ്വതിയുടെ മുഖത്ത് ഒരു വിധത്തിലുള്ള തെളിച്ചവുമില്ല. അത് എന്തിനെയാണോ പ്രകാശിപ്പിക്കാൻ ശ്രമിക്കുന്നത്, അതിനെ അവൾ രഹസ്യമെന്നു പറയുന്നു. എല്ലാ സ്ത്രീകളുടേയും മുഖത്ത് രഹസ്യഭാവം തെളിയുകയില്ല. അഭിനയമാണെന്നു തോന്നും കാഴ്ചക്കാർക്ക്. സരസ്വതിയുടെ മുഖത്തിന് ഒരു അമർത്തിയ ദുഃഖമുണ്ട്. എന്തോ ഒരു നിഗൂഢമായ ആഘാതം അവൾക്ക് ഇതിനിടക്കുണ്ടായിട്ടുണ്ട്. ഒന്നുകിൽ പ്രേമനൈരാശ്യമാകാം, അല്ലെങ്കിൽ ഏതോ തെറ്റ് അവളുടെ ശരീരത്തിൽ സ്പർശിച്ചി

രിക്കുന്നു. ഇക്കാര്യം തീർച്ചയായും സ്പഷ്ടമാണ്. ഇത്രയും കാലമായിട്ട് കല്യാണം കഴിയാത്തതിനും ഇതുതന്നെയാകാം കാരണം. പിന്നെ മറ്റൊരുകാര്യം എൻെറ ഓർമ്മയിൽ ഇപ്പോൾ വന്നു. ഇന്നലെ സന്ധ്യക്ക് ഞാൻ ചേട്ടനെ കാത്തു നിന്നുവെന്ന് യമുന പറഞ്ഞനിമിഷം മുതൽ. ഞാൻ പിന്നെ മറ്റൊരു പെണ്ണിനെയും നോക്കിയിട്ടില്ല. വഴിയോരത്ത് എത്ര മാത്രം പെണ്ണുങ്ങളുടെ നേർക്ക് ഒരു ദിവസം നോക്കേണ്ടിവരുന്നു. റോഡിൻെറ ഈ വശത്തും ആ വശത്തും നടക്കുന്ന പെൺകുട്ടികളുടെ മുഖം കാണുക എന്നുവച്ചാൽ അതൊരു വലിയ കടമ പോലെയാണ്. ഏതെങ്കിലും പെണ്ണിൻെറ മുഖം കാണാൻ കഴിഞ്ഞില്ലെങ്കിൽ വളരെനേരം കാത്തുനിൽക്കേണ്ടിവരും. അവൾ ഒരിക്കലെങ്കിലും മുഖം തിരിച്ചുകാണാൻ. പക്ഷേ ഇന്നലെ മുതൽ ഞാൻ മറ്റൊരു പെണ്ണിനെയും കാണുകയുണ്ടായിട്ടില്ല. ഇല്ല, ഓർമ്മവരുന്നില്ല. ഇത്ര അടുത്തുനിന്നും സരസ്വതിയെ നോക്കിക്കാണാൻ എനിക്കു മോഹം തോന്നിയില്ല. യമുനയുടെ അമ്മ പറഞ്ഞു, നിൻെറ ആരെങ്കിലും സുഹൃത്തുക്കൾ അമേരിക്കയിലുണ്ടോ? ഞാൻ ചോദിച്ചു, എന്തിനാണെന്നു പറയൂ.

– എനിക്കൊരു വിവരം കൊണ്ടുവന്നു തരുവാൻ പറ്റുമോ?

സരസ്വതി പറഞ്ഞു, അമ്മേ എന്താണതിൻെറ ആവശ്യം?

ഞാൻ പറഞ്ഞു, വരുൺ ഈ സെപ്തംബറിൽ തിരിച്ചു വരില്ലേ?

– അങ്ങിനെയായിരുന്നു ധാരണ, ഇപ്പോൾ പിന്നെ മറ്റൊന്നാണ് കേൾക്കുന്നത്.

സരസ്വതി പറഞ്ഞു, അമ്മേ... നിങ്ങൾ വെറുതെ...

– എന്തേ, അവനോടു പറഞ്ഞാൽ? നീ അറിഞ്ഞോ, അവൻ അവിടെ കല്യാണം കഴിച്ചു എന്നു കേൾക്കുന്നു.

– ബംഗാളിപ്പെണ്ണാണോ, അതോ പുറം രാജ്യക്കാരിയോ?

പെണ്ണ് സ്പാനിഷ്കാരിയാണെന്ന് കേൾക്കുന്നു. ഞങ്ങളെ അവനൊന്നും തന്നെ അറിയിച്ചിട്ടില്ല. അവൻെറ ഒരു ചങ്ങാതി ഞങ്ങളെ അറിയിച്ചതാണ് വിവരം. കേട്ടപ്പോൾ എനിക്കുണ്ടായൊരു ഭയം. സത്യത്തിൽ അതുതന്നെയാണ് നടന്നത് എങ്കിലോ?

സരസ്വതി പറഞ്ഞു, അമ്മേ ഇത്ര ഭയപ്പെടാനെന്തിരി

ക്കുന്നു? ഏട്ടൻ അത്ര കുട്ടിയൊന്നുമല്ലല്ലോ. ചിന്തിക്കാതെ എന്തെങ്കിലും ചെയ്യുമോ? തീർച്ചയായും പെൺകുട്ടി നല്ലവളായിരിക്കും.

യമുനയുടെ അമ്മ അൽപം ശാസനാസ്വരത്തിൽ അവളോടു പറഞ്ഞു. കുട്ടിയൊന്നുമല്ലെങ്കിലും എല്ലാവർക്കും എല്ലാ സമയത്തും തൻെറ നൻമ എന്തെന്നറിയാൻ കഴിയില്ല. വളരെ കണ്ടതാണല്ലോ.

നിമിഷങ്ങളോളം മുഖം മറുവശത്തേക്ക് തിരിച്ചു വീണ്ടും സമനില വീണ്ടെടുത്ത് സരസ്വതി എൻെറ നേരെ നോക്കി. അവൾ നേർക്കു നേരെ നോക്കി. എന്തോ പഴയ വൈരാഗ്യം മിന്നിമറഞ്ഞു. അവളുടെ അമ്മയുടെ കണ്ണുകളിൽ അപമാനവും വേദനയും പ്രതിഫലിച്ചു. സരസ്വതി വളരെ തണുത്ത സ്വരത്തിൽ പറഞ്ഞു, കുട്ടികളുടെ കാര്യം ഇത്ര ചിന്തിച്ചു ചിന്തിച്ചാണ് നിങ്ങളുടെ ശരീരം ഇത്ര കേടുവന്നത്. ഇത്ര ചിന്തിച്ചില്ലെങ്കിലും ഒന്നും വരാനില്ല.

ഞാൻ മനസ്സിലാക്കിയതു തന്നെ ശരി. ഭൂമിയിലാരും തന്നെ പാവങ്ങളല്ല, യമുനയൊഴികെ. ഈ വീട്ടിലെ അന്തരീക്ഷം വേണ്ടത്ര ജടിലമാണെന്ന് കാണുന്നു. ഞാൻ പറഞ്ഞു, അപ്പച്ചി ഞാനെന്നാൽ ഇറങ്ങട്ടെ, മറ്റൊരു സ്ഥലത്ത് പോകാനുണ്ട്.

– നിനക്കു വിവരം കൊണ്ടുതരാൻ പറ്റുമോ?

അതിനുപറ്റിയ ഒരു കൂട്ടുകാരൻെറയും കാര്യം എനിക്കിപ്പോൾ ഓർമ്മവരുന്നില്ല. അമേരിക്കയിലും ഇംഗ്ലണ്ടിലും പോകുന്ന ചെറുപ്പക്കാർ പിന്നെ നമ്മെ വിലവയ്ക്കുമോ? ശരി, ഞാൻ അന്വേഷിച്ചുനോക്കാം. പരിചയക്കാർ വല്ലവരും.....

– ഒന്നു തിരക്കി നോക്ക്. വരുൺ സാൻഫ്രാൻസിസ്ക്കോയിലാണ്.

സരസ്വതി നിഷ്പ്രയാസം ചിരിച്ചുകൊണ്ടു പറഞ്ഞു, നല്ല ആളോടാണ് നിങ്ങൾ അന്വേഷിക്കാൻ പറയുന്നത്. ഇനി ഇയാളുടെ പൊടികാണുമോ ആവോ? നിങ്ങളുടെ വീട്ടിൽ ടെലിഫോണുണ്ടോ?

ഈ സമയത്ത് കോണിപ്പടിയിൽ കനത്ത കാലൊച്ച കേട്ടു. യമുനയുടെ അച്ഛൻ ജഗദീശ്റായ് വന്നു. കാഴ്ചക്ക് ശാന്തസ്വഭാവമുള്ള വൃദ്ധരൂപം. തടിച്ച മീശ മാത്രമേ പോലീസുകാരൻേറതായിട്ടുള്ളൂ.

ഇടംകണ്ണിട്ട് എന്നെ ഒന്നു നോക്കിക്കൊണ്ട് ശാന്തഭാവത്തിൽ ടൈയുടെ കെട്ടഴിക്കാൻ തുടങ്ങി. യമുനയുടെഅമ്മ പറഞ്ഞു. ഇവനെ മനസ്സിലായോ, സുനിലാണ്. ഏടത്തിയുടെ ഭർത്താവിന്റെ ഏട്ടന്റെ മകൻ. ജഗദീഷ് റായ് എന്റെ നേരെ രണ്ടാം വട്ടം വീണ്ടും നോക്കാതെ പറഞ്ഞു, ആ, ആ അവനെ അറിയാമല്ലോ (അസംഭാവ്യം, അയാൾ എന്നെ ഇതിനുമുമ്പ് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ എന്നു സംശയമാണ്). വളരെ ചെറുപ്പമാണല്ലോ.

ഞാൻ മാന്യത കാണിച്ച് എഴുന്നേറ്റുനിന്നു. പിന്നീട് വിനീതഭാവത്തോടെ പറഞ്ഞു. നേരം കുറെയായി വന്നിട്ട്. ഇന്നിനി പോകട്ടെ. ജഗദീശ്റായ് മുറിയുടെ നടുവിൽ കാരണവരെപ്പോലെ നിൽക്കുകയാണ്. രണ്ടുകൈയും നീട്ടി ഇത്തവണ കോട്ടഴിച്ചു. എന്റെ സാന്നിധ്യത്തെ തീരെ അവഗണിച്ചുകൊണ്ടു പറഞ്ഞു. ഏഴുമണിക്ക് എനിക്കാരെങ്കിലും ടെലിഫോൺ ചെയ്തിരുന്നോ?

അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. ഇല്ലല്ലോ? അദ്ദേഹം പറഞ്ഞു, കേൾക്ക് ഞാൻ രണ്ടു ദിവസത്തിന് ജാംഷഡ്പൂരിൽ പോവുകയാണ്. എന്റെ സൂട്ട്കേസ് തയ്യാറാക്കിത്തരൂ. നാളെ അതികാലത്താണ് എന്റെ പ്ലെയിൻ.

ഞാൻ അസ്വസ്ഥത നിറഞ്ഞ ഒരവസ്ഥയ്ക്കിടയിൽ നിൽക്കുകയായിരുന്നു. ഇപ്രാവശ്യം ശബ്ദമുയർത്തി പറഞ്ഞു. അപ്പച്ചി ഞാനിന്നു പോകുന്നു. അതിനുശേഷം മൂന്നുപേരുടെയും മുഖത്തിനു നേരെ ഊഴമിട്ടുനോക്കി പറഞ്ഞു, പോകുന്നു. ജഗദീശ്റായ് സോഫയിൽ ഇരുന്നു,. കുനിഞ്ഞ് ഷൂസിന്റെ ചരടഴിക്കാൻ തുടങ്ങി. എന്റെ വാക്കിന് യാതൊരു ശ്രദ്ധയും നൽകിയില്ല. അദ്ദേഹത്തിന്റെ പത്നി മറ്റെന്തോ ചിന്തിക്കുന്നതിനിടക്ക് പറഞ്ഞു, ശരി, ഇനിയൊരുദിവസം വരണം, മറക്കരുത്.

സരസ്വതി എന്നെ യാത്രയാക്കാൻ വരുന്നുണ്ടായിരുന്നു. പക്ഷേ ഞാൻ ധൃതിയിൽ കോണിപ്പടിയിറങ്ങി-വന്നു. ഒരിക്കൽ പോലും പിൻതിരിഞ്ഞു നോക്കിയില്ല. പോരുമ്പോൾ വാതിൽ ശക്തിയിലടച്ചു ശബ്ദമുണ്ടാക്കാൻ തോന്നി. ലറ്റർബോക്സ് തല്ലിത്തകർത്തു പോന്നാൽ എങ്ങിനെയിരിക്കും? റോഡിലേക്കിറങ്ങി ഒരു പൂച്ചയെ കണ്ടയുടൻ അതിനെ തൊഴിക്കാ

നായി കുറെ ദൂരം അതിൻെറ പിറകെ ഓടി. ഒരു മോട്ടോർ കാർ. ഫുട്പാത്തിനോടു ചാരി നിൽക്കുന്നു. അതിൻെറ ജനാലയിലെ ചില്ലിൽ ഭും എന്ന ശബ്ദത്തോടെ ഒരിടികൊടുത്തു. അതിൻെറ ജനാലക്കരികെ ചില്ലില്ലാത്ത കാരണം തകർന്നില്ല. പകരം എൻെറ കൈ നൊന്തു. അടുത്തു തന്നെ ഫയർ ബ്രഗേഡിൻെറ ഒരു കൂട്. അതിൻെറ ചില്ല പൊട്ടിത്തകർത്ത് ഫയർ ബ്രഗേഡിനെ വിളിക്കാൻ പ്രബലമായ ആഗ്രഹം തോന്നി. എന്നാൽ അതിൻെറ അരികിൽ രണ്ടു ഭീമകായൻമാർ നിൽക്കുന്നുണ്ട്.

യമുനയെ കാണാൻ കഴിയാത്ത വിഷമം ക്രമേണ ദേഷ്യമായി മാറുകയായിരുന്നു. സന്ധ്യക്ക് ഏഴരമണിക്ക് റോഡിൽ ഒറ്റക്ക് തിരിയുന്നതിൽ എനിക്കു വളരെ വെറുപ്പുതോന്നി. ആരോ എന്തോ വഞ്ചിച്ചമാതിരി മനസ്സിൽ തോന്നലുണ്ടായി. ഇന്നു സന്ധ്യക്ക് ദുർലഭമായ എന്തോ ഒന്ന് കിട്ടേണ്ട യോഗമുണ്ടായിരുന്നു. അതിനു പകരം ഒരുണക്ക ഇലപോലെ ഞാനിപ്പോൾ വഴിയിലെ കാറ്റിൽ നട്ടം തിരിയുന്നു. അല്ലെങ്കിൽ മറ്റൊരു തരത്തിലാണുണ്ടാകേണ്ടിയിരുന്നത്. ആരോ എന്നെ എൻെറ വിശ്വാസത്തിൻെറ ദൗർബ്ബല്യമുപയോഗിച്ച് വഞ്ചിച്ചിരിക്കുന്നു. ഈ ഒരു പരിഭവം എൻെറ മനസ്സിനെ പൊതിഞ്ഞു. പോയി പണി നോക്കട്ടെ. ഇതൊന്നും എന്നെക്കൊണ്ടു പറ്റില്ല. ശേഖറും കൂട്ടരും കസർത്തുകയായിരിക്കും. ഇനി ഞാൻ ഒറ്റക്ക് ചുറ്റിത്തിരിയണോ? അതോ വീട്ടിൽ തിരിച്ചുപോയി കുത്തിയിരിക്കണോ? വീണയുടെ അവിടെ പോകാൻ തീരുമാനിച്ച് ഞാൻ പെട്ടെന്ന് ഒരു ടാക്സി പിടിച്ചു. പോക്കറ്റിൽ കൈയിട്ടുനോക്കി, ഉള്ള പൈസകൊണ്ടു ടാക്സി വാടക ഒപ്പിക്കാൻ പറ്റും.

ബനിയൻ മാത്രമിട്ട് ദോത്തി, ലുങ്കിപോലെ ചുറ്റി കട്ടിലിൽ കാലുതൂക്കിയിട്ടിരിക്കുകയാണ് ശേഖർ. ഇന്നലെ മുതൽ ഇവിടെത്തന്നെയായിരുന്നു എന്ന മട്ടിൽ. കണ്ടാൽ തോന്നും, അവൻ തന്നെയാണ് ഈ വീട്ടിൻെറ ഉടമസ്ഥൻ എന്ന്. കണ്ണാടിക്കുമുമ്പിൽ വീണ നിൽക്കുന്നു. അവിനാശ് ഒരു കസേരയിൽ ഇരിപ്പുണ്ട്, അവനരികിലായി മധ്യവയസ്കരായ രണ്ടപരിചിതർ. കട്ടിലിൻെറ ഒരു മൂലയിൽ ഒരു സ്ത്രീയും. ചിന്താമണി

ബാബുവിനെ കാണാൻ കഴിഞ്ഞില്ല. ഞാൻ കർട്ടൻ നീക്കി ഉള്ളിൽ കയറി. ആ സമയത്ത് എന്തോ പറഞ്ഞ് അവരെല്ലാവരുംകൂടി ഹാ ഹാ എന്നു തകർത്തു ചിരിക്കുകയായിരുന്നു. അപ്പോഴാണ് ഞാൻ മുറിയിൽ കാലുവെക്കുന്നത്.

ആദ്യം എന്നെ കണ്ട വീണ ഉറക്കെ വിളിച്ചുപറഞ്ഞു, ഇതാ വന്നല്ലോ, ഈശ്വരാ എന്തൊരു തിരച്ചിലായിരുന്നു.

ശേഖർ കഴുത്തു തിരിച്ചു പറഞ്ഞു, നീ വന്നോ, നിന്നെ തിരഞ്ഞു തിരഞ്ഞു മടുത്തു. ഞാൻ പറഞ്ഞു. അതെന്താടോ നിന്നെ ഞങ്ങളല്ലേ കുറെ ദിവസമായി തിരയുന്നത്. കുറച്ചു വല്ലിടത്തുമാണോ നിന്നെ തിരക്കി നടന്നിട്ടുള്ളത്.

– വിട്, വിട്, ഇവിടെ നീ ഒരു തവണയെങ്കിലും വന്നോ?

– ഇവിടെ വരുന്നത് നീ നിർത്തിയിരുന്നല്ലോ?

– പക്ഷേ ഇനി ഒരിക്കലും വരില്ലയെന്നു പറയുകയുണ്ടായിട്ടില്ലല്ലോ? നീ ഇന്നലെയും വന്നില്ല. ഒരുഗ്രൻ സാധനം നിനക്കു നഷ്ടപ്പെട്ടു. ഇന്നലെവരെ നിനക്കുവേണ്ടി വച്ചിരുന്നു.

– ഇവിടെ നീ എന്തുകിറുക്കത്തരമാണ് കാണിക്കുന്നത്? നിൻെറ അമ്മ വളരെ വിചാരപ്പെട്ടിരിക്കയാണ്. ഛേ നിൻെറ ദേഹം വളരെ കേടുവന്നപോലെ തോന്നുന്നു. അവിനാശ് പറഞ്ഞു, ഇതാ വന്നിരിക്കുന്നു മഹാൻ! ഇനി തുടങ്ങും പ്രസംഗം. നീ എന്താണ് ചെയ്തത്? ഞങ്ങൾക്കൊന്നും അറിയില്ലെന്നു കരുതിയോ?

ശേഖർ കാലാട്ടിക്കൊണ്ടു പറഞ്ഞു. നീ അതോർത്ത് വിഷമിക്കേണ്ട കാര്യമില്ല. ഞാൻ വീട്ടിൽ പോയി അമ്മയെ ഒരു പ്രാവശ്യം കണ്ടാണ് വന്നത്. കൽക്കത്തക്ക് വെളിയിൽ പോകയാണെന്നും ഒന്നുരണ്ടാഴ്ച കഴിഞ്ഞേ വരികയുള്ളൂ എന്നും പറഞ്ഞു പോന്നു.

– ഒന്നുരണ്ടാഴ്ച നീ ഇവിടെ എന്തുചെയ്യും?

– ഒന്നുമില്ല. ഇവിടെത്താമസിക്കും. കുറച്ചു ദിവസത്തേക്ക് വീട്ടിൽ നിന്നും അവധിയെടുത്തിരിക്കയാണ്. മനുഷ്യർ മാറ്റത്തിനു പോവാറില്ല. ഞാനും ഒരു മാറ്റത്തിനു വന്നതാണ്. അന്തരീക്ഷം മാറ്റാൻ.

അവിനാശ് പറഞ്ഞു, അക്കാര്യമെല്ലാം വിട്. എന്തിനിവിടെ വന്നു എന്ന കാര്യത്തെപ്പറ്റിപ്പറയാം. അജയ്ബാബുവിൻെറ വീടെവിടെയാണ്?

വീണ പറഞ്ഞു, ചേച്ചിയുടെ ഭർത്താവ് താമസിക്കുന്നത് തിൽജലയിലാണ്. നാലാം നമ്പർ ഗേറ്റിനടുത്ത്, ഇലക്ട്രിസിറ്റി ആഫീസിനരികിലൂടെയാണ് വഴി. ഇവിടെയായിരുന്നു താമസം മുമ്പ്. അവിനാശ് പറഞ്ഞു, ഇപ്പോൾ താമസിക്കുന്നില്ലെങ്കിലും പുതിയ അഡ്രസ്സ് കണ്ടെത്തി പിടിക്കാവുന്നതേയുള്ളൂ.

ഞാൻ ശേഖറിൻെറ അടുത്തു ചെന്ന് കട്ടിലിൽ ഇരുന്നു. ശേഖറിൻെറ വലതുകൈത്തണ്ടയിൽ ഒരു വലിയ വെള്ളിത്തകിട്. ഇത് മുമ്പൊരിക്കലും കണ്ടിട്ടില്ലല്ലോ. ഞാൻ ചിരിച്ചു കൊണ്ടു ചോദിച്ചു. ഇതെന്താ കാര്യം? ശേഖറും ചിരിച്ചു കൊണ്ടു പറഞ്ഞു, അമ്മ കെട്ടിയതാണ്, എനിക്കുയാതൊരാപത്തും വരാതിരിക്കാൻ. ഇരിക്കട്ടെ, അമ്മക്കു സന്തോഷമാകുമെങ്കിൽ കെട്ടുന്നതിൽ വിരോധമെന്ത്?

പുതിയ സ്ത്രീ പറഞ്ഞു, നിങ്ങളുടെ തകിടിനു മുകളിലെ ഡിസൈൻ വളരെ നന്നായിരിക്കുന്നു. ശേഖർ പറഞ്ഞു, ഇതിനെ കിഴക്കൻ ബംഗാളിൽ തകിട് എന്നാണ് പറയുന്നതെന്നറിയാം. ആയ്, തകിടെന്നു കേൾക്കുമ്പോൾ അറയ്ക്കുന്നു. ഞങ്ങൾ ഇതിനെ മാദുലി എന്നാണ് പറയാറ്.

– അതു കഴുത്തിലല്ലേ കെട്ടുക?

– പോയി പണിനോക്ക്. സുനിൽ, നിനക്കിവളെ അറിയാമോ? ഇവളാണ് വീണയുടെ ചേച്ചി സാധന, പേരുകേട്ട നൂർജഹാൻ ബീഗം.

ഞാൻ കയ്യുയർത്തി പറഞ്ഞു, നമസ്ക്കാരം. നിങ്ങളുടെ പേരു കേട്ടിട്ടുണ്ട്.

അവൾ പ്രത്യഭിവാദനം ചെയ്തുകൊണ്ട് പറഞ്ഞു, നിങ്ങളുടെ ചങ്ങാതി കുറച്ചുദിവസമായി നിങ്ങളെ ഭ്രാന്തുപിടിച്ച പോലെ തിരയുകയാണ്.

ഞാൻ പറഞ്ഞു, അതല്ലേ രസം! ഞാൻ അവനെ തിരയുന്നു, അവൻ എന്നെ തിരയുന്നു. ചുരുങ്ങിയ പക്ഷം ഞാൻ വീട്ടിൽനിന്നും ഒളിച്ചോടിയിട്ടില്ല. അവൻ അതും ചെയ്തിരിക്കുന്നു.

– ശരിയാണ്, നിങ്ങളുടെ ചങ്ങാതി ഒരു വലിയ അത്ഭുതകഥാപാത്രമാണ്. ഇന്നലെ കാണിച്ചതാലോചിച്ചാൽ....

ഞാൻ ചോദ്യഭാവത്തിൽ ശേഖറിൻെറ നേരെ നോക്കി.

ശേഖർ പറഞ്ഞു, നീയിന്നലേയും വന്നില്ലല്ലോ? ഒരു സാധനം നിനക്കുവേണ്ടി ഇന്നലെവരെ വച്ചിരുന്നു. പരീക്ഷിത്തു വന്ന് അതു തീർത്തു. ഇങ്ങിനെയൊരവസരം നിനക്കിനി ജീവിതത്തിൽ കിട്ടുമോ എന്നു സംശയമാണ്.

– എന്തായിരുന്നു.

– എൽ.എസ്.ഡി.

– എൽ.എസ്.ഡിയോ? എവിടുന്നുകിട്ടി. അതത്ര വലിയ സാധനമൊന്നുമല്ല. എനിക്ക് ആർത്തിയൊന്നുമില്ല.

സാധന പറഞ്ഞു, നിങ്ങൾ കഴിച്ചിട്ടില്ലല്ലോ? വളരെ നന്നായി. വൃത്തികെട്ട സാധനമാണ്.

ഞാൻ ചോദിച്ചു. നിങ്ങളും കഴിച്ചിരുന്നോ?

സാധനയുടെ മുഖം തെല്ലിട വിവർണ്ണമായതുപോലെ തോന്നി. മുഖം തിരിച്ച് ജനലിലൂടെ പുറത്തേക്കു നോക്കിക്കൊണ്ട് പറഞ്ഞു, ഒന്നു കഴിച്ചു. ഉം, മനുഷ്യർക്ക് സ്വതവേ തന്നെ ദുഃഖം ധാരാളം ഉണ്ട്. പിന്നെ ടാബ്ലറ്റ് കഴിച്ച് മനഃപൂർവ്വം ദുഃഖത്തിന്റെ പടം കാണുന്നതിന്റെ ആവശ്യമെന്തിരിക്കുന്നു.

ശേഖർ പറഞ്ഞു, നിനക്കു ദുഃഖം മാത്രമേ കിട്ടിയിട്ടുള്ളു എന്നു തോന്നുന്നു. ഒട്ടും സന്തോഷം കിട്ടിയില്ലേ?

– ഇല്ല.

– എനിക്കു പക്ഷേ കിട്ടി. ഓ! എന്തൊരത്ഭുതകരമായ അനുഭവം. ശരീരത്തിന്റെ ഭാരം കുറഞ്ഞ് ഒഴുകിഒഴുകി എവിടെയോ ലയിച്ചപോലെ.

ഞാൻ ശേഖറിനെ ശാന്തമാക്കിക്കൊണ്ട് പറഞ്ഞു. എൽ.എസ്.ഡി. ടാബ്ലറ്റിന്റെ പേര് മുമ്പു കേട്ടിട്ടുണ്ട്. ശരിക്കും സംഗതി എന്താണെന്നൊന്നു പറയ്, കഴിച്ചാൽ എങ്ങിനെയിരിക്കും?

ഇതു ശരിക്കുപറഞ്ഞാൽ ഒരു അലോപ്പതി മരുന്നാണ്. ഇപ്പോഴും പരീക്ഷണം നടത്തിക്കൊണ്ടിരിക്കയാണ്, മനസ്സിലായോ? ഭ്രാന്തൻമാരെ ചികിത്സിക്കാൻ ഉപയോഗിച്ചുനോക്കുന്നുണ്ട്. ഓർമ്മകൾ തിരിച്ചുകൊണ്ടുവരുമത്രേ. ഓർമ്മകൾ തിരിച്ചുകൊണ്ടുവരാൻ വേണ്ടി ലോകം മുഴുവനും ഇപ്പോഴിതു രഹസ്യമായി ലഹരി സാധനമായി ഉപയോഗിക്കുന്നു.

– ഭ്രാന്തൻമാർക്കുള്ള മരുന്നോ? കഴിക്കാതിരുന്നത് ഭാഗ്യം.

- ഒരു ടാബ്‌ലറ്റ് കഴിച്ചുനോക്കിയിരുന്നെങ്കിൽ മനസ്സിലാകുമായിരുന്നേനെ. ഇതാ ഇത്രയും ചെറിയ ഒരു ടാബ്‌ലറ്റ് കഴിച്ചതിനുശേഷം ഉണ്ടായ ഒരു അവസ്ഥ. ശരീരം ആകെ മാറി, കണ്ണിനു മുമ്പിൽ അനേകം സ്വപ്നങ്ങൾ, ഇടതടവില്ലാതെ. എല്ലാം ഭയങ്കരങ്ങളായ സ്വപ്നങ്ങൾ, ഒന്നിനു പിറകെ ഒന്നായി.

ഞാൻ ഉറക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു, സ്വപ്നം കാണാനായി ടാബ്‌ലറ്റ് കഴിക്കണമെന്നൊ? നിങ്ങൾ ഇന്നലെ കഴിച്ചെന്നു മനസ്സിലായി. ഞാനാകട്ടെ ഒന്നും കഴിക്കാതെ ഇന്നലെ രാത്രി എന്റെ മുറിയിൽ കിടന്നുകൊണ്ട് അനേകം രസകരങ്ങളായ സ്വപ്നങ്ങൾ കണ്ടു. മിക്കപ്പോഴും കാണാറുണ്ട്.

ശേഖർ വിസ്മയം കാണിക്കാതെ ഗൗരവത്തിൽ പറഞ്ഞു. അല്ലെടോ, ഇതു തികച്ചും മറ്റൊരു തരത്തിലുള്ളതാണ്. നീ കഴിച്ചു നോക്കിയിട്ടില്ലല്ലോ. നിനക്കു വിശ്വാസം വരില്ല. ഞാനും നീയുംകൂടി പലതും കഴിച്ചു നോക്കിയിട്ടുണ്ടല്ലോ. പക്ഷേ ഇതിന്റെ അനുഭവം തികച്ചും മറ്റൊരു തരത്തിലുള്ളതാണ്. സത്യം. ജീവിതം മാറിപ്പോയി.

- ജീവിതം മാറ്റാൻ നിനക്കെന്താണിത്ര കൊതി?

- നിനക്കു കൊതിയില്ലേ? വിദ്യയെടുക്കേണ്ട. നീ മാറ്റാനാഗ്രഹിക്കുന്നില്ലേ? ഇപ്പോഴുള്ള ഇതെന്താണ്- ഇത് ജീവിതമാണോ?

- ടാബ്‌ലറ്റ് കഴിച്ച് നീ ഏതു വിധത്തിലാണ് ജീവിതം മാറ്റിമറിച്ചത്.

- കുറച്ചു നേരത്തേക്കായിരുന്നു എങ്കിലും ശരിക്കും മാറ്റിമറിക്കുക തന്നെയുണ്ടായി. നല്ല പേടിതോന്നിയിരുന്നു. ദൂരെ നിന്നുകൊണ്ട് ഞാൻ എന്നെത്തന്നെ കാണുന്നതുപോലെ. ഇതുകൊണ്ട് ഉറക്കമുണ്ടായില്ല. ബോധം കെട്ടില്ല. കൈയും കാലും അനക്കാമായിരുന്നു. എന്നാലും കിടന്നുകൊണ്ട് കണ്ണിനുമുമ്പിൽ ചിത്രങ്ങൾക്കുപിറകെ ചിത്രങ്ങൾ, കാഴ്ചയിൽ അസ്പഷ്ടമാണെങ്കിലും മനസ്സിലാക്കാൻ പറ്റും, നമുക്ക് നഷ്ടപ്പെട്ട ഓർമ്മകൾ. അതെല്ലാം എവിടെ നിന്നാണെന്നറിയില്ല തിരിച്ചുവരുന്നത്. നഷ്ടപ്പെട്ട ഓർമ്മകളെ വീണ്ടും കാണുമ്പോൾ സത്യത്തിൽ ദേഹം മുഴുവൻ കോരിത്തരിക്കുന്നതുപോലെ. നിന്നോടു പറയാൻ തുടങ്ങിയപ്പോൾ

ഇതാ ഇപ്പോഴും ദേഹം കുളിരണിയുന്നു. നോക്ക്, എല്ലാറ്റിലും അത്ഭുതം എന്താണെന്നോ? ഇതുകൊണ്ട് വളരെ നേരം തൻെറ തന്നെ രണ്ടു രൂപത്തെ കാണാൻ കഴിയുമെന്നതാണ്.

– ഒരേ മാതിരി രണ്ടു ശരീരം അടുത്തടുത്തായോ?

– അല്ല. വ്യത്യസ്ത വയസ്സിലുള്ള രൂപങ്ങൾ.

– ഞാൻ ഒരിക്കൽ കണ്ടു, ഒരു നാലു വയസ്സായ കുട്ടിയുടെ കാലിൽ കുപ്പിച്ചില്ലു തറച്ചിരിക്കുന്നു. നിലത്തിരുന്നു കരയുകയാണ്. കുട്ടിയുടെ മുഖം കണ്ടപ്പോൾ തന്നെ മനസ്സിലായി അത് ഞാനാണെന്ന്. എൻെറ തന്നെ നാലു വയസ്സിലെ രൂപം. ശരിക്കും മനസ്സിലാവും. പിന്നെ അവൻെറ അടുത്തു നിൽക്കുന്ന ഒരാൾ. അതാരാണെന്നറിയാമോ? ഞാൻ തന്നെ. ഈ മുപ്പത്തിരണ്ടാം വയസ്സിലെ ഞാൻ. ചിന്തിച്ച് നോക്ക്, നാലുവയസ്സിലെ എൻെറ അടുത്തായി ഈ മുപ്പത്തിരണ്ടാം വയസ്സിലെ ഞാൻ നിൽക്കുകയാണ്. രണ്ടും വ്യത്യസ്ത ശരീരങ്ങൾ. എൻെറ തന്നെ. സ്വപ്നമോ സങ്കൽപമോ അല്ല. കണ്ണിനു മുമ്പിൽ സ്പഷ്ടമായ ആ രണ്ടു മുഖങ്ങൾ, 28 വയസ്സിൻെറ വ്യത്യാസമുണ്ടെങ്കിലും എൻെറ കുട്ടിക്കാലത്തെ മുഖം കണ്ടാൽ തോന്നും, ഞാൻ മുന്നൂറുവർഷം പിന്നിട്ടു വന്നിരിക്കയാണെന്ന്. നിനക്കു വിശ്വസിക്കാൻ സാധിക്കില്ല. ഈ തരത്തിൽ കാണുമ്പോൾ എന്തൊരു വല്ലാത്ത സുഖവും നഷ്ടവും അനുഭവപ്പെടുമെന്ന്. ലയിസർജിത്, വല്ലാത്തൊരു സാധനമാണ്. ഒറ്റയെടുപ്പിന് നാലു ടാബ്ലറ്റ് കഴിക്കാൻ സാധിക്കുന്നവർക്ക് അമ്മയുടെ വയറ്റിൽ ഇരുട്ടിൽ കിടക്കുന്ന ദൃശ്യവും കാണാൻ പറ്റുമെന്നു കേട്ടു.

– എനിക്കാ ദൃശ്യം കാണാനാഗ്രഹമില്ല.

– നിനക്കു സംഗതി മനസ്സിലാവുന്നില്ല. പറഞ്ഞില്ലേ. നീയെന്തുസാധനമാണ് മിസ്സ് ചെയ്തതെന്ന് നിനക്കറിയില്ല. നിനക്കുവേണ്ടി ഇന്നലെവരെ വച്ചിരുന്നു.

ശരിയായിരിക്കാം, ഞാൻ ഇന്നലെ മറ്റൊരു വീട്ടിൽ ആയിപ്പോയി.

വീണയുടെ ചേച്ചി ഏകാഗ്രതയോടെ ശേഖറിൻെറ വർത്തമാനം കേൾക്കുകയായിരുന്നു. മുഖം അൽപം വരണ്ടപോലെയുണ്ട്. അവൾ പറഞ്ഞു. ഞാൻ ഇനി ഒരിക്കലും ആ സാധനം കഴിക്കില്ല. എനിക്കെന്തു മാത്രം വിഷമം ഉണ്ടായെന്നോ?

മനസ്സിന് വല്ലാത്ത അസുഖം തോന്നി. മറക്കേണ്ട കാര്യം ബലമായി ഓർമ്മയിൽ വരുത്തിയിട്ടെന്തു കാര്യം? ഇന്നലെ നിങ്ങളുടെ ഭാവം കണ്ട് ഞാൻ ശരിക്കും പേടിച്ചു പോയി.

ഞാൻ ശേഖറിനോട് ചോദിച്ചു, എവിടെ നിന്നു കിട്ടി നിനക്ക് എൽ.എസ്.ഡി? ഈ നാട്ടിലും കിട്ടുമോ?

– സാൻഡി എന്ന ഒരമേരിക്കൻ ചെറുപ്പക്കാരനിൽ നിന്നും വാങ്ങി. ശരിക്കും പറഞ്ഞാൽ അമേരിക്കക്കാരനല്ല. കനേഡിയൻ. ആരോ ആവട്ടെ. ആറു ഗുളികക്ക് മുന്നൂറുറുപ്പിക വില.

– മുന്നൂറുരൂപ? സ്വപ്നം കാണാനായോ? നീ ശരിക്കും ഭ്രാന്തനായി തീർന്നിരിക്കുന്നു. ഭ്രാന്തൻമാർക്കുളള മരുന്നു കഴിക്കേണ്ടതു തന്നെയാണ് നിൻെറ ആവശ്യം.

ചന്ദ്രനിലേക്ക് റോക്കറ്റ് സഞ്ചാരം തുടങ്ങിയാൽ ഓരോ ടിക്കറ്റിനും വില എന്തുവരുമെന്നറിയാമോ? അമ്പതുലക്ഷം രൂപ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ആരും പോവില്ലെന്നാണോ നിൻെറ വിചാരം?

– വിട്, വിട്, ചെറുക്കനെ കിട്ടിയതെവിടെ നിന്നാണ്?

– പറയാം. ഇരിക്ക്. ബാത്റൂമിലൊന്നു പോയിട്ടു വരാം. ചായ കുടിക്കുന്നോ? വീണ അൽപം ചായ ഉണ്ടാക്കിയാട്ടെ. ചായ കുടിക്കുന്നോ അതോ മദ്യം കഴിക്കുന്നോ?

– ചായ മതി.

അവിനാശ് അപ്പുറത്തു നിന്നും അതിശയപ്പെട്ടുകൊണ്ട് പറഞ്ഞു. രാത്രി എട്ടരമണിക്ക് ചായയോ? ലിവർ കേടുവരുത്താനാണോഭാവം?

ഞാൻ പറഞ്ഞു, എനിക്കു ചായതന്നെ മതി. വീണയുടെ കൈകൊണ്ടുളള ചായ കുടിച്ചാൽതന്നെ എനിക്കു ലഹരി വരും.

വീണ പറഞ്ഞു, ഇവിടെ പഞ്ചസാരയില്ല. രേണുവിൻെറ വീട്ടിൽ ഉണ്ടോ എന്നു നോക്കട്ടെ.

ഞാൻ ആശ്ചര്യപ്പെട്ടുകൊണ്ട് പറഞ്ഞു. ഇതെന്തുകഥ. പഞ്ചസാരക്കമ്പനിയുടമസ്ഥൻെറ വീട്ടിൽ പഞ്ചസാരയില്ലെന്നോ? ലിവർ കേടുവരുത്താനാണോ ഭാവം?

മുറിയിലുളളവരെല്ലാം അടക്കി ചിരിക്കാൻ തുടങ്ങി. കൊഞ്ഞനം കാണിച്ച് വീണ മുറിയിൽനിന്നും വെളിയിൽ പോയി.

ചിന്താമണിബാബുവാണ് വീണയുടെ ശരിക്കുള്ള ഉടമസ്ഥൻ. ആൾ വലിയ രസികനാണ്. പുള്ളിയുടെ എല്ലാ കാര്യത്തിലും ഒരു രസികത്തമുണ്ട്. റാക്കിറ്റ് ആൻഡ് റാക്കിറ്റ് കമ്പനിയിൽ അദ്ദേഹത്തിന് അമ്പതുശതമാനം ഉടമസ്ഥാവകാശമുണ്ട്. അവർക്കു മൂന്നു പഞ്ചസാരക്കമ്പനിയുണ്ട്. അദ്ദേഹം സ്വയം പറയുക പതിവുണ്ട്, എന്റെ അച്ഛൻ പഞ്ചസാരക്കമ്പനി തുടങ്ങിയതുകൊണ്ടു മാത്രം നിശ്ചിന്തനായില്ല. പഞ്ചസാരകൊണ്ടുവരും ചിന്താമണി എന്നു ചൊല്ലുണ്ടല്ലോ? അതുകൊണ്ട് മകന്റെ പേരും ചിന്താമണി എന്നു വച്ചു. രക്ഷിത് വംശത്തിലാണ് എന്റെയും ജനനം. രക്ഷിത് വംശത്തിന്റെ പാരമ്പര്യം നിലനിർത്താനായി ഞാനും ഒരു വെപ്പാട്ടിയെ വച്ചിരിക്കയാണ്. എന്റെ അച്ഛനും വെപ്പാട്ടിയുണ്ടായിരുന്നു. എന്റെ ഭാര്യയും തക്ക സമയം നോക്കി മരിച്ചുപോയി.

വെപ്പാട്ടിയെ വയ്ക്കുന്ന കാര്യത്തിൽ ചിന്താമണിബാബുവിന് ഒരു ആഭിജാത്യം ഉണ്ട്. വീണയുടെ അടുത്ത് പുള്ളി ശനിയാഴ്ച മാത്രം വന്ന് രാത്രി മുഴുവൻ കഴിച്ചുകൂട്ടും. ഇതു കാരണം അഞ്ചു ശനിയാഴ്ചകളുള്ള മാസങ്ങളിൽ അയാൾ ആയിരം ഉറുപ്പിക കൊടുക്കും. 4 ശനിയാഴ്ചകളിൽ എണ്ണൂറു രൂപയും.. വീണയുടെ വീടിന്റെ അടുത്തൊന്നും ശനിയാഴ്ചകളിൽ മറ്റൊരു പുരുഷൻ വരുന്നത് നടപ്പില്ല. മറ്റു ദിവസങ്ങളിൽ ആർക്കു വേണമെങ്കിലും വരാം. ആഴ്ചകളിലെ മറ്റു ദിവസങ്ങളിലും പുള്ളി പെട്ടെന്നു കടന്നുവന്നു എന്നു വരാം. പക്ഷേ അപ്പോൾ വീണയുടെ മുറിയിൽ മറ്റു പുരുഷൻമാരുണ്ടെങ്കിൽ അദ്ദേഹത്തിന് യാതൊരു അലോഹ്യവുമില്ല. കുറച്ചു ബ്രാണ്ടി മൊത്തിമൊത്തിക്കൊണ്ട് അദ്ദേഹം എല്ലാവരുമായും തമാശ പറയും. കൃത്യം പത്തു മണിയായാൽ വീട്ടിലേക്ക് തിരിച്ചുപോവും. ആ ദിവസം അദ്ദേഹം വീണയെ സ്പർശിക്കപോലുമില്ല.

ചിന്താമണിബാബുവിനെ എനിക്കിഷ്ടമാണ്. കാരണം അയാളിലാണ് ഞാൻ ആദ്യമായി പഴയ കൽക്കത്തയിലെ വ്യാപാരി സമുദായത്തിന്റെ ഒരു പ്രതിനിധിയെ കാണുന്നത്. ഇപ്പോൾ വ്യവസായിയുടെ കാര്യം കേട്ടാലുടനെ മാർവാഡിയുടേതോ അതുപോലെ വല്ല കുമ്പളങ്ങപോലുള്ള ശരീ

രമോ ആണ് മനസ്സിൽ വരുന്നത്. എന്നാൽ രക്ഷിത്ബാബു മാർ ഏതാനും തലമുറകളായി കൽക്കത്തയിൽ വ്യവസായി കളാണ്. വളരെ മിടുക്കും അടക്കവുമുള്ള ആൾ; യാതൊരു വിധത്തിലുള്ള ഗ്ലാനിയോ പൊട്ടിത്തെറിയോ ഇല്ല സ്വഭാവ ത്തിൽ വളരെ ശാന്തഭാവത്തിൽ. ലോകത്തിലെ കൂട്ടലും കിഴിക്കലും മനസ്സിലാക്കിവച്ചിരിക്കുന്നു. തീരെ വിദ്യാഭ്യാസ മില്ലാത്തവനല്ല. ഇടക്കിടക്ക് വൈഷ്ണവ കവിതയിൽനിന്നും നല്ല നല്ല വരികൾ ചൊല്ലാൻ അറിയാം. .തലയുടെ മുൻ വശം കഷണ്ടി കയറിയിരിക്കുന്നു. പിന്നിലെ മുടിമുൻവശം വരെ കൊണ്ടുവന്ന് മറച്ചുവച്ചിരിക്കുന്നു. താടിയോ മീശയോ മിക്കവാറും ഇല്ലാത്ത, പുഞ്ചിരിക്കുന്ന മുഖമാണ്. വയസ്സ് അമ്പത് അമ്പത്തിരണ്ടിൽ കൂടില്ല. പക്ഷേ വർത്തമാനത്തിനി ടക്ക് പറയും "അതെല്ലാം ഞങ്ങളുടെ കാലത്തുണ്ടായിരുന്നു." കേട്ടാൽ തോന്നും സിറാജ് ദൗളയുടെ ആക്രമണകാലംതൊട്ടേ പുള്ളി കൽക്കത്തയിലുണ്ടായിരുന്നെന്ന്.

വളരെ നേരത്തെ പ്രയത്നത്തിനുശേഷം വിശ്രമിച്ച്, ഒരു ഗ്ലാസ് വെള്ളം കുടിക്കുന്ന ലാഘവത്തോടെ ആഴ്ച മുഴു വനും കച്ചവടക്കാര്യങ്ങൾ നോക്കി നടത്തി, ചിന്താമണിബാബു വീണയുടെ അടുക്കൽ ശനിയാഴ്ച വരുന്നു. ആ ദിവസം അദ്ദേഹത്തിന് പൂർണ്ണവിശ്രമം വേണം. മറ്റു ദിവസങ്ങളിൽ ഇടക്കിടക്കു വരുന്നത് വെറുതെ കാണാനായോ അല്ലെങ്കിൽ സൊള്ളാനായോ വരുന്നതുപോലെയാണ്. ഈ ദിവസങ്ങളി ലാണ് അയാൾ ഞാനും ശേഖറുമായി വല്ലപ്പോഴും കണ്ടു മുട്ടാറുള്ളത്.

ഞൊറിഞ്ഞ ദോത്തിയും കൈ ചുളിപ്പിച്ച ജുബ്ബയും ധരിച്ച് പ്രസന്നഭാവത്തോടെ ആയിരിക്കും വരിക. വന്ന ഉടനെ പോക്ക റ്റിൽ തപ്പി മുറുക്കാൻ പെട്ടി പുറത്തെടുത്ത് മുന്നിൽ വച്ചു കൊണ്ട് സുഖമായി ഇരുപ്പുറപ്പിക്കും. അതുകഴിഞ്ഞ് പറയും, വീണാ ഒന്നു രണ്ട് ചന്ദനത്തിരി കത്തിച്ചുവച്ചേ. ചെറുപ്പം മുതലേ എനിക്കീ ചന്ദനത്തിരിയുടെ മണം വലിയ ഇഷ്ടമാണ്. ആഫീസിൽ എൻെറ മുറിയിൽ എപ്പോഴും ചന്ദനത്തിരി കത്തിക്കാറുണ്ട്. വീട്ടിലും അങ്ങനെ തന്നെ. ഈ മണം കൂടാതെ എനിക്കു ജീവിക്കാൻ വയ്യ.... ഹാ കൺമഷി എഴു തിയിട്ടുണ്ടല്ലോ. കാണാൻ നല്ല ചന്തം. വീണയോട് അദ്ദേഹ

ത്തിൻെറ പെരുമാറ്റം ഒരച്ഛനെപ്പോലെയാണ്. മാധുര്യവും സ്നേഹവും നിറഞ്ഞതാണ്.

ചിന്താമണി രക്ഷിതിനെ എനിക്കിഷ്ടപ്പെടുകതന്നെ ചെയ്തു. കാരണം അദ്ദേഹം കൽക്കത്ത പട്ടണനിവാസികളുടെ ഒരു വശം എനിക്കു കാണിച്ചുതന്നു. സമൂഹത്തിൽ അദ്ദേഹം പേരെടുത്ത വ്യവസായിയാണ്. വീട്ടിൽ ഉത്തരവാദിത്വബോധമുള്ള അച്ഛനും. ഒരു മകനെ ടെക്നോളജി പഠിക്കാനായി ജർമ്മനിയിലേക്കയച്ചു. സ്വന്തം മകളെ ഒരിക്കലും അകന്ന ചാർച്ചക്കാരനായ ഭരേട്ടൻെറ കൂടെ സിനിമക്കയക്കാറില്ല. സ്ഥലത്തെ ദുർഗ്ഗാപൂജാ കമ്മറ്റിയിൽ അദ്ദേഹം എല്ലാവർഷവും വൈസ്പ്രസിഡണ്ട് ആകാറുണ്ട്. സ്ഥലത്തെ കായികാഭ്യാസ സംഘത്തിൻെറ പ്രൈസ് ഡിസ്ട്രിബ്യൂഷൻ വേദിയിൽ അദ്ദേഹം പ്രധാന അതിഥിയായി പ്രസംഗിക്കാറുണ്ട്. നേതാജി തിരിച്ചുവരികയാണെങ്കിൽ രാജ്യത്തിൻെറ അവസ്ഥ പരിപൂർണ്ണമായും ഒറ്റരാത്രികൊണ്ട് മാറുമെന്ന് അദ്ദേഹത്തിന് ദൃഢബോധമുണ്ട്. എന്നു തന്നെയല്ല, അടുത്ത വീട്ടിൽ ഒരു വിവാഹകർമ്മത്തിൽ പുരോഹിതൻ മന്ത്രം തെറ്റിച്ചു ചൊല്ലിയാൽ അതും അദ്ദേഹം കണ്ടുപിടിക്കും. പിന്നെ എല്ലാ ശനിയാഴ്ചയും വീണയുടെ വീട്ടിൽ വന്ന് അവളുടെ കൂടെ അന്തിയുറങ്ങുകയും ചെയ്യും. ഇതിൽ എന്തെങ്കിലും വൈരുദ്ധ്യമോ ചേർച്ചയില്ലായ്മയോ ഇല്ല. എല്ലാം അത്യന്തം സ്വാഭാവികം മാത്രമാണ്. ചിന്താമണി രക്ഷിതിൻെറ ആശ്രയം ലഭിച്ചത് വീണയുടെ ഭാഗ്യം തന്നെയാണ്.

വീണയുടെ ചേച്ചി സാധന കട്ടിലിൻമേൽ കുനിഞ്ഞ് പകുതി ഉറക്കത്തിലാണ്. അവളുടെ കാൽ എൻെറ മേൽമുട്ടുന്നു. കുറച്ചുനേരമായി ഞാനതുമൂലം അസഹ്യത അനുഭവിക്കുകയായിരുന്നു. സുന്ദരിപ്പെണ്ണിൻെറയോ മറ്റ് ആരുടേയോ ആകട്ടെ, ശരീരത്തിൽ കാൽമുട്ടുന്നത് എനിക്കൊട്ടുംതന്നെ ഇഷ്ടമുള്ള കാര്യമല്ല. ഞാൻ ഒന്നു വിട്ടിരുന്ന് ഇടം കണ്ണിട്ട് അവളെ ഒന്നു നോക്കി. വളരെയേറെ പുരുഷന്മാരിൽ നിന്നും പാദസേവ നേടുക ഇവളുടെ പതിവാണെന്നു തന്നെ തോന്നും. വീണയെ കാണാൻ അത്ര സൗന്ദര്യമൊന്നും ഇല്ല. പക്ഷേ വീണയുടെ ചേച്ചിയെ സുന്ദരി എന്നുതന്നെ വിളിക്കണം.

ഒരു വേശ്യ സുന്ദരിയൊട്ടല്ലാതാനും, സൗന്ദര്യം അവളുടെ ശരീരത്തെ ഉരസിയിരിക്കയാണ്. ശരിക്കും കൂടിക്കലരാത്ത പോലെ. ഒരു കടുംനീലക്കളറു ചിത്രങ്ങൾ തുന്നിപ്പിടിപ്പിച്ച കട്ടികുറഞ്ഞ സിൽക്ക് സാരിയാണവൾ ഉടുത്തിരിക്കുന്നത്. ഇത്തരം ചിത്രങ്ങൾ തുന്നിപ്പിടിപ്പിച്ച സാരി ഇപ്പോൾ കൽക്കത്തയിൽ സ്ത്രീകൾ ഉടുക്കാറില്ല. തലയിൽ ഒത്തിരി മുടി. നേർമ്മയുള്ള മുഖം. പഞ്ഞിപോലെ വെളുത്തനിറം. കണ്ടാൽ തോന്നും രണ്ടു ചുണ്ടുകൾ, മൂക്ക്, കൺപോളകൾ ഇവയെല്ലാം ചിത്രം വരച്ച പോലെയാണെന്ന്, ആർക്കറിയാം ഇതിൽ ഒന്നു രണ്ടെണ്ണം യഥാർത്ഥമായും വരച്ചുവച്ചതാണോ എന്ന്. ഞാൻ കൈകൊണ്ടു പരിശോധിക്കാനൊന്നും പോകുന്നില്ലല്ലോ. അവളുടെ വേഷവിധാനത്തിനുള്ളിൽ ഇനിയും എന്തെല്ലാം വൈശിഷ്ട്യങ്ങൾ ഉണ്ടെന്ന് മനസ്സിലാവുന്നില്ല. എന്നാലും ശരീരത്തിൽ ശരിക്കും ഒരു മുസ്ലീം പെണ്ണിൻെറ ഭാവം വരുത്തിക്കൂട്ടിയിട്ടുണ്ട്. കണ്ണോടു കണ്ണു മുട്ടിയതും ഞാൻ ചോദിച്ചു, നിങ്ങൾ എന്നു വന്നു?

- ഏഴെട്ടു ദിവസമായി. കഴിഞ്ഞ തിങ്കളാഴ്ച വന്നു.

- എങ്ങിനെയാണ് വന്നത്?

- പ്ലേനിൽ, കൊളംബോ ചുറ്റിക്കറങ്ങി.

- ഇവിടെ കുറച്ചു ദിവസം ഉണ്ടാകുമോ?

- നോക്കട്ടെ. വളരെ അത്യാവശ്യകാര്യം പ്രമാണിച്ചു വന്നതാണ്. വരുകയല്ലാതെ നിവൃത്തിയില്ലായിരുന്നു.

- നിങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ താമസിക്കുക എന്നത് അപകടമല്ലേ. നിങ്ങളുടെ ഭർത്താവ് അറിഞ്ഞാൽ കുഴപ്പത്തിലാവില്ലേ?

- ഇല്ല. ഇനിയും എന്തുണ്ടാവാനാണ്. എൻെറ മനസ്സിന് തീരെ സുഖമില്ല. കട്ടിലിൻെറ അടിയിൽനിന്നും ബ്രാണ്ടിയുടെ കുപ്പി ഒന്ന് എടുത്തു തരാമോ?

അപരിചിതരായ രണ്ടു പേർക്കിടയിൽ നിന്നും ഒരുവൻ തൽക്ഷണം എഴുന്നേറ്റുനിന്നു പറഞ്ഞു. ഞാൻ തരാം. സാധന കൈനീട്ടിക്കൊണ്ടു പറഞ്ഞു, ഇതാണ് ഇപ്പോഴത്തെ എൻെറ ഭർത്താവ്. പേര് അബ്ദുൾ ഹലിം. പിന്നെ മറ്റെ ആൾ ശഹിദ് ചൗധരി. എൻെറ സുഹൃത്താണ്.

വിലകൂടിയ സൂട്ടു ധരിച്ച രണ്ടു പേരുടേയും മുഖത്ത്

അല്പം നിർവ്വികാരഭാവം. എങ്കിലും പ്രയാസപ്പെട്ടു ചിരിക്കാനുള്ള ശ്രമവുമുണ്ട്.

ഞാൻ രണ്ടു കയ്യുമുയർത്തി നമസ്കാരം പറയാൻ തുടങ്ങിയതാണ്. പിന്നെ എന്തോ എന്നറിയില്ല ഒരു കൈ പൊക്കുകമാത്രമേ ചെയ്തുള്ളൂ. അവരും ഒരു കൈ പൊക്കി നെറ്റിവരെ ഉയർത്തി.

ഒരു കാര്യം ഓർത്ത് എനിക്കു തമാശ തോന്നി. ഇതാ ഒരല്പം മുമ്പാണ് വീണ അജയ്ബാബുവിനെ ചേട്ടൻ എന്നു പറഞ്ഞത്. അയാളിപ്പോൾ സുഹൃത്തായിരിക്കുന്നു. എങ്കിലും പഴയശീലം മൂലം വീണ ഇപ്പോഴും അയാളെ ചേട്ടൻ എന്നു പറയുന്നു.

ശഹീദ് എന്നു പേരുള്ള മനുഷ്യൻ പറഞ്ഞു, ഇപ്പോൾ ഞങ്ങൾ എഴുന്നേല്ക്കാറായെന്നു തോന്നുന്നു. സാധന ഏതാണ്ട് ഭീഷണി സ്വരത്തിൽ പറഞ്ഞു, ഇരിക്കൂന്നേ, ഇത്ര തിരക്കെന്താണ്? അയാൾ പറഞ്ഞു. ഇല്ല. തിരക്കൊന്നുമില്ല.... പക്ഷേ ഞങ്ങൾ ഇങ്ങനെ ഇരുന്നാൽ അവർക്ക് ഒരു പക്ഷേ അസൗകര്യം തോന്നുന്നുണ്ടായിരിക്കാം. അവിനാശ് ഹാ ഹാ എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു, ഇല്ല. ഞങ്ങൾക്ക് യാതൊന്നും ഒളിച്ചുവക്കേണ്ട കാര്യങ്ങളില്ല. നമ്മളെല്ലാം ഒന്നിച്ചു തന്നെ. ഇരിക്കിൻ.

വീണ ചായയുമായി കടന്നുവന്നു പറഞ്ഞു. ഇതെന്താ എല്ലാവരും കള്ളുകുടി തുടങ്ങിയോ? അങ്ങിനെയാണെങ്കിൽ പിന്നെ ഞാനെന്തിനാണ് ചായയുണ്ടാക്കിയത്? ഞാൻ പറഞ്ഞു, ചായ എനിക്കുതാ, ഞാൻ ചായ കുടിച്ചോളാം. ശേഖറും ബാത്റൂമിൽനിന്നും തിരിച്ചുവന്നു പറഞ്ഞു, എനിക്കും ചായ താ. എനിക്കിപ്പോഴും തല ചുറ്റുന്നുണ്ട്.

ശരിയായിരുന്നു. ശേഖർ പഴക്കം ചെന്ന രോഗിയെപ്പോലെ ചുമരിൽ പിടിച്ചുകൊണ്ടു നടക്കയാണ്. കണ്ണിലെന്തോ ഭയാനകത. ഞാൻ പറഞ്ഞു, നിനക്കെന്തുപറ്റി? ശേഖർ പറഞ്ഞു, ഇന്നലെ തലക്കുളിൽ എന്തോ പറ്റിയപോലെ തോന്നിയിരുന്നു. അതിനുശേഷം ശരീരത്തിന് യാതൊരു സുഖവുമില്ല. ഇപ്പോൾ ഒരുവിധം ഭേദമുണ്ട്. വീണ കോപത്തോടെ പറഞ്ഞു, എത്രമാത്രം തടഞ്ഞതാണ് ആ വെണ്ണീറ് കഴിക്കാതിരിക്കാൻ, എന്നിട്ടും കഴിച്ചു.

കട്ടിലിനടുത്തുവരെ വന്ന്, കട്ടിലിന്റെ അഴിയിൽ പിടിച്ചു നിന്ന് വീണയെ ഒരു കൈകൊണ്ട് അടുത്തു പിടിച്ചു വലിച്ചു കൊണ്ടുവന്ന് ശേഖർ പറഞ്ഞു, മിണ്ടാതിരിക്ക് കിറുക്കിപ്പെണ്ണേ, ഇത്ര പേടിക്കാനെന്തിരിക്കുന്നു?

വീണ ഒട്ടൊന്നു കുതറിക്കൊണ്ടു പറയാൻ തുടങ്ങി, ഇതെന്തായി കാണിക്കുന്നത്, ഇത്രയും പേരുടെ മുന്നിൽ വച്ച്.

ശേഖർ ആവേശസ്വരത്തിൽ പറയാൻ തുടങ്ങി, ആരുമില്ല. കണ്ണടച്ചുനോക്കു. എങ്കിലവരാരുംതന്നെ നമ്മെ കാണില്ല. വാ, ഒരുമ്മ വക്കട്ടെ, ഇതെന്താ, ശക്തിയിൽ ഉന്താതെ, വീഴും വെറുതെതന്നെ നില്ക്കാൻ പറ്റുന്നില്ല.

വീണ തന്നെ വേർപെടുത്താൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു, ഇപ്പോഴല്ല, പിന്നെ.

– പിന്നെയല്ല. ഇപ്പോൾ, ഇപ്പോൾ തന്നെ.

ഇപ്പോൾ വേണമെന്നാഗ്രഹം തോന്നുന്നുണ്ട്. ഇപ്പോൾ തന്നെ.

– പറ്റില്ല, പറ്റില്ല, പറ്റില്ല.

ഞാനവിടെ നിന്നും കണ്ണു തിരിച്ചു. എന്തോ ഒരുതരം അന്യമനസ്കത അനുഭവപ്പെട്ടു. ഇന്ന് ഈ വീട്ടിലെ അന്തരീക്ഷം ഒരു മാതിരി അസ്വസ്ഥത സൃഷ്ടിക്കുന്ന പോലെ, വർത്തമാനം ഇടക്കിടെ മുറിഞ്ഞു പോകുന്നു. ശേഖറുമൊത്ത് ഇവിടെ മുമ്പ് വന്നപ്പോൾ, ഒരു വലിയ ബഹളമായിരുന്നു. അപ്പോൾ, വീണ വളരെയധികം മദ്യപിച്ച് നൃത്തമാടുന്നതു പോലെ കാട്ടിക്കൊണ്ടിരുന്നു. (നൃത്തം അവൾക്കറിയില്ല) ഒരു ദിവസം അവൾ അലമാരിക്കുമേൽ തളർന്നു വീണു. കിണിം കിണിം എന്നു ചില്ലു തകർന്നു. സ്ത്രീകളുടെ അരികത്തായി ചില്ലുതകർന്നാലുണ്ടാവുന്ന ശബ്ദം എപ്രകാരമായിരിക്കും. എനിക്കു തോന്നി സ്ത്രീകളുടെ ചുറ്റിലുമായി എപ്പോഴും ചില്ലു തകർന്നു വീഴട്ടെ എന്ന്. ആ ശബ്ദം കേട്ട് എനിക്കുണ്ടായ സന്തോഷം പറയാവതല്ല. അതു കൊണ്ട് ഠേ എന്നു കയ്യിലിരുന്ന ആഷ്ട്രേ മറ്റേ വാതിലിന്റെ ചില്ലിൽ എറിഞ്ഞു. ഇന്ന് ഇവിടെ പലതരത്തിലുളള ആളുകൾ കൂടിയിരിക്കുന്നു. എന്തോ ഒരു മീറ്റിങ്ങിന്റെ സ്വഭാവം. യമുനയുടെ വീട്ടിൽ പോയിട്ട് അവളെ കാണാൻ കഴിയാഞ്ഞ് എന്റെ മനസ്സിൽ വിഷമമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ദേഷ്യവും വന്നു.

അകാരണമായി ദേഷ്യം വരുമ്പോൾ എന്തെങ്കിലും എറിഞ്ഞു പൊട്ടിക്കാൻ തോന്നും. പിന്നെ ഭൂമിയിൽ തകർക്കാനായി എന്തെല്ലാം സാധനങ്ങൾ ഇരിക്കുന്നു. അതിൽ എല്ലാറ്റിലും വച്ച് ആകർഷണീയമായത് നിയമം തകർക്കുകയെന്നതാണ്. ഞാൻ അത്തരത്തിലുള്ള ഒരാഗ്രഹംവച്ചു കൊണ്ടാണ് ഇവിടെ വന്നത്. യമുനയുടെ വീട്ടിൽ പോയി ഇന്ന് അപമാനിതനായപോലെ തോന്നി. ആരാണ് അപമാനിച്ചത് എന്ന് ശരിക്കും പറയാനാവില്ല, എങ്കിലും എല്ലാവരും കൂടി അങ്ങനെ ചെയ്തതുപോലെ.... യമുനയെ കാണാൻ കഴിയാതിരിക്കുക എന്നതു തന്നെ ഒരു വലിയ അപമാനമാണല്ലോ. യമുനയെ എനിക്കു വേണം. നീയെന്നെ വിട്ടുപോവല്ലേ. ഞാൻ ഇവിടെ വന്നത് തെറ്റാണ്. ഇനിയൊരിക്കലും വരില്ല. ഇവിടെ എന്തോ എനിക്കു തോന്നുന്നു, മറ്റെന്തോ ഞാനുമായി ബന്ധമില്ലാത്ത കാര്യം നടക്കുകയാണെന്ന്.

ശേഖർ ഗാഢമായി വീണയെ ഉമ്മവച്ചു. ശേഖറിന്റെ രണ്ടു കൈയും വീണയുടെ മുടിക്കിടയിൽ ചുരുട്ടി പിടിച്ചിരിക്കയാണ്. കുറച്ചു മുമ്പേ വളരെ പ്രയാസപ്പെട്ട് കണ്ണാടിക്കു മുമ്പിൽ നിന്ന് കെട്ടിയ മുടിയെല്ലാം ചിന്നിച്ചിതറിയരിക്കുന്നു. സ്വയം വിട്ടുമാറി വീണ പറഞ്ഞു, ഹോ, എന്തൊരു രാക്ഷസനാണ്. അവിനാശ് പറഞ്ഞു, വീണേ ഇവിടെ വന്നാട്ടെ, ഞാനും ഒന്നുമ്മവക്കട്ടെ.

വീണ പറഞ്ഞു, അത്ര പൂതിവേണ്ട. അവിനാശ് ചെന്നായയെപ്പോലെ കുതിച്ചു ചെന്ന് വീണയെ വരിഞ്ഞു പിടിച്ചു. കുറച്ചു നേരത്തെ മൽപിടിത്തത്തിനുശേഷം അവിനാശിന്റെ ശബ്ദത്തോടുകൂടിയുള്ള ചുംബനദൃശ്യം കാണാൻ കഴിഞ്ഞു. ദേഷ്യംകൊണ്ടു വിജ്രംഭിച്ച പൂച്ചയെപ്പോലെ വീണ എനിക്കരികിൽ വന്നുനിന്നുകൊണ്ടു പറഞ്ഞു, വച്ചോളൂ. നിങ്ങളായിട്ടിനി ബാക്കി വക്കേണ്ട.

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു, ആദ്യം മുഖം കഴുകിവാ.

- എന്തിനാണ്, മുഖം കഴുകേണ്ട കാര്യമെന്താണ്?

- അവിനാശിന്റെ എച്ചിൽ ആർക്കുവേണം.

അവിനാശ് പറഞ്ഞു, എടാ പന്നീ-

കട്ടിലിന്റെ മുകളിൽ നിന്നും സാധന കിലുകിലുങ്ങനെ ഭ്രാന്തിയെപ്പോലെ ചിരിച്ചുകൊണ്ടു പറഞ്ഞു, എന്റേത് എച്ചി

ലല്ല വരൂ. എൻെറ നേരെ ഒരു കൈ നീട്ടിക്കൊണ്ട് പറഞ്ഞു, ഇവിടെ വരൂ, അതിനുശേഷം അബ്ദുൾ ഹലീമിൻെറ നേരെ വക്രദൃഷ്ടിയോടെ നോക്കി, അതേ മാതിരി ഭ്രാന്തൻ ചിരി. ഞാൻ ധൃതിപിടിച്ച് കട്ടിലിൽനിന്നും ഇറങ്ങിക്കൊണ്ടു പറഞ്ഞു, എൻറീശ്വരാ അതിനുശേഷം, അല്ലാതെന്താ? എന്നെക്കൊല്ലും.

സാധന വാത്സല്യപൂർവ്വം പറഞ്ഞു, അതാ അതാ അയാളെ പിടിച്ചാട്ടെ, അബ്ദുൾ അയാളെ എൻെറ അരികിൽ കൊണ്ടു വരൂന്നേ. അയാളെക്കൊണ്ട് എന്നെ ഒന്ന് ഉമ്മ വയ്പ്പിച്ചേ പറ്റൂ.

ഞാൻ രക്ഷപ്പെടാനുള്ള ശ്രമം നടത്തുന്നപോലെ പറഞ്ഞു. തൊട്ടുപോകരുത്. ഇന്ന് ആരും എന്നെ തൊടരുത്. പറയുന്നു, അബ്ദുൾ ഹലിം എൻെറ അരികിൽത്തന്നെ നിന്നിരുന്നു. അയാൾ ചിരിച്ചു കൊണ്ടു പറഞ്ഞു, എന്താ നിങ്ങൾക്കു പേടിയുണ്ടോ?

ഞാൻ അയാളുടെ ചെവിക്കരികിൽ മുഖം ചേർത്ത് സ്വകാര്യമായി പറഞ്ഞു, പേടിയല്ല പെണ്ണ്.

അബ്ദുൾ ഹലീമിൻെറ മുഖം വരണ്ടു പോയി. എൻെറ വർത്തമാനം മനസ്സിലായില്ലെന്നപോലെ. അവിനാശ് പറഞ്ഞു, നൂർജഹാൻ എനിക്കൊരു ചാൻസ് തരാമോ?

സാധന അപ്പോൾ ഗ്ലാസ് മൊത്തുകയായിരുന്നു. അത് കാലിയാക്കിക്കൊണ്ടു പറഞ്ഞു, പോ, മനസ്സ് വീണ്ടും കേടു വന്നു. നെഞ്ചിനിടക്ക് വേദന തോന്നുന്നു.

അബ്ദുൾ ഹലിം പറഞ്ഞു, സാധന, ഇനി ഹോട്ടലിലേക്കുമടങ്ങാം, എന്താ?

സാധന പറഞ്ഞു, വേണ്ട. ശരീരത്തിന് സുഖമില്ല. ഇവിടെ അൽപംകൂടി കിടക്കട്ടെ. നിങ്ങൾ ഇരിക്കൂന്നേ.

വീണ പറഞ്ഞു, ചേച്ചി, നീയിനിയും ഇത്ര കുടിക്കരുത്. നിൻെറ ശരീരത്തിനാകട്ടെ സുഖവുമില്ല-

ആ നിമിഷംതന്നെ സാധനയുടെ സ്വരത്തിന് മാറ്റം വന്നു, കരച്ചിൽ വരുന്നതുപോലെ, എൻെറ ശരീരത്തിന് കേടൊന്നുമില്ല. ശരീരം ശരിതന്നെ. പക്ഷേ മനസ്സ് ഒന്നുകൊണ്ടും ശരിയാവുന്നില്ല.

ശേഖർ എൻെറ കൈ പിടിച്ചുകൊണ്ടു പറഞ്ഞു, സുനിൽ മുകളിൽ പോകാം? എന്തൊരു ചൂട്. മുകളിൽ പോയാൽ

കാറ്റുകിട്ടും. അവിടെ ഒരു ചെറിയ സുന്ദരമായ മുറിയുണ്ട്. ശനിയാഴ്ച ചിന്താമണി ബാബു വന്നിരുന്നു. ഞാനന്ന് അതിലായിരുന്നു, വളരെ ഇഷ്ടപ്പെട്ടു. വിദേശ പര്യടനത്തിനു വന്ന പോലെ തോന്നി.

അവിനാശ് പറഞ്ഞു, നടക്ക്, ബ്രാണ്ടിബോട്ടിലുംകൊണ്ട് മുകളിൽ പോയിരിക്കാം. ഫോറിൻ സാധനമാണ്, സുനിൽ ഒന്നു നോക്കിയാട്ടെ.

മുകളിൽ എത്തിയപ്പോൾ ഞാൻ ശേഖറിനോടു ചോദിച്ചു, ഇവരെവിടെ നിന്നാണ് വന്നുകൂടിയത്?

- എന്താ നിനക്കിഷ്ടപ്പെട്ടില്ലേ?

- ഇല്ലാ ഒട്ടും തന്നെ.

- എത്ര വലിയ ഫിലിംസ്റ്റാറാണ് നിനക്ക് ഉമ്മ തരാമെന്ന് പറഞ്ഞത്. നീ സമ്മതിച്ചില്ല, എത്രപേർ ഈ അവസരം കിട്ടിയെങ്കിൽ ധന്യരാകുമായിരുന്നു.

ഞാൻ മടുപ്പോടെ പറഞ്ഞു, എന്താ നീ കുട്ടികളെപ്പോലെ സംസാരിക്കുന്നത്. കുന്തമാണ്. ഫിലിംസ്റ്റാർ, ഇവിടെ അവളെ ആരറിയും? അതുമല്ല ഹിന്ദുസ്ത്രീ ഈ മാതിരി ഏതെങ്കിലും മുസൽമാനെ കല്യാണം കഴിക്കുന്നതും എനിക്കിഷ്ടമല്ല.

- നീയൊരു കമ്മ്യൂണൽ ആയിമാറുകയാണെന്നു തോന്നുന്നു?

- അതൊന്നുമറിയില്ല. ഇഷ്ടമല്ല- ഇഷ്ടമല്ല. ജാതിയും കുന്തവുമൊന്നുമല്ല. പെണ്ണിൻെറ ശരീരത്തിൽ ആർത്തിയല്ലാതെ മറ്റൊന്നും കാണാനില്ല. ഇമ്മാതിരി കൊഞ്ചിക്കുഴയുന്ന പെണ്ണിനെ എനിക്കു കണ്ണെടുത്താൽ കണ്ടുകൂടാ. സിനിമയുടെ പേരും പറഞ്ഞു മോഹിച്ചു സ്വന്തം ഭർത്താവിനെ ഉപേക്ഷിച്ച് ഒരു മുസൽമാനെ കെട്ടുക-

അവിനാശ് പറഞ്ഞു, ഒന്നല്ല മൂന്ന്. ഈ അബ്ദുൾഹലിം അവളുടെ മൂന്നാമത്തെ നിക്കാഹ് കഴിക്കുന്ന കെട്ടിയവനാണ്.

ശേഖർ പറഞ്ഞു, ആര് എന്ന് ഇഷ്ടപ്പെടുന്നോ അവൾ അവരുടെ ഇഷ്ടംപോലെ ചെയ്യും. മനുഷ്യൻെറ ഈ സ്വാതന്ത്ര്യത്തിൽ നിനക്ക് വിശ്വാസമില്ലേ?

- ഇല്ലാതിരിക്കാൻ എന്ത്? ആർക്ക് എന്താണ് ഇഷ്ടമെന്നു വച്ചാൽ അതുപോലെ ചെയ്യാം. പക്ഷേ അതെല്ലാം

എനിക്കിഷ്ടമാവണമെന്ന് നിർബന്ധമൊന്നുമില്ലല്ലോ? വെറും ആർത്തികൊണ്ടു നിർമ്മിച്ച ഒരു ശരീരം കണ്ടാൽ എനിക്കു വെറുപ്പാണ്. ദയ, വാത്സല്യം, സ്നേഹം എന്നതിനൊന്നും യാതൊരസ്തിത്വവുമില്ല.

ശേഖർ പതുക്കെപ്പതുക്കെ പറഞ്ഞു, വെറും ആർത്തിമാത്രമുള്ള ഒരു പെണ്ണിനെ കാണുന്നത് എനിക്കും സഹിക്കാൻ പറ്റുന്ന കാര്യമല്ല. പക്ഷെ ഈ പെണ്ണിന് ഒരു ദുർബലതയുണ്ട്. അത് അവളെപ്പോലെയുള്ള ഒരു പെണ്ണിനുണ്ടാകുമെന്ന് വിശ്വസിക്കാൻ സാധ്യമല്ല.

വിട്, അത് അതുപോലെതന്നെയിരിക്കട്ടെ. അവളുടെ വർത്തമാനം വിട്ടേക്ക്. നിനക്കിവിടെ ഒളിച്ചിരിക്കാൻ പെട്ടെന്നൊരു വിചാരം വരാൻ കാരണം, തുടക്കം മുതൽ പറയ്. എൽ.എസ്. ഡി. കഴിക്കാനായി ഇവിടെ വന്ന് ദിവസങ്ങളോളം തങ്ങിയോ?

അവിനാശ് ഒരു ഗ്ലാസേ കൊണ്ടുവന്നിരുന്നുള്ളൂ. അതിൽ ഏതാണ്ട് നിറച്ചും ബ്രാണ്ടി ഒഴിച്ചു. നൂർജഹാൻ കൊണ്ടു വന്ന വിലകൂടിയ വിദേശമദ്യമാണ്. അവിനാശ് ഒന്നു കുടിച്ചു കൊണ്ടു പറഞ്ഞു, ഒന്നു രുചിച്ചു നോക്കുന്നോ? ഞാനവന്റെ കയ്യിൽ നിന്നും ഗ്ലാസ് വാങ്ങി ശ്വാസം നിർത്തിക്കൊണ്ട് മുഴുവനും വായിലൊഴിച്ചു. നാക്കിനെ സ്പർശിക്കാതെ സാധനം എരിഞ്ഞെരിഞ്ഞു തൊണ്ടയിലൂടെ ഇറങ്ങാൻ തുടങ്ങി. ഓ, തൊണ്ട വല്ലാതെ ഉണങ്ങിപ്പോയിരുന്നു. എരിഞ്ഞതുകൊണ്ട് ഉണർന്നിരിക്കയാണ്, ആ വീണ്ടും ഒന്നുകൂടി എരിയട്ടെ.

ഇത്തവണ എരിച്ചിൽ നെഞ്ചിലായിരുന്നു, പാമ്പിനെപ്പോലെ വളയാൻ തുടങ്ങി. ഇനിയും താഴെപ്പോവും, വയറുവരെ. വയറിനകത്ത് എരിച്ചിൽ തോന്നുന്നു. എരിയട്ടെ. തൊണ്ട, നെഞ്ച്, വയറ് ഇതിന്റെയൊന്നും കാര്യം ഇതുവരെ തീരെ ഓർമ്മയുണ്ടായിരുന്നില്ല. ഇപ്പോൾ മനസ്സിലായി അതെല്ലാമുണ്ടെന്ന്. എരിയുന്നു എന്നതുകൊണ്ട് അറിയുന്നു. ഇനിയും എരിയട്ടെ. ഞാൻ അവിനാശിനോടു പറഞ്ഞു, താ, ഇനിയും കുറച്ചുതാ എനിക്ക്. ശേഖർ പറഞ്ഞു, ഞാൻ കഴിക്കുന്നില്ല. എന്റെ തലക്കുള്ളിൽ ഇപ്പോഴും മിന്നുന്നു. അവിനാശ് നിർബന്ധിച്ചുകൊണ്ടു പറഞ്ഞു, ഇതാ അല്പം കുടിച്ചോ അസുഖമായാലാണ് മനുഷ്യർ ബ്രാണ്ടി കഴിക്കു-

ന്നത്. നീയിന്നലെ രണ്ടു ടാബ്‌ലറ്റ് ഒന്നിച്ചു കഴിക്കാൻ പോയ തെന്തിനാണ്?

– എന്താണുണ്ടാവുകയെന്നറിയാനുള്ള ഒരു വലിയ ആഗ്ര ഹമുണ്ടായിരുന്നു. അലൗകികമായ എന്തെങ്കിലും കാണുമെന്ന തൊന്നലുണ്ടായിരുന്നു. ഓ, ഇന്നലെ കാളരാത്രിയായിരുന്നു.

ഞാൻ പറഞ്ഞു, എങ്ങനെയാണത് സംഘടിപ്പിച്ചതെന്ന് പറയെടോ? ഇവിടെ ആരെങ്കിലും ഇതുവരെ എൽ. എസ്.ഡി. കഴിച്ചതായി കേട്ടിട്ടില്ലല്ലോ?

ശേഖർ പറഞ്ഞു, കാര്യം അത്ഭുതകരമാണ്. ഞാനാദ്യം വാങ്ങാൻ ഉദ്ദേശിച്ചതല്ല. ആദ്യം റെഫ്യൂസ് ചെയ്തു. പിന്നെ പെട്ടെന്ന് മനംമാറ്റം വന്നു.

എന്താണുണ്ടായതെന്നറിയാമോ, കഴിഞ്ഞാഴ്ചയിൽ, അന്നു തിങ്കളാഴ്ച ആയിരുന്നു. വീട്ടിൽനിന്നും പുറപ്പെട്ടൊരുങ്ങി ഓഫീസിലേക്കു തിരിച്ചതാണ്. പോളിഷ് ചെയ്ത ഷൂ. ടൈയും മറ്റും നേരെയായിരുന്നു. മനസ്സിലും യാതോരു വിമ്മി ട്ടവുമില്ലായിരുന്നു. പതുക്കെപ്പതുക്കെ ചൂളം വിളിച്ചിരുന്നു. വാതിലിലൂടെ പുറത്തേക്കു കടക്കുകയാണ്. പെട്ടെന്ന് ഒരു പടിയിൽ കാൽ തെറ്റി. വീണു പോകുമായിരുന്നു. ദുശ്ശകുന മാണെന്ന് അമ്മ പറഞ്ഞു. ഇപ്പോൾ പുറത്തിറങ്ങേണ്ട. വീണ്ടും കുറച്ചു നേരമിരുന്നു പോയാൽ മതി. നിനക്കറിയാമല്ലോ അമ്മ യുടെ കാര്യം. ഞാൻ ഇതെല്ലാം അനുസരിക്കാതെ അമ്മയെ വിഷമിപ്പിക്കാനും ഇഷ്ടപ്പെടുന്നില്ല. മുറിയിൽ തിരിച്ചു വന്ന് കസേരയിൽ വീണ്ടും ഇരുന്നു. നൂറുവരെ എണ്ണി വീണ്ടും പുറത്തിറങ്ങാമെന്നു മനസ്സിൽ നിശ്ചയിച്ചു. ആ നൂറുവരെ എണ്ണുന്നതു തന്നെ എന്തൊരു പ്രയാസമേറിയ കാര്യമായിരു ന്നെന്ന് നിനക്കറിയാമോ. മടുപ്പോടെ കയ്പുനിറഞ്ഞ വായിൽ ഓരോ സംഖ്യയായി എണ്ണുകയാണ്, തലക്കുള്ളിലാണെങ്കിൽ ചുറ്റികകൊണ്ടടിക്കുന്നപോലെ. എന്തോ ആകട്ടെ, അതി നുശേഷം പുറത്തിറങ്ങി. അതുമുതൽ മനസ്സ് മടുത്തിരിക്കുക യാണ്. പുറത്തു വന്നപ്പോൾ ബസ്സിലും ട്രാമിലും കയറാൻ പറ്റുന്നില്ല. എന്തൊരു തിരക്ക്. മറ്റു ദിവസങ്ങളിലും ഇങ്ങനെ ഉണ്ടാകാറുണ്ട്. പക്ഷേ ദേഷ്യം കൊണ്ട് എരിയാൻ തുടങ്ങി. കഴുത്തിലെ ടൈയുടെ രണ്ടറ്റവും അങ്ങോട്ടുമിങ്ങോട്ടും ബല മായി വലിച്ച് സ്വയം ശ്വാസംമുട്ടിച്ച് കൊല്ലാൻ തോന്നി.

എൻെറ സ്ഥിതി നിനക്കു മനസ്സിലാവുന്നുണ്ടോ?

അവിനാശ് പറഞ്ഞു, നേരാണ്. ഉള്ളിനുള്ളിൽ എപ്പോഴും ദേഷ്യം കത്തിയെരിയുകയാണ്. എപ്പോൾ എന്ത് പുറത്തുവരുമെന്ന് നിശ്ചയമില്ല. ഓരോ സമയത്ത് നമ്മളിൽ പലരുടേയും ദേഷ്യം എന്തിനോടാണെന്നുപോലും മനസ്സിലാക്കാൻ പറ്റുന്നില്ല.

ഞാൻ പറഞ്ഞു, അതു ശരിയാണ്. ഗ്ലാസിൽ വെള്ളം കുടിച്ചു കഴിഞ്ഞാൽ ചില സമയത്തു തോന്നും ഗ്ലാസ് എറിഞ്ഞുടയ്ക്കാൻ. ഒരു പക്ഷേ അതിൻെറ കാരണം കാലത്ത് പത്രത്തിൽ വായിച്ച വിയറ്റ്നാമിലെ നശിച്ച യുദ്ധവാർത്തയാകാം. ഒറീസ്സയിൽ ദാരിദ്ര്യംകൊണ്ട് നാലുപേർ പട്ടിണികിടന്നു മരിച്ചു എന്ന വാർത്ത മതി, വൈകുന്നേരം ഒരു പെണ്ണിൻെറകൂടെ ലഹള കൂട്ടാൻ. നീ അന്ന് ബാറിൻ ചേട്ടനെ അടിക്കാൻ പോയില്ലേ, നിൻെറ ദേഷ്യം ഒരു പക്ഷേ ബാറിൻ ചേട്ടനോടായിരിക്കുകയില്ല, കൽക്കത്ത കോർപ്പറേഷനോടായിരിക്കാം.

അവിനാശ് ചെറുതായൊന്നു ചിരിച്ചുകൊണ്ട് പറഞ്ഞു, സംഗതി വിചാരിക്കുന്നതുപോലെ അത്ര നിസ്സാരമാണെന്ന് തോന്നുന്നില്ല. മറ്റു മനുഷ്യരുടെ ദു:ഖമോർത്ത് നമ്മളാരും തന്നെ അത്ര തല പുണ്ണാക്കാറൊന്നുമില്ല. ആലോചിച്ച് നോക്ക്. മറ്റു പലരെക്കാൾ നമ്മൾ സുഖമായി കഴിയേണ്ടവരാണ്. നമുക്കെല്ലാവർക്കും ജോലിയുണ്ട്, ആരോഗ്യവും മോശമല്ല. ചിരിച്ചും കളിച്ചും സുഖമായി ജീവിതം തള്ളിനീക്കേണ്ടവരാണ്. എന്നാലും എന്തുകാരണവശാലാണ് ഉള്ളിൽ ഈ വേവലാതി എന്ന് മനസ്സിലാകുന്നില്ല.

ശേഖർ പറഞ്ഞു, ബാക്കി കേൾക്കടോ, ആഫീസിൽ എത്തുകയുണ്ടായി. ഞങ്ങളുടെ ആംഗ്ലോ- ഇൻഡ്യൻ ഗോഡൗൺ ഇൻസ്പെക്ടർ ലാറിയുടെ അരികിൽ കണ്ടു ഒരു പയ്യൻ സായ്പ് ഇരിക്കുന്നു. ലാറിയെ ഓർമ്മയില്ലേ? നമ്മളെ ഹൗറയിലെ ഒരു ഹൗസിങ്ങിലെ ചീട്ടുകളി സെറ്റിൽ കൊണ്ടുപോയില്ലേ? അവൻ.

അവിനാശ് പറഞ്ഞു, ഓ, അവനോ, അവനൊരു തട്ടിപ്പുകാരനാണല്ലോ? നിൻെറ ഒത്തിരി പൈസ വിഴുങ്ങാൻ നോക്കിയവനാണവൻ. നിൻെറ ആഫീസിലെ ആളായതു

കൊണ്ടു മാത്രം അവന്റെ പല്ല് ഒന്നു രണ്ടെണ്ണം നഷ്ടപ്പെട്ടില്ല- ലാറി എനിക്ക് സായ്പിനെ പരിചയപ്പെടുത്തിത്തന്നു. പയ്യന്റെ പേര് സാൻഡിഗ്രോവർ. കനേഡിയനാണ്. അമേരിക്കയിലാണ് താമസം. ആർട്ടിസ്റ്റ്. ലോകം മുഴുവനും കറങ്ങാനിറങ്ങിയതാണ്. ഈ ബീറ്റുകൾ ചുറ്റിത്തിരിയാറില്ലേ, അതിൽ ഒരാൾ. ലാറി എന്നോട് സ്വകാര്യമായി ചോദിച്ചു, ആർ യു ഇൻററസ്റ്റഡ് ഇൻ എൽ എസ് ഡി? സാൻഡി എന്നോടു പറഞ്ഞു, അവൻ കുറെ എൽഎസ്ഡി ടാബ്ലറ്റ് സ്മഗിൾചെയ്തു കൊണ്ടുവന്നിട്ടുണ്ട്. അവന്റെ സ്വന്തം ഉപയോഗത്തിനായിട്ട്. അവൻ അഡിക്ടാണത്രെ! അവന് ഹോങ്കോങ്ങിൽ പോവാനുള്ള പ്ലേൻ കൂലി തികയുകയുമില്ല. അവൻ എനിക്ക് ആറു ഗുളിക മുന്നൂറുറുപ്പികക്ക് തരാമെന്നു പറഞ്ഞു. എനിക്ക് വേണ്ടെന്നു പറഞ്ഞ് തൽക്കാലം ഒഴിവാക്കി. അപ്പോൾ ഞാൻ വിചാരിച്ചിരുന്നത് എന്തെങ്കിലും പന്ന സാധനം എന്റെ തലയിൽ കെട്ടിവക്കാൻ നോക്കുന്നെന്നാണ്. സാധനം എന്തുമാകട്ടെ, തീരെ ഒഴിഞ്ഞു മാറാമെന്ന് ഞാൻ കരുതിയിരുന്നില്ല.

ശേഖർ എന്റെനേർക്ക് ദൃഷ്ടി പതിപ്പിച്ചുകൊണ്ട് തുടർന്നു. പക്ഷേ അതു വാങ്ങാതെനിക്ക് നിവൃത്തിയില്ലായിരുന്നു. ആരോ എന്നെ നിർബന്ധിക്കുന്നതുപോലെ തോന്നി. ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ? നമ്മുടെ ഇച്ഛാശക്തി ദുർബലമായിരിക്കുന്നു. മിനിട്ടിനു മിനിട്ടിന് ആഗ്രഹം മാറി മാറി വരുന്നു.

അവിനാശ് പറഞ്ഞു, അതുമല്ല ഉള്ളിനുള്ളിൽ എല്ലാ സമയവും ചില തീവ്രമായ ആഗ്രഹം കുടിയിരിക്കുന്നു. പല യുക്തികളും കാണിച്ച് പുറത്തു നിന്ന് അതിനെ അടിച്ചമർത്താൻ ശ്രമിച്ചാലും തരംകിട്ടിയാൽ അത് പുറത്തു ചാടും.

ലഞ്ചുവരെ എനിക്ക് കുഴപ്പമൊന്നുമില്ലായിരുന്നു. രാവിലെ പത്തു മണിക്ക് അമർത്തിയദേഷ്യം കുറഞ്ഞു വരികയായിരുന്നു, മനസ്സിരുത്തി ജോലി ചെയ്ത് എല്ലാം മറക്കാൻ ശ്രമിച്ചു. ആ സമയത്ത് രണ്ടു സംഗതികളുണ്ടായി. ആഫീസിൽ ഒരു റെക്കാർഡ് സപ്ലയർ ഉണ്ട്. പേര് വിഷ്ടുപദ്- നീണ്ടു മെലിഞ്ഞ ആൾ. ഞാൻ ലഞ്ച് കഴിക്കാനിറങ്ങുകയാണ്. ആ സമയത്ത് വിഷ്ടുപദ് മുമ്പിൽവന്നു കൈ തിരുമ്മാൻ തുടങ്ങി. ഞാൻ

പറഞ്ഞു, എന്താ കാര്യം, വേഗം പറയൂ, ഞാൻ പുറത്തു പോവുകയാണ്. അയാൾ പറഞ്ഞു, സർ, ഒരിരുപതു രൂപ തരണം; നിങ്ങളുടെ അടുത്തു വന്നു ചോദിക്കയല്ലാതെ മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ടാണ്. മൂന്നു ദിവസമായി വീട്ടിൽ അരിവച്ചിട്ട്. അഞ്ചു മക്കളാണ്. ഞാൻ അരിശപ്പെട്ടു പറഞ്ഞു, ഇങ്ങനെ കടം കൊടുക്കുക എനിക്കിഷ്ടമുള്ള കാര്യമല്ല. വിഷ്ടുപദ് പറയുകയാണ്, കടമല്ല സർ, ദാനമായി തന്നാൽ മതി. ആഫീസിൽ ഒന്നും കിട്ടാനില്ല, വീട്ടിലാണെങ്കിൽ വില്ക്കാനൊന്നുമില്ല. പലരോടും വാങ്ങിയിട്ടുണ്ട്, തിരിച്ചു കൊടുത്തിട്ടില്ല. നിങ്ങളൊരു നല്ല മനുഷ്യൻ. അതു കൊണ്ടാണ് നിങ്ങളോട് ദാനം ചോദിക്കാൻ വന്നത്. ഒന്നാലോചിച്ചുനോക്ക്, ആഫീസിൽ എന്നെയാണ് അയാൾ ദാനശീലനായി കണ്ടുവച്ചത്. കേട്ടാൽ ദേഷ്യം വരാതിരിക്കുമോ? അയാളുടെ അപേക്ഷയിൽ ഒരു തരം ലജ്ജാഹീനത ഉണ്ടായിരുന്നു, കേട്ടാൽ ശരീരമാകെ വെറുപ്പ് തോന്നും. മൂന്നുദിവസമായി ആഹാരം കഴിച്ചിട്ട്. മൂന്നു ദിവസം താടി വടിച്ചിട്ടില്ല, മുഖഭാവം രൂക്ഷവും ഹിംസ്രവുമാണ്. ഈ മുഖഭാവമുള്ളവരാണ് ആത്മഹത്യ ചെയ്യുന്നത്. ഞാനാണെങ്കിൽ ലഞ്ചിനു പോകുന്നു. ആ സമയമാണ് ദരിദ്രവാസി എന്നോട് പൈസ ചോദിക്കുന്നത്. കാര്യം പിശകാണ്. എന്റെ കയ്യിൽ ആകെ ഇരുപത് രൂപയേയുള്ളൂ. ഞാനതയാൾക്ക് കൊടുത്താൽ ലഞ്ച് എങ്ങനെ കഴിക്കും? അതയാളോട് പറയാമോ? എന്നെ ഇനിയും പുകഴ്ത്താൻ തുടങ്ങും. അതിനുമുമ്പ് അയാളെ പറഞ്ഞയക്കണം. ഞാൻ വൃത്തികെട്ട എന്തോതൊടുന്നതുപോലെ നോട്ടുകൾ പുറത്തെടുത്ത് അയാൾക്ക് കൊടുത്ത്, പരുക്കൻ സ്വരത്തിൽ പറഞ്ഞു, ചുവന്ന നാടകെട്ടിയ ഫയലുകളെല്ലാം വലിയ സാഹിബിന്റെ മേശയിൽ കൊണ്ടു ചെന്ന് വക്കിൻ. ദാനം ചെയ്യുമ്പോൾ അഹങ്കാരം വരേണ്ടതാണ്. എനിക്ക് മടുപ്പു മാത്രമാണുണ്ടായത്.

അവിനാശ് ചോദിച്ചു, ഈ സംഭവം കാരണമാണോ നീ മുന്നൂറു രൂപ ചെലവാക്കിയത്? ഞാൻ പറഞ്ഞു, ശേഖർ പറഞ്ഞില്ലേ രണ്ടു സംഭവങ്ങളുണ്ടായെന്ന്. മറ്റേ സംഗതി എന്തുണ്ടായി?

– ശരിക്കുംപറഞ്ഞാൽ അതൊരു സംഭവമല്ല. വിഷ്ടു

പദിന് പണം കൊടുത്തതിനുശേഷം ഞാൻ കയ്യുംകാലും കഴുകാനായി ബാത്റൂമിൽ പോയി. തൊടാൻ പാടില്ലാത്ത തെന്തോ തൊട്ടതുപോലെ ശരീരമാകെ അറപ്പു തോന്നിയിരുന്നു. അപ്പോൾ തികച്ചും അതുമാതിരി ഒരു സാധനം തൊടുകയുണ്ടായി. ബാത്റൂമിൻെറ വാതിൽ അടയ്ക്കാൻ പോയപ്പോൾ വാതിൽ പടിയിൽ ഒരു പല്ലി ഉണ്ടായിരുന്നു. ഞാനതിനെ കണ്ടിരുന്നില്ല, ച്ഛി, പല്ലിയുടെ മേൽ കൈ വച്ചാൽ എന്തു മാത്രം അറപ്പു തോന്നുമെന്നറിയാലോ, എൻെറ കൈ ചീഞ്ഞു പോയതുപോലെ: ആ തണുത്തശരീരത്തിൽ നിന്ന് കുളിര് എൻെറ ദേഹത്തിൽ കയറിയതുപോലെ. പല്ലി പടാ എന്ന് നിലത്തു വീണു. ഞാൻ പല്ലിറുമ്മി, ഡാമിറ്റ് എന്ന് പിറുപിറുത്തുകൊണ്ട് അതിനെ ഷൂ കൊണ്ടമർത്തി കൊല്ലാൻ ശ്രമിച്ചു. കൊല്ലുക അത്ര എളുപ്പമല്ല, അത് ശരം വിട്ടതുപോലെ ചുമരിൽ കയറി, ഓടി അകലാതെ, പന്നിയുടെ മോൻ എന്നെ തുറിച്ചു നോക്കി. അതിൻെറ നേരെ എറിയാൻ ഒന്നും കയ്യിൽ കിട്ടിയില്ല. എന്തൊരടക്കാനാവാത്ത ദേഷ്യവും നിസ്സഹായതാബോധവും വെറുപ്പും ആണെനിക്കുണ്ടായതെന്ന് പറഞ്ഞറിയിക്കാൻ വയ്യ. ബേസിനിൽ നിന്ന് വെള്ളം കയ്യിലെടുത്തെറിഞ്ഞിട്ടും അതിനനക്കമില്ല, ശവത്തിനെ കൊന്നില്ലെങ്കിൽ എൻെറ പുകച്ചിൽ വിട്ടുമാറില്ല. പക്ഷേ അതിനെ കൊല്ലാൻ ഒരുപായവുമില്ല. ഞാൻ കരച്ചിലിൻെറ വക്കുവരെ എത്തി. ബാത്റൂമിൽ നിന്നു പുറത്തു വന്നപ്പോൾ വീണ്ടും വിഷ്ടുപദ്, അയാൾ പറഞ്ഞു, വലിയ സാഹിബ്! ഞാൻ അവനെ തീ പാറുന്ന കണ്ണുകളോടെ നോക്കി ഉറക്കെ പറഞ്ഞു, ഡാമിറ്റ്! നേരെ കോപ്പറേറ്റിവ് ഫണ്ടിൽ നിന്ന് അഞ്ഞൂറു രൂപ ശാന്ന് എടുത്ത് ലാറിയുടെ അടുത്തോടിയെത്തി അന്വേഷിച്ചു, എവിടെ നിൻെറ കൂട്ടുകാരൻ? ഞാനാ സാധനം വാങ്ങും. നിങ്ങൾ പറഞ്ഞേക്കാം എൻെറ പെരുമാറ്റത്തിന് യാതൊരു ന്യായവുമില്ലെന്ന്. ഒരു പക്ഷേ അതായിരിക്കാം ശരി. എനിക്കൊന്നും തെളിയിക്കാൻ പറ്റുകയില്ലല്ലോ? പക്ഷേ ആ സമയത്ത് എൻെറ ആവശ്യം ഒന്നു മാത്രമായിരുന്നു, എനിക്ക് വിശ്രമിക്കണം. നിങ്ങൾക്ക് കാര്യം ഒരു പക്ഷേ പിടികിട്ടുന്നില്ലായിരിക്കാം, എൻെറ മാനസികാവസ്ഥ എന്തായിരുന്നെന്ന്.

അവിനാശ് പറഞ്ഞു, ശരിക്കും അറിയുന്നുണ്ട്, നീ പറഞ്ഞോ- ലാറിയുടെ വീടിനടുത്ത് ഇലിയട്ട് റോഡിലൊരു ഹോട്ടലിലാണ് സാൻഡിയുടെ താമസം. അവനെന്നോട് പറഞ്ഞു, അവിടെയുമിവിടെയുമിരുന്നീ സാധനം കഴിക്കുന്നത് ശരിയല്ല. ഒരു സുരക്ഷിതമായ സ്ഥാനം വേണം, അവിടെ കിടക്കാൻ കിടക്കയും അടുത്ത് ആൾക്കാരും വേണം. ദാഹിക്കുമ്പോൾ വെള്ളം കൊടുക്കാനും വർത്തമാനം പറഞ്ഞ് ഉറക്കം മാറ്റിനിർത്താനും, വേണമെങ്കിൽ കാൽവെള്ള തിരുമ്മിത്തരാനും ആള് വേണം. ഈ മരുന്നു കഴിച്ചാൽ പൂർണ്ണമായും ബോധം നഷ്ടപ്പെടുകയില്ല, പെഥിഡ്രിൻപോലെയാണീ സാധനം. തനിയെ ഇരുന്ന് കഴിച്ചാൽ ഭയങ്കരമായി മരണഭയം പിടികൂടും. വീണയുടെ അടുത്തു പോകുകയാണ് ഭേദം. നിങ്ങളെ ആരെയും ഓർമ്മ വന്നില്ല. സത്യം പറഞ്ഞാൽ ഞാൻ വിചാരിച്ചു, വിലകൂടിയ സാധനമാണ്, ഇതു തനിയെ രസിക്കേണ്ടതാണ്. പക്ഷേ കഴിച്ചപ്പോളാണറിയുന്നത്, ഇതിൽ സുഖം മാത്രമല്ല, കഠിനമായ ദു:ഖവുമുണ്ട്. പഴയ ഓർമ്മകളെ കുത്തിപ്പൊക്കി കൊണ്ടുവരും. ദു:ഖം തോന്നിയപ്പോളാണ് ഓർത്തത്, സാധനം നിങ്ങൾക്കും തരേണ്ടതാണ്. ഇന്നലെവരെ വച്ചിരുന്നു.

– ഇന്നലെ രാത്രിയിലെന്താണ് സംഭവിച്ചത്?

– ആദ്യ ദിവസം സന്ധ്യയ്ക്കിവിടെ എത്തിയപ്പോൾ വീണയുടെ മുറിയിൽ ആളുണ്ടായിരുന്നു. അയാളിറങ്ങിയപ്പോൾ മണി ഒമ്പതായി. ഒരു ഗുളിക കഴിച്ച് കിടന്നു. ബോധം വന്നപ്പോൾ രാത്രി ഒന്നരമണി. ശരീരം വളരെ ദുർബലം. വീട്ടിൽ തിരിച്ചു പോവാൻ നിവൃത്തിയില്ല. അടുത്ത ദിവസം രാവിലെ നൂർജഹാനും കൂട്ടരും ഹാജർ. അപ്പോൾ പുതിയ തരത്തിലുള്ള അനുഭവത്തിൻെറ നടുക്കായി ഞാൻ. തന്നോടുതന്നെ പറഞ്ഞു, പോയി തുലയട്ടെ, വീട്ടിൽ പോയെന്തുചെയ്യാൻ? പരമസുഖം. ആഫീസിൽനിന്ന് ഒഴിവെടുത്തെവിടെയെങ്കിലും ചേഞ്ചിന് പോവാറില്ലേ? പെണ്ണുങ്ങളുടെ കൂടെ രാത്രി താമസം ഒരു കാര്യം, രാവും പകലും കഴിഞ്ഞുകുടുന്നതിൻെറ രസം വേറെ. എല്ലാം വളരെ സ്വാഭാവികം. ദയ-മായ-അഭിമാനം-പരിഭവം ഒന്നിൻെറയും ചങ്ങലയില്ല. ആശ്ചര്യമല്ലേ? പിറ്റേ ദിവസം രാത്രി ഞാനും നൂർജഹാനും ഓരോ ഗുളിക കഴിച്ചു.

വീണ കഴിച്ചില്ല. നൂർജഹാൻെറ കരച്ചിൽ കാണണമായിരുന്നു! അവളുടെ ശരീരത്തിൽ ആഗ്രഹം മാത്രമേയുള്ളുവെന്ന് നീ പറഞ്ഞില്ലേ? നീ കേൾക്കണമായിരുന്നു ആ കരച്ചിൽ. എന്തെല്ലാം ഓർമ്മകൾ അവളുടെ ഉള്ളിൽ വന്നെന്നാർക്കറിയാം. പിന്നെ കരച്ചിലുതന്നെ. നിന്നെ കണ്ടുകിട്ടിയില്ല. നിൻെറ വീട്ടിൽ ആരോ മരിച്ചെന്നു കേട്ടു. ആരാണ് മരിച്ചത്?

– മുത്തശ്ശൻ

– ബർഹംപൂരിലെ മുത്തശ്ശനോ? ആഹ്, നല്ല മഷ്യനായിരുന്നു.

താഴത്തെ നിലയിൽ നിന്നും അസ്പഷ്ടമായി ഒരു ബഹളം കേട്ടു. ആരോ ശേഖറിൻെറ പേരും പറഞ്ഞു വിളിക്കുന്നു, ശേഖർ പറഞ്ഞു, നില്ല്, നോക്കിയിട്ടു വരാം.

തണുത്ത കാറ്റു വീശുന്നുണ്ടായിരുന്നു, ഹൗറാ പാലത്തിൻെറ മുകളിൽ ചുവന്ന വെളിച്ചം കാണാം. അവിനാശ് ബ്രാണ്ടിക്കുപ്പി മിക്കവാറും തീർത്തു കഴിഞ്ഞിരുന്നു. എന്നോടവൻ ചോദിച്ചു, ഇത്തിരി ഉണ്ട്. വേണോ, ഞാനത് വായിലേക്ക് ഒഴിക്കുമ്പോൾ അവൻ ചോദിച്ചു, നീ ആ കുഞ്ഞുപെണ്ണിനെ എന്തു ചെയ്യുന്നു?

ഞാൻ ഞെട്ടിപ്പോയി– ഏതു കുഞ്ഞുപെണ്ണിനെ?

– നിൻെറ വിചാരം ആർക്കും ഒന്നും അറിഞ്ഞുകൂടെന്നാണോ? നിനക്ക് ഞാൻ താക്കീതു തരുന്നു, കുഞ്ഞുപെണ്ണുങ്ങൾ ഭയങ്കരികളാണ്. അവർ ഡേഞ്ചറസ് ആണ്. അവർ നീ പറയുന്നതെല്ലാം വിശ്വസിക്കും. അവരോടതു കാരണം നുണ പറയാൻ പറ്റുകയില്ല.

– നീ ആരുടെ കാര്യമാണ് പറയുന്നത്?

– അഭിനയമൊന്നും വേണ്ടടോ. ഇന്നലെ കണ്ടതാണ് ഞാൻ, ഭവാനിപൂരിൽനിന്ന് ഒരു കൊച്ചുകുട്ടിയുമായി ബസ്സിൽ കയറുന്നു.

– അവിനാശ്, പ്ലീസ്, ആ പെണ്ണിനെക്കുറിച്ച് നീ ഒന്നും പറയരുത്. വിസ്മയത്തോടെ അവൻ ചോദിച്ചു, കാര്യമെന്താണ്?

– നീ ഒന്നും എന്നോട് ചോദിക്കരുത്. ഈ ഒരു കാര്യം ഞാൻ എല്ലാവരിൽനിന്നും ഒളിച്ചുവച്ചിരിക്കുകയാണ്.

– ഒളിച്ചുവയ്ക്കാനോ? നിനക്കതു കഴിയുമോ?

– നീയെങ്കിലും എൻെറ പിന്നാലെ സ്പൈയെപ്പോലെ പ്രവർത്തിക്കരുത്. എനിക്ക് സ്വല്പം കാശുവേണം, ഇവിടുന്ന് സ്ഥലം വിടണം. എനിക്കിവിടം അത്ര പിടിക്കുന്നില്ല.

ശേഖർ തിരിച്ചുവന്നു പറഞ്ഞു, നൂർജഹാൻ ബേഗത്തിന് ബോധം കെട്ടിരിക്കുന്നു.

നാടകത്തിൽ സൂത്രധാരൻെറതുപോലെയുള്ള സംസാരം. എനിക്ക് ചിരിവന്നു. പക്ഷേ അവിനാശ് എഴുന്നേറ്റുനിന്നു ചോദിച്ചു. എന്തുപറ്റി?

ശേഖർ അവനെ വലിച്ചിരുത്തിക്കൊണ്ടു പറഞ്ഞു, വിശേഷിച്ചൊന്നുമില്ല, നീ ഇരിക്ക്. നെഞ്ചുവേദനിക്കുന്നു, സുഖമില്ല എന്നൊക്കെ പറഞ്ഞിരുന്നു. പെട്ടെന്ന് കിടക്കയിൽ ഉരുണ്ടു കൊണ്ട് ഉടുവസ്ത്രം അഴിക്കാൻ തുടങ്ങി, ഭ്രാന്തു പിടിച്ചതു പോലെ. പിന്നെ ബോധംകെട്ടു. കൂടെയുള്ളവർ പറഞ്ഞു, കഴിഞ്ഞ രണ്ടു കൊല്ലമായി ഇടക്കിടക്കിങ്ങനെ ഉണ്ടാകാറുണ്ട്. അതുകാരണമാണ് ഇത്ര കഷ്ടപ്പെട്ട് കൽക്കത്തക്കു വന്നിരിക്കുന്നത്. ഞാൻ പറഞ്ഞു, എന്താ ഢാക്കയിൽ ചികിത്സ നടത്തിച്ചുകൂടേ? സത്യമായും വല്ല രോഗവുമുണ്ടോ, അതോ തട്ടിപ്പാണോ?

ശേഖർ പറഞ്ഞു, നീ കാര്യമെന്താണെന്നറിയാതെ തുടക്കം മുതൽ തെറ്റിദ്ധരിച്ചിരിക്കയാണ്. സാധന കൽക്കത്തയിൽ വന്നിരിക്കുന്നത് അവരുടെ കുട്ടിയെ കൂടെ കൊണ്ടുപോവാനാണ്.

– അവർക്കിവിടെ കുട്ടിയുണ്ടോ?

– നിനക്കറിഞ്ഞുകൂട. അജയ്ബാബുവിൻെറ കൂടെയാണ് കുട്ടി. കുട്ടിയെ കാണാതായിട്ടാണീ രോഗം ഉണ്ടായത്. കുട്ടിയെ കിട്ടിയില്ലെങ്കിൽ അവർ മടങ്ങുകയില്ല.

– അജയ്ബാബു കുട്ടിയെ വിട്ടുകൊടുക്കില്ലയോ?

– അതാണല്ലോ ബുദ്ധിമുട്ട്.

സാധനയുടെയും വീണയുടെയും കാര്യം സ്വല്പമൊക്കെ എനിക്കറിയാമായിരുന്നു. ഇപ്പോൾ അവർ തമ്മിലുള്ള ബന്ധവും മനസ്സിലായി. വീണയുടെ കുടുംബവുമായി എൻെറ വീട്ടിന് സാമ്യമുണ്ട്. അവരും മൂന്നു സഹോദരികൾ, ഒരനിയനും. വയസ്സായ അച്ഛനമ്മമാരുടെ കൂടെ പാകിസ്താൻ വിട്ടതാണ്. ഇവിടെ അവരുടെ ബന്ധക്കാരാരുമില്ലായിരുന്നു.

വീണയുടെ അച്ഛൻ ബെലേഘ്ഘാട്ടയിൽ ഒരു പലവ്യഞ്ജന ക്കടയിൽ പണി ചെയ്തിരുന്നു. അനിയൻ തീവണ്ടിയിൽ കപ്പ ലണ്ടി വിറ്റിരുന്നപ്പോൾ വീണു മരിച്ചു. പിന്നെ പതിവുപോലെ സംഭവിച്ചു. വീട്ടിൽ മൂന്നു പ്രായം വന്ന പെൺകുട്ടികൾ, അവ രുമായി രസിക്കാൻ ആളുകാണുമല്ലോ? രസിപ്പിക്കാൻ അവ ർക്കും മടി തോന്നിയില്ല. കിഴക്കൻ ബംഗാളിലെ പെണ്ണുങ്ങൾ കൽക്കത്ത കണ്ടാൽ അന്തം വിട്ടുപോകുമല്ലോ? എനിക്കും അതു സംഭവിച്ചതാണ്. വീട്ടിൽ വഴക്കും വക്കാണവും. നിര ത്തിലിറങ്ങിയാൽ പച്ചച്ചിരി ചിരിച്ചുകൊണ്ട് ആണുങ്ങളുടെ പഞ്ചാരവർത്തമാനവും, സ്നേഹപൂർണ്ണമായ നോട്ടവും. തല തിരിയുകതന്നെ ചെയ്യും. മൂത്തേടത്തി ഝർണാ ആദ്യം പോയി. ഒരു രാത്രി വീട്ടിൽ മടങ്ങിയില്ല. പിന്നെ ഒരിക്കലും മടങ്ങി വന്നതുമില്ല. സാധന പിന്നെയും ഭാഗ്യമുള്ളവളായി രുന്നു. ഒരു സോപ്പ് കമ്പനിയിൽ സേൽസ് ഗേളിന്റെ പണി കിട്ടി. അവിടെയാണ് അജയ് സെൻഗുപ്തയുമായി പരിചയം. അജയ് സാധനയെ ചടങ്ങനുസരിച്ച് വിവാഹം ചെയ്തു. കുറെ ക്കാലം സുഖമായി കഴിഞ്ഞു. അച്ഛനമ്മമാരെ സഹായിക്കു കയും അനിയത്തി വീണയെ കൂടെനിർത്തി പഠിപ്പിക്കുകയും ചെയ്തു. പക്ഷേ സാധനയുടെ സൗന്ദര്യം പലർക്കും തോന്നി ദുർലഭമാണെന്ന്. ആ സൗന്ദര്യം തിജലയിലെ പൊട്ടത്തെരു വിൽ ഒതുങ്ങി നില്ക്കുകയില്ലല്ലോ! സ്ത്രീസൗന്ദര്യം എല്ലാ വർക്കും ആനന്ദിക്കാനാണ്. അതുകാരണം അജയ് ഭാര്യയെ സിനിമയിലിറക്കാൻ നോക്കി. അജയിന്റെ ഒരു ഫോട്ടോഗ്രാ ഫർ കൂട്ടുകാരന്റെ കൂടെ കുറെനാൾ ചുറ്റിക്കറങ്ങി. നാടക ത്തിൽ ചെറിയ ഒന്നു രണ്ടു റോളും സിനിമയിൽ വല്ല കല്യാ ണസീനിൽ വധുവിന്റെ കൂട്ടുകാരിയെപ്പോലെയുള്ള പാർട്ടും കിട്ടി. അജയിന് പൈസയുടെ കമ്പം കൂടി. സാധനക്കും ലഹരിയായി. ഇതെല്ലാം കളംവരച്ചതുപോലെയാണ്; കേട്ടു കേട്ട് എനിക്ക് കാണാപ്പാഠമായി. കൽക്കത്തയിൽ ചുരുങ്ങിയ പക്ഷം മുപ്പത് ഫോട്ടോഗ്രാഫർമാരോ സിനിമയുടെ ദല്ലാള ന്മാരോ ഈ മുഹൂർത്തത്തിൽ സുന്ദരികളായ നാണംകുണു ങ്ങികളോടു പറയുന്നുണ്ടായിരിക്കും, സിനിമയിൽ നിങ്ങളി റങ്ങേണ്ടതാണെന്ന്. അവർ മുപ്പതുപേരും ചായവും പൂശി സിനിമയിൽ അവസാനം ഇറങ്ങിയാൽ തന്നെ ചുവർ ചിത്ര

ങ്ങളിൽ അവരുടെ പേരു കാണുകയില്ല. സാധനയുടെയും കാര്യം അങ്ങനെയായേനെ: പക്ഷേ ഒരു നാടകീയ സംഭവം അവളുടെ ഭാഗ്യത്തെ വേറൊരു വഴിക്കു കൊണ്ടുപോയി.

പാകിസ്താനിൽ ബംഗാളി സിനിമക്ക് നായികമാരെ കിട്ടാനില്ല: അവിടെ പടമുണ്ടാക്കാൻ തുടങ്ങിയിട്ടേയുള്ളൂ. അവിടെ നിന്ന് ഫിലിം കമ്പനിയുടെ ആൾക്കാർ കൽക്കത്തയിൽ വന്നപ്പോൾ ആ ഫോട്ടോഗ്രാഫർ ചങ്ങാതി സാധനയെ കൊണ്ടു കാണിച്ചുകൊടുത്തു. പിന്നെ കുറെനാൾ ഹോട്ടലിൽ ആനന്ദോത്സവം നടന്നു. പോക്കറ്റിൽ കാശും. വയറ്റിൽ മദ്യവുമായി അജയ് രാത്രിയിൽ വീട്ടിലെത്തുമായിരുന്നു. അപ്പോഴും നെഹ്റു-ലിയാക്കത്ത് ഉടമ്പടി റദ്ദായിട്ടില്ല, പടം കൽക്കത്തയിൽ നിർമ്മിക്കുമെന്നായിരുന്നു തീരുമാനം. പക്ഷേ പെട്ടെന്നൊരു ദിവസം കിളി പറന്നു പോയി. സാധനയേയും കൊണ്ട് ഫിലിം കമ്പനി ഢാക്കയിലേക്ക് കടന്നു കളഞ്ഞു.

ഇതിനിടക്ക് വീണയുടെ ഭാഗ്യവും തെളിഞ്ഞു. ഫിലിം കമ്പനിയിലെ തെമ്മാടികളുടെ പോക്കു വരവ് എന്നും വീട്ടിൽ. തടിച്ചു കൊഴുത്ത പെൺകിടാവെത്ര നാൾ രക്ഷപ്പെട്ടുകഴിയാനാണ്. വേറൊരു ഫോട്ടോഗ്രാഫർ കല്യാണം കഴിക്കാമെന്നുംപറഞ്ഞവളെ വീട്ടിൽനിന്നും പുറത്തേക്ക് കൊണ്ടുവന്ന്, കാളിഘട്ടമ്പലത്തിൽ മാലയും കുങ്കുമവും കൊടുത്ത് ഡെൽഹിയിലേക്ക് വിട്ടു. ഒന്നു രണ്ടു ദിവസത്തിനുള്ളിൽ അറിഞ്ഞു, അയാളുടെ ഒരു തൻേറടക്കാരി ഭാര്യയും മൂന്നു കുട്ടികളും ബർദ്വാനിൽ ഗ്രാമത്തിൽ സുഖമായി ജീവിക്കുന്നുവെന്ന്. അയാളോ, ഡൽഹിയിൽ പാർട്ടികളിൽ ജരയും നരയും ബാധിച്ച വയസ്സൻ വ്യാപാരികളുടെ കയ്യിൽ വീണയെ ഏല്പിക്കുമായിരുന്നു. എങ്ങനെയോ കൈമാറി മാറി അവസാനം വീണ ചിന്താമണി രക്ഷിതിൻെറ കയ്യിലെത്തി. ചിന്താമണി ബാബുവിൻെറ വെപ്പാട്ടിയായി വീണ സുഖമായി കഴിയുന്നു. കിഴവൻ അച്ഛനും അമ്മയും വീണ കൊണ്ടുക്കൊടുക്കുന്ന കാശും വാങ്ങിച്ച് ബെലെഘാട്ടയിൽ തന്നെ കഴിഞ്ഞുകൂടുന്നു.

സാധന ഢാക്കയിൽ പേരു മാറി നൂർജഹാനായി. 'കളഞ്ഞു കിട്ടിയ പെണ്ണ്' എന്ന പടത്തിൽ അഭിനയിച്ചതോടെ ഢാക്കയിലെ ചെറിയ ആകാശത്തിൽ അവൾ ഉജ്വലനക്ഷത്രമായി. സുന്ദരമായ വീട്, പേര് നൂർമഹൽ. നാരായൺ ഗഞ്ജി

ലായിരുന്നു. സാധനയുടെ ജന്മം. കുട്ടിക്കാലത്ത് ഢാക്കയിൽ ഒരു ദിവസം വന്നപ്പോൾ കുതിരവണ്ടിയിൽ കയറുവാൻ കാശില്ലായിരുന്നു. ഇപ്പോൾ അവളുടെ മഞ്ഞവണ്ടി പൊടി പറത്തിക്കൊണ്ട് നിരത്തിലൂടെ പായുന്നു. പണവും, ഭർത്തവാകാൻ കൊതിക്കുന്ന ആൾക്കാരെയും സാധനക്കു കിട്ടി. പക്ഷേ കുട്ടിയെമാത്രം കിട്ടിയില്ല. ഇങ്ങനെ ജീവിക്കുന്നവർക്ക് കുട്ടികളില്ലാതിരിക്കുന്നതാണ് നല്ലത്. പക്ഷേ സാധനക്ക് കുട്ടിയെ വേണം.

എട്ടുകൊല്ലം കഴിഞ്ഞ് കൽക്കത്തയിൽ എത്തിയിരിക്കുകയാണ്, ആദ്യജീവിതത്തിൽ ഉണ്ടായിരുന്ന കുട്ടിയെ കൂട്ടിക്കൊണ്ടു പോകാൻ.

എല്ലാം കേട്ടെനിക്ക് വല്ലായ്മ തോന്നി. എന്റെ മൂന്നേടത്തിമാരുടെയും കല്യാണം നല്ലതുപോലെ നടന്നിരിക്കുന്നു. കപ്പലണ്ടി വില്ക്കുന്ന സമയത്ത് തീവണ്ടിയിൽ നിന്നെനിക്ക് വീഴേണ്ടിവന്നില്ല. ഞാൻ കൽക്കത്തയിലെ ആൾക്കൂട്ടത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. എന്നെ ആരും ഇനി തിരിച്ചറിയില്ല.

ശേഖർ പറഞ്ഞു, വീണ നമുക്ക് വളരെ ഉപകാരം ചെയ്തതാണ്. അവരെ സഹായിക്കുക നമ്മുടെ കർത്തവ്യമാണ്.

– എങ്ങനെയാണ് സഹായിക്കുക?

– സാധനക്ക് പണത്തിനു കമ്മിയില്ല. പണം കൊടുത്ത് അജയിന്റെ മനം മാറ്റാൻ നോക്കണം. അതുപറ്റിയില്ലെങ്കിൽ വേറെ വ്യവസ്ഥ.

എനിക്കതു രസിച്ചില്ല. ഞാൻ പറഞ്ഞു, നീ വെറുതെ ഇക്കാര്യത്തിൽ ഇടപെടരുത്. കാര്യം ആപത്താണ്. ശേഖർ ചൊടിച്ചുകൊണ്ടു പറഞ്ഞു, എന്താപത്ത്? ഒരമ്മ സ്വന്തം കുട്ടിയെ ആവശ്യപ്പെടുന്നതിൽ എന്തുതെറ്റ്? അവിനാശും പെട്ടെന്ന് തലയുയർത്തി പറഞ്ഞു, കവേർഡ്, നീ ഒരു പേടിത്തൊണ്ടനാണ് സുനിൽ. നിനക്ക് പേടിയാണെങ്കിൽ സ്ഥലം വിട്.

ഞാൻ ദേഷ്യത്തോടെ പറഞ്ഞു, ങാ, സ്ഥലം വിടും, സ്വന്തം അമ്മയുടെ അടുത്തുനിന്ന് ഓടി ഒളിച്ച് ഒരാൾ വേറൊരമ്മയുടെ മകനെ തിരക്കുകയാണ്. എനിക്കൊന്നും മനസ്സിലാകുന്നില്ല.

ശേഖറിനാദ്യം ഞാൻ പറഞ്ഞത് മനസ്സിലായില്ലെന്നു തോന്നുന്നു. പിന്നെ എന്നെ നോക്കി ചിരിച്ചുകൊണ്ടു പറഞ്ഞു, ഞാനമ്മയുടെ അടുത്തുനിന്നും ഓടി മറഞ്ഞില്ലല്ലോ. മിനി ഞാന്ന് ഞാനമ്മയോട് പറഞ്ഞിട്ടാണ് പോന്നത്. ഞാൻ കുറെ ദിവസം കൽക്കത്തക്ക് പുറത്തുപോവുകയാണെന്ന്.

-നീ നുണ പറഞ്ഞോ?

ശരിക്കു പറഞ്ഞാൽ നുണയല്ല. ഈ കുറെ ദിവസങ്ങളിൽ ഞാനൊഴിവെടുത്തിരിക്കുകയാണെന്നുമാത്രം. അമ്മയുടെ മകൻ, അനിയൻെറയും അനിയത്തിയുടെയും ഏട്ടൻ. ആഫീസിലെ ചെറിയ സാഹിബ്- ഇങ്ങനെയുള്ള സ്ഥാനങ്ങളിൽനിന്ന് ഒഴിവ്. മിലട്ടറി ആഫീസർമാർ മീൻ പിടിക്കാനായി ഒഴിവെടുക്കാറുണ്ട്--മനുഷ്യരെ ഒരു നിമിഷത്തിനകം കൊല്ലുന്നവർ മണിക്കൂറുകൾ കുത്തിയിരിക്കും. ചൂണ്ടയിൽ ചെറിയ മീനാണ് കിട്ടുന്നതെങ്കിൽ അതിനെ പിന്നെയും വെള്ളത്തിലേക്കെറിയും. അത്ര ദയാലുവാണവർ. ഇംപേർസനേഷൻ--അതായത് ഇടക്കിടെ മുഖം മൂടി ധരിച്ച് വേറെ ആളാവുക മാത്രമാണ് ജീവിതത്തിൻെറ സ്വാദറിയാനുള്ള ഉപായം.

- എന്തുപറഞ്ഞാലും സാധനയെ എനിക്കത്ര ഇഷ്ടമല്ല. കുട്ടിയെ അന്വേഷിച്ചിട്ടുള്ള ഈ വരവിൽ എൻെറ കൗതുകം ഉണർത്തുന്നതൊന്നും ഞാൻ കാണുന്നില്ല. കൂടാതെ ആ കുട്ടിക്ക് വയസ് പത്തു--പതിനൊന്നായില്ലേ. അവന് സ്വന്തമായൊരഭിപ്രായം കാണണമല്ലോ. ഈ കുഴപ്പം പിടിച്ച അമ്മയുടെ അടുത്തുവരാൻ അവനിഷ്ടമില്ലായിരിക്കും.

- അതാണ് ശരി. അതാണെനിക്ക് കാണേണ്ടത്. പതിനൊന്നു വയസ്സുള്ള മകൻ അമ്മയെ കാണുമ്പോൾ എന്തു ചെയ്യും? അതറിയാൻ എൻെറ മനസ്സ് തുടുതുടിക്കയാണ്. അവൻ വൃത്തികെട്ട നിക്കറുടുത്തുകൊണ്ട് അവിടെയുമിവിടെയും കറങ്ങുകയായിരിക്കും. വെള്ളിത്തിരശ്ശീലയിൽ നിന്നിറങ്ങിവന്ന്, എട്ടുകൊല്ലം കഴിഞ്ഞ് മകനെ കാണുമ്പോൾ ഈ അമ്മയുടെ മുഖഭാവം എന്തായിരിക്കും? ഇതറിയുവാൻ നിനക്കാഗ്രഹമില്ലെ?

ഇല്ല- ഈ കാര്യത്തിൽ എനിക്കുത്സാഹമില്ല. നിങ്ങളതു നോക്കികാണുമ്പോൾ, ഞാൻ തിരിഞ്ഞുനിൽക്കുന്നതായിരിക്കും.

– ഇങ്ങനെ ജീവിക്കാൻ നിനക്ക് കഴിയുമോ?

– നോക്കട്ടെ, ഞാൻ പോകുന്നു, അവിനാശ്, രണ്ടു രൂപ താ.

– ഇന്നു രാത്രി ഇവിടെ തങ്ങാം.

– പറ്റൂല്ല.

കോണിയിറങ്ങുന്ന സമയം വീണയുടെ മുറിയിലേക്ക് കണ്ണു പായിച്ചു. രണ്ടു പുരുഷന്മാർ ശബ്ദമുണ്ടാക്കാതെ ഇറച്ചിതിന്നുന്നു. വീണ മുറിയിലില്ല. കട്ടിലിൽ കയ്യും കാലും നിവർത്തി ചരിഞ്ഞു കിടക്കുകയാണ് സാധന. ബോധം കെട്ടു കിടക്കയാണോ അതോ ഉറങ്ങുകയാണോ? ബ്ലൗസിന്റെ ബട്ടണുകൾ തുറന്നിരിക്കുന്നു. കറുപ്പു നിറത്തിലുള്ള ബ്രേസിയർ കാണാം. ഒരു കയ്യുകൊണ്ട് മാറു മറച്ചിരിക്കുന്നു. നിസ്സഹായയെ പോലെയാണ് കിടപ്പ്. ആരെങ്കിലും അവരെ നീണ്ടു നിവർന്നു കിടക്കാൻ സഹായിക്കണ്ണമായിരുന്നു. കണ്ണീർ ഉണങ്ങിയിട്ടല്ല, ബോധംകെടുന്നതിനുമുമ്പ് കരഞ്ഞിരിക്കണം. കരയട്ടെ, കരച്ചിൽ മോശമല്ല. കരഞ്ഞാൽ സ്ത്രീകളുടെ ആരോഗ്യം നന്നാവും. ഇട്ടേച്ചുപോയ കുട്ടിയെ തിരിച്ചു കിട്ടണമെങ്കിൽ ഇത്തിരി കരയണമല്ലോ.

– യമുനേ, നീ ഇന്ന് സ്ക്കൂളിൽ പോകുന്നുണ്ടോ?

– അതുകൊള്ളാം, ഇന്നാണ് പുതിയ പാട്ടു പഠിപ്പിക്കാൻ പോണത്.

– പഠിപ്പിക്കട്ടെ, ഞാൻ നിനക്കൊരു റെക്കാർഡ് മേടിച്ചു തരാം.

– ദേ, 'ഇന്ന് വസന്ത പവനൻ പ്രവഹിക്കുന്നു' എന്ന പാട്ടിന്റെ റെക്കാർഡ് ഉണ്ടോ?

– ഇല്ലെങ്കിൽ വേണ്ട, ആ പാട്ട് അടുത്ത ദിവസം പഠിച്ചാൽ മതി.

– ഏട്ടന് ഈ പാട്ട് അറിയാമോ?

– അറിഞ്ഞുകൂടാ. നിന്നോട് വർത്തമാനം പറഞ്ഞു കൊണ്ടിരിക്കാൻ പ്രബലമായ ആഗ്രഹം തോന്നുന്നു. നീ ക്ലാസ്സിൽ നിന്ന് ഒളിച്ചോടാൻ പഠിച്ചിട്ടില്ലേ?

– പഠിച്ചിട്ടുണ്ട്. രണ്ടു മൂന്നു ദിവസം മുമ്പ് കോളേജ് ക്ലാസിൽ പോവാതെ ഞങ്ങൾ മൂന്നു നാലു കൂട്ടുകാരികൾ

സിനിമ കണ്ടു.

- തനിയെ സിനിമ കാണാൻ പോയെന്നോ? ധൈര്യം ചില്ലറയല്ല.

-സിനിമ കാണാനെന്തിന് ധൈര്യം? തന്നെയല്ല, ഞങ്ങൾ നാലു പേരുണ്ടായിരുന്നല്ലോ?

- എന്നാൽ വാ, ഈ ബസ്സിൽ കയറാം. ഇവിടെ നിന്നാൽ നിൻെറ പാട്ടു ക്ലാസിലെ സഹപാഠിനികളെന്നെ കാണും. എനിക്ക് നാണം തോന്നുന്നു.

- എന്തിന് നാണിക്കണം?

- അവർ വിചാരിക്കും, ഈ കിളവൻ നിന്നെ ക്ലാസിൽ വിടുന്നില്ലാ എന്ന്.

- ഏട്ടൻ കിളവനോ? ഇശ്-

- നീയുമായി തുലനം ചെയ്താൽ വയസ്സായല്ലോ. ഇതാ, ബസ്സ് വരുന്നു.

- എവിടെ പോവാൻ?

- വരൂ.

യമുന പാട്ടു ക്ലാസിൽ പോവാതെ എൻെറ കൂടെ വരുന്നതിൽ സന്തോഷിച്ചോ ഇല്ലയോ എന്നെനിക്കു മനസ്സിലായില്ല. ബസ്സിൻെറ ഫുട്ബോർഡിൽ ഞാനവളുടെ തൊട്ടു പിന്നിൽ നിന്നു. അവളുടെ ചുമലിൽ ഇത്തിരി പോലും അഴുക്കില്ല. പെണ്ണുങ്ങളുടെ വയസ്സു കൂടുന്തോറും ചുമലിൽ അഴുക്ക് കയറും. യമുനയുടെ ചെവിയുടെ ഉൾവശം പോലും ഇപ്പോൾ കണ്ടിച്ച വെള്ളരിക്കപോലെ വൃത്തിയുള്ളതാണ്. സ്വല്പം ദൂരം പോയപ്പോൾ ഞാനവളെ തൊട്ടുകൊണ്ടു പറഞ്ഞു, വാ, ഇവിടിറങ്ങാം. വെള്ളത്തിൻെറ മീതെയുള്ള അഴുക്ക് കൈകൊണ്ടു മാറ്റുന്നതുപോലെ ഞാനവൾക്ക്വേണ്ടി ആൾക്കൂട്ടത്തിൽ വഴിയുണ്ടാക്കി.

യമുന ചോദിച്ചു, ടിക്കറ്റ് വാങ്ങിയില്ലേ? ഞാൻ പറഞ്ഞു, ഇല്ല. ഒരു ദിവസം ബസ്സിൽ അഞ്ചുരൂപ കൊടുത്തു ടിക്കറ്റ് വാങ്ങി. ബാക്കി ചോദിക്കാൻ മറന്നുപോയി, കണ്ടക്ടർ കൈവിരലുകൾക്കിടക്ക് നോട്ട് തിരികി വച്ചിരുന്നു. പക്ഷേ ചില്ലറ തന്നില്ല. അന്നു തീരുമാനിച്ചു, ഇവൻ എന്നെ പറ്റിച്ചില്ലേ, ഞാൻ ഇരുപതു ദിവസം ബസ്സിൽ ടിക്കറ്റ് മേടിക്കില്ല. യമുന ഊറി ചിരിച്ചു. മെലിഞ്ഞവരുടെ ചിരിയാണ് കാണാൻ രസം.

തടിയുളളവരുടെ ചിരിയിൽ ചുറ്റിക അടിക്കുന്നതു പോലൊരു ശബ്ദമുണ്ട്. ഞാൻ ചോദിച്ചു, പാട്ടു ക്ലാസിൽ പോവാത്തതുകൊണ്ട് വല്ലായ്മ തോന്നുന്നുണ്ടോ? എന്റെ കൂടെ നടക്കാൻ നിനക്കിഷ്ടമാണല്ലോ? പുരികം ചുളിച്ച് യമുന മുഖം തെളിച്ചുകൊണ്ടു പറഞ്ഞു, എന്തൊരു രസം! ഒരു ക്ലാസ്സിൽ പോയില്ലെന്നു വച്ചെന്താ?

അവൾ ഇന്ന് സൂര്യമുഖി സാരിയാണുടുത്തിരിക്കുന്നത്. ഇവൾ ആധുനികയാണല്ലോ. ബ്ലൗസിന്റെയും ചെരുപ്പിന്റെയും നിറവും മഞ്ഞയാണ്. പറയാൻ പോകുകയായിരുന്നു, മഞ്ഞ സാരി നിനക്ക് നന്നായി യോജിച്ചിരിക്കുന്നു. അപ്പോളോർത്തു, ഇതിനുമുമ്പ് ചുവപ്പു സാരി ഉടുത്തിരുന്നപ്പോളും നല്ല യോജിപ്പായിരുന്നു. ഒരു തരം താക്കോലുണ്ട്, എല്ലാ താഴും തുറക്കാം. 'അതുപോലെയാണ് ചിലരുടെ ശരീരം, ഏതു നിറത്തോടും യോജിക്കും. മനസ്സിലും എല്ലാം തുറക്കുന്ന താക്കോലു വേണം. മനസ്സിൽ വിഷമമുണ്ടെങ്കിൽ എല്ലാ നിറങ്ങളെയും അഭിമുഖീകരിക്കുവാൻ സാധിക്കുകയില്ല. ഞാൻ പറഞ്ഞു, എന്നും മാറി മാറിയാണല്ലോ സാരി, ഒത്തിരി ഉണ്ടല്ലേ?

യമുനപറഞ്ഞു, ഇതോ, ഇതേടത്തിയുടെ സാരിയാണ്. ഞാൻ ഏടത്തിയുടെ എല്ലാ സാരിയും ഉടുക്കാറുണ്ട്. പെണ്ണുങ്ങൾക്കിതൊരു സൗകര്യമാണ്. സാരി ചെറുതും വലുതും ഇല്ല. ഒരാളുടെത് വേറൊരാൾക്കിടാം. ആണുങ്ങളുടെ പാൻറും ഷർട്ടും അങ്ങനെയല്ല.

– ഏടത്തി നിനക്കെല്ലാസാരിയും ഉടുക്കാൻ തരാറുണ്ടോ? നിന്നെ ഏടത്തിക്ക് വലിയ ഇഷ്ടമാണല്ലേ?

– തന്നാലെന്താ? ഏടത്തിക്കിത്ര സാരിയുടെ ആവശ്യമില്ല. ഈയിടെ ഏടത്തിയെ പുറത്തുവിടാറില്ല.

– നിന്റേടത്തിയുടെ വിവാഹം നടക്കാത്തതെന്ത്?

– ഏടത്തിക്കാരെയും ഇഷ്ടമല്ല. ഏടത്തിതന്നെ ഒരാളെ ഇഷ്ടപ്പെടും, പിന്നെ വേണ്ടെന്നു വയ്ക്കും.

– നിന്നെ തനിയെ പുറത്തു വിടാറുണ്ടോ?

– ഹും, അമ്മ ഒന്നും പറയാറില്ല. പക്ഷേ എന്നെ ആരും കൂടെ കൊണ്ടു പോവാറില്ല. എന്റെ ക്ലാസിലെ ഷേഫാലി ബോയ്ഫ്രണ്ടിന്റെ കൂടെ കറങ്ങാറുണ്ട്. ഞാനിനി ഷേഫാലിയോടു പറയും–

ഞാൻ ചൊടിച്ചുകൊണ്ടു പറഞ്ഞു, ഞാൻ നിൻെറ ബോയ് ഫ്രണ്ടാണോ? ചീത്ത വാക്കുകളെല്ലാം പഠിച്ചിട്ടുണ്ടല്ലോ?

യമുന ചിരിച്ചു കൊണ്ടു പറഞ്ഞു, ബോയ്ഫ്രണ്ട് ഉണ്ടെങ്കിൽ എന്താ മോശമാണോ? ഒരു ബോയ്ഫ്രണ്ട് എനിക്കുണ്ട്, തപനേട്ടൻ–

– തപനേട്ടനാരാ?

– ഡിവിഷനൽ കമ്മീഷണറുടെ മകൻ, മിടുക്കനാ, പക്ഷേ എപ്പോഴും കളി മാത്രം.

– ഇരിക്കട്ടെ, നീ എൻറടുത്ത് തപനേട്ടൻെറ പേര് പറയരുത്.

– പേരു പറഞ്ഞാലെന്താ? പറയൂ

– നിൻെറ വായിൽനിന്ന് വേറൊരാളുടെ പേര് കേൾക്കാൻ എനിക്കിഷ്ടമില്ല. കാരണം, ഞാൻ നിന്നെ സ്നേഹിക്കുന്നു.

പള്ളിയുടെ അരികെ പോകുന്ന ആ വിജനമായ നിരത്തിൽ സ്തംഭിച്ചു നിന്നു കൊണ്ട് യമുന എൻെറ മുഖത്തിൻെറ നേരെ നോക്കി. കണ്ണിൽ ഒരു നിസ്സഹായത. പെണ്ണല്ലേ, പ്രേമത്തിൻെറ കാര്യം മനസ്സിലായാലും ഇല്ലെങ്കിലും കുട്ടിക്കാലം മുതൽ അതിനെപ്പറ്റി അറിയാൻ വ്യഗ്രയായിരിക്കും. ആ വാക്ക് തിരിച്ചറിയാം. ഇപ്പോൾ യമുനയുടെ ശരീരം ഉണർന്നതു പോലെ. കൺപോളകൾക്ക് കനം കൂടിയതുപോലെ, കണ്ണുകളുയർത്താൻ താമസമെടുക്കുന്നതുപോലെ. വിവശമായ സ്വരത്തിൽ യമുന ചോദിച്ചു, ഏട്ടനെന്നെ സ്നേഹമാണോ? എങ്ങനെ സ്നേഹിച്ചു?

ഞാൻ അവളുടെ ക [illegible] തന്നെ നോക്കിയിരിക്കുകയായിരുന്നു. ഞാൻ [illegible] ുതെ, അന്നാക്കല്യാണ വീട്ടിൽ കോണിയുടെ മേൽ [illegible] കണ്ടുതുമുതൽ ഞാൻ നിന്നെ സ്നേഹിച്ചിരുന്നു. ഓ[illegible]ുറവുകാരണം എനിക്ക് പലതും നഷ്ടപ്പെട്ടു. പക്ഷേ ഇതു ഞാൻ ഓർമ്മിക്കുന്നു.

– ഏട്ടൻ എന്നോടു വർത്തമാനമൊന്നും പറയാതെ വെറുതെ ഇങ്ങനെ സ്നേഹിച്ചോ?

– കൂടുതൽ സംസാരിച്ചാൽ പ്രേമത്തിൻെറ കാര്യം പറയാൻ പറ്റുകയില്ല. അതിനാൽ അക്കാര്യം നേരത്തെ പറഞ്ഞതാണ്. ഇനി വേറെ കാര്യം പറയാം.

– സുനിലേട്ടാ, ഞാൻ കുട്ടിയൊന്നുമല്ല. എനിക്ക് തിരിച്ച

റിയാനുള്ള വയസ്സായി, എനിക്ക്-

- നിനക്ക് പതിനഞ്ചര വയസ്സ്.

- പിന്നെ, എനിക്ക് വയസ്സ് പതിനേഴായി. ഇപ്പോൾ പതിനേഴ് കൊല്ലം, മൂന്നു മാസമായി.

- നിനക്ക് പതിനേഴാണെങ്കിൽ എനിക്ക് മുപ്പത്തിനാലായി. പക്ഷേ എൻെറ വയസ്സ് മുപ്പത്തൊന്നാണ്.

- എന്തൊരു വർത്തമാനമാണിത്. ഏട്ടൻ തമാശ പറയുകയാണ്.

- തമാശയൊന്നുമല്ല. നിൻെറ കൈ കാണട്ടെ. നിൻെറ കൈ പക്ഷിക്കൂടുപോലെ മൃദുവാണെന്നെനിക്കറിയാം.

- പിന്നെ എന്തറിയാം?

- നിൻെറ കയ്യിൽ വിയർപ്പ് കാണുകയില്ല. ചൂടുണ്ടായിരിക്കും, കൈ വിറയ്ക്കുന്നുണ്ടായിരിക്കും.

യമുനയുടെ വിഹ്വലമായ മുഖത്ത് അനവധി പരക്കംപാച്ചിലിൻെറ ചിത്രം ഞാൻ കണ്ടു. ചുവപ്പു നിറത്തിലുള്ള പാട്ടു പുസ്തകം ഇപ്പോൾ താഴത്തു വീഴും. ഞാനവളെ വിക്ടോറിയ മെമോറിയലിനടുത്ത് ഒരു കല്പടയിലിരുത്തി. അവളുടെ കാലിനരികെ നിലത്തിരിക്കാൻ തോന്നി, പക്ഷേ ഇത്തിരി കൂടിപ്പോകും. പക്ഷേ ഈ ആധിക്യം ആവശ്യമാണ്. ഞാനവളെ എന്നാണോ ഉമ്മ വക്കുന്നത്, അന്ന് പട്ടാപ്പകൽ, ചൗരങ്കിറോഡിലെ ട്രാഫിക് നിർത്തി, ആകാശത്തിനുകീഴെ ഉമ്മവക്കും. പക്ഷേ ഇന്നെനിക്ക് ധൈര്യമില്ല. അതിനാൽ ഒളിനോട്ടമിട്ട് ചുറ്റുമുള്ള ആളുകളെ ഞാൻ നോക്കി. ഞാനവളെ തൊടാതെ അല്പം അകലെ ഇരുന്നു. ഈ ബാലിക മുമ്പിലിരിക്കുന്നു, ഒരു പക്ഷേ അവളുടെ നെഞ്ചിടിപ്പിന് വേഗത കൂടിയിരിക്കുകയാണ്. ഞാൻ ഷർട്ടിൻെറ കൈ താഴ്ത്തി ബട്ടണിട്ടു. ഷർട്ടിൻെറ മുകളിലെ ബട്ടണുമിട്ടു--ജഡ്ജിൻെറ മുമ്പിൽ നില്ക്കുന്നതുപോലെ. അമ്പലങ്ങളിൽ ഇനിമുതൽ ഞാനിങ്ങനെയായിരിക്കും പ്രവേശിക്കുക. ഞാൻ ചോദിച്ചു, യമുനേ, നീ അമ്പരന്നു പോയോ? യമുന രണ്ടു കണ്ണുമുയർത്തി വിഷണ്ണ ഭാവത്തിൽ ചോദിച്ചു, ഏട്ടൻ സത്യമായും എന്നെ സ്നേഹിക്കുന്നോ? സത്യം പറയുകയാണോ?

- ഇനി മുതൽ ഞാൻ സത്യമേ പറയുകയുള്ളൂ. അന്നു ഞാൻ പറഞ്ഞില്ലേ നിന്നെ കണ്ടിട്ട് ബസ്സിൽ നിന്നിറങ്ങിയതാ

ണെന്ന്. അതു നുണയായിരിന്നു. ഞാൻ നിന്നെയും കാത്തു നിൽക്കുകയായിരുന്നു.

– സത്യം, അന്നു പറഞ്ഞില്ലല്ലോ?

– ഇടക്കിടെ തെറ്റുപറ്റും. നുണ പറയാനാണെന്നെ എല്ലാവരും പഠിപ്പിച്ചിരിക്കുന്നത്. നീ നുണ പറയാൻ പഠിച്ചിട്ടില്ലേ?

– വല്ലപ്പോഴും ഒരു നുണ പറഞ്ഞാലെന്താ നഷ്ടം? എല്ലാ സമയവും സത്യം പറയണമെന്തിന്?

യമുനയുടെ ചിരി കണ്ട് എൻെറ ചുണ്ടിലും ചിരി വന്നു. ഞാൻ പറഞ്ഞു, ഇതാ ചിരി വന്നല്ലോ. നിൻെറ ഗാംഭീര്യം കാണുമ്പോൾ എനിക്ക് പേടി തോന്നുന്നു. ഒരിക്കലും മുഖം വീർപ്പിക്കരുത്. പ്രേമം ഒരു കളി തമാശയാണ്.

– ഏട്ടൻ സത്യമായും എന്നെ സ്നേഹിക്കുമോ?

– അതെ, ഞാൻ നിന്നെ സ്നേഹിക്കും. പക്ഷേ നീ ഇപ്പോൾ തന്നെ എന്നെ സ്നേഹിക്കണമെന്നില്ല. പതുക്കെ പ്രേമിക്കാൻ പഠിച്ചാൽ മതി.

– പിന്നെയും എന്നെ കുട്ടിയെന്ന് വിളിക്കുകയാണോ?

– ശരി, നീ കുട്ടിയല്ല. പക്ഷേ നീ ഇപ്പോൾ പ്രേമിക്കരുത്. ഇപ്പോൾ നിൻെറ മുഖത്താശബ്ദം പൊരുത്തപ്പെടുകയില്ല.

– എന്താ, എനിക്കറിഞ്ഞുകൂടായോ? ഏട്ടൻമാത്രം ചെയ്താൽ മതി എന്നോ?

– അത് പിന്നെ പറയാം. നീ ഒരു മൂളിപ്പാട്ടുപാട്.

ഞാൻ ഒരു സിഗററ്റ് കൊളുത്തിയപ്പോൾ അവൾ മണം പിടിക്കുന്നതുപോലെ ശ്വാസം വലിച്ചു. ഒരു ശിശുവിനെപ്പോലെ കാലാട്ടിക്കൊണ്ടു പറഞ്ഞു, എനിക്കൊരു സിഗററ്റു തരാമോ? ഞാൻ പറഞ്ഞു, ഈ സിഗററ്റു കടുപ്പം കൂടിയതാണ്. ഇതു നീ വലിക്കണ്ട. ചുണ്ടു മലർത്തി പുച്ഛത്തോടെ യമുന പറഞ്ഞു, ഞാനൊത്തിരി പുകവലിച്ചിട്ടുണ്ട്. പതിനാലു വയസ്സു മുതൽ ഞാൻ സിഗററ്റു വലിച്ചു വരികയാണ്.

കണ്ണുരുട്ടി ഞാൻ തട്ടിക്കേറി, കുസൃതിപെണ്ണാണല്ലോ! ആരുടെ കൂടെയാണ് സിഗററ്റുവലി.

– കോളേജിൽ കൂട്ടുകാരുടെ കൂടെ. വീട്ടിൽ അച്ഛൻെറ പോക്കറ്റിൽ നിന്ന് സിഗററ്റെടുത്ത് ഞാനും ഏടത്തിയും വലിക്കാറുണ്ട്. അച്ഛനൊരു ഓർമ്മശക്തിയുമില്ലാ ഒരെണ്ണം താന്നേ.

– ആളുകളെന്തു വിചാരിക്കും?

– എന്തെങ്കിലും വിചാരിക്കട്ടെ.

അസ്പഷ്ടമായ ആ ഇരുട്ടിൽ ഞാനവൾക്ക് ഒരു സിഗററ്റു കൊടുത്തു. അതു കൊളുത്തിവിഗദ്ധയെപ്പോലെ വലിക്കാൻ തുടങ്ങിയപ്പോൾ 'ഖക്, ഖക്' എന്നു ചുമച്ചു. കണ്ണിൽ വെള്ളം. ചിരിച്ചുകൊണ്ടു പറഞ്ഞു, ഞാനിങ്ങനെ ചുമക്കാറില്ല. ഇന്നു പെട്ടെന്ന്– ഞാൻ കാണിച്ചുകൊടുത്തു, ഇതാ ഇങ്ങനെ ചാരം തട്ടി മാറ്റണം. തള്ളവിരലുകൊണ്ട്. അവൾ പറഞ്ഞു, അച്ഛൻെറ ഒരു കൂട്ടുകാരനുണ്ട്. ചാരം തട്ടി മാറ്റുമ്പോൾ തള്ളവിരൽ കൊണ്ട് ഞൊടിയിട്ട് ശബ്ദമുണ്ടാക്കും. 'ചടാസ്, ചടാസ്' എന്ന്.

യമുനയുടെ ഒരു കൈ മിക്കവാറും എൻെറ തുടമേൽ. ഞാൻ ഇത്തിരി മാറിയിരുന്നു. ഇല്ല, അവളുടെ ശരീരത്തെ എൻെറ ശരീരം സ്പർശിക്കരുത്. ശരീരം പെട്ടെന്നാണ് ശരീരത്തെ ക്ഷണിക്കുന്നത്, എനിക്കറിയാം. സിഗററ്റു വലിച്ചുകൊണ്ടിരുന്നപ്പോൾ ഒരു കാര്യം ഓർമ്മവന്നു. ഞാൻ പറഞ്ഞു, അന്ന് സ്ക്കൂളിൻെറ മുമ്പിൽ ഞാൻ നിന്നെ ആദ്യമായി കണ്ടപ്പോൾ ഞാനുറക്കെ സംസാരിച്ചിരുന്നു. നീ ചോദിച്ചു. എൻെറ കണ്ണ് എന്താ ചുവന്നിരിക്കുന്നതെന്ന്. അന്ന് ഞാൻ നുണ പറഞ്ഞു. ഞാൻ അന്ന് മദ്യപിച്ചിരുന്നു. ഒട്ടും ചാഞ്ചല്യമില്ലാതെ അവൾ ചോദിച്ചു. ഏട്ടൻ കുടിക്കാറുണ്ടോ? എന്തിനാ കുടിക്കുന്നത്?

ഞാൻ പറഞ്ഞു, അറിഞ്ഞു കൂടാ, നിൻെറച്ഛൻ കുടിക്കാറില്ലേ?

ഗംഭീരസ്വരത്തിൽ യമുന പറഞ്ഞു. തീരെയില്ല. കുടിക്കുന്നവരെ അച്ഛനിഷ്ടവുമില്ല. ഏടത്തിയുടെ ഒരു കൂട്ടുകാരൻ അലകേന്ദു ഏട്ടൻ കുടിക്കുന്നുവെന്ന് അറിഞ്ഞയുടൻ അയാളുമായി കൂട്ടുകൂടേണ്ടയെന്നച്ഛൻ വിലക്കി.

– നീ അപ്പോൾ ഞാനുമായി കൂട്ടുകൂടുകയില്ല, അല്ലേ?

ഒരു കാരണവുമില്ലാതെ യമുന പൊട്ടിച്ചിരിച്ചു. അതിനുശേഷം പറഞ്ഞു, അന്നെനിക്കൊട്ടും മനസ്സിലായില്ലല്ലോ. തന്നെയല്ല, അന്നേട്ടൻ സംസാരിക്കുന്നതു കേൾക്കാൻ രസമായിരുന്നു. ഏട്ടൻ സംസാരിച്ചത് ഉള്ളിൽ തട്ടിയാണെന്ന് തോന്നി. മറ്റുള്ളവരെല്ലാം വെറുതെ സുഖം തന്നെയല്ലേ

എന്നു പറഞ്ഞകലും. ഏട്ടൻ മദ്യപിച്ചിരുന്നെന്ന് തോന്നിയതേ ഇല്ല.

ഞാനും ചിരിച്ചു കൊണ്ടു ചോദിച്ചു, പുന്നാരമോളേ, നിനക്കെങ്ങനെ അറിയാൻ പറ്റും.

- പിന്നെയും മോളെന്നും മറ്റും വിളിക്കാൻ തുടങ്ങി.

- എന്നാൽ ഞാൻ നിന്നെ കിളി എന്നു വിളിക്കാം.

വായടക്കിച്ചിരിക്കയാണെങ്കിലും മൂക്കിൽക്കൂടി ശ്വാസംവിട്ടുകൊണ്ടൊരു തരം ചിരിയുണ്ട്. അങ്ങനെ ചിരിച്ചുകൊണ്ട് യമുന പറഞ്ഞു, കിളിയെന്നോ? പിന്നെ... യമുനയുടെ തോൾ എൻെറ ശരീരത്തിനോടുരുമ്മിയിരിക്കുന്നു, ചൂടുള്ള ആ ഇളം ശരീരം ഇത്ര അടുത്തിരുന്നാൽ അതിൻെറ ഫലം ഭയങ്കരമായിരിക്കും, എനിക്കും അവൾക്കും. എൻെറ ആഗ്രഹം പെട്ടെന്ന് വളരുകയാണെങ്കിൽ സ്വൽപം ഉപ്പ് ചേർത്ത് ഞാനവളുടെ മുഴുവൻ ശരീരവും ഒരു ഗ്ലാസിലാക്കി ഒറ്റയടിക്ക് കുടിച്ചുകളയും. അവളുടെ ശരീരത്തെ അവളറിഞ്ഞിട്ടില്ല. ചൂടുപിടിച്ചാൽ ഒരു മുന്നറിയിപ്പുമില്ലാതെ പൊടുന്നനെ വെടിമരുന്നു നിറഞ്ഞ ശരീരം പൊട്ടിച്ചിതറാൻ കൊതിക്കും.

ശരീരത്തിൻെറ കളി ഞാൻ ഒത്തിരി കണ്ടവനാണ്. വളരെ എളുപ്പമാണാസംഗതി. പക്ഷേ ഈ പെണ്ണിനെ ഞാൻ തൊടാതെ വിടേണ്ടതാണ്. ഷൂവിൻെറ ചരട് കെട്ടാനാണെന്ന ഭാവത്തിൽ കുനിഞ്ഞുനിന്ന് ഞാൻ സ്വല്പം പിന്നിലോട്ട് മാറി. തല കുനിഞ്ഞുനിന്നുകൊണ്ടുതന്നെ ചോദിച്ചു. യമുനേ, എൻെറകൂടെ ഇങ്ങനെ ഇരിക്കുവാൻ നിനക്ക് രസമാണോ?

- ഹും, ആണ്, വളരെ, ഇവിടെ എന്നും വരാമോ?

- പറ്റില്ല, നിൻെറ വീട്ടിലറിഞ്ഞാൽ ചീത്തപറച്ചിൽ കേൾക്കേണ്ടിവരും നിനക്ക്. യമുനാ, ഞാൻ കള്ളുകുടിക്കുന്നവനാണെന്നറിഞ്ഞ് നീ എന്നെ മോശക്കാരനാണെന്ന് നിനച്ചോ? ഞാൻ വേറെയും പല മോശമായ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അഥവാ ചീത്തക്കാര്യങ്ങളിൽ മനഃപൂർവ്വം തന്നെത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാലും ഞാൻ ഒരു നല്ല മനുഷ്യനാണെന്ന് എനിക്കു തോന്നുന്നു. നല്ലവനാവാൻ പടിപടിയായി ശ്രമിക്കുന്നവനെങ്കിലും. നീ എല്ലാം കേട്ട് പറയണം, ഞാൻ ഒരു ചീത്തയാളാണെന്ന് നിനക്ക് തോന്നുന്നോ എന്ന്.

- ഏട്ടൻ എന്തു ചീത്തയാണ് ചെയ്തത്? വല്ലവരെയും

തല്ലിയിട്ടുണ്ടോ?

ആരെയെങ്കിലും തല്ലിയിട്ടുണ്ടോ എന്നോർമ്മിക്കാൻ നോ: ക്കി. ഓർമ്മയില്ല. പലരെയും തല്ലാനാഗ്രഹിച്ചിട്ടുണ്ട്. പല രെയും തല്ലുകയോ കൊല്ലുകയോ ചെയ്യാമായിരുന്നു. പക്ഷേ ഏതായാലും യുക്തിപൂർവ്വം ആലോചിച്ച് അങ്ങനെ ചെയ്തി(ആരെയെങ്കിലും തല്ലിയാൽ അയാളും തിരിച്ചു തല്ലുമല്ലോ? അതൊരു വിഷമം. ഞാൻ ആത്മരക്ഷയിൽ താല്പര്യമുള്ള വനാണ്. പൊടുന്നനെ എന്റെ മനസ്സിൽ രവിയുടെ ചിത്രം ഉയർന്നുവന്നു. ഹൃദയം കനം വച്ചതുപോലൊരു തോന്നൽ. ഞാൻ പറഞ്ഞു, എനിക്കൊരു കൂട്ടുകാരനുണ്ടായിരുന്നു, രവി. ചത്തുപോയി, ഒരു പക്ഷേ അവന്റെ മരണത്തിനുത്തരവാദി ഞാനാണ്.

യമുന വ്യാകുലയായി പറഞ്ഞു, അല്ല, അല്ല.

ഞാൻ പറഞ്ഞു, നീ ആ കഥ കേൾക്ക്-

അന്നത്തെ സന്ധ്യാ സമയത്തു നടന്ന ഓരോ ചെറിയ കാര്യവും എന്റെ ഓർമ്മയിൽ പൊന്തിവന്നു. എന്റെ നീ രസം പിടിച്ച മുഖം, രവിയുടെ നിർബന്ധം, എന്റെ കൈ പിടിച്ച് എന്റെ നീരസം പിടിച്ച മുഖം, രവിയുടെ നിർ ബന്ധം, എന്റെ കൈ പിടിച്ച് അവന്റെ തുടരെയുള്ള വർത്തമാനം. രവി പറഞ്ഞിരുന്നു, എന്നെ ഇട്ട് പോവുക യാണോ? ഞാനവനെ തള്ളി നീക്കിയപ്പോൾ അവൻ പറഞ്ഞു, ശരി ഞാൻ ഒരു ദിവസം ഇതിന് പക വീട്ടും. അവൻ കോളേജിൽ എന്റെ സഹപാഠിയായിരുന്നു. പക്ഷേ അവൻ പഠിത്തം അവസാനിപ്പിക്കുന്നതിന് മുമ്പുതന്നെ നശിക്കാൻ തുടങ്ങിയിരുന്നു. അവൻ നശിച്ചു, ഞാൻ നശിച്ചില്ല. ഞാൻ രവിയെ കള്ളു കടയിലും അതുപോലെയുള്ള മറ്റു സ്ഥല ങ്ങളിലും കണ്ടുമുട്ടിയിരുന്നു. എങ്കിലും ഞാനും അവനും ഒരുപോലെയെന്ന് എനിക്ക് തോന്നിയിരുന്നില്ല. അവന്റെ കണ്ണിലും കവിളിലും ഒരു കള്ളന്റെ ഭാവം പടർന്നിരുന്നു. എവിടെ നിന്നോ അവന്റെ കയ്യിൽ കള്ളപ്പണം എത്തിയി രുന്നു. അവന്റെ കണ്ണിൽ കറുത്ത സൺഗ്ലാസ് കാണപ്പെട്ടു. അവൻ കാണാൻ മിടുക്കനായിരുന്നു, പക്ഷേ കുറെ മാസങ്ങൾ കഴിഞ്ഞു അവന്റെ കണ്ണുകളുടെ ഇരുവശവും മടക്കുകൾ പ്രത്യക്ഷപ്പെട്ടു. കള്ളപ്പണം എല്ലാവർക്കും. എളുപ്പം വിഴു

ങ്ങുവാൻ സാദ്ധ്യമല്ല. ഒരു ഭാരവുമേറ്റി താഴോട്ട് ഇറങ്ങുകയായിരുന്നു അവൻ. ഒരു തരം ആൾക്കാരുണ്ട്. അവരെ കണ്ടുമുട്ടാൻ ഇഷ്ടമില്ലെങ്കിലും അവരെ അവിടെയും ഇവിടെയും നാം കണ്ടുമുട്ടുന്നു. രവി അത്തരക്കാരനായിരുന്നു. അവനെന്നെ പറഞ്ഞു മനസ്സിലാക്കാൻ നോക്കി. അങ്ങേയറ്റം വരെ ഉയരാനുള്ളകോണി അവനു കിട്ടിക്കഴിഞ്ഞിരിക്കുന്നു. എങ്ങോട്ടുയരാനുള്ള രഹസ്യമാർഗ്ഗം? ഒരു ദിവസം മൗലാലി മുക്കിൽ ഞാനവനെ കണ്ടുമുട്ടി. ആ സമയം ഞാനൊരു മെസ്സിൽ താമസിക്കുകയായിരുന്നു? അവൻ ചോദിച്ചു, നീ എവിടെയാണ് താമസിക്കുന്നത്? അവൻെറ മുഖം ശുഷ്കവും വിരസത നിറഞ്ഞതുമായിരുന്നു. ഞാൻ താമസിക്കുന്ന സ്ഥലം വിരൽ ചൂണ്ടിക്കാണിച്ചു. കോട്ടിൻെറ പോക്കറ്റിൽ നിന്നും പൊടുന്നനെ ഒരു കവറെടുത്തുകൊണ്ട് അവൻ പറഞ്ഞു, ഇത് നീ വച്ചേക്ക്, രണ്ടായിരം രൂപയുണ്ട്. ഞാൻ പിന്നെ വന്ന് എടുത്തോളാം. പ്ലീസ്- ഞാൻ നീരസത്തോടെ പറഞ്ഞു, ഇത്തരം കാശൊന്നും സൂക്ഷിച്ചുവയ്ക്കാൻ എനിക്കാവില്ല. അവൻ ദയനീയ ഭാവത്തിൽ അപേക്ഷിച്ചു, ഒരുപകാരം ചെയ്യ്. പ്ലീസ്. ഞാൻ ഒരു സ്ഥലത്ത് പോവുകയാണ്. അവിടെ ഈ പണം കൂടെ കൊണ്ടു പോയാൽ ഒന്നുകിൽ ചെലവായിപ്പോകും. അല്ലെങ്കിൽ ആരെങ്കിവും തട്ടിയെടുക്കും. ഞാൻ വിട്ടില്ല, പറഞ്ഞു, അവിടെ പോവാതിരുന്നാൽ മതി. അഥവാ വീട്ടിൽ കൊണ്ടുവയ്ക്ക്. അവൻ ധൃതിപ്പെട്ട് പറഞ്ഞു, അതിനു സമയമില്ല. നീ പഴയ ഒരു ചങ്ങാതിക്ക് ഈ ഒരുപകാരം ചെയ്യ്.

ഞാൻ അരിശപ്പെട്ട് പറഞ്ഞു, അല്ല, ഞാൻ നിൻെറ ചങ്ങാതിയൊന്നുമല്ല. നീ സ്വന്തം ആൾക്കാരുടെ അടുത്ത് പോ. രവി പെട്ടെന്ന് എൻെറ കയ്യിൽ ആ കവർ തിരുകിവച്ച് ഓടി നിരത്ത് മറികടന്ന് അപ്രത്യക്ഷനായി.

ഞാൻ മെസ്സിൽ ബ്രജേശ്വരേട്ടനോട് കാര്യമെല്ലാം പറഞ്ഞു. ഇതെന്തൊരു തൊന്തരവാണെന്ന് നോക്കിൻ, ബ്രജേശ്വരേട്ടൻ പറഞ്ഞു, കവർ തുറന്ന് പണം എണ്ണിനോക്ക്. സത്യത്തിൽ രണ്ടായിരം രൂപയുണ്ടോ എന്ന്. പിന്നെ അത് കള്ളനോട്ട് വല്ലതുമാണോ എന്ന് പരിശോധിക്ക്. ശരിയായ നോട്ടാണെങ്കിൽ വാ, നമുക്കൊരുമിച്ച് അത് ചെലവഴിക്കാം.

ഞാൻ വിസ്മയപ്പെട്ട് ചോദിച്ചു. ഇത്ര രൂപയോ? ബ്രജേ

ശ്വരേട്ടൻ പറഞ്ഞു, പിന്നെ എന്താ ചെയ്യുക? ഇങ്ങനെ പറന്നുവന്ന പണം നഷ്ടപ്പെടുത്തുന്നതാണ് നന്ന്. കഷ്ടപ്പെട്ടുണ്ടാക്കിയ പണം സ്വന്തം പെട്ടിയിൽ വെക്കാൻ ആർക്കും പേടികാണുകയില്ല.

ഞാൻ പറഞ്ഞു, ഇത് ഞാനുണ്ടാക്കിയ കാശല്ല. ഇത് തൊടാൻതന്നെ അറപ്പു തോന്നുന്നു. ശരി, ഏട്ടൻ വേണമെങ്കിൽ കൊണ്ടു ചെലവാക്കിക്കോളിൻ. ബ്രജേശ്വരേട്ടൻെറടുത്തേക്ക് ഞാൻ കവറെറിഞ്ഞുകൊടുത്തു. ഞെട്ടിപ്പോയതുപോലെ ബ്രജേശ്വരേട്ടൻ മുറവിളി കൂട്ടി, എനിക്ക് വേണ്ട. നീ ചെലവഴിക്കുകയാണെങ്കിൽ ഞാൻ പങ്കു കൂടാം. ഏതായാലും കാശവിടെ കിടന്നു. രണ്ടു ദിവസം കഴിഞ്ഞ് രവി വന്നു. എൻെറ മുമ്പിൽ തന്നെ കവർ തുറന്ന് രൂപ എണ്ണിനോക്കി വിസ്മയത്തോടെ എന്നെ നോക്കി. അവൻ വിചാരിച്ചിരുന്നത് അൻപതോ നൂറോ രൂപ എടുത്ത് ഞങ്ങൾ ചെലവഴിച്ചിരിക്കുമെന്നാണ്. മുഴുവൻ രൂപയും കണ്ട് അവൻ പറഞ്ഞു, നീ ഒരു മഹാത്മാവാണ്. അത് കേട്ടെൻെറ ദേഹമാസകലം വിറച്ചു. ഞാൻ പറഞ്ഞു, ഇങ്ങനെത്തെ കാര്യം കാണാൻ നീ ഇനിയും വന്നാൽ ഞാൻ നിന്നെ വിടില്ല. സൂക്ഷിച്ചോ, നീ ഇനി ഇവിടെ വരരുത്. രവി പരിഭ്രമിച്ചൊന്നുമില്ല. ഒരു പേന കയ്യിലെടുത്തുകൊണ്ടവൻ പറഞ്ഞു. ഇതസ്സൽ ജർമ്മൻ സാധനമാണ്. നീ ഇത് വച്ചോ കയ്യിൽ. ഞാൻ പറഞ്ഞു, വേണ്ട, എനിക്ക് പേന ഉണ്ട്. അവൻ കേണപേക്ഷിച്ചു. ഒരു സമ്മാനമല്ലേ, ഇരിക്കട്ടെ. ഞാൻ അലറി, എടുത്തുകൊണ്ട് സ്ഥലം വിട്, അല്ലെങ്കിൽ ഞാൻ നിരത്തിലോട്ട് എറിയും.

ഇതു കഴിഞ്ഞും എന്നെ കണ്ടു മുട്ടിയാൽ അവൻ ഓടി വന്ന് കൂടെ വല്ലവരുമുണ്ടെങ്കിൽ പരിചയപ്പെടുത്തിത്തരും. അല്ലെങ്കിൽ ഭക്ഷണമോ കുടിയോ എന്താണ് വേണ്ടതെന്ന് ചോദിച്ച് ബുദ്ധിമുട്ടിക്കും. അവനെ കണ്ടാൽ എനിക്ക് വെറുപ്പ് തോന്നിയിരുന്നു.

ഒരു ദിവസം പാർക് സ്ട്രീറ്റിലെ ഒരു റെസ്റ്റോറൻറിൽ ഞങ്ങൾ കണ്ടുമുട്ടി. രവി കുടിച്ചു വെളികെട്ടിരിക്കുന്നു. അന്നെനിക്ക് എല്ലാവരോടും ദേഷ്യമായിരുന്നു. കാരണം മനീഷയുടെ വീട്ടിനുപുറത്ത് കുറെനേരം നിന്ന് കാല് കഴച്ചിട്ടും മനീഷയെ എനിക്ക് കാണാൻ പറ്റിയില്ല. മനീഷയുടെ ദുരൂഹമായ പെരു

മാറ്റം എന്നെ വിഷണ്ണനാക്കി. വല്ലകൂട്ടുകാരുമായിരുന്ന് സമയം പാഴാക്കാൻ ഞാൻ പാർക്സ്ട്രീറ്റിലെത്തി. പക്ഷേ ആരെയും കിട്ടിയില്ല. രവി അവിടെ ഇരിക്കുന്നുണ്ടായിരുന്നു. എന്നെ കണ്ട ഉടനെ വേച്ച് വേച്ച് എന്റെ അടുത്തെത്തി, എന്നെ കെട്ടിപ്പിടിച്ച്കൊണ്ടവൻ പറഞ്ഞു, ഇന്ന് നമുക്കൊരുമിച്ച് ആഹാരം കഴിക്കാം. വാ, എന്റെ കൂട്ടുകാരെ പരിചയപ്പെടുത്തിത്തരാം, ഇവർ മൂന്നുപേർ കപ്പൽ കമ്പനിയിലെ ക്ലിയറിംഗ് ഏജൻറന്മാരാണ്. വമ്പന്മാർ- ഞാൻ പറഞ്ഞു, വേണ്ട ഞാൻ ചിലരെ തിരക്കി ഇവിടെ വന്നതാണ്. ഞാൻ പോട്ടെ. രവി എന്റെ കൈ കേറി പിടിച്ചുകൊണ്ട് പറഞ്ഞു, വന്നേ, ഇവർ നല്ല ആൾക്കാരാണ്. നിനക്ക് വിദേശ കമ്പനിയിലുണ്ടാക്കിയ വാച്ചോ ട്രാൻസിസ്റ്ററോ വേണമെങ്കിൽ പറ. ഞാൻ എന്റെ സ്വരം മൃദുവാക്കിക്കൊണ്ടു പറഞ്ഞു, നീ ഇനി കഴിക്കണ്ട. നിന്റെ അവസ്ഥ- വീട്ടിൽ പോ-

കണ്ണുരുട്ടിക്കൊണ്ട് അവൻ പറഞ്ഞു, മിണ്ടാതിരി, ഇന്ന് ഞാൻ നിന്നെ വിടില്ല, ഭയങ്കരമായൊരു പാർട്ടി ഞാൻ തരാൻ പോകുകയാണ്. നിനക്കെന്തെല്ലാമാണ് വേണ്ടത്? എല്ലാം ആയിക്കോട്ടെ. സത്യം. ഞാൻ ക്ഷമ കാണിച്ചുകൊണ്ട് പറഞ്ഞു, നിന്നോട് നല്ല കാര്യം പറയുകയാണ്, വീട്ടിൽ പോ- രവി എന്റെ കയ്യിൽ പിടികൂടി. അവൻ പറഞ്ഞു, ഇന്ന് നീ എന്റെ കൂടെ വീടുവരെ വരണം. തനിച്ച് പോവുന്നത് ശരിയാവുകയില്ല. പോക്കറ്റിൽ ഒത്തിരി പണം. ഈ റാസ്ക്കൾസിനെ എനിക്ക് വിശ്വസിക്കാൻ പറ്റൂലാ, നീ എന്നെ വിടരുത്, നിന്റെ കാലു പിടിയ്ക്കുകയാണ്. നിവൃത്തിയില്ലാതെ ഞാൻ അവന്റെ കൂടെ മേശയ്ക്കരികെ പോയിരുന്നു, അവന്റെ മൂന്നു കൂട്ടുകാരും ബലിഷ്ഠരായ മധ്യവയസ്കരായിരുന്നു. വിലകൂടിയ വസ്ത്രം ധരിച്ചിരുന്നെങ്കിലും അവരുടെ മുഖഭാവം ക്രൂരത നിറഞ്ഞതായിരുന്നു. മിണ്ടാതിരിക്കുമ്പോൾ അവരുടെ താടി മുറുകെ അമർത്തിയിരിക്കുന്നതായി തോന്നും. ഇങ്ങനെയുള്ളവരെ എനിക്കിഷ്ടമല്ല. ഒരു ഗ്ലാസ് കഴിച്ചയുടനെ എണീക്കാൻ ഞാൻ ബദ്ധപ്പെട്ടു. കാരണം, അവരുടെ സംസാരം വേറൊരു തരത്തിലായിരുന്നു. 'കപ്പൽ' എന്നവർ പറയുമ്പോൾ ഒരു പൂർണ്ണമായ കപ്പലിന്റെ ചിത്രം അവരുടെ മനസ്സിൽ ഉദിക്കുന്നില്ലാത്തതുപോലെ. കപ്പലിന്റെ ഒരു

പ്രത്യേക അംശം മാത്രമേ അവർ കാണുന്നുള്ളു. രവി എൻെറ കൈ വിടാതെ തന്നെ പറഞ്ഞു, ഇരിക്കെന്ന്. ഇന്ന് വെള്ളത്തിൻെറ ഒഴുക്കായിരിക്കും ഇവിടെ. നീ എന്നെ വീട്ടിൽ കൊണ്ടാക്കിയാൽ മതി. ഇതും പറഞ്ഞ് രവി പോക്കറ്റിൽ നിന്ന് ഒരു കെട്ട്നോട്ട് പുറത്തെടുത്ത് കാണിച്ചുകൊണ്ട് ഓർഡർ കൊടുത്തു. പക്ഷേ എനിക്ക് ഒരു സുഖവും തോന്നിയില്ല. ഞാൻ മനീഷയെപ്പറ്റി ഓർത്ത് മനസ്സ് പുണ്ണാക്കുകയായിരുന്നു, അപമാനഭാരത്താൽ എൻെറ ഉള്ള് വിമ്മിട്ടപ്പെടുകയായിരുന്നു. ഞാൻ മൂത്രപ്പുരയിൽ പോകണമെന്നും പറഞ്ഞ് അവിടെ നിന്നും രക്ഷപ്പെടാൻ നോക്കി. രവി പക്ഷേ എൻെറ ഓരോ ചലനവും സൂക്ഷിച്ചു നോക്കുകയായിരുന്നു. വേച്ചു വേച്ചു നടന്നു വന്ന് വാതിൽക്കൽ എന്നെ പിന്നെയും പിടികൂടി. അവൻെറ കണ്ണുകൾ ചെമ്പരത്തിപ്പൂവുപോലെ ചുവന്നിരുന്നു, നെറ്റിയിൽ വിയർപ്പു തുള്ളികൾ തിളങ്ങുന്നുണ്ടായിരുന്നു. ഭ്രാന്തനെപ്പോലെ അവൻ എന്തോ പിറുപിറുത്തിരുന്നു. അവന് അവിടെയിരിക്കാൻ പേടി തോന്നുന്നു. എണീറ്റു പോകാനും വയ്യ. അവൻ പറഞ്ഞു നീ എന്നെ വിടരുത്. ഇവന്മാരുടെ കയ്യിൽ എന്നെ ഏല്പിക്കരുത്. ഇവന്മാർ ഡേഞ്ചറസ് ആൾക്കാരാണ്. നമുക്കൊരുമിച്ചു പോകാം. വാ, നമുക്കൊരുമിച്ച് ഭക്ഷണം കഴിക്കാം. നീ ഒന്നും കഴിച്ചില്ലല്ലോ, വാ. വേണ്ട പോലെ ആഹാരം കഴിച്ച് നമുക്കൊരുമിച്ചിറങ്ങാം. ഞാൻ രൂക്ഷമായ സ്വരത്തിൽ പറഞ്ഞു, ഇപ്പോൾതന്നെ ഇറങ്ങാം. ഒരു ടാക്സി വിളിക്കട്ടെ- രവി പക്ഷേ അവിടുന്ന് ഇറങ്ങുന്നില്ല. എന്നെ വിടുകയുമില്ല. കൂടെയുള്ളവർ ഭയങ്കരന്മാരാണെന്നറിഞ്ഞിട്ടും അവരുടെകൂടെ അവനിരിക്കണം. ഞാൻ പറഞ്ഞു, നീ ഇഷ്ടം പോലെ ചെയ്യ്. ഞാനിറങ്ങുകയാണ്. ശക്തിയായി എൻെറ കൈ പിടിച്ചുകൊണ്ടവൻ ഇരുന്നു. എനിക്ക് സഹികെട്ടപ്പോൾ ഞാനവനെ തള്ളി മാറ്റി. തള്ളുകൊണ്ട് ചുവരിൽ കൈപ്പത്തിവച്ച് കലങ്ങിയ രണ്ടുകണ്ണുകൾ കൊണ്ടെന്നെ നോക്കി രവി പറഞ്ഞു, നീ എന്നെ തള്ളി മാറ്റിയെന്നോ? എടാ, ഞാൻ നിന്നെ എടുത്തോളാം. എന്നെ ഇട്ടേച്ച് പോവാണല്ലേ, ഞാനിതിന് പകരം വീട്ടിക്കോളാം.

യമുനേ, നിനക്കറിയാമോ, രണ്ടു മൂന്നു ദിവസം കഴിഞ്ഞ് ഞാനാറെസ്റ്റോറൻറിൽ പോയി. അവിടെ രവിയുടെ ആ

മൂന്നു ചങ്ങാതികൾ ഇരിക്കുന്നു, ഒരാൾ എന്നോടു പറഞ്ഞു, നിങ്ങളുടെ കൂട്ടുകാരൻ രവിയുടെ കാര്യം അറിഞ്ഞോ? ഞാൻ ചോദിച്ചു, എന്തുകാര്യം? ഒരാൾ കൈ മലർത്തി കാണിച്ചു. ഞാൻ ചോദിച്ചു, എന്ത്? അയാൾ പറഞ്ഞു, രവി മരിച്ചു. അത് കേട്ട് ആദ്യം എനിക്കൊന്നുംതന്നെ തോന്നിയില്ല, ഞാൻ സ്വാഭാവികമായ സ്വരത്തിൽ ചോദിച്ചു. എങ്ങനെ? അയാൾ പറഞ്ഞു, അന്ന് അവൻ കുടിച്ച് വെളിവില്ലാതായി. ഞങ്ങൾ വീട്ടിൽ കൊണ്ടാക്കാമെന്ന് പറഞ്ഞതാണ്. ഞങ്ങളെ വിശ്വ സിച്ചില്ല. ഓടി നിരത്തുമുറിച്ച് കടക്കാൻ പോയപ്പോൾ വണ്ടി കയറി തലച്ചോറ് ചമ്മന്തിയായി. പോക്കറ്റ് നിറയെ കാശു മായി നേരെ സ്വർഗ്ഗത്തിലേക്ക്. വാസ്തവം, എനിക്കാദ്യം തോന്നി. നന്നായി. ഒരു പാപി പോയി. നോക്കിയപ്പോൾ ആ മൂന്നു പേരുടെ മുഖത്തിപ്പോൾ അമർത്തിവച്ച രോഷമില്ല; മുഖം മസൃണമായിരിക്കുന്നു. അവരുടെ മദ്ധ്യത്തിൽ ഒരു കസേര കാലി. അവിടെ രവി ഇരിക്കുന്നതുപോലെ തോന്നി. ഞാനവിടെനിന്നും എണീറ്റു നടന്നു. അടുത്തുള്ള മേശകൾക്ക് വട്ടമിരുന്ന് മറ്റുള്ളവർ ശബ്ദിക്കുന്നു. ഇത്തിരി നേരം കഴിഞ്ഞ് ബാത്ത്റൂമിൽ പോയി, എന്നു വച്ചാൽ മൂത്രപ്പുരയിൽ. പോയ പ്പോൾ അവിടെ ചുമരിൽ ആരോ പെൻസിൽകൊണ്ട് വെണ്ടക്ക അക്ഷരത്തിൽ എഴുതി വച്ചിരിക്കുന്നു. "രവി ഇല്ല". ആ വളഞ്ഞു തിരിഞ്ഞ അക്ഷരങ്ങൾ കണ്ടതോടെ എന്റെ നെഞ്ചിടിപ്പ് കൂടി. ഞാൻ തല കറങ്ങി വീണേനെ. പൊടുന്നനെ എന്നിൽ ഒരു ബോധം ഉദിച്ചു. ഞാനാണ് കാരണക്കാരൻ. ഞാൻ രവിയെ വീടുവരെ കൊണ്ടുപോയി വിട്ടിരുന്നെങ്കിൽ അവൻ മരണമടയുകയില്ലായിരുന്നു. അവൻ ആ വിധം മരിച്ചേനെ, വേറൊരു ദിവസം. പക്ഷേ അന്ന് മരിക്കുകയില്ലായിരുന്നു. ഞാൻ വിചാരിച്ചിരുന്നെങ്കിൽ അവനെ ഒരു ദിവസം കൂടി യെങ്കിലും ജീവിപ്പിക്കാമായിരുന്നു. പക്ഷേ അന്നെനിക്കതു തോന്നിയില്ല. എന്റെ ഉത്തരവാദിത്വം എന്താണ്? നിനക്കറി യാമോ? രവിയുടെ കാര്യമോർക്കുമ്പോൾ ഉള്ളു നോവുന്നു, ഇതിനുള്ള ശിക്ഷ ഒരിക്കൽ എനിക്കനുഭവിക്കണം. ഞാനറി യാതെയാണ് ദ്രോഹം ചെയ്തതെങ്കിലും അവൻ അന്ന് മര ണത്തിന്റെ സാമീപ്യം അറിഞ്ഞിരുന്നിരിക്കണം. അതിനാൽ അവൻ എന്നെ അള്ളിപ്പിടിക്കാൻ ശ്രമിച്ചു. പക്ഷേ ഞാനവന്

അഭയം നല്കിയില്ല. ഞാനവനെ സഹായിച്ചില്ല. ഞാനവനെ തള്ളി നീക്കി. ആലോചിക്കുമ്പോൾ ഉള്ളു നീറുകയാണ്.

യമുന എൻെറ തോളിൽ കൈവച്ച് പറഞ്ഞു, എന്താ ഏട്ടാ ഈ പറയുന്നത്, വേണ്ട ഇനി ഒന്നും സംസാരിക്കരുത്.

അവളുടെ നേരെ നോക്കി ഞാനുരുവിട്ടു, ആരാണ് കുറ്റം ചെയ്തത്? പറ, ഞാനോ അതോ മനീഷയോ? മനീഷ എന്നെ വിഷമിപ്പിച്ചത് കാരണമല്ലേ ഞാൻ മറ്റൊരു മനുഷ്യൻെറ കാര്യവും ഗൗനിക്കാതിരുന്നത്? യമുനക്കുരിയാട്ടമില്ല. ഞാൻ തുടർന്നു. പറയൂ, ആരാണ് കുറ്റവാളി? യമുന വിറച്ചു കൊണ്ടെന്നപോലെ പറഞ്ഞു. അറിഞ്ഞുകൂടാ. ഞാനെങ്ങനെയാണറിയുക?

അവളുടെ ശബ്ദം കേട്ടതോടെ എനിക്കെന്തോ തോന്നി. ഞാനിരുട്ടിൽ ഒരു വിരൽകൊണ്ടവളുടെ മുഖമുയർത്തി പിടിച്ചു. വാഴത്തണ്ടിൻെറ അങ്ങേ അറ്റത്തുള്ള ഇല വിരിഞ്ഞാലുടനെയുള്ള മാർദ്ദവം അവളുടെ മുഖത്തിനുണ്ടായിരുന്നു. മഞ്ഞുതുള്ളികൾ പോലെ രണ്ടു തുള്ളി കണ്ണീർ ആ മുഖത്ത് കാണാമായിരുന്നു. ഞാൻ പരവശനായി ചോദിച്ചു, നീ കരയുകയാണോ?

– ഇല്ല, ഏട്ടൻ പറയുന്നതുകേട്ട് ആ മനുഷ്യനെ ഓർത്ത് എൻെറ മനസ്സ് നൊന്തുപോയി.

– പിന്നെ, നിൻെറ മുഖം തുടച്ചു തരാം ഞാൻ. അല്ലെങ്കിൽ വേണ്ട, നീ തന്നെ മുഖം നന്നായി തുടയ്ക്ക്.

രവിയെ ഓർത്ത് ഞാൻ കരഞ്ഞിട്ടില്ല. കരച്ചിൽ ഞാൻ മിക്കവാറും മറന്നിരിക്കുന്നു. യമുനയുടെ കണ്ണീർ എൻെറ മനസ്സിൻെറ ഭാരം കുറച്ചതുപോലെ തോന്നി. രവിയുടെ മരണം തീരെ അവഗണിക്കപ്പെട്ടില്ല. അവൻ ഒരു ദിവസംകൂടി ജീവിച്ചിരിക്കുന്നു. രവിയെ ഓർത്തല്ല എനിക്ക് ദുഃഖം, യമുനയെ ചൊല്ലിയണ്. ഞാനീ കുഞ്ഞിനെ എന്തിന് കരയിച്ചു? ഒരുപക്ഷേ കരയുന്നതിൽ കഷ്ടപ്പാടൊന്നും ഇല്ലായിരിക്കാം, സുഖമുണ്ടായിരിക്കാം വാസ്തവത്തിൽ.

മുഖം തുടച്ചുകൊണ്ടു യമുന ചോദിച്ചു, സുനിലേട്ടാ, അവിടെ പിന്നെ പോയിട്ടില്ലേ?

– എവിടെ?

– ആ റെസ്റ്റോറൻറിൽ?

– ഇല്ല, അവിടെ പിന്നെ പോയിട്ടില്ല. ഇനി പോവുകയുമില്ല, എണീക്ക്, നിനക്ക് വീട്ടിൽ മടങ്ങാൻ സമയമായി.

നിശ്ശബ്ദയായി ഒന്നു രണ്ടു കാല്പാടുകൾ വച്ചതിനു ശേഷം യമുന ചോദിച്ചു, മനീഷ ആരാണ്? ഞാൻ പറഞ്ഞു. ഒരു പെൺകുട്ടി, ശുണ്ഠിക്കാരി. അവളുടെ കാര്യം പിന്നെ പറയാം. ഇത് പറഞ്ഞതോടെ വലിയ വെള്ളത്തുള്ളികൾ എറിഞ്ഞുകൊണ്ട് മഴ വന്നു. അപ്പോൾ ഞങ്ങൾ ആളൊഴിഞ്ഞ മൈതാനത്തിൻെറ നടുവിലായിരുന്നു. ഞാൻ ചോദിച്ചു. നിനക്കോടാൻ കഴിയുമോ? വാ. ഒരു പെൺമാനിനെപ്പോലെ വിഹ്വലയായി യമുന ഓടാൻ തുടങ്ങി. അവളുടെ പാട്ടു പുസ്തകം തെറിച്ചു നിലത്തു വീണു. ഞാനതെടുത്ത് അവളുടെ കയ്യും പിടിച്ച് ഓടി ഒരു മരക്കീഴിലെത്തി. വലുതായി നനഞ്ഞില്ല, ഉറുമാലെടുത്ത് മുഖം തുടച്ചുകൊണ്ട് ഞാൻ പറഞ്ഞു, നിന്നെ വീട്ടിൽ വഴക്കുപറയും. യമുനക്ക് ആ വിചാരമില്ല. ഇത്തിരി മുൻപ് കരയുകയായിരുന്നു. ഇപ്പോൾ മുഖത്ത് ആനന്ദം തുളുമ്പുന്നു. എൻെറ അരുകിലേക്ക് അവൾ നീങ്ങി വരികയായിരുന്നു. അറിയാതെ ആയിരിക്കാം. അവളെ ഒന്നും അറിയിക്കാതെ ഞാനും അവളുടെ അരികിൽ നിന്നും തെന്നി മാറിക്കൊണ്ടിരുന്നു.

ധൃതി പിടിച്ച് വന്ന മഴ അതുപോലെ ധൃതി പിടിച്ച് പോവുകയും ചെയ്തു. മരത്തിനടിയിൽ നിന്ന് നടന്നകലുമ്പോൾ ടൈറ്റ് പാൻറ് ധരിച്ച കുറെ ചെക്കന്മാർ ഞങ്ങളെ നോക്കി ഒരു വൃത്തികെട്ട റിമാർക്ക് പാസാക്കി. ഞാൻ കേൾക്കാത്തമട്ടിൽ നടക്കുകയായിരുന്നു, യമുന പറഞ്ഞു, കേട്ടോ, എന്തു വൃത്തികേടാണ് പറഞ്ഞതെന്ന്? ഞാൻ ചോദിച്ചു, നിനക്കിതൊക്കെ മനസ്സിലാക്കാൻ കഴിയുമോ? അവൾ ഒന്നും മിണ്ടിയില്ല. പക്ഷേ അവളുടെ മുഖം പറഞ്ഞു, എല്ലാം അവൾക്കറിയാം. അതോടു കൂടി എൻെറ ദേഹത്തിന് ശൗര്യം കൂടിയതുപോലെ തോന്നി. ആ ചെക്കന്മാരുടെ തല കൊയ്തെടുക്കുവാനുള്ള അരിശം വന്നു എനിക്ക്. ഞാൻ തിരിഞ്ഞുനിന്നു, പക്ഷേ അവന്മാർ അപ്പോൾ നടന്നകലുകയായിരുന്നു. ഞങ്ങളോടു പറഞ്ഞകാര്യം ഇതിനകം അവർ മറന്നിരിക്കും. ഇങ്ങനെ ആത്മവിസ്മൃതിയടയുന്നവരാണീ ബാലന്മാർ. എന്താണ് സംഭവിക്കുക എന്നൊരു പിടിയു

മില്ല, തോന്നുന്നതു പറയുക മാത്രം. അവർ സംഖ്യയിൽ കൂടുതലാണ്. ധൈര്യം കുറവായതുകൊണ്ടോ, നാടകീയത ഇഷ്ടമില്ലാത്തതുകൊണ്ടോ ഞാനവരെ പുറംതളളി. വീണ്ടും യമുനയും ഞാനും ഒരുമിച്ചു നടക്കാൻ തുടങ്ങിയപ്പോൾ ഒരു കാര്യം അറിയാനായി എനിക്ക് കലശലായ ആഗ്രഹമുണ്ടായി. ഞാനവളുടെ ചെവിയിൽ മന്ത്രിച്ചു, യമുനേ, നിന്നെ ആരെങ്കിലും ഉമ്മ വച്ചിട്ടുണ്ടോ?

യമുന മുഖമുയർത്തി പറഞ്ഞു, ഏയ്, അയ്യോ,

– നീ നാണിക്കേണ്ട പറയൂ.

– ആ, ഈ ഏട്ടൻ.

ഞാനവളുടെ അരികിലേക്ക് നീങ്ങി പതുക്കെ പറഞ്ഞു, വെറുതെ ചോദിക്കുകയാണ്. പറഞ്ഞാലെന്താ? നാണം കൊണ്ടെന്നപോലെ അവളുടെ മുഖം ചുവന്നു. ഞാൻ വീണ്ടും പറഞ്ഞു, നാണിക്കാതെ കാര്യം പറയൂ.

– ഇല്ല, ഉവ്വ്.

– ആര്?

– തപനേട്ടൻ!

– പിന്നെ വല്ലതും?

– പിന്നെ എന്താ?

– ഇല്ല, ഒന്നുമില്ല. നീ നല്ല കുട്ടിയാണ്, അതിൽ ദോഷമൊന്നുമില്ല.

യമുന ചിരിച്ചുകൊണ്ടു പറഞ്ഞു, ഏട്ടൻ വിചാരിക്കുന്നതുപോലെ ഞാനത്ര നല്ല കുട്ടിയൊന്നുമല്ല.

ഞാനവളുടെ ചുമലിൽ അലസമായെന്നപോലെ കൈവച്ചു. ഞാൻ പറഞ്ഞു, ഞാൻ നിന്നെ അങ്ങനെ നല്ല കുട്ടിയാണെന്ന് വിചാരിക്കുന്നില്ലല്ലോ. നീ വെറൊരു വിധം നല്ല കുട്ടിയാണ്.

യമുന കുറെ രവീന്ദ്രസംഗീതം അഭ്യസിച്ചില്ലെങ്കിൽ ഈ ലോകത്തിനെന്തെങ്കിലും നഷ്ടം സംഭവിക്കുമെന്ന് വിചാരിക്കത്തക്കവിധം സംഗീത പ്രേമിയല്ല ഞാൻ. അതുകാരണം ഞാൻ സംഗീത ക്ലാസ്സിലേക്കു പോകുന്നവഴി യമുനയെ തട്ടിക്കൊണ്ടു പോകാൻ തുടങ്ങി. തന്നെയല്ല ഒരു ദിവസം ഉച്ചസമയം അവളെ കോളേജിൽപോലും വിടാതെ ബാരക്പൂരിൽ ചുറ്റിയടിക്കാൻ കൊണ്ടുപോയി. യമുനക്ക് ഒരു പേടിയുമില്ല

ഇക്കാര്യത്തിൽ. ഇപ്രകാരം ഒളിച്ചും പതുങ്ങിയും കറങ്ങിത്തിരിയുന്നതിൽ വിലക്കപ്പെട്ട ഏതോ ആഹ്ലാദത്തിൻെറ രസം തോന്നിയിരിക്കും അവൾക്ക്. ചാപല്യം നിറഞ്ഞതും സരസവുമായ അവളുടെ സംസാരം താളത്തിൽ പാടുന്ന കവിത പോലെ എന്നെ ഹരം പിടിപ്പിച്ചു. ഈ ലോകത്തെ ഒരു വർത്തമാനം കേൾക്കാനും അവൾക്ക് പേടിയില്ല. ഒരു വസ്തുവിനെ കുറിച്ചും മുൻകൂട്ടി നല്ലതോ ചീത്തയോ എന്ന ധാരണ അവൾക്കില്ല. പകരം ഇടക്കിടെ പൂർണ്ണ വിസ്മയത്തോടെ കണ്ണുകളുയർത്തി അവൾ ചോദിക്കും, അങ്ങനെയാണോ? സത്യമാണോ? ഒരിക്കൽ ഞാൻ അവളെ നൂർജഹാൻെറ കഥ പറഞ്ഞു കേൾപ്പിച്ചു. പക്ഷേ നൂർജഹാൻെറ കാര്യമൊന്നും തന്നെ അവൾക്കു മനസ്സിലായില്ല എന്നു തോന്നി. അവൾ സവിസ്മയം ചോദിച്ചു. കുട്ടിയെ ഉപേക്ഷിച്ചു വീട് വിട്ടു പോയതെന്തിന്? ഞാൻ പറഞ്ഞു, അതാണല്ലോ കുഴപ്പം. യമുന പറഞ്ഞു, ഒരു പ്രാവശ്യം കല്യാണം കഴിച്ചാൽ പിന്നെയും കല്യാണം കഴിക്കാമോ? ശരിയാണ്. ക്രിസ്ത്യാനികളുടെ ഇടയ്ക്ക് പതിവാണെന്ന് കേട്ടിട്ടുണ്ട്.

– ഇപ്പോൾ ഇക്കാര്യം എല്ലാവരുടെ ഇടയിലും ഉള്ളതാണ്.

– പിന്നെ, വിവാഹം കഴിച്ചാൽ കുട്ടികളുണ്ടാകുമല്ലോ? രണ്ടാമതു കല്യാണം കഴിച്ചതിനുശേഷം എന്തുകൊണ്ട് കുട്ടികളുണ്ടായില്ല?

ഈ ചോദ്യത്തിന് ശരിയായ മറുപടി യമുനക്ക് നല്കണമോ എന്ന് ഒരു സെക്കൻറ് ഞാൻ ആലോചിച്ചു. അപ്പോൾ തോന്നി, വേണ്ട. എന്നിട്ടു പറഞ്ഞു. ഉണ്ടാവാം. പക്ഷേ അവർക്ക് ഉണ്ടായില്ലെന്ന് മാത്രം.

യമുന പറഞ്ഞു, ശരി. അവർക്ക് വീണ്ടും കുട്ടികൾ ജനിച്ചിരുന്നെങ്കിൽ തന്നെയും ആദ്യത്തെ കുട്ടിയുടെ അടുത്ത് പോകുമായിരുന്നോ?

ഈ ചോദ്യം കൂടുതൽ ദുർബോധ്യമാണ്. അതിനാൽ ഇതിനെപ്പറ്റി കൂടുതൽ ആലോചിക്കാൻ ശ്രമിക്കാതെ തന്നെ ഞാൻ പറഞ്ഞു, ആർക്കറിയാം!

യമുനയുമായി അടുത്തതിനുശേഷം ദിവസംതോറും എൻെറ മനസ്സിൻെറ കനം കുറഞ്ഞുവരുന്നതുപോലെ തോന്നി. വളരെ നാൾകൂടി ഞാൻ ചെറിയ കാര്യങ്ങളിൽ

സന്തോഷിക്കുവാൻ തുടങ്ങി. അവളുടെ ആശ്ചര്യപ്പെട്ട നോട്ടം കാണുമ്പോൾ എനിക്കു തോന്നി ഈ ലോകത്തിൽ ആശ്ചര്യപ്പെട്ടു നോക്കിക്കാണുവാൻ എത്രയോ വസ്തുക്കളുണ്ട്. ഇപ്പോൾ ഞാൻ കോണിയിറങ്ങുമ്പോൾ രണ്ടു മൂന്നു പടി ഒന്നിച്ചായിട്ടാണ് കാലുവയ്ക്കുക, ട്രാമിലും ബസ്സിലും ആൾക്കൂട്ടം കാണുമ്പോൾ എനിക്ക് ദേഷ്യം വരുന്നില്ല. തന്നെയല്ല, നാട്ടിലെ ഭക്ഷ്യക്ഷാമം സത്വരം മാറിക്കിട്ടുമെന്നുപോലും എന്നിൽ ആശ ഉദിച്ചു. മഴ വരുമ്പോൾ തോന്നും ഇന്ന് ഒരു സുദിനമാണ്. തീ പറക്കുന്ന വെയിലായാലും തോന്നും, ആഹാ, എന്തൊരു നല്ല ദിവസം!

ഇതിനിടയിൽ ഞാൻ യമുനയുടെ കൈയിൽ കയ്യ് വച്ചു കഴിഞ്ഞിരുന്നു. പക്ഷേ ശരീരവുമായി അടുത്തില്ല. ബാരക്പൂരിൽ ട്രെയ്നിൽ വിജനമായ ഫസ്റ്റ് ക്ലാസ് കംപാർട്ട്മെൻറിൽ കയറിയെങ്കിലും അവളെ ഞാൻ ഉമ്മ വച്ചില്ല. മാന്ത്രികനെപ്പോലെ ഞാൻ അവളുടെ മാറിടത്തിൻെറ മുമ്പിൽ കൈകൊണ്ട് കറക്കമിട്ടു. പക്ഷേ ഞാനവിടം സ്പർശിച്ചില്ല. അവളുടെ തപനേട്ടൻ ഉമ്മവച്ചോട്ടെ. നീന്തൽ പഠിപ്പിക്കാനെന്നും പറഞ്ഞ് ലേക്ക് സ്വിമ്മിംഗ് ക്ലബിൽ കൊണ്ടുപോയി ഇളം സാൾഗം ചേനി പോലുള്ള അവളുടെ മാറ് നോക്കിക്കോട്ടെ. എനിക്കിതിൻെറയൊന്നും ആവശ്യമില്ല. പലപ്പോഴും അറിയാതെതന്നെ, പ്രകൃതിനിയമം അനുസരിച്ച് യമുന എൻെറയരികിലേക്ക് ചേർന്നുവരാൻ ആഗ്രഹിച്ചിരുന്നിരിക്കണം. പക്ഷേ എണ്ണയും വെള്ളവുംപോലെ ഞങ്ങൾ രണ്ടു പേരെയും വേർതിരിക്കുവാൻ ഞാൻ ശ്രമിച്ചു. പുരുഷൻെറ ശരീരത്തിൽ കാട്ടാളത്തം കുടിയിരിക്കുന്നു, പക്ഷേ അതിൽ ആത്മനാശത്തിൻെറ വിത്ത് വിതയ്ക്കപ്പെട്ടിട്ടില്ല. പെണ്ണുങ്ങളുടെ ദേഹമാണ് ഭയങ്കരം. അപ്രസക്തമാകാം. എങ്കിലും രാമകൃഷ്ണപരമഹംസൻെറ ഒരു ചൊല്ല് ഓർമ്മ വരുന്നു. വിവേകാനന്ദനെപ്പറ്റി അദ്ദേഹം പറഞ്ഞിരുന്നു, അവനാരാണെന്ന് അവനുതന്നെ അറിഞ്ഞുകൂട. എന്നാണോ അവനതറിയുന്നത്, അന്നു മുതൽ അവന് മനുഷ്യരുടെ കൂടെ താമസിക്കുവാൻ സാധിക്കുകയില്ല. അതുപോലെ, എനിക്ക് തോന്നുന്നു, പെണ്ണുങ്ങൾക്ക് അവരുടെ ശരീരത്തെക്കുറിച്ച് ഒരറിവുമില്ലായിരിക്കും ആദ്യമാദ്യം. ആ അറിവ്

വന്നാലുടൻ ദേവിയുടെ ഭാവമെല്ലാം വിട്ട് അവർ വെറും പെണ്ണുങ്ങളായിത്തീരും. കുറെ പെണ്ണുങ്ങളെ കണ്ടല്ലോ. ഇനി സ്വല്പം ദൈവചിന്ത നടത്തി ആത്മാവിനെ ശുദ്ധമാക്കാൻ നോക്കട്ടെ, കുറെ ദിവസമെങ്കിലും.

പക്ഷേ ജീവിതം കുറെ കടുപ്പമുള്ള ഒരു കാര്യമാണ്. ഞാൻ എങ്ങനെ, എന്താണോ ആവശ്യപ്പെടുന്നത്, അതങ്ങനെ- അത്രമാത്രം ലഭിക്കും എന്നൊന്നുമില്ലല്ലോ. എവിടെയോ, ആർക്കോ കൊടുക്കേണ്ടത് ഞാൻ കൊടുക്കുന്നില്ലായിരിക്കും. എന്റെ ചെയ്തികളുടെ വിചാരണ നടത്താം. പക്ഷേ ഞാൻ ചെയ്യാത്ത കാര്യങ്ങളോ?

പുൽത്തട്ടിൽ കാലു രണ്ടും നീട്ടിയിരുന്നുകൊണ്ട് ഒരു ദിവസം യമുന എന്നോടു പറഞ്ഞു, സുനിലേട്ടാ ഏട്ടൻ എന്നെ സ്നേഹിക്കുന്നെന്ന് പറയുന്നത് വാസ്തവമല്ല. ഞാൻ പെട്ടെന്ന് ഈ വർത്തമാനം കേട്ട് ആശ്ചര്യചകിതനായി ചോദിച്ചു, എന്താ കാര്യം?

– ഏട്ടനെനിക്ക് ഒരെഴുത്തുപോലും എഴുതാത്തതെന്താ?

– എഴുത്ത് എഴുതേണ്ട ആവശ്യമില്ലല്ലോ. ഒരു ദിവസം ഇടവിട്ട് നമ്മൾ കണ്ടുമുട്ടാറില്ലേ, പിന്നെ എന്തിനാ എഴുത്ത്?

– പക്ഷേ തപനേട്ടൻ എനിക്ക് എഴുത്ത് തരുന്നുണ്ടല്ലോ. ഇതാ നോക്ക്,

രണ്ടക്ഷരപ്പിശകുണ്ട്. മൂന്ന് ഇംഗ്ലീഷ് വാക്കും ഉപയോഗിച്ചിട്ടുണ്ട്. എന്നാലും എഴുത്തുകൊള്ളാം. വികാരപാരവശ്യമുണ്ടെങ്കിലും അത് തെറ്റായ വികാരമൊന്നുമല്ല. ഞാൻ എഴുത്ത് വായിച്ചതിനുശേഷം സകൗതുകം യമുനയെ നോക്കി.

ഏതോ വലിയ ചിന്തയിൽ പെട്ടതുപോലെ യമുന പുരികം ചുളിച്ചുകൊണ്ടു പറഞ്ഞു, ഞാനിനി എന്താ ചെയ്യുക. അവളുടെ ഇളം പ്രായത്തിലെ തുടുപ്പ് മാറിയിട്ടില്ലാത്ത മുഖത്ത് തെളിഞ്ഞുവന്ന നിസ്സഹായ ഭാവം കാണുമ്പോൾ ചിരിയാണ് വരിക. ഞാൻ അവളുടെ പുരികത്തിന്മേൽ അലസമായി വിരലോടിച്ചുകൊണ്ട് പറഞ്ഞു, എന്റെ കുയിലേ, ഇത്ര വിഷമിക്കാനൊന്നുമില്ല. നിനക്ക് വളരെയധികം സ്നേഹം വേണം. ഞാൻ തനിച്ചെത്രയാണ് തരുക. നിന്നെ കുറെയധികം ആൾക്കാർ പ്രേമിക്കട്ടെ. പക്ഷേ എനിക്ക് നിന്നെ മാത്രം മതി. എന്നിൽ ഒരു വലിയ അംശം ക്ഷയിച്ചുപോയിട്ടുണ്ടല്ലോ.

ഒന്നും മനസ്സിലാകാത്തമട്ടിൽ യമുന എന്നെ നോക്കിയിരുന്നു. അതേ പ്രകാരം ചിരിച്ചുകൊണ്ടു മുഖം താഴ്ത്തി അവൾ പറഞ്ഞു, ഏട്ടനും ഇതിനുമുമ്പ് കുറേപ്പേരെ സ്നേഹിച്ചിട്ടുണ്ടല്ലോ?

ഞാൻ പറഞ്ഞു, ശരിയല്ല, ഇതിനുമുമ്പ് എനിക്കാരെയും സ്നേഹിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ കാര്യം ആരുടെ മുമ്പിലും തുറന്നു പറയാനേ പോകുന്നില്ല. പ്രേമത്തെക്കുറിച്ചാലോചിച്ച് നീ തല പുണ്ണാക്കേണ്ട. ചെറിയ ഒരു പെണ്ണിന്റെ വായിൽ നിന്ന് പ്രേമത്തിന്റെ വിവരണം കേട്ടാൽ അത്യധികപ്രസംഗമായിത്തോന്നും.

– വീണ്ടും വീണ്ടും എന്നെ ചെറിയ കുട്ടി, ചെറിയ കുട്ടി എന്ന് വിളിക്കരുത്, പറഞ്ഞേക്കാം.

– ഓ, വളർന്നു വലുതാവാനെന്തൊരുത്സാഹം! വളർന്നു വലുതായാൽ തുടങ്ങും ചെറിയകുട്ടി ആവാനുള്ള ശ്രമം. നിന്റെ ചേച്ചിയെപ്പോലെ. ഇത്തവണ യമുന അവളുടെ മധുരച്ചിരിചിരിച്ചുകൊണ്ടു പറഞ്ഞു, വാസ്തവം. ഈ ചേച്ചിയുടെ ഒരു സ്വഭാവം. വീട്ടിൽനിന്ന് പുറത്തിറങ്ങാൻ നേരമില്ല. എപ്പോൾ നോക്കിയാലും ടെലിഫോണിൽ സംസാരമാണ്. തന്നെയല്ല വൃത്തികെട്ട വർത്തമാനവും.

– ആരെയാണോ ടേലിഫോണിൽ വിളിക്കുക?

– കൂട്ടുകാരെ. എനിക്കവരെ ആരെയും ഇഷ്ടമില്ല, എന്റെ കാര്യമൊക്കെ അച്ഛനോട് പറയാറുമുണ്ട്.

– എന്തുകാര്യം?

– ആർക്കറിയാം. സുനിലേട്ടാ, ഞാൻ എന്റെ ചേച്ചിയെപ്പോലെ ഒരിക്കലും ആകൂല്ല.

അവളുടെ സർവ്വാംഗം കണ്ണുകൊണ്ട് താലോലിച്ച് ഞാൻ പറഞ്ഞു, നീ എങ്ങനെയാണോ ഇപ്പോൾ, എന്നും അങ്ങനെ തന്നെ ഇരിക്കൂ.

ഈ കുറെ ദിവസം പല കൗശലവും പ്രയോഗിച്ച് ഞാൻ കൂട്ടുകാരെയെല്ലാം അകറ്റിനിർത്തിയിരിക്കുകയാണ്. സുവിമലിനെയും അവിനാശിനെയും കണ്ടുമുട്ടാതിരിക്കാനായി കാലത്ത് എണീറ്റാൽ പുതിയ പുതിയ പദ്ധതി എനിക്ക് ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. വീണയും നൂർജഹാനുമായി ശേഖർ ഏതു നൂലാമാലയിലാണ് കുടിങ്ങിയിരിക്കുന്നതെന്നറി

യാൻ എനിക്കൊരാഗ്രഹവുമില്ല. ഒരു ദിവസം പരിതോഷിനെ കണ്ടു മുട്ടിയിരുന്നു. നിരത്തിലൂടെ വിദ്യാർത്ഥികളുടെ ഒരു ഘോഷയാത്ര നീങ്ങുകയായിരുന്നു. എന്നെ കണ്ട അവൻ ആൾക്കൂട്ടത്തിനിടയിലൂടെ എൻറടത്തുവന്നു. മുഖത്ത് പതിവുപോലെ ഇക്കണോമിക്സ് വിദ്യാർത്ഥിയുടെ അഹങ്കാരം. കണ്ടാൽ തോന്നും ഇവൻെറ അസ്തിത്വം ലോകത്തിനും, പ്രത്യേകിച്ചു ഭാരതത്തിനും അത്യന്തം പ്രയോജനകരമാണ്. നമ്മളൊക്കെ ജീവിച്ചില്ലെങ്കിലും ഒരു കുഴപ്പവുമില്ല. വിരലുകൊണ്ട് മൂക്കിന്മേൽ കണ്ണട അമർത്തി, പരിഭവസ്വരത്തിൽ പരിതോഷ് പറഞ്ഞു, സുനിലേട്ടാ, ഏട്ടനോട് ഒരു മുഖംമൂടി വാങ്ങാൻ പറയണം. ഞാൻ ഊറിച്ചിരിച്ചുകൊണ്ടു ചോദിച്ചു, എന്താ കാര്യം? ശേഖറിന് പിന്നെയും വല്ലതും പറ്റിയോ?

പരിതോഷ് പറഞ്ഞു, മൂന്നാഴ്ച ആസാം സഞ്ചാരത്തിന് പോകുകയാണെന്ന് വീട്ടിൽ പറഞ്ഞിട്ടാണ് ഏട്ടൻ സ്ഥലം വിട്ടത്. പക്ഷേ മിനിഞ്ഞാന്ന് ഗണേഷ് അവന്യൂവിനടത്ത് ഏട്ടൻ ഒരു ടാക്സിയിൽ പോകുന്നത് ഞാൻ കണ്ടു. കൂടെ 'ബായ്ജി'യെപ്പോലുള്ള ഒരു പെണ്ണും. ഞാനെൻെറ കണ്ണുകൊണ്ടു തന്നെ കണ്ടതാണ്.

– ഞാൻ ഒച്ച ഉയർത്തി പറഞ്ഞു, പരിതോഷ്, നിൻെറ ഏട്ടൻ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് എന്നെ അറിയിക്കേണ്ട ഒരു കാര്യവുമില്ല. അതിനെല്ലാം കാരണക്കാരൻ ഞാനാണോ?

– അല്ല, സുനിലേട്ടൻ അമ്മയോട് പലകാര്യങ്ങളും ഉറപ്പു പറഞ്ഞെന്നു കേട്ടിരുന്നു.

– ഞാനെന്തുപറഞ്ഞെന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. അതിനെക്കുറിച്ച് നീ ചിന്തിക്കേണ്ട. പരിതോഷ് അതോടെ ഘോഷയാത്രയിലേക്ക് തിരിച്ചുപോയി. ഉറച്ച കാൽവയ്പോടെ അവൻ ഘോഷയാത്രയിൽ സ്വന്തം സ്ഥാനത്തെത്തി വീണ്ടും ആർത്തസ്വരത്തിൽ അവകാശപ്രഖ്യാപനം നടത്താൻ തുടങ്ങി.

പരിതോഷ് എന്നിലുണ്ടാക്കിയ വൈരാഗ്യം മനസ്സിൽ നിന്നു തുടച്ചുമാറ്റി, യമുനയെ കാണാനായി ഞാൻ കുതിച്ചു. വൈരാഗ്യം, വൈമനസ്യം, വേദന– പോയി തുലയട്ടെ. എനിക്കും ജീവിക്കണമല്ലോ. പാട്ടുപഠിപ്പിക്കുന്ന സ്ക്കൂളിൻെറ മുൻവശത്തുനിന്നും യമുനയെ പൊക്കിയെടുത്തുകൊണ്ട് ഒരു

ടാക്സിയിൽ ശരേയെന്ന് ഗംഗാതീരത്ത് വന്നെത്തി. അവളുടെ കൈ പിടിച്ചുകൊണ്ട്. എങ്ങോ ഒളിച്ചോടിപ്പോകുന്ന ഭാവത്തിൽ ധൃതിയിൽ ജെട്ടിയുടെ പടവുകളിറങ്ങുന്ന സമയത്ത് ഞാൻ പറഞ്ഞു, യമുനേ വരൂ, നമുക്ക് ഒളിച്ചുകളി കളിക്കാം. നമ്മെ പലരും തിരയുന്നുണ്ട്. പക്ഷേ നാം പിടികൊടുക്കില്ല- യമുന ചോദിച്ചു. ആരാ നമ്മളെ തിരയുന്നത്? ഞാൻ പറഞ്ഞു, ആൾക്കൂട്ടത്തിലെ ഓരോരുത്തനും, ഈ നഗരത്തിലെ എല്ലാവരുംതന്നെ. ഈ പരക്കം പാച്ചിൽ യമുനക്ക് ഇഷ്ടമായി. അവൾ ചോദിക്കുന്നു. ഈ മനീഷ ആരാണ്? പിന്നെ പറയാമെന്ന് പറഞ്ഞിരുന്നല്ലോ. ഞാനവളുടെ പിന്നിയ മുടി പിടിച്ച് ഒരു വലിവലിച്ചു പറഞ്ഞു. ഇത്ര അറിയാനുള്ള ആഗ്രഹം എന്തിനാ കുട്ടി? നീ വളർന്നിരിക്കുന്നു അല്ലേ? യമുനക്ക് ദേഷ്യമായി, അവൾ പറഞ്ഞു, മുടി വിടൂ, എനിക്കു നോവുന്നു. പറയൂ, ആരാ മനീഷ? ഞാൻ പറഞ്ഞു, മനീഷ കൽക്കത്തയിലെ ഒരു പെൺകുട്ടിയാണ്, ഈ ആൾക്കൂട്ടത്തിൽ അവളെന്നെ സ്വന്തമാക്കാൻ ശ്രമിക്കുന്നു, പക്ഷേ തനിച്ചിരിക്കുമ്പോൾ ഒരിക്കലും എന്റെ മനസ്സിലെ വികാരങ്ങൾ പറഞ്ഞറിയിക്കാൻ അവൾ അവസരം തരുന്നില്ല. കൽക്കത്ത നഗരംതന്നെ ഇങ്ങനെയാണ്. ഭാഗ്യത്തിന് നിന്നെ ഞാൻ കണ്ടു മുട്ടി! യമുന അപ്പോൾ എന്റെ കൈപ്പത്തി വിട്ട് മുകളിലേക്ക് അവളുടെ കൈവച്ചു. അവളുടെ ശരീരം ക്രമേണ ഊഷ്മളമാകുകയാണ്. സിഗററ്റ് വാങ്ങിക്കാനെന്നും പറഞ്ഞ് ഞാനവളുടെ അടുത്തുനിന്നും മാറിക്കളഞ്ഞു. ദൂരെ നിന്നും നോക്കിയപ്പോൾ അവളുടെ മുഖത്ത് ദുർബോധ്യമായ ഏതോ ഒരു ആകാംക്ഷ പടർന്നു പിടിക്കുന്നതു ഞാൻ കണ്ടു. ഇതൊരു പ്രശ്നമായിരിക്കുകയാണ്. എന്തു ചെയ്യണമെന്ന് നിശ്ചയമില്ല. യമുനയെ ലാളിക്കുവാനായി എന്റെ ശരീരത്തിലും സ്നേഹം നിറഞ്ഞു നിൽക്കുകയാണ്. പക്ഷേ ഇപ്പോൾ അതുപയോഗിക്കാമോ? മുമ്പു മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ ശരീരത്തിന്റെ ഭാഷയും പ്രയോഗിച്ചിട്ടുണ്ട്. അതു കഴിഞ്ഞു വേറൊരു ഭാഷയും അന്വേഷിച്ചു. കിട്ടിയിട്ടില്ല. തന്നിലോട്ടുതന്നെ വലിയാൻ തോന്നുന്നു. ഈ സമയം മറ്റൊരു വാക്കും പറയാതെ ശരീരത്തിന്റെ ഭാഷയിൽ സംസാരിക്കുക ശരിയാവില്ലല്ലോ.

ഈ യമുനയെ ഞാനെന്താ ചെയ്യുക? ഇപ്പോൾ എനിക്കു ലഹരിയില്ല, പ്രശ്നമില്ല, നെഞ്ചിൽ കഫമില്ല, പാപ ചിന്തയില്ല. യമുന എന്നിൽ വിപുലമായ ആഹ്ലാദം ഉണർത്തിയിരിക്കുന്നു. യമുന അറിയുന്നോ ഇല്ലയോ, അവളുടെ കണ്ണുകളിലേക്കു നോക്കി എനിക്ക് ഒത്തിരി സംസാരിക്കാൻ കഴിയും. ചില പ്പോൾ അവളുടെ കണ്ണുകൾ നിറയുന്നു. ചിലപ്പോൾ അവൾ ചിരിച്ചു കൊണ്ടുപറയുന്നു, പിന്നെ, ഇതെല്ലാം ഏട്ടൻ ഉണ്ടാക്കി പ്പറയണതാണ്. ശരിയാണ്, ഞാൻ ഇപ്പോൾ അവളോടു പലതും വലിച്ചുകെട്ടി പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ എൻെറ പറച്ചിലിൽ എന്നെ വലുതാക്കി കാണിക്കുവാനുള്ള ശ്രമമുണ്ട്. മെല്ലെമെല്ലെ എല്ലാം ശരിയാകും. ക്രമേണ ഞാൻ നിശ്ചയ മായും സത്യസന്ധനായി തീരും. ഇതേ വിധം വളരെ നാൾ പോകില്ല. ഞാൻ മനസ്സിലാക്കുന്നു. ജീവൻ ഒരേസ്ഥലത്ത് കെട്ടിക്കിടക്കുകയില്ല. ആഹ്, കെട്ടിക്കിടന്നിരുന്നെങ്കിൽ!

ഒരു ദിവസം പാട്ടുപഠിപ്പിക്കുന്ന സ്ക്കൂളിൻെറ മുമ്പിൽ ഞാൻ നിൽക്കുകയായിരുന്നു. യമുനയുടെകൂടെ സരസ്വ തിയും അവിടെ ബസ്സിൽ വന്നിറങ്ങി. യമുനയുടെ മുഖം വിളർത്തിരിക്കുന്നു, പേടിച്ചതുപോലെ. എനിക്ക് ഓടി രക്ഷ പ്പെടാൻ സന്ദർഭം കിട്ടിയില്ല. സരസ്വതി എന്നെ കണ്ടു കഴി ഞ്ഞിരുന്നു. സരസ്വതി പറഞ്ഞു, ഏട്ടനിവിടെ? ഞാൻ ഒരു കൂസലും കൂടാതെ പറഞ്ഞു, വെറുതെ ഇങ്ങനെ എവിടെ യാണു പോവുക എന്ന് വിചാരിക്കുകയാണ്.

സരസ്വതി പറഞ്ഞു, മുന്നീ, നീ പോ, ഞാൻ എട്ടുമണി ക്കുവന്ന് നിന്നെ കൂട്ടിക്കൊണ്ടു പോവാം.

യമുന പറഞ്ഞു, ചെറിയമ്മാവൻെറ വീട്ടിൽ പോവാൻ അമ്മ ചേച്ചിയോടു പറഞ്ഞതല്ലേ, പോയി വിവരം അറിയി ക്കണം.

സരസ്വതി തട്ടിക്കേറി, നീ പോ. എന്താ ചെയ്യേണ്ടതെ ന്നെനിക്കറിയാം.

യമുന പോയ ഉടനെ സരസ്വതി എന്നെ നോക്കി പറഞ്ഞു, വരൂ, പോകാം.

ഞാൻ മടുപ്പോടുകൂടി പറഞ്ഞു, എങ്ങോട്ട്?

– നടക്കു, എവിടെയെങ്കിലും ചുറ്റിയടിച്ചു വരാം. പാർക് സ്റ്റ്രീറ്റിൽ പോകുന്നോ? വളരെ നാളായി എക്സ്പ്രസോ

കാപ്പി കഴിച്ചിട്ട്, വാങ്ങിത്തരാമോ?

എനിക്കെൻെറതന്നെ കരണക്കുറ്റിയ്ക്കിട്ടടിക്കാൻ തോന്നി. എന്തിനാണ് ആദ്യം പറഞ്ഞത് എവിടെ പോവാനാണെന്ന്. നിഷ്പ്രയാസം പറയാമായിരുന്നു, എനിക്ക് പ്രധാനപ്പെട്ട ഒരു കാര്യം ചെയ്യാനുണ്ട്. ടാക്സി കാത്തു നിൽക്കുകയാണ്. ഇത്തരം ചെറിയ പിശകുകൾ ഒന്നുകൊണ്ടും എനിക്കു ഒഴിവാക്കാൻ പറ്റുന്നില്ല. സരസ്വതി ഉഗ്രൻ വസ്ത്രവും ഹൈ-ഹീൽ ചെരുപ്പുമിട്ടാണ് പുറപ്പെട്ടിരിക്കുന്നത്. ഈ പെണ്ണിനെ സുന്ദരിയെന്നാരെങ്കിലും വിശേഷിപ്പിക്കുമോ? നിരത്തിൽ ആബാലവൃദ്ധം ജനത അവളെ നോക്കുന്നുണ്ട്. പക്ഷേ അതിലെന്തുകാര്യം? രാജ്ഞി മുതൽ തോട്ടിവരെ. ഞാനും വഴിയിൽവച്ചു കണ്ടുമുട്ടുന്ന ഒരു സ്ത്രീയേയും നോക്കാതെ വിടാറില്ല. ആദ്യം മുഖവും മാറും, പിന്നെ സർവ്വാംഗം. പിന്നെ ഇഷ്ടപ്പെട്ടെങ്കിൽ വീണ്ടും മുഖം, പിന്നെ വീണ്ടും. ഇതാണല്ലോ പെണ്ണുങ്ങളെ നോക്കിക്കാണാനുളള ചിട്ട. സരസ്വതിയുടെ മാറും മൂക്കും പൊന്തി നിൽക്കുന്നു. അവളുടെ ആംഗ്യത്തിലും ചുണ്ടുകളിലും അനാശാസ്യമായ ഒരഹങ്കാരം കാണാം. ബ്ലൗസിൽകൂടി ബ്രേസിയർ കാണാം. ഞാനവളുടെ ഒരു മുലയിൽ കണ്ണുറപ്പിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കി ഉടനെ അവൾ സ്വല്പം തിരിഞ്ഞു നിന്ന് മാറിൻെറ മറ്റെവശം കാണിച്ചുതന്നു. ഇങ്ങനെ ഒരുത്തിക്ക് സുവിമൽ ഒരു ദിവസം ശരിക്കും കൊടുത്തു. മെട്രോ സിനിമാഹാളിൻെറ മുമ്പിൽ കൂടി ഞങ്ങൾ രണ്ടുപേരും നടന്നു വരികയായിരുന്നു. സുവിമൽ പ്രതിജ്ഞ എടുത്തിരുന്നു ഓരോ ദിവസവും ചുരുങ്ങിയ പക്ഷം ഒരു നല്ല കാര്യമെങ്കിലും ചെയ്യുമെന്ന്. പെട്ടെന്ന് സുവിമൽ പറഞ്ഞു. നില്ക്കൂ, ഞാൻ ഇന്നത്തെ ഗുഡ്ടേൺ ചെയ്തിട്ടുവരാം. ഞാൻ ആശ്ചര്യപ്പെട്ടു ചോദിച്ചു. ഇവിടെ നീ എന്തു പരോപകാരമാണ് ചെയ്യാൻ പോണത്? സുവിമൽ പറഞ്ഞു, നീ ഒന്നു മാറി നില്ക്ക്. ഞാനിപ്പോൾ വരാം. കൃഷ്ണപ്പരുന്തിൻെറതുപോലെ തീഷ്ണമാണ് സുവിമലിൻെറ കണ്ണ്. സിനിമാഹാളിൻെറയരികിൽ ഒരു സുന്ദരി നിൽക്കുന്നുണ്ടായിരുന്നു, ആരെയോ കാത്തുനിൽക്കുകയായിരുന്നിരിക്കും. കണ്ണുകളിൽ അക്ഷമത. അവളുടെ വസ്ത്രങ്ങൾ കണ്ടാൽ തോന്നും ദേഹം മുഴുവൻ ചായം പുരട്ടി

യിരിക്കുകയാണെന്ന്. ദേഹോപജീവിനിയാവാനും സാദ്ധ്യതയുണ്ട്. അവളുടെ കണ്ണിലും മൂക്കിലും ഈ ലോകത്തോടുള്ള പുച്ഛം ശരിക്കും കാണാം. പെണ്ണിൻെറ തോളുരുമ്മുന്ന വിധം അടുത്തെത്തി സുവിമൽ അവളോടു ചോദിച്ചു. ഞാ, ഇവിടെ? എന്താ വിശേഷം? സുവിമൽ അവൾക്കപരിചിതനാണ്. എന്നാലും അവളുടെ പുരികം ചുളിഞ്ഞില്ല, അലക്കിയെടുത്ത ധോത്തിയും പഞ്ചാബിയും ധരിച്ചരുന്നതിനാൽ സുവിമൽ കാർത്തിക മാസത്തിലെ കാർത്തികദേവനെപ്പോലെ സുമുഖനാണ്, സ്വരമാണെങ്കിൽ മധുരം. ദേഹമാകെ ഒരു തരം ശാന്തഗംഭീരമായ മാന്യതയുടെ ആവരണം. അവനെ കണ്ടാൽ ആരുപറയും പോക്കറ്റിൽ ഒരു പൈസ പോലും അവനില്ലെന്ന്. വാസ്തവത്തിൽ അവൻ മനുഷ്യരൂപം ധരിച്ച ഒരു ഭയങ്കര സാധനമാണ്. പെണ്ണ് പറഞ്ഞു, എനിക്കു ശരിക്കു പിടി..... സുവിമൽ വ്രണിതനായതുപോലെ വിശദീകരിച്ചു, നിങ്ങൾ ബാലിഗഞ്ചിലല്ലേ താമസിക്കുന്നത്? സംശയിച്ചു കൊണ്ടെന്നപോലെ അവൾ പറഞ്ഞു. ബാലിഗഞ്ചിൽ തന്നെ, പക്ഷേ–! നെടുവീർപ്പിട്ടുകൊണ്ടു സുവിമൽ പറയുകയാണ്, എന്നെ മനസ്സിലായില്ലേ! ഞാൻ നിങ്ങളുടെ വീട്ടിൽ എത്രയോ പ്രാവശ്യം- നിങ്ങളുടെ ചേട്ടൻ അമൽ എൻെറ വലിയ ഒരു സുഹൃത്താണ്. പെണ്ണിൻെറ മുഖം ഉജ്വലമായി, അവൾ പറഞ്ഞു, താങ്കൾക്കു തെറ്റു പറ്റി, ചേട്ടൻെറ പേര് അമൽ എന്നല്ലല്ലോ. സുവിമലിൻെറ മുഖം ഇരുണ്ടു. അവൻ പറഞ്ഞു, ക്ഷമിക്കണം. നിങ്ങളെ കാണാൻ ഇന്ദ്രാണിയെ പോലെ തന്നെയാണ്. ആ പെണ്ണിൻെറ മുഖത്തേക്ക് ഉറ്റു നോക്കിക്കൊണ്ടവൻ തുടർന്നു, അവൻെറ രണ്ടു കയ്യും പഞ്ചാബിയുടെ പോക്കറ്റിലാണ്, സംസാരത്തിൽ യാതൊരു ജാള്യതയുമില്ല. ഒരു കാര്യത്തിൽ ഇന്ദ്രാണിയുമായി നിങ്ങൾക്കു യോജിപ്പില്ല. നിങ്ങളുടെ മുഖത്ത് അഹങ്കാരം നിറഞ്ഞിരിക്കുന്നു. ഈ അഹങ്കാരം മാച്ചുകളഞ്ഞാൽ സത്യത്തിൽ നിങ്ങൾ ഇന്ദ്രാണിയെപ്പോലെ സുന്ദരിയായിത്തീരും. നിങ്ങളെന്നെ വിശ്വസിക്കണം. വരട്ടെ!

ഞാൻ സുവിമലിൻെറ കണ്ണുകളിൽക്കൂടി സരസ്വതിയെ നോക്കി. ഇന്നിനി യുമനയെ കണ്ടു മുട്ടാൻ തരമില്ല. എന്നാലും തെല്ലൊരു ആശയോടെ ചോദിച്ചു, നിങ്ങൾക്ക

മ്മാവൻെറ വീട്ടിൽ പോകേണ്ടേ?

സരസ്വതി ചുണ്ടു മലർത്തിക്കൊണ്ടു പറഞ്ഞു, അതു പിന്നെ കാണാം. വരൂന്നേ, എത്ര നാളായി വീട്ടിൽ നിന്നും പുറത്തിറങ്ങിയിട്ട്.

– വീട്ടിൽ നിന്നും ഇറങ്ങാറില്ലേ?

– അമ്മ വിടുകയില്ല. വീട്ടിൽ പോലീസ് നിയമമാണ് നടക്കുന്നത്. എന്നെ എന്തിനാണ് നിങ്ങൾ എന്നു വിളിക്കുന്നത്? മുമ്പ് നീ എന്നല്ലേ വിളിച്ചിരുന്നത്?

– ഓ, മറന്നു പോയി.

കാപ്പിക്കടയിൽ എനിക്കൊന്നും സംസാരിക്കേണ്ടി വന്നില്ല. സരസ്വതിക്കു തന്നെ വളരെയധികം സംസാരിക്കാനുണ്ടായിരുന്നു. എൻെറ ജോലി എന്താണ്? വൈകുന്നേരം ഞാനെന്തു ചെയ്യുന്നു? എനിക്കു കാമുകിയുണ്ടോ? വർത്തമാനം പറയുമ്പോൾ ഞാൻ മുഖം സ്വല്പം വലത്തോട്ടു തിരിച്ചു പിടിക്കാറുണ്ട്. അതൊരു കുസൃതിക്കാരൻെറ ലക്ഷണമാണു പോലും. എന്നെപ്പോലെ നാണം കുണുങ്ങികൾക്കു പെൺകുട്ടികളുമായി അടുക്കാൻ പ്രയാസമാണുപോലും. എന്തിനാണ് മീശവെച്ചിരിക്കുന്നത്? ഇക്കാലത്ത് മീശക്കാരെ പെൺകിടാങ്ങൾക്കിഷ്ടമില്ല. രാത്രി ഉറക്കമിളച്ച് വായിക്കുന്നതു കാരണമാണ് എൻെറ കണ്ണുകൾക്കു താഴെ കറുപ്പ്. ഞാൻ ആഴ്ചയിൽ ഒരിക്കലെങ്കിലും മുടി ഷാംപൂ കൊണ്ടു കഴുകാറുണ്ടല്ലോ? ഞാൻ മുമ്പ് ഫുട്ബാൾ കളിക്കാറുണ്ടായിരുന്നോ? ഉണ്ടായിരുന്നിരിക്കണം. ഏതായാലും എന്നെ കണ്ടാൽ സരസ്വതിക്കതു തോന്നാറുണ്ട്.

വീട്ടിൽ നിന്നു പുറത്തിറങ്ങാത്തതുകൊണ്ടാണോ സരസ്വതിക്ക് ഈ വാചാലത വന്നിരിക്കുന്നത്? ഞാൻ കണ്ടിട്ടുണ്ട്, കൂടുവിട്ട പക്ഷി നേരേ പറക്കുകയില്ല. പറന്നുയർന്നാൽ വലത്തോട്ടു തിരിയും. പിന്നെ പെട്ടെന്ന് ഇടത്തോട്ടു തിരിഞ്ഞു വളരെ ദൂരം പോകും. സരസ്വതിയും പറക്കുകയാണ്. പൊടുന്നനെ അവൾ ചോദിച്ചു, നിങ്ങൾ കിഴക്കൻ ബംഗാളിയല്ലേ?

ഞാൻ പറഞ്ഞു, അതെ. പക്ഷേ പെട്ടെന്ന് സരസ്വതി ഖുക്, ഖുക്, എന്ന സ്വരത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു അങ്ങനെ വരട്ടെ, കിഴക്കൻമാർ വലിയ ശാഠ്യക്കാരാണ്, തന്നെയല്ല–

– തന്നെയല്ല?

അങ്ങനെ ചിരിച്ചുകൊണ്ടു തന്നെ അവൾ തുടർന്നു, കേൾക്കണോ? അവർ വളരെ പാഷനേറ്റ് ആണ്.

ഞാൻ ചോദിച്ചു, കിഴക്കൻ ബംഗാളികൾ നീഗ്രോകളോ മറ്റോ ആണോ? കൂടാതെ നിങ്ങൾ ഇതെല്ലാമെങ്ങനെയറിഞ്ഞു? ഏതോ ഒരു രഹസ്യം അറിയാമെന്ന ഭാവം നടിച്ചുകൊണ്ട് അവൾ പറഞ്ഞു, എനിക്കറിയാം.

എനിക്കു ചിരിവന്നു. ഇതാൺപിള്ളേരെ പിടിക്കുന്ന പണിയാണല്ലോ! കുഴപ്പമായി. മൂക്കിൻെറ അറ്റത്ത് വിയർപ്പു തുളളി. കക്ഷം വിയർപ്പിൽ നനഞ്ഞിരിക്കണം. ഇതെല്ലാം എനിക്കറിയാവുന്ന വിദ്യയാണ്. അവളുടെ അച്ഛനമ്മമാർ ചെയ്യേണ്ട കാര്യം ഈ കുട്ടിയെ പിടിച്ചു വലിച്ചു ഉടനെ കല്യാണം നടത്തിക്കൊടുക്കുകയാണ്. അവൾ വിചാരിക്കുകയായിരിക്കും. ഈ സൗന്ദര്യം അത്ര എളുപ്പം അടിയറവയ്ക്കണമോ? ഇത്തിരി വിലസിയിട്ടുപോരേ? ഭ്രാന്തിപ്പെണ്ണേ, കൂടുതൽ കളിച്ചാൽ മുഖത്തെ തൊലിപോകും; കാലുളുക്കും– ആ കാര്യം ഓർമ്മയുണ്ടോ? ഞാൻ പറഞ്ഞു എണീക്കാം, എനിക്കു സ്വല്പം പണിയുണ്ട്.

കൊഞ്ചുന്നതുപോലെയുള്ള സ്വരത്തിൽ സരസ്വതി പറഞ്ഞു, എത്ര പണിയുണ്ടെങ്കിലും അമ്മാവൻെറ വീടു വരെ എൻെറകൂടെ വരണം. ഞാൻ ചോദിച്ചു, നിങ്ങളുടെ അമ്മാവൻെറ വീടെവിടെ?

– കാളിഘട്ട്.

നിരത്തിലിറങ്ങി ഞാൻ ടാക്സിയിലോട്ട് കണ്ണോടിച്ചതേയില്ല. ഇത്തരം ഒരു പെണ്ണുമായി ടാക്സിയിൽ കയറുന്നത്. ആപൽക്കരമാണ്. ഇരുപത്തിമൂന്നു ദിവസം മുമ്പ് നിരത്തിൽ വണ്ടി കാത്തുനിൽക്കുന്ന യമുനയെ ഞാൻ കണ്ടിരുന്നില്ലെങ്കിൽ ഇപ്രകാരം ജീവിതയാത്ര മാറ്റുവാൻ എനിക്കു തോന്നുമായിരുന്നില്ല. അല്ലെങ്കിൽ സരസ്വതീ, നിന്നെ ഞാനെന്തുചെയ്യുമായിരുന്നുവെന്ന് നിനക്കാലോചിക്കാൻപോലും സാദ്ധ്യമല്ല.

പാർക് സ്ട്രീറ്റിൽ കൂടി ചൗരാഗിയിലേക്കു നടക്കുമ്പോൾ ഞാൻ ചോദിച്ചു, നിങ്ങളുടെ ഏട്ടൻ പുറം നാട്ടിൽ സത്യത്തിൽ വിവാഹം കഴിച്ചുവോ?

ചുണ്ടു മലർത്തിക്കൊണ്ടു സരസ്വതി പറഞ്ഞു, ആർക്കറിയാം. എന്തെങ്കിലും കുഴപ്പത്തിൽ പെട്ടു കാണണം, കല്യാണം കഴിക്കാതെ നിവൃത്തിയില്ലാതെ വന്നിരിക്കും. അതിനെക്കുറിച്ചിത്ര ആലോചിക്കാനെന്തിരിക്കുന്നു? അമ്മയ്ക്കെല്ലാക്കാര്യത്തിലും വാശിയാണ്.

ഞാൻ വരുണിൻെറ മുഖം ഓർക്കാൻ പാടുപെട്ടു. പരീക്ഷയിൽ എല്ലാ സമയവും ഒന്നാമനായി പാസാകുമായിരുന്നു. മിനുക്കിയ പ്രതിമപോലെയുള്ള മുഖം. അയാളെന്തെങ്കിലും കുഴപ്പം കാട്ടിയിരിക്കുമോ? ആർക്കറിയാം. മുഖം നോക്കി ആളെ മനസ്സിലാക്കാൻ കഴിയുകയില്ല.

അല്പദൂരം നടന്നിട്ട് സരസ്വതി ഉറക്കെ വിളിച്ചു, സന്യാൽ ചേട്ടാ! ഒരു കാക്കി നിറത്തിലുള്ള ജീപ്പ് മുമ്പിൽ വന്നു നിന്നു. പിന്നെ ബാക് ചെയ്ത് ഞങ്ങളുടെ അടുത്തു വന്നു, പോലീസ് വണ്ടി. ഡഗ്ലാസ് സ്റ്റൈലിൽ മീശ വച്ചിരിക്കുന്ന ഇൻസ്പെക്ടർ മുഖം നീട്ടി പറഞ്ഞു, നീ ഇവിടെ? എന്താകാര്യം? അമ്മയ്ക്കു സുഖം തന്നെയാണല്ലോ?

-അമ്മയ്ക്കു ഭേദമുണ്ട്. നിങ്ങൾ ഞങ്ങളെ അറസ്റ്റു ചെയ്യുമോ? ചിരിച്ചുകൊണ്ടദ്ദേഹം ചോദിച്ചു, നിനക്കെങ്ങോട്ടാ പോകേണ്ടത്? സരസ്വതി കൊച്ചു കുട്ടിയെപ്പോലെ കൊഞ്ചി, ഞങ്ങളെ അറസ്റ്റു ചെയ്ത് കാളിഘട്ടിൽ കൊണ്ടുപോകാമോ?

ഞാൻ പറഞ്ഞു, എന്നാൽ ഞാൻ പോകട്ടെ. അവൾ അപേക്ഷിച്ചു, വരുന്നേ, പോലീസ് വണ്ടിയിൽ കേറാൻ നാണമാണോ? എന്താ വല്ല കുറ്റവും ചെയ്തിട്ടുണ്ടോ?

ഞാൻ ഒന്നും മിണ്ടാതെ ജീപ്പിൽ കയറിയിരുന്നു. സരസ്വതി എന്നെ പരിചയപ്പെടുത്തി, സന്യാലേട്ടാ, പരിചയപ്പെടുത്തട്ടെ, ഇത് എൻെറ ഏട്ടൻ-

കോളേജ് സ്ട്രൈക്കാണ്. അതിനാൽ ഉച്ചതിരിഞ്ഞ് യമുനയെ കാണാൻ ഒരു മാർഗ്ഗവുമില്ല. തുടർച്ചയായി രണ്ടു പാട്ടുക്ലാസ്സിലും യമുന വന്നില്ല. എനിക്കാണെങ്കിൽ വേറെ പണിയൊന്നുമില്ലല്ലോ, വൈകുന്നേരം ആറു മുതൽ എട്ടുവരെ സ്ക്കൂളിൻെറ മുൻപിൽ വടിപോലെ നില്ക്കുകയായിരുന്നു. എത്രയോ പെൺകുട്ടികൾ ഇറങ്ങി വരുന്നു. പലരും കാഴ്ചയിൽ യമുനയെപ്പോലെ, പക്ഷേ അവരാരും യമുനയല്ല. പുഴ

കളെല്ലാം കാണാനൊരുപോലെ, പക്ഷേ എല്ലാ പുഴയിലും കുളിച്ചാൽ പുണ്യം കിട്ടുകയില്ല. രണ്ടു മണിക്കൂർ നിരത്തിനരികിൽ കുത്തിനില്ക്കുക ഒരു തീരാവേദനയാണെന്ന് നേരത്തെ അറിയാമായിരുന്നില്ല. ഒരു സ്ഥലത്ത് തൂങ്ങിനില്ക്കുന്ന കാര്യത്തിൽ ഞാൻ റെക്കാർഡ് നേടിയിരിക്കുന്നതുപോലെ തോന്നി. സന്ന്യാസികൾ സൂര്യൻെറ നേരെ നോക്കി ഒരു കയ്യുയർത്തി തപസ്സ് ചെയ്യാറുണ്ടല്ലോ. ക്ഷമയിൽ ഞാനവരെ മറികടന്നിരിക്കുന്നു. ആ സന്ന്യാസികൾ അവസാനം എന്തെങ്കിലും നേടാറുണ്ടോ? ഞാനൊന്നുംതന്നെ നേടിയില്ല. റേലിംഗിൽ കയ്യും പിടിച്ചുകൊണ്ട് ഓരോന്നായി സിഗററ്റ് വലിക്കുന്നുവെന്നു മാത്രം. നിരത്തിലൂടെ മനുഷ്യർ നടന്നകലുന്നു. ഞാൻ മാത്രം ഒരിടത്ത് നില്ക്കുകയാണ്. പലരും എന്നെ നോക്കുന്നു. ഞാൻ പരാജയപ്പെട്ട ഒരു മനുഷ്യനാണെന്നവർക്കു തോന്നുന്നുണ്ടോ ആവോ.

എന്താണു ചെയ്യുക എന്നൊരു പിടിയുമില്ല. മുമ്പെല്ലാം ദിവസങ്ങൾ ഞാനെങ്ങനെയാണു ചിലവഴിച്ചിരുന്നതെന്ന് ഓർമ്മപോലുമില്ല. യമുനയെ കാണാൻ സാധിക്കാതെ ഇപ്പോൾ എൻെറ ചിന്ത ഇതുമാത്രമാണ്. വരുന്ന സന്ധ്യയും നീണ്ട രാത്രിയും ഞാൻ എന്താണ് ചെയ്യാൻ പോകുന്നത്? എവിടെ പോവാനാണ്? അരികിൽ നില്ക്കുന്ന വാകമരത്തോടു ഞാൻ ചോദിച്ചു, കാറ്റിൽ തലയാട്ടിക്കൊണ്ടു മരം പറഞ്ഞു, എനിക്കെന്തറിയാം. ഞാൻ ഒരിടത്തുപോകുന്നില്ലല്ലോ. ഞാൻ ഇവിടെ ഉറച്ചു നില്ക്കുകയാണ്. ഒരു നാൾ രണ്ടു പേരും ശ്മശാനത്തിലെത്തി കരിഞ്ഞു ചാമ്പലാവും.

നാശം എന്നു പറഞ്ഞു കൊണ്ടും എരിയുന്ന സിഗററ്റ് ഞാൻ മരത്തോടു ചേർത്തുപിടിച്ചു. എന്നിട്ടു പറഞ്ഞു, ഇപ്പോൾ നോക്കിക്കോ, എരിയുന്നതെങ്ങനെയാന്ന്.

യമുനയെ കണ്ടുമുട്ടിയില്ലെങ്കിൽ ഞാനെന്തു ചെയ്യും? ഇത്ര മാത്രം ഞാൻ മുങ്ങിയിരിക്കുകയാണെന്നെനിക്കുതന്നെ അറിയില്ലായിരുന്നു. ഒരു ദിവസം ധോത്തിയും ചെരുപ്പും ധരിച്ച് ഞാൻ ബസ്സിൽ യാത്ര ചെയ്യുകയായിരുന്നു. ഒരാൾ എൻെറ കാലിൽ ചവിട്ടി. വേദനകൊണ്ടു വികൃതമായ സ്വരത്തിൽ ഞാൻ മുറവിളി കൂട്ടി. ഇഡിയറ്റ്, കണ്ണു കാണാൻ കഴിവില്ലേ? അയാൾ കുറ്റവാളിയെപ്പോലെ പറഞ്ഞു, ക്ഷമി

ക്കണം. ഞാൻ കാണാഞ്ഞിട്ടാണ്. കാല് അപ്പോഴും വേദനിക്കുകയായിരുന്നു; ഞാൻ കർക്കശസ്വരത്തിൽ പറഞ്ഞു, നോൺസെൻസ്, എന്തുകൊണ്ടു കണ്ടില്ല? വിസ്മയത്തോടെ അയാളെ നോക്കി, ഒരു സാധു മനുഷ്യൻ, കയ്യിൽ ഭാരമുള്ള സഞ്ചി, വല്ല വാദ്ധ്യാരാണെന്നു തോന്നുന്നു, അപേക്ഷയുടെ ഭാവത്തിൽ അയാൾ പറഞ്ഞു, ആൾക്കൂട്ടത്തിൽ വാസ്തവം ശരിക്കു കാണാൻ പറ്റിയില്ല. എന്നെ വിശ്വസിക്കൂ, മന:പൂർവ്വം ആരെയെങ്കിലും- എനിക്കു സഹികെട്ടു പറഞ്ഞു, മതി, ഇനിയും പുലമ്പേണ്ട. അയാൾ എന്നെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ എൻെറ ദേഷ്യവും കൂടി വരുകയായിരുന്നു. എൻെറ കർക്കശ സ്വരം കേട്ടു പലരോടൊപ്പം ഒരു പെൺകുട്ടിയും തിരിഞ്ഞെന്നെ നോക്കി. യമുനയുമായി അവൾക്കൊരു സാമ്യവുമില്ല. കറുത്തു മുഖംവീർത്ത ഒരു പെണ്ണ്. എങ്കിലും ഒരു നിമിഷം ഞാൻ യമുനയെ ഓർത്തുപോയി. ഈ പെണ്ണിൻെറ ആശ്ചര്യചകിതമായ കണ്ണുകളിലൂടെ യമുന പറയുകയാണെന്നു തോന്നി. ഛി, ഇങ്ങനെ പെരുമാററരുത്. ആരും മന:പൂർവ്വം ബസ്സിൽ മറ്റൊരാളെ ചവിട്ടാറില്ല, ഇതറിഞ്ഞുകൂടെ? എല്ലാവരും എനിക്കെതിരാണ്. ഞാൻ യമുനയെ ഉദ്ദേശിച്ച് മനസാ പറഞ്ഞു, ഞാനിഷ്ടമുള്ളതു പറയും, ഇനിയും പറയും. നീ എന്തുകൊണ്ട് എന്നെ വന്നു കാണുന്നില്ല? ഞാൻ മുമ്പു ബസ്സിലും ട്രാമിലും ഇങ്ങനെ വഴക്കുകൂടുമായിരുന്നോ? ഞാനിതിനു മുമ്പ് വയസ്സു കൂടിയവരെ നീ എന്നു വിളിക്കുമായിരുന്നോ? ഇപ്പോൾ തോന്നുന്നതു ചെയ്യും. നീ എന്താ എന്നെ വന്നു കാണാത്തത്?

ഒരു ദിവസം ആഫീസിൽ വച്ച് വല്യേടത്തിയുടെ ഭർത്താവ് എന്നെ വിളിച്ചു ചോദിച്ചു. നീ വനമാലിബാബുവിനെ വയസ്സൻ കഴുവെന്നു വിളിച്ചോ? ഛി. എന്നോടു ആവലാതി പറയാൻ വന്നപ്പോൾ അയാൾ കരയുകയായിരുന്നു. വയസ്സായി, പണി ചെയ്യുമ്പോൾ ചെറിയ പിശകു പറ്റിയേക്കാം. അതു പറഞ്ഞു വൃത്തികെട്ട ഭാഷയിൽ ശകാരിക്കുകയെന്നോ? ഛി, ഛി.

യാതൊരു മറുപടിയും പറയാതെ കണ്ണു താഴ്ത്തി ഞാൻ നിന്നു. എൻെറ ശരീരം മുഴുവനും പരിഭവം നിറഞ്ഞിരുന്നു. ഞാൻ മനസ്സിൽ പറഞ്ഞു, പറഞ്ഞെങ്കിൽ നന്നായി. ഞാനിനിയും അയാളെ കിഴവൻ കഴുവെന്നു വിളിക്കും. പന്നിക്കുട്ടി,

ആട്ടിൻ ചാണകം, എച്ചിലില, ആസ്മാരോഗിയുടെ ശ്വാസം – എന്നെല്ലാം പറഞ്ഞ് ആൾക്കാരെ ശകാരിക്കും, യമുനയെ കാണുന്നതുവരെ. യമുനയെ ഞാനിനിയും കാണുകയില്ലേ?

യമുനയുടെ വീടിൻെറ പുറത്ത് ചുറ്റിക്കറങ്ങുകയായിരുന്നു, മനഃപൂർവ്വം ഉള്ളിൽ പോയില്ല; ചുവരെഴുത്തെല്ലാം വായിച്ചുതീർന്നപ്പോൾ യമുന വീട്ടിൽനിന്നും പുറത്തിറങ്ങുന്നതു കണ്ടു. കൂടെ രണ്ടു പെൺ കുട്ടികൾ. കൊള്ളാം, ഈ സന്ധ്യാസമയം മനോഹരമാണ്. യമുനയെ കണ്ട ഉടനെ മനസ്സ് പ്രസന്നമായി. എന്നിരുന്നാലും ഞാനീ ശരീരത്തെ കൊതിച്ചില്ലല്ലോ. ഈ സുന്ദരമായ ദേഹത്തിൻെറ എല്ലാ മടക്കുകളും ഇനിയും നിവർന്നിട്ടില്ല. ഈ പുതുശരീരത്തിൽ എനിക്കു കൊതിയില്ല. ഞാനിതിൻെറ മധുരം മാത്രമാണ് ആവശ്യപ്പെടുന്നുത്.

എന്നെ കാണാതെ അവർ നിരത്തിലൂടെ തിരക്കിട്ട് ബസ് സേ്റ്റാപ്പിലേക്കു നടക്കുകയാണ്. പെട്ടെന്ന് ബസ്സിൽ കയറുകയാണെങ്കിൽ എൻെറ യമുനയെ എനിക്കു നഷ്ടപ്പെടും. ഞാൻ വേഗം നടന്ന് അവരുടെ അടുത്തെത്തി, നടത്തത്തിൻെറ വേഗത കുറച്ചു ചോദിച്ചു, എങ്ങോട്ടാണ്? എന്തോ എൻെറ ശബ്ദത്തിലെന്തെങ്കിലും അസ്വാഭാവികത ഉണ്ടായിരുന്നിരിക്കാം, യമുന ഞെട്ടിയതുപോലെ പിന്നിലോട്ടു നോക്കി. പിന്നെ എന്നെ കണ്ടയുടൻ നടത്തം നിർത്തി ചോദിച്ചു. ഞങ്ങളുടെ വീട്ടിൽ പോവുകയായിരുന്നോ?

– വീട്ടിൽ ചെന്നാലും നിന്നെ കാണാൻ പറ്റൂല്ലാലോ? ഒരു ദിവസം ചെന്നപ്പോൾ നീ ഇല്ലായിരുന്നു. ഇപ്പോൾ എവിടെ പോകുന്നു? റിഹേഴ്സൽ?

– അല്ല, സിനിമക്ക്, ടിക്കറ്റ് നേരത്തെ വാങ്ങിയിട്ടുണ്ട്.

എനിക്കു പറയാൻ തോന്നി. ഇന്നു സിനിമക്കു പോകരുത്. പക്ഷേ അങ്ങനെ പറയാൻ പറ്റൂല്ലല്ലോ. അതുകാരണം ഞാൻ ധൃതിയിൽ ചോദിച്ചു, എവിടെ, ചൗരങ്കിയിലാണോ? താമസിക്കും, ബസ്സിൽ കേറിക്കോ.

– ഉം, ഞങ്ങളെ കാത്ത് അവിടെ കുറെയാളുകൾ കാണും. യമുന കൂട്ടുകാരെ വിട്ട് എൻെറ അടുത്തുവന്നു പറഞ്ഞു, സുനിലേട്ടാ, ഞങ്ങളുടെ കൂടെ വന്നുകൂടെ?

– പറ്റില്ല, നിൻെറ കൂട്ടുകാരുടെകൂടെ അവിടെ ഞാനെ

ന്തിനു വരുന്നു? അവർക്ക് അസഹ്യത തോന്നും.

-അങ്ങനെയൊന്നുമില്ല. ഏട്ടനെ ഞാനെല്ലാവർക്കും പരിചയപ്പെടുത്തിക്കൊള്ളാം. ഇവർ അർച്ചനയും നവനീതയുമാണ്. എന്റെ സഹപാഠികളാണ്. നവനീതാ. നിന്നോടു ഞാൻ സുനിലേട്ടന്റെ കാര്യം പറയാറില്ലേ. വരൂന്നേ, ഏട്ടന്റെ കൂടെ ഞാൻ സിനിമ ഒരിക്കലും കണ്ടിട്ടില്ലല്ലോ.

- വേണ്ട കുട്ടി, പിന്നെ ഒരു ദിവസമാകാം.

- പിന്നെയും കുട്ടിയെന്ന് വിളിക്കുകയാണോ?

നവനീത എന്നു പേരുള്ള പെൺകുട്ടി പറഞ്ഞു, ബസ്സ് വരുന്നു. ഇതിൽ കേറണോ?

യമുന എന്നെ നോക്കി. ഞാൻ പറയാൻ പോകുകയായിരുന്നു. ഞാനും ആ വഴിക്കുണ്ട്. നിങ്ങളുടെകൂടെ ബസ്സിൽ പോയ്കളയാം. പക്ഷേ അതിനുപകരം ഞാൻ പറഞ്ഞു, യമുനേ, ബസ് സ്റ്റോപ്പുവരെ ഞാനും വരാം.

- ഏട്ടനങ്ങോട്ടുതന്നെയാണോ പോകുന്നുത്?

- എനിക്കേതെങ്കിലും ദിക്കിലേക്കു പോയാൽ മതി.

ബസ്സിന്റെ രണ്ടാം നിലയിൽ രണ്ടു സീറ്റു വിട്ട് ആളെണീറ്റപ്പോൾ ഞാനും യമുനയും അവിടെ ഇരുന്നു. ശരീരം സ്പർശിക്കാതെ നിവൃത്തിയില്ല. യമുനയുടെ ദേഹത്തിന്റെ സാമീപ്യം അനുഭവിച്ചതോടെ ഞാൻ പ്രസന്നനായി. നിശ്വാസത്തിനോടൊപ്പം അവളുടെ നെഞ്ച് ഉയരുകയും താഴുകയും ചെയ്യുന്നു. ശരീരമാകെ സുഗന്ധം. ഞാൻ ചോദിച്ചു. ഒത്തിരി സെന്റ് പുരട്ടിയിട്ടുണ്ടല്ലോ? അവൾ ആശ്ചര്യപ്പെട്ടതുപോലെ പറഞ്ഞു. ഇതുകൊള്ളാം. സിനിമക്കുപോകുമ്പോൾ സെന്റ് പുരട്ടണമല്ലോ.

ചിരിച്ചുകൊണ്ടു ഞാൻ പറഞ്ഞു, സിനിമക്കു പോകുമ്പോൾ സെന്റ് പുരട്ടണമെന്ന് നിയമമുണ്ടോ?

- എല്ലാവരും പുരട്ടാറുണ്ട്.

- നീ എന്താ പാട്ടു പഠിക്കാൻ പോകാത്തത്?

- അമ്മ പറയുകയാണ്, ഒരു മാസം പാട്ടു പഠിക്കേണ്ട. കോളേജ് പരീക്ഷ വരുന്നു.

- സിനിമക്കു പോകാം, പാട്ടു പഠിക്കാൻ പോയാലേ നഷ്ടമുള്ളൂ?

യമുന പരിഭവസ്വരത്തിൽ പറഞ്ഞു, എന്നെ ഏട്ടൻ ശകാ

രിക്കുകയാണോ? ഞാനെന്തു ദോഷം ചെയ്തു?

ഏയ് ശകാരിച്ചില്ലല്ലോ. ഞാൻ നിന്നെ ശകാരിച്ചില്ലല്ലോ. അവളുടെ മുടിയിൽ വിരലോടിച്ചുകൊണ്ടു പറയാൻ തോന്നി, പൈങ്കിളി, നിന്നെ ഞാൻ ശകാരിച്ചില്ല, നിന്നോടു ഞാനെങ്ങനെ ദേഷ്യപ്പെടാനാണ്? ചുറ്റും ആൾക്കാർ വായും പൊളിച്ചു നോക്കിനില്ക്കുകയാണ്. വേറെയൊന്നും കാണാനില്ലാത്തതുപോലെ എല്ലാവരുടെയും കണ്ണും കാതും ഇങ്ങോട്ടു തിരിച്ചു വച്ചിരിക്കുകയാണ്. അടുത്ത സീറ്റിൽ രണ്ടു രസികൻ പെൺകുട്ടികളിരിക്കുന്നു. ദരിദ്രവാസികൾക്കങ്ങോട്ടു നോക്കരുതോ? അല്ല, രണ്ടു പെൺകുട്ടികളെക്കാൾ ഇൻടറസ്റ്റിംഗ് ആണ് ഒരാണും ഒരു പെണ്ണും. അവർക്ക് ഏകാന്തതയുടെ ഒരു മുഹൂർത്തവും കൊടുത്തുകൂട. അവരെ കണ്ണും തള്ളി നോക്കി നില്ക്കണം. ഞാൻ ക്രോധത്തിൻെറതായ ഒരു ദീർഘനിശ്വാസമിട്ടു.

ബസ്സ് വേഗത്തിലോടുകയാണ്, ഉടനെ എത്തും. സമയമില്ല, സമയമില്ല. സ്വരം കഴിയുന്നത്ര മൃദുവാക്കിക്കൊണ്ടു ഞാൻ പറഞ്ഞു, യമുനേ, നിന്നെ കാണാൻ എനിക്ക് എപ്പോഴും ആഗ്രഹം തോന്നാറുണ്ട്.

ജനാലയിൽകൂടി പുറത്തോട്ടു നോക്കി യമുന മൃദുസ്വരത്തിൽ ഉരുവിട്ടു, എനിക്കും.

– നിന്നെ കാണുക എൻെറ വലിയ ഒരാവശ്യമായി വന്നിരിക്കുന്നു.

– ചേച്ചിയുടെ മേൽനോട്ടം കൂടിയിരിക്കുകയാണ്. എനിക്കൊട്ടും പിടിക്കുന്നില്ല.

– പക്ഷേ എൻെറ ആവശ്യം.

– ഇപ്പോൾ എന്നെ ഒറ്റക്ക് പുറത്തു വിടാറില്ല.

അങ്ങേ വശത്തുള്ള സീറ്റിൽ നിന്നും അർച്ചന ഉറക്കെ പറഞ്ഞു, യമുനേ, നോക്ക്, ടി.കെ. പി. അവിടെ നില്ക്കുന്നു. ഞാൻ പറഞ്ഞില്ലേ കല്യാണം കഴിഞ്ഞെന്ന്, കൂടെ ഭാര്യയുമുണ്ട്.

യമുന തിരക്കിട്ടു പുറത്തേക്ക് നോക്കി ചോദിച്ചു, എവിടെ, എവിടെ? ബസ്സ് നിന്നപ്പോൾ ഞാൻ കാലു മാറ്റി കൊടുത്തു, യമുന സീറ്റു വിട്ടെണീറ്റ് അങ്ങേവശത്തുള്ള ജനാലക്കടുത്തേക്ക് ഓടി. ഞാൻ ചോദിച്ചു, ആരാണീ ടി.കെ.പി?

– ഞങ്ങളുടെ ഇംഗ്ലീഷ് പ്രൊഫസർ.

– ഏതായാലും ഭാര്യക്ക് പൊരുത്തമില്ല. ടി.കെ.പി. എത്ര ഹാൻറ്സം.

– നീ പോ. ഭാര്യയും വളരെ സ്മാർട്ടാണ്.

– ഭാര്യയും പ്രൊഫസറാണ്. ബെഥൂൺ കോളേജിൽ.

– ഏ, അത്ര തല കുലുക്കണ്ട. നമ്മളെ കണ്ടുകളയും.

– കാണട്ടെ.

മൂന്നു പെൺകുട്ടികളും കശപിശ സംസാരം തുടങ്ങി. എവിടത്തെ ഏതോ ഒരു ഇംഗ്ലീഷ് പ്രൊഫസർ ചെക്കൻ, അവൻ കാരണവും സമയം നഷ്ടം. അവനും എന്റെ ശത്രു ആയിരിക്കുകയാണ്. യമുന ബ്രബോൺ കോളേജിലാണ് പഠിക്കുന്നത്. അവിടെയും ആൺ ലെക്ചറന്മാർ പഠിപ്പിക്കുന്നുണ്ടോ? അല്ലെങ്കിൽ വല്ല കോച്ചിംഗ് ക്ലാസിലെ മാസ്റ്ററായിരിക്കും, അതുമല്ലെങ്കിൽ പ്രൈവറ്റ് ട്യൂട്ടർ. ഏതായാലും അയാൾ എന്റെ വിലപിടിച്ച സമയം നഷ്ടപ്പെടുത്തുകയാണ്. ഞാൻ നീരസപ്പെട്ട മുഖവുമായി കുത്തിയിരുന്നു. ഓരോ മുഹൂർത്തവും മൈൽക്കുറ്റിപോലെ ദൂരെ ദൂരെ ആണ്. പിന്നെ ഞാൻ മനസ്സിനെ പറഞ്ഞു ധരിപ്പിക്കാൻ നോക്കി. കുറ്റമെന്തേറതാണ്. കോളേജിലെ ഒന്നാം വർഷത്തിൽ പഠിക്കുന്ന കുറേ പെൺകുട്ടികൾ സിനിമാ കാണാൻ പോകുന്നു. അവർ ഓരോ തമാശ പറയുന്നു, ചെക്കൻ പ്രൊഫസറുടെ കല്യാണം കഴിഞ്ഞോ ഇല്ലയോ എന്ന് ചർച്ച നടത്തുന്നു. അവർ സായ്രാബാനു-ദിലീപ് കുമാർ മാരെ കുറിച്ചും സംസാരിക്കും. ഇതു സ്വഭാവികം മാത്രമാണ്. ഇടക്കു കേറി ഞാൻ മെനക്കെട്ട് സംസാരിക്കുന്നതാണ് അസ്വാഭാവികം. എന്റെ സ്വാർത്ഥചിന്തയാണ്. എനിക്കാവശ്യം യമുനയെ തനിയെ കാണുകയാണ്, സമയോചിതമായി ഇക്കാര്യം മനസ്സിലാക്കിയതോടെ എന്റെ അരിശം തീർന്നു. സുസ്മേരവദനനായി ഞാൻ അവരുടെ നേരെ നോക്കിയിരുന്നു.

സ്റ്റോപ്പിൽ അവരിറങ്ങിയപ്പോൾ ഞാൻ കൂടെ ഇറങ്ങിയില്ല. ഞാൻ ഇരുന്നിടത്തു തന്നെ ഇരിപ്പുറപ്പിച്ചു. കോണി ഇറങ്ങുമ്പോൾ പെട്ടെന്ന് നിന്ന് എന്റെ നേരെ നോക്കി യമുന പറഞ്ഞു, വരട്ടെ. ആ സമയത്ത് അവളുടെ മുടി ഉലഞ്ഞത് എത്ര മനോഹരമായിട്ടാണ്. സാരിയുടെ തലപ്പ്

ഇടതുകൈയിൽ അമർത്തിപ്പിടിച്ചിട്ടുണ്ട്. ഞാനും ചിരിച്ചു കൊണ്ടു പറഞ്ഞു, വേഗം ഇറങ്ങിക്കോ, വണ്ടിവിടും. യമുന എന്നിട്ടും ഒന്നു രണ്ടു സെക്കൻറ് എന്നെ നോക്കി നിന്നു, പിന്നെ ആകസ്മികമായി തൊണ്ടയിൽ നിന്നുള്ള സ്വരത്തിൽ പരിഭവം കലർത്തി പറഞ്ഞു, സുനിലേട്ടൻ എനിക്കൊരെഴു ത്തെഴുതിയില്ലല്ലോ! ഇതും പറഞ്ഞവൾ ഇറങ്ങിപ്പോയി.

എഴുത്തെഴുതിയില്ലല്ലോ! ഈ വാക്കുകളുടെ അർത്ഥമെ ന്താണ്? ഇത്രയധികം കുഴപ്പങ്ങൾക്കുശേഷം ഈ വയസ്സിൽ ഞാൻ പ്രേമലേഖനമെഴുതി ഒരാളെ സ്നേഹിക്കണമെന്നോ? ആഹ്, യമുന പറഞ്ഞ ഈ എഴുത്തിൻെറ കാര്യം മനസ്സിലാ കുന്നില്ല, പക്ഷേ അവളുടെ ആ വിടവാങ്ങൽ സമയത്തുള്ള ഉറ്റുനോക്കൽ എൻെറ പൾസ്റേറ്റ് കൂട്ടിയിരിക്കുന്നു. ആഹാ, ഈ കാറ്റിനിപ്പോൾ കനം കുറവാണ്, നിഷ്പ്രയാസം ശ്വസിച്ച് നെഞ്ചു നിറക്കാം.

കുറെ സമയം ഓടിയതിനുശേഷം ബസ്സ് ഒരു ട്രാഫിക് ബ്ലോക്കിൽ അകപ്പെട്ടു. ഭാഗ്യം. നേരത്തെ ഇതു സംഭവിച്ചില്ല. അല്ലെങ്കിൽ യമുനക്ക് സിനിമക്കെത്താൻ സാധിക്കുമായി രുന്നില്ല. ആഹ്, ആ പെൺകുട്ടികൾ കളിച്ചും ചിരിച്ചും കൊണ്ട് കളർ പടം കാണട്ടെ! ജനാലയിൽകൂടി പുറത്തോട്ടു നോക്കിയപ്പോൾ ഒരു പരിചിതനെ കണ്ടു, ആഫീസിലെ വന മാലി ബാബു. രണ്ടു കുട്ടികളുടെ കയ്യും പിടിച്ചുകൊണ്ട് നിരത്തു വക്കിൽ ചില്ലറ വില്ക്കുന്ന തുണി വാങ്ങിക്കു കയാണ്. ഇയാളെ ഞാൻ കിഴവൻ കഴുവെന്നു വിളിച്ചിരു ന്നെന്നോർക്കുമ്പോൾ ചിരിവരുന്നു. വനമാലി ബാബുവിനെ കണ്ടാൽ തോന്നും മുമ്പ് അയാളുടെ ശരീരം ആരോഗ്യം നിറഞ്ഞതായിരുന്നു, വയസ്സായപ്പോൾ മെലിഞ്ഞതാണ് എന്ന്. രണ്ടു വശവും ചുമല് പൊന്തി വരുന്നു. കണ്ണടയുടെ പവറും കൂടി വരികയാണ്. എല്ലാംകൂടി ഒരു കഴുവിൻെറ മട്ടുണ്ട് എന്നുള്ളതു ശരിയാണ്. ശരിക്കു കാഴ്ചയില്ലാത്തതുകാ രണം ആഫീസ് ജോലിയിൽ അയാൾക്കിടക്കിടക്ക് പിശകു വരാറുണ്ട്. മുഖത്ത് എല്ലാ സമയവും ഒരു കുറ്റബോധം കാണാം. പക്ഷേ കുട്ടികളുടെ കയ്യും പിടിച്ചുകൊണ്ട് കാണ പ്പെടുന്ന ഈ സമയത്ത് അയാളുടെ മുഖഭാവം വേറെയാണ്. അയാൾ ആശ്രയദാതാവും രക്ഷകർത്താവുമാണ്. അയാൾ

പ്രശാന്ത ഗംഭീരമായ ഭാവത്തിലാണ് പീടികക്കാരനോടു സംസാരിക്കുന്നത്. ഇപ്പോൾ ഇയാൾ വേറെ ഒരാളായിതീർന്നിരിക്കുന്നു. പൊടുന്നനെ എനിക്കുതോന്നുന്നു ബസ്സിൽ നിന്നിറങ്ങി അയാളോടു മാപ്പു ചോദിച്ചു കളയാം എന്ന്. ഞാൻ സ്വല്പം എണീറ്റതുമാണ്, പിന്നെ എന്തോ വിചാരിച്ച് വീണ്ടും ഇരുന്നു. കാര്യം നാടകീയമായിവരും, അയാൾ പരിഭ്രമിച്ചു പോകും. അയാളുടെ മുഖത്ത് വീണ്ടും ആ ദയനീയഭാവം കാണപ്പെടും. എന്റെ ക്ഷമായാചനം സന്തോഷിപ്പിക്കുന്നതിനു പകരം അയാളെ കൂടുതൽ വിഷമിപ്പിക്കുമായിരിക്കും. ചേച്ചിയുടെ ഭർത്താവ് എന്നെ ശകാരിച്ച കാര്യം അയാൾ അറിഞ്ഞു കാണണം. അതയാളെ ആഹ്ലാദിപ്പിച്ചിരിക്കണം, നിശ്ചയമായും ഞാൻ മനസ്സിൽ മാപ്പു ചോദിച്ചാലും മതി. ജനാലയിലൂടെ ഞാൻ അയാളെ നോക്കിയിരുന്നു. വനമാലി ബാബു, ഞാൻ അത്ര മോശക്കാരനൊന്നുമല്ല. ദേഷ്യപ്പെട്ട് പറഞ്ഞതാണ്. മാപ്പു തരൂ. ദേഷ്യം വന്നാൽ ഒരു മനുഷ്യൻ തെറ്റു ചെയ്യും. യമുനയെ കാണാത്തതു കാരണം എന്റെ പെരുമാറ്റം ചീത്തയായതാണ്. യമുനയെ കുറെ പ്രാവശ്യം തനിയെ കാണാൻ കഴിഞ്ഞാൽ ഞാൻ പരിപൂർണ്ണമായും മാറിപ്പോകും.

തനിയെ എവിടെയാണു കാണുക? പാട്ടു പഠിക്കാൻ യമുന പോകുന്നില്ല; കോളേജും മുടക്കാണ്. എവിടെ കിട്ടാനാണ് യമുനയെ?

കുറെ ദിവസം യമുനയെ കാണാതിരുന്നതുകാരണം എന്റെ കാല്പത്തിയിൽ ചൊറിച്ചിൽ തുടങ്ങി. യമുനയുടെ കൂടെയുള്ള സമയം തോന്നും, ഞാൻ വെറും കാലിൽ മൃദുവായ പുൽത്തകിടിമേൽ നടക്കുകയാണ്. ചുറ്റുപാടും പച്ച മരങ്ങളുടെ സുഗന്ധം ഉണ്ട് എന്നെല്ലാം. ഇപ്പോൾ ആൾക്കൂട്ടത്തിലെ മനുഷ്യരുടെ തപ്തനിശ്വാസം എന്റെ മേൽ തട്ടാൻ തുടങ്ങി. നൈലോൺ സോക്സിന്റെ സ്പർശത്താൽ കാൽപത്തി മണക്കാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ യമുനയെ കിട്ടാനായി എന്തു ചെയ്യണമെന്ന് ഒരറിവുമില്ല. ഒരു പതിനാറുകാരിയെയാണ് എനിക്കാവശ്യം. എനിക്കു മാത്രമായി- ഇക്കാര്യം ഈ ലോകത്തിലാരെങ്കിലും വിശ്വസിക്കുമോ? ഒന്നും ആലോചിക്കാതെ യമുനയുടെ വീട്ടിലോട്ട്

ടെലിഫോൺ ചെയ്തു. പിന്നെയും ചെറിയ ഒരു തെറ്റുപറ്റി. എന്തുചെയ്യാം. യമുനയോടു മാത്രമേ സത്യം പറയാൻ കഴിയൂ. മറ്റെല്ലാവരും സത്യം കേട്ടാൽ തെറ്റിദ്ധരിക്കും. ടെലിഫോൺ ഒരു പ്രാവശ്യം റിംഗ് ചെയ്തതിനു പിന്നിൽ ഒരു ഗാംഭീര്യ മാർന്ന പുരുഷശബ്ദം, യെസ്. ജഗദീശ് റായ് സംസാരിക്കു കയാണ്. ഒരു നിമിഷം ആലോചിച്ചു, യമുനയെ വിളിക്കാൻ പറയാമോ എന്ന്. എനിക്ക് സംസാരിക്കേണ്ടതവളോടാണ്. പക്ഷേ അങ്ങനെ പറയരുതല്ലോ. ഞാൻ വെറുതെ ഒരു നമ്പർ പറഞ്ഞു. ഇതാണോ വീട്? വീണ്ടും ആ ഗംഭീര ശബ്ദം- അല്ല.

പിറ്റേ ദിവസം ശനിയാഴ്ചയായിരുന്നു. ഞാൻ ഉച്ച കഴിഞ്ഞ് ജാദവ്പൂരിൽ സുവിമലിന്റെ വീട്ടിലെത്തി. കുറെ ദിവസമായി ഏകാന്തത എന്റെ നെഞ്ചിലൊരു ഭാരമായി വന്നിരിക്കുന്നു. സുവിമൽ നിശ്ശബ്ദനായിരുന്ന് സിഗററ്റു വലിക്കുന്നു, കട്ടി ലിൽ കടലാസു പത്രങ്ങൾ ചിതറിക്കിടക്കുന്നു. എന്തോ എഴു താൻ ശ്രമിക്കുകയാണെന്നു തോന്നുന്നു. വഴിയോരത്തുള്ള കാന മറികടന്ന് ഞാൻ ജനാലയിൽകൂടി ഉള്ളിലേക്കു നോക്കി. എടോ, എന്നു വിളിച്ചു. മുറിക്കുള്ളിൽ കയറിയപ്പോൾ സുവി മൽ ചോദിച്ചു, എന്താ സംഭവം, നീയും ശേഖറും ഒളിവി ലാണോ?

ഞാൻ പറഞ്ഞു, ആരാണൊളിവിൽ"

സുവിമൽ ഡ്രോയർ തുറന്ന് സിഗററ്റു തപ്പിക്കൊണ്ടു പറഞ്ഞു, അറിയാമെടൊ, എല്ലാമറിയാം. നീ ഒരു കുഞ്ഞുപെ ൺകുട്ടിയുമായി ഏതോ ഒരേർപ്പാടിലാണ്. ശേഖറാണെങ്കിൽ ഒരു പാട്ടുകാരിയുമായി രസിക്കുകയാണ്.

- നീ ഇതെല്ലാം എവിടെ കേട്ടു?

- അവിനാശിന്റെയടുത്ത്.

- ആ തെമ്മാടിയുടെ വിവരമെന്താണ്?

- അവനിപ്പോൾ ശേഖറിനെ മണിയടിക്കുകയാണ്. ശേഖ റിന്റെ കാര്യം കഷ്ടമാണ്. എൽ.എസ്.ഡി. ഫെൽ.എസ്.ഡി. ഇതൊക്കെ അകത്താക്കി, ഇപ്പോൾ എന്നും തലകറക്കമാണ്. നടക്കുമ്പോൾ വീഴ്ചയാണ്, എന്നാലും വീട്ടിൽ തിരിച്ചു വരൂലാ പോലും. ആ വൃത്തികെട്ട പെണ്ണിന്റെ ഹരം പിടിച്ചി രിക്കയാണ്. ആ പെണ്ണോ, മകനേ മകനേ, എന്നും പറഞ്ഞ്

മുറവിളി കൂട്ടുന്നു. ഇന്നലെ പരിതോഷിനെ കണ്ടു. അവന്റെ അമ്മക്ക് പൂജാമുറിയിൽ ബോധോദയം ഉണ്ടായിപോലും. ശേഖർ അവരോടു നുണ പറഞ്ഞെന്ന്. വല്ലാത്ത കരച്ചിലാണ്. അത്ഭുതം, ശേഖറിന്റെ അമ്മ മകനെയോർത്ത് കരയുന്നു. അപ്പോൾ ശേഖർ വേറൊരു സ്ത്രീയുടെ മകനെ തിരഞ്ഞ് പരക്കം പായുന്നു. ഒരു നാടകം എഴുതിയാലെന്താണെന്നാലോചിക്കുകയാണ്. ആ സ്ത്രീയുടെ സ്വഭാവവും അത്ഭുതം തന്നെ. ഞാൻ -

– നിർത്ത് ഇതൊന്നും ഇപ്പോൾ എനിക്കു കേൾക്കണ്ട.

– നിനക്കാ സ്ത്രീയുടെ എല്ലാ വിവരവും അറിയാമോ?

– അറിയാം.

– ഞാൻ കുറെ ദിവസം മുമ്പ് വീണയുടെ വീട്ടിൽ പോയിരുന്നു. അവളുടെ ഏടത്തി നൂർജഹാൻ പരമസുന്ദരി, പക്ഷേ വേഷഭൂഷക്കൊരു ചിട്ടയുമില്ല, എല്ലായ്പോഴും ഫിറ്റ് ആണ്. ഇടക്കിടക്ക് ചിരി, പിന്നെ കരച്ചിൽ.

– അഭിനയിക്കുകയാണോ? സിനിമാക്കാരിയാണ്.

സുവിമൽ ചിരിച്ചുകൊണ്ടു പറഞ്ഞു, അല്ല, ഏതാണഭിനയം, ഏതല്ല? ഇതിപ്പോൾ എനിക്കു മനസ്സിലാക്കാൻ കഴിയാതിരിക്കുകയായിരുന്നു ഭേദം.

– അവരുടെ ഭർത്താവെന്താ പറയുന്നത്? മകനെ അവർക്ക് കൊടുക്കുകയില്ല, എന്നോ.?

– അല്ല, അയാളൊരു മുശടനാണല്ലോ. അയാൾ പിന്നെയുമൊരു കല്യാണം കഴിച്ച് ആ ഭാര്യയേയും സിനിമയിൽ ഇറക്കാൻ നോക്കുകയാണ്. മകനെ തിരിച്ചു കൊടുക്കാത്തതിന്റെ കാരണമായി അയാളെന്താ പറയുന്നതെന്നറിയാമോ? നൂർജഹാൻ കുട്ടിയെ ഢാക്കായിൽ കൊണ്ടുപോയാൽ പ്രാക്റ്റിക്കലി അവൻ ഒരു മുസ്ലീമായിപ്പോകും പോലും. അയാൾ പറയുന്നു, അച്ഛന്റെ പ്രാണനാണു പോലും മകൻ. വാസ്തവത്തിൽ അയാൾ ഉദ്ദേശിക്കുന്നത് നൂർജഹാനെ ഇവിടെ പിടിച്ചു നിർത്താനാണ്. ഭാര്യയായിട്ടല്ല, വെപ്പാട്ടി ആയിട്ട്. പിന്നെ നൂർജഹാനെ സിനിമാ ലൈനിൽ കടത്തി കുറെ കാശുണ്ടാക്കാനും.

– നൂർജഹാൻ അയാളുടെ പേരിൽ കേസ് കൊടുക്കട്ടെ.

– അതെങ്ങനെ? നൂർജഹാൻ പാകിസ്താൻ പൗരയല്ലേ?

അവർ താൻ സാധനയായിരുന്നുവെന്ന് സമ്മതിക്കുകയില്ല. ഇതാണ് പ്രശ്നം. അച്ഛനും അമ്മയും രണ്ടുരാജ്യത്തിലെ പൗരൻമാരായാൽ കുട്ടിയെന്തുചെയ്യും?

– ഇക്കാര്യത്തിൽ നൂർജഹാനാണ് ത്യാഗം കാണിക്കേണ്ടത്. ദോഷം ചെയ്തത് അവരാണല്ലോ? ഭർത്താവിനെയും കുട്ടിയെയും ഇട്ടേച്ച് ഓടിയതവരല്ലേ? അപ്പോൾ ഓർമ്മയില്ലായിരുന്നോ? എനിക്കാ തള്ളയെ ഒട്ടു ഇഷ്ടമല്ല.

– നീ പറയുന്നത് യുക്തിപൂർണ്ണമായിരിക്കും. പക്ഷേ ഇവിടെ യുക്തികൊണ്ടെന്തു കാര്യം? കുട്ടിക്കുവേണ്ടി നൂർ ജഹാൻെറ ഈ വെപ്രാളത്തിനുതന്നെ എന്താണ് യുക്തി? അവർക്കൊരു സൻമാർഗ്ഗബോധവുമില്ല, പണവും സുഖവുമല്ലാതെ ഒന്നിലും നോട്ടമില്ല. കിഴക്കൻ പാകിസ്താനിൽ സിനിമാതാരമായി അതുരണ്ടും സമ്പാദിച്ചെന്നാണ് കേൾക്കുന്നത്. എന്നിട്ടും ഒരു കുട്ടിയെയോർത്താണീ ഭ്രാന്ത്!

ഞാൻ തെല്ല് നീരസത്തോടെ പറഞ്ഞു, നിങ്ങളെല്ലാം കാര്യം ഊതിവീർപ്പിക്കുകയാണ്. ഇതൊരു ആനിമൽ ഇൻസ്ടിൻക്ട് മാത്രമാണ്. കുട്ടിയെ കാണാൻ മൃഗങ്ങൾക്കു പോലും ആവേശമാണ്. ലോകത്തെ മറ്റുപലതിനെക്കാളും വലുതൊന്നുമല്ല ഈ ദുഃഖം.

സുവിമൽ പറഞ്ഞു, മൃഗങ്ങളുടെ വെപ്രാളം ജൈവികമാണ്. കുറെ സമയം കഴിഞ്ഞാൽ അതുമാറും. മനുഷ്യർക്ക് മറക്കാൻ സാദ്ധ്യമല്ല. എട്ടുപത്തുകൊല്ലത്തിനുശേഷം സ്വന്തം സന്തതിയെ കാണാൻ മറ്റൊരു ജീവതത്തിൽ നിന്നും ഓടിയെത്തുക- ഇതിൽ ഒരു ട്രാജിക് നോട്ട് ഞാൻ കാണുന്നു. നീ ഇതെങ്ങനെ മിസ് ചെയ്തു.?

–ഇതൊന്നും ആലോചിക്കാൻ ഇപ്പോൾ എനിക്കു സമയമില്ല. ഞാനെൻെറ ഒരു കാര്യത്തിൽ കുടുങ്ങിയിരിക്കുകയാണ്.

–സ്വന്തം കാര്യത്തിൽ വ്യാപൃതനാണെന്നോ? അതുകാരണം വേറെയാരുടെയും കാര്യത്തിൽ താത്പര്യമില്ലപോലും! സ്വന്തം പ്രശ്നങ്ങൾ ഉള്ളതു കാരണം മറ്റുള്ളവരുടെ പ്രശ്നങ്ങൾ ഒരാൾക്ക് വേഗം കാണാൻ കഴിയും. ആ സ്ത്രീക്കുവേണ്ടി പാടുപെടുന്നതുകാരണം, ശേഖർ സ്വന്തം പണി പോലും വിട്ട മട്ടാണ്. അവിനാശിനെപ്പോലെയുള്ള ഒരു

ക്രൂരൻപോലും അവിടെ തങ്ങിയിരിക്കുന്നതെന്തുകൊണ്ട്? ആ സ്ത്രീ വാസ്തവത്തിൽ കരച്ചിൽ കൂട്ടുകയാണ്. കുട്ടിയെ കിട്ടിയില്ലെങ്കിൽ തിരിച്ചുപോവില്ലെന്നു പറയുന്നു, ഭിക്ഷയെ ടുത്താലും വേണ്ടില്ല, ഇവിടെത്തന്നെ താമസിക്കും.

ഞാൻ നിർത്തിനിർത്തി പറഞ്ഞു, അക്കാര്യം നടപ്പുള്ളതല്ല. അവർക്ക് തിരിച്ചുതന്നെ പോകേണ്ടിവരും. പോയത് തിരികെ കിട്ടുകയില്ല. വേർപിരിയൽ അനിവാര്യമാണ്. കുട്ടിയെ കാണാൻ നൂർജഹാൻ ഇവിടെ വന്നിരിക്കുന്നു. പക്ഷേ കിഴക്കൻ ബംഗാളിലെ മണ്ണിനെ ഓർത്ത് നമ്മുടെ നെഞ്ചെരിയുന്നില്ലേ? ദുർഗ്ഗാപൂജയുടെ എട്ടുകെട്ടു പന്തൽ; ആൽമരത്തിൽനിന്നും തക്ഷകൻെറ ചീറ്റൽ; രാത്രിയിൽ വീടിനടുത്തുതന്നെ വെള്ളമൊഴുകുന്ന ശബ്ദം- ഇതെല്ലാം ഓർമ്മയില്ലേ? ഞാനൊരിക്കലും അവിടേക്ക് മടങ്ങുകയില്ല. എല്ലാ ബന്ധവും അവസാനിച്ചിരിക്കുന്നു. പിന്നിലോട്ടു നോക്കിയിരുന്നാൽ ഇവിടെ ഉറപ്പുകിട്ടുകയില്ല. നൂർജഹാനോടു പോയി പറ, സ്ഥലം വിടാൻ നോക്കുന്നതാണ് നല്ലത്. ജാതി നശിപ്പിച്ച് അങ്ങോട്ടു തിരിച്ചുപോയതല്ലേ, പിന്നെന്തിന് ഇങ്ങോട്ടു വരുന്നു? ആവശ്യമുണ്ടെങ്കിൽ ഞാൻതന്നെ അവരെ ഇവിടെ നിന്ന് ഓടിക്കാം.

- നീ ഇത്രമാത്രം നിർദയനായല്ലോ! ആ നിസ്സഹായയായ സ്ത്രീ ജാതിമതത്തെക്കുറിച്ചെന്തറിയുന്നു? നൂർജഹാൻ കിഴക്കൻ ബംഗാളിൻെറ ആത്മാവാണെന്നെനിക്കു തോന്നുന്നു, തെറ്റു ചെയ്തതോർത്തു കരയുകയാണ്.

- നിൻെറ കവിസങ്കല്പമൊക്കെ നിർത്ത്.

- രണ്ടു ബംഗാളും ഇനി ഒരു നാൾ ഒന്നാവും എന്ന് നിനക്ക് തോന്നാറില്ലേ? എന്നെങ്കിലും ഒരിക്കൽ അതു നടക്കും എന്നാണെൻെറ വിശ്വാസം.

- നിൻെറ വിശ്വാസം കൊള്ളാം. ഞാനിനി എത്ര കാലമാണ് ജീവിക്കുക? എൻെറ ജീവിതകാലത്ത് അതു കാണാൻ കഴിയുമെന്നു തോന്നുന്നില്ല.

- നീ ഒരു ഡാം പെസിമിസ്റ്റാണ്. കണ്ടില്ലേ, അവിടെ പുതുതായി സ്വാതന്ത്ര്യസമരം തുടങ്ങിയിരിക്കുന്നു. ഒരുമിക്കാൻ നമ്മൾ തയ്യാറാണല്ലോ! അവർക്കും അങ്ങനെ തോന്നിയാൽ ആരാ തടയാൻ? പടിഞ്ഞാറെ ആ കഷണം രാജ്യമോ?

- ലോകം മുഴുവനും ഒത്തുചേർന്ന് തടഞ്ഞുനിർത്തും. അത് അവരുടെ സ്വാർത്ഥതാത്പര്യമാണ്. നമ്മുടെ കാര്യം ആരു നോക്കുന്നു! തന്നെയല്ല, കിഴക്കൻ ബംഗാളിലെ പ്രക്ഷോഭണം നമ്മളുടെ കൂടെ ഒന്നുചേരാനായല്ല. ഏതായാലും ഇതിനെക്കുറിച്ച് ചിന്തിക്കാൻ എനിക്കിപ്പോഴും അവസരമില്ല. നീ ഇറങ്ങുന്നോ?

- എവിടെയാണ് പോവുക?

- നിൻെറ വീട്ടിൽ ചായയുണ്ടാക്കുവാനുള്ള സിസ്റ്റം ഇല്ലല്ലോ. ആ മുക്കുവരെ പോയി പീടികയിൽ ചായകഴിക്കാം.

സുവിമൽ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, വീട്ടിൽ എനിക്കൊരു പ്രസ്റ്റീജുമില്ല. ചായ ചോദിച്ചാൽ മുഖം കോട്ടും. പോകാം, പുറത്തോട്ടിറങ്ങാം.

ധോതിയും പഞ്ചാബിയും ധരിച്ച് ഇറങ്ങുന്നതിനുമുമ്പ് സുവിമൽ കണ്ണാടിക്കുമുന്നിൽനിന്ന് തലമുടി നന്നായി ഒതുക്കി ചീകി. പുറത്തോട്ടിറങ്ങിയപ്പോൾ വീട്ടുവാതിൽക്കൽ ലെറ്റർബോക്സിലും ഒളിഞ്ഞുനോക്കി. ഒരെഴുത്തുമില്ല. സ്വല്പ ദൂരം നടന്നതിനുശേഷം അവൻ ചോദിച്ചു, പെട്ടെന്നിത്ര ദൂരം വരാനെന്തു കാര്യം? ഞാൻ പറഞ്ഞു, മനസ്സിനൊരു രസവും തോന്നുന്നില്ല. വല്ലാത്തൊരു മടുപ്പുതോന്നുന്നു. സുവിമൽ പറഞ്ഞു, എനിക്കും. നീ വന്നിരുന്നില്ലെങ്കിൽ ഞാൻ വീട്ടിൽനിന്നും പുറത്തിറങ്ങില്ലായിരുന്നു. ഞാൻ ചോദിച്ചു, നിനക്കെന്തുപറ്റി, മടുപ്പുതോന്നാൻ? സുവിമൽ വിരലുയർത്തി വഴിമുക്കിൽ നില്ക്കുന്ന ഒരുനില വീടു കാണിച്ചുകൊണ്ടു പറയുകയാണ്, ആ വീട്ടിൽ ഒരു പെൺകുട്ടി താമസിക്കുന്നുണ്ട്. ഇന്നുമുഴുവനും ആ കുട്ടിയുടെ കരുവാളിച്ച മുഖമായിരുന്നു ഞാൻ ഓർത്തിരുന്നത്. അവളെ കല്യാണം കഴിച്ചാലോ എന്നാലോചിക്കുകയാണ്.

ഞാൻ അവനെ ചോദ്യം ചെയ്തു, ഇനിയും ഒരു പെൺകുട്ടി? ആ ടെലിഫോൺ ഓപ്പറേറ്റർക്കെന്തുപറ്റി?

അന്ധാളിച്ചതുപോലെ സുവിമൽ ചോദിച്ചു, ഏത് ടെലിഫോൺ ഓപ്പറേറ്റർ?

- ഹും, അരുണിൻെറ ആഫീസിലെ വെളുത്തു, മെലിഞ്ഞ പെണ്ണിൻെറ കാര്യം നീ പറഞ്ഞില്ലേ? അവളെ കണ്ടയുടൻ നിൻെറ തല കറങ്ങിയെന്നും നിൻെറ ജീവിതംതന്നെ

മാറിപ്പോയെന്നും നീ പറഞ്ഞിരുന്നല്ലോ? അതോ ഉണ്ടാക്കി പറഞ്ഞതാണോ?

– ഓ, അവളോ? അവൾ വൃത്തികെട്ടവൾ. കാശിൽ മാത്രമാണ് അവൾക്കു നോട്ടം. അരുൺ കഴമ്പുള്ള പാർട്ടിയാണെന്നവൾ വിചാരിച്ചിരുന്നു. തന്നെയല്ല അവൻ അവിവാഹിതനാണെന്ന് അവൾ തെറ്റിദ്ധരിച്ചിരുന്നു. അതുകൊണ്ടാണവനുമായി ശൃംഗരിച്ചിരുന്നത്. ഞാനൊരിക്കൽ പരിചയപ്പെടാൻ ചെന്നു. എന്നെ തിരിഞ്ഞു നോക്കിയതുപോലുമില്ല.

– നിന്നെ അവളെന്തിന് ശ്രദ്ധിക്കണം? നീ ആരാണെന്നോ എവിടുത്തുകാരനാണെന്നോ ഒന്നും നിശ്ചയമില്ല. തന്നെയല്ല, അവളുമായി പരിചയപ്പെടാൻ ആൺപിള്ളേർ വേറെയും ശ്രമിച്ചിട്ടുണ്ടായിരിക്കുമല്ലോ?

– ഹും, അരുണാണവളെ എനിക്ക് പരിചയപ്പെടുത്തി തന്നത്. എന്നിട്ടുപോലും എന്നെ അവൾ തട്ടിക്കളഞ്ഞു. പിന്നെ ഒരു ദിവസം എന്താ കണ്ടതെന്നറിയോ? ജോലി സമയം കഴിഞ്ഞ് വലിയസാഹിബിൻെറ വണ്ടിയിൽ കേറി ഇരിക്കുന്നു.

– ശരി, മനസ്സിലായി. ഈ പുതിയ ആളുടെ കാര്യംപറ.

– ഇവൾ തണുപ്പനാണെങ്കിലും സുന്ദരിയാണ്. കരുണാർദ്രമായ മുഖം. വലിയ രണ്ടു കണ്ണുകൾ നിറഞ്ഞു നിൽക്കുന്നത്.

– സൗന്ദര്യവർണ്ണന വേണ്ട. സംഭവം പച്ച ബംഗാളിയിൽ പറഞ്ഞാൽ മതി.

– നേരത്തെ പരിചയമില്ലായിരുന്നു. അയൽപക്കത്തു താമസിക്കുന്ന പെൺകുട്ടിയെ ആരും ഗൗനിക്കില്ലല്ലോ? കുറെ ദിവസം മുമ്പാണ് അവളെ ശരിക്കു കാണുന്നതു തന്നെ. അവർ പാവങ്ങളാണ്. മിനിഞ്ഞാന്ന് അവളെ ഒരു കൂട്ടം ആൾക്കാർ പെണ്ണുകാണാൻ വന്നിരുന്നു. അവൾക്ക് നല്ല വിക്കുണ്ട്. അതു കാരണം വരൻെറ വീട്ടുകാരുമായി സംസാരിക്കുവാൻ ഒരാളെ വേണമെന്നു പറഞ്ഞ് വീട്ടിലാളയച്ചു. ഞാൻ തന്നെ പോയി. എന്തൊരു ക്രൂരതയാണെന്നാലോചിച്ചു നോക്ക്. നാലു തടിമാടൻമാരിരുന്ന് ലൂച്ചിയും, ഉരുളക്കിഴങ്ങുകറിയും സന്ദേശും, മധുരപലഹാരവുമൊക്കെ അകത്താക്കിയതിനുശേഷം പെണ്ണിനോടു പറയുകയാണ്. തലമുടി ഒന്നഴിച്ചേ, ഒന്നു നടന്നേ, മോളെ ഒരു പാട്ടുപാടാമോ? പാചകം എത്ര വിധം അറിയാം? ഫ്രോക്ക് തുന്നാൻ അറിയാമോ? അതും കഴിഞ്ഞ് ഭൂദേവ്

മുഖർജ്ജിയുടെ ഒരു ലേഖനം ഡിക്ടേഷനു കൊടുത്തു, നിനക്കറിയാമല്ലോ, ഭൂദേവ് മുഖർജ്ജിയുടെ ലേഖനം തെറ്റുകൂടാതെ ഡിക്ടേഷനെഴുതുവാൻ. ഈ ബംഗാളിൽ ആർക്കാ കഴിയുക? രണ്ടാം വർഷത്തിൽ പഠിക്കുന്ന ഒരു കൊച്ചു പെണ്ണ്, നാണവും അപമാനവും കാരണം അവളുടെ മുഖം നീല നിറത്തിലായിരിക്കയാണ്. ആ കരുണമായ മുഖഭാവം കണ്ട് എൻെറ ഉള്ളു തകരുന്നതുപോലെ തോന്നി. കോഴിക്കുഞ്ഞിനെ വാങ്ങുമ്പോളെന്നപോലെ അവളുടെ വയറ്റിലവിടെയും ഇവിടെയും കയ്യമർത്തിനോക്കുമോ ഇവൻമാർ? മുഖവുമായി താരതമ്യം ചെയ്താൽ അവളുടെ കൈയും കാലും കറുത്തതാണ്. വരൻെറ അച്ഛൻ പറഞ്ഞു, നിറം മോശമാണ്, അതുകൊണ്ട് സ്വർണ്ണം ഒട്ടും കുറയ്ക്കാൻ പറ്റൂലാട്ടോ! ഇരുപത്തി രണ്ടുപവൻ തന്നെ വേണം. ഈ വരൻെറ പിതാവ് ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററാണുപോലും. അല്ലറചില്ലറ ആളൊന്നുമല്ല. ഇവൻമാരുടെ മൂക്ക് കടിച്ചു മാറ്റാൻ തോന്നി എനിക്ക്. പിന്നിൽ ചവിട്ടി ഒരു കീചക വധം നടത്തിയാലോ എന്നാലോചിച്ചു. പെൺകുട്ടിയുടെ ഈ അപമാനം കണ്ട് സഹികെട്ട് ഞാനുടനെ തന്നെ ഒരു തീരുമാനമെടുത്തു. ഇവളെ ഞാൻ കെട്ടും.

– നീയുമായി അവളുടെ വിവാഹം അവർ നടത്തിത്തരുമോ?

– ജാതിക്കു പൊരുത്തമുണ്ട്. ഇപ്പോൾ ആവശ്യം ഒരു ജോലിയാണ്.

– നീ പണി അന്വേഷിക്കുകയാണോ?

– കളിയാക്കരുത്. എനിക്കൊരു എം.ഏ ഡിഗ്രിയുള്ള കാര്യം മറക്കരുത് മോനേ! വാദ്ധ്യാർ പണിയെന്നും പറഞ്ഞ് വഞ്ചന നടത്താൻ തയ്യാറല്ലാത്തതുകാരണം പണികിട്ടിയില്ല എന്നേഉള്ളൂ. പോട്ടെ, നാണിക്കാനൊന്നുമില്ല. ഹരലാൽ ബാബുവിൻെറ കമ്പനിയിൽ ഒരു സെയിൽസ്മാൻെറ ജോലി കിട്ടാൻ സാദ്ധ്യതയുണ്ട്. ഇനി അയാളോട് പോയി പറയണം. പറച്ചിൽ മാത്രമല്ല, അയാളുടെ വീട്ടിൽ ചെന്ന് മണ്ണിൽ ഉരുളും, അയാളുടെ കാലുരണ്ടും പിടിച്ച് പൊടിയെല്ലാം നക്കും. അയാളുടെ കുഞ്ഞിൻെറ തീട്ടം കഴുകും, ആസ്മാരോഗിയായ ഭാര്യയുടെ ഛർദ്ദി തിന്നും– ഇതെല്ലാം ചെയ്താലും

ജോലി തരില്ലേ? നീ എന്താ വിചാരിക്കുന്നത്?

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു, ജോലി കിട്ടിയാലുടനെ കല്യാണം അല്ലേ? നിനക്കാപെൺകുട്ടിയെ നന്നായറിയാമോ?

– അറിയേണ്ട ആവശ്യമില്ല. ഞാനവളുടെ അപമാനത്തിൻെറ ദയനീയദൃശ്യം കണ്ടു. അതാണെൻെറ അറിവ്. ഞാൻ അവളുടെ മുഖത്തുനിന്നും അപമാനബോധം തുടച്ചു മാറ്റുവാൻ പോകുകയാണ്.

– കല്യാണം കഴിഞ്ഞ് നീ വേറൊരു പെണ്ണിനെ കാണും, അവളും നിസ്സഹായയായിരിക്കും, അപമാനിതയായിരിക്കും. അപ്പോൾ അവളെ വിവാഹം ചെയ്തു രക്ഷിക്കുവാൻ പറ്റുകയില്ലല്ലോ?

സുവിമൽ ദേഷ്യപ്പെട്ടു പറഞ്ഞു, നീ എല്ലാസമയവും ഇങ്ങനെ യുക്തി കാണിക്കുന്നത് നല്ല കാര്യല്ല. ഇതൊരു ദുഃശ്ശീലമാണ്.

പൊടുന്നനെ എനിക്കുതോന്നി ഞാൻ സുവിമലിനെ വേദനിപ്പിക്കുകയാണെന്ന്. തെല്ലു ലജ്ജിതനായി ഞാൻ പറഞ്ഞു, ഞാൻ എപ്പോഴും യുക്തി കാണിക്കുകയാണെന്ന് നീ വിചാരിക്കുന്നുണ്ടോ? ഇക്കാര്യം എനിക്കറിഞ്ഞുകൂടായിരുന്നു. എൻെറ സ്വന്തം കാര്യത്തിൽ ഞാനൊരു യുക്തിയും കാണുന്നില്ല. വിചാരിക്കുന്നതൊന്ന്, സംഭവിക്കുന്നതു വേറൊന്ന്. ഈ കുറെ ദിവസം വിചാരിച്ചു വിചാരിച്ചു മനസ്സ് പുണ്ണാക്കുകയായിരുന്നു.

– കാര്യം എന്താണെന്നുപറയൂ.

ഞാൻ സുവിമലിനോട് യമുനയുടെ വിശേഷമെല്ലാം പറഞ്ഞു. സംസാരസമയത്ത് എൻെറ കൈ അൽപം വിറയ്ക്കുന്നുണ്ടായിരുന്നു. എന്തുകൊണ്ടോ എനിക്കു വാക്കുകൾ പിടികിട്ടുന്നില്ലായിരുന്നു. ഒരു നിസ്സഹായതാബോധം എന്നെ വിഷമിപ്പിക്കുന്നുണ്ടായിരുന്നു. എല്ലാം മനസ്സിരുത്തി കേട്ടതിനുശേഷം സുവിമൽ പറഞ്ഞു, ഏതായാലും നീ രക്ഷപ്പെട്ടു. നിന്നെ കാണാനിപ്പോൾ ഒരു മനുഷ്യനെപ്പോലെയിരിക്കുന്നു. ഞാൻ ലജ്ജിതനായി പറഞ്ഞു, എന്താ കാരണം? ചിരിച്ചുകൊണ്ട് സുഹൃത്തു പറഞ്ഞു, നീ വിശ്വസിക്കണം. ഇതുവരെ നീ ഒരു വന്യമനുഷ്യനായിരുന്നു, ഇപ്പോൾ മുഖംമൂടി മാറ്റി നീ ഒരു മനുഷ്യനെപ്പോലെ കാണാറായി. ഞാൻ പറഞ്ഞു,

ഇക്കാര്യം തമാശയൊന്നുമല്ല.

– അല്ല, തമാശയല്ല. നീ എവിടെയെങ്കിലും നിൻെറ മനസ്സിനെ തുറന്നുകാണിച്ചല്ലോ, അതുമതി. ഒരു ദിവസം എന്നെ കാണിച്ചുതാ.

– പെൺകുട്ടിയെ എനിക്കുതന്നെ കാണാൻ കിട്ടുന്നില്ല. എന്താ ചെയ്ക? ഈ പെണ്ണിനെ ഞാനെന്തു ചെയ്യാനാണ്?

– സൂക്ഷിക്കണം, കൈവിട്ടു കളയരുത്. സാരള്യം-സാരള്യം എന്നൊക്കെ പറയുന്നണ്ടല്ലോ, അതെല്ലാം തട്ടിപ്പാണ്. ഒരുപക്ഷേ ആ പെണ്ണ് അത്ര പച്ചയൊന്നുമല്ല. പഴുത്തു മൂത്തിരിക്കയായിരിക്കും. അത്ര കുഞ്ഞൊന്നും ആവില്ല, നീ വിചാരിക്കുന്നതുപോലെ. എങ്കിലും അതത്ര ഗുരുതരമായ പ്രശ്നമൊന്നുമല്ല. പ്രധാന കാര്യം, നീ ഒരു പെൺകുഞ്ഞിനെ പുണ്യവതിയായി കാണുന്നു, അവളുടെ അരികിൽ നിൻെറ ഹൃദയം പവിത്രമായിത്തീരുന്നു. അതുമാത്രം. നീ അവളുടെ അരികിൽതന്നെ ഇരിക്കണം പോരേ.

– എങ്ങനെ? ഈയൊരു കൊച്ചുപെണ്ണിനെ എന്നും ചെന്നു കാണാൻ അവളുടെ അച്ഛനമ്മമാർ സമ്മതിക്കുമോ?

– ഒരു കാര്യം ചെയ്യ്. അവളെ കല്യാണം കഴിക്ക്.

– പോടോ ഇത്ര ഇളംപ്രായത്തിൽ കല്യാണമോ?

– ബലം പ്രയോഗിച്ചാൽ നടപ്പില്ല, പക്ഷേ മാതാപിതാക്കൾ സമ്മതിച്ചാൽ എല്ലാം ശരിയാകും. നീ അവരെ മണിയടിച്ച് കയ്യിലാക്ക്. നീ മോശം ചെക്കനൊന്നുമല്ലല്ലോ!

– അതു നേരായിരിക്കാം. പക്ഷേ ഭാവിയിൽ എനിക്കങ്ങനെ തോന്നിയില്ലെങ്കിൽ? അവൾക്കും വരും കാലത്ത് എന്നെ ഇഷ്ടമാവാതെ വരാം.

വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ തന്നെ ഞാൻ നാണം കുണുങ്ങിയായി മാറിവരികയായിരുന്നു. സുവിമൽ ശകാരസ്വരത്തിൽ പറഞ്ഞു, നീ വയസ്സൻമാരെ പോലെ ഭാവിയെ കുറിച്ച് ആലോചിക്കുന്നതെന്തിന്? രണ്ടുവർഷത്തിനകം മരിക്കാൻ പോകുന്ന കിഴവൻമാർ ഭാവിയെച്ചൊല്ലി ചിന്തിക്കട്ടെ. കുട്ടികളുടെ ഭാവിയെ കുറിച്ച് അച്ഛനമ്മമാർ ചിന്തിക്കുന്നതിൻെറ കാരണം എന്താണെന്നറിയോമോ? അത്രകാലം സ്വയം ജീവിക്കാൻ സാധിക്കുകയില്ല. അതിനാൽ കുട്ടികളുടെ ഭാവിയുടെ ചിത്രം മനസ്സിൽ വരച്ച്, വരുംകാ

ലത്തെ മുപ്പതു നാൽപതു വർഷം കൺമുമ്പിൽ കാണുന്നതു പോലെ തോന്നി സുഖിക്കാനാണ്. നമുക്കാണെങ്കിൽ ആവിധ ആശങ്കയൊന്നുമില്ല. നാൽപതു കൊല്ലം കഴിഞ്ഞും ചാവാം, നാളെയും ചത്തുമണ്ണടിയാം. ബസ്സ് തട്ടിയോ ആറ്റം ബോംബ് പൊട്ടിത്തെറിച്ചോ എന്നാ മരിക്കുക എന്ന് നിശ്ചയമില്ല. ഒന്നുകിൽ അങ്ങനെ, അല്ലെങ്കിൽ പത്തുനാൽപതുകൊല്ലം കഴിഞ്ഞ്. നമ്മൾ ഇച്ഛരാമൃത്യുക്കളാണ്. ഭാവിയെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യം നമ്മൾക്കില്ല.

– നിർത്തടോ, തട്ടിവിടുകയാണല്ലോ.

– കേൾക്ക്, ഭാവിയുടെ കാര്യം ഓർത്ത് ഇപ്പോഴുള്ള പ്രേമത്തെ നഷ്ടപ്പെടുത്തരുത്. ഇന്നത്തെ പ്രേമത്തെ അടിച്ച മർത്തിയാൽ, ഭാവിയിലും ശാന്തി ലഭിക്കുകയില്ല. അതിലെന്തു ലാഭം. ആ പെൺകുട്ടിയെ അരികിൽ വേണമെങ്കിൽ, അവളെ അരികിലേക്ക് കൊണ്ടു വരണം. ഇതു ബംഗാളാണ്, എന്നും സന്ധ്യക്കവളെ കാണുക അത്ര എളുപ്പമല്ല, നീ അവളെ കെട്ടിക്കള.

– എന്നെ അവൾക്കിഷ്ടമാണോ ആവോ?

– എടാ മരമണ്ടാ, നീ അതെൻെറ വട്ടമുഖത്തോടാണോ ചോദിക്കേണ്ടത്, അവളോടു തന്നെ ചോദിച്ച് മനസ്സിലാക്ക്. ബീ ക്ലിയർ. സ്പഷ്ടമായ ഭാഷയിൽ എല്ലാം കേട്ട് തീരുമാനമെടുക്ക്. ഇഷ്ടമില്ലെങ്കിൽ പണി തീർന്നല്ലോ. മനസ്സിൽ വച്ചിരുന്നിട്ടു കാര്യമില്ല. നീ ഇങ്ങനെയൊരു മങ്കൂസനായതെന്താണ്?

– പെൺകുട്ടിയെ കാണാനേ കിട്ടുന്നില്ല. അവളുടെ വീട്ടിൽ പോവാനാണെങ്കിൽ എനിക്കെന്തോ ഒരു മടി.

– വീട്ടിലല്ലാതെ വേറൊരിടത്തും കാണാൻ കിട്ടുകയില്ലെങ്കിൽ വീട്ടിൽതന്നെ പോകണം. ഇന്നുതന്നെ പോ, എണീക്ക്,

– ങേ, ഇപ്പോൾ തന്നെ? സ്വൽപം ഇരിക്കുന്നേ.

– വേണ്ട എണീക്കട്ടെ, നിൻെറ കൂടെ ഇരുന്നാൽ ഇക്കാര്യമായിരിക്കും സംസാരം. നിന്നെക്കുറിച്ച് കൂടുതൽ വിചാരിക്കാൻ ഇന്ന് സാദ്ധ്യമല്ല. എൻെറ സ്വന്തം കാര്യവും നോക്കണമല്ലോ.

ചായപ്പീടികയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ഒരു നീണ്ട മുഖക്കാരൻ ചെറുപ്പക്കാരനെ സുവിമൽ കൂട്ടിമുട്ടി. മെലിഞ്ഞ

ശരീരം, വെളള ഫ്രെയിമുളള കണ്ണട. ഒരു രസികനെപ്പോലെ യാണ് ഭാവം. അയാൾ സുവിമലിൻെറ തോളിൽ തട്ടി പറഞ്ഞു, വാ, സ്വൽപം ചായ കുടിക്കാം. സുവിമൽ പരിചയപ്പെടുത്തി, സുനിൽ, ഇയാൾ ഭാസ്കർ ചാറ്റർജി. ഞാൻ കയ്യുയർത്തി നമ സ്ക്കരിച്ചുകൊണ്ടു പറഞ്ഞു, പേര് കേട്ടിട്ടുണ്ട്. യുവാവിൻെറ മുഖത്ത് അഹങ്കാരത്തിൻെറ അടയാളമുണ്ട്. അനാവശ്യമായ ഒരഹംഭാവം. സുവിമൽ പറഞ്ഞു, നിനക്കറിയാമോ, ഭാസ്ക്കർ ബംഗാളി കവിത തർജ്ജിമ ചെയ്യാനായി അമേരിക്കയിൽ പോയിരുന്നു.

ഭാസ്ക്കർ ചാറ്റർജി പറഞ്ഞു, നിൽക്കണം. സിഗററ്റു വാങ്ങിവരാം.

അയാൾ സ്വൽപം ദൂരെ നടന്നകന്നപ്പോൾ ഞാൻ പറഞ്ഞു, ഈയിടെ ഒരു പെൺകുട്ടിയുടെ ഒരു വിശേഷം കേട്ടു. അവൾ കഥകളി പഠിക്കാൻ ചെക്കോസ്ലോവാകിയയിൽ പോകുന്നു പോലും. ഇക്കാലത്ത് ഈ കുതിരമുട്ട പോലത്തെ സമ്പ്രദായം കൂടിവരികയാണ്. സുവിമൽ എൻെറ കൈക്കുപിടിച്ചു പറഞ്ഞു, ശ്ശ്, അയാൾ കേൾക്കും. വാ, ചായകഴിച്ചിട്ടു പോകാം. സംസാരിച്ചുനോക്ക്, അയാൾ മോശക്കാരനൊന്നുമല്ല. തന്നെയല്ല, ഇങ്ങനെയുളളവരുമായി പരിചയപ്പെടുന്നതു നല്ലതാണ്. ഞാൻ അയാളുമായി വെടിപറയുമ്പോൾ നീ ആരുടെ കാര്യമായിരിക്കും ആലോചിക്കുക? അയാളുടെ?

– നോക്കട്ടെ.

– ഞാൻ നടക്കട്ടെ.

ഭാസ്ക്കർ ചാറ്റർജിയുടെ കയ്യിൽ സുവിമലിനെ ഏൽപിച്ചിട്ട് ഞാൻ നടന്നു. സ്വന്തം കാര്യം നോക്കാൻ സത്യമായും സുവിമലിനു സമയമില്ല.

വരാന്തയിൽ ഒരു ടെന്നീസ്ബോർഡ് ഉണ്ടെന്നകാര്യം മുമ്പൊരിക്കലും ശ്രദ്ധിച്ചിരുന്നില്ല. വീട്ടിൽ യമുന സ്കർട്ടാണിടുക. ഇളം നീലനിറത്തിലുളള സ്കർട്ടുമിട്ട്, കയ്യിൽ ബാറ്റുമായി നിന്നാൽ യമുനക്ക് വളരെ ചുറുചുറുക്കുളളതായി തോന്നും, ഒരു പെൺമാനിനെ പോലെ. പെൺമാനോ, കാറ്റിലുലഞ്ഞാടുന്ന മരക്കൊമ്പോ, അല്ല എലിയോ? വസ്തവത്തിൽ അവളുടെ ചാപല്യവും ഉത്സാഹവും എലി

ക്കുഞ്ഞിന്‍േറതു പോലാണ്. പക്ഷേ എലിയുമായി ഒരു സുന്ദരിയെ ഉപമിക്കുന്നതു ശരിയല്ല. അവളുടെകൂടെ ഒരിരുപത് ഇരുപത്തൊന്നു വയസ്സുള്ള ഒരു ചെറുപ്പക്കാരന്‍ കളിക്കുകയാണ്. ക്രിക്കറ്റ് കളിക്കാരനെപ്പോലെയാണവന്റെ ദേഹം. തൂവെള്ള ട്രൗസറും ഷര്‍ട്ടുമാണ്. എന്നെ കണ്ടിട്ടും യമുന കളിനിര്‍ത്തിയില്ല. പക്ഷേ സ്വല്പം ആശ്ചര്യപ്പെട്ടെങ്കിലും ഉറക്കെ വിളിച്ചു പറഞ്ഞു. സുനിലേട്ടാ, ഇത്തിരിനില്‍ക്ക്, തപനേട്ടന്‍ തുടര്‍ച്ചയായി രണ്ടു ഗേയിം ജയിച്ചിരിക്കയാണ്. ഈ പ്രാവശ്യം ഞാന്‍..... പോയന്റ്, എന്റെ പോയന്റ്.

ഞാന്‍ സ്വല്പം നിന്ന് അവരുടെ കളി നോക്കി. ഇവരെ രണ്ടുപേരെയും കാണാന്‍ ചന്തമുണ്ട്. എനിക്കു തോന്നി, എനിക്കു വയസ്സും തൂക്കവും കൂടിയിരിക്കുന്നു. ഞാന്‍ ചോദിച്ചു. അമ്മ എവിടെ?

– അമ്മക്ക് അസുഖമാണ്. ഏടത്തിയുണ്ട്, ഏടത്തീ – വിളികേള്‍ക്കുന്നതിനു മുമ്പു തന്നെ സരസ്വതി ഹാജരായി ഭാഗ്യത്തിന് സരസ്വതി സ്കര്‍ട്ടിട്ടില്ല.

ഏതോ ഒരു ക്രീം മുഖത്തു പുരട്ടിക്കൊണ്ടു തുറന്ന ചിരിയോടെ അവള്‍ പറഞ്ഞു, സത്യത്തില്‍ വന്നല്ലോ? എനിക്കറിയാമായിരുന്നു എനിക്കെന്തോ പേടി തോന്നി. ഇത്ര ദുര്‍ബലനായതെങ്ങനെയാണെന്നറിയില്ല. എന്താ സംഗതി? നേര്‍ത്ത സ്വരത്തില്‍ പറഞ്ഞു, അമ്മായിക്ക് സുഖക്കേടാണെന്നു കേട്ടു.

– സുഖക്കേടാണെന്ന് കേട്ടാണോ കാണാന്‍ വന്നിരിക്കുന്നത്?

– ശരിക്കു പറഞ്ഞാല്‍ അതെ, ഒന്നു നോക്കിയിട്ടു വരാം.

– അമ്മ ഉറങ്ങുകയാണ്. പിന്നെ കാണാം. വരൂ, എന്റെ മുറിയില്‍ ഇരിക്കാം.

– ഇവരുടെ കളികാണാം. ഈ ഗെയിം ആരാ ജയിക്കുക എന്നു കാണട്ടെ.

മുന്നീ, നിന്റെ പൊയന്റെത്രയാ? ഇത്തവണ ന ല്‍ ഗയിം കിട്ടും. തപന്റെയടുത്ത്. വരൂ, മോളില്‍ പോകാം.

സരസ്വതി എന്റെ കൈക്കു പിടിച്ചു. ഞാന്‍ യമുനയുടെ കണ്ണുകളിലേക്ക് നോക്കാന്‍ ശ്രമിച്ചു. യമുനയും തപനും പരസ്പരം നോക്കി നില്‍ക്കുന്നു. അതിനുശേഷം തപന്‍ സരസ്വതിയുടെ നേരെയും യമുന എന്റെ നേരെയും നോക്കി.

യമുനയുടെ കണ്ണിൽ ലജ്ജയുടെ നേരിയ രേഖ. എന്തിനാണീ ലജ്ജ? യമുന മുഖം താഴ്ത്തിക്കൊണ്ടു തന്നെ അടുത്ത നിമിഷം എന്നെ നോക്കി. ഇപ്പോഴും മുഖത്ത് ലജ്ജാഭാവമുണ്ട്, പിന്നെ നേരിയ ഒരു ചിരി. അവളുടെ ദേഹം ലജ്ജയുടെ പാഠം പഠിച്ചിരിക്കുന്നുവോ മെല്ലെമെല്ലേ? നീല ബാറ്റിൻെറ ആഘാതമേറ്റ് തീപ്പൊരിപോലെ പറക്കുകയാണ് വെള്ള ടെന്നീസ് ബാൾ. യമുനയുടെ മൂക്കിനും ചുണ്ടിനും ഇടയ്ക്ക്- ചില സ്ത്രീകളിൽ ഈ സ്ഥലത്ത് നേരിയ മീശയുടെ വരകാണാം - വിയർപ്പുതുള്ളികാണാം. ഓട്ടത്തിനും ചാട്ടത്തിനുമിടക്ക് ലേഡീസ് കുടപോലെ വിടർന്നു വരുന്നു അവളുടെ സ്കർട്ട്. യമുനയുടെ തുടമേൽ എൻെറ കാഴ്ച പതിയുന്നു. ഇന്നുവരെ യമുനയുടെ ശരീരത്തിനോടൊരു ലോഭവും എനിക്കില്ലായിരുന്നു. ഇപ്പോൾ പൊടുന്നനെ എനിക്ക് തോന്നി അവളെ മാറോടു മാറ് ചേർക്കണമെന്ന്. തോന്നി, യാതൊരു ലോഭവുമില്ലാതെ, വളരെ സാവധാനം അവളുടെ ചുണ്ടുകളിൽ ഉമ്മവയ്ക്കണമെന്ന്. വളരെ പതുക്കെ അവളുടെ തുടകളുടെ മേലെ ചുണ്ടോടിക്കണമെന്ന്. തെർമ്മോമീറ്ററിൻെറ അടപ്പ് തുറക്കുന്നതുപോലെ സൂക്ഷിച്ച് അവളുടെ ഉടുപ്പുമാറ്റി അവളുടെ മുലകളിലേക്ക് നോക്കിനിൽക്കാൻ, പറയാൻ, നീ എത്ര സുന്ദരിയാണ്! നിറഞ്ഞ ചായക്കോപ്പ ഒരു മുറിയിൽനിന്നും വേറൊരു മുറിയിലേക്ക് കൊണ്ടുപോകുമ്പോളുള്ള ഏകാഗ്രതയോടുകൂടി അവളെ ലാളിക്കുവാൻ ഞാനാശിക്കുന്നു. യമുനയെ മാറിലണച്ചുകൊണ്ടു തന്നെയെന്നവിധം ഞാൻ അവിടെനിന്നിറങ്ങി.

ഒരു പുരുഷൻെറയരികെ ഇതാദ്യമായിട്ടാണ് യമുനയെ ഞാൻ കാണുന്നത്. ഇന്നാദ്യമായി അവളുടെ ദേഹത്തിനു വേണ്ടി എൻെറ സർവ്വാംഗം പരവശമായി. ഈ ചിന്ത എന്നെ വിഷമിപ്പിച്ചു, പെട്ടെന്ന് നെഞ്ചിലെന്തോ തിരിഞ്ഞതുപോലെ. ഈ നിമിഷംമുതൽ ഞാനെന്തോ നഷ്ടപ്പെടുവാൻ പോകുന്നതുപോലെ. ഈ ലോകത്തിൽ ഞാൻ ഇത്രമാത്രം നിസ്സഹായനാണെന്ന് ആരെങ്കിലുമറിയുന്നുണ്ടോ? ഞാൻ സരസ്വതിയോട് കേണപേക്ഷിച്ചു, മനസ്സിൽ. സരസ്വതി, നീ ഇന്നെന്നെ വിട്, ഒരു കാര്യത്തിൽ എന്നോട് ദയ കാണിക്ക്, ഇവിടെനിന്നുകൊണ്ട് ഞാൻ യമുനയെ നോക്കിക്കാണട്ടെ. ഇത്രമാത്രം

മതി എനിക്ക്.

സരസ്വതി എൻെറ കൈപിടിച്ച് സ്വൽപം വലിച്ചു. വരാന്തയുടെ ഒരു കോണിൽ വായ എൻെറ ചെവിയുടെ അടുത്തുകൊണ്ടുവന്നവൾ പറഞ്ഞു. അവൾ അവിടെ സ്വൽപം പ്രേമവും സ്നേഹവും കാണിക്കട്ടെ. വായും പൊളിച്ച് നോക്കി ..ിൽക്കണതെന്തിന്, വരൂ, എൻെറ മുറിയിൽ പോകാം.

ഞാൻ വീണ്ടും യമുനയെ നോക്കി. യമുന ഇടവിട്ട് വെള്ള ബാളിലേക്കും തപൻെറ മുഖത്തേക്കും ദൃഷ്ടി ഓടിക്കുന്നു. പെട്ടെന്നെനിക്കു തോന്നി, എഴുത്തു മാത്രമല്ല, തപൻ വേറെ ചിലതും യമുനക്ക് കൊടുത്തിട്ടുണ്ട്. കുറെ ദിവസങ്ങൾ മാത്രം ഞാനവളെ കണ്ടിരുന്നില്ല.

ഞാൻ ചോദിച്ചു, യമുനേ, നീ എത്രനേരം കളിക്കും.?

യമുന ധൃതിപിടിച്ചു പറഞ്ഞു, വരട്ടെ, ഞാൻ ഗെയിം കൊടുക്കട്ടെ. ആ നേരം ഏട്ടൻ ചേച്ചിയുടെ കൂടെ...സരസ്വതി പിന്നെയും എൻെറ കൈ പിടിച്ചു വലിച്ചു.

കോണികയറി. രണ്ടാം നിലയിലാണ് സരസ്വതിയുടെ സ്വന്തം ചെറിയ മുറി. സീലിംഗിൻെറ ഉയരം കുറഞ്ഞിട്ടാണ്, തലമുട്ടുമോ എന്ന് പേടിയാവും. ഈ മുറിയിൽ പങ്ക ആപത്താണ്. അതുകാരണം ഒരു കോണിൽ ടേബിൾ ഫാൻ ഇരിക്കുന്നു. മുറിക്കുള്ളിൽ തന്നെ ബേസിൻ, വെള്ളത്തിൻെറ പൈപ്പ്, ചുവരിൽ കണ്ണാടി. സരസ്വതി പറഞ്ഞു. മുമ്പ് ഏട്ടനായിരുന്നു ഈ മുറി ഉപയോഗിച്ചിരുന്നത്. ഇപ്പോൾ എൻെറതാണ്. കൊള്ളാം അല്ലേ?

സരസ്വതി ഇപ്പോൾ വീണ്ടും മുഖത്ത് ക്രീം പുരട്ടുകയാണ്. വീട് നിശ്ശബ്ദം, ഒരനക്കവുമില്ല, പിം പോംഗ് കളിയുടെ ടക്, ടക്, ശബ്ദം മാത്രം കേൾക്കാം. ആ ശബ്ദവും പെൻഡുലത്തിൻെറതുപോലെ ഇടക്കിടെ ശ്രദ്ധയിൽ പെടാതെ പോകുന്നു. ക്രീം പുരട്ടൽ കഴിഞ്ഞ് സരസ്വതി വെള്ളത്തൂവാലകൊണ്ട് മുഖം തുടക്കാൻ തുടങ്ങി. തുടക്കലിൻെറ ശക്തി കണ്ടാൽ തോന്നും തൊലി ഉരിഞ്ഞുപോകുമെന്ന്. അതിനു ശേഷം സരസ്വതി ബേസിനരികെ ചെന്ന് സോപ്പിട്ട് വൃത്തിയായി മുഖം കഴുകി, വേറൊരു തൂവാലകൊണ്ട് മുഖം ഒപ്പിക്കൊണ്ടവൾ പറഞ്ഞു, ഭാഗ്യത്തിനാണ് നിങ്ങൾ ഇന്നെത്തിയത്. ദിവസം മുഴുവനും വീട്ടിലിരുന്നു മടുത്തു.

ഞാൻ ചോദിച്ചു, എന്താ വീട്ടിൽ നിന്നും പുറത്തിറങ്ങാതെ ഇങ്ങനെ?

– അച്ഛൻെറ ആജ്ഞയാണ്. ഞാൻ വീട്ടിനു പുറത്തിറങ്ങരുത്.

ഞാൻ ആശ്ചര്യപ്പെട്ടു ചോദിച്ചു, എന്തുകൊണ്ട്? തമാശപറയുന്ന ഭാവത്തിൽ അവൾ മറുപടി നൽകി, ഞാൻ പുറത്തിറങ്ങിയാൽ ആരുടെയെങ്കിലും കൂടെ എന്തെങ്കിലും കുഴപ്പത്തിൽ ചെന്നുപെടും.

കണ്ണാടിയുടെ മുമ്പിൽ നിന്ന് സരസ്വതി മുടി ചീവുകയാണ്. ഇവളുടെ എല്ലാ കാര്യത്തിലും ബലപ്രയോഗമാണ്. ശക്തിയായി മുടി ചീകുന്നതു കണ്ടാൽ തോന്നും മുടി മുഴുവനും പറിഞ്ഞു വരുമെന്ന്. കൈ രണ്ടുമുയർത്തുമ്പോൾ ഞാനവളുടെ രണ്ടുജോഡി മുലകൾ കാണുന്നു. ഒന്ന് കൺമുമ്പിൽ, മറ്റൊന്ന് കണ്ണാടിയിൽ. കണ്ണാടിയിലേക്ക് മുഖം തിരിഞ്ഞിരുന്ന് എന്നോടവൾ സംസാരിക്കുകയാണ്. ഞാൻ അന്യമനസ്കത കാരണം ശരിക്ക് കേട്ടില്ല, അതിനാൽ ചോദിച്ചു, എന്തുകുഴപ്പം? കണ്ണാടിയിലേക്ക് നോക്കിക്കൊണ്ടവൾ പറഞ്ഞു, ആഹാ, ഒന്നും അറിയില്ല അല്ലേ? ഏട്ടൻെറ കാര്യമൊക്കെ എനിക്കറിയാമല്ലോ?

തലമുടി കെട്ടിക്കഴിഞ്ഞ് സരസ്വതി പിന്നെയും ക്രീം പുരട്ടാൻ തുടങ്ങി മുഖത്ത്. ഞാൻ ആശ്ചര്യചകിതനായി ചോദിച്ചു, ഇപ്പോഴാണല്ലോ ക്രീം പുരട്ടി മുഖം സോപ്പിട്ടു കഴുകിയത്. പിന്നെന്തിനാണ് വീണ്ടും ക്രീം പുരട്ടുന്നത്. സരസ്വതി പറഞ്ഞു, ഒന്നും അറിഞ്ഞുകൂടാ ഏട്ടന്, ഇതു ക്രീമല്ല, ഇതാണ് ഫൗണ്ടേഷൻ. ഇനി പൗഡർ – റോസാപ്പൂവിൻെറ നിറത്തിലുള്ള പൗഡർ അവൾ മുഖത്ത് തേക്കാൻ തുടങ്ങി. പിന്നെ തൊണ്ടമേലും, ചെവിയിലും, ചുമലിലും, പഫ് ഉള്ളിലേക്ക് കയറ്റി മാറിലും. കണ്ണാടിയിലോട്ട് തിരിഞ്ഞിരുന്നാണ്. പക്ഷേ അവൾക്കറിയാം ഞാനെല്ലാം കണ്ണാടിയിൽ കാണുന്നുണ്ടെന്ന്. അവളെന്നെ പല പ്രകാരത്തിലുള്ള കളി കാണിക്കുകയാണ്. ഞാൻ അവളുടെ കാണിയാണ്. ഒരു ക്യാമറപോലെയുമാവാം. ഞാൻ ചോദിച്ചു. എന്താ കാര്യം. ഇത്ര അലങ്കാരമെന്തിന്? എങ്ങോട്ടെങ്കിലും ഇറങ്ങുന്നുണ്ടോ? ഇപ്പോൾ സരസ്വതി ചുണ്ടുമലർത്തി നാച്ചുറൽ

കളർ ലിപ്സ്റ്റിക് പുരട്ടുകയാണ്. അങ്ങനെ തന്നെ മറുപടി നൽകി, ഉം. അതിനുശേഷം ലിപ്സ്റ്റിക് വച്ചു യൂഡികൊളോണിന്റെ കുപ്പി കൈയിലെടുത്തുകൊണ്ടു പറഞ്ഞു. എന്താ, വീട്ടിലിരിക്കുകയാണെങ്കിൽ തന്നെ ചമഞ്ഞുകൂടേ?

കണ്ണാടിയിൽ നോക്കിയപ്പോൾ എനിക്കു തോന്നി ഞാൻ വളരെ അകലെ ഇരിക്കുകയാണ്. ഞാൻ സരസ്വതിയെ ദൂരെ നിന്നും കാണുകയാണ് എന്ന്. ഇക്കാര്യത്തിൽ സംശയമില്ല, ഇവിടെ ഇരിക്കാൻ താൽപര്യവുമില്ല എനിക്ക്. ഏതോ ഒരാഗ്രഹം ഉണ്ടായിരിക്കാം. പക്ഷേ ആഗ്രഹവും പ്രേമവും ഒന്നല്ലല്ലോ. ഞാൻ രണ്ടു കാലുകളും അടുപ്പിച്ച് ഒന്നിനുമേൽ ഒന്നമർത്തി. ഇടതുകാൽ വേദനിച്ചു. ഒരു സിഗററ്റ് കൊളുത്തി തീപ്പെട്ടിക്കോൽ കയ്യിൽ പിടിച്ചിരുന്നു. തീ വിരൽവരെ എത്തി, എന്നിട്ടും കോൽ കളയാൻ തോന്നുന്നില്ല.

ശരീരം മുഴുവൻ സുഗന്ധം പരത്തി ചമഞ്ഞണിഞ്ഞ് സരസ്വതി കട്ടിലിൽ എന്റെരികിൽ വന്നിരുന്നു. കട്ടിലിന്റെ സ്പ്രിംഗ് ശബ്ദമുണ്ടാക്കി. മുഖമുയർത്തി സരസ്വതി പറഞ്ഞു, ഇനി എന്താ പറയാനുള്ളത്?

ഞാൻ ചോദിച്ചു, എന്തു പറയാൻ?

– കൊള്ളാം, എന്റെ മുറിയിൽ ഇത്രനേരം കുത്തിയിരുന്നില്ലേ? ഒന്നും സംസാരിക്കാനില്ലേ? 'എന്റെ മുറി', - ഈ വാക്ക് പരിചിതമാണ്, 'ഇരിക്കുക' എന്ന വാക്കും സുപരിചിതം, 'സംസാരം' എന്ന ശബ്ദം അപരിചിതമാണെന്ന് തോന്നി. ഞാനെന്താണ് സംസാരിക്കുക. ഒരു നേർത്ത ചിരിയോടെ ഞാൻ പറഞ്ഞു, എന്തു വിഷയത്തെക്കുറിച്ചാണ് സംസാരിക്കുക.?

ഖൂ ഖൂ എന്ന വിധത്തിലാണ്, സരസ്വതിയുടെ ചിരി. സ്പഷ്ടമായും 'ഹി ഹി' എന്ന ശബ്ദത്തിലാണ് മരംകൊത്തിയുടെ കർക്കശവും ഊർജ്ജസ്വലുമായ ശബ്ദം. സരസ്വതിയുടെ ചൂടു തട്ടുന്നവിധം അവളുടെ ശരീരം എന്നോടടുത്താണ്. മുഴുവൻ വീടും നിശ്ശബ്ദതയിൽ മുങ്ങിയിരിക്കുകയാണ്. നിരത്തിൽ നിന്ന് ഒരു ശബ്ദവും കേൾക്കുന്നില്ല. പിംഗ് പോംഗ് കളിയും തീർന്നിട്ടുണ്ടാവണം. യമുന ഈ മുറിയിൽ വരില്ലേ? ഭയങ്കര ശബ്ദമുണ്ടാക്കി അവളെ വിളിക്കാൻ ഞാനാഗ്രഹിച്ചു. ശൂന്യമായ മൈതാന